# ഭാസനാടകങ്ങൾ: ഒരു വിശകലനം

ഡോ. എൻ. വി. പി. ഉണിത്തിരി

# ഡോ. എൻ. വി. പി. ഉണിത്തിരി

1945 ഡിസമ്പർ 15–ന് കണ്ണൂർ ജില്ലയിൽ ചെറുതാഴം പഞ്ചായത്തിൽ കുളപ്പുറത്ത് ജനിച്ചു. അച്ഛൻ: ടി. സി. ഗോവിന്ദൻ നമ്പൂതിരി. അമ്മ: എൻ. വി. പാപ്പപ്പിള്ളയാതിരിയമ്മ. മാടായി ഗവ. ഹൈസ്കൂളിൽനിന്ന് എസ്. എസ്. എൽ. സി. യും കണ്ണൂർ ഗവ. ബേസിക് ട്രയിനിംഗ് സ്കൂളിൽനിന്ന് ടി. ടി. സി. യും പാസ്സായ ശേഷം പ്രൈമറി സ്കൂൾ അധ്യാപകനായി 1965–ൽ ജോലി തുടങ്ങി. പ്രൈവറ്റായി പഠിച്ച് മലയാളം വിദ്വാൻ, ബി. എ. (മലയാളം), എം. എ. (സംസ്കൃതം) എന്നിവ പാസ്സായി. 1974–ൽ കല്യാശ്ശേരി ഗവ. ഹൈസ്കൂളിൽ ഭാഷാധ്യാപകനായി ജോലി ചെയ്യവേ, കേരളസർവകലാശാലാസംസ്കൃത വിഭാഗത്തിൽ പി. എച്ച്. ഡി. ക്കു ചേർന്നു. 1975–ൽ അവിടെത്തന്നെ ലക്ചററായി. 1978–ൽ കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിലേക്കു മാറി. 1985 മുതൽ അവിടെ വകുപ്പധ്യക്ഷൻ. 1996 നവമ്പർ മുതൽ മൂന്നുവർഷം കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ ആദ്യത്തെ പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് (പ്രോ വൈസ് ചാൻസലർ) ആയി സേവനമനുഷ്ഠിച്ചു. 1987–90 കാലത്ത് കേരളസർക്കാർ സാംസ്കാരികപ്രസിദ്ധീകരണവകുപ്പിന്റെ ഉപദേശകസമിതി ചെയർമാനായിരുന്നു. 2000 ഒക്ടോബർ മുതൽ ഏഴു മാസം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയരക്ടർ. മുന്നൂ കൊല്ലം കേരളസാഹിത്യസമിതിയുടെ ജനറൽ സെക്രട്ടറിയും രണ്ടുകൊല്ലം പുരോഗമനകലാസാഹിത്യസംഘത്തിന്റെ പ്രസിഡണ്ടുമായി പ്രവർത്തിച്ചു. കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗം പ്രൊഫസറായിരിക്കേ, 2006 മാർച്ച് 31–ന് റിട്ടയർ ചെയ്തു.

സന്ദേശകാവ്യപ്രസ്ഥാനം, ഗവേഷണപ്രബന്ധങ്ങൾ, ഭാരതീയദർശനത്തിന്റെ അറിയപ്പെടാത്ത മുഖം, സമൂഹം മതം ദർശനം, പ്രയോഗദീപിക (സംശോധിതസംസ്കരണം), സംസ്കൃതസാഹിത്യവിമർശനം, ശാസ്ത്രവും ദർശനവും പ്രാചീനഭാരതത്തിൽ (വിവ.), വിവേകാനന്ദന്റെ സമകാലികപ്രസക്തി, പ്രാചീനഭാരതീയദർശനം, ശങ്കരദർശനം മാർക്സിസ്റ്റുവീക്ഷണത്തിൽ (എഡി.), അരാഷ്ട്രീയതയുടെ രാഷ്ട്രീയം, രാമായണപഠനവും മറ്റും, സംസ്കൃതത്തിന്റെ നിഴലും വെളിച്ചവും, മതവും മതഭ്രാന്തും, ഹിന്ദുത്വവും ഹിന്ദുമതവും, സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദദർശനം, ഭാഷാഭൂഷണത്തിന്റെ ഉപാദാനങ്ങൾ, വക്രോക്തിഃ കാവ്യജീവിതം, നടന്നുവന്ന വഴികൾ (ആത്മകഥ), ഇന്ത്യൻ ഭൗതികവാദപൈതൃകം, സംസ്കാരപഠനങ്ങൾ, വൃക്ഷായുർവേദഗ്രന്ഥങ്ങൾ – ഒരു പഠനം, വൈദികം, പോരാളിയും തേരാളിയും – ഭഗവദ്ഗീതയുടെ ഭൗതികവ്യാഖ്യാനം (വിവ.), ശാസ്ത്രവും സമൂഹവും, അത്യുത്തര കേരളീയം, വേദപാഠസംരക്ഷണം, പാഠവിമർശനം സംസ്കൃതത്തിൽ, രാമായണം (വാല്മീകിരാമായണത്തിന്റെ ഗദ്യപുനരാഖ്യാനം), ബഷീർ മുതൽ ഒ. എൻ. വി. വരെ, ശബ്ദാർഥസിദ്ധാന്തങ്ങൾ സംസ്കൃതത്തിൽ, എഴുത്തച്ഛൻകൃതികൾ, നവീനസാഹിത്യപഠനങ്ങൾ, വിജയൻ മുതൽ വിഷ്ണു വരെ, ആശാൻ മുതൽ എം. ടി. വരെ, കാളിദാസകൃതികൾ : ഒരു പഠനം, അമാവാസികൾ തൊട്ടപാടുകൾ : ഒരു പഠനം, പ്രഭാവർമയുടെ ശ്യാമമാധവം : ഒരു പഠനം എന്നിവ പ്രധാനമലയാളകൃതികൾ.

വള്ളത്തോളിന്റെ ശിഷ്യനും മകനും, മഗ്ദലനമറിയം, അച്ഛനും മകളും, കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി, ഒ. എൻ. വി. യുടെ ഉജ്ജയിനി, പി. കുഞ്ഞിരാമൻ നായരുടെ നരബലി, ഇടശ്ശേരിയുടെ അമ്പാടിയിലേക്കു വീണ്ടും, വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ജയം, പ്രഭാവർമയുടെ ശ്യാമമാധവം എന്നീ കവിതകളുടെ സംസ്കൃതവിവർത്തനങ്ങൾ, മാക്ബതനാടകകഥ എന്ന സ്വതന്ത്രസംസ്കൃത കാവ്യം എന്നിവ മുഖ്യസംസ്കൃതകൃതികൾ.

മറ്റു കൃതികളിൽ സ്റ്റഡീസ് ഇൻ സാൻസ്ക്രിറ്റ് ലിറ്ററേച്ചർ, പൂർണസരസ്വതി, ക്യാറ്റ്ലോഗ് ഓഫ് മാനുസ്ക്രിപ്റ്റ്സ് (എഡി.), ഇൻഡ്യൻ ട്രഡിഷൻസ് ഓഫ് മാനേജ്മെന്റ് (എഡി.), ഇൻഡ്യൻ സയന്റിഫിക് ട്രഡിഷൻസ് (എഡി.), പദപ്രദീപിക, കുമാരസംഭവം (സർവജ്ഞവനമുനിയുടെ ശിശുബോധിനീവ്യാഖ്യാനത്തോടുകൂടി), രഘുവംശം (സർവജ്ഞവനമുനിയുടെ സലക്ഷണാവ്യാഖ്യനത്തോടുകൂടി), മഹാകവി കുട്ടമത്തിന്റെ ശ്രീരാമകൃഷ്ണഗീത, നാരായണന്റെ തന്ത്രസാരസംഗ്രഹം (സ്വർണ്ണഗ്രാമവാസുദേവന്റെ മന്ത്രവിമർശിനീ വ്യാഖ്യാനത്തോടുകൂടി), ഒ. കെ. മുൻഷിയുടെ ധാതുരൂപപ്രപഞ്ചം, പൂർണസരസ്വതിയുടെ ഭക്തിമന്ദാകിനീവ്യാഖ്യാനം (എച്ച്. എൻ. ഭട്ട്, എസ്. എ. എസ്. ശർമ എന്നിവരോടുകൂടി) എന്നീ സംസ്കൃകൃതികളുടെ എഡിഷൻ എന്നിവ ഉൾപ്പെടുന്നു.

*പ്രാചീനഭാരതീയദർശന*ത്തിനു പുത്തേഴൻ അവാർഡും *വൃക്ഷായുർവേദഗ്രന്ഥങ്ങൾ – ഒരു പഠന*ത്തിന് അബുദാബി ശക്തി അവാർഡും *വൈദിക*ത്തിന് കേരളസാഹിത്യഅക്കാദമിയുടെ കെ. ആർ. നമ്പൂതിരി അവാർഡും *രാമായണ*ത്തിന് തിരുവനന്തപുരം പുസ്തകമേള പുരസ്കാരവും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗദ്യപുനരാഖ്യാനപുരസ്കാരവും ലഭിച്ചിട്ടുണ്ട്. വേദപഠനത്തിനും സംസ്കൃതസാഹിത്യത്തിനും നൽകിയ സമഗ്രസംഭാവനകൾക്ക് കടവല്ലൂർ അന്യോന്യപരിഷത്തിന്റെ വാചസ്പതിപുരസ്കാരത്തിനും

സാംസ്കാരികവകുപ്പിന്റെ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ പരീക്ഷിത്ത് തമ്പുരാൻ പുരസ്കാരത്തിനും അർഹനായി. വ്യാകരണശിരോമണി ഒ. കെ. മുൻഷി പുരസ്കാരവും ലഭിക്കുകയുണ്ടായി.

*ഡോ. ഉണിത്തിരിയുടെ രചനാപ്രപഞ്ചം* (എഡി. ഡോ. സി. രാജേന്ദ്രൻ) അദ്ദേഹത്തിന്റെ 2006 വരെയുള്ള പ്രധാനകൃതികളുടെ പഠനമാണ്.

ഭാര്യ: യു. കെ. ആനന്ദവല്ലി.

മക്കൾ: ആനന്ദവർധനൻ (അസോഷ്യേറ്റ് പ്രൊഫസർ, ഐ. ഐ. ടി. ബോമ്പെ), പത്മജ (സോഫ്റ്റ്വെയർ എഞ്ചിനിയർ, പി. എസ്. എൽ, പൂന)

മരുമക്കൾ: രാജേശ്വരി (ഡയരക്ടർ, ഫ്രാക്റ്റൽ അനാലിറ്റിക്സ്, ബോംബെ), അഃ പ്രൊഫസർ, എൻ. ഐ. ടി; സൂറത്കൽ)

പേരക്കിടാവ് : ആദിശങ്കരൻ

വിലാസം: ആനന്ദമഠം, പോസ്റ്റ്. തേഞ്ഞിപ്പലം, മലപ്പുറം ജില്ല – 673 636.

ഫോൺ: 0494–2403058.

ഇ–മെയ്ൽ: unithiri.nvp@gmail.com

# ആമുഖം

ജാതി–ജന്മി–നാടുവാഴി–ക്ഷേത്രമേധാവിത്തവ്യവസ്ഥ കത്തിജ്വലിച്ചുനിന്ന പ്രാചീന–മധ്യകാലഭാരതത്തിന്റെ ഉല്പന്നമാണെങ്കിലും സംസ്കൃതസാഹിത്യവിമർശനസിദ്ധാന്തത്തിന് ദേശകാലോചിതമായ അല്പാല്പഭേദങ്ങളോടെ പ്രയോഗിക്കുകയാണെങ്കിൽ സാർവലൗകികവും സാർവകാലികവുമായ പ്രസക്തിയുണ്ട്. വർണം, പദം, പ്രത്യയം, വാക്യം, പ്രകരണം, പ്രബന്ധം, ഭാഷാശൈലി എന്നിങ്ങനെ കൃതിയുടെ ബാഹ്യാഭ്യന്തരവശങ്ങളെ മുഴുവൻ സ്പർശിക്കുന്നതാണ് രസധ്വനി എന്ന് ആനന്ദവർധനൻ (ക്രി. പി. ഒമ്പതാം നൂറ്റാണ്ട്) *ധ്വന്യാലോക*ത്തിലും ജഗന്നാഥ പണ്ഡിതരാജൻ (പതിനേഴാം നൂറ്റാണ്ട്) *രസഗംഗാധര*ത്തിലും ഉപപാദിക്കുന്നു. ഔചിത്യമാണ് രസധ്വനിയുടെ ജീവൻ. അനൗചിത്യസ്പർശം എവിടെയെങ്കിലും വന്നുപോയാൽ രസഭംഗമായി. വർണം തൊട്ട് ഭാഷാശൈലി വരെ സമസ്ത ഘടകങ്ങളുടെ കാര്യത്തിലും ഔചിത്യം ദീക്ഷിക്കണമെന്നു സാരം. വർണവിന്യാസവക്രത (ശബ്ദാലങ്കാരസൗന്ദര്യം), പദപൂർവാർധവക്രത, പദപരാർധവക്രത (പ്രത്യയാശ്രയവക്രത), വാക്യവക്രത (അർഥാലങ്കാരസൗന്ദര്യം), പ്രകരണവക്രത, പ്രബന്ധവക്രത എന്നിങ്ങനെ കുന്തകൻ (പതിനൊന്നാം നൂറ്റാണ്ട്) *വക്രോക്തിജീവിത*ത്തിൽ വിഭജിച്ച് ഉദാഹരിച്ചു വിവരിക്കുന്നതും ഈ രസധ്വനിതത്ത്വംതന്നെ – വക്രോക്തി എന്ന പേരിലാണെങ്കിലും. കുട്ടിക്കൃഷ്ണമാരാർ ശബ്ദതലം, അർഥതലം, ഭാവതലം, സംസ്കാരതലം എന്ന നാലു തലങ്ങളിലായാണ് സാഹിത്യാസ്വാദനം എന്നു നിരീക്ഷിച്ചപ്പോൾ ഇതേ ആശയം ഒന്നുകൂടി സൂക്ഷ്മമായും സംക്ഷിപ്തമായും പ്രതിപാദിക്കുകയാണു ചെയ്തത്. ("കാവ്യാസ്വാദനം", *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,* കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1990, പേജ് 336) സംസ്കൃത സാഹിത്യസിദ്ധാന്തത്തിലെ പ്രയോജനവാദവും രസധ്വനി സിദ്ധാന്തവും കുട്ടിക്കൃഷ്ണമാരാരുടെ സംസ്കാരതലവും അവയുടെ ഉള്ളടക്കങ്ങളിൽ, മാരാർതന്നെ സൂചിപ്പിച്ചതുപോലെ, കാലോചിതമായ മാറ്റം വരുത്തുന്ന പക്ഷം ആധുനിക മാർക്സിയൻ സാഹിത്യസിദ്ധാന്തവുമായി ഒത്തിണങ്ങിപ്പോകുന്നവയാണെന്ന് സൂക്ഷ്മദൃക്കുകൾക്കു കാണാൻ കഴിയും. ഇത്തരത്തിലുള്ളൊരു സമന്വയനത്തിന്റെ ഫലമായി ഒരു നൂതന വിമർശനപദ്ധതി ഉരുത്തിരിഞ്ഞു വരുന്നതാണ്.

ഈ രീതിയിൽ മലയാളത്തിലെയും സംസ്കൃതത്തിലെയും പ്രമുഖരായ എഴുത്തുകാരുടെ സമ്പൂർണകൃതികളുടെയും ചില പ്രത്യേക കൃതികളുടെയും സമഗ്രപഠനം നിർവഹിച്ചുകൊണ്ട് ഞാൻ എഴുതിയ പരമ്പരയിലെ പത്താമത്തെ പുസ്തകമാണിത്. കുമാരനാശാൻ, ഇടശ്ശേരി, പി. കുഞ്ഞിരാമൻ നായർ എന്നിവരുടെ സമ്പൂർണകവിതകളെയും പൊൻകുന്നം വർക്കി, സി. വി. ശ്രീരാമൻ എന്നിവരുടെ തിരഞ്ഞെടുത്ത കഥകളെയും ചെറുകാടിന്റെ ഏഴു നാടകങ്ങളെയും എം. ടി. വാസുദേവൻ നായരുടെ നാലുകെട്ട് എന്ന നോവലിനെയും സമഗ്രനിരൂപണത്തിനു വിധേയമാക്കുന്ന *ആശാൻ മുതൽ എം. ടി. വരെ, വള്ളത്തോൾക്കവിത*, ഏഴാച്ചേരി രാമചന്ദ്രന്റെ *അമാവാസികൾ തൊട്ട പാടുകൾ: ഒരു പഠനം* (എൻ. ബി. എസ്., കോട്ടയം); വൈക്കം മുഹമ്മദ് ബഷീറിന്റെ സമ്പൂർണ കൃതികളുടെയും വൈലോപ്പിള്ളിയുടെയും ഒ. എൻ. വി. കുറുപ്പിന്റെയും സമ്പൂർണകവിതകളുടെയും ചെറുകാടിന്റെ മുത്തശ്ശി, ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷി എന്ന നോവലിന്റെയും സമഗ്രപഠനങ്ങളുടെ സമാഹാരമായ *ബഷീർ മുതൽ ഒ. എൻ. വി. വരെ* (കോഴിക്കോട് സർവകലാശാലാ പ്രസിദ്ധീകരണവിഭാഗം); കെ. ടി. മുഹമ്മദിന്റെ ഇരുപത്തെട്ടു നാടകങ്ങൾ, ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരും എന്ന നോവൽ, ടി. പത്മനാഭന്റെ സമ്പൂർണകഥകൾ, സുഗതകുമാരിയുടെ സമ്പൂർണ കവിതകൾ എന്നിവയെ സമഗ്രപഠനത്തിനു വിധേയമാക്കുന്ന *നവീനസാഹിത്യപഠനങ്ങൾ* (കേരളസാഹിത്യ അക്കാദമി), എഴുത്തച്ഛന്റെ അധ്യാത്മരാമായണം-മഹാഭാരതം കിളിപ്പാട്ടുകൾ, എഴുത്തച്ഛന്റെ ആത്മകഥയുടെ രൂപത്തിലെഴുതിയ സി. രാധാകൃഷ്ണന്റെ *തീക്കടൽ കടഞ്ഞ് തിരുമധുരം* എന്ന നോവൽ എന്നിവയുടെ സമഗ്രപഠനങ്ങൾ ഉൾക്കൊള്ളുന്ന *എഴുത്തച്ഛൻ കൃതികൾ* (തുഞ്ചൻ സ്മാരകസമിതി, ഐരാണിമുട്ടം, തിരു വനന്തപുരം); ഒ. വി. വിജയന്റെ *ഖസാക്കിന്റെ ഇതിഹാസം*, സി. രാധാകൃഷ്ണന്റെ *തെരഞ്ഞെടുത്ത കഥകൾ*, അശോകൻ ചരുവിലിന്റെ സമ്പൂർണ കഥകൾ, വിഷ്ണുനാരായണൻ നമ്പൂതിരിയുടെ സമ്പൂർണകവിതകൾ എന്നിവയുടെ സമഗ്രമായ പഠനങ്ങളടങ്ങുന്ന *വിജയൻ മുതൽ വിഷ്ണു വരെ* (സമയം ബുക്സ്, കണ്ണൂർ); *കാളിദാസകൃതികൾ: ഒരു പഠനം* (മാതൃഭൂമി ബുക്സ്, കോഴിക്കോട്), *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കാവ്യപ്രപഞ്ചം, പ്രഭാവർമയുടെ ശ്യാമമാധവം: ഒരു പഠനം* (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം) എന്നിവയാണ് മറ്റ് ഒമ്പതെണ്ണം.

സുപ്രസിദ്ധസംസ്കൃതനാടകകൃത്തായ ഭാസന്റെ നാടകങ്ങളെ



ഈ നിരൂപണരീതിയനുസരിച്ച് പഠിക്കാനുള്ള ഒരു ശ്രമമാണ് *ഭാസനാടകങ്ങൾ: ഒരു വിശകലനം* എന്ന ഈ നിരൂപണഗ്രന്ഥം. ഭാസനാടകങ്ങളുടെ ഇംഗ്ലീഷ് വിവർത്തനത്തോടുകൂടിയ ഡോ. കെ. പി. എ. മേനോന്റെ മൂന്നു ഭാഗങ്ങളിലുള്ള എഡിഷനാണ് (നാഗ് പബ്ലിഷേഴ്സ്, ഡൽഹി, 1996) ഈ പഠനത്തിന് ഉപയോഗിച്ചിട്ടുള്ളത്.

കാളിദാസകൃതികൾ സംസ്കൃതസാഹിത്യഗ്രന്ഥങ്ങളിൽ ധാരാളമായി ഉദ്ധരിച്ചിട്ടുണ്ടെങ്കിലും ഭാസകൃതികൾക്ക് ആ സൗഭാഗ്യമുണ്ടായിട്ടില്ല. *സ്വപ്നവാസവദത്ത*മെന്ന ഒരു നാടകത്തിൽ നിന്നു മാത്രമേ ചില ഉദ്ധരണികളും പരാമർശങ്ങളും സംസ്കൃത സാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ ഉള്ളൂ. ഭാസകൃതികൾ കണ്ടെത്തിയതുതന്നെ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ് എന്നതാവാം മുഖ്യകാരണം. പക്ഷേ, കേരളത്തിലെ കൂടിയാട്ടസാഹിത്യത്തിലും ചാക്യാന്മാർക്കിടയിലും കർത്താവിന്റെ പേര് അറിയാതെയാണെങ്കിലും ഭാസന്റെ പല കൃതികളും പ്രസിദ്ധമാണ്. ഭാസനാടകങ്ങളുടെ കണ്ടുപിടുത്തവും കേരളത്തിൽനിന്നുതന്നെയാണുണ്ടായത്. അതുകൊണ്ടുകൂടിയായിരിക്കണം കേരളത്തിൽ ഇന്ന് കാളിദാസനോളമോ ചിലപ്പോൾ ഏറെയോ പ്രസിദ്ധനാണ് ഭാസൻ. ഭാസരൂപകങ്ങളിൽ ഏതെങ്കിലും ഒന്നെങ്കിലും പഠിക്കാത്ത ഒരു മലയാള-സംസ്കൃത ബിരുദ-ബിരുദാനന്തരവിദ്യാർഥി കേരളത്തിലുണ്ടാവുമെന്നു തോന്നുന്നില്ല. ഭാസകൃതികളെല്ലാം സംസ്കൃതത്തിലോ മലയാള വിവർത്തനങ്ങളിലേ ആയി ഇവിടെ ലഭ്യമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ഭാസനാടകങ്ങളുടെ സമഗ്രമായ ഒരു പഠനം മലയാളത്തിലില്ല എന്നൊരു കുറവുണ്ട്. അത് ചെറിയ തോതിലെങ്കിലും പരിഹരിക്കുകയാണ് ഈ കൃതിയുടെ ഉദ്ദേശ്യം. ഭാസനാടകങ്ങളെ വക്രോക്തിയുടെ അടിസ്ഥാനത്തിൽ നിരൂപണം ചെയ്യുന്ന ഒരു കൃതി മലയാളത്തിലെന്നല്ല, ഇംഗ്ലീഷിലും ഇതുവരെ പുറത്തിറങ്ങിയിട്ടില്ലെന്ന വസ്തുത എടുത്തുപറയാവുന്നതാണ്.

രസധ്വനി- വക്രോക്തിസിദ്ധാന്തങ്ങൾ തമ്മിൽ, മുമ്പ് സൂചിപ്പിച്ചതുപോലെ, സാരാംശത്തിൽ വ്യത്യാസമൊന്നുമില്ലെങ്കിലും ഒരു രീതിശാസ്ത്രമെന്ന നിലയ്ക്ക് ആറു തരം വക്രതകളെയാണ് ആശ്രയിക്കാവുന്നത്. വർണം മുതൽ പ്രബന്ധം വരെ ആസ്വാദനനിരൂപണങ്ങൾക്ക് വിധേയമാക്കുകയാണ് കുന്തകൻ ചെയ്യുന്നത്. കൂടുതൽ അടുക്കും ചിട്ടയുമുണ്ട് ആ നിരൂപണരീതിക്ക്. അതിനാൽ, ആറു വക്രതകളുടെ അടിസ്ഥാനത്തിലാണ് ഈ പഠനം തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

ഈ പുസ്തകത്തിൽ ഒമ്പത് അധ്യായങ്ങൾ: ഇവിടെ അവലം

ബിച്ച വിമർശനസമീപനം ചുരുക്കി വിവരിക്കുന്നത് ആദ്യത്തെ അധ്യായം (ഇതേപ്പറ്റി കൂടുതൽ വിവരങ്ങൾക്ക് *ബഷീർ മുതൽ ഒ. എൻ. വി. വരെ, എഴുത്തച്ഛൻകൃതികൾ, ആശാൻ മുതൽ എം. ടി. വരെ* എന്നിവയുടെ ഒന്നാമധ്യായം നോക്കുക). രണ്ടാമധ്യായം ഭാസനാടകങ്ങൾക്കൊരവതാരിക. അവിടെ ഭാസനാടകങ്ങളുടെ കണ്ടുപിടിത്തവും ഭാസനെക്കുറിച്ച് പൂർവസൂരികളുടെ പരാമർശങ്ങളും ഭാസന്റെ കാലവും ചർച്ച ചെയ്യുന്നു. ഭാസന്റെ പതിമൂന്നു നാടകങ്ങളുടെയും കഥകൾ അടുത്ത അധ്യായത്തിൽ സംഗ്രഹിക്കുന്നു. നാലു മുതൽ ഒമ്പതുകൂടിയുള്ള അധ്യായങ്ങളിൽ യഥാക്രമം വർണവിന്യാസവക്രത, പദപൂർവാർധവക്രത, പ്രത്യയാശ്രയവക്രത, വാക്യവക്രത, പ്രകരണവക്രത, പ്രബന്ധവക്രത എന്നീ ആറു വക്രതകളുടെ അടിസ്ഥാനത്തിൽ ഭാസനാടകങ്ങളുടെ സവിസ്തരപഠനമാണ്.

ഡോ. എ. ഡി. പുസാൽക്കറുടെ ഭാസനെക്കുറിച്ചുള്ള ഇംഗ്ലീഷ് പുസ്തകത്തെയാണ് ഈ കൃതിയിലെ രണ്ടാമത്തെയും ഒമ്പതാമത്തെയും അധ്യായങ്ങളിൽ പലേടത്തും ഞാൻ അവലംബിച്ചിട്ടുള്ളത്.

പ്രസ്തുതപഠനം സാഹിത്യാസ്വാദനത്തിനും സാമൂഹ്യശാസ്ത്രാധിഷ്ഠിതചിന്തയ്ക്കും പ്രാധാന്യം നൽകുന്നു. ആദ്യത്തെ അഞ്ചു വക്രതകളുടെ നിരൂപണത്തിൽ രസധ്വനി–വക്രോക്തി സിദ്ധാന്തത്തിന്റെയും സാമൂഹ്യശാസ്ത്രാധിഷ്ഠിതചിന്താപ്രധാന മായ പ്രബന്ധവക്രതാനിരൂപണത്തിൽ മിക്കയിടങ്ങളിലും മാർക്സി യൻ സാഹിത്യദർശനത്തിന്റെയും സ്വാധീനം പൊതുവിൽ കൂടുത ലായി കാണാം

ഈ പുസ്തകത്തിന്റെ പ്രസാധനം ഏറ്റെടുത്ത സാഹിത്യപ്രവർത്തകസഹകരണസംഘത്തോട് പ്രത്യേകം നന്ദി പറഞ്ഞുകൊള്ളുന്നു.

**ഡോ. എൻ. വി. പി. ഉണിത്തിരി**



# ഉള്ളടക്കം

ആമുഖം
1. വിമർശനസമീപനം
2. ഭാസനാടകങ്ങൾക്കൊരവതാരിക
3. കഥാസംഗ്രഹം
4. വർണവിന്യാസവക്രത – വൃത്തശില്പം
5. പദപൂർവാർധവക്രത
6. പ്രത്യയാശ്രയവക്രത
7. വാക്യവക്രത
8. പ്രകരണവക്രത
9. പ്രബന്ധവക്രത – വക്രോക്തിജീവിതമനുസരിച്ചുള്ള പ്രബന്ധവക്രതാഭേദങ്ങൾ – സാമൂഹ്യചിത്രം – സാംസ്കാരിക കാര്യങ്ങൾ – സാമ്പത്തികസ്ഥിതി – രാഷ്ട്രീയദർശനം – ഭാസനും കാളിദാസനും – ഭാസനും കേരളവും

ഉപസംഹാരം

# 1. വിമർശനസമീപനം

ഈ പുസ്തകത്തിൽ അവലംബിക്കുന്ന വിമർശനസമീപനം വിവരിക്കുകയാണ് ഈ അധ്യായത്തിൽ. സംസ്കൃതസാഹിത്യ വിമർശനസിദ്ധാന്തത്തെയും മാർക്സിയൻ സാഹിത്യവിമർശന സിദ്ധാന്തത്തെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വിമർശന സമീപനമാണ് ഇവിടെ കൈക്കൊണ്ടിട്ടുള്ളത്. ഈ അധ്യായത്തിന് രണ്ടു ഭാഗങ്ങളുണ്ട് – സംസ്കൃതസാഹിത്യവിമർശനത്തിന്റെ സാമാന്യസ്വരൂപം, മാർക്സിയൻ സാഹിത്യദർശനത്തിന്റെ മുഖ്യ സിദ്ധാന്തങ്ങൾ.

## സംസ്കൃതസാഹിത്യവിമർശനം

ക്രി. പി. 6–17 നൂറ്റാണ്ടുകൾക്കിടയിലാണ് സംസ്കൃതസാഹിത്യ വിമർശനഗ്രന്ഥങ്ങളിൽ മിക്കതും രചിക്കപ്പെട്ടത്. ഇന്ത്യൻ ഫ്യൂഡലിസത്തിന്റെ സാമൂഹ്യ–സാമ്പത്തിക–രാഷ്ട്രീയ–സാംസ്കാരികരൂപമായ ജാതി–ജന്മി–നാടുവാഴി–ക്ഷേത്രമേധാവിത്തവ്യവസ്ഥ പടിപടിയായി വളർന്നുവികസിച്ച് മുന്നേറിയ അക്കാലത്ത് ആ വ്യവസ്ഥയുടെ പ്രതിഫലനമുൾക്കൊള്ളുന്ന നഷ്ടപ്പെട്ടതടക്കം എണ്ണമറ്റ സാഹിത്യകൃതികളെ ആസ്പദമാക്കിയാണ് സംസ്കൃതസാഹിത്യവിമർശകർ തങ്ങളുടെ സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചത്.

‘ ഭരണവർഗത്തിന്റെ ജീവിതവീക്ഷണത്തിനായിരിക്കും സ്വാഭാവികമായും ആ സാഹിത്യകൃതികളിലെന്നപോലെ, സാഹിത്യവിമർശനസിദ്ധാന്തങ്ങളിലും പ്രാമുഖ്യം. എങ്കിലും, ഭാസനെയും ശൂദ്രകനെയും കാളിദാസനെയും ‘ ഭവഭൂതിയെയും പോലെ പ്രതിഭാശാലികളായ സാഹിത്യകാരന്മാരുടെ കലാസൃഷ്ടികൾ ജീവിതയാഥാർഥ്യങ്ങളുടെ സത്യസന്ധമായ ആവിഷ്കരണംകൊണ്ട് ‘ ഭരണവർഗത്തിന്റേതോടൊപ്പം ചിലപ്പോഴെങ്കിലും ജനസാമാന്യത്തിന്റെ ആശയാഭിലാഷങ്ങളുടെയും പൊതുവിൽ മാനവികതയുടെയും വിശ്വപ്രേമത്തിന്റെയും പ്രകൃതിസ്നേഹത്തിന്റെയും സന്ദേശം പ്രതിഫലിപ്പിക്കുന്നതായി അനുഭവപ്പെടുന്നുണ്ട്. അത്തരം ഉത്തമകലാസൃഷ്ടികളെക്കൂടി മുൻനിർത്തിക്കൊണ്ട് സാഹിത്യരചനയ്ക്ക് മാർഗദർശകങ്ങളായ ഒട്ടേറെ തത്ത്വങ്ങൾ ആ സാഹിത്യവിമർശനകൃതികൾ ഉൾക്കൊള്ളുന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

“ “പ്രയോജനമനുദ്ദിശ്യ ന മന്ദോപി പ്രവർത്തതേ” (പ്രയോജ

നമുദ്ദേശിച്ചല്ലാതെ ഒരു മൂഢൻ പോലും പ്രവർത്തിക്കുകയില്ല) എന്ന പ്രാചീനഭാരതീയ(മീമാംസക)ദർശനം സംസ്കൃതസാഹിത്യ വിമർശനവും ഉൾക്കൊണ്ടിരിക്കുന്നു. സാഹിത്യത്തിന്റെ പ്രയോജന പരതയിൽ സംശയാലുവായ ഒരാലങ്കാരികൻ പോലും ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. പ്രയോജനമേത് അഥവാ ഏതൊക്കെ എന്ന കാര്യ ത്തിൽ അഭിപ്രായഭേദം ഉണ്ടായിരുന്നുവെങ്കിലും പൊതുവിൽ പ്രീതിയും വ്യുല്പത്തിയും (ആനന്ദവും അറിവും) ആണ് സാ ഹി ത്യപ്രയോജനമെന്ന് അംഗീകരിക്കപ്പെട്ടു. രസിപ്പിച്ചുകൊണ്ട് പഠിപ്പി ക്കുന്നതായിരിക്കണം സാഹിത്യമെന്നർഥം. രസധ്വനിസിദ്ധാന്തത്തിന്റെ അന്തസ്സത്ത ഇതത്രേ.

ഏതിന്റെ വ്യുല്പത്തി? അതായത്, ഉള്ളടക്കം എന്തായിരിക്കണം? ഇതേപ്പറ്റി സംസ്കൃതസാഹിത്യവിമർശകർ അധികം ചർച്ച ചെയ്തി ട്ടില്ല. കാരണം, അത് അന്ന് ഒരു തർക്കവിഷയമായിരുന്നില്ല. ധർമം, അർഥം, കാമം, മോക്ഷം എന്നീ പുരുഷാർഥങ്ങളെപ്പറ്റിയുള്ള വ്യുല്പത്തി ഉണ്ടാക്കത്തക്കവിധത്തിലുള്ളതായിരിക്കണം ഉള്ളടക്കം.

ഈ വ്യുല്പത്തി ധർമശാസ്ത്രം, അർഥശാസ്ത്രം, കാമശാ സ്ത്രം, മോക്ഷശാസ്ത്രം എന്നീ വിവിധവിജ്ഞാനശാഖകളിലെ ഗ്രന്ഥ ങ്ങളിൽനിന്നു കിട്ടുമല്ലോ? കിട്ടും. പക്ഷേ, ആ ശാസ്ത്രഗ്രന്ഥങ്ങൾ ശുഷ്കവും വിരസവും അതുകൊണ്ടുതന്നെ സുഖപാരായണക്ഷമ ങ്ങളല്ലാത്തവയുമാണ്. ആർക്ക്? അഭിജാതർക്ക്. അഭിജാതർക്കേ ഇത്ത രത്തിലുള്ള വ്യുല്പത്തി അക്കാലത്ത് ആവശ്യമായിരുന്നുള്ളൂ. അവർക്ക് സരസമായി ധർമ്മശാസ്ത്രാദിപ്രതിപാദിതമായ കാര്യങ്ങൾ മനസ്സിലാക്കാൻ പറ്റണം. അതിന് സാഹിത്യം ആവശ്യമാണ്.

ഈ ആശയം തെളിച്ചുപറഞ്ഞത് *വക്രോക്തിജീവിത*കാരനായ കുന്തക(ക്രി. പി. പതിനൊന്നാം നൂറ്റാണ്ട്)നാണ്.

ധർമാദിസാധനോപായഃ സുകുമാരക്രമോദിതഃ
കാവ്യബന്ധോഭിജാതാനാം ഹൃദയാഹ്ലാദകാരകഃ.

(1. 3. ധർമാർഥകാമമോക്ഷകാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഉപായവും സുകുമാരമായ രീതിയിൽ രചിക്കപ്പെട്ടതും അഭിജാതർക്ക് ഹൃദയാഹ്ലാദകാരിയുമാണ് സാഹിത്യം). അഭിജാതപദത്തെ അദ്ദേഹം വ്യാഖ്യാനിക്കുന്നുണ്ട്. രാജപുത്രാദികൾ ധർമാദികൾ മനസ്സിലാക്കണ മെന്നുള്ളവരും വിജയേച്ഛുക്കളുമെങ്കിലും ക്ലേശഭീരുക്കളത്രേ. സുകു മാരാശയരാണവർ. അഭിജാതരെ ആഹ്ലാദിപ്പിച്ചുകൊണ്ട് പ്രവർത്തന നിരതരാക്കുന്നതാണ് സാഹിത്യം. അതുകൊണ്ട് അത് ധർമാദിപ്രാ പ്തിക്ക് ഉപായമായിത്തീരുന്നു. ശാസ്ത്രങ്ങളിൽ ധർമ്മാദ്യുപദേശമു ണ്ട്. പക്ഷേ, അവ പരുക്കൻ രീതിയിൽ എഴുതപ്പെട്ടവയാണ്. അതി



നാൽ അവ അവർക്ക് ദുർഗ്രഹമാകുന്നു. ധർമ്മാദ്യുപദേശം ലഭി ച്ചില്ലെങ്കിൽ എന്താണ് ദോഷം? ഇതിനു കുന്തകന്റെ മറുപടി ഇത ത്രേ: രാജകുമാരന്മാർ ധാരാളം സമ്പത്തുള്ളവരാണ്; ലോകം മുഴുവൻ സ്വന്തം ഭരണത്തിലൂടെ വ്യവസ്ഥപ്പെടുത്തേണ്ടവരാണ്. അതിനുത കുന്ന ഉപദേശം ലഭിച്ചില്ലെങ്കിൽ അവർ സ്വതന്ത്രബുദ്ധിയോടെ സമു ചിതമായ സകലവ്യവഹാരവ്യവസ്ഥകളെയും തകർത്തുകൊണ്ട് പ്രവർത്തിച്ചുതുടങ്ങും. അങ്ങനെ വരാതിരിക്കാൻ അവർക്ക് വ്യുല്പ ത്തിയുണ്ടാകുന്നതിനുവേണ്ടി കഴിഞ്ഞുപോയ നല്ല നല്ല രാജാക്കന്മാ രുടെ ചരിത്രം ഉദാഹരിച്ചുകൊണ്ട് കവികൾ കൃതികൾ രചിക്കുന്നു.

നാടുവാഴിത്തകാലയളവിൽ തഴച്ചുവളർന്ന സംസ്കൃതസാഹി ത്യവിമർശനം അന്നത്തെ രാജാധിപത്യവ്യവസ്ഥയെ നിലനിർത്തുക യാണ് സാഹിത്യത്തിന്റെ പ്രയോജനമായി ഉയർത്തിപ്പിടിച്ചത് എന്നു ചുരുക്കം.

അതിനാൽ, രാജകുമാരന്മാർക്ക് മാതൃകകളായിത്തീരേണ്ട രാജാ ക്കന്മാരുടെ ചിത്രീകരണത്തിൽ എന്തെങ്കിലും പിശകു പറ്റിയാൽ അത് ഔചിത്യഭംഗമെന്നു ചൂണ്ടിക്കാട്ടേണ്ടത് ആ സാഹിത്യവിമർശനത്തിന്റെ ബാധ്യതയായിത്തീരുന്നു. കുന്തകനെത്തന്നെ ഇതിനുദാഹരിക്കാം.

*രഘുവംശ*ത്തിൽ, രാവണവധാനന്തരം സീതാലക്ഷ്മണസമേത നായി രാമൻ പുഷ്പകവിമാനത്തിലൂടെ അയോധ്യയിലേക്കു തിരി ക്കവേ, അതതു സ്ഥലങ്ങൾ കാണുമ്പോൾ പണ്ടു നടന്ന ഓരോ സംഭ വവും സീതയ്ക്ക് വിവരിച്ചുകൊടുക്കുകയാണ്. അക്കൂട്ടത്തിൽ, നിഷാ ദരാജാവായ ഗുഹന്റെ പുരം കണ്ടപ്പോൾ, “ഇവിടെവെച്ചാണ് കിരീടം വെടിഞ്ഞ് ഞാൻ ജട ധരിക്കവേ, ‘കൈകേയീ, നിന്റെ ആഗ്രഹങ്ങൾ ഫലിച്ചുവല്ലോ!'' എന്നു സുമന്ത്രൻ കരഞ്ഞുപോയത്”" എന്നു പറ യുന്നു.

പുരം നിഷാദാധിപതേസ്തദേതദ്
യസ്മിൻ മയാ മൗലിമണിം വിഹായ
ജടാസു ബദ്ധാസ്വരുദത് സുമന്ത്രഃ
കൈകേയി! കാമാഃ ഫലിതാസ്തവേതി.

ഈ ശ്ലോകം അത്യന്തം അനൗചിത്യപൂർണമാണെന്നാണ് കുന്ത കന്റെ വിമർശനം. അദ്ദേഹം പറയുന്നു: ഇവിടെ അനർഘങ്ങളായ മഹാപുരുഷഗുണങ്ങളുള്ളതായി വർണിക്കപ്പെടുന്ന രഘുപതി ‘കൈകേയീ, നിന്റെ ആഗ്രഹങ്ങൾ ഫലിച്ചുവല്ലോ!'' എന്നതുപോലുള്ള നിസ്സാരമായ കാര്യങ്ങളെ സ്മരിക്കുന്നതും അതെടുത്തുപറയുന്നതും അത്യന്തം അനൗചിത്യാവഹമത്രേ.

മനുഷ്യസഹജമായ ഇത്തരം ദുർബലവികാരങ്ങൾക്കടിമപ്പെടുന്നവനാണ് രാമനെപ്പോലെ പ്രശസ്തനായൊരു രാജാവ് എന്ന് കവികൾ ചിത്രീകരിച്ചുപോകരുത് എന്നർഥം. രാജകുമാരന്മാരാണ് ഇതിന്റെ ആസ്വാദകർ. രാജാധിപത്യം തകരുന്നതിലേക്ക് ഇതു വഴി തെളിയിച്ചേക്കും!

*രഘുവംശ*ത്തിൽനിന്നും *കുമാരസംഭവ*ത്തിൽനിന്നും ചില പദ്യങ്ങൾ കൂടി ഉദ്ധരിച്ച് ഇതുപോലെ വിമർശനത്തിനു വിധേയമാക്കുന്നുണ്ട് കുന്തകൻ. ആദർശശാലികളായ രാജാക്കന്മാർ പോലും മനുഷ്യസഹജമായ ദൗർബല്യങ്ങളിൽനിന്ന് വിമുക്തരല്ലെന്ന കവിയുടെ നിലപാട് വിമർശകന്റെ സ്ഥിതവ്യവസ്ഥാസംരക്ഷണവ്യഗ്രമായ മനസ്സിന് അനൗചിത്യയുക്തമായാണ് അനുഭവപ്പെടുന്നത്. പ്ലാറ്റോവിനെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ പ്രാചീനഭാരതത്തിലും സ്മൃതികാരന്മാർ “കാവ്യാലാപാംശ്ച വർജയേത്”” (കാവ്യാലാപങ്ങളെ വർജിക്കുകയും വേണം) എന്ന് കാവ്യാലാപത്തിന്, അതുവഴി കാവ്യരചനയ്ക്കും, വിലക്കു കല്പിച്ചിരുന്നു. പക്ഷേ, നൈസർഗികമായ മാനുഷികവികാരങ്ങൾ ആവിഷ്കരിക്കുന്നതിന് വിലക്കു കല്പിച്ചാൽ തിരിച്ചടിയുണ്ടാവുക സ്വാഭാവികം മാത്രം. വാമനന്റെ (എട്ടാം നൂറ്റാണ്ട്) *കാവ്യാലങ്കാരസൂത്രവൃത്തി* തുടങ്ങുന്നതുതന്നെ “കാവ്യം ഗ്രാഹ്യം, അലങ്കാരാത്” (കാവ്യം സ്വീകാര്യമാണ്; അലങ്കാരം, സൗന്ദര്യം, ഉള്ളതുകൊണ്ട്) എന്ന വാക്യത്തോടെയായത് ആ തിരിച്ചടിയുടെ സൂചനയാണ്. കാര്യമാത്രപ്രസക്തമായി, ശുഷ്കമായി, ധർമാദ്യുദ്ബോധനം നടത്തുന്ന ശ്രുതിസ്മൃത്യാദിശാസ്ത്രങ്ങളിൽനിന്ന് വ്യതിരിക്തമായി അതേ പ്രയോജനം സരസമായും സാർഥകമായും, അതായത് സൗന്ദര്യാത്മകമായി, നിർവഹിക്കുന്ന കാവ്യം – സാഹിത്യം – ആവശ്യവും സ്വീകാര്യവുമാണെന്ന് സംസ്കൃതസാഹിത്യവിമർശകർ ഉച്ചൈസ്തരം വിളിച്ചുപറഞ്ഞു. അക്കാലത്തെ നാടുവാഴിത്തസാമൂഹ്യവ്യവസ്ഥ ആദർശമായി ഉയർത്തിപ്പിടിച്ച ധാർമികജീവിതത്തെ – വർണാശ്രമധർമത്തെ – തകർക്കാനല്ല, അതിനെ ശക്തമായി നിലനിർത്താനാണ് തങ്ങളുടെ പുറപ്പാടെന്ന് തെളിയിക്കുന്നതിന് കടുത്ത പോരാട്ടം നടത്താൻ അവർ നിർബദ്ധരായി. ഈ പോരാട്ടം വിജയിപ്പിക്കുന്നതിന് അവർക്ക് സൗന്ദര്യശാസ്ത്രത്തെ ആവുന്നത്ര വികസിപ്പിക്കേണ്ടിവന്നു. അങ്ങനെ സാഹിത്യരചനാമർമങ്ങൾ വിവരിക്കുന്ന അനേകം ചിന്താപദ്ധതികൾ സംസ്കൃതത്തിൽ രൂപം കൊണ്ടു – അലങ്കാരം, ഗുണം, രീതി, വക്രോക്തി, അനുമാനം, ഔചിത്യം മുതലായ ഓരോ ഘടകത്തെ അതിപ്രധാനമെന്ന നിലയിൽ ഉയർത്തിക്കാട്ടിക്കൊണ്ടുള്ളവ. അക്കൂട്ടത്തിൽ സമഗ്രമായൊരു സൗന്ദര്യശാസ്ത്ര



പദ്ധതിയായി രസധ്വനിസിദ്ധാന്തം ഏറ്റവും മുന്നിട്ടുനിൽക്കുന്നു.

*നാട്യശാസ്ത്ര*കർത്താവായ ‘ ഭരതൻ (രണ്ടാം നൂറ്റാണ്ട്) തൊട്ട് പലരും രസത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് സാഹിത്യത്തെ ദർശിച്ചവരാണ്. സാഹിത്യത്തിന്റെ ജീവൻ ധ്വനിയാണെന്ന് സിദ്ധാന്തിച്ച ആനന്ദവർധനൻ (ഒമ്പതാം നൂറ്റാണ്ട്) രസത്തെയാണ് ആത്മാവായി കണക്കാക്കുന്നതെന്നും രസം വ്യംഗ്യമായേ ആവിഷ്കരിക്കാൻ കഴിയൂ എന്നുള്ളതുകൊണ്ട് അങ്ങനെ പറഞ്ഞതിൽ വൈരുധ്യമൊന്നുമില്ലെന്നും അദ്ദേഹത്തിന്റെ *ധ്വന്യാലോക*വും അതിന് അഭിനവഗുപ്തൻ (പതിനൊന്നാം നൂറ്റാണ്ട്) എഴുതിയ *ലോചന*വ്യാഖ്യാനവും ശ്രദ്ധിച്ചുപഠിക്കുന്നവർക്കു ബോധ്യമാവും. സാഹചര്യങ്ങൾ, കഥാപാത്രങ്ങൾ, അവരുടെ വികാരവിചാരങ്ങളും പ്രവർത്തനങ്ങളും എന്നിവയിലൂടെ ഉരുത്തിരിഞ്ഞുവരുന്നതാണ് രസം. അതിനാൽ ശൃംഗാരം, കരുണം തൊട്ടുള്ള അതതു രസങ്ങൾ അനുഭവവേദ്യങ്ങളാകണമെങ്കിൽ പല പല സംഭവങ്ങൾ കലർന്ന ജീവിതത്തെ സാഹിത്യത്തിൽ ആവിഷ്കരിക്കേണ്ടതുണ്ട്. അങ്ങനെ രസാത്മകമായ വാക്യമാണ് സാഹിത്യമെന്നു പറഞ്ഞാൽ, ജീവിതാവിഷ്കരണമാണ് സാഹിത്യം എന്നുതന്നെയാണ് മൊത്തത്തിൽ വന്നുകൂടുന്ന അർഥം. പുരാണേതിഹാസപ്രസിദ്ധമോ കവികല്പിതമോ ആയ കഥയായിരിക്കണം പ്രതിപാദ്യം, അനേകം സർഗങ്ങളുണ്ടാവണം, നഗരം സമുദ്രം പർവതം മുതലായവയുടെ വർണനകൾ വേണം എന്നും മറ്റും മഹാകാവ്യത്തിന്റെ ലക്ഷണം നിർദ്ദേശിക്കുന്നതിൽനിന്ന് സമഗ്രജീവിതമാണ് ഏറ്റക്കുറച്ചിലുകളോടെ ഏതു സാഹിത്യശാഖകളിലും ആവിഷ്കരിക്കേണ്ടത് എന്ന് സംസ്കൃതസാഹിത്യവിമർശകർ ഉദ്ദേശിച്ചിരുന്നതായി വ്യക്തമാകുന്നുണ്ട്. ആദ്യം നായകന്റെ ഗുണങ്ങൾ വിസ്തരിച്ച് പിന്നീട് അയാൾ ശത്രുക്കളെ നിഗ്രഹിക്കുന്നതായി വർണിക്കുന്നതാണ് നിസർഗസുന്ദരമായ രീതിയെന്നും, ശത്രുവിന്റെ വംശവീര്യാദികൾ ചിത്രീകരിച്ചതിനുശേഷം അവനെ ജയിക്കുന്നതിലൂടെ നായകന്റെ ഉൽകർഷം വെളിപ്പെടുത്തുന്നതും കൊള്ളാം എന്നും ദണ്ഡി (ഏഴാം നൂറ്റാണ്ട്) നിർദ്ദേശിക്കുമ്പോൾ, സംഘർഷങ്ങളിലൂടെ മുന്നേറുന്ന ജീവിതത്തിന്റെ പ്രതിപാദനമാണ് സാഹിത്യമെന്ന വസ്തുത കുറേക്കൂടി സ്പഷ്ടമാകും.

ചില വിമർശകർ സാഹിത്യത്തെ ഗുണനിലവാരമനുസരിച്ച് ഉത്തമമെന്നും മധ്യമമെന്നും അധമമെന്നും മറ്റും തരം തിരിക്കുന്നതിനുപയോഗിച്ച മാനദണ്ഡം, അവരുടെ സാഹിത്യസങ്കല്പത്തെക്കുറിച്ച് കുറേക്കൂടി വ്യക്തത നൽകാൻ പര്യാപ്തമാണ്. മുഖ്യമായി പറയാനുള്ള കാര്യം നേരിട്ടു പച്ചയായി പറയാതെ, വ്യംഗ്യമായി പ്രതി

പാദിക്കുന്ന – പോരാ, ആ വ്യംഗ്യത്തിനു പ്രാധാന്യം നൽകുന്ന – സാഹിത്യം ഒന്നാന്തരം. വ്യംഗ്യമുണ്ട്; പക്ഷേ, അതിനെ അപേക്ഷിച്ച് വാച്യമാണ് പ്രധാനമായി വരുന്നത് എങ്കിൽ ആ കൃതി രണ്ടാന്തരം മാത്രം – മധ്യമം. വെറും ശബ്ദാർഥാലങ്കാരപ്പകിട്ടുകൾ പ്രധാനമായി വരുന്നത് അധമം. അതിൽത്തന്നെ കേവലം ശബ്ദാലങ്കാരങ്ങളുടെ വെടിക്കെട്ടുകൾ ഉതിർക്കുന്ന സാഹിത്യത്തെ അപേക്ഷിച്ച് അല്പം ഭേദമാണ് അർഥാലങ്കാരപ്രധാനമായ കാവ്യമെന്ന് *രസഗംഗാധര*കാരൻ (പതിനേഴാം നൂറ്റാണ്ട്) ചൂണ്ടിക്കാട്ടുന്നുണ്ട്. സാഹിത്യകാരന്മാർക്ക് ജനങ്ങളോട് പറയാൻ ഒരു കാര്യമുണ്ടായിരിക്കണം; അത് കഴിയുന്നത്ര വാച്യമാക്കാതെ കഴിക്കാൻ നോക്കണം; എങ്കിലേ വേണ്ടത്ര 'ഇഫക്റ്റ്' കിട്ടൂ. വെറും അലങ്കാരക്കസർത്തുകൾ അധമസാഹിത്യം മാത്രം – ചുരുക്കത്തിൽ ഇതാണ് അവരുടെ ആശയം.

രസധ്വനിസിദ്ധാന്തത്തിന് അടിസ്ഥാനം വ്യഞ്ജന എന്ന ശബ്ദവ്യാപാരമാണ്. ഇതാകട്ടെ പ്രാചീനഭാരതീയദാർശനികരിൽ പലരും അംഗീകരിക്കുന്നില്ല. വാക്യശാസ്ത്രകാരന്മാരായ മീമാംസകരും പ്രമാണശാസ്ത്രകാരന്മാരായ നൈയായികരും വ്യാവഹാരികതലത്തിൽ പൊതുവെ ' ഭാട്ടമീമാംസകരുടെ നയം സ്വീകരിക്കുന്ന മോക്ഷശാസ്ത്രകാരന്മാരായ അദ്വൈത വേദാന്തികളുമാണ് വ്യഞ്ജനാവിരുദ്ധരിൽ പ്രമുഖർ. ശബ്ദത്തിൽനിന്നു സങ്കേതിതമായ അർഥത്തെ നേരിട്ട് ഉല്പാദിപ്പിക്കുന്ന അഭിധാവ്യാപാരം കൊണ്ടുതന്നെ ഒട്ടെല്ലാ വ്യവഹാരങ്ങളും നടക്കും. ഈ മുഖ്യാർഥത്തിന് തടസ്സം വരികയും പ്രസിദ്ധികൊണ്ടോ പ്രയോജനമുദ്ദേശിച്ചോ അതുമായി അടുത്തു ബന്ധപ്പെട്ട മറ്റൊരർഥത്തെ ഉല്പാദിപ്പിക്കുന്ന ലക്ഷണാവ്യാപാരത്തെയും അത്യാവശ്യം വേണ്ടിടത്ത് ഉപയോഗിക്കാം. അതും കടന്ന് വാച്യവുമായി നിയതമായോ അനിയതമായോ പരമ്പരാപ്രാപ്തമായോ ബന്ധപ്പെടുന്ന, പലപ്പോഴും അതിനു വിപരീതം പോലുമാകുന്ന, വ്യംഗ്യമായ അർഥത്തെ ഉല്പാദിപ്പിക്കുന്ന വ്യഞ്ജന എന്ന മൂന്നാമതൊരു ശബ്ദവ്യാപാരത്തെ കല്പിക്കുന്നതിന്റെ ആവശ്യമില്ലെന്നാണ് ഈ ദാർശനികരുടെ പക്ഷം.

വേദവാക്യങ്ങളുടെ നിഷ്കൃഷ്ടമായ അർഥം നിശ്ചയിക്കുന്നതിനുവേണ്ടി വാക്യാർഥവിചാരത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും യുക്തിയുക്തമായും വിശദമായും ചർച്ച ചെയ്ത് ശബ്ദവ്യാപാരങ്ങളെക്കുറിച്ച് കൃത്യമായ നിഗമനങ്ങളിലെത്തിച്ചേർന്ന മീമാംസകരാണ് വ്യഞ്ജനാവിരോധികളുടെ നേതൃത്വം വഹിക്കുന്നത്. കാരണം, യാഗാദികർമ്മാനുഷ്ഠാനങ്ങളോടുകൂടിയ ധാർമികജീവിതമാണ് അവരുടെ ലക്ഷ്യം. പരമപ്രമാണമായി (സ്വതഃപ്രമാണമായിത്തന്നെ) തങ്ങൾ



അംഗീകരിക്കുന്ന വിധിനിഷേധപരങ്ങളായ വേദവാക്യങ്ങളുടെ അർഥനിശ്ചയം അവരെ സംബന്ധിച്ചിടത്തോളം അതിന് അനുപേക്ഷണീയമാണ്. അഭിധയ്ക്കും ലക്ഷണയ്ക്കുമപ്പുറത്ത് അനിയതാർഥകല്പനകൾക്ക് വഴിയൊരുക്കുന്ന വ്യഞ്ജന സ്വീകരിക്കുകയാണെങ്കിൽ വരാവുന്ന വൈഷമ്യം ഒട്ടൊന്നുമല്ല. വക്തൃബോദ്ധവ്യകാക്വാദിവൈശിഷ്ട്യങ്ങളാൽ യജ്ഞകർമങ്ങളുടെ അധികാരി, ഫലം, ഇതികർത്തവ്യത എന്നിവയിലെല്ലാം അനിശ്ചിതത്വം വന്നുപോയാലുണ്ടാവുന്ന ഭവിഷ്യത്തുകൾ അവർ വിഭാവനം ചെയ്യുന്ന ധാർമികജീവിതത്തെയാകെ തകിടം മറിക്കും. അതുകൊണ്ട് അതിന് പഴുതു നൽകുന്ന വ്യഞ്ജനാവ്യാപാരത്തെ എന്തു വില കൊടുത്തും എതിർക്കാൻ അവർ ബാധ്യസ്ഥരാണ്. അർഥകാമങ്ങൾ പോലും ധർമത്താൽ നിയന്ത്രിക്കപ്പെട്ടുകൊണ്ടും ഇവ മൂന്നും മോക്ഷത്തിലേക്കു നയിക്കുന്ന രൂപത്തിലും വേണം നിർവഹിക്കുക എന്ന് ആദർശമായി അംഗീകരിക്കപ്പെട്ട ഒരു സാമൂഹ്യവ്യവസ്ഥയിൽ ശബ്ദവ്യാപാരങ്ങൾക്ക് ഇപ്രകാരമൊരു നിയന്ത്രണം ഏർപ്പെടുത്താൻ ' ഭരണാധികാരിവർഗത്തിന്റെ നയം രൂപവൽക്കരിക്കുന്ന പൗരോഹിത്യമേധാവിത്വം മുന്നോട്ടുവന്നതിൽ അസ്വാഭാവികമായി ഒന്നുമില്ല.

ഈ വ്യഞ്ജനാവിരുദ്ധപക്ഷത്താണ് മിക്ക പ്രാചീനഭാരതീയദർശനങ്ങളും നിലകൊണ്ടത്. തന്റെ യത്നത്തിൽ ആനന്ദവർധനന് പ്രചോദനകേന്ദ്രമായി വർത്തിച്ച, കലയിലൂടെ ഈശ്വരസാക്ഷാൽക്കാരം പോലും നേടാമെന്നു സിദ്ധാന്തിച്ച, താന്ത്രികാടിസ്ഥാനമുള്ള, പ്രത്യഭിജ്ഞാദർശനമാണ് എടുത്തുപറയത്തക്ക ഒരേയൊരപവാദം. മീമാംസാദിപരമ്പരാഗതദർശനങ്ങളുടെ കടന്നാക്രമണത്തെ ചെറുക്കുന്നതിൽ, താരതമ്യേന നവീനവും ഏറെക്കുറെ കാശ്മീരിൽ മാത്രം ഒതുങ്ങിനിന്നതുമായ പ്രത്യഭിജ്ഞാദർശനം അദ്ദേഹത്തിന് അത്രത്തോളം ആത്മബലം നൽകാൻ പര്യാപ്തമായിരുന്നില്ല. അപ്പോഴാണ് ''മുഖം വ്യാകരണം പ്രോക്തം'' എന്നിങ്ങനെ വേദാംഗങ്ങളിൽ മുഖ്യമെന്നെണ്ണപ്പെട്ടതും അങ്ങനെ പരമ്പരാഗതമായ അംഗീകാരംതന്നെ നേടിയെടുത്തതും പദശാസ്ത്രമെന്നു പ്രസിദ്ധിയാർജിച്ചതുമായ വ്യാകരണദർശനം അദ്ദേഹത്തിന്റെ സഹായത്തിനെത്തിയത്. വ്യാകരണശാസ്ത്രത്തിലെ സ്ഫോടസിദ്ധാന്തവും സാഹിത്യത്തിലെ ധ്വനിസിദ്ധാന്തവും തമ്മിലുള്ള ബന്ധം ഏറെ ആന്തരികവും ഗാഢവുമാകുന്നു.

എന്നാൽ, സാഹിത്യവിമർശകരിൽതന്നെ, ചിലർ മീമാംസകരുടെ നേതൃത്വത്തിുള്ള വിവിധദാർശനികരുടെ സർവശക്തമായ സ്വാധീനത്തിനു വിധേയരായി, ധ്വനിയുടെ കാര്യത്തിൽ, വ്യഞ്ജനാവ്യാപാര

ത്തോടുള്ള നിലപാടിൽ വിട്ടുവീഴ്ച്ച ചെയ്യാൻ, അതിനെ നിഷേധിക്കാൻ പോലും, നിർബദ്ധരായതായി നമുക്കു കാണാം. സാഹിത്യത്തിൽ വ്യഞ്ജനയുടെ പ്രവർത്തനം കൊണ്ടുണ്ടാവുന്ന രമണീയമായ വ്യംഗ്യാർഥങ്ങളെ കുറച്ചുകാണാനോ മറച്ചുവെക്കാനോ ആകാതെ, മീമാംസാദിദർശനങ്ങളുടെ അംഗീകൃതസാങ്കേതികപദങ്ങളെ പകരം വെച്ച് കാര്യം നടത്താനാണ് അവർ ശ്രമിച്ചത്. ' ഭാവന അഥവാ ഭാവുകത്വം എന്ന വ്യാപാരം കല്പിച്ചുകൊണ്ട് വ്യഞ്ജനയെ നിഷേധിക്കുന്ന ഭട്ടനായകനെയും (ഒമ്പതാം നൂറ്റാണ്ട്) അനുമാനത്തിൽ അത് അന്തർഭവിക്കുമെന്നു സ്ഥാപിക്കാൻ മിനക്കെടുന്ന മഹിമഭട്ടനെയും (പതിനൊന്നാം നൂറ്റാണ്ട്) നോക്കുക. ആനന്ദവർധനനു പിൻപാണ് ഈ രണ്ടുപേരുമെങ്കിലും ഇവരുടെ വാദഗതികൾ, ഇത്ര വ്യക്തമായും ശക്തമായുമല്ലെങ്കിലും ആനന്ദവർധനന്റെ പൂർവികരിൽ ചിലർ തന്നെ രേഖാമൂലമായും അല്ലാതെയും ഉന്നയിച്ചിട്ടുണ്ടെന്ന കാര്യം നിസ്സംശയമാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന് ധ്വനി സ്ഥാപിക്കുന്നതിന് അത്ര വീറോടെ യത്നിക്കേണ്ടിവന്നത്. കുറച്ചൊക്കെ നിഗൂഢവൽക്കരണത്തിനു രസധ്വനിസിദ്ധാന്തവും വിധേയമായിട്ടുണ്ടെങ്കിലും, അക്കാലത്ത് ആധിപത്യം ചെലുത്തിയ പല നിഗൂഢവൽക്കരണശ്രമങ്ങളെയും തകർക്കാൻ ആ സിദ്ധാന്തത്തിനു കഴിഞ്ഞിട്ടുണ്ട്. സർവങ്കഷമായ ധർമ്മശാസ്ത്രഗ്രന്ഥത്തിന്റെ സ്ഥാനം നൽകി ആദരിക്കപ്പെട്ടിരുന്ന *മഹാഭാരത*ത്തെ ശാന്തരസപ്രധാനമായൊരു കാവ്യമെന്ന നിലയിൽ വിലയിരുത്തുന്നതിന് ആനന്ദവർധനൻ ധൈര്യം കാട്ടി. മതത്തിന്റെയും ആദർശാത്മകതയുടെയും പരിവേഷമണിഞ്ഞുനിന്നിരുന്ന *രാമായണ*ത്തെ സീതാപരിത്യാഗത്തിലേക്കു വെളിച്ചം വീശിക്കൊണ്ട് കരുണരസപ്രധാനമായ കാവ്യമായി കാണാൻ അദ്ദേഹത്തിന് മടിയുണ്ടായില്ല. (പിൽക്കാലത്ത് കുന്തകൻ ഇതേ പാത പിന്തുടരുകയുണ്ടായി. മഹിമഭട്ടൻ ഒരുപടികൂടി കടന്ന്, തനിമതഗ്രന്ഥമെന്നറിയപ്പെടുന്ന ' *ഭഗവദ്ഗീത*യിലെ അതിപ്രസിദ്ധമായ "യദാ യദാ ഹി ധർമസ്യ . . . "" എന്ന ശ്ലോകത്തിൽ പൗനരുക്ത്യദോഷം കണ്ടെത്തുന്നതുവഴി അതിനെ വെറുമൊരു കാവ്യത്തിന്റെ നിലയിലേക്ക് ഇറക്കിക്കെട്ടുന്നതും ഇവിടെ സ്മരിക്കാം.) പ്രാകൃതഭാഷയെയും സാഹിത്യത്തെയും ഉപരിവർഗം ഏറെക്കുറെ അവജ്ഞയോടെ നോക്കിക്കണ്ട അക്കാലത്ത് പ്രാകൃതഗാഥാപദ്യങ്ങളെ ധ്വനിക്കുദാഹരണങ്ങളായുദ്ധരിച്ച് ആദരിക്കുന്നതിലൂടെ ധ്വനികാരൻ പ്രദർശിപ്പിച്ച ജനകീയവീക്ഷണം ശ്രദ്ധേയമാണ്. (തനിക്കുമുമ്പ് ദണ്ഡിയും രാജശേഖരനും, പിൻപ് ഭോജനും പ്രാകൃതത്തിന് ഈ മാന്യസ്ഥാനം നൽകിയവരാണ്.) അലങ്കാരം, ഗുണം, രീതി എന്നി



ങ്ങനെ അതുവരെ അത്യുത്തമമായി ഉയർത്തിക്കാണിക്കപ്പെട്ടിരുന്ന വിവിധസാഹിത്യഘടകങ്ങളെ വിഭാഗീയത വെടിഞ്ഞ് അതതിനുചിതമായ സ്ഥാനങ്ങളിലിരുത്തി രസധ്വനിയിൽ കേന്ദ്രീകരിച്ചുകൊണ്ട് അദ്ദേഹം ആദ്യമായി ഒരു സാഹിത്യകലാദർശനം ആവിഷ്കരിച്ചു.

അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതിഃ
യഥാസ്മൈ രോചതേ വിശ്വം തഥേദം പരിവർത്തതേ.

(അപാരമായ കാവ്യപ്രപഞ്ചത്തിൽ കവിയാണ് പ്രജാപതി. ഇദ്ദേഹത്തിന്റെ ഇച്ഛയ്ക്കൊത്ത് ലോകം മാറുന്നു.) എന്നിങ്ങനെ പൗരോഹിത്യമേധാവിത്വത്തിന്റെ അധികാരവിലക്കുകളെ വെല്ലുവിളിച്ചുകൊണ്ട് കലാകാരന്റെ സ്വാതന്ത്ര്യം ഉറക്കെ പ്രഖ്യാപിക്കുന്നതിന് അദ്ദേഹം തന്റേടം കാട്ടി. ആശയസാദൃശ്യരൂപമായ കവിസംവാദസങ്കല്പത്തിന്റെ വിശകലനത്തിലൂടെ അദ്ദേഹം അനുകരണത്തിന്റെ പേരിൽ സാഹിത്യകാരന്മാരുടെ മെക്കിട്ടുകയറുന്ന ക്ഷുദ്രവിമർശനത്തിന്റെ നേരെ കുന്തമുന തിരിച്ച്, കവിപ്രതിഭയുടെ സ്വാച്ഛന്ദ്യത്തിനുവേണ്ടി നിലകൊണ്ടു. (രാജശേഖരൻ ഇതേ നിലപാട് കൈക്കൊണ്ട വിമർശകനാണ്) തന്റെ നൂതനമായ സിദ്ധാന്തത്തിന് ഒട്ടേറെ താൻ കടപ്പെട്ടിട്ടുള്ള വ്യാകരണദർശനം പോലും സാഹിത്യതത്വഗ്രഹണത്തിന് അപര്യാപ്തമാണെന്ന് തുറന്നുപറയാൻ അദ്ദേഹത്തിന് മടിയുണ്ടായില്ല.

ശബ്ദാർഥശാസനജ്ഞാനമാത്രേണൈവ ന വേദ്യതേ;
വേദ്യതേ സ തു കാവ്യാർഥതത്വജ്ഞൈരേവ കേവലം.

(അത് – വ്യംഗ്യാർഥം – വ്യാകരണവും നിഘണ്ടുവും അറിഞ്ഞതുകൊണ്ടുമാത്രം അറിയാൻ കഴിയില്ല. കാവ്യാർഥതത്വജ്ഞർക്കു മാത്രമേ അത് പിടികിട്ടൂ.) വ്യംഗ്യാർഥം വാച്യാർഥത്തിൽനിന്ന് വ്യത്യസ്തം മാത്രമല്ല, പലപ്പോഴും ഒറ്റയടിക്ക് പിടികൊടുക്കാതെ പുനഃപുനരനുസന്ധാനരൂപമായ ചർവണ കൊണ്ടുമാത്രം സിദ്ധിക്കുമാറ് പിന്നേക്കു നീക്കിവെക്കപ്പെട്ടതുമാണെന്ന് ധ്വനിദർശനം വ്യക്തമാക്കുന്നു. (ദറിദയുടെ ഭാഷാദർശനം – റശളളലൃമിരല – നോക്കുക). ഗ്രന്ഥകാരന്റെ താല്പര്യമാണ് ഗ്രന്ഥത്തിന്റെ അർഥത്തെ മുഴുവൻ നിർണയിക്കുന്നതെന്ന ചില മീമാംസകരുടെയും മറ്റും വാദത്തെ അംഗീകരിക്കാത്ത, പലപ്പോഴും അനിയതാർഥപ്രതിപാദകമായനുഭവപ്പെടുന്ന വ്യഞ്ജനയിലുറച്ചുനിന്ന ധ്വനികാരൻ റൊളാങ് ബാർത്ത് ആവിഷ്കരിച്ച 'ഗ്രന്ഥകാരന്റെ മരണ'മെന്ന സങ്കല്പത്തെ ഒട്ടൊക്കെ മുൻകൂട്ടി കണ്ടിട്ടില്ലേ എന്നു സംശയിക്കാവുന്നതാണ്. "സരസ്വത്യാസ്തത്ത്വം കവിസഹൃദയാഖ്യം വിജയതേ" (കവിയും സഹൃദയനും ചേർന്നു

രൂപം കൊള്ളുന്ന സാഹിത്യതത്വം  സർവോപരി വർത്തിക്കുന്നു.) എന്ന *ധ്വന്യാലോക*വ്യാഖ്യാതാവായ അഭിനവഗുപ്തന്റെ വചനവും "കവിതാരസമാധുര്യം വ്യാഖ്യാതാ വേത്തി നോ കവിഃ" (കവിതയുടെ രസമാധുര്യം വ്യാഖ്യാതാവാണറിയുക; കവിയല്ല.) എന്ന് സഹൃദയലോകത്തിൽ പണ്ടുമുതൽക്കേ പ്രചരിച്ചുപോരുന്ന സൂക്തവും ഈ ആശയത്തിന്റെ വിവരണങ്ങളത്രേ. ജന്മാന്തരസിദ്ധമായ പ്രതിഭയാണ് സാഹിത്യത്തിന്റെ പ്രഭവങ്ങളിൽ മുഖ്യമെന്നു പൊതുവിൽ അംഗീകരിക്കുന്നുണ്ടെങ്കിലും പ്രതിഭയുടെ ഇഹലോകപരതയ്ക്ക് മുൻതൂക്കം കൊടുത്തവരും (ഉദാ:– ജഗന്നാഥപണ്ഡിതരാജൻ) തികച്ചും ഇഹലോകസിദ്ധമായ പാണ്ഡിത്യവും പരിശീലനവും സാഹിത്യസൃഷ്ടിയിൽ വഹിക്കുന്ന പങ്കിനെ യഥാർഹം കണ്ടവരും (ഉദാ:– ദണ്ഡി) സംസ്കൃതസാഹിത്യവിമർശകരിൽ കുറവല്ല. 'കവിശിക്ഷ' എന്ന കവി–സഹൃദയപരിശീലനത്തിനുള്ള പ്രത്യേകമായൊരു വിമർശനശാഖ തന്നെ ഇവിടെ ഉണ്ടായതിനെ (ഉദാ:– വാമനന്റെ *കാവ്യാലങ്കാരസൂത്രവൃത്തി*യിലെ അവസാനഭാഗം, രാജശേഖരന്റെ *കാവ്യമീമാംസ*, പതിനൊന്നാം നൂറ്റാണ്ടുകാരനായ ക്ഷേമേന്ദ്രന്റെ *കവികണ്ഠാഭരണം*) ഈ പശ്ചാത്തലത്തിൽ കാണണം. ഫലത്തിൽ, ഇത് സാഹിത്യത്തിന് ഉണ്ടെന്ന് അവകാശപ്പെടുന്ന 'ദിവ്യത'യെ തകർക്കുന്നതാണ്. ദണ്ഡി, വാമനൻ, രുദ്രടൻ (പത്താം നൂറ്റാണ്ട്), ജഗന്നാഥൻ മുതലായവർ ഈ വഴിക്കുള്ള ചർച്ചകൾക്ക് പ്രാധാന്യം നൽകിയവരാണ്.

ധ്വനിഭേദങ്ങൾ വിവരിക്കുമ്പോൾ വസ്തുധ്വനി, അലങ്കാരധ്വനി എന്നൊക്കെ പറയുമെങ്കിലും ആത്യന്തികമായി വിലയിരുത്തുമ്പോൾ വസ്തുവായാലും അലങ്കാരമായാലും ഏതെങ്കിലുമൊരു രസത്തിലാണ് ചെന്നെത്തുക എന്നു വ്യക്തമാണ്. രസമാകട്ടെ വ്യംഗ്യമായേ വരൂ താനും. അതുകൊണ്ടാണ് രസധ്വനിയേ ഉള്ളൂ എന്നു പറയുന്നത്. രസം ധ്വനിരൂപത്തിൽ  മാത്രമേ ആവിഷ്കരിക്കപ്പെടാൻ കഴിയൂ എന്നതിനാൽ രസസിദ്ധാന്തവും ധ്വനിസിദ്ധാന്തവും ഒന്നുതന്നെയാണ് എന്നും വിലയിരുത്തപ്പെടുന്നു.

ആനന്ദവർധനന്റെ കാലത്തോടെ ഏതാണ്ട് ഈ നില വന്നുകഴിഞ്ഞുവെന്നു പറയാം. ധ്വനിസിദ്ധാന്തം പിന്നെയും രൂക്ഷമായി എതിർക്കപ്പെട്ടുവെന്നത് നേരാണ്. പക്ഷേ, ആ എതിർപ്പുകളൊന്നും പൊതുവിൽ അംഗീകാരം നേടിയില്ലെന്നതാണ് വസ്തുത. *നാട്യശാസ്ത്ര*ത്തിന് *അഭിനവഭാരതി*, *ധ്വന്യാലോക*ത്തിന് *ലോചനം* എന്നിങ്ങനെ അഭിനവഗുപ്തന്റെ രണ്ടു പ്രഗല്ഭവ്യാഖ്യാനങ്ങൾ കൂടിയായപ്പോൾ രസധ്വനിദർശനം അനിഷേധ്യമായ  അംഗീകാരം നേടിയ പ്രതീ



തിയാണ് സംസ്കൃതസാഹിത്യവിമർശനലോകത്തിൽ ഉളവാക്കിയത്.

ഈ കാലത്ത് പുറപ്പെട്ട കൃതിയാണ് കുന്തകന്റെ *വക്രോക്തിജീവിതം.* വക്രോക്തി എന്നത് ധ്വനി പോലെ, ഒരുപക്ഷേ ധ്വനിയെ എതിർക്കുന്ന, മറ്റൊരു സിദ്ധാന്തം എന്ന തോന്നലാണ് സംസ്കൃതസാഹിത്യവിമർശനലോകത്ത് സാമാന്യമായി നിലനിൽക്കുന്നത്. എന്നാൽ, ആ കൃതി ആമൂലാഗ്രം മനസ്സിരുത്തി പഠിക്കുമ്പോൾ തെളിഞ്ഞുവരുന്ന ചിത്രം സാഹിത്യരംഗത്ത് പല വിഷയങ്ങളിലും സ്വതന്ത്രമായ നിലപാടുകളുള്ള വിമർശകനാണ് കുന്തകനെങ്കിലും രസധ്വനിവിഷയത്തിൽ ധ്വനികാരനോട് പൊതുവിൽ യോജിക്കുകയാണദ്ദേഹം എന്നതാണ്. വർണവിന്യാസവക്രത, പദപൂർവാർധവക്രത, പദപരാർധവക്രത (പ്രത്യയാശ്രയവക്രത), വാക്യവക്രത, പ്രകരണവക്രത, പ്രബന്ധവക്രത എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ ആറുതരം വക്രതകളുടെ സപ്രപഞ്ചമായ വിവരണമാകട്ടെ, ധ്വനികാരന്റെ ധ്വനിപ്രഭേദവിവരണത്തോടൊത്തുപോകുന്നതും പലപ്പോഴും കൂടുതൽ അടുക്കും ചിട്ടയും ദീക്ഷിക്കുന്നതുമാകുന്നു. അതുകൊണ്ട്, സംസ്കൃതസാഹിത്യവിമർശനത്തെ സംബന്ധിച്ചേടത്തോളം വർണം മുതൽ പ്രബന്ധം (മുഴുകൃതി) വരെയുള്ള കാവ്യഘടകങ്ങളുടെ സൗന്ദര്യനിരൂപണത്തിൽ *ധ്വന്യാലോക*ത്തിലെ മാനദണ്ഡങ്ങളുടെ യത്രയോ ചിലപ്പോൾ അല്പം കൂടുതലോ ആയ പ്രാമാണികതയോടെ *വക്രോക്തിജീവിത*ത്തിലെ മാനദണ്ഡങ്ങളെ ഉപയോഗിക്കാവുന്നതാണ്.

ഇപ്രകാരം, ധ്വനി–വക്രോക്തിദർശനങ്ങളുടെ ഏകോപിതമായ സഹായത്തോടെ മുഖ്യമായും കലാസൃഷ്ടികളുടെ രചനാസൗന്ദര്യനിരൂപണം നടത്താൻ നമുക്കു കഴിയും. അതതു കലാസൃഷ്ടികൾ സാംസ്കാരികമായി എന്തു മൂല്യമാണ് നമ്മിൽ ഉല്പാദിപ്പിക്കുന്നത് എന്നു വിലയിരുത്താൻ രസസിദ്ധാന്തം പ്രയോജനപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. ആ വിഷയത്തിൽ നമുക്ക് കൂടുതൽ സഹായകമായ ഒരു മാനദണ്ഡം ആധുനികകാലത്തെ സംസ്കൃതസാഹിത്യവിമർശകരിൽ പ്രമുഖനായ കുട്ടിക്കൃഷ്ണമാരാർ (1900–1973) രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. ശബ്ദതലം, അർഥതലം, ‘  ഭാവതലം, സംസ്കാരതലം എന്ന നാലു തലങ്ങളിലായാണ് സാഹിത്യാസ്വാദനം എന്ന് അദ്ദേഹം നിരീക്ഷിച്ചപ്പോൾ ആനന്ദവർധനനും കുന്തകനും മറ്റും ആവിഷ്കരിച്ച അതേ ആശയം ഒന്നുകൂടി സൂക്ഷ്മമായും സംക്ഷിപ്തമായും പ്രതിപാദിക്കുകയാണ് ചെയ്തത്. അദ്ദേഹം വിവരിക്കുന്നു: "അങ്ങനെ നാലു പടവുണ്ട് കാവ്യാസ്വാദനമാർഗത്തിൽ.

ഒന്ന്: ശബ്ദതലം – വെറും പദങ്ങളുടെ സൗകുമാര്യാദിഗുണം മുതൽ പദസന്നി വേശത്തിന്റെ ശില്പഭംഗിവരെ; ഇതിൽ അർഥഭാവാദ്യപേക്ഷ കൂടി ഉണ്ടെന്നത് പരമാർഥം; അവയെല്ലാമിരുന്നാലും ഊന്നൽ ശബ്ദത്തിലായിരിക്കുമെന്നേ വിവക്ഷയുള്ളൂ. രണ്ട്: അർഥതലം – അർഥചമൽക്കാരം, അർഥകല്പനാവൈചിത്ര്യം എന്നെല്ലാം പറയുന്നത്. വേണ്ടതിലേറെ ശബ്ദതലത്തിൽ ശ്രദ്ധിക്കാത്തത്. മൂന്ന്: ഭാവതലം – പാത്രഭാവസന്ദർഭാദ്യൗചിത്യം കൊണ്ട് ആസ്വാദകന് ഭാവാനുഭൂതി നൽകുന്നത്. ഇതിന് സംസ്കൃതാലങ്കാരികന്മാർ അസംലക്ഷ്യക്രമധ്വനി എന്നു പേരിട്ടതിൽനിന്നുതന്നെ, വേർതിരിച്ചുപറയത്തക്ക ഒരു ക്രമം അതിനുണ്ടെന്നു തെളിയുന്നു, നമുക്കതു വേർതിരിച്ചുകാണാൻ പറ്റില്ലെന്നു മാത്രം. നാല്: രേചനതലം – അരിസ്റ്റോട്ടൽ പറഞ്ഞ കഥാർസിസ് . . . പക്ഷേ, ഇത് ദുരന്തകൃതികളിലോ നാടകങ്ങളിലോ മാത്രമുള്ളതല്ലെന്നും ഏതു മഹാകാവ്യത്തിന്റെ ഏതു ' ഭാഗത്തുനിന്നും പലർക്കും പലപ്പോഴുമുണ്ടാകാവുന്ന അനുഭൂതിക്കു കാരണമാണെന്നും വിശേഷാൽ പറയട്ടെ."" ("കാവ്യാസ്വാദനം"*തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1990, പേജ് 336)

## മാർക്സിയൻ സാഹിത്യദർശനം

സമഗ്രമായൊരു ജീവിതദർശനമായ മാർക്സിസം സൗന്ദര്യശാസ്ത്രത്തിനും അതിന്റെ ഭാഗമായി സാഹിത്യദർശനത്തിനും സ്വന്തമായ സംഭാവന നൽകിയിട്ടുണ്ട്. പ്രസ്തുതസാഹിത്യദർശനത്തിന്റെ ചില സിദ്ധാന്തങ്ങൾ മാത്രം ഇവിടെ ഓർക്കാം. ഒന്നാമത്തേത്, അടിത്തറയും മേല്പുരയും (ആമലെ മിറ ടൗുല്യ്യൗേര ൗേൃല) സംബന്ധിച്ചുള്ളതാണ്. സമൂഹത്തിന്റെ അടിത്തറ സാമ്പത്തിക ഘടനയാണ്. അതിനെ ആസ്പദമാക്കി ഉയർന്നുവരുന്നതാണ് നിയമം, മതം, സാഹിത്യം, കല മുതലായ സാംസ്കാരികോല്പന്നങ്ങളുടെ ആശയലോകമുൾക്കൊള്ളുന്ന മേല്പുര. ഇവ തമ്മിലുള്ള ബന്ധം വൈരുധ്യാത്മകമാണ്. അതായത്, അടിസ്ഥാനപരമായി ആശയ പ്രപഞ്ചത്തിന്റെ ആത്യന്തികമായ ഉറവിടം സാമ്പത്തികബന്ധങ്ങൾ അടങ്ങുന്ന അടിത്തറയാണ്. എന്നാൽ, സാമ്പത്തികബന്ധങ്ങളുടെ അടിത്തറയിൽനിന്ന് ആശയലോകത്തിന്റെ മേല്പുര ഉയർന്നു കഴിഞ്ഞാൽ ആ മേല്പുരയ്ക്ക് സ്വന്തമായ അസ്തിത്വവും ഒരു വലിയ അളവോളം സ്വയംനിർണയാവകാശവും ഉണ്ടായിരിക്കും. ആശയലോകം സക്രിയവും സജീവവുമാകുന്നു. അതിന് സ്വന്തമായ



ചലനനിയമങ്ങളും വികാസഗതികളും ഉണ്ട്. മാർക്സിയൻ നിരൂപണം ഓരോ കലാസൃഷ്ടിയെയും വിലയിരുത്തുന്നത് അത് രചിക്കപ്പെട്ട കാലത്തെപ്രത്യേകസാമൂഹ്യസാഹചര്യങ്ങളുടെ വെളിച്ചത്തി ലാണ്. ഇക്കാര്യത്തിൽ വർഗസമരത്തിന്റെ വളർച്ചയും അതിന്റെ വിവിധരൂപങ്ങളും പ്രധാനഘടകങ്ങളത്രേ. അങ്ങനെ ഒരു കൃതിയെ രൂപ–ഭാവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്ന സാഹിത്യ നിരൂപണം രാജ്യത്തിന്റെയും കാലഘട്ടത്തിന്റെയും സാമൂഹ്യ പുരോഗതിയുടെ ചരിത്രപരമായ വിലയിരുത്തലുമായി അഭേദ്യബന്ധം പ്രാപിക്കുന്നു. എന്നാൽ ഒരു കലാസൃഷ്ടി സാമ്പത്തികവും രാഷ്ട്രീയവുമായ രൂപത്തിലുള്ള വർഗസമരത്തിന്റെ നേർക്കുനേർ പ്പകർപ്പാണെന്നു കരുതരുത്. മറ്റു മേഖലകളുടേതിൽനിന്നും വ്യത്യസ്തമായ മാനങ്ങളിലാണ് വർഗസമരം കലാസൃഷ്ടികളിലൂടെ വെളിപ്പെടുന്നത്. അതിന് അതിന്റേതായ നിയമങ്ങളുണ്ട്. മറ്റു മേഖലകളുമായി അതിന് ബന്ധമുണ്ടെങ്കിലും കലാസൃഷ്ടിയുടെയും മൂല്യനിർണയത്തിന്റെയും നിയമങ്ങൾ അവയിൽ നിന്നും സ്വതന്ത്രമാണ്. മാത്രമല്ല, മുൻപ് പറഞ്ഞതുപോലെ മേല്പുര അടിത്തറയുടെ ചലനങ്ങളെ സ്വാധീനിച്ച് അതിന്റെ വേഗം കൂട്ടുകയോ കുറയ്ക്കു കയോ ചെയ്തുവെന്നും വരാം. " ഒരാശയം ബഹുജനങ്ങളെ സ്വാധീനി ച്ചാൽ അത് ഒരു ഭൗതികശക്തിയായിത്തീരും എന്ന മാർക്സിന്റെ വചനം നോക്കുക. ആശയപ്രചാരണത്തിന്റെ വിപ്ലവപ്രാധാന്യമാണ് നാമിവിടെ കാണുന്നത്. പിൽക്കാലത്ത് അന്റോണിയോ ഗ്രാംഷി സമൂഹത്തെ പൗരസമൂഹമെന്നും രാഷ്ട്രീയസമൂഹമെന്നും വേർതിരിച്ചുകാണുകയും പൗരസമൂഹത്തെ രാഷ്ട്രീയസമൂഹമാക്കിപരിവർത്തിപ്പിക്കുന്നതിൽ ആശയപ്രചാരണപ്രധാനമായസാംസ്കാരികപ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തത് ഇവിടെ ഓർക്കാം.

രണ്ടാമത്തേത് സാമൂഹ്യചരിത്ര വികാസത്തെക്കുറിച്ചുള്ളതാണ്. മനുഷ്യസമൂഹം ആദിയിൽ വർഗവിഭക്തമായിരുന്നില്ലെന്നും വർഗസമൂഹം ആവിർഭവിച്ചതു മുതൽ ഇന്നോളം വർഗസമരത്തിന്റെ ചരിത്രമാണ് നിലനിന്നുപോരുന്നതെന്നും മാർക്സിസം സിദ്ധാന്തി ക്കുന്നു. പ്രാകൃതപ്രാഗ്വർഗസമൂഹത്തെുടർന്ന് വർഗസമൂഹം അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം എന്നീ

ത്തുന്നു. ആദിയിലെ വർഗരഹിതസമൂഹം (പ്രാകൃത അഥവാ ആദിമകമ്യൂണിസം) ദാരിദ്ര്യം പങ്കുവെക്കലായിരുന്നുവെങ്കിൽ സോഷ്യലിസാനന്തരം വരാൻ പോകുന്ന കമ്യൂണിസം സമൃദ്ധി സാമൂഹ്യവ്യവസ്ഥകളിലൂടെ വർഗരഹിതമായ കമ്യൂണിസത്തിലെ പങ്കിടുന്നതായിരിക്കും. ആ രണ്ടു വർഗരഹിതസമൂഹങ്ങളും തമ്മിൽ അത്രയ്ക്ക് അന്തരമുണ്ടെന്നർഥം.

അടിമത്തവ്യവസ്ഥയിൽ അടിമയുടമകളായ ചെറുന്യൂനപക്ഷം വരുന്ന യജമാനർ ഭരണവർഗവും ബഹുഭൂരിപക്ഷം വരുന്ന അടിമകൾ ഭരിക്കപ്പെടുന്ന വർഗവും ആയിരുന്നു. പിന്നീടുള്ള സാമൂഹ്യവ്യവസ്ഥിതികളിൽ യഥാക്രമം ഫ്യൂഡൽപ്രഭുക്കളുടേതും മുതലാളിമാരുടേതുമായ ന്യൂനപക്ഷവും തൊഴിലാളികളുടേതായ ഭൂരിപക്ഷവും ഭരണവർഗമായി വരുന്നു. കമ്യൂണിസത്തിലാകട്ടെ, ഭരണ-ഭരണീയവർഗവ്യത്യാസമില്ല; ഭരണകൂടമേ കൊഴിഞ്ഞു പോകുന്നു എന്നാണ് സിദ്ധാന്തം. ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഈ വർഗസമൂഹവ്യവസ്ഥാസിദ്ധാന്തം സാമാന്യമായി ശരിയാണെങ്കിലും അടിമത്ത-ഫ്യൂഡൽവ്യവസ്ഥകൾ പാശ്ചാത്യനാടുകളിലെപ്പോലെയായിരുന്നില്ലെന്നൊരു വിശേഷമുണ്ട്. ആദിമവേദകാലഘട്ടത്തിലെ കൃതികളിൽ പ്രതിഫലിതമായ പ്രാകൃതപ്രാഗ്വർഗ സമൂഹത്തെത്തുടർന്ന് ഇന്ത്യയിൽ പൊതുവേ ജാതി-ജന്മി-നാടുവാഴി-ക്ഷേത്രമേധാവിത്തം എന്നു വിളിക്കാവുന്ന ഒരു വ്യവസ്ഥയാണ് അടിമത്ത-ഫ്യൂഡൽവ്യവസ്ഥയ്ക്ക് സമാനമായി നൂറ്റാണ്ടുകളോളം നിലനിന്നത്. ആ വ്യവസ്ഥയുടെ സാമൂഹ്യരൂപമാണ് ജാതി; സാമ്പ ത്തികരൂപം ജന്മി സമ്പ്രദായം; നാടുവാഴിത്തം അഥവാ രാജാധിപത്യം രാഷ്ട്രീയരൂപവും ക്ഷേത്രമേധാവിത്തം സാംസ്കാരികരൂപവും. ഇന്ത്യയിൽത്തന്നെ ദേശകാലഭേദമനുസരിച്ച് ഇവയോരോന്നിന്റെയും വിശദാംശങ്ങളിൽ വൈവിധ്യവും വൈചിത്ര്യവുമുണ്ടാവും. ഇന്നത്തെ ഇന്ത്യൻമുതലാളിത്തവ്യവസ്ഥ ഈ ജാതി-ജന്മി-നാടുവാഴിത്ത-ക്ഷേത്രമേധാവിത്തസംസ്കാരത്തിന്റെ പല അവശിഷ്ടങ്ങളും ഉൾക്കൊള്ളുന്നതാണെന്ന് പറയേണ്ടതില്ലല്ലോ. ഇന്ത്യയിലെയും അതിന്റെ ഭാഗമായി കേരളത്തിലെയും സാഹിത്യാദികലാസൃഷ്ടികളെ നിരൂപണം ചെയ്യുമ്പോൾ മാർക്സിയൻകലാദർശനം മനസ്സിൽ കാണുന്നത് ഇത്തരമൊരു സാമൂഹ്യവികാസത്തെയായിരിക്കും.

മൂന്നാമത്തേത്, കലാസൃഷ്ടി നടത്തുന്ന വ്യക്തിയുടെ സാമൂഹ്യ പ്രതിബദ്ധതയുമായി ബന്ധപ്പെട്ടതാണ്. മാർക്സിയൻ കലാദർശന



മനുസരിച്ച് മറ്റെല്ലാവർക്കുമെന്നപോലെ കലാകാരർക്കും സാമൂഹ്യ പ്രതിബദ്ധതയുണ്ടായിരിക്കണം. ബോധപൂർവം സാമൂഹ്യപുരോഗതി ലക്ഷ്യമാക്കി സൃഷ്ടി നടത്തുന്നവരായിരിക്കണം കലാകാരർ. എന്നാൽ എല്ലാവരും അങ്ങനെയായിക്കൊള്ളണമെന്നില്ല. കലാസാഹിത്യരംഗത്ത് ലബ്ധപ്രതിഷ്ഠ നേടിയ പ്രാചീനരും മധ്യകാലിക രുമായ മഹാപ്രതിഭകളിൽ പലരും ആത്മനിഷ്ഠമായി യാഥാസ്ഥിതിക നിലപാടുകൾ കൈക്കൊണ്ടവരായിരുന്നു. ആധുനികകാലത്തും സ്ഥിതിയിൽ വലിയ മാറ്റമൊന്നുമില്ല. ഫ്യൂഡലിസ്റ്റുസാമൂഹ്യവ്യവസ്ഥ നിലനിൽക്കണമെന്ന് ആഗ്രഹിച്ചിരുന്ന വ്യക്തിയായിരുന്നു ബാൽസാക്ക്. പക്ഷേ, അദ്ദേഹത്തിന്റെ കൃതികൾ ഫ്യൂഡലിസ ത്തിന്റെ തകർച്ചയെയാണ് പ്രതിഫലിപ്പിച്ചിരുന്നതെന്നു മാർക്സ് ചൂണ്ടിക്കാട്ടി. ടോൾസ്റ്റോയ് ആത്മനിഷ്ഠമായി വിപ്ലവവിരുദ്ധമായ സമീപനങ്ങളാണ് കൈക്കൊണ്ടിരുന്നതെങ്കിലും അദ്ദേഹത്തിന്റെ കൃതികൾ വിപ്ലവത്തിന്റെ കണ്ണാടിയാണെന്നാണ് ലെനിൻ വിലയിരുത്തിയത്. ആത്മനിഷ്ഠമായി സാമൂഹ്യപുരോഗതിയോട് യാഥാസ്ഥിതികമോ ഉദാസീനമോ ആയ നിലപാടുകൾ കൈക്കൊണ്ടാ ലും പ്രതിഭാശാലികളായ കലാകാരരുടെ സൃഷ്ടികൾ സാമൂഹ്യ പുരോഗതിയെ പ്രതിഫലിപ്പിക്കാമെന്ന മാർക്സിയൻ കലാസിദ്ധാന്തമാണ് ഇതിൽനിന്നു വെളിപ്പെടുന്നത്. ഇതിനർഥം കലാസ്രഷ്ടാക്കൾക്ക് സാമൂഹ്യപ്രതിബദ്ധത വേണ്ട എന്നല്ല. വേണം. സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രതിഭാശാലികളുടെ കൃതികൾ തീർച്ചയായും ഉത്തമകോടിയിൽപെടുകയും ചെയ്യും. മാക്സിം ഗോർക്കിതന്നെ മുന്തിയ ഉദാഹരണം. പക്ഷേ, ബോധപൂർവം സാമൂഹ്യപ്രതിബദ്ധത പ്രഖ്യാപിക്കാത്ത പ്രതിഭാധനരുടെ സൃഷ്ടികൾ വിലയിരുത്തുമ്പോൾ ഈ വിലപ്പെട്ട മാർക്സിയൻ സൗന്ദര്യശാസ്ത്രസിദ്ധാന്തം ഓർക്കണമെന്നുമാത്രം.

കുട്ടിക്കൃഷ്ണമാരാരുടെ ചുവടുപിടിച്ച് പ്രാചീനമധ്യകാലസംസ്കൃതസാഹിത്യവിമർശനത്തിലെ രസധ്വനി-വക്രോക്തിസിദ്ധാന്തങ്ങളിൽ മാത്രമല്ല, മാരാരുടെതന്നെ ചതുസ്തലകാവ്യാസ്വാദനസിദ്ധാന്തത്തിലും കാലോചിതമായ നീക്കുപോക്കുകൾ വരുത്തിയാൽ മാത്രമേ നമുക്ക്, തികച്ചും കാലഹരണപ്പെട്ടതെന്നു പലർക്കും തോന്നാവുന്ന, രസധ്വനി-വക്രോക്തിസിദ്ധാന്തങ്ങളെ ആധുനികകൃതികൾ പഠിക്കുന്നതിൽ ഉപയോഗപ്പെടുത്താൻ സാധിക്കൂ. ഇത്രയും പോരാ. ആധുനികകാലത്തുമാത്രം ആവിഷ്കൃതമായ, ഇന്ന് ലോകാടിസ്ഥാനത്തിൽ പല തരങ്ങളിലും തലങ്ങളിലും നൂതനമായ ഉൾക്കാഴ്ച്ചകൾ സ്വീകരി

ച്ചുകൊണ്ട് വളർന്നുവരുന്ന മാർക്സിയൻ വിമർശനസിദ്ധാന്തത്തെക്കൂടി ഉപയോഗപ്പെടുത്തിയാൽ, നമുക്ക് ഒരുപടികൂടി മുന്നോട്ടുപോകാൻ കഴിയും. പ്രാചീനമായാലും നവീനമായാലും ഓരോ കൃതിയും അതതു കാലത്തെയും വരുംതലമുറകളുടെയും സൗന്ദര്യബോധത്തെ ആവോളം തൃപ്തിപ്പെടുത്തുന്നതോടൊപ്പം അതതു കാലത്തെ സാമൂഹ്യയാഥാർഥ്യങ്ങൾ അതതു കൃതികളിൽ എത്രത്തോളം ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്, ക്രാന്തദർശികളായ കവികൾക്ക് അതതു ദേശകാലപരിസ്ഥിതികളെ എത്രത്തോളം മറികടക്കാൻ കഴിഞ്ഞിട്ടുണ്ട്, സാമൂഹ്യപരിവർത്തനപ്രക്രിയയിൽ അതതു കൃതികൾക്ക് എന്തെന്തു പങ്കു വഹിക്കാൻ സാധിച്ചിട്ടുണ്ട് മുതലായ കാര്യങ്ങൾ കൂടി മനസ്സിലാക്കാൻ, അങ്ങനെ സാമൂഹ്യപുരോഗമനപ്രക്രിയയയിൽ വിമർശനത്തിന്റെ ധർമം കൂടുതൽ സാർഥകമായി നിർവഹിക്കാൻ, കഴിയും. ഇപ്രകാരം നോക്കുമ്പോൾ, ജാതി–ജന്മി–നാടുവാഴി–ക്ഷേത്രമേധാവിത്തവ്യവസ്ഥയുടെ ഉല്പന്നവും അതിന്റെ അടിസ്ഥാനമായ രാജാധിപത്യത്തെയും അതുവഴി ആ വ്യവസ്ഥയെയും സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധവുമാണ് സംസ്കൃതസാഹിത്യവിമർശനവും അതിന്റെ അത്യുത്തമരൂപമായ രസധ്വനി–വക്രോക്തിസിദ്ധാന്തവുമെങ്കിലും അത് സ്വയംപ്രഖ്യാപിതമായ ആ ലക്ഷ്യത്തെയും ആ വിമർശകരുടെ സ്ഥലകാലവർഗപരിമിതികളെയും മറികടന്നുകൊണ്ട് ഇന്നും പ്രസക്തമായ ചില സാഹിത്യകലാമർമങ്ങൾ ഉൾ ക്കൊള്ളുന്നുണ്ടെന്നു വ്യക്തമാകും. ഒപ്പം, ആധുനികമാർക്സിയൻസാഹിത്യവിമർശനസിദ്ധാന്തവുമായി ശരിയായ രീതിയിൽ രഞ്ജിപ്പിച്ചാൽ, ഏതു കലാസൃഷ്ടിയെയും വിലയിരുത്താൻ പര്യാപ്തമായ നവീനഭാരതീയവിമർശനസിദ്ധാന്തമായി അതിനെ വളർത്തിക്കൊണ്ടുവരാൻ നമുക്ക് സാധിക്കുകയും ചെയ്യും.

★



## 2. ഭാസനാടകങ്ങൾക്ക് ഒരവതാരിക

കാളിദാസൻ മുതലായ കവികളുടെയും ആനന്ദവർധനൻ മുതലായ നിരൂപകരുടെയും ഉദ്ധരണികളിലൂടെ മാത്രം അറിയപ്പെട്ടിരുന്ന ഭാസനെന്ന സംസ്കൃതമഹാകവിയെപ്പറ്റി കാര്യമായ ഒരു വിവരവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം വരെ ലോകത്തിന് ഉണ്ടായിരുന്നില്ല.

മഹാമഹോപാധ്യായ ടി. ഗണപതിശാസ്ത്രി 1909–ൽ പത്മനാഭപുരത്തിനടുത്തുള്ള മണലിക്കരമഠത്തിൽനിന്ന് 105 ഓലകളുള്ള ഒരു താളിയോലഗ്രന്ഥക്കെട്ട് കണ്ടെടുത്തു. അന്നേക്ക് 300–ലധികം വർഷത്തെ പഴക്കം വരും ആ താളിയോലകൾക്ക്. *സ്വപ്നവാസവദത്തം, പ്രതിജ്ഞായൗഗന്ധരായണം, പഞ്ചരാത്രം, ചാരുദത്തം, ദൂതഘടോത്കചം, അവിമാരകം, ബാലചരിതം, മധ്യമവ്യായോഗം., കർണഭാരം, ഊരുഭംഗം* എന്നിങ്ങനെ പത്തു സംസ്കൃതരൂപകങ്ങളാണ് (ചിലതിൽ ചില ഭാഗങ്ങൾ മാത്രം) ആ കെട്ടിലുണ്ടായിരുന്നത്. കടുത്തുരുത്തിക്കടുത്തുള്ള കൈലാസപുരം, ചെങ്ങന്നൂർ, മാങ്ങാനം, കൊട്ടാരം ഗ്രന്ഥപ്പുര എന്നിവിടങ്ങളിൽ നിന്നായി *അഭിഷേകനാടകം, പ്രതിമാനാടകം* എന്നിവയുടെകൂടി താളിയോലഗ്രന്ഥങ്ങൾ പിന്നീട് അദ്ദേഹത്തിന് കിട്ടി. തുടർന്ന് പുത്തിയൽ എന്നിടത്തുനിന്ന് *ദൂതവാക്യ*ത്തിന്റെ താളിയോലഗ്രന്ഥവും കണ്ടുകിട്ടി. ഈ പതിമൂന്നു ഗ്രന്ഥങ്ങളെ, കാളിദാസൻ സ്മരിക്കുന്ന ഭാസൻെറ നാടകങ്ങളാണെന്ന് ഗണപതിശാസ്ത്രി വിലയിരുത്തി. 1912 മുതൽ 1919 വരെയുള്ള വർഷങ്ങളിൽ അദ്ദേഹം അവ പതിമൂന്നും പ്രസിദ്ധീകരിച്ചു. പിന്നീട് സ്വന്തം സംസ്കൃതവ്യാഖ്യാനങ്ങളോടു കൂടിയും അവ അദ്ദേഹം തിരുവനന്തപുരത്തുനിന്ന് അച്ചടിക്കു കയുണ്ടായി.

ടി. ഗണപതിശാസ്ത്രി കണ്ടുപിടിച്ച് പ്രസിദ്ധീകരിച്ച പതിമൂന്ന് തിരുവനന്തപുരം രൂപകങ്ങൾ ഭാസന്റേതാണെന്ന മതത്തെ അനുകൂലിച്ചുകൊണ്ടും പ്രതികൂലിച്ചുകൊണ്ടുമുള്ള അഭിപ്രായങ്ങളും ലേഖനങ്ങളും പുസ്തകങ്ങളും ലോകമാകെയുള്ള ഭാരതീയവിദ്യാപണ്ഡിതരിൽനിന്ന് തുടർന്ന് കുറേ കൊല്ലങ്ങളിൽ തുരുതുരെ ഉണ്ടായി. അഭ്യങ്കർ, ബാനർജി ശാസ്ത്രി, ബാസ്റ്റൺ, എസ്. കെ. ബെൽവൽക്കർ, ഭിദെ, കെ. എച്ച്. ധ്രുവ, ദീക്ഷിതർ, ഘടക്ക്, ഗുലേരി, ശേഷയ്യർ, ജാക്കോബി, കെ. പി. ജയസ്വാൾ, ജോളി, എം. ആർ. കാളെ, എ. ബി. കീത്ത്, സ്റ്റെൻ കോനോ, കൃഷ്ണശാസ്ത്രി, ലക്കോട്ട്, ലെസ്നി, ലിന്റെനോവ്, എ. എം. മീർവർത്ത്, മോർഗൻസ്റ്റിയേൺ, പരൻജ്പേ, പവ്ലോണി, എ. ഡി. പുസാൽക്കർ, ലക്ഷ്മൺ സരൂപ്, ഹരപ്രസാദ്

ശാസ്ത്രി, ജി. ഹരിഹരശാസ്ത്രി, വി. എസ്. സൂക്തങ്കർ, വിന്റർനിറ്റ്സ് മുതലായവർ ഗണപതിശാസ്ത്രിയുടെ അഭിപ്രായത്തോട് പൊതുവിൽ യോജിക്കുന്നു.

എൽ. ഡി. ബാർനെറ്റ്, ഭട്ടനാഥസ്വാമി, ചാർപ്പെന്റിയർ, സി. ആർ. ദേവ്ധർ, പി. വി. കാണെ, എം. രാമകൃഷ്ണകവി, ആറ്റൂർ കൃഷ്ണപ്പിഷാരടി, കെ. ആർ. പിഷാരടി, സി. കുഞ്ഞൻ രാജ, കെ. ജി. ശങ്കർ, രാമാവതാരശർമ്മ, ഹീരാനന്ദശാസ്ത്രി, കുപ്പുസ്വാമി ശാസ്ത്രി, റാഡ്ഡി ശാസ്ത്രി, സിൽവൻ ലെവി, എ. സി. വൂൾനർ, എൻ. പി. ഉണ്ണി, എം. പി. ശങ്കുണ്ണി നായർ തുടങ്ങിയവർ ഗണപതി ശാസ്ത്രിയുടെ മതത്തോട് വിയോജിപ്പ് പ്രകടിപ്പിക്കുന്നവരത്രേ.

ഭാസരൂപകങ്ങളെ ഇങ്ങനെ അഞ്ചു വിഭാഗങ്ങളായി തിരിക്കാം:

1. കൃഷ്ണനാടകം – *ബാലചരിതം.*

2. മഹാഭാരതരൂപകങ്ങൾ – *മധ്യമവ്യായോഗം, പഞ്ചരാത്രം, ദൂതഘടോത്കചം, ദൂതവാക്യം, കർണഭാരം, ഊരുഭംഗം.*

3. രാമായണനാടകങ്ങൾ – *പ്രതിമാനാടകം, അഭിഷേകനാടകം.*

4. ഉദയനനാടകങ്ങൾ – *പ്രതിജ്ഞായൗഗന്ധരായണം, സ്വപ്നവാസവദത്തം.*

5. കല്പിതനാടകങ്ങൾ – *ചാരുദത്തം, അവിമാരകം.*

ഇവ പതിമൂന്നും ഏകകർത്തൃകങ്ങളാണെന്ന് തെളിയിക്കുന്ന ഏതാനും സംഗതികൾ ഗണപതിശാസ്ത്രി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിക്കുന്ന മറ്റു പണ്ഡിതർ അവയെ വികസിപ്പിക്കുകയുണ്ടായി. അവരുടെ മതം ചുരുക്കത്തിൽ ഇപ്രകാരം:

## ഒന്ന്, ഘടനാപരമായ സാദൃശ്യങ്ങൾ:

1. "നാന്ദ്യന്തേ തതഃ പ്രവിശതി സൂത്രധാരഃ" (നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു) എന്ന രംഗനിർദേശത്തോടെയാണ് എല്ലാ രൂപകങ്ങളും ആരംഭിക്കുന്നത്.

2. സൂത്രധാരൻ ഒരു മംഗളശ്ലോകം മാത്രമേ ചൊല്ലുന്നുള്ളൂ. (*ചാരുദത്ത*ത്തിൽ മംഗളശ്ലോകമില്ല). *സ്വപ്നവാസവദത്തം, പ്രതിജ്ഞായൗഗന്ധരായണം, പഞ്ചരാത്രം, പ്രതിമാനാടകം* എന്നിവയിൽ മുഖ്യകഥാപാത്രങ്ങളെ പരാമർശിച്ചുകൊണ്ടുള്ള മുദ്രാലങ്കാരമുൾക്കൊള്ളുന്ന മംഗളശ്ലോകങ്ങളാണുള്ളത്.

3. *പ്രസ്താവന*യ്ക്കു പകരം ഈ രൂപകങ്ങളിൽ *സ്ഥാപന* എന്നാണ് കാണുന്നത്. *കർണഭാര*ത്തിൽ മാത്രം *പ്രസ്താവന*യാണ്.

4. ഈ *സ്ഥാപന*കൾ വളരെ സംക്ഷിപ്തവും നാടകകൃത്തിന്റെ



പേര് പരാമർശിക്കാത്തതുമാകുന്നു. കൃതിയുടെ പേര് ഒടുവിലേ കാണുന്നുള്ളൂ. അതുതന്നെ നാടകകൃത്തിന്റേതാവണമെന്നില്ല; പകർപ്പെഴുത്തുകാരന്റെ വകയുമാവാം.

5. "ഏവമാര്യമിശ്രാൻ വിജ്ഞാപയാമി. അയേ, കിന്നു ഖലു മയി വിജ്ഞാപനവ്യഗ്രേ ശബ്ദ ഇവ ശ്രൂയതേ? അംഗ, പശ്യാമി." (ഇപ്രകാരം ഞാൻ ആര്യമിശ്രന്മാരെ – സദസ്യരെ – അറിയിക്കുന്നു. ഏയ്, ഞാൻ അറിയിക്കാൻ മുതിരവേ ഒരു ശബ്ദം പോലെ കേൾക്കുന്നു. ആങ്, നോക്കട്ടെ.) എന്ന ഭാഗം മിക്ക രൂപകങ്ങളിലെ *സ്ഥാപന*കളിലും കാണാം. *പ്രതിജ്ഞ, ചാരുദത്തം, അവിമാരകം, പ്രതിമ* എന്നിവയിൽ ഈ ഭാഗമില്ല. പകരം നടിയെ വിളിക്കുകയും പാട്ടു പാടാനോ മറ്റോ പറയുകയുമാണ്.

6. *സ്വപ്നവാസവദത്തം, ബാലചരിതം, ദൂതവാക്യം* എന്നിവയിൽ,

ഇമാം സാഗരപര്യന്താം ഹിമവദ്വിന്ധ്യകുണ്ഡലാം
മഹീമേകാതപത്രാങ്കാം രാജസിംഹഃ പ്രശാസ്തു നഃ.

(സമുദ്രം വരെയുള്ളതും ഹിമവാൻ, വിന്ധ്യൻ എന്നിവയാകുന്ന കുണ്ഡലങ്ങളോടുകൂടിയതും ഒരൊറ്റ കുടക്കീഴിലുള്ളതുമായ ഭൂമിയെ നമ്മുടെ രാജസിംഹൻ ഭരിക്കട്ടെ) എന്നും *പ്രതിജ്ഞായൗഗന്ധരായണം, അവിമാരകം, അഭിഷേകനാടകം* എന്നിവയിൽ,

ഭവന്ത്വരജസോ ഗാവഃ പരചക്രം പ്രശാമ്യതു
ഇമാമപി മഹീം കൃത്സ്നാം രാജസിംഹഃ പ്രശാസ്തു നഃ.

(ഗോക്കൾ അസുഖമില്ലാത്തവയായിത്തീരട്ടെ. ശത്രുക്കൾ നശിക്കട്ടെ. ഈ ഭൂമി മുഴുവൻ നമ്മുടെ രാജസിംഹൻ ഭരിക്കട്ടെ.) എന്നുമാണ് ഭരതവാക്യം. *പഞ്ചരാത്ര*ത്തിൽ,

ഹന്ത! സർവേ പ്രസന്നാഃ സ്മഃ പ്രവൃദ്ധകുലസംഗ്രഹാഃ

(എല്ലാവരും കുലങ്ങളെല്ലാമൊന്നിച്ചുചേർന്ന് വർധിച്ച് സന്തുഷ്ടരായിത്തീരട്ടെ) എന്ന് പൂർവാർധത്തിൽ മാത്രം വ്യത്യാസം.

സർവത്ര സമ്പദഃ സന്തു നശ്യന്തു വിപദഃ സദാ
രാജാ രാജഗുണോപേതോ ഭൂമിമേകഃ പ്രശാസ്തു നഃ.

(എല്ലായിടത്തും സമ്പത്തുണ്ടാവട്ടെ. ഒരിക്കലും ആപത്തുകളില്ലാതാവട്ടെ. രാജഗുണങ്ങളെല്ലാമുള്ള രാജാവ് ഏകനായി ഭൂമി ഭരിക്കട്ടെ.) എന്ന് *കർണഭാര*ത്തിലെ ഭരതവാക്യം.

*ഊരുഭംഗ*ത്തിൽ ഈ ശ്ലോകാർധം മാത്രമാണ് ഭരതവാക്യം:

ഗാം പാതു നോ നരപതിഃ ശമിതാരിപക്ഷഃ

(ശത്രുക്കളെ നശിപ്പിച്ച നമ്മുടെ രാജാവ് ഭൂമി രക്ഷിക്കട്ടെ) *പ്രതിമാനാടക*ത്തിലാകട്ടെ,

യഥാ രാമശ്ച ജാനക്യാ ബന്ധുഭിശ്ച സമാഗതഃ
തഥാ ലക്ഷ്മ്യാ സമായുക്തോ രാജാ ഭൂമിം പ്രശാസ്തു നഃ.

(സീതയോടും ബന്ധുക്കളോടും കൂടിച്ചേർന്ന രാമനെപ്പോലെ, ഐശ്വര്യദേവതയോട് ചേർന്ന് നമ്മുടെ രാജാവ് ഭൂമി ഭരിക്കട്ടെ.) എന്നും *മധ്യമവ്യായോഗ*ത്തിൽ,

യഥാ നദീനാം പ്രഭവഃ സമുദ്രോ
യഥാഹുതീനാം പ്രഭവോ ഹുതാശനഃ
യഥേന്ദ്രിയാണാം പ്രഭവം മനോപി
തഥാ പ്രഭുർനോ ഭഗവാനുപേന്ദ്രഃ.

(നദികളുടെ ഉല്പത്തിസ്ഥാനം സമുദ്രമെന്നപോലെ, ആഹുതികളുടെ ഉത്ഭവകേന്ദ്രം അഗ്നിയെന്നപോലെ, ഇന്ദ്രിയങ്ങളുടെ ഉല്പത്തി കേന്ദ്രം മനസ്സെന്നപോലെ, ഉപേന്ദ്രഭഗവാൻ നമുക്കും പ്രഭുവായി ഭവിക്കട്ടെ.) എന്നും വ്യത്യസ്തതയുള്ള ഭരതവാക്യങ്ങളാകുന്നു. *ചാരുദത്ത*ത്തിലും *ദൂതഘടോത്കച*ത്തിലും ഭരതവാക്യമില്ല. ആദ്യത്തെ പത്തു രൂപകങ്ങളിലും രാജാവിനെയും ഭരണത്തെയും പരാമർശിച്ചുകൊണ്ടുള്ളതും *മധ്യമവ്യായോഗ*ത്തിൽ വിഷ്ണുവെ സ്തുതിച്ചുകൊണ്ടുള്ളതുമാണ് ഭരതവാക്യമെന്നത് ശ്രദ്ധേയമത്രേ.

## രണ്ട്, സങ്കേതങ്ങളിലുള്ള ഐകരൂപ്യം:

1. ഈ കൃതികളിൽ പൊതുവെ *നാട്യശാസ്ത്ര*സങ്കേതങ്ങൾ പാലിച്ചുകാണുന്നില്ല. *പ്രതിമ*യിൽ ദശരഥന്റെയും (രണ്ടാമങ്കം) *അഭിഷേക*ത്തിൽ ബാലിയുടെയും (ഒന്നാമങ്കം) *ഊരുഭംഗ*ത്തിൽ ദുര്യോധനന്റെയും *ബാലചരിത*ത്തിൽ ചാണൂര-മുഷ്ടിക-കംസന്മാരുടെയും അരിഷ്ടന്റെയും മരണം, കൃഷ്ണനും അരിഷ്ടനും തമ്മിലുള്ള ഹിംസാത്മകമായ ഏറ്റുമുട്ടൽ (*ബാലചരിതം*), *സ്വപ്നവാസവദത്ത*ത്തിൽ വിനോദവും (രണ്ടാമങ്കം) ഉറക്കവും (അഞ്ചാമങ്കം), *പഞ്ചരാത്ര*ത്തിൽ ദൂരാഹ്വാനം (രണ്ടാമങ്കം) എന്നിവ രംഗത്ത് കാണി ക്കുന്നു. പ്രസ്താവനയിൽ നാടകകൃത്തിനെയും നാടകത്തിന്റെയും പേര് പരാമർശിക്കുന്നില്ല.

*നാട്യശാസ്ത്ര*ത്തിൽ ഉദ്ദേശിച്ചതിൽനിന്നു വ്യത്യസ്തമായ അർഥത്തിൽ ചില വാക്കുകൾ പ്രയോഗിച്ചുകാണുന്നു: ഉദാ:- *സ്വപ്നവാസവദത്ത*ത്തിലും *ബാലചരിത*ത്തിലും "ആര്യപുത്ര!" എന്ന പദം ഭൃത്യൻ സംബോധന ചെയ്യുന്നതായി ഉപയോഗിച്ചിരിക്കുന്നു.

2. "നിഷ്ക്രമ്യ പ്രവിശ്യ" (പുറത്തുപോയി വന്നിട്ട്) എന്ന രംഗനിർദേശം ഇടയ്ക്കിടെ കാണാം. മിക്കവാറും എല്ലാ നാടകങ്ങളിലും ഈ പ്രയോഗമുണ്ട്. അല്പസമയം കൊണ്ട് ചെയ്യാനാവാത്ത പ്രവൃത്തികളും ഇവയിൽ ചിലത് സൂചിപ്പിക്കുന്നതായി തോന്നുന്നു.



3. ആകാശഭാഷിതം ധാരാളമായി കാണാം. രംഗത്തില്ലാത്ത ആൾക്കാരുമായി സംഭാഷണം ചെയ്യുന്നതായി വിചാരിച്ചുകൊണ്ടുള്ളതാണിത്. *ദൂതവാക്യം, അവിമാരകം, അഭിഷേകം, ചാരുദത്തം, പ്രതിജ്ഞ* മുതലായവ നോക്കുക.

4. യുദ്ധം, ദ്വന്ദ്വയുദ്ധം, പോർക്കളം, യജ്ഞം എന്നിവയും മറ്റു രംഗങ്ങളും വിവരിക്കുന്നതിന് ബ്രാഹ്മണന്മാർ (*പഞ്ചരാത്രം, മധ്യമവ്യായോഗം*), ഭടന്മാർ (*ഊരുഭംഗം*), വിദ്യാധരന്മാർ (*അഭിഷേകം*) മുതലായവരെ ഉപയോഗിക്കുന്നു. ഭടൻ യുദ്ധവാർത്ത എത്തിക്കുകയോ യുദ്ധത്തെ വിവരിക്കുകയോ ചെയ്യുന്നു (*പഞ്ചരാത്രം* രണ്ടാമങ്കം, *ബാലചരിതം* അഞ്ചാമങ്കം, *അഭിഷേകം* 3, 5 അങ്കങ്ങൾ).

5. രാജാവോ രാജകുമാരിയോ അമാത്യരോ മറ്റോ വരുമ്പോൾ മാറ്റിനിർത്താൻ ഒരേതരത്തിലുള്ള പദപ്രയോഗം: "ഉത്സരത ആര്യാഃ ഉത്സരത.'' (മാറിനിൽക്കുക, മാന്യരേ, മാറിനിൽക്കുക - *സ്വപ്നവാസവദത്തം, പ്രതിജ്ഞായൗഗന്ധരായണം, പ്രതിമ, ഊരുഭംഗം)*

6. കാഞ്ചുകീയനും പ്രതീഹാരിയും തമ്മിലുള്ള സംഭാഷണം: "ക ഇഹ ഭോഃ! കാഞ്ചന (രത്ന) തോരണദ്വാരമശൂന്യം കുരുതേ?" ധഹേ! ആരാണിവിടെ സ്വർണ (രത്ന) തോരണകവാടത്തിലുള്ളത്?പ ഇതിനു മറുപടി - "നിവേദ്യതാം നിവേദ്യതാം." (അറിഞ്ഞാലും, അറിഞ്ഞാലും - *സ്വപ്നവാസവദത്തം* 6, *അഭിഷേകം* 3, *പ്രതിമ* 6 മുതലായവ നോക്കുക. രണ്ടാമത്തെ രൂപത്തിനു മാത്രം - *പഞ്ചരാത്രം* 2, *കർണഭാരം, ദൂതഘടോത്കചം* മുതലായവ നോക്കുക.)

7. ഒരു കഥാപാത്രത്തിന് മറ്റേയാളുടെ മുഖം കണ്ടാലറിയാം എന്താണ് പറയാൻ പോകുന്നതെന്ന്. "ത്വം കിമപി വക്തുകാമാ ഇവ" (നിങ്ങൾ എന്തോ പറയാനാഗ്രഹിക്കുന്ന പോലെ - *പ്രതിമ*), ''പ്രതിവചനാർഥിനീമിവ ത്വാം പശ്യാമി'' (നീ മറുപടി പറയാനാഗ്രഹിക്കുന്ന പോലെ തോന്നുന്നു - *പ്രതിമ*), "നനു കിഞ്ചിദ് വക്തുകാമാസി'' (നീ എന്തോ പറയാനാഗ്രഹിക്കുന്നുവോ? - *അവിമാരകം*), "സുഗ്രീവ! വക്തുകാമമിവ ത്വാം ലക്ഷയേ" (സുഗ്രീവാ, നീ പറയാനാഗ്രഹിക്കുന്നവനെപ്പോലെ തോന്നുന്നു - *അഭിഷേകം*), "വക്തുകാമമിവ ത്വാം ലക്ഷയേ" (നീ പറയാൻ ആഗ്രഹിക്കുന്ന പോലെ തോന്നുന്നു - *പ്രതിജ്ഞായൗഗന്ധരായണം)* എന്നീ വാക്യങ്ങൾ നോക്കുക.

## മൂന്ന്, ഒരേ ആശയത്തിന്റെ ആവർത്തനം:

1. "സഹജമായ കൈകളാണ് സമുചിതമായ ആയുധം" എന്ന ആശയം *ബാലചരിതം* (3. 11), *മധ്യമവ്യായോഗം* (42), *പഞ്ചരാത്രം* (2. 55), *അവിമാരകം* (6. 9) എന്നിവയിൽ ആവർത്തിക്കുന്നു.

2. നാരദൻ വീണാവിദഗ്ധനും കലഹമുണ്ടാക്കുന്നതിൽ സമർഥനുമാകുന്നു. "തന്തീഷു ച സ്വരഗണാൻ കലഹാംശ്ച ലോകേ" (*അവിമാരകം* 6. 11), ''തന്ത്രീശ്ച വൈരാണി ച ഘട്ടയാമി'' (*ബാലചരിതം*, 1. 4)

3. സ്വർഗത്തെ ഉപദ്രവിക്കുമോ എന്ന ഭയം കൊണ്ടാണ് അസൂയാലുക്കളായ ദേവന്മാർ ധൃതരാഷ്ട്രനെ അന്ധനാക്കിയത്. ഈ ആശയം,

സൃഷ്ടോ ധ്രുവം ത്രിദിവരക്ഷണ ജാതശങ്കൈർ–
ദേവൈരരാതിതിമിരാഞ്ജലിതാഡിതാക്ഷഃ (*ഊരുഭംഗം,* 36)
മന്യേ സുരൈസ്ത്രിദിവരക്ഷണജാതശങ്കൈ–
സ്ത്രാസന്നിമീലിതമുഖോത്രഭവാൻ ഹി സൃഷ്ടഃ
(*ദൂതഘടോത്കചം,* 35)

എന്നിങ്ങനെ ആവർത്തിക്കപ്പെടുന്നു.

4. അർജുനന്റെ വീരകർമങ്ങൾ (കിരാതരൂപിയായ ശിവനുമായുള്ള ഏറ്റുമുട്ടൽ, നിവാതകവചന്മാരുമായുള്ള യുദ്ധം) ഏതാണ്ട് സമാനരൂപത്തിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. *ദൂതവാക്യം* (32), *ദൂതഘടോത്കചം* (22), *ഊരുഭംഗം* (14) എന്നിവ നോക്കുക.

5. വൃക്ഷങ്ങളെ നനയ്ക്കുന്നതുകൊണ്ട് നഗരം സമീപത്തെത്തിയെന്ന അനുമാനം, "സോപസ്നേഹതയാ വൃക്ഷാണാമഭിതഃ ഖല്വയോധ്യയാ ഭവിതവ്യം" (*പ്രതിമ* മൂന്നാമങ്കം), "സോപസ്നേഹതയാ വനാന്തരസ്യാഭിതഃ ഖലു കിഷ്കിന്ധയാ ഭവിതവ്യം'' (*അഭിഷേകം* ഒന്നാമങ്കം) എന്നിങ്ങനെ രണ്ടിടത്തു കാണുന്നു.

6. പ്രത്യേകമായൊരാശയം വിവിധസാഹചര്യങ്ങളിലും വിവിധവാക്കുകളിലും ആവർത്തിച്ചു പ്രകടിപ്പിക്കുന്നു.

"നഗരപരിചിതോഹം രക്ഷിണാം ജ്ഞാതസാരാ–
സ്തിമിരഗഹനഭീമം വർത്തതേ ചാർധരാത്രം
അസിരപി സുസഹായോ നിശ്ചിതശ്ചാന്തരാത്മാ
കിമിഹ ബഹുവിചാരൈഃ കോ മയാ ദുഷ്കരോർഥഃ."

(*അവിമാരകം,* 3. 2. ഞാൻ നഗരം പരിചയമുള്ളവനും കാവൽഭടന്മാരുടെ ശക്തി അറിയുന്നവനുമാണ്. കഠിനമായ ഇരുട്ടു കൊണ്ട് ഭയങ്കരമായ അർധരാത്രിയാണ്. വാൾ ഏറ്റവും സഹായിക്കുന്നതും മനസ്സ് ഉറച്ചതുമാണ്. എന്തിന് ഏറെ വിചാരിക്കുന്നു? എനിക്ക് ചെയ്യാൻ പ്രയാസമായതെന്താണുള്ളത്?)



"പരിചിതതിമിരാ മേ ശീലദോഷേണ രാത്രിർ
ബഹുലതിമിരകാലാസ്തീർണപൂർവാ വിഘട്ടാഃ
യുവതിജനസമക്ഷം കാമമേതന്ന വാച്യം
വിപണിഷു ഹതശേഷാ രക്ഷിണഃ സാക്ഷിണോ മേ."

(*ചാരുദത്തം,* 1. 13. ഇരുട്ടുള്ള രാത്രി സ്വഭാവദോഷം കൊണ്ട് എനിക്ക് പരിചിതമാണ്. മുമ്പ് ഞാൻ ധാരാളം ഇരുട്ടു നിറഞ്ഞ കാലത്തെ പിന്നിട്ടിട്ടുണ്ട്. യുവതികളുടെ മുന്നിൽ ഈ കാമം വാച്യമാക്കരുത്. അങ്ങാടികളിൽ ജീവൻ ബാക്കിയായ കാവൽഭടന്മാർ എനിക്ക് സാക്ഷികളാകുന്നു.)

ഈ രണ്ടിടത്തും ആശയത്തിലും വൃത്തത്തിലുമെല്ലാം ഏറെക്കുറെ സാദൃശ്യം കാണാം.

7. രാജാക്കന്മാർ മരിച്ചാലും അവരുടെ ശരീരം യജ്ഞങ്ങളിലൂടെയും സൽകർമങ്ങളിലൂടെയും നിലനിൽക്കുന്നു എന്ന ആശയം ഒന്നിലധികം സ്ഥലങ്ങളിൽ വരുന്നുണ്ട്. ''നഷ്ടാഃ ശരീരൈഃ ക്രതുഭിർധരന്തേ'' (*പഞ്ചരാത്രം*, 1. 25. നഷ്ടമായ ശരീരങ്ങൾ യജ്ഞങ്ങളിലൂടെ ധരിക്കപ്പെടുന്നു. രാജാക്കന്മാർ യജ്ഞങ്ങളിലൂടെ ജീവിക്കുന്നുവെന്നർഥം), "ഹതേഷു ദേഹേഷു ഗുണാ ധരന്തേ" (*കർണഭാരം,* 17. ദേഹങ്ങൾ നശിച്ചാലും ഗുണങ്ങൾ നിലനിൽക്കുന്നു)

8. സാഹസത്തിലാണ് ലക്ഷ്മി കുടി കൊള്ളുന്നത് എന്ന ആശയം ആവർത്തിച്ചു വരുന്നു. *ചാരുദത്തം* (നാലാമങ്കം. സാഹസേ ഖലു ശ്രീർവസതി), *ദൂതവാക്യം* (24. കാംക്ഷാ ചേന്നൃപതിത്വമാപ്നുമചിരാത് കുർവന്തു തേ സാഹസം), *പഞ്ചരാത്രം* (1. 31. ശൂരേഷു യാമി ഗണനാം കൃതസാഹസോസ്മി), *സ്വപ്നവാസവദത്തം* (6. 7. പ്രായേണ ഹി നരേന്ദ്രശ്രീഃ സോത്സാഹേനൈവ ഭുജ്യതേ).

## നാല്, പതാകാസ്ഥാനകവും മറ്റു നാടകീയോപായങ്ങളും:

1. *പ്രതിജ്ഞായൗഗന്ധരായണം* രണ്ടാമങ്കം. മഹാസേനൻ രാജ്ഞിയാട് വരന്മാരെ എണ്ണിപ്പറഞ്ഞ് 'ഇതിലാരാണ് ഏറ്റവും പറ്റിയ ആൾ' എന്ന ചോദ്യത്തിന്, വേറെ എന്തോ പറയാൻ വന്ന കാഞ്ചുകീയൻ, 'വത്സരാജൻ' എന്ന് ഉത്തരം പറയുന്നു. 'വത്സരാജൻ പിടിക്കപ്പെട്ടു' എന്നാണ് അയാൾ പറയാനുദ്ദേശിച്ചത്. ഇതുപോലുള്ള സന്ദർഭങ്ങൾ ഈ രൂപകങ്ങളിൽ ധാരാളമുണ്ട്. ചില ഉദാഹരണങ്ങൾ കൂടി കൊടുക്കാം.

2. *അഭിഷേകം*, 5. 10.

വ്യക്തമിന്ദ്രജിതാ യുദ്ധേ ഹതേ തസ്മിൻ നരാധമേ
ലക്ഷ്മണേന സഹ ഭ്രാത്രാ കേന ത്വം മോക്ഷയിഷ്യസേ?

(മായാവിദ്യയാൽ സൃഷ്ടിച്ച രാമന്റെയും ലക്ഷ്മണന്റെയും ശിരസ്സുകൾ കാട്ടി രാവണൻ പറയുന്നു: യുദ്ധത്തിൽ ഇന്ദ്രജിത്തിനാൽ ആ പുരുഷാധമനായ രാമൻ സഹോദരനായ ലക്ഷ്മണനോടുകൂടി കൊല്ലപ്പെട്ടെന്നു വ്യക്തമായിരിക്കെ, നീ ആരാലാണ് മോചിപ്പിക്കപ്പെടുക?) എന്ന ചോദ്യത്തിന്, അണിയറയിൽ നിന്ന് "രാമേണ രാമേണ" (രാമനാൽ രാമനാൽ) എന്ന മറുപടിയാണ് ഉടനെ ലഭിക്കുന്നത്. ലക്ഷ്മണനോടുകൂടിയ രാമനാൽ ഇന്ദ്രജിത്ത് വധിക്കപ്പെട്ടു എന്നു പറയാനാണ് ആ രാക്ഷസൻ വന്നത്. അത് പിന്നീട് വാസ്തവമായി വരികയും ചെയ്യുന്നു.

3. *അവിമാരകം* രണ്ടാമങ്കം. വിലാസിനി നളിനികയോട് രാജകുമാരി(കുരംഗി)യുടെ വിവാഹം (അവിമാരകനുമായുള്ള സമാഗമം) എന്നു നടക്കുമെന്ന് ചോദിച്ചപ്പോൾ ഉടനെ കേൾക്കുന്നത് "ഇന്ന്" എന്നായിരുന്നു. അമാത്യൻ ഇന്നുണ്ടാവില്ല എന്നാണ് വക്താവ് പറയാനുദ്ദേശിച്ചത്. സമാഗമം അന്നുതന്നെ നടക്കുകയുണ്ടായി.

4. *പഞ്ചരാത്രം* ഒന്നാമങ്കം. പഞ്ചരാത്രം കൊണ്ട് പാണ്ഡവരുടെ വാർത്ത കൊണ്ടുവന്നാൽ അവർക്ക് അർധരാജ്യം കൊടുക്കാമെന്ന ദുര്യോധനന്റെ വാഗ്ദാനം നിറവേറ്റുന്നതിന് പാണ്ഡവരുടെ വാർത്ത എവിടെ കിട്ടുമെന്നന്വേഷിക്കുന്ന ദ്രോണന്, ഉടനെ അവിടേക്ക് വന്ന ഭടനിൽനിന്ന് വിരാടരാജധാനിയിൽ നടന്ന അശസ്ത്രജനിതമായ കീചകവധത്തെക്കുറിച്ച് വിവരം ലഭിക്കുന്നതോടെ, ഭീമനും അങ്ങനെ പാണ്ഡവരും അവിടെയാണുള്ളതെന്ന് മനസ്സിലാവുകയും പഞ്ചരാത്രനിബന്ധന പാലിച്ചുകൊള്ളാമെന്ന് അദ്ദേഹം ഏൽക്കുകയും ചെയ്യുന്നു.

5. *പ്രതിമ* ഒന്നാമങ്കം. ലക്ഷ്മണനിലൂടെ തന്റെ വനവാസത്തെക്കുറിച്ച് അറിയുന്ന രാമൻ സീതയോട് വൽക്കലത്തിന് ആവശ്യപ്പെടുമ്പോൾ ആര്യരേവയുടെ പുതിയ വൽക്കലവുമായി ഒരു ചേടി വരുന്നു.

ഇതെല്ലാം വാചികമായ വിരുദ്ധോക്തിയാണ്. പലപ്പോഴും വാചികവും സാഹചര്യപരവുമായ വിരുദ്ധോക്തികൾ ഒത്തുവരാറുണ്ട്. ചില ഉദാഹരണങ്ങൾ:

*മധ്യമവ്യായോഗ*ത്തിൽ ഘടോത്കചൻ മധ്യമനെ വിളിക്കുമ്പോൾ വിളി കേട്ടുകൊണ്ടുവരുന്നത് ഭീമനാണ്. തന്റെ അച്ഛനോടാണ് സംസാരിക്കുന്നതെന്ന് ഘടോത്കചൻ അറിയുന്നില്ല. അവന്റെ അഭിപ്രായങ്ങൾ പലതും പ്രകോപനപരങ്ങളാണ്. *പഞ്ചരാത്ര*വും ഇതുപോലെ സാഹചര്യപരമായ വിരുദ്ധോക്തി അവതരിപ്പിക്കുന്നുണ്ട്.



*ദൂതഘടോത്കച*ത്തിൽ ദുരന്തപരമായ വിരുദ്ധോക്തി കാണാം. അഭിമന്യുവിന്റെ ദാരുണമായ വധത്തെപ്പറ്റി കേട്ട് ദുശ്ശള അഭിപ്രായപ്പെടുന്നു: "യേനേദാനീം വധ്വൈ ഉത്തരായൈ വൈധവ്യം ദത്തം തേനാത്മനോ യുവതിജനായ വൈധവ്യമാദിഷ്ടം." (ആരാണോ വധുവായ ഉത്തരയ്ക്ക് വൈധവ്യം കൊടുത്തത്, അയാൾ തന്റെ യുവതിജനത്തിന് – ഭാര്യയ്ക്ക് – വൈധവ്യം നൽകുകയാണ് ചെയ്തത്). തന്റെ ഭർത്താവായ ജയദ്രഥനാണ് അഭിമന്യുവിനെ വധിച്ചത്, അതായത് താനാണ് വിധവയാവാൻ പോവുന്നത്, എന്ന് മനസ്സിലാക്കാതെയാണ് ദുശ്ശള ഇപ്പറഞ്ഞത്.

ഇത്തരം പതാകാസ്ഥാനകങ്ങൾ *സ്വപ്നവാസവദത്ത*ത്തിലും *പ്രതിജ്ഞായൗഗന്ധരായണ*ത്തിലും ധാരാളമായുണ്ട്.

## അഞ്ച്, സമാനമായ നാടകീയസാഹചര്യങ്ങൾ:

1. *പ്രതിമ*യിലെയും *അഭിഷേക*ത്തിലെയും ഭാഗങ്ങൾ –

സീതാ – (സരോഷം) ശപ്തോസി (നിന്നെ ഞാൻ ശപിച്ചിരിക്കുന്നു).

രാവണഃ– ഹഹഹ. അഹോ! പതിവ്രതായാസ്തേജഃ.
യോഹമുത്പതിതോ വേഗാന്ന ദഗ്ധഃ സൂര്യരശ്മിഭിഃ
അസ്യാഃ പരിമിതൈർദഗ്ധഃ ശപ്തോസീത്യേഭിരക്ഷരൈഃ

(*പ്രതിമ,* 5. 20. ആശ്ചര്യം! പതിവ്രതയുടെ തേജസ്സ്! വേഗത്തിൽ ഉയർന്നുപൊങ്ങിയ ഞാൻ സൂര്യരശ്മികളാൽ ദഹിപ്പിക്കപ്പെടുകയുണ്ടായില്ല. 'ശപ്തോസി' എന്ന ഇവളുടെ ഈ ചുരുങ്ങിയ അക്ഷരങ്ങളാൽ ഞാൻ ദഹിച്ചുപോയി.)

സീതാ – ശപ്തോസി (നിന്നെ ഞാൻ ശപിച്ചിരിക്കുന്നു)..

രാവണഃ – ഹഹഹ. അഹോ! പതിവ്രതായാസ്തേജഃ.
ദേവാഃ സേന്ദ്രാദയോ ഭഗ്നാ ദാനവാശ്ച മയാ രണേ
സോഹം മോഹം ഗതോസ്മ്യദ്യ സീതായാസ്ത്രിഭിരക്ഷരൈഃ.

(*അഭിഷേകം,* 2, 18. ആശ്ചര്യം! പതിവ്രതയുടെ തേജസ്സ്! ഇന്ദ്രൻ തുടങ്ങിയ ദേവന്മാരെയും അസുരന്മാരെയും ഞാൻ യുദ്ധത്തിൽ തകർത്തിട്ടുണ്ട്. ആ ഞാൻ ഇന്ന് സീതയുടെ 'ശപ്തോസി' എന്ന മൂന്നക്ഷരങ്ങൾകൊണ്ട് മോഹാലസ്യപ്പെടുകയാണ്.)

സീതയുടെ ശാപം രാവണന് മോഹാലസ്യമുണ്ടാക്കുന്ന സമാനസാഹചര്യമാണിവിടെ രണ്ടിടത്തും വർണിക്കപ്പെട്ടിട്ടുള്ളത്.

2. മഹാരാജാവിനെ ആദരിക്കുന്നതെപ്പോഴാണ് എന്ന ചോദ്യ

ത്തിന് മൂന്ന് യുവവീരന്മാർ (*ബാലചരിത*ത്തിലെ സങ്കർഷണനും ദാമോദരനും, *പഞ്ചരാത്ര*ത്തിലെ അഭിമന്യുവും) നൽകുന്ന ഉത്തരം ഒന്നാണ്: ''ആഃ കസ്യ മഹരാജഃ?'' (ഏ, ആരുടെ മഹാരാജാവ്?)

3. സദൃശമായ സാഹചര്യങ്ങൾ:

രാമൻ, ലക്ഷ്മണൻ, വൈദേഹി എന്ന ക്രമം തെറ്റാണെന്നും രാമൻ, വൈദേഹി, ലക്ഷ്മണൻ എന്നതാണ് ക്രമമെന്നും ദശരഥൻ *പ്രതിമ* രണ്ടാമങ്കത്തിൽ പറയുന്നു. ദുര്യോധനൻ ആദ്യം തന്നെ അഭിവാദനം ചെയ്യുമ്പോൾ അത് അക്രമമാണെന്നും ആദ്യം ഭീഷ്മ നെയും പിന്നീട് തന്നെയും അഭിവാദ്യം ചെയ്യുകയാണ് ക്രമമെന്നും ദ്രോണൻ *പഞ്ചരാത്രം* ഒന്നാമങ്കത്തിൽ. "അയമക്രമഃ. അഥ കഃ ക്രമഃ?" എന്ന് ഒരേ വാക്കുകളാണ് നാടകകൃത്ത് ഇവിടെ രണ്ടിടത്തും ഉപയോഗിക്കുന്നത്.

4. യജമാനന് ഒരു വാർത്ത ലഭിച്ചാൽ അതിന്റെ ആധികാരികത യെക്കുറിച്ച് അയാൾക്ക് സംശയമുണ്ടാവുക സ്വാഭാവികം. അത് സൂചിപ്പിക്കുമ്പോൾ വാർത്ത കൊടുത്ത വ്യക്തി തന്റെ സത്യസന്ധത യെക്കുറിച്ചോ ആത്മാർഥതയെക്കുറിച്ചോ പറയുന്നു:

കാഞ്ചുകീയൻ വത്സരാജനെ പിടിച്ചുവെന്നു പറഞ്ഞത് മഹാസേനൻ വിശ്വസിക്കുന്നില്ല. അപ്പോൾ കാഞ്ചുകീയൻ പറയുന്നു: "പ്രസീദതു മഹാസേനഃ. വൃദ്ധോസ്മി ബ്രാഹ്മണഃ ഖലുഹം? ന മഹാസേനസമീപേനൃതമഭിഹിതപൂർവം.'' (*പ്രതിജ്ഞായൗഗന്ധരായണം* രണ്ടാമങ്കം. മഹാസേനൻ പ്രസാദിച്ചാലും. വൃദ്ധനാണ് ഞാൻ. ബ്രാഹ്മണനുമാണല്ലോ. മഹാസേനന്റെ മുൻപിൽ മുൻപ് ഞാൻ കള്ളം പറഞ്ഞിട്ടില്ല.)

ദേവകി പെൺകുട്ടിയെയാണ് പ്രസവിച്ചതെന്ന് കാഞ്ചുകീയൻ പറഞ്ഞപ്പോൾ അത് വിശ്വസിക്കാതിരുന്ന കംസനോട് അയാൾ പറയുന്നു: "പ്രസീദതു മഹാരാജഃ. അനൃതം നാഭിഹിതപൂർവം മയാ." (*ബാലചരിതം* രണ്ടാമങ്കം. മഹാരാജാവ് പ്രസാദിച്ചാലും. ഞാൻ മുൻപ് കള്ളം പറഞ്ഞിട്ടില്ല.)

ഇതേപോലുള്ള അഭിപ്രായങ്ങൾ *അഭിഷേക*ത്തിലും *പഞ്ചരാത്ര*ത്തിലും കാണാം.

5. ദശരഥൻ, ബാലി, ദുര്യോധനൻ എന്നിവർക്ക് മരണസമയത്ത് അനുഭവപ്പെട്ട ദർശനത്തിൽ സാമാനതയുണ്ട്,

രാജാ – (ആചമ്യാവലോക്യ)
അയമമരപതേഃ സഖാ ദിലീപോ
രഘുരയമത്രഭവാനജഃ പിതാ മേ
കിമഭിഗമനകാരണം ഭവദ്ഭിഃ



സഹ വസനേ സമയോ മമാപി തത്ര.
രാമ! വൈദേഹി! ലക്ഷ്മണ! അഹമിതഃ പിതൃണാം സകാശം
ഗച്ഛാമി. ഹേ പിതരഃ! അയമയമാഗച്ഛാമി. (മൂർച്ഛയാ പരാമൃഷ്ടഃ)

ധ*പ്രതിമ* രണ്ടാമങ്കം. രാജാ – (ആചമനം ചെയ്ത് നോക്കിയിട്ട്) ഇത് ദേവേന്ദ്രന്റെ സുഹൃത്തായ ദിലീപൻ; ഇത് രഘു; ഇദ്ദേഹം എന്റെ അച്ഛൻ അജൻ. എന്താണ് നിങ്ങളൊക്കെ വരാൻ കാരണം? എനിക്കും അവിടെ ഒപ്പം താമസിക്കാനുള്ള സമയമായി. പിതൃക്കളേ! ഞാനിതാ വരികയായി. (മോഹാലസ്യത്തിൽ പെട്ടു)പ

ബാലി – (ആചമ്യ) പരിത്യജന്തീവ മാം പ്രാണാഃ. ഇമാ ഗംഗാപ്രഭൃതയോ മഹാനദ്യ ഏതാ ഉർവശ്യാദയോപ്സരസോ മാമഭിഗതാഃ. ഏഷ സഹസ്രഹംസപ്രയുക്തോ വീരവാഹീ വിമാനഃ കാലേന പ്രേഷിതോ മാം നേതുമാഗതഃ. ഭവതു. അയമയമാഗച്ഛാമി. (സ്വർയാതഃ)

ധ*അഭിഷേകം* ഒന്നാമങ്കം. ബാലി – (ആചമിച്ചിട്ട്) പ്രാണങ്ങൾ എന്നെ പരിത്യജിക്കുന്നതുപോലെ. ഇതാ, ഗംഗ തുടങ്ങിയ മഹാനദികളും ഉർവശി മുതലായ അപ്സരസ്സുകളും എന്റെ അടുത്തേക്ക് വരുന്നു. ആയിരം അരയന്നങ്ങളെ പൂട്ടിയ വീരന്മാരെ വഹിക്കുന്ന വിമാനം കാലനാൽ അയയ്ക്കപ്പെട്ട് എന്നെ കൊണ്ടു പോകാൻ വന്നിരിക്കുന്നു. ഇരിക്കട്ടെ. ഞാനിതാ വരുന്നു. (സ്വർഗത്തിലേക്ക് പോയി)പ

രാജാ – . . . പരിത്യജന്തീവ മേ പ്രാണാഃ. ഇമേത്രഭവന്തഃ ശന്തനുപ്രഭൃതയോ മേ പിതൃപിതാമഹാഃ. ഏതത്കർണമഗ്രതഃ കൃത്വാ സമുത്ഥിതം ഭ്രാതൃശതം. അയമപ്യൈരാവതശിരോവിഷക്തഃ കാകപക്ഷധരോ മഹേന്ദ്രകരതലമവലംബ്യ ക്രുദ്ധോഭിഭാഷതേ മാമഭിമന്യുഃ. ഉർവശ്യാദയോപ്സരസോ മാമഭിഗതാഃ. ഇമേ മഹാർണവാ മൂർത്തിമന്തഃ. ഏതാ ഗംഗാപ്രഭൃതയോ മഹാനദ്യഃ. ഏഷ സഹസ്രഹംസപ്രയുക്തോ മാം നേതും വീരവാഹീ വിമാനഃ കാലേന പ്രേഷിതഃ. അയമയമാഗച്ഛാമി. (സ്വർഗം ഗതഃ)

ധ*ഊരുഭംഗം*. എന്റെ പ്രാണങ്ങൾ പരിത്യജിക്കുന്നതുപോലെ. ഇതാ, ശന്തനുപ്രഭൃതികളായ എന്റെ അഭിവന്ദ്യ പിതൃപിതാമഹന്മാർ. ഇതാ, കർണനെ മുൻനിർത്തി നൂറു സഹോദരന്മാരും ഉയർന്നു വന്നിരിക്കുന്നു. ഇതാ, ഐരാവതത്തിന്റെ മസ്തകത്തിലേറി, ദേവേന്ദ്രന്റെ കൈയിൽ പിടിച്ച്, കുടുമ ചൂടിയ അഭിമന്യു ക്രുദ്ധനായി എന്നോട് സംസാരിക്കുന്നു. ഉർവശി മുതലായ അപ്സരസ്സുകൾ എന്റെ അടുത്തേക്ക് വരുന്നു. ഇതാ, രൂപമെടുത്ത മഹാസമുദ്ര ങ്ങൾ. ഇതാ, ഗംഗ തുടങ്ങിയ മഹാനദികൾ. ഇതാ, ആയിരം അരയന്നങ്ങളെ

പൂട്ടിയ വീരവാഹിയായ വിമാനം കാലനാൽ അയയ്ക്കപ്പെട്ടിരിക്കുന്നു. ഇതാ ഇതാ ഞാൻ വരുന്നു. (സ്വർഗത്തിലേക്ക് പോയി)പ

## ആറ്, നാടകീയരംഗങ്ങൾ:

1. *പ്രതിജ്ഞായൗഗന്ധരായണം* രണ്ടാമങ്കത്തിൽ മഹാസേനൻ മകളുടെ വരന്മാരെ തിരഞ്ഞെടുക്കുന്നതിനെപ്പറ്റി രാജ്ഞിയുമായി ചർച്ച ചെയ്തുകൊണ്ടിരിക്കേ, കാഞ്ചുകീയൻ വരുന്നു. *അവിമാരകം* ഒന്നാമങ്കത്തിലും ഇതേപോലുള്ള ഒരു രംഗമുണ്ട്. ആ ഗാർഹിക രംഗവും തടസ്സപ്പെടുന്നത് അമാത്യനായ കൗഞ്ജായനന്റെ വരവോടുകൂടിയാണ്. *അവിമാരക*രംഗത്തിന്റെ വികസിതരൂപമാണ് *പ്രതിജ്ഞ*യിലേത് എന്നു വിചാരിക്കണം.

2. *ബാലചരിതം* മൂന്നാമങ്കത്തിലും *പഞ്ചരാത്രം* രണ്ടാമങ്കത്തിലും ഇടയരുടെ ജീവിതചിത്രീകരണം കാണാം.

3. *ചാരുദത്ത*ത്തിലും (1, 3 അങ്കങ്ങൾ) *അവിമാരക*ത്തിലും (മൂന്നാമങ്കം) രാത്രിയിലെ നഗരത്തിന്റെ വർണനയിൽ പല സാദൃശ്യ ങ്ങളുമുണ്ട്.

## ഏഴ്, കാവ്യബിംബങ്ങളിലെ സാദൃശ്യം:

1. ശക്തനായ എതിരാളിയെ സിംഹത്തോടോ കടുവയോടോ ഉപമിക്കുന്നു; ദുർബലനായ ശത്രുവെ ആനയോടോ മാനിനോടോ സാദൃശ്യപ്പെടുത്തുന്നു. ഉദാഹരണമായി,

കഥം ലംബസടഃ സിംഹോ മൃഗേണ വിനിപാത്യതേ? (*അഭിഷേകം,* 3. 20. തൂങ്ങുന്ന സടയോടുകൂടിയ സിംഹം മാനിനാൽ എങ്ങനെ വീഴ്ത്തപ്പെടുന്നു?)

ന വ്യാഘ്രം മൃഗശിശവഃ പ്രധർഷയന്തി

(*പ്രതിമ,* 5. 18. മാൻകുഞ്ഞുങ്ങൾ കടുവയെ നേരിടുകയില്ല)

വ്യാഘ്രാനുസാരചകിതോ വൃഷഭഃ സധേനുഃ

(*മധ്യമവ്യായോഗം,* 3. കടുവ പിന്തുടരുന്നതിനാൽ പേടി പൂണ്ട പശുവോടുകൂടിയ കാളയെപ്പോലെ)

വ്യാഘ്രാനുസാരചകിതാ ഹരിണീ. . .

(*ചാരുദത്തം,* 1. 9. കടുവ പിന്തുടരുന്നതുകൊണ്ട് ഭയന്ന മാൻപേട)

രുഷ്ടോപി കുഞ്ജരോ വന്യോ ന വ്യാഘ്രം ധർഷയേദ് വനേ

(*മധ്യമവ്യായോഗം,* 44. കുപിതനായ കാട്ടാന പോലും കാട്ടിൽ കടുവയെ ആക്രമിക്കുകയില്ല)



*ദൂതവാക്യം,* 10, *അഭിഷേകം,* 2. 13 മുതലാവ കൂടി നോക്കുക.

നക്ഷത്രങ്ങളുടെ മധ്യത്തിൽ ശോഭിക്കുന്ന ചന്ദ്രനായി വ്യക്തി കളെ വർണിക്കുകയും പതിവാണ്.

നക്ഷത്രമധ്യ ഇവ പർവഗതഃ ശശാങ്കഃ (*ദൂതവാക്യം* 3. നക്ഷത്രങ്ങളുടെ മധ്യത്തിലുള്ള പൂർണചന്ദ്രനെ പ്പോലെ)

പുത്രനക്ഷത്രകീർണസ്യ പത്നീകാന്തപ്രഭസ്യ ച

വൃദ്ധസ്യ വിപ്രചന്ദ്രസ്യ ഭവാൻ രാഹുരിവോദിതഃ.

(*മധ്യമവ്യായോഗം,* 33. പുത്രന്മാരാകുന്ന നക്ഷത്രങ്ങളോടും ഭാര്യയാകുന്ന മനോഹരമായ പ്രഭയോടും കൂടിയ വൃദ്ധനായ ബ്രാഹ്മണചന്ദ്രന് ഭവാൻ രാഹുവെപ്പോലെ ഉയർന്നുവന്നിരിക്കുന്നു)

## എട്ട്, പദങ്ങളിലും പ്രയോഗങ്ങളിലുമുള്ള സാദൃശ്യം:

1. കഃ കാലോ, കാ ഗതിഃ, ബാഢം, പ്രഥമഃ കല്പഃ, ഏകാതപത്രാ മുതലായ പദങ്ങളോ പദസമൂഹങ്ങളോ പലേടങ്ങളിലും വരുന്നു.

2. യവനിക (തിരശ്ശീല, മറ, വിരിപ്പ് എന്നീ അർഥങ്ങളിൽ) – *സ്വപ്നവാസവദത്തം, പ്രതിമ, ഊരുഭംഗം, അവിമാരകം* എന്നിവ യിലുണ്ട്.

വിസ്മിത (അഭിമാനമുള്ള) – *സ്വപ്നവാസവദത്തം, പഞ്ചരാത്രം, ദൂതവാക്യം.*

വ്യപശ്രി (പ്രാർഥിക്കുക, യാചിക്കുക, അപേക്ഷിക്കുക) – *സ്വപ്ന വാസവദത്തം, മധ്യമവ്യായോഗം, പഞ്ചരാത്രം.*

സമാസം (പ്രത്യേകമായ അർഥത്തിൽ) – *അവിമാരകം, പ്രതിജ്ഞായൗഗന്ധരായണം, പഞ്ചരാത്രം.*

ദൂതസമ്പാതം – *സ്വപ്നവാസവദത്തം, അവിമാരകം.*

സുമനാവർണകം – *സ്വപ്നവാസവദത്തം, അവിമാരകം.*

ദാരുപർവതകം – *സ്വപ്നവാസവദത്തം, അവിമാരകം.*

3. പലപ്പോഴും നാടകങ്ങളിൽ കാണുന്ന പ്രയോഗങ്ങൾ:

അഹോ! ഹാസ്യമഭിധാനം – *പ്രതിജ്ഞായൗഗന്ധരായണം, പഞ്ചരാത്രം, ദൂതഘടോത്കചം.*

അലമിദാനീം ഭവാനതിമാത്രം സന്തപ്യ – *സ്വപ്നവാസവദത്തം, അവിമാരകം, ചാരുദത്തം.*

സംഘചാരിണോനർഥാഃ – *പ്രതിജ്ഞായൗഗന്ധരായണം, അവിമാരകം.*

തസ്യ ആവാസം ഏവ ഗച്ഛാമി – *അവിമാരകം, ചാരുദത്തം.*

ശ്രൂയതാം മമ പരാക്രമഃ – *അഭിഷേകം, പ്രതിമ, ബാലചരിതം, സ്വപ്നവാസവദത്തം, പഞ്ചരാത്രം.*

## ഒമ്പത്, ശ്ലോകങ്ങൾ, അർധശ്ലോകങ്ങൾ, പദ്യങ്ങൾ, ചെറുതും വലുതുമായ ഗദ്യഭാഗങ്ങൾ എന്നിവയുടെ ആവർത്തനം:

1. കിം വക്ഷ്യതീതി ഹൃദയം പരിശങ്കിതം മേ
(*സ്വപ്നവാസവദത്തം*, 6. 15; *അഭിഷേകം*, 4. 7)
2. ധർമസ്നേഹാന്തരേ ന്യസ്താ
(*പ്രതിജ്ഞായൗഗന്ധരായണം*, 2. 7; *അഭിഷേകം*, 6. 23)
3. ലിമ്പതീവ തമോങ്ഗാനി വർഷതീവാഞ്ജനം നഭഃ
അസത്പുരുഷസേവേവ ദൃഷ്ടിർനിഷ്ഫലതാം ഗതാ.
(*ബാലചരിതം*, 1. 15; *ചാരുദത്തം*, 1. 19)
4. സംഭ്രമോത്ഫുല്ലലോചനാ (*ദൂതവാക്യം*, 7; *ചാരുദത്തം*, 4. 3)
5. യദി തേസ്തി ധനുഃശ്ലാഘാ (*പ്രതിമാ*, 1. 20; *അഭിഷേകം*, 3. 22)

ചെറുതും വലുതുമായ ഗദ്യഭാഗങ്ങൾക്ക് **രണ്ട്** 6, **മൂന്ന്** 5, **അഞ്ച്** 4, **എട്ട്** 2 എന്നിവ നോക്കുക.

## പത്ത്, ചില വർണനകളോടുള്ള പക്ഷപാതം:

1. ഇരുട്ട് (*ബാലചരിതം* ഒന്നാമങ്കം, *അവിമാരകം* മൂന്നാമങ്കം, *ചാരുദത്തം* ഒന്നാമങ്കം) നഗരത്തിലെ രാത്രി (*ചാരുദത്തം, അവിമാരകം).*

2. യുദ്ധം, ദ്വന്ദ്വയുദ്ധം, യുദ്ധക്കളം മുതലായവ (*അഭിഷേകം, ഊരുഭംഗം*).

## പതിനൊന്ന്, വൃത്തങ്ങൾ:

അനുഷ്ടുപ്പിനോട് ഈ നാടകകൃത്തിന് കൂടുതൽ മമതയുണ്ടെന്നു തോന്നുന്നു. ഇതിഹാസപാരമ്പര്യത്തിനും പതിവുകൾക്കും അനുസൃതമായി വൃത്തപരമായ സവിശേഷതകളുണ്ട്.

സാധാരണ ക്ലാസ്സിക്കൽ കവികൾ പ്രയോഗിക്കാത്ത സുവദന, ദണ്ഡകം എന്നിവ പ്രയോഗിച്ചിട്ടുണ്ട്. *പഞ്ചരാത്രം* (1. 6), *ദൂതവാക്യം* (15), *പ്രതിമ* (3. 7, 11), *അവിമാരകം* (5. 6).

വിഭക്തശ്ലോകങ്ങൾ. ഒരു വക്താവു മാത്രം രണ്ടു വരികളിലായോ നാലു വരികളിലായോ പറയുന്നത്. ഉദാ:–

ഉരഃസ്തനതടാലസം ജഘനഭാരഖിന്നാ തനുഃ
മുഖം നയനവല്ലഭം പ്രകൃതിതാമ്രബിംബാധരം
ഭയേപി യദി താദൃശം നയനപാത്രപേയം വപുഃ
കഥം നു സുരതാന്തരപ്രചുരവിഭ്രമം തദ് ഭവേത്



(*അവിമാരകം*, 2. 6) എന്ന ശ്ലോകത്തിലെ ഓരോ വരിയും അവിമാരകൻ തന്നെയാണ്, ഇടയ്ക്ക് ധാത്രിയുടെ ഗദ്യഭാഗങ്ങളോടെ, ചൊല്ലുന്നത്. *അവിമാരകം* (3. 14), *പ്രതിജ്ഞാ* (1. 2), *പഞ്ചരാത്രം* (2. 37) എന്നിവ കൂടി നോക്കുക.

ഇതുപോലെ രണ്ടു വക്താക്കൾ കൂടി ചൊല്ലുന്ന ശ്ലോകത്തിന് ഉദാ:–

ദാമോദരഃ– പ്രാപ്തോസ്മി തിഷ്ഠ മമ വേഗമിമം സഹസ്വ
സങ്കർഷണഃ– ത്വാമദ്യ മുഷ്ടിക! യമായ നിവേദയാമി
ദാമോദരഃ– ഭഗ്നാസ്ഥിരേഷ നിഹതോ
സങ്കർഷണഃ– നിഹതോ മയാപി
ദാമോദരഃ– കംസാസുരം ച യമലോകമഹം നയാമി.
(*ബാലചരിതം*, 5. 10).

*പഞ്ചരാത്രം* (2. 34), *ഊരുഭംഗം* (66), *പ്രതിമ* (1. 31, 3. 1, 14; 4. 24, 7. 14), *അവിമാരകം* (6. 21) എന്നിവ കൂടി നോക്കുക.

മൂന്നു വക്താക്കൾ കൂടി ഒരു ശ്ലോകം ചൊല്ലുന്നു. ഉദാ:–

പ്രഥമഃ– ഏകാഗ്രാംഗുലിധാരിതോന്നതമുഖോ
വ്യാസഃ സ്ഥിതോ വിസ്മിതഃ
ദ്വിതീയഃ– ദൈന്യം യാതി യുധിഷ്ഠിരോത്ര വിദുരോ
ബാഷ്പാകുലാക്ഷഃ സ്ഥിതഃ
തൃതീയഃ– സ്പൃഷ്ടം ഗാണ്ഡിവമർജുനേന ഗഗനം
കൃഷ്ണഃ സമുദ്വീക്ഷതേ
സർവേ – ശിഷ്യപ്രീതതയാ ഹലം ഭ്രമയതോ
രാമോ രണപ്രേക്ഷകഃ.
(*ഊരുഭംഗം*, 21)

*അഭിഷേകം* (6. 1, 5) എന്നിവ കൂടി കാണുക.

നാലു വക്താക്കൾ കൂടി ഒരു ശ്ലോകം ചൊല്ലുന്നതായി ഒരിടത്തേ ഉള്ളൂ;

ദ്രോണഃ– തസ്മാന്മേ രഥമാനയന്തു പുരുഷാഃ
ശകുനിഃ– ഹസ്തീ സമാനീയതാം
കർണഃ– ഭാരാർഥം ഭൃശമുദ്യതൈരിഹ ഹയൈർ
യുക്തോ രഥഃ സ്ഥാപ്യതാം
ഭീഷ്മഃ– ബുദ്ധിർമേ ത്വരതേ വിരാടനഗരം
ഗന്തും ധനുസ്ത്വര്യതാം
സർവേ – മുക്ത്വാ ചാപമിഹൈവ തിഷ്ഠതു ഭവാ
നാജ്ഞാവിധേയാ വയം.
(*പഞ്ചരാത്രം,* 1. 57)

വൃത്തങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങൾക്ക് വർണവിന്യാസ വക്രതയുടെ ഒടുവിൽ കൊടുത്ത വൃത്തശില്പനിരൂപണം നോക്കുക.

## പന്ത്രണ്ട്, വിഭിന്നനാടകങ്ങളിലെ കഥാപാത്രങ്ങൾക്ക് ഒരേ പേരുകൾ:

*ദൂതവാക്യ*ത്തിലെ ദുര്യോധനന്റെയും *പ്രതിജ്ഞായൗഗന്ധ രായണത്തി*ലെ മഹാസേനന്റെയും കാഞ്ചുകീയന്മാരുടെ പേര് ബാദരായണനെന്നാണ്. *സ്വപ്നവാസവദത്തം, പ്രതിജ്ഞായൗഗന്ധ രായണം, അഭിഷേകം, പ്രതിമ* എന്നീ നാടകങ്ങളിലെ പ്രതീഹാരി യുടെ പേര് വിജയ. *പഞ്ചരാത്ര*ത്തിലെയും *ബാലചരിത*ത്തിലെയും രണ്ടു ഗോപാലന്മാരുടെ പേരുകൾ വൃഷഭദത്തനെന്നും കുംഭ ദത്തനെന്നും.

## പതിമൂന്ന്, വ്യാകരണസ്ഖലിതങ്ങളും പ്രാകൃതത്തിലെ പൗരാണികതകളും:

ഈ രൂപകങ്ങളിലെ പല വ്യാകരണപ്രയോഗങ്ങളെയും ആർഷ മെന്നു പറഞ്ഞാണ് സാധൂകരിക്കേണ്ടിവരുന്നത്. ഗണപതിശാസ്ത്രി യുടെ പട്ടികയനുസരിച്ച് *കർണഭാര*ത്തിലും *ഊരുഭംഗ*ത്തിലും മാത്രമാണ് അവയില്ലാത്തത്.

പ്രാചീനമായ ചില പ്രാകൃതപദങ്ങളുടെ പട്ടിക എ. ഡി. പുസാൽക്കർ നൽകുന്നുണ്ട് (പേജ് 17): തുവ (*ചാരുദത്തം, സ്വപ്നവാസവദത്തം, പ്രതിമ, ഊരുഭംഗം, പ്രതിജ്ഞാ യൗഗന്ധരായണം, ബാലചരിതം, അവിമാരകം*); ഖു (*ദൂതഘടോത്കചം, മധ്യമവ്യായോഗം, ഊരുഭംഗം, പ്രതിജ്ഞായൗഗന്ധരായണം, അഭിഷേകം, ബാലചരിതം, അവിമാരകം, പ്രതിമ, സ്വപ്നവാസവദത്തം, ചാരുദത്തം*), ഗച്ഛിഅ (*പ്രതിജ്ഞായൗഗന്ധരായണം, പഞ്ചരാത്രം, ചാരുദത്തം*), കരിഅ (*പ്രതിജ്ഞായൗഗന്ധരായണം, ചാരുദത്തം, സ്വപ്നവാസവദത്തം*) അഹ്മാഗ്ര (*പഞ്ചരാത്രം, മധ്യമവ്യായോഗം*), ആമ (*ചാരുദത്തം, അഭിഷേകം, പ്രതിമ, സ്വപ്നവാസവദത്തം, ബാലചരിതം, അവിമാരകം, പ്രതിജ്ഞായൗഗന്ധരായണം*).

## പതിനാല്, സാമൂഹ്യസാഹചര്യങ്ങളിലെ നിർണായകമായ സാദൃശ്യം:

1. യാഥാസ്ഥിതികബ്രാഹ്മണവ്യവസ്ഥയുടെ അനുയായിയും



വിഷ്ണുവിന്റെ ഉറച്ച ആരാധകനുമാണ് ഗ്രന്ഥകർത്താവെന്നു തെളി യിക്കുന്നതാണ് ഈ എല്ലാ രൂപകങ്ങളും. *അവിമാരകം, സ്വപ്ന വാസവദത്തം, പ്രതിജ്ഞായൗഗന്ധരായണം, ചാരുദത്തം* എന്നിവ യിൽ നാടകകൃത്തിന്റെ വിട്ടുവീഴ്ച്ചയില്ലാത്ത ബ്രാഹ്മണത്വം *മഹാഭാരത–രാമായണ*രൂപകങ്ങളിലെന്നപോലെ വ്യക്തമാകുന്നില്ലെ ങ്കിലും ഗ്രന്ഥകർത്താവ് ബ്രാഹ്മണനും വൈഷ്ണവനുമാണെന്നതിനു വിരുദ്ധമായ യാതൊന്നും അവയിലില്ല.

2. ബ്രാഹ്മണരെ നാടകകൃത്ത് വളരെ ഉയർന്ന നിലയിലാണ് കാണുന്നത്. അവരുടെ പ്രസ്താവനകളുടെ സത്യത്വം ചോദ്യം ചെയ്യപ്പെടുന്നതല്ല. ''പൂജ്യതമാഃ ഖലു ബ്രാഹ്മണാഃ'' (*മധ്യമ വ്യായോഗം,*), "ബ്രാഹ്മണവചനമിതി. ന മയാതിക്രാന്തപൂർവം" (*കർണഭാരം*), ''ബ്രാഹ്മണവചനമനൃതമപി സത്യം പശ്യാമി'' (*ബാലചരിതം* രണ്ടാമങ്കം), "വിപ്രോത്സംഗേ വിത്തമാവർജ്യ സർവം രാജ്ഞാ ദേയം ചാപമാത്രം സുതേഭ്യഃ" (*പഞ്ചരാത്രം*, 1. 24) എന്നിവ നോക്കുക. *പഞ്ചരാത്ര*ത്തിലെയും *ബാലചരിത*ത്തിലെയും ബ്രാഹ്മണതുഷ്ടിക്കു വേണ്ടിയുള്ള പ്രാർഥനകൾ കൂടി ശ്രദ്ധിക്കുക.

3. യാദവീമാതഃ, ശൗരസേനീമാതഃ, വൈദേഹീപുത്രഃ, കൗസല്യാമാതഃ മുതലായ മാതൃദായക്രമനാമങ്ങൾ – സംബോധന കളും – (*ബാലചരിതം, സ്വപ്നവാസവദത്തം, പ്രതിമ, പഞ്ചരാത്രം, ദൂതവാക്യം*) നോക്കുക.

4. സംഗീതം ആസ്വദനീയമായ ഒരു കലയായി (*ചാരുദത്തം* മൂന്നാമങ്കം, *സ്വപ്നവാസവദത്തം* അഞ്ചും ആറും അങ്കങ്ങൾ, *പ്രതിജ്ഞ* ഒന്നാമങ്കം, *അവിമാരകം* മൂന്നാമങ്കം) അംഗീകരിക്കുന്നു.

## പതിനഞ്ച്, രംഗത്ത് ശരിക്കുള്ള ജലം കൊണ്ടു വരുന്നു:

സംസ്കൃതനാടകങ്ങളിൽ സാധാരണമായി ഇത് പതിവില്ല. എന്നാൽ ഈ നാടകങ്ങളിൽ പലതിലും ശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ ജലം രംഗത്ത് കൊണ്ടുവരുന്നുണ്ട്. മരിക്കുകയോ അത്യന്തം ദുഃഖിക്കുകയോ ചെയ്യുന്ന വ്യക്തിക്ക്, ഒരു ഉന്നതനായ വ്യക്തിയെ ആദരിക്കുന്നതിന്, ഒരു പ്രതിജ്ഞയ്ക്ക് പവിത്രത നൽകുന്നതിന് – ഒക്കെ ജലം ആവശ്യമാണ്. "ആപസ്താവത്" എന്ന് ആവശ്യപ്പെടുകയും "ഇമാ ആപഃ" എന്നു പറഞ്ഞ് ജലം കൊണ്ടു വരികയും ചെയ്യുക എന്നതാണ് പൊതുവിൽ ഈ രൂപകങ്ങളിൽ കാണുന്നത്. ഏഴു രൂപകങ്ങളിൽ ചുരുങ്ങിയത് പതിനൊന്നു തവണ ഈ പ്രയോഗങ്ങൾ കാണുന്നുവെന്നാണ് എ. ഡി. പുസാൽക്കർ അഭി

പ്രായപ്പെടുന്നത് (പേജ് 18).

1. മരണമടുക്കുമ്പോൾ ദശരഥനും ബാലിയും യഥാക്രമം ജലം ആവശ്യപ്പെടുന്നു (*പ്രതിമ* രണ്ടാമങ്കം; *അഭിഷേകം* ഒന്നാമങ്കം)

2. യൗഗന്ധരായണൻ പ്രതിജ്ഞ ചെയ്യുമ്പോൾ ജലം ആവശ്യപ്പെടുന്നു (*പ്രതിജ്ഞായൗഗന്ധരായണം* ഒന്നാമങ്കം)

3. ഘടോൽക്കചനും ഭീമനും മന്ത്രം ചൊല്ലുന്നതിന് ജലം ആവശ്യ പ്പെടുന്നു (*മധ്യമവ്യായോഗം*).

4. യഥാക്രമം ഭഗവാന് ആദരമർപ്പിക്കുന്നതിനും അതിഥിക്ക് പാദ്യം നൽകുന്നതിനും (*ദൂതവാക്യം*; *പ്രതിമ* അഞ്ചാമങ്കം)

5. കരയുന്ന വ്യക്തിക്ക് മുഖംകഴുകാൻ ജലം വേണമല്ലോ. ഇത് കണ്ണീരിന്റെ അപവിത്രത കളയാനാണത്രേ. അത്തരം സന്ദർഭങ്ങളിലും ജലം രംഗത്ത് കൊണ്ടുവരുന്നുണ്ട്. (*പഞ്ചരാത്രം* ഒന്നാമങ്കം; *പ്രതിമ* നാലാമങ്കം; *സ്വപ്നവാസവദത്തം* നാലാമങ്കം)

## പതിനാറ്, സ്വപ്നവാസവദത്തവും പ്രതിജ്ഞായൗഗന്ധരായണവും

ഒന്നാമത്തെ നാടകം രണ്ടാമത്തേതിന്റെ കഥയുടെ തുടർച്ചയാണ്. അതുകൊണ്ടുതന്നെ ഏകകർത്തൃകവുമാണ്. കഥാപാത്രങ്ങൾ മിക്കവാറും സമാനം. *സ്വപ്നവാസവദത്തം പ്രതിജ്ഞായൗഗന്ധരായണ*ത്തിന്റെ ചില സൂചനകൾ ഉൾക്കൊള്ളുന്നു.

## പതിനേഴ്, പ്രതിമയും അഭിഷേകവും

രണ്ടിലും രാമനെ 'ആര്യ' എന്ന് സംബോധന ചെയ്യുന്നു. സീത അദ്ദേഹത്തെ 'ആര്യപുത്ര' എന്ന് സംബോധന ചെയ്യുന്നു. ഇക്ഷ്വാകുവംശത്തിലെ സംബോധനയാണ് 'ആര്യ' എന്നത്. രണ്ടിലും രാമാഭിഷേകം വരെയുള്ള രാമകഥ മുഴുവൻ പ്രതിപാദിക്കുന്നുണ്ടെങ്കിലും സീതാഹരണം വരെയുള്ള കഥയ്ക്ക് *പ്രതിമാനാടകം* പ്രാധാന്യം നൽകുമ്പോൾ, സുഗ്രീവസഖ്യം മുതലുള്ളതിന് പ്രാമുഖ്യം കല്പിക്കുകയാണ് *അഭിഷേക*നാടകത്തിൽ. ഏകകർത്തൃകമാണ് ഇവ രണ്ടും എന്നതിന് ഇതുതന്നെ പ്രധാനതെളിവ്.

## പതിനെട്ട് – ശൈലി, സംഭാഷണം, പലവക:

ഗണപതിശാസ്ത്രി പറയുന്നതുപോലെ, ഈ കൃതികളിലെ ഭാഷ പൊതുവിൽ വ്യക്തവും ഗംഭീരവും അന്തസ്സുറ്റതും മധുരവും സുന്ദരവുമാണ്. മനോഹരമായി പ്രകടിപ്പിക്കപ്പെട്ട ആശയസമ്പത്താണ് ഓരോ വാക്യത്തിലും നിറഞ്ഞുനിൽക്കുന്നത്. (പുസാൽക്കർ



ഉദ്ധരിച്ചത്, പേജ് 19)യമകങ്ങളുടെയും ദീർഘസമസ്ത പദങ്ങളുടെ യും പ്രയോഗം അങ്ങിങ്ങ് കാണാമെങ്കിലും സാമാന്യമായി ലളിതവും സുന്ദരവുമാണ് ഈ നാടകങ്ങളിലെ ഭാഷാശൈലി. കൊച്ചുകൊച്ചു സംഭാഷണങ്ങളാണ് അധികവും. ബാണൻ പറഞ്ഞ സൂത്രധാര കൃതാരംഭത്വവും ബഹുഭൂമികത്വവും സപതാകത്വവും എല്ലാ കൃതികളിലും കാണാം. നാടകകൃത്തിന്റെ ജ്വലനമിത്രത്വവും അതുപോലെത്തന്നെ. ദണ്ഡിയുടെ സുവിഭക്തമുഖാദ്യംഗത്വം മുതലായവയും ഇവയിലുണ്ട്. (ഈ പരാമർശങ്ങളുടെ വിശദീകരണം വഴിയേ വരും)

## പത്തൊമ്പത്, നാശത്തിന്റെ വക്കത്തെത്തിയ രാജാക്കന്മാരോടും യോദ്ധാക്കളോടുമുള്ള അനുകമ്പ:

ശാപം കൊണ്ടായാലും അവനവന്റെ ദോഷം കൊണ്ടായാലും നാശത്തിന്റെ വക്കത്തെത്തിയ കഥാപാത്രങ്ങൾ – നായികാ നായകന്മാർ തന്നെ – ഈ രൂപകങ്ങളിൽ ധാരാളം. അവരോട് അനുകമ്പ കാണിക്കുന്നത് ഈ നാടകകൃത്തിന്റെ ഒരു സവിശേഷതയായി ചൂണ്ടിക്കാണിക്കാം. *കർണഭാര*ത്തിലെ കർണൻ, *ഊരുഭംഗ*ത്തിലെയും *പഞ്ചരാത്ര*ത്തിലെയും ദുര്യോധനൻ, *അഭിഷേക*ത്തിലെ ബാലി എന്നീ കഥാപാത്രങ്ങൾ ഉദാഹരണങ്ങൾ.

## ഇരുപത്, സ്വരാജ്യം:

"പരചക്രം പ്രശാമ്യതു" (ശത്രുസമൂഹം നശിക്കട്ടെ) എന്ന് ചില രൂപകങ്ങളിലെ ഭരതവാക്യത്തിൽ കാണുന്നു. ഉദയനനാടകങ്ങളായ *പ്രതിജ്ഞായൗഗന്ധരായണ*ത്തിലും *സ്വപ്നവാസവദത്ത*ത്തിലും വത്സരാജ്യം വീണ്ടെടുക്കുന്ന കഥ ഉൾച്ചേർന്നുകിടക്കുന്നു. *മഹാഭാരത* രൂപകങ്ങളിലും പാണ്ഡവരുടെ രാജ്യം വീണ്ടുകിട്ടണമെന്നത് ഇതിവൃത്തത്തിന്റെ ഭാഗമാണ്. *ബാലചരിത*ത്തിൽ കൃഷ്ണൻ കംസനെ വധിച്ച് ഉഗ്രസേനനെ വീണ്ടും മഥുരയിലെ രാജാവായി വാഴിക്കുന്നു. *രാമായണ*നാടകങ്ങളിലും രാമൻ അവസാനം സ്വരാജ്യത്തിലെ ചക്രവർത്തിയായി അഭിഷേചിക്കപ്പെടുന്നു. *അവിമാരക*ത്തിന്റെ ഒടുവിൽ നായകന് രാജ്യം ലഭിക്കുന്നു. *ചാരുദത്ത*ത്തിൽ, അതിന്റെ പൂരകമായ *മൃച്ഛകടിക*ത്തെ വെച്ചു നോക്കിയാൽ, ഏകാധിപതിയായ പാലകനെ മാറ്റി ആര്യകനെന്ന നല്ല രാജാവിനെ വാഴിക്കുന്നതാണ് പര്യവസാനം. അങ്ങനെ നോക്കുമ്പോൾ *പ്രതിജ്ഞായൗഗന്ധരായണ*ത്തിന്റെയും *സ്വപ്നവാസവദത്ത*ത്തിന്റെയും ഒരു തുടർച്ചയാണ് *ചാരുദത്ത*ത്തിലെയും അതിന്റെ പൂര

കമായ *മൃച്ഛകടിക*ത്തിലെയും കഥ എന്നു കാണാം. എല്ലാ രൂപകങ്ങളിലും ഈ ആശയം അന്തർധാര യായി നില കൊള്ളുന്നു.

മുകളിൽ വിവരിച്ച ഇരുപതു കാര്യങ്ങളിൽ ഈ രൂപകങ്ങളെല്ലാം ഏറെക്കുറെ സമാനത പുലർത്തുന്നതിനാൽ ഇവയെല്ലാം ഒരാളുടേതാണെന്ന നിഗമനത്തിൽ ന്യായമായി എത്തിച്ചേരാം. ഇവയിൽ *സ്വപ്നവാസവദത്തം* ഭാസന്റേതാണെന്ന് പ്രാചീനകൃതികളിൽനിന്ന് വ്യക്തമാണ്. അത് *പ്രതിജ്ഞായൗഗന്ധരായണ* ത്തിലെ കഥയുടെ തുടർച്ചയാകയാലും മറ്റും അവ രണ്ടും ഭാസന്റേതെന്നു നിശ്ചയിക്കാം. ഇവയോട് മുൻപറഞ്ഞ പല കാര്യങ്ങളിലും സാദൃശ്യം കാണുന്നതുകൊണ്ട് ബാക്കി പതിനൊന്ന് രൂപകങ്ങളും ഭാസകൃതമെന്നുതന്നെ തീരുമാനിക്കാവുന്നതാണ്.

ഇനി ഈ കൃതികളിൽനിന്നുള്ള, പ്രത്യേകിച്ച് *സ്വപ്നവാസവദത്ത*ത്തിൽനിന്നുള്ള, പൂർവികഗ്രന്ഥകാരന്മാരുടെ ഉദ്ധരണികളിലേക്കു കടക്കാം.

**ഒന്ന്, അഭിനവഗുപ്തൻ**

1. ''ക്വചിത് ക്രീഡാ, യഥാ സ്വപ്നവാസവദത്തായാം.'' (*അഭിനവഭാരതി*, *നാട്യശാസ്ത്രം* 1. 74-നു മേൽ). ഇത് *സ്വപ്നവാസവദത്തം* രണ്ടാമങ്കത്തിലെ കന്ദുകക്രീഡയെ പരാമർശിക്കുന്നു (''തതഃ പ്രവിശതി കന്ദുകേന ക്രീഡന്തീ പത്മാവതീ സപരിവാരാ വാസവദത്തയാ സഹ" രണ്ടാമങ്കത്തിൽ പ്രവേശകത്തിനു ശേഷം).

2. "ദൃശ്യന്തേ ച കവയോലങ്കാരനിബന്ധനൈകരസാ അനപേക്ഷിതരസാഃ പ്രബന്ധേഷു (*ധ്വന്യാലോകം*) എന്ന വാക്യത്തിന്റെ *ലോചന*ത്തിൽ, "യഥാ *സ്വപ്നവാസവദത്താ*ഖ്യേ നാടകേ,

സഞ്ചിതപക്ഷ്മകവാടം നയനദ്വാരം സ്വരൂപതഡനേന
ഉദ്ഘാട്യ സാ പ്രവിഷ്ടാ ഹൃദയഗൃഹം മേ നൃപതനൂജാ."

എന്നാണ് ഈ ശ്ലോകം. ഇത് ഇപ്പോൾ ലഭ്യമായ *സ്വപ്നവാസവദത്ത*ത്തിൽ ഇല്ലെന്നത് ശരി. പക്ഷേ, അതിനു പറ്റിയ സന്ദർഭം നാടകത്തിലുണ്ട്: സ്വപ്നരംഗത്തിനുശേഷം വിദൂഷകനോട്, "വയസ്യ! പ്രിയമാവേദയേ. ധരതേ ഖലു വാസവദത്താ" എന്നു പറയുന്നതിനു തൊട്ടു പിന്നാലെ വരാവുന്നതാണ് ഇത്.

**രണ്ട്, ഭോജൻ**

*ശൃംഗാരപ്രകാശം* 12-ാം പ്രകാശത്തിൽ പറയുന്നു: "സ്വപ്നവാസവദത്തേ പത്മാവതീമസ്വസ്ഥാം ദ്രഷ്ടും രാജാ സമുദ്രഗൃഹകം ഗതഃ. പത്മാവതീരഹിതം ച തദവലോക്യ തസ്യ ഏവ ശയനീയേ



സുഷ്വാപ. വാസവദത്താം ച സ്വപ്നവദസ്വപ്നേ ദദർശ. സ്വപ്നായമാനശ്ച സ വാസവദത്താമഭാഷ. സ്വപ്നശബ്ദേന ചേഹ സ്വാപോ വാ സ്വപ്നദർശനം വാ സ്വപ്നായിതം വാ വിവക്ഷിതം."

ഭോജൻ ഇവിടെ പരാമർശിക്കുന്നത് *സ്വപ്നവാസവദത്ത*ത്തിൽ സ്വപ്നരംഗത്തിലെ (അഞ്ചാമങ്കം) ചില ഭാഗങ്ങളാണ്. അതിലെ അതേ ക്രമം ദീക്ഷിക്കുന്നുമുണ്ട്.

**മൂന്ന്, ശാരദാതനയൻ**

*ഭാവപ്രകാശ*ത്തിലെ എട്ടാമധികരണത്തിൽ *സ്വപ്നവാസവദത്ത*ത്തിലെ ഇതിവൃത്തം ഉദ്ധരിച്ചുകൊണ്ട് 'പ്രശാന്തനാടക'ത്തെ,

പ്രശാന്തരസഭൂയിഷ്ഠം പ്രശാന്തം നാമ നാടകം.
ന്യാസോ ന്യാസസ്സമുദ്ഭേദോ ബീജോക്തിർബീജദർശനം
തതോനുദ്ദിഷ്ടസംഹാരഃ പ്രശാന്തേ പഞ്ച സന്ധയഃ
സാത്വതീ വൃത്തിരത്ര സ്യാദിതി ദ്രൗഹിണിരബ്രവീത്.
സ്വപ്നവാസവദത്താഖ്യമുദാഹരണമത്ര തു
ആച്ഛിദ്യ ഭൂപാദ് വ്യസനാദ് ദേവീ മാഗധികാകരേ
ന്യസ്തോ യതസ്തതോ ന്യാസാന്മുഖസന്ധിരയം ഭവേത്
ന്യാസസ്യ ച പ്രതിമുഖം സമുദ്ഭേദ ഉദാഹൃതം
പത്മാവത്യാ മുഖം വീക്ഷ്യ വിശേഷകവിഭൂഷിതം
ജീവത്യാവന്തികേത്യേതജ്ജ്ഞാതം ഭൂമിഭുജാ യഥാ
ഉത്കണ്ഠിതേന സോദ്വേഗം ബീജോക്തിർനാമകീർത്തനം
ഏഹി വാസവദത്തേതി ക്വ യാസീത്യാദി ദൃശ്യതേ
സഹാവസ്ഥിതയോരേകം പ്രാപ്യാന്യസ്യ ഗവേഷണം
ദർശനസ്പർശനാലാപൈരേതത് സ്യാദ് ബീജദർശനം
അത്രോദാഹരണം
ചിരപ്രസുപ്തഃ കാമോ മേ വീണയാ പ്രതിബോധിതഃ
താം തു ദേവീം ന പശ്യാമി യസ്യാ ഘോഷവതീ പ്രിയാ.
(*സ്വപ്നവാസവദത്തം*, 6. 3)
കിം തേ ഭൂയഃ പ്രിയം കുര്യാമിതി വാഗ് യത്ര നോച്യതേ
തമനുദ്ദിഷ്ടസംഹാരമിത്യാഹുർഭരതാദയഃ.

ഇവിടെ "പത്മാവത്യാ മുഖം വീക്ഷ്യ" എന്നു തുടങ്ങുന്ന പദ്യം *സ്വപ്നവാസവദത്ത*ത്തിൽനിന്ന് അതേപോലെ എടുത്തുചേർത്തതാണെന്നു തോന്നുന്നില്ല; ''ചിരപ്രസുപ്തഃ കാമോ മേ" എന്നു തുടങ്ങുന്ന പദ്യംപോലെ. രണ്ടാമത്തേത് *സ്വപ്നവാസവദ*ത്തിൽനിന്ന് ഉദ്ധരിച്ചതുതന്നെയാണ്. ചിത്രത്തിലെഴുതിയ വിവാഹത്തെപ്പറ്റിയുള്ള ഭാഗമാണ് (ആറാമങ്കം) അവിടെ പരാമൃഷ്ടമെന്നു തോന്നുന്നു.

**നാല്, സർവാനന്ദൻ**

*അമരകോശടീകാസർവസ്വ*ത്തിൽ ധർമം, അർഥം, കാമം എന്നിങ്ങനെ മൂന്നുവിധം ശൃംഗാരമുണ്ടെന്ന് പറഞ്ഞുകൊണ്ട് ഉദയന–വാസവദത്തമാരുടെ വിവാഹത്തെ കാമശൃംഗാരത്തിന് ഉദാഹരണമായി കാണിച്ചിരിക്കുന്നു. ഉദയനനും പത്മാവതിയും തമ്മിലുള്ള വിവാഹത്തെ അർഥശൃംഗാരത്തിനുദാഹരണമായി കൊടുത്ത ഭാഗം വേണ്ടത്ര വ്യക്തമായിട്ടില്ല. ഉദ്ധരണി ഇങ്ങനെയാകാനാണ് സാധ്യത – ". . . ദ്വിതീയഃ സ്വദിശമാത്മസാത്കർത്തുമുദയനസ്യ പത്മാവതീ പരിണയോർഥശൃംഗാരഃ *സ്വപ്നവാസവദത്തേ*. തൃതീയസ്തത്രൈവ വാസവദത്താപരിണയഃ കാമശൃംഗാരഃ. ഇവിടെ അർഥശൃംഗാരമെന്നതിന് രാഷ്ട്രീയവിവാഹമെന്നു താല്പര്യം. കാമശൃംഗാരമെന്നാൽ പ്രേമവിവാഹമെന്നും.

**അഞ്ച്, രാമചന്ദ്രനും ഗുണചന്ദ്രനും**

ഈ രണ്ടുപേരും ചേർന്നെഴുതിയ *നാട്യദർപ്പണ*ത്തിൽ ഇപ്രകാരം കാണാം: "യഥാ *ഭാസ*കൃതേ *സ്വപ്നവാസവദത്തേ*, ശേഫാലികാ ശിലാതലമവലോക്യ വത്സരാജഃ,

പാദാക്രാന്താനി പുഷ്പാണി സോഷ്മ ചേദം ശിലാതലം
നൂനം കാചിദിഹാസീനാ മാം ദൃഷ്ട്വാ സഹസാ ന(? ഗ)താ.

നമുക്ക് ലഭ്യമായ *സ്വപ്നവാസവദത്ത*ത്തിൽ ഈ ഗദ്യഭാഗമോ ശ്ലോകമോ ഇല്ല. പക്ഷേ, അതിനനുരൂപമായൊരു സന്ദർഭം, വി. എസ്. സൂക്തങ്കർ ചൂണ്ടാക്കാട്ടിയപോലെ, നാലാമങ്കത്തിലുണ്ട്. "തത്രഭവതീ പത്മാവതീഹാഗത്യ നിർഗതാ ഭവേത്" എന്ന് വിദൂഷകൻ പറയുന്നുണ്ടല്ലോ. അതുകഴിഞ്ഞ ഉടനെ, ഈ വരികൾക്കു സാധ്യതയുണ്ട്.

"രാജാ – (ശേഫാലികാ. . . ക്യ)
പാദാക്രാന്താനി. . . ഗതാ."

തുടർന്ന് "കഥം ഭവാൻ ജാനാതി?" എന്ന രാജാവിന്റെ ചോദ്യം.

**ആറ്, സാഗരനന്ദി**

*നാടകലക്ഷണരത്നകോശ*ത്തിൽ പ്രവേശകത്തിൽനിന്നോ വിഷ്കംഭകത്തിൽനിന്നോ മുഖ്യരംഗത്തിലേക്കു കടക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യവേ, *സ്വപ്നവാസവദത്ത*ത്തിൽനിന്ന് ഇങ്ങനെ ഉദ്ധരിക്കുന്നു: "യഥാ *സ്വപ്നവാസവദത്തേ*, നേപഥ്യേ സൂത്രധാരഃ (ഉത്സാരണാം ശ്രുത്വാ പഠതി). അയേ കഥം തപോവനേപ്യുത്സാരണാ? (വിലോക്യ) കഥം മന്ത്രീ യൗഗന്ധരായണോ വത്സരാജസ്യ രാജ്യ പ്രത്യാഗമനം കർത്തുകാമഃ പത്മാവതീയജനേനോത്സാര്യതേ. ഇത്യുത്സാരണാശബ്ദോത്ര പൂർവകപ്രയോഗമുത്സാര്യ നാടകാർഥ



സൂചക ഇതി പ്രയോഗാതിശയഃ."

ഇത് മുദ്രിതപുസ്തകവുമായി ഒത്തുപോകുന്നില്ല. അവിടെ ഇങ്ങനെയാണ് കാണുന്നത്:

''സൂത്രധാരഃ – . . . അംഗ! പശ്യാമി. (നേപഥ്യേ) ഉത്സരതോത്സരതാര്യാഃ ഉത്സരത.

സൂത്രധാരഃ– ഭവതു വിജ്ഞാതം.

ഭൃത്യൈർമഗധരാജസ്യ സ്നിഗ്ധൈഃ കന്യാനുഗാമിഭിഃ
ധൃഷ്ടമുത്സാര്യതേ സർവസ്തപോവനഗതോ ജനഃ."

സാഗരനന്ദി നാടകവാക്യങ്ങളിലെ ആശയം സ്വന്തം വാക്കുകളിൽ എഴുതുകയാണിവിടെ എന്നു വിചാരിക്കണം. അല്ലെങ്കിൽ അദ്ദേഹം കണ്ട *സ്വപ്നവാസവദത്ത*പാഠത്തിൽ അപ്രകാരം ഉണ്ടായിരിക്കാം.

**ഏഴ്, അഭിജ്ഞാനശകുന്തളചർച്ച**

നമുക്ക് ലഭ്യമായ ഗ്രന്ഥത്തിലുള്ളതുപോലെത്തന്നെയാണ് *സ്വപ്നവാസവദത്ത*ത്തിൽനിന്ന് ഈ വ്യാഖ്യാനത്തിൽ ഉദ്ധരിക്കുന്നത്.

മേൽപറഞ്ഞ ഏഴു പരാമർശങ്ങളും *സ്വപ്നവാസവദത്ത*ത്തിൽ നിന്നാണ്. *നാട്യദർപ്പണ*ത്തിൽ അത് ഭാസന്റേതെന്ന് വ്യക്തമായി പറയുന്നുമുണ്ട്. *സൂക്തിമുക്താവലി*യിൽ രാജശേഖരന്റേതായി കൊടുത്തിട്ടുള്ള,

ഭാസനാടകചക്രേപി ഛേകൈഃ ക്ഷിപ്തേ പരീക്ഷിതും
സ്വപ്നവാസവദത്തസ്യ ദാഹകോഭൂന്ന പാവകഃ.

(ഭാസന്റെ നാടകസമൂഹത്തെ പരീക്ഷിക്കുന്നതിനുവേണ്ടി വിദഗ്ധന്മാർ തീയിലിട്ടപ്പോൾ അഗ്നി *സ്വപ്നവാസവദത്ത*ത്തെ ദഹിപ്പിച്ചില്ല) എന്ന ശ്ലോകത്തിൽനിന്ന് ഭാസൻ അനേകം നാടകങ്ങൾ എഴുതിയിട്ടുണ്ടെന്നും അവയിൽ ഏറ്റവും നല്ലത് *സ്വപ്നവാസവദത്ത*മാണെന്നും തെളിയുന്നു.

ബാണന്റെ *ഹർഷചരിത*ത്തിന്റെ ആമുഖപദ്യങ്ങളിലൊന്ന് ഇതാണ്:

സൂത്രധാരകൃതാരംഭൈർനാടകൈർബഹുഭൂമികൈഃ
സപതാകൈര്യശോ ലേഭേ ഭാസോ ദേവകുലൈരിവ.

സൂത്രധാരൻ ആരംഭിച്ചതും ധാരാളം കഥാപാത്രങ്ങളുള്ളതും പതാക(ഉപകഥ)കളോടുകൂടിയതുമായ നാടകങ്ങളെക്കൊണ്ട്, നൂലുപിടിക്കുന്നവർ കുറ്റിയടിച്ചതും അനേകം നിലകളോടും കൊടിക്കൂറകളോടും കൂടിയതുമായ ക്ഷേത്രങ്ങളെക്കൊണ്ടെന്ന പോലെ, കീർത്തി നേടി എന്നർഥം.

നമുക്ക് ഇന്ന് ലഭ്യമായ ഭാസനാടകങ്ങൾക്ക് ഈ ലക്ഷണങ്ങ

ളെല്ലാം ചേരും. 1. സൂത്രധാരകൃതാരംഭങ്ങളാണവ. "നാന്ദ്യന്തേ തതഃ പ്രവിശതി സൂത്രധാരഃ" എന്നാണ് അവയുടെ ആരംഭം. 2. അവ ബഹുഭൂമികങ്ങളാണ്. അനേകം കഥാപാത്രങ്ങളോടുകൂടിയവയാകുന്നു. അഞ്ചു (*ദൂതവാക്യം*) മുതൽ മുപ്പത്തേഴു (*ബാലചരിതം*) വരെ കഥാപാത്രങ്ങൾ അവയിലുണ്ട്. 3. സപതാകങ്ങളാണവ. എല്ലാ നാടകങ്ങളിലും ഉപകഥകൾ (പതാകകൾ) ഉണ്ട്. പത്മാവതീപരിണയം *സ്വപ്നവാസവദത്ത*ത്തിലെയും ബാലിവധവും സുഗ്രീവകഥയും *അഭിഷേക*ത്തിലെയും വിദൂഷകകഥ (അംഗുലികാവൃത്തം) *അവിമാരക*ത്തിലെയും മദനികാ–സജ്ജലകകഥ *ചാരുദത്ത*ത്തിലെയും ഭരതകഥ *പ്രതിമ*യിലെയും വീണാകഥാനകം *പ്രതിജ്ഞ*യിലെയും സങ്കർഷണകഥ *ബാലചരിത*ത്തിലെയും ബ്രാഹ്മണകഥ *മധ്യമവ്യായോഗ*ത്തിലെയും ഉത്തരാസ്വയംവരം *പഞ്ചരാത്ര*ത്തിലെയും ദ്രൗപദീവസ്ത്രാക്ഷേപചിത്രകഥ *ദൂതവാക്യ*ത്തിലെയും ഉപകഥകളായി കണക്കാക്കാം. *ദൂതഘടോത്കച*ത്തിലും *കർണഭാര*ത്തിലും *ഊരുഭംഗ*ത്തിലുമാണ്, ഉപകഥയില്ലാത്തത്. പതാക എന്നതിന് പതാകാസ്ഥാനകം എന്നർഥമെടുത്താൽ എല്ലാ രൂപകങ്ങളിലും അതു കാണുകയും ചെയ്യാം. (ഇതേപ്പറ്റി മുൻപ് വിവരിച്ചത് നോക്കുക)

വാക്പതിരാജൻ (എട്ടാം നൂറ്റാണ്ട്) *ഗൗഡവാഹോ* എന്ന പ്രാകൃതകാവ്യത്തിൽ ഭാസൻ ജ്വലനമിത്രമാണെന്നു പറയുന്നു. അഗ്നിയുടെ സുഹൃത്ത് എന്നർഥം. അഗ്നി മനുഷ്യരൂപത്തിലും അല്ലാതെയും പല കൃതികളിലും പ്രത്യക്ഷപ്പെടുന്നതാവാം ഇതിനു കാരണം. *അവിമാരക*ത്തിലും *അഭിഷേക*ത്തിലും അഗ്നി കഥാപാത്രരൂപത്തിൽ ത്തന്നെ കടന്നുവരുന്നുണ്ടല്ലോ. *പഞ്ചരാത്രം, ബാലചരിതം, ദൂതഘടോത്കചം, സ്വപ്നവാസവദത്തം* മുതലായവയിലും അഗ്നിസാന്നിധ്യം ദൃശ്യമാണ്.

ജയദേവന്റെ (12–13 നൂറ്റാണ്ട്) *പ്രസന്നരാഘവ*ത്തിലെ,

യസ്യാശ്ചോരശ്ചികുരനികുരഃ കർണപൂരോ മയൂരോ
ഭാസോ ഹാസഃ കവികുലഗുരുഃ കാളിദാസോ വിലാസഃ
ഹർഷോ ഹർഷോ ഹൃദയവസതിഃ പഞ്ചബാണസ്തു ബാണഃ
കേഷാം നൈഷാ ഭവതി കവിതാകാമിനീ കൗതുകായ?

എന്ന ശ്ലോകത്തിൽ ഭാസനെ കവിതാകാമിനിയുടെ ഹാസമായി വർണിച്ചിരിക്കുന്നു. നാടകങ്ങളിലെ വിദൂഷകനെയായിരിക്കാം ഉദ്ദേശിച്ചത്. ഭാസന്റെ വസന്തകനും മൈത്രേയനും സന്തുഷ്ടനും മറ്റു സംസ്കൃതനാടകങ്ങളിൽ പൊതുവിൽ കാണപ്പെടുന്ന വിദൂഷകന്മാരിൽനിന്ന് വ്യത്യസ്തരായി നിലകൊള്ളുന്നു എന്നു പ്രത്യേകം ശ്രദ്ധിക്കാം. ശകാരൻ, സുധാകാരൻ എന്നീ ഹാസ്യകഥാപാത്രങ്ങളെയും ഓർക്കാം.



ദണ്ഡി(ഏഴാം നൂറ്റാണ്ട്)യുടേതെന്നു വിശ്വസിക്കപ്പെടുന്ന *അവന്തിസുന്ദരീകഥ*യിൽ ഇപ്രകാരം പറയുന്നു:

സുവിഭക്തമുഖാദ്യംഗൈർവ്യക്തലക്ഷണവൃത്തിഭിഃ
പരേതോപി സ്ഥിതോ ഭാസഃ ശരീരൈരിവ നാടകൈഃ.

മുഖ–പ്രതിമുഖാദിപഞ്ചസന്ധികളും കൈശിക്യാദിവൃത്തികളും ഒത്തിണങ്ങിയവയാണ് ഭാസനാടകങ്ങളെന്നാണ് ഈ പദ്യത്തിൽ പറയുന്നത്. ഗണപതിശാസ്ത്രിയുടെ വ്യാഖ്യാനങ്ങൾ പഞ്ചസന്ധിസമന്വിതമാണ് ഭാസനാടകങ്ങളെന്നു തെളിയിക്കുന്നുണ്ട്. പ്രൊഫ. ധ്രുവയുടെയും വെങ്കടരാമശാസ്ത്രിയുടെയും ചില ഭാസനാടകങ്ങളുടെ അവതാരികകളിൽ വൃത്തിനിരൂപണം കാണാം,

## ഭാസന്റെ കാലം

ക്രി. മു. 6–4 നൂറ്റാണ്ടു മുതൽ ക്രി. പി. 11–ാം നൂറ്റാണ്ടു വരെ പണ്ഡിതന്മാർ ഭാസന്റെ കാലമെന്നു പറഞ്ഞുവരുന്നുണ്ട്. കാളിദാസനു മുൻപാണ് ഭാസൻ എന്ന് *മാളവികാഗ്നിമിത്ര*ത്തിന്റെ പ്രസ്താവനയിലെ ''പ്രഥിതയശസാം ഭാസസൗമില്ലകകവിപുത്രാദീനാം പ്രബന്ധാനതിക്രമ്യ കഥം വർത്തമാനകവേഃ കാളിദാസസ്യ ക്രിയായാം ബഹുമാനഃ'' (കീർത്തിമാന്മാരായ ഭാസൻ, സൗമില്ലകൻ, കവിപുത്രൻ മുതലായവരുടെ കൃതികളെ അതിക്രമിച്ച് എങ്ങനെ ഇന്നത്തെ കവിയായ കാളിദാസന്റെ കൃതിയിൽ ബഹുമാനം?) എന്ന പരാമർശത്തിൽനിന്ന് കാളിദാസന്നും എത്രയോ മുൻപാണ് ഭാസൻ എന്നു തെളിയുന്നു. ക്രി. പി. നാലാം നൂറ്റാണ്ടാണ് കാളിദാസന്റെ കാലമെന്ന് പൊതുവിൽ അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ കാലമായി ക്രി. മു. ഒന്നാം നൂറ്റാണ്ടിനെ കാണുന്നവരുമുണ്ട്. അങ്ങനെ ക്രി. മു. ഒന്നാം നൂറ്റാണ്ടിനു വളരെ മുൻപാണ് ഭാസൻ ജീവിച്ചിരുന്നതെന്നുറപ്പിക്കാം.

ബാലകാണ്ഡത്തിലെ പല ഭാഗങ്ങളും ഉത്തരകാണ്ഡം മുഴുവനും ഇല്ലാത്ത *വാല്മീകിരാമായണ*(പൂർവരൂപ)മായിരിക്കണം ഭാസൻ *പ്രതിമാനാടക*ത്തിനും *അഭിഷേകനാടക*ത്തിനും അടിസ്ഥാനമായി സ്വീകരിച്ചിരിക്കാവുന്ന ഗ്രന്ഥം. *മഹാഭാരത*ത്തിന്റെ കാര്യത്തിലും അതിലെ പിൽക്കാലപ്രക്ഷിപ്തങ്ങൾ പലതും കടന്നുകൂടിയിട്ടില്ലാത്ത മൗലികപാഠമായിരിക്കണം ഭാസന്റെ *മഹാഭാരത*രൂപകങ്ങൾക്ക് ആസ്പദം. ഉദയനനാടകങ്ങളുടെയും *ചാരുദത്ത*ത്തിന്റെയും *അവിമാരക*ത്തിന്റെയും ഉപാദാനങ്ങൾ നിശ്ചയിക്കാൻ പ്രയാസം. *ബൃഹത്കഥ* അദ്ദേഹം കണ്ടിരിക്കാം. അഥവാ തന്റെ കാലത്തെ പല

നാടോടിക്കഥകളിലൂടെ പ്രചരിച്ച ഉദയനാദികഥകളാവാം അദ്ദേഹത്തിന് അവലംബം. ബൗദ്ധ–ജൈനകഥകളിൽ ഭാസൻ പരിചയം നേടിയിട്ടുണ്ടാവാം. *ബാലചരിത*ത്തിന് ജനകീയകഥകളിലൂടെ പ്രചാരം നേടിയ കൃഷ്ണലീലകളോ *ഹരിവംശ*ത്തിന്റെയോ *വിഷ്ണുപുരാണ*ത്തിന്റെയോ ഏറ്റവും പ്രാചീനമായ രൂപങ്ങളോ ആവാം ഉപാദാനം.

നന്ദന്മാരുടെയും ചന്ദ്രഗുപ്തമൗര്യന്റെയും കാലത്തിനു വളരെ പിൻപാവില്ല ഭാസന്റെ കാലമെന്നതിന് ചില ചരിത്രസൂചനകൾ കാണാം. *പ്രതിജ്ഞായൗഗന്ധരായണ*ത്തിലും *അവിമാരക*ത്തിലും കാശിരാജാവിനെ പരാമർശിക്കുന്നു. ക്രി. മു. അഞ്ചാം നൂറ്റാണ്ടിൽത്തന്നെ കാശിരാജ്യം നാമാവശേഷമായി. ദർശകന്റെ കാലത്ത് മഗധയുടെ തലസ്ഥാനമായിരുന്ന രാജഗൃഹത്തെ *സ്വപ്നവാസവദത്ത*ത്തിൽ പരാമർശിക്കുന്നു. ബ്രഹ്മചാരി രാജഗൃഹത്തിൽനിന്നാണ് വരുന്നതെന്നു പറയുന്നു (*സ്വപ്നവാസവദത്തം* ഒന്നാമങ്കം) പാടലീപുത്രത്തിലേക്ക് മാറുന്നതിനു മുൻപ് (ക്രി. മു. ആറാം നൂറ്റാണ്ട്) മഗധയുടെ തലസ്ഥാനം രാജഗൃഹമായിരുന്നു. പിന്നീട് തലസ്ഥാനം പാടലിപുത്രമായി മാറി. നാഗവനം, വേണുവനം, രാജഗൃഹം, പാടലിപുത്രം എന്നിവയെല്ലാം പ്രസിദ്ധമാവുന്നത് ബുദ്ധനുശേഷമാണ്. ശാക്യശ്രമണകൻ, നഗ്നശ്രമണകൻ എന്ന പരാമർശങ്ങളും ബുദ്ധനുശേഷമാണ്, ഇതെല്ലാം സൂചിപ്പിക്കുന്നത് ഭാസൻ ജീവിച്ചിരുന്നത് ക്രി. മു. അഞ്ചാം നൂറ്റാണ്ടിലോ നാലാം നൂറ്റാണ്ടിലോ ആവാമെന്നാണ്.

*പ്രതിമാനാടക*ത്തിലെ ശാസ്ത്രങ്ങളെക്കുറിച്ചുള്ള സൂചനകൾ ശ്രദ്ധേയം. *മാനവീയം ധർമശാസ്ത്ര*മെന്നാണ് (*മനുസ്മൃതി*യെന്നല്ല), *മാഹേശ്വരം യോഗശാസ്ത്ര*മെന്നാണ് (*പാതഞ്ജലയോഗശാസ്ത്ര*മെന്നല്ല), *ബാർഹസ്പത്യമർഥശാസ്ത്ര*മെന്നാണ് (*കൗടലീയമർഥശാസ്ത്ര*മെന്നല്ല), മേധാതിഥേർന്യായശാസ്ത്രമെന്നാണ് (*ഗൗതമന്യായശാസ്ത്ര*മെന്നല്ല) അവിടെ പറയുന്നത്. ഇതിൽ *ബാർഹസ്പത്യം അർഥശാസ്ത്രം* എന്നതാണ് നമുക്ക് ശ്രദ്ധിക്കാനുള്ളത്. അത് കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ക്രി. മു. നാലാം നൂറ്റാണ്ടിനു മുൻപായിരിക്കണം കാലം. *പ്രതിജ്ഞായൗഗന്ധരായണ*ത്തിലെ "നവം ശരാവം'' എന്നു തുടങ്ങുന്ന ശ്ലോകം കൗടില്യന്റെ *അർഥശാസ്ത്ര*ത്തിൽ (10. 3) എടുത്തു ചേർക്കുന്നു. മറിച്ചാണെന്ന വാദം നിരാസ്പദമാണ്. കൗടില്യന്റെ *അർഥശാസ്ത്ര*ത്തിൽ പറയുന്ന പല സംഗതികളും ഭാസകൃതികളുമായി ഒത്തുപോകുന്നതുകൊണ്ട്



കൗടില്യനു ശേഷമാണ് ഭാസൻ എന്ന ഒരഭിപ്രായമുണ്ടെങ്കിലും അത് ശരിയല്ല. കാരണം, കൗടില്യൻ തന്നെ സൂചിപ്പിക്കുന്നതുപോലെ *അർഥശാസ്ത്ര*ത്തിലെ പല അഭിപ്രായങ്ങൾക്കും അദ്ദേഹം പൂർവസൂരികളോട് കടപ്പെട്ടിട്ടുണ്ട്. ഇവയ്ക്കു പുറമെ, പ്രാചീനമായ സ്ഖലിതങ്ങൾ, സംസ്കൃതശൈലി, പ്രാകൃത സ്ഖലിതങ്ങൾ, സാമൂഹ്യസ്ഥിതിഗതികൾ, ഭരതവാക്യങ്ങൾ എന്നിവ അപഗ്രഥിക്കുമ്പോഴും ഭാസന്റെ കാലം ക്രി. മു. നാലാം നൂറ്റാണ്ടിനിപ്പുറമാവാനിടയില്ല.

ഇനി നമുക്ക് ഭാസന്റേതാണെന്നു നാം നിശ്ചയിച്ചിട്ടുള്ള പതിമൂന്നു രൂപകങ്ങളിലെ കഥാസംഗ്രഹത്തിലേക്കു കടക്കാം.

★

# 3. കഥാസംഗ്രഹം

## 1. ബാലചരിതം

നാരായണനെ സ്തുതിച്ചുകൊണ്ടുള്ള വന്ദനശ്ലോകം ചൊല്ലി സൂത്രധാരൻ സദസ്സിനെ സംബോധന ചെയ്യുമ്പോൾ ആകാശ സഞ്ചാരിയായ നാരദൻ ഇറങ്ങിവരുന്നതു കാണുന്നു. എപ്പോഴും ശാന്തമായ ആകാശലോകത്തും അദ്ദേഹം സന്തോഷം കാണുന്നില്ല. താൻ സംഗീതത്തിലും സമൂഹത്തിൽ കലഹത്തിന്റെ വിത്തുകൾ വിതക്കുന്നതിലും തല്പരനാണ്. അതിലാണദ്ദേഹത്തിന് സന്തോഷം. കംസനെ വധിക്കുന്നതിന് ദേവകിയിൽ അപ്പോൾ പിറന്ന നാരായണന് ആദരങ്ങളർപ്പിക്കാൻ വന്നതാണ് താൻ. പുതുതായി ജനിച്ച കുഞ്ഞിനെ കൈയിലേന്തി വസുദേവന്റെ അടുത്തേക്ക് പതുക്കെ പോകുന്ന ദേവകിയെ അദ്ദേഹം കാണുന്നു. ഉണ്ണിക്കൃഷ്ണന്റെ രൂപത്തിൽ അങ്ങനെ കലഹത്തിന്റെ വിത്ത് മുളക്കുന്നതു കണ്ട് നാരദൻ ആ നാരായണനെ വലം വെച്ച് ബ്രഹ്മലോകത്തേക്ക് തിരിച്ചു. മുൻപ് പറഞ്ഞതുപോലെ ദേവകി കൈക്കുഞ്ഞുമായി പ്രവേശിക്കുന്നതോടെ ഒന്നാമങ്കം ശരിക്ക് ആരംഭിക്കുന്നു. കംസൻ അവളുടെ ആറു പുത്രന്മാരെയും കൊന്നു. അതുകൊണ്ട് അവൾ പുതുതായി പിറന്ന പുത്രന്റെ കാര്യത്തിൽ ഉൽകണ്ഠാകുലയാണ്. വസുദേവൻ അവളുടെ കൈയിലെ കുഞ്ഞിനെ കാണുന്നത് കംസമൃത്യു അവതരിച്ചതായിട്ടാണ്. കംസന്റെ കൈയിൽനിന്നു രക്ഷപ്പെടുന്നതിനുവേണ്ടി അവൾ കുട്ടിയെ എങ്ങോട്ടെങ്കിലും കൊണ്ടുപോകാൻ വസുദേവനെ ഏല്പിക്കുന്നു. അപ്പോൾ അർധരാത്രിയായിരുന്നു. എല്ലാവരും ഉറക്കത്തിലാണ്. ദേവകി പ്രസവിച്ചപ്പോൾ കുഞ്ഞിനെ എന്തു ചെയ്യണമെന്ന് വസുദേവന് ഒരു നിശ്ചയവുമുണ്ടായിരുന്നില്ല. പിന്നീട് അദ്ദേഹം ദേവകിയോട് കുഞ്ഞിനെയുമെടുത്ത് മഥുരയുടെ പടിവാതിലിനു പുറത്ത് പോയി നിൽക്കണമെന്നു പറഞ്ഞു. കൊടിയ ഇരുട്ടായിരുന്നു. കുഞ്ഞിന്റെ ശോഭകൊണ്ട് വസുദേവന് വഴി കഷ്ടിച്ച് കാണാമെന്നേയുള്ളൂ. യമുന വെള്ളപ്പൊക്കത്തിലാണ്. ഒരു നിമിഷം വിഷമിച്ചു നിന്നു. പിന്നെ യമുന മുറിച്ച് കടക്കാൻ നിശ്ചയിച്ചു. അത്ഭുതം! വഴി ഒരുക്കിക്കൊണ്ട് ജലം ഇരുവശത്തേക്കും മാറിനിന്നു. അങ്ങനെ അദ്ദേഹം യമുന കടന്ന് ഗോകുലത്തിലെത്തി അവിടെ കണ്ട ആലിന്റെ ചുവട്ടിൽ പുലരും വരെ നിന്നു. അവിടെ അദ്ദേഹത്തിന്റെ സുഹൃത്ത് നന്ദഗോപൻ, മരിച്ചുപോയ പെൺകുഞ്ഞിന്റെ ശവവും കൈയിലേന്തി അവിടെ നിൽക്കുന്നുണ്ടായിരുന്നു. വസുദേവൻ പേരെടുത്തു വിളിച്ച

പ്പോൾ നന്ദഗോപൻ ഒന്നു ഞെട്ടി. വല്ല രാക്ഷസനോ പ്രേതമോ ആണോ? അവസാനം വസുദേവനാണെന്നു മനസ്സിലായി. അന്യോന്യം കുശലങ്ങൾ കൈമാറി. വസുദേവൻ നിർബന്ധിച്ച തിനെത്തുടർന്ന് തനിക്ക് പുതുതായി പിറന്ന പെൺകുട്ടി മരിച്ചു പോയെന്ന സത്യം തുറന്നു പറഞ്ഞു. പിറ്റേന്നാൾ ഗേകുലത്തിൽ ഇന്ദ്ര യജ്ഞോത്സവം നടക്കുന്നതുകൊണ്ട് ഈ അശുഭവാർത്ത ആരുമറി യേണ്ടെന്നുവെച്ച് പത്നി യശോദ പോലും കാണാതെ താൻ കുഞ്ഞിനെ കളയാൻ കൊണ്ടു വന്നിരിക്കയാണ്. ചെറിയൊരു പ്രേരണ ചെലുത്തുകയും പഴയ കടപ്പാടുകൾ ഓർമിപ്പിക്കുകയും ചെയ്ത തിനുശേഷം വസുദേവന്റെ കൈയിലുള്ള ആൺകുട്ടിയെ സ്വീക രിക്കാൻ നന്ദഗോപൻ തയ്യാറായി. കുട്ടിയുടെ മാഹാത്മ്യം കൊണ്ട് അവിടെ ഒരു സലിലധാര ഉളവാകുകയും നന്ദഗോപൻ അതിൽ ശൗചം കഴിച്ച് പരിശുദ്ധനാവുകയും ചെയ്തു. കുട്ടിയെ എടുത്തപ്പോൾ ശക്തനായ നന്ദഗോപനുപോലും വലിയ ഭാരം തോന്നി. വസുദേവന്റെ നിർദേശപ്രകാരം കുട്ടിയോടുതന്നെ പ്രാർഥിച്ചതോടെ ഭാരം സാധാരണ നിലയിലായി. പ്രഭുവിന് പ്രണാമമർപ്പിക്കുന്നതിന് അഞ്ചു ദിവ്യായുധങ്ങളും ഗരുഡനും രംഗത്ത് പ്രത്യക്ഷപ്പെടുകയും ഗോകുലത്തിൽ ഗോപാലന്മാരായി അവതരിക്കാൻ തീരുമാനിക്കുക യും ചെയ്തു. കുട്ടിയെ വേണ്ടപോലെ വളർത്തിക്കൊള്ളാമെന് വസുദേവന് ഉറപ്പു കൊടുത്തതിനുശേഷം നന്ദഗോപൻ തിരിച്ചുപോയി. വസുദേവൻ മഥുരയിലേക്ക് തിരിക്കാനൊരുങ്ങുമ്പോൾ ഒരു കരച്ചിൽ കേൾക്കുകയും നന്ദഗോപന്റെ പെൺകുഞ്ഞ് മരിച്ചിട്ടില്ലെന്നും ബോധ്യമാവുകയും ചെയ്തു. അദ്ദേഹം കുട്ടിയെ എടുത്ത്, മുൻപത്തെപ്പോലെ യമുന കടന്ന്, നഗരവാതിൽ പിന്നിട്ട്, പഴയപോലെ തടവറയിൽ ചെന്ന് എല്ലാം ദേവകിയോട് പറഞ്ഞ് അവളെ ആശ്വസിപ്പിക്കാമെന്നു നിശ്ചയിച്ചു.

ഭൂകമ്പം കൊണ്ട് മാളികകൾ വീഴുക മുതലായ പല ദുശ്ശകുന ങ്ങളും കംസന് അനുഭവപ്പെട്ടുതുടങ്ങി. അദ്ദേഹത്തിന് അസാധാരാ ണങ്ങളായ പല ദർശനങ്ങളും ഉണ്ടായി. ചണ്ഡാലയുവതികൾ അദ്ദേഹത്തിന്റെ അടുത്തു ചെന്ന് തങ്ങളെ വിവാഹം കഴിക്കാന പേക്ഷിച്ചു. കംസൻ ഭയന്നുപോയി. അല്പം കഴിഞ്ഞപ്പോൾ അവർ അപ്രത്യക്ഷരായി. അനന്തരം, മധൂകനിൽ നിന്നു പുറപ്പെട്ട വജ്രബാഹു വെന്ന ശാപം ഭയങ്കരരൂപത്തിൽ വന്ന് കംസന്റെ ഹൃദയത്തിൽ പ്രവേ ശിക്കുമെന്ന് പ്രഖ്യാപിച്ചു. അവൻ വന്നയുടനെ മറയുകയും ചെയ്തു. കംസൻ ഉറങ്ങാൻ കിടന്നുവെങ്കിലും പല വിഭ്രമങ്ങളുമുണ്ടായി. ശാപം പരിവാരങ്ങളോടുകൂടി വീണ്ടും വന്നുവെങ്കിലും കംസന്റെ രാജശ്രീ



ആ വരവിനെ തടഞ്ഞു. ശാപം വിഷ്ണുവിന്റെ കല്പന യെക്കുറിച്ച് പറഞ്ഞപ്പോൾ അവൾ തിരിച്ചു പോയി. ശാപം കംസനെ ആശ്ലേഷിക്കുകയും അദ്ദേഹത്തിന്റെ ദേഹത്തിൽ പ്രവേശിച്ചതോടെ അപ്രത്യക്ഷമാവുകയും ചെയ്തു. കംസൻ പെട്ടെന്ന് ഉണർന്ന് പ്രതീഹാരിയെ വിളിച്ചു. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് പ്രതീഹാരി നൽകിയ മറുപടി ആരും കൊട്ടാരത്തിൽ കടന്നിട്ടില്ലെന്നാണ്. (കംസനൊഴിച്ച് ആർക്കും അതൊന്നും ദൃശ്യമായിരുന്നില്ല) കംസൻ കാഞ്ചുകീയനെ വിളിപ്പിച്ച് സാംവത്സരിക–പുരോഹിതന്മാരോട് കാര്യമെന്തെന്നറിയാൻ പറഞ്ഞു. ഒരു ദിവ്യാവതാരത്തെ സൂചിപ്പി ക്കുന്നവയാണ് ഈ ദുശ്ശകുനങ്ങളെന്നാണ് അവരുടെ അഭിപ്രായം. ദേവകി ഒരു പെൺകുട്ടിയെ പ്രസവിച്ചുവെന്ന് പിന്നീട് അറിവായി. ശിശു ആണോ പെണ്ണോ എന്ന് കൃത്യമായറിയാൻ വസുദേവന് ആളയച്ചു. ദേവകി പെൺകുഞ്ഞിനെയാണ് പ്രസവിച്ചതെന്ന് അദ്ദേഹം അറിയിച്ചു. കുഞ്ഞിനെ കണ്ട മാത്രയിൽ പെണ്ണെന്ന ഒരു പരിഗണനയൊക്കെ തോന്നിയെങ്കിലും, ദേവകിയുടെ പ്രതിഷേധ ങ്ങളുണ്ടായിട്ടും കംസൻ ആ പെൺകുട്ടിയെ കൊല്ലാൻ തന്നെ തീരുമാനിച്ചു. കംസശിലയിലടിച്ചപ്പോൾ, കുഞ്ഞ് രണ്ടായി ഒരംശം നിലത്ത് വിഴുകയും മറ്റേ അംശം മേല്പോട്ട് ഉയർന്ന് കാത്യായനീഭഗവതിയായി മാറുകയും ചെയ്തു. കാത്യായനി തന്റെ ആയുധങ്ങളോടുകൂടി പ്രവേശിക്കുന്നു. അവയെല്ലാം കംസനെ കൊല്ലുകയാണ് തങ്ങളുടെ ദൗത്യമെന്ന് പ്രഖ്യാപിക്കുകയും ഗോകുലത്തിൽ ഗോപാലകരായി അവതരിക്കുമെന്ന് ഒടുവിൽ നിശ്ചയിക്കുകയും തൽക്കാലം അപ്രത്യക്ഷമാവുകയും ചെയ്യുന്നു. ദുശ്ശകുനങ്ങൾ പോകാൻ വിപുലമായ ശാന്തികർമങ്ങളനുഷ്ഠിക്കാൻ കംസൻ നിർദേശിക്കുന്നതോടെ രണ്ടാമങ്കം അവസാനിക്കുന്നു.

മൂന്നാമങ്കത്തിലെ പ്രവേശകം നമ്മെ അറിയിക്കുന്നത്, ഗോകുല ത്തിൽ വന്നതു മുതൽക്കുള്ള ബാലകൃഷ്ണന്റെ ചരിതങ്ങളത്രേ. കന്നുകാലികൾക്ക് രോഗമില്ലായ്മ, എല്ലായിടത്തും കായ്കനികളുടെ സമൃദ്ധി എന്നിങ്ങനെ പൊതുവിൽ ഗേപാലരുടെ സന്തോഷം വർധിച്ചു. പൂതനയെ ചോര കുടിച്ച് കൊന്നത്; ഒരൊറ്റച്ചവിട്ടുകൊണ്ട് ശകടനെ വധിച്ചത്; അമ്മ തന്നെ പിടിച്ചു കെട്ടിയിട്ട ഉരൽ ഇടയിലൂടെ കടന്നുപോകുമ്പോൾ ഇരട്ടമരങ്ങളുടെ രൂപത്തിൽ വഴി മുടക്കിയ യമളാർജുനന്മാരെന്ന രാക്ഷസന്മാർ കൊല്ലപ്പെട്ടത്; കഴുതയുടെ വേഷം ധരിച്ച ധേനുകനെ പിൻകാൽ പനമരത്തിലെറിഞ്ഞ് കൊന്നത്; കുതിരയുടെ രൂപത്തിൽ വന്ന കേശിയെ അവന്റെ മേൽ കയറി ഓടിച്ചു വധിച്ചത് – ഇതൊക്കെയാണ് ദാമോദരനെന്ന ബാലകൃഷ്ണ

ന്റെ വീര ചരിതങ്ങളിൽ പ്രധാനം. ദാമോദരനും ജ്യേഷ്ഠൻ സങ്കർഷണ നും ഗോപസ്ത്രീകളുടെ കൂടെ ഹല്ലീസകനൃത്തം ചെയ്യാനൊരുങ്ങി. വൃദ്ധഗോപാലകനും യുവാക്കളായ ധാരാളം ഗോപന്മാരും ഗോപികമാരും ദാമോദരനോടും സങ്കർഷണനോടും യുവഗോപ ന്മാരോടുംകൂടി അണി നിരക്കുന്നതോടെ മുഖ്യരംഗം തുടങ്ങുന്നു. സംഗീതം മുഴങ്ങി. എല്ലാവരും ഹല്ലീസകത്തിൽ മുഴുകി. വൃദ്ധഗോപാ ലകൻ സാക്ഷിയായി എല്ലാം കണ്ടുകൊണ്ട് തൃപ്തനായി. അപ്പോൾ അരിഷ്ടർഷഭൻ എന്ന അസുരൻ സ്ഥലത്തു വന്നത് മനസ്സിലായി. സങ്കർഷണനും ഗോപയുവാക്കളും കന്യക മാരും, കാളയുടെ രൂപത്തിലുള്ള അസുരനും ദാമോദരനും തമ്മിലുള്ള യുദ്ധം കാണാൻ അടുത്തുള്ള ഒരു ചെറുകുന്നിന്റെ മുകളിലേക്കു പോകുന്നു. ഒരു വാഗ്‌യുദ്ധത്തിനുശേഷം, അരിഷ്ടർഷഭന് ആ കുട്ടിയുടെ ദിവ്യത്വവും ഒറ്റക്കാലിന്മേൽ നിൽക്കുന്ന അവനെ ഒന്നിളക്കു ക പോലും ചെയ്യാൻ കഴിയാത്ത തന്റെ അപ്രാപ്തിയും ബോധ്യമാ വുന്നു. എന്തായാലും, വിഷ്ണുവിന്റെ കൈ കൊണ്ട് മരിച്ചാൽ സ്വർഗം കിട്ടുമല്ലോ എന്നു വിചാരിച്ച് അരിഷ്ടർഷഭൻ യുദ്ധത്തിൽ ദാമോദര നോടെതിരിടുകയും ഒടുവിൽ രക്തം വാർന്ന് ചത്തുവീഴുകയും ചെ യ്തു. പിന്നീട് ദാമകൻ വന്ന് ദാമോദരനെ സ്വാഗതം ചെയ്യുകയും, കാളിയൻ യമുനയിൽ വന്നെന്നു കേട്ട് സങ്കർഷണൻ അവിടേക്കു പോകയാണെ ന്നറിയിക്കുകയും ചെയ്തു. താൻതന്നെ പോയി ആ സർപ്പരാജന്റെ അഹങ്കാരം അമർത്തുമെന്ന് ദാമോദരൻ പറയുന്നു.

കാളിയനുമായി യുദ്ധം ചെയ്യാൻ ദാമോദരൻ സന്നദ്ധനാണെന്നു കണ്ടപ്പോൾ ഗോപസുന്ദരിമാർ പേടിച്ചു. വെള്ളത്തിലിറങ്ങരുതെന്ന് അവർ അവനോട് പറയുകയും കാളിയൻ പാർക്കുന്നിടത്തേക്കു പോകുന്നതിൽനിന്നു തടയാൻ സങ്കർഷണനോട് അപേക്ഷിക്കുകയും ചെയ്യുന്നു. കാളിയൻ ഭയന്നിരിക്കയാണെന്നും കൃഷ്ണനെ വണങ്ങു കയാണെന്നും പറഞ്ഞ് സങ്കർഷണൻ അവരെ ആശ്വസിപ്പിക്കുന്നു. ദാമോദരൻ കയത്തിലേക്ക് കടക്കുന്നു. വൃദ്ധഗോപാലകനും സങ്കർഷണനും അവരുടെ യുദ്ധം നിരീക്ഷിക്കുന്നു. കാളിയൻ അമർത്തപ്പെടുകയും കൃഷ്ണൻ ഫണങ്ങൾക്കു മുകളിൽ നൃത്തം വെക്കുകയുമാണ്. അനന്തരം ദാമോദരൻ കാളിയനെ പിടിച്ച് അവനു മേൽ ഹല്ലീസകനൃത്തം ചവിട്ടുകയും മരങ്ങളിൽനിന്ന് പൂക്കൾ പറിക്കുകയുമാണ്. കാളിയൻ ഒന്ന് എതിർത്തുനിന്നുവെങ്കിലും കൃഷ്ണന്റെ മേൽ വമിക്കുന്ന വിഷം അവനെ കൊല്ലാൻ അപര്യാപ്ത മാണെന്നറിഞ്ഞ് അവന്റെ ദിവ്യത്വം മനസ്സിലാക്കുകയായിരുന്നു.



കാളിയൻ കൃഷ്ണന്റെ കരുണയ്ക്കു വേണ്ടി യാചിച്ചു. കാളിയന്റെ മേൽ ദിവ്യമായ കാലടിപ്പാടുകൾ പതിഞ്ഞതിനാൽ ഇനി ഗരുഡൻ ഉപദ്രവിക്കുകയില്ലെന്നും യമുന വിട്ടു പോകണമെന്നും ദാമോദരൻ പറഞ്ഞു. കാളിയൻ വിഷം പിൻവലിക്കുകയും തന്റെ പരിവാരങ്ങളോടുകൂടി ആ കയം വിട്ട് പോവുകയും ചെയ്തു. ദാമോദരൻ പൂക്കൾ ഗോപികൾക്ക് നൽകി. മഥുരയിൽ ധനുർ മഹോത്സവം നടക്കുകയാണെന്ന വാർത്തയുമായി ഒരു ദൂതൻ വന്ന് അനുയായികളോടുകൂടി ദാമോദരനെ അങ്ങോട്ടു ക്ഷണിച്ചു. (കംസനെ കൊല്ലുകയെന്ന) ദിവ്യദൗത്യത്തിന്റെ അടിസ്ഥാനത്തിൽ ദാമോദരനും സങ്കർഷണനും മഥുരയ്ക്കു പോകാൻ സമ്മതിച്ചു.

കംസൻ ദാമോദരന്റെയും സങ്കർഷണന്റെയും വരവ് കാത്തിരി ക്കുകയായിരുന്നു. മല്ലന്മാരെക്കൊണ്ട് അവരെ കൊല്ലിക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. മഥുരയിൽ വന്നതിനുശേഷം ധ്രുവസേനൻ അവരുടെ വർത്തമാനങ്ങളോരോന്നും ശേഖരിക്കുന്നുണ്ടായിരുന്നു. ദാമോദരൻ അലക്കുകാരെ ആക്രമിച്ച് വസ്ത്രങ്ങൾ കൈക്കലാക്കി യതും തന്നെ എതിരിടാനയച്ച ഉത്പലാപീഡമെന്ന ഗജവീരനെ കൊന്നതും പ്രധാനവീഥിയിൽ പ്രവേശിച്ചതോടെ കൂനിയായ മദനികയുടെ കൈയിൽനിന്ന് കുറിക്കൂട്ട് വാങ്ങി അവളുടെ കൂന് നിവർത്തിക്കൊടുത്തതും മാലാകാരന്മാരുടെ അങ്ങാടിയിൽ ചെന്ന് ധാരാളം പൂക്കളെടുക്കുകയും ധനുശ്ശാലാരക്ഷകനെ അടിച്ച് അവിടെനിന്നു വില്ലൊടിക്കുകയും ഉപസ്ഥാനത്തിനു നേരെ വരിക യും ചെയ്യുകയാണ്. ഇതെല്ലാം കേട്ട് കംസന്റെ ഹൃദയമിടിപ്പ് വർധിക്കുന്നു. അദ്ദേഹം മല്ലന്മാരായ ചാണൂരനോടും മുഷ്ടികനോടും ഉടനെ ചെന്ന് ദാമോദരനെയും സങ്കർഷണനെയും വധിക്കണമെന്ന് ആജ്ഞാപിച്ചു. ദാമോദരനും സങ്കർഷണനും യഥാക്രമം ചാണൂര നെയും മുഷ്ടികനെയും കൊല്ലുന്നു. പിന്നീട് ദാമോദരൻ മാളികയിൽ കയറി കംസനെ വധിച്ചു. കംസന്റെ സൈന്യം ദാമോദരന്റെയും സങ്കർഷണന്റെയും നേർക്ക് തിരിഞ്ഞു. പക്ഷേ വസുദേവൻ ഇടപെട്ട് മഥുരാവാസികളോട് അവർ തന്റെ മക്കളാണെന്നും യുദ്ധമൊന്നും പാടില്ലെന്നും പറയുന്നു. അവരാകട്ടെ പിതാവിനെ വന്ദിക്കുകയും അദ്ദേഹം അവരെ അനുഗ്രഹിക്കകയും ചെയ്തു. ശവങ്ങൾ നീക്കം ചെയ്യപ്പെട്ടു. വൃദ്ധനായ രാജാവ് ഉഗ്രസേനനെ തടവിൽനിന്ന് മോചിപ്പിക്കുകയും മഥുരയിലെ രാജാവായി അവരോധിക്കുകയും ചെയ്തു. കംസവധത്തിൽ ആഹ്ലാദിച്ചുകൊണ്ട് ദേവതൂര്യങ്ങൾ മുഴങ്ങി; പുഷ്പവൃഷ്ടി പൊഴിഞ്ഞു. ഉഗ്രസേനരാജാവ് രംഗത്തു വന്നു. അവസാനം നാരദൻ പ്രത്യക്ഷപ്പെട്ടു. ദാമോദരൻ അദ്ദേഹത്തി

ന് അർഘ്യപാദ്യങ്ങൾ നൽകി. നാരദൻ ദാമോദരനും നാരായണനും ഒന്നുതന്നെയെന്ന് മനസ്സിലാക്കുകയും സ്വർഗത്തിലേക്ക് തിരിച്ചുപോവുകയും ചെയ്തു. പതിവുള്ള ഭരതവാക്യത്തോടു കൂടി നാടകം അവസാനിക്കുന്നു.

## 2. മധ്യമവ്യായോഗം

നാന്ദ്യന്തത്തിൽ പ്രവേശിച്ച സൂത്രധാരൻ വിഷ്ണുവെ സ്തുതിച്ചുകൊണ്ടുള്ള മംഗളശ്ലോകം ചൊല്ലുമ്പോൾ ഒരു വൃദ്ധ ബ്രാഹ്മണൻ പത്നിയോടും മക്കളോടും സംസാരിക്കുന്ന ശബ്ദം കേൾക്കുന്നു. അവർ രാക്ഷസനായ ഘടോൽക്കചനാൽ ഉപദ്രവിക്കപ്പെടുകയാണ്. അങ്ങനെ മുഖ്യകഥാപാത്രങ്ങളെ പരാമർശിച്ച് സൂത്രധാരൻ രംഗം വിടുന്നു. ഘടോൽക്കചന്റെ ധർമസങ്കടം കാണികൾക്ക് താമസിയാതെ ബോധ്യപ്പെടുന്നു. ബ്രാഹ്മണരോടുള്ള ബഹുമാനം നിലനിൽക്കെത്തന്നെ അമ്മയുടെ ഭക്ഷണത്തിനുവേണ്ടി ഒരു ബ്രാഹ്മണനെ കൊണ്ടുപോകേണ്ട സ്ഥിതിയും ഘടോൽക്കചന്നുണ്ട്. അമ്മയുടെ ആജ്ഞ അനുസരിക്കാതിരിക്കാൻ നിവൃത്തിയില്ല. പാണ്ഡവന്മാരിൽ നാലുപേരും സ്ഥലത്തില്ലെന്നും ഭീമൻ മാത്രം അടുത്തെവിടെയോ കായികാഭ്യാസം നടത്തുന്നുണ്ടെന്നും ബ്രാഹ്മണ കുടുംബം മനസ്സിലാക്കാനിടയായി. രക്ഷപ്പെടാൻ വല്ല മാർഗവുമുണ്ടോ എന്ന് അവർ രാക്ഷസനോടുതന്നെ ചോദിക്കുന്നു. ഒരാളെ മാത്രമേ തനിക്കു വേണ്ടൂ എന്നും മറ്റുള്ളവരെ പോകാൻ അനുവദിക്കാമെന്നും രാക്ഷസൻ പറയുന്നു. തുടർന്ന് കുടുംബാംഗങ്ങൾ തമ്മിൽ ഒരു ചർച്ച നടക്കുന്നു. വൃദ്ധരായ അച്ഛനെയും അമ്മയെയും തനിക്കു വേണ്ടെന്ന് ഘടോൽക്കചൻ പറഞ്ഞ സ്ഥിതിക്ക് മക്കളുടെ കാര്യത്തിൽ ചർച്ച കേന്ദ്രീകരിക്കുകയും മൂത്ത മകനെ അച്ഛനും ഇളയ മകനെ അമ്മയും വിടാൻ വിസമ്മതിക്കവേ മധ്യമപുത്രൻ രാക്ഷസന്റെ കൂടെ പോകാൻ തയ്യാറെടുക്കുകയും ചെയ്യുന്നു. അതിനുമുൻപ് കുറച്ചു വെള്ളം കുടിക്കാൻ അവൻ ഘടോൽക്കചന്റെ അനുമതിയോടെ പോകുന്നു. അവൻ വരാൻ വൈകവേ, അവന്റെ പേരെന്തെന്ന് ഘടോത്കചൻ ബ്രാഹ്മണനോട് ചോദിച്ചപ്പോൾ കുപിതനായ അദ്ദേഹം പേര് പറയാതെ മധ്യമനെന്നാണ് പറഞ്ഞത്. ഘടോൽക്കചൻ 'മധ്യമാ' എന്ന് ഉറക്കെ വിളിച്ചപ്പോൾ കായികാഭ്യാസം നടത്തുന്ന ഭീമൻ വിളികേട്ട് അങ്ങോട്ട് വന്നു. അദ്ദേഹവും മധ്യമനാണല്ലോ – പാണ്ഡവമധ്യമൻ. ബ്രാഹ്മണന്റെ മധ്യമപുത്രനും അചിരേണ അങ്ങോട്ടു വന്നു. വൃദ്ധ ബ്രാഹ്മണന്റെ അപേക്ഷയനുസരിച്ച് ഭീമൻ ബ്രാഹ്മണപുത്രനെ രക്ഷിക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു. ഘടോൽക്കചൻ തന്റെ മകനാണെ



ന്നു മനസ്സിലാക്കിയ ഭീമൻ ബ്രാഹ്മണപുത്രനെ വിടാൻ അവനോട് നിർദേശിക്കുന്നു. രാക്ഷസൻ അനുസരിച്ചില്ല. ബ്രാഹ്മണ പുത്രനു പകരം അവനോടൊപ്പം താൻ വരാമെന്നു ഭീമൻ സമ്മതിച്ചു. ശക്തിയുണ്ടെങ്കിൽ ഘടോൽക്കചൻ തന്നെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോകട്ടെ; ഇല്ലെങ്കിൽ മാത്രം താൻ അയാളെ പിൻതുടരാം. ഘടോൽക്കചൻ യുദ്ധത്തിന് തയ്യാറെടുത്തു. ഒരു വന്മരവും പർവതക്കൊടുമുടിയും ഭീമന്റെ നേർക്കെറിഞ്ഞു വെങ്കിലും ഫലിച്ചില്ല. പിന്നീട് അവർ തമ്മിൽ ദ്വന്ദ്വയുദ്ധമായി. അതിൽ ഘടോത്കചൻ തോറ്റു. അവസാനം ഘടോൽക്കചൻ ഭീമനെ തന്റെ അമ്മ കൊടുത്ത മാന്ത്രികക്കയറുകൊണ്ട് കെട്ടാനൊരുങ്ങി. അതും പരാജയപ്പെടുകയാണുണ്ടായത്. ശക്തി കൊണ്ട് കാര്യമൊന്നുമില്ലെന്നു കണ്ട് ഘടോൽക്കചൻ ഭീമൻ പറഞ്ഞതുപോലെ സ്വയമേവ തന്നെ പിന്തുടർന്നുകൊള്ളട്ടെ എന്നു നിശ്ചയിച്ചു. എല്ലാവരും കൂടി ഹിഡിംബയുടെ വസതിയിലേക്കു പോയി. മകന്റെ വിളി കേട്ട് അവൾ രംഗത്തു വന്നു. അവൾക്ക് ഒറ്റനോട്ടത്തിൽത്തന്നെ ഭർത്താവായ ഭീമനെ മനസ്സിലായി. മകനോട് അച്ഛനെ നമസ്കരിക്കാൻ പറയുന്നു. ഒരാളെ ആഹാരത്തിനുവേണ്ടി കൊണ്ടുവരണമെന്നു മകനോട് പറഞ്ഞതുകൊണ്ട് ഭർത്താവിനെ തിരിച്ചുകിട്ടാനിടയായി എന്ന് അവൾ വിശദീകരിച്ചു. ഘടോൽക്കചൻ ബ്രാഹ്മണരെ നമസ്കരിച്ചു. ഭീമനും ഭാര്യയും മകനും അവരെ പടിവാതിൽക്കൽ വരെ അനുഗമിച്ചു. ഭരതവാക്യത്തോടെ *മധ്യമവ്യായോഗം* അവസാനിക്കുന്നു.

## 3. പഞ്ചരാത്രം

മുഖ്യകഥാപാത്രങ്ങളുടെ പേരുകൾ പാരാമർശിച്ചുകൊണ്ടുള്ള വന്ദനശ്ലോകത്തിനുശേഷം സൂത്രധാരൻ, ദുര്യോധനൻ നടത്തുന്ന മഹായജ്ഞത്തിന്റെ പ്രശംസ കേൾക്കുന്നു. മൂന്നു ബ്രാഹ്മണന്മാർ തമ്മിലുള്ള സംഭാഷണത്തിലൂടെ യജ്ഞത്തിന്റെ സവിസ്തര വിവരണം, യജ്ഞാഗ്നി, അതിൽ സംബന്ധിക്കുന്ന ബ്രാഹ്മണന്മാർ തുടങ്ങിയ കാര്യങ്ങളെപ്പറ്റി നാം മനസ്സിലാക്കുന്നു. അവരുടെ സംഭാഷണത്തോടുകൂടി വിഷ്കംഭകം അവസാനിക്കുന്നു. പ്രഥമാങ്കാരംഭത്തിൽ ശകുനി, കർണൻ, ദുര്യോധനൻ എന്നിവരാൽ അനുഗമിക്കപ്പെട്ടുകൊണ്ട് ഭീഷ്മനും ദ്രോണനും രംഗത്ത് പ്രവേശിക്കുന്നതായി ബ്രാഹ്മണർ പ്രഖ്യാപിക്കുന്നു. ക്ഷത്രിയചക്രവർത്തിമാരുടെ അവശ്യാനുഷ്ഠേയമായ യജ്ഞം വിജയകരമായി പൂർത്തിയാക്കിയതിൽ അവിടെ കൂടിയവരെല്ലാം ദുര്യോധനനെ അഭിനന്ദിച്ചു. പിന്നെ ദുര്യോധനൻ ദ്രോണൻ, ഭീഷ്മൻ, ശകുനി എന്നി

വരെ ആദരിക്കുകയും അവർ അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം സ്നേഹിതനായ കർണനെ ആശ്ലേഷിച്ചു. അനന്തരം ദ്രോണൻ ചടങ്ങിൽ പങ്കെടുക്കാൻ വന്ന രാജാക്കന്മാരെ പരിചയപ്പെടുത്തുന്നു. അവരുടെ വയഃക്രമമനുസരിച്ച് ദുര്യോധനൻ അവരിലോരോരുത്തരെയും നമസ്കരിക്കുകയോ അനുഗ്രഹിക്കുകയോ ചെയ്യുന്നു. ദ്രോണൻ അഭിമന്യുവെ ദുര്യോ ധനന്റെ മുൻപിൽ അവതരിപ്പിക്കുന്നു. അതോടൊപ്പംതന്നെ ശകുനി ജരാസന്ധപുത്രനായ സഹദേവനെ അവതരിപ്പിക്കുകയും ദുര്യോ ധനൻ അവനെ പിതൃസദൃശപരാക്രമനായിത്തീരുക എന്ന് അനുഗ്ര ഹിക്കുകയും ചെയ്തു. സന്നിഹിതരാജമണ്ഡലത്തിൽ വിരാടൻ ഉൾപ്പെടുന്നില്ലല്ലോ എന്ന് ദുര്യോധനൻ ശ്രദ്ധിക്കുന്നു. അദ്ദേഹത്തെ ക്ഷണിച്ചിരുന്നുവെന്നും ഒരുപക്ഷേ വഴിയിലായിരിക്കാമെന്നും ശകുനി ഓർമിപ്പിക്കുന്നു. അനന്തരം ദുര്യോധനൻ ദ്രോണന് ദക്ഷിണ ചെയ്യാൻ ആഗ്രഹിക്കുന്നു. ദ്രോണൻ മടിച്ചുമടിച്ചാണ് ദക്ഷിണ ഇന്നതാണ് വേണ്ടതെന്നു പറയാൻ തുടങ്ങുന്നത്. അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുന്നു. അത് ശ്രദ്ധിക്കുന്ന ഭീഷ്മൻ ദുര്യോധനന്റെ എല്ലാ പ്രയത്നവും ഗുരു ദുഃഖമനുഭവിക്കുമ്പോൾ നിഷ്ഫലമാകുമെന്നു ചൂണ്ടിക്കാട്ടുന്നു. ഗുരു ചോദിക്കുന്നതെന്തും താൻ നൽകുന്നതാണെന്നു ദുര്യോധനൻ അപ്പോൾ ദൃഢപ്രതിജ്ഞയെടുക്കുന്നു. തുടർന്ന് ദ്രോണൻ ദക്ഷിണ ഇന്നതാണെന്നു വ്യക്തമാക്കുന്നു. പാണ്ഡവർക്ക് അവരുടെ പങ്ക്, അതായത് പാതിരാജ്യം, നൽകണം. ഗുരു അത്തര മൊരാവശ്യം ഉന്നയിക്കുന്നതിനെ ശകുനി എതിർത്തു. ദ്രോണന് അത് അപമാനമായി തോന്നി. അവർ തമ്മിൽ നടന്ന വാഗ്വാദത്തിൽ ദുര്യോധനനും ഭീഷ്മനും ഇടപെട്ടു. കാര്യം ഗുരുതരമാകുന്നുണ്ടെന്നു കണ്ടപ്പോൾ ഭീഷ്മൻ ദുര്യോധനനെയും ദ്രോണനെയും സമാധാ നിപ്പിക്കാൻ ശ്രമിച്ചു. ശാന്തനായതിനുശേഷം ഗുരു, കുടുംബത്തിൽ നിലവിലുള്ള എല്ലാ തർക്കങ്ങളും പരിഹരിക്കുക എന്ന ഉദ്ദേശ്യ ത്തോടെയാണ് താൻ പ്രസ്തുതദക്ഷിണ ആവശ്യപ്പെടുന്നതെന്ന് ദുര്യോധനനോട് വിശദമാക്കി. ശകുനിയോട് ചർച്ച ചെയ്യട്ടെ എന്നായി ദുര്യോധനൻ. വാഗ്ദാനത്തിൽനിന്നു പിന്മാറരുതെന്ന് ദുര്യോധനനോട് പറഞ്ഞ്, ഏതെങ്കിലും കുതന്ത്രം പ്രയോഗിക്കാമെന്ന് ശകുനി ആലോചിക്കുന്നു. അങ്ങനെ ശകുനി കണ്ടുപിടിച്ച പോംവഴിയാണ് 'പഞ്ച രാത്രം'. അഞ്ചു രാത്രികൾക്കുള്ളിൽ ദ്രോണൻ പാണ്ഡവന്മാർ എവിടെയുണ്ട് എന്ന് കണ്ടുപിടിക്കണം. എങ്കിൽ ദുര്യോധനൻ പാണ്ഡവർക്ക് അവരുടെ



ഓഹരി കൊടുക്കും. ഈ നിബന്ധന പാലിക്കുക അസാധ്യമെന്ന് ദ്രോണൻ കണ്ടു. ഭീഷ്മൻ, പക്ഷേ, ദുര്യോധനൻ ദൃഢപ്രതിജ്ഞയെടുക്കണമെന്നും വാഗ്ദാനം പാലിക്കണമെന്നും ആഗ്രഹിക്കുന്നു. യജ്ഞച്ചടങ്ങിനു താൻ വരാതി രിക്കാൻ കാരണം, അജ്ഞാതനായ, നിരായുധനായ, ഒരാൾ തന്റെ ബന്ധുക്കളായ നൂറു കീചകന്മാരെ കൂട്ടക്കൊല ചെയ്തതുകൊണ്ടാ ണെന്ന വിവരം വിരാടരാജാവിന്റെ ദൂതൻ ദുര്യോധനനെ അറിയി ക്കുന്നു. ഭീമനാണ് ഈ കൂട്ടക്കൊല ചെയ്തതെന്നും പാണ്ഡവർ വിരാടനഗരത്തിലാണ് താമസിക്കുന്നതെന്നും ഭീഷ്മൻ അപ്പോൾ ത്തന്നെ ഊഹിക്കുന്നു. ഭീഷ്മനിൽനിന്ന് ഈ സൂചന കിട്ടിയതോടെ, ദ്രോണൻ പഞ്ചരാത്രമെന്ന നിബന്ധന സ്വീകരിക്കുന്നു. ഭീഷ്മൻ പിന്നീട് വിരാടനുമായുള്ള തന്റെ രഹസ്യമത്സരത്തെക്കുറിച്ച് സൂചിപ്പിക്കുകയും ഗോഗ്രഹണത്തിന് നിർദേശിക്കുകയും ചെയ്യുന്നു. വിരാടരാജാവിന്റെ വിപുലമായ ഗോസമ്പത്ത് കൈക്കലാക്കാൻ കൗരവർ യുദ്ധത്തിനു പുറപ്പെടണമെന്ന പ്രസ്തുതനിർദേശം എല്ലാവരും അംഗീകരിക്കുകയും സൈന്യം അങ്ങോട്ട് നീങ്ങുകയും ചെയ്യുന്നു.

രണ്ടാമങ്കത്തിന്റെ പ്രവേശകത്തിൽനിന്ന് വിരാടരാജാവിന്റെ ഗോപാലകന്മാർ തമ്മിലുള്ള സംഭാഷണത്തിലൂടെ കൗരവസൈന്യം വിരാടനഗരാതിർത്തി കടന്നുവെന്നും ഗോഗ്രഹണം തുടങ്ങിയെന്നും നാം മനസ്സിലാക്കുന്നു. വിവരമറിഞ്ഞയുടനെ വിരാടരാജാവ് യുദ്ധത്തിന് തന്റെ തേര് തയ്യാറാക്കാൻ ആജ്ഞ നൽകുകയും ഭഗവാനുമായി (അജ്ഞാതവാസകാലത്തെ യുധിഷ്ഠിരനുമായി) ചർച്ച നടത്തുകയും ചെയ്യുന്നു. എല്ലാ കൗരവരും ദ്രോണൻ, കൃപൻ, അഭിമന്യു എന്നിവരടങ്ങിയ സേനയോടുകൂടി ഗോഗ്രഹണത്തിന് വന്നിട്ടുണ്ടെന്നു വിരാടൻ പിന്നെ മനസ്സിലാക്കുന്നു. അല്പം കഴിഞ്ഞതിനുശേഷം, രാജകുമാരനായ ഉത്തരൻ അച്ഛനായ തന്റെ തേരുമെടുത്ത് യുദ്ധരംഗത്തേക്കു പോയിരിക്കയാണെന്ന വാർത്ത രാജാവിനു ലഭിക്കുന്നു. കടുത്ത ആക്രമണം ചെറുക്കാൻ അവനാകുമോ എന്ന് സംശയിച്ച് ഭഗവാൻ രാജകുമാരനെ തിരിച്ചുവിളിക്കണെമെന്നു പറഞ്ഞാലോ എന്ന് ആലോചിക്കുന്നു. ബൃഹന്നള (വിരാടനഗരത്തിൽ അജ്ഞാതവാസം നടത്തുന്ന അർജുനൻ) അവന്റെ തേരാളിയായി പോയിട്ടുണ്ടെന്ന വിവരം ലഭിച്ചപ്പോഴാകട്ടെ, ഭയപ്പെടാനില്ലെന്നുറപ്പിക്കുകയും ബൃഹന്നളയുടെ വൈദഗ്ധ്യത്തെപ്പറ്റി രാജാവിനോട് പറയുകയും ചെയ്യുന്നു. ക്രമേണ യുദ്ധരംഗത്തുനിന്ന് കൂടുതൽ വിവര ങ്ങൾ ലഭിക്കുന്നു. ഉത്തരന്റെ തേരിൽനിന്നു പുറപ്പെടുന്ന

ശരമാരി തടുക്കാൻ മറുഭാഗത്ത് അഭിമന്യു മാത്രമേ ഉള്ളു. അഭിമന്യുവിന്റെ വീര്യം കേട്ട് ഭഗവാൻ മറ്റൊരു തേരാളിയെക്കൂടി അയയ്ക്കണമെന്നു പറയാൻ ഭാവിക്കുകയായിരുന്നു. അപ്പോഴേക്കും കൗരവരെ അപ്പാടേയുദ്ധത്തിൽ തോല്പിച്ചോടിച്ചുവെന്ന വാർത്ത വന്നു. യുദ്ധം അവസാനിച്ച ഉടനെത്തന്നെ ഉത്തരരാജകുമാരൻ യുദ്ധവീരന്മാരുടെ പേരുകൾ പുസ്തകത്തിലാക്കാൻ ആരംഭിച്ചു.

യുദ്ധവിവരങ്ങൾ സദസ്സിനെ വിസ്തരിച്ചു കേൾപ്പിക്കാൻ രാജാവ് ബൃഹന്നളയെ വിളിപ്പിച്ചു. ബൃഹന്നള തന്റെ യുദ്ധകഥ പറയാൻ തുടങ്ങിയപ്പോഴേക്കും ഒരു ദൂതൻ വന്ന്, രാജകീയപാചകശാലയിലെ വെപ്പുകാരൻ നിരായുധനായി അഭിമന്യുവെ തേരിൽ കയറി പിടിച്ചു കൊണ്ടുവന്നതായി അറിയിച്ചു. അഭിമന്യുവിനെ വേണ്ടപോലെ ബഹുമാനിക്കാനും ബൃഹന്നളയോട് അയാളെ തന്റെ അടുത്തേക്ക് കൂട്ടിക്കൊണ്ടുവരാനും രാജാവ് നിർദേശിക്കുന്നു. അഭിമന്യുവെ കൊണ്ടുവന്നത് ഭീമനായിരുന്നു. ബൃഹന്നള അവരിരുവരെയും കണ്ടു. അഭിമന്യു അച്ഛനെയും വലിയച്ഛനെയും തിരിച്ചറിഞ്ഞില്ല. അവരുടെ മൂവരുടെയും സമാഗമരംഗം രസകരമായി നാടകകൃത്ത് വർണിക്കു ന്നുണ്ട്. അനന്തരം അഭിമന്യുവെ വിരാടരാജാവിന്റെ മുൻപിൽ ഹാജരാക്കുന്നു. അവന്റെ അഭിമാനബോധവും രോഷവും സ്വാഭാവികമായ രാജകീയസ്വഭാവവുമെല്ലാം രാജാവിനെ സന്തോഷിപ്പിച്ചു. അപ്പോൾ ഉത്തരൻ പ്രവേശിച്ച് പാണ്ഡവരുടെ സ്വത്വം വെളിപ്പെട്ട വിവരം പുറത്തുവിടുന്നു. തുടർന്ന് അഭിമന്യു അച്ഛനെയും മറ്റു മുതിർന്ന വരെയും യഥോചിതം ബഹുമാനിക്കുന്നു. അർജുനൻ ബൃഹന്നളയായി തന്റെ അന്തഃപുരത്തിൽ കഴിഞ്ഞത് വിരാടന് വളരെ പ്രീതിയുളവാക്കുന്നു. കൗരവാക്രമണത്തിൽനിന്ന് തങ്ങളെ രക്ഷിച്ച അർജുനന് തന്റെ മകളായ ഉത്തരയെ നൽകാൻ അദ്ദേഹം തയ്യാറായി. അർജുനൻ അവളെ അഭിമന്യുവിന്റെ വധുവായി സ്വീകരിക്കുന്നു. വിരാടന് സന്തോഷമായി. അന്നുതന്നെ വിവാഹം ആഘോഷിക്കാൻ നിശ്ചയിക്കുന്നു. ഉടൻതന്നെ ഭീഷ്മപിതാമഹനെ സമീപിക്കാനും എല്ലാ കൗരവരെയും ക്ഷണിക്കാനുമായി രാജാവ് ഉത്തരനെ പറഞ്ഞയയ്ക്കുന്നു.

മൂന്നാമങ്കം തുടങ്ങുന്നത് കൗരവരുടെ താവളത്തിലാണ്. എതിരാളികൾ അഭിമന്യുവെ പിടിച്ചുവെച്ചിരിക്കയാണെന്നും അവനെ മോചിപ്പിക്കേണ്ടത് ആവശ്യമാണെന്നും ദുര്യോധനാദികൾക്ക് തോന്നി. മോചനത്തിന് മുൻകൈയെടുക്കാൻ അദ്ദേഹം സ്വയം ഒരുങ്ങി. അദ്ദേഹം പറയുന്നു:



അഥ ച മമ സ പുത്രഃ പാണ്ഡവാനാം തു പശ്ചാത്
സതി ച കുലവിരോധേ നാപരാധ്യന്തി ബാലാഃ.

(3. 4. അവൻ എന്റെ പുത്രനാണ്; പിന്നെ മാത്രമേ പാണ്ഡവരുടേതാകുന്നുള്ളൂ. തറവാട്ടിൽ വിരോധമുണ്ടായതിൽ കുട്ടികൾ അപരാധികളല്ലല്ലോ.) കർണൻ ദുര്യോധനന്റെ സ്വഭാവത്തിന്റെ ഈ വശത്തെ പുകഴ്ത്തുന്നുവെങ്കിലും ശകുനി, പതിവുപോലെ, കുത്തുവാക്കുകൾ പറയുകയാണ്. അഭിമന്യുവിനെ പിടിച്ചതിന്റെ വിശദവിവര ങ്ങളറിഞ്ഞപ്പോൾ ഭീഷ്മനും ദ്രോണനും ഭീമനാണ് പിടിച്ചതെന്ന് ഊഹിക്കുന്നു. ശകുനി ഇതിലെല്ലാം അവിശ്വാസം പുലർത്തുകയാണ്. ഉത്തരനാണ് യഥാർഥത്തിൽ അർജുനനെന്നാണ് അദ്ദേഹം ഊഹിക്കു ന്നത്! വില്ലിന്റെ ഞാണൊലി കേട്ടാൽ അത് അർജുനന്റേതാണെ ന്നറിയാമെന് ഭീഷ്മൻ തിരിച്ചടിക്കുന്നു. അർജുനന്റെ സ്വത്വം അറിയുന്നതിന് മറ്റൊരു തെളിവും അദ്ദേഹം അവതരിപ്പിക്കുന്നു. ഭീഷ്മന്റെ രഥധ്വജത്തിൽ തറച്ച ശരം അദ്ദേഹത്തിന്റെ തേരാളി കൊണ്ടുവന്നു കാണിച്ചതാണ് ആ തെളിവ്. അർജുനന്റെ പേര് അതിലുള്ളത് വായിക്കാൻ പിതാമഹൻ ശകുനിക്ക് കൊടുത്തു വെങ്കിലും അത് വായിച്ച് വലിച്ചെറിയുകയാണ് ശകുനി ചെയ്തത്. അത് ചെന്നു വീണത് ദ്രോണന്റെ കാൽക്കലായിരുന്നു. ഗുരുവന്ദന മായാണ് അദ്ദേഹം അതിനെ കണ്ടത്. അത് മറ്റൊരർജുനനാ യിരിക്കാമെന്നാണ് ശകുനിയുടെ വാദം! പക്ഷേ ഉത്തരൻ യുധിഷ്ഠിര ന്റെ സന്ദേശവുമായി എത്തിയതോടെ എല്ലാ സംശയങ്ങൾക്കും നിവൃത്തിയായി. സന്ദേശത്തിൽ യുധിഷ്ഠിരൻ ഉത്തരയും അഭിമന്യുവും തമ്മിലുള്ള വിവാഹം നിശ്ചയിച്ചിരിക്കയാണെന്നും അതിന് എല്ലാവരെയും ക്ഷണിക്കുകയാണെന്നും ചടങ്ങ് വിരാടനഗര ത്തിൽ വെച്ചു വേണോ അതോ അവരുടെ സ്ഥലത്തുവെച്ചു വേണോ എന്നാണ് ഇനി തീരുമാനിക്കാനുള്ളതെന്നും എഴുതിയിരിക്കുന്നു. വിരാടനഗരത്തിൽ വെച്ചു മതി എന്ന് ശകുനി പറയുന്നു. ദ്രോണൻ അപ്പോൾ ദുര്യോധനനെ സമീപിച്ച് താൻ പഞ്ചരാത്രനിബന്ധന പാലിച്ചിരിക്കയാൽ വാഗ്ദാനം നിറവേറ്റണമെന്ന് ആവശ്യപ്പെടുന്നു. ദുര്യോധനൻ പാതിരാജ്യം പാണ്ഡവർക്ക് കൊടുക്കാൻ സമ്മതിക്കുന്നു. ഇത് ദ്രോണനെയും മറ്റെല്ലാവരെയും വളരെ ആഹ്ലാദിപ്പിക്കുന്നു. ദ്രോണൻ ഭരതവാക്യം ചൊല്ലുന്നതോടെ *പഞ്ചരാത്രം* അവസാനിക്കുന്നു.

4. ദൂതവാക്യം

ഉപേന്ദ്രനെ പ്രശംസിക്കുന്ന മംഗളശ്ലോകത്തിനുശേഷം സൂത്ര ധാരൻ അണിയറയിൽനിന്ന് കാഞ്ചുകീയന്റെ ശബ്ദം കേൾക്കുന്നു. ആസന്നമായ യുദ്ധത്തിൽ സേനാപതിയെ തിരഞ്ഞെടുക്കുന്നതിന് എല്ലാ രാജാക്കന്മാരെയും വിളിച്ചുവരുത്തുന്നതിനുള്ള വിളംബരം പുറപ്പെടുവിച്ചിരിക്കുകയാണ് ദുര്യോധനൻ. ആയുധാഗാരം തുടങ്ങിയ

എല്ലാ സംഭാരങ്ങളും ഒരുക്കിയിട്ടുണ്ട്. മുതിർന്നവരും രാജകുമാര ന്മാരുമെല്ലാം ഒത്തുചേർന്ന് അതതു സ്ഥലങ്ങളിൽ ഇരിക്കുന്നു. ആരാണ് കൗരവസേനയെ നയിക്കേണ്ടതെന്ന് ദുര്യോധനൻ ചോദിച്ച തിന്, ശകുനിയുടെ നിർദേശമനുസരിച്ച് ഭീഷ്മനെ വാഴിക്കണമെന്ന് തീരുമാനമായി. അപ്പോഴാണ് കാഞ്ചുകീയൻ കടന്നുവന്ന് പറയുന്നത്, പുരുഷോത്തമനാരായണൻ പാണ്ഡവരുടെ ദൂതനായി വന്നിരിക്ക യാണെന്ന്. ദുര്യോധനൻ സദസ്യരോടൊക്കെ ആജ്ഞാപിച്ചു, ആ ഗോപാലകനെ ആദരിച്ചുപോകരുതെന്ന്; ആരെങ്കിലും എഴുന്നേറ്റു നിന്നാൽ പിഴ വിളിക്കുമെന്ന്. കൃഷ്ണനെ അപമാനിക്കാൻ അദ്ദേഹം ഒരുപായം കണ്ടെത്തി – പാഞ്ടാലീവസ്ത്രാക്ഷേപം ചിത്രീകരിച്ച ഫലകം നോക്കി രസിക്കുകതന്നെ! കൃഷ്ണൻ സദസ്സി ലേക്ക് എഴുന്നള്ളിയതോടെ എല്ലാവരും എഴുന്നേറ്റുനിന്ന് അദ്ദേഹ ത്തെ ബഹുമാനിച്ചു. ദുര്യോധനൻ തന്നെ വെപ്രാളത്തിൽ സിംഹാസന ത്തിൽനിന്ന് തെന്നിവീണു. കൃഷ്ണൻ നിർദേശിച്ചതുപ്രകാരം ആ ചിത്രപടം അവിടെനിന്ന് അപ്രത്യക്ഷമായി. രാജ്യത്തിൽ പാണ്ഡവ രുടെ ഓഹരി വേണമെന്ന സന്ദേശം കൃഷ്ണൻ ദുര്യോധനനോട് പറഞ്ഞപ്പോൾ, ദുര്യോധനൻ അവരെ കഠിനമായി വിമർശിക്കുക യാണുണ്ടായത്. തുടർന്ന് കൃഷ്ണനും ദുര്യോധനനും തമ്മിൽ പരിഹാസപുരസ്സരവും വ്യക്തിപരമായ ദുസ്സൂചനകളടങ്ങുന്നതുമായ വാഗ്യുദ്ധത്തിലേർപ്പെട്ടു. ദുര്യോധനൻ തന്റെ സഹോദരന്മാരോടും ശകുനിയോടും അവിടെ കൂടിയ രാജാക്ക ന്മാരോടും കൃഷ്ണനെ ബന്ധിക്കുവാൻ പറഞ്ഞുവെങ്കിലും ആരും അതിന് തയ്യാറായില്ല. അതുകൊണ്ട് ദുര്യോധനൻ സ്വയമേവ കയറു കൊണ്ട് കൃഷ്ണനെ പിടിച്ചു കെട്ടാൻ തയ്യാറായി. കൃഷ്ണനാകട്ടെ വിശ്വരൂപം പ്രദർശിപ്പിച്ച് ആ ശ്രമത്തെ നിഷ്ഫലമാക്കിയെന്നു മാത്രമല്ല, അദ്ദേഹം സ്ഥലം വിടാനൊരുങ്ങുകയും ചെയ്തു. കൃ ഷ്ണൻ അങ്ങേയറ്റം കുപിതനായിത്തീരുകയും തന്റെ മുഖ്യായുധ മായ സുദർശനത്തെ വിളിച്ചുവരുത്തുകയും ചെയ്തു. സുദർശനം മനുഷ്യരൂപത്തിൽ ്ര



പത്യക്ഷപ്പെട്ട് സ്വാമിയെ വന്ദിച്ച് ദുര്യോധന നെ കൊല്ലാൻ മുതിർന്നു. പക്ഷേ, പാപികളെയും ഭീകരരെയും കൊന്ന് ഭൂമിയുടെ ഭാരം കുറ യ്ക്കാനുള്ള ദിവ്യദൗത്യം കൃഷ്ണന്റേതായതുകൊണ്ട് അതിൽനിന്നു പിന്തിരിയുകയും കൃഷ്ണ നെ അതേപ്പറ്റി ഓർമിപ്പിക്കുകയും ചെയ്തു.കൃഷ്ണൻ ശാന്തനാവുക യും വന്നിടത്തേക്കുതന്നെ മടങ്ങാൻ സുദർശനത്തോട് നിർദേശിക്കു കയും ചെയ്തു. അപ്പോഴേക്കും ശാർങ്ഗം, കൗമോദകി, പാഞ്ചജന്യം, എന്നിങ്ങനെ മറ്റെല്ലാ കൃഷ്ണായുധങ്ങളും അരങ്ങത്ത് പ്രത്യക്ഷപ്പെട്ടുവെങ്കിലും സുദർശനന്ദകം നത്തിന്റെ അഭ്യർഥനയനുസരിച്ച് മടങ്ങിപ്പോയി. അതിനു ശേഷം ഗരുഡൻ പ്രത്യക്ഷനായെ ങ്കിലും കൃഷ്ണനിർദേശപ്രകാരം സുദർശനത്തോടൊപ്പം തിരിച്ചുപോവുകയുമുണ്ടായി. കൃഷ്ണനും പോകാനൊരുങ്ങിയപ്പോൾ വൃദ്ധനായ ധൃതരാഷ്ട്രൻ അദ്ദേഹത്തിന്റെ കാൽക്കൽ വീണ് പ്രഭുവിനോടുള്ള ബഹുമാനം പ്രദർശിപ്പിച്ചു. പതിവുള്ള ഭരതവാക്യ ത്തോടെ *ദൂതവാക്യം* അവസാനിക്കുന്നു.

## 5. ദൂതഘടോൽക്കചം

സൂത്രധാരൻ നാന്ദിക്കുശേഷം, ഒരു ഭടന്റെ ശബ്ദം കേൾക്കുന്നു. അർജുനൻ സംശപ്തകന്മാരുമായി യുദ്ധത്തിനു ചെന്ന സമയം നോക്കി കൗരവന്മാർ അഭിമന്യുവെ ദാരുണമായി വധിച്ചതിനെക്കുറിച്ച് ധൃതരാഷ്ട്രനെ അറിയിക്കാൻ പുറപ്പെട്ട ഭടന്റെ ശബ്ദമായിരുന്നു അത്. ധൃതരാഷ്ട്രൻ അഭിമന്യുവധത്തിൽ പ്രതിഷേധിക്കുന്നു. കൊന്നത് ജയദ്രഥനാണെന്നറിഞ്ഞപ്പോൾ ഇനി ജയദ്രഥനില്ലെന്ന് തുറന്നു പറയുന്നു. ജയദ്രഥഭാര്യയായ ദുശ്ശള കരയുകയും വിധവയാ വാൻ തയ്യാറെടുക്കുകയും ചെയ്യുന്നു. ധൃതരാഷ്ട്രൻ ഗാന്ധാരിയോട് പാണ്ഡവന്മാരുടെ കൈകൾകൊണ്ട് വധിക്കപ്പെടുമെന്നുറപ്പായ മുഴുവൻ മക്കൾക്കും വേണ്ടി ശേഷക്രിയകൾ ചെയ്യാൻ പുണ്യഗംഗ യിലേക്കുപോകുന്നതിന് ഒരുങ്ങിക്കൊള്ളാൻ പറയുന്നു. അപ്പോൾ ദുര്യോധനനും ദുശ്ശാസനനും ശകുനിയും രംഗത്ത് വരികയും അഭി മന്യുവധത്തിൽ യുദ്ധവിജയം ഇനി ഉറപ്പാണെന്ന് ആഹ്ലാദിക്കുകയും ചെയ്യുന്നു. ശകുനിയുടെ പ്രതിഷേധം വകവെക്കാതെ ദുര്യോധനനും ദുശ്ശാസനനും ധൃതരാഷ്ട്രന്റെ ആശീർവാദം വാങ്ങാൻ അദ്ദേഹത്തെ സമീപിച്ചുവെങ്കിലും അദ്ദേഹം പതിവുപോലെ ആശീർവദിക്കുന്നില്ല. കാരണമാരാഞ്ഞപ്പോൾ ആശീർവാദങ്ങൾ നൽകാൻ സാധ്യ മല്ലെന്നാണ് അദ്ദേഹത്തിന്റെ മറുപടി. അവർ തങ്ങളുടെ എല്ലാ പ്രതീ ക്ഷകളും നഷ്ടപ്പെടുത്തിയിരിക്കയാണ്. കൃഷ്ണന്നും അർജുനന്നും

ക്കാൾ പ്രിയപ്പെട്ട അഭിമന്യുവിനെയാണ് കൗരവർ ദാരുണമായി കൊന്നത്. തുടർന്ന് തങ്ങൾ നൂറുപേരുടെയും ഒരേ യൊരു പെങ്ങളുടെ വൈധവ്യം അനുഗ്രഹമായി വാങ്ങിയിരിക്കയാണ വരെന്ന് പരിഹാസപൂർവം പറയുകയും അർജുനന്റെ വീരകർമങ്ങളെക്കുറിച്ച് ദുര്യോധനനോട് എടുത്തു പറഞ്ഞുവെങ്കിലും മകൻ അച്ഛനോട് അതേപ്പറ്റി തർക്കിക്കുകയാണു ണ്ടായത്. അപ്പോഴാണ് അതിഭയങ്കരമായൊരു ശബ്ദം ശത്രുപാളയ ത്തിൽനിന്നു കേട്ടത്. ജയദ്രഥനെ വധിക്കുമെന്ന അർജുനന്റെ ചെയ്തു. തുടർന്ന് അദ്ദേഹം പ്രതിജ്ഞാഘോഷമായിരുന്നു അത്. ദുര്യോധനൻ നിരാശനായില്ല.

ദ്രോണന്റെ നേതൃത്വത്തിൽ സൈന്യമെല്ലാം ചേർന്ന് ജയദ്രഥനെ സന്ധ്യ കഴിയും വരെ മറച്ചു വെക്കുമെന്നും അങ്ങനെ പ്രതിജ്ഞ നിറവേറ്റാൻ സാധിക്കാതെ ശത്രുക്കൾക്ക് അഗ്നിയിൽ ചാടി മരി ക്കേണ്ടിവരുമെന്നും ദുര്യോധനൻ വീരവാദം മുഴക്കുന്നു. ഭൂമിക്കടി യിലോ ആകാശത്തിലോ പോയൊളിച്ചാലും കൃഷ്ണൻ സഹായത്തി നുള്ള ആ ശരങ്ങൾ അവനെ കണ്ടുപിടിക്കാതിരിക്കില്ലെന്ന് ധൃത രാഷ്ട്രൻ തിരിച്ചടിക്കുന്നു. അപ്പോൾ അവിടേക്ക് കൃഷ്ണന്റെ ദൂതനായി ഘടോൽക്കചൻ വരികയാണ്. ദുര്യോധനന്റെ അപമാന കരമായ ഭാഷ വകവെക്കാതെ ദൂതൻ ധൃതരാഷ്ട്രനെ സമീപിക്കു കയും പാണ്ഡവന്മാരുടെയും തന്റെയും ബഹുമാനങ്ങൾ അദ്ദേഹ ത്തെ അറിയിക്കുകയും കൃഷ്ണന്റെ സന്ദേശം അദ്ദേഹത്തിന് കൈമാറുകയും ചെയ്തു. കൃഷ്ണന്റെ നാമശ്രവണമാത്രയിൽത്തന്നെ ധൃതരാഷ്ട്രൻ എഴുന്നേറ്റ് ഭഗവാനോടുള്ള ആദരം പ്രകടിപ്പിക്കുന്നു. അർജുനന്റെ ഒരേയൊരു മകന്റെ അകാലചരമത്തിലുള്ള അതിയായ ദുഃഖത്തിന്റെ അടിസ്ഥാനത്തിൽ, ധൃതരാഷ്ട്രൻ തന്റെ നൂറു മക്കളുടെയും വരാൻ പോകുന്ന മരണത്തെ താങ്ങാനുള്ള തയ്യാറെടുപ്പും ധൈര്യവും സംഭരിച്ചുകൊള്ളാൻ കൃഷ്ണൻ പറയുന്നു. ദുര്യോധനൻ, പക്ഷേ, ദൂതനെ വിടുന്നില്ല. ഘടോൽക്കചൻ ചുട്ട മറുപടിയും കൊടുക്കുന്നു. ദുഷ്ടരാജാക്കന്മാരുടെ നാശം കൊണ്ട് ഭൂമിയുടെ ഭാരം കുറയ്ക്കുമെന്ന് ഘടോൽക്കചൻ പറ യുന്നു. ശകുനിയും ദുശ്ശാസനനും കൂടി കൃഷ്ണനെയും ഘടോൽക്കച നെയും പറ്റി മതിപ്പ് കുറഞ്ഞ സ്വരത്തിൽ സംസാരിക്കുന്നു. അവർ രാക്ഷസന്മാരേക്കാൾ ക്രൂരന്മാരും കഠിനഹൃദയന്മാരുമാണെന്ന് ദുര്യോധനാദികൾ പറഞ്ഞപ്പോൾ അപ്പറഞ്ഞവരുടെയത്ര ക്രൂരത ഒരിക്കലും രാക്ഷസന്മാർ ചെയ്തിട്ടില്ലെന്ന് ഘടോൽക്കചൻ തിരിച്ച ടിക്കുന്നു. ദൂതനെന്ന നിലയ്ക്കുള്ള ഘടോൽക്കചന്റെ സുരക്ഷിതത്വ ത്തെക്കുറിച്ച് ദുര്യോധനൻ പരാമർശിച്ചപ്പോൾ കുപിതനായ തന്റെ



ഘടോൽക്കചൻ എല്ലാവരോടും തനിച്ചുതന്നെ യുദ്ധം ചെയ്യാൻ തനിക്കാവുമെന്ന് വെല്ലുവിളിക്കാൻ മടിച്ചില്ല. മറ്റൊരു ബാലവധത്തെ ഭയന്ന് ധൃതരാഷ്ട്രൻ ഘടോൽക്കചനെ സമാധാനിപ്പിച്ചു. കൃഷ്ണന് എന്തു മറുപടിയാണ് കൊടുക്കേണ്ടതെന്ന ചോദ്യത്തിന് ദുര്യോധനൻ വാക്യമില്ല. ശരങ്ങൾ മറുപടി കൊടുത്തുകൊള്ളുമെന്ന് ഉത്തരം പറഞ്ഞു. പിന്നീട് ഘടോൽക്കചൻ ധൃതരാഷ്ട്രനോട് വിട പറഞ്ഞ് തിരിച്ചു പോകാൻ പുറപ്പെട്ടു. എന്തായാലും അദ്ദേഹം കൃഷ്ണന്റെ അന്തിമ സന്ദേശം പറയാൻ മറന്നില്ല – അർജുനൻ പിറ്റേന്നാൾതന്നെ പകരം വീട്ടുന്നതാണെന്നതായിരുന്നു ആ സന്ദേശം. ഈ നാടകത്തിൽ ഭരത

## 6. കർണഭാരം

ദ്രോണനുശേഷം കൗരവസേനയുടെ ആധിപത്യം കർണനു മേൽ പതിക്കുന്നു. സൂത്രധാരൻ മംഗളശ്ലോകത്തിനുശേഷം ദുര്യോധനാജ്ഞയനുസരിച്ച് ഭടൻ കർണനോട് യുദ്ധകാലം അടുത്തതായി പറയുന്ന ശബ്ദം കേൾക്കുന്നു. കർണൻ, എന്താ യാലും, യുദ്ധവേഷത്തിൽ തേരാളിയായ ശല്യനോടൊപ്പം യുദ്ധരംഗത്തേക്കു പോവുകയാണ്. അതിനാൽ സന്ദേശം അയയ്ക്കേ ണ്ടതില്ലാത്തതുകൊണ്ട് ഭടൻ തിരിച്ചുപോകുന്നു. കർണൻ മങ്ങിയ ഒരു ഭാവത്തിലാണ്. അർജുനനുള്ളിടത്തേക്ക് തേര് തെളിക്കണമെന്ന് അദ്ദേഹം ശല്യനോട് നിർദേശിക്കുന്നു. പക്ഷേ, ആ സമയത്ത്, പാണ്ഡവന്മാര് തന്റെ കനിഷ്ഠസഹോദരന്മാരാണല്ലോ എന്ന് അദ്ദേഹത്തിന്റെ ഓർമയിൽ വരുന്നു. തുടർന്ന് അദ്ദേഹം താൻ വിവിധാസ്ത്രങ്ങൾ ബ്രാഹ്മണനെന്നപേരിൽ പരശുരാമനിൽനിന്ന് നേടിയ കഥ ശല്യനോട് പറയുന്നു. ഒടുവിൽ താൻ ബ്രാഹ്മണനല്ല, ക്ഷത്രിയനാണെന്നു വ്യക്തമായതും തുടർന്ന് ഗുരു യഥാകാലം അസ്ത്രങ്ങളൊന്നും ഫലിക്കാതെ പോകട്ടെ എന്നു ശപിക്കുന്നതും വിവരിക്കുന്നു. കർണൻ തന്റെ അസ്ത്രജ്ഞാനം പരീക്ഷിച്ചു നോക്കുന്നുണ്ടെങ്കിലും ഒന്നും ഫലിക്കുന്നില്ല. തന്റെ ദുഃഖത്തിൽ അദ്ദേഹം എല്ലാവരുടെയും ശാന്തിക്കും അനുഗ്രഹത്തിനുംവേണ്ടി പ്രാർഥിക്കുകയും ശല്യനോട് യുദ്ധരംഗത്തേക്കു പോകാൻ നിർദേശിക്കുകയും ചെയ്യുന്നു. പക്ഷേ, ഒരു ബ്രാഹ്മണൻ അദ്ദേഹത്തെ തടഞ്ഞ് മഹത്തായ ഭിക്ഷ യാചിക്കുന്നു. ബ്രാഹ്മണഭക്തനായ കർണൻ അദ്ദേഹത്തിന് പശുക്കളും കുതിരകളും ആനകളും ഭൂമി മുഴുവനും അഗ്നിഷ്ടോമഫലവും ഒടുവിൽ തന്നെത്തന്നെയും വാഗ്ദാനം ചെയ്യുന്നു. ബ്രാഹ്മണനാകട്ടെ അവയെല്ലാം നിരസിക്കുക യാണ്.

കർണന്റെ സഹജമായ കവചകുണ്ഡലങ്ങളാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. അതിൽ ഇന്ദ്രന്റെ ചതി കണ്ട ശല്യൻ കർണന് താക്കീത് നൽകുന്നു. എന്നാൽ, യജ്ഞപുണ്യവും ദാനവും മാത്രമേ ക്ഷണിക മായ ഈ ലോകത്തിൽ സ്ഥായിയായി നില നിൽക്കുന്നുള്ളൂ എന്നു പറഞ്ഞതിനുശേഷം കർണൻ, വാസ്തവത്തിൽ ഇന്ദ്രൻ വേഷം മാറിവന്ന ആ ബ്രാഹ്മണനെ തൃപ്തിപ്പെടുത്തുന്നു. കവച കുണ്ഡലങ്ങൾ വാങ്ങി ഇന്ദ്രൻ പോകുന്നു. പിന്നീട് വിമല എന്ന ശക്തി ഒരു ദേവദൂതൻ വശം കർണന് കൊടുത്തയയ്ക്കുന്നു. ബ്രാഹ്മ ണനാണ് തന്നതെന്നതു കൊണ്ടുമാത്രം കർണൻ അത് സ്വീകരിക്കു ന്നു. അനന്തരം കർണൻ തേരിലേറുകയും അർജുനനുള്ളി ടത്തേക്ക് പോവുക എന്ന് ശല്യനോട് നിർദേശിക്കുകയും ചെയ്യുന്നു. ഭരതവാക്യത്തോടെ *കർണഭാരം* ഉപസംഹരിക്കുന്നു.

### 7. ഊരുഭംഗം

സൂത്രധാരൻ പാരിപാർശ്വകനുമായി സംഭാഷണം ചെയ്തതിനു ശേഷം മൂന്നു ഭടന്മാർ പ്രവേശിക്കുന്നു. അവരുടെ സംഭാഷണങ്ങളി ലൂടെ പതിനെട്ടാം ദിവസത്തെ മഹാഭാരതയുദ്ധത്തിന്റെ സവിസ്തര വിവരണം നമുക്ക് ലഭിക്കുന്നു. പോർക്കളം മുഴുവൻ ശവങ്ങളെയും അവ തിന്നാൻ വന്നിരിക്കുന്ന കുറുക്കന്മാരെയും കഴുകന്മാരെയും കൊണ്ട് നിറഞ്ഞിരിക്കയാണ്. തുടർന്ന് ഭീമനും ദുര്യോധനനും തമ്മിൽ നടക്കുന്ന ഭയങ്കരമായ ഗദായുദ്ധമാണ്. വ്യാസൻ, വിദുരൻ, ബലരാമൻ, കൃഷ്ണൻ എന്നിവരുടെ സാന്നിധ്യത്തിൽ നടക്കുന്ന യുദ്ധം ഭടന്മാരുടെ വർണനയ്ക്ക് വിഷയമാകുന്നു. അവർ യുദ്ധത്തെ യഥാതഥമായി വർണിക്കുന്നു. രണ്ടാമത്തെ ഭടന്റെ അഭിപ്രായത്തിൽ ഭീമൻ കൂടുതൽ ബലവാനാണെങ്കിലും ദുര്യോധനനാണ് ഗദായുദ്ധം കൂടുതൽ അഭ്യസിച്ചിരിക്കുന്നത്. കുറേക്കഴിഞ്ഞപ്പോൾ തലയ്ക്ക് ഭയങ്കരമായ ഒരടിയേറ്റ് ഭീമൻ വീഴുന്നു. പാണ്ഡവന്മാർ ഉൽക്കണ്ഠാ കുലരാവുന്നു. ബലരാമൻ ശിഷ്യന്റെ ജയത്തിൽ സന്തോഷിക്കുന്നു. ഭീമനോട് ഭയപ്പെടേണ്ടതില്ലെന്നും അയാളുടെ ജീവൻ തന്റെ കൈയിലാണെങ്കിലും താൻ അയാളെ കൊല്ലുകയില്ലെന്നും ദുര്യോധനൻ പറയുന്നു. ഇതു കണ്ട് കൃഷ്ണൻ തന്റെ തുടയ്ക്കടിച്ച് രഹസ്യമായി ഭീമനോട് ഒരാംഗ്യം കാട്ടുന്നു. അത് ഭീമനിൽ ഒരു പുതുചൈതന്യം ഉളവാക്കുകയും അയാൾ എണിറ്റ് ഉശാറായി ഒരു വൻഗർജന ത്തോടെ പുതുതായി യുദ്ധത്തിന് തയ്യാറെടുക്കുകയും ചെയ്യുന്നു. കുറച്ചു സമയത്തെ യുദ്ധത്തിനുശേഷം, ഭീമൻ രണ്ടു കൈകളാലും ഗദയൊന്ന് ചുഴറ്റിക്കൊണ്ട്, കൃഷ്ണന്റെ മുദ്രയ്ക്കൊ



ത്ത്, ഗദായുദ്ധ ത്തിന്റെ പതിവുനിയമങ്ങൾക്ക് വിരുദ്ധമായി, ദുര്യോധനന്റെ തുടകൾ അടിച്ചുതകർക്കുന്നു. ദുര്യോധനൻ തുട തകർന്ന് ചോരയൊലിച്ച് നിലത്തു വീണു. അയാളുടെ പതനത്തോടെ വ്യാസൻ ആകാശത്തേ ക്ക് ഉയരുകയും ബലരാമൻ അന്യായമായ ഭീമന്റെ പെരുമാറ്റത്തിൽ കുപിതനാവുകയും ചെയ്തു. വ്യാസോപദേശമനുസരിച്ച് പാണ്ഡവ ന്മാർ കൃഷ്ണന്റെ സഹായത്തോടെ ഭീമനെ മറ്റെങ്ങോട്ടോ കൊണ്ടുപോയി.

വിഷ്കംഭകത്തെത്തുടർന്ന്, ബലരാമൻ താൻ ഭീമനെ കൊല്ലാൻ പോവുകയാണെന്നും അതുവരെയെങ്കിലും ദുര്യോധനൻ ജീവിച്ചിരിക്കണമെന്നും പറഞ്ഞ് രംഗത്ത് പ്രവേശിക്കുന്നു. ഇതു കേട്ട് ദുര്യോധനൻ വളരെ വിഷമിച്ച് ഇഴഞ്ഞുകൊണ്ട് ബലരാമനെ സമീപിച്ച്,

ജീവന്തു തേ കുരുകുലസ്യ നിവാപമേഘാഃ
വൈരം ച വിഗ്രഹകഥാ ച വയം ച നഷ്ടാഃ

(31. കുരുവംശത്തിന്റെ ആ നിവാപമേഘങ്ങൾ – ശ്രാദ്ധകർമം നടത്താനുള്ളവർ – ജീവിച്ചിരിക്കട്ടേ. ദ്വേഷവും യുദ്ധകഥയും ഞങ്ങളു മെല്ലാം നഷ്ടമായിരിക്കുന്നു) എന്നിങ്ങനെ സമാശ്വസിപ്പിച്ചു. എന്നാൽ ബലരാമൻ കൂടുതൽ ക്രുദ്ധനാവുകയും പാണ്ഡവന്മാരെ മുഴുൻ കൊല്ലുമെന്ന പ്രഖ്യാപനം ആവർത്തിക്കുകയുമാണ് ചെയ്യുന്നത്. ദുര്യോധനൻ, പക്ഷേ, ഋഷിസഹജമായ ശാന്തതയോടെ ഇനി അതി നൊന്നും പ്രസക്തിയില്ലെന്നും, ഭീമനല്ല, കൃഷ്ണനാണ് തന്നെ ചതിച്ച തെന്നും പറയുന്നു – കൃഷ്ണൻ ഭീമന്റെ ഗദയിൽ കടന്നു കൂടി തന്നെ മൃത്യുവിന് കൊടുക്കുകയായിരുന്നു.

അനന്തരം ധൃതരാഷ്ട്രനും ഗാന്ധാരിയും ദുര്യോധനന്റെ രാജ്ഞിമാരും മകൻ ദുർജയനും രംഗത്ത് വരുന്നു. എല്ലാവരും ദുഃഖിതർ. ദുര്യോധനനെ യുദ്ധരംഗത്ത് അന്വേഷിക്കുന്നവർ. ഇതാണ് ദുര്യോധനനെ അധികം ദുഃഖിതനാക്കുന്നത്, കായികമായ മുറിവുകളല്ല. തന്റെ രാജ്ഞികളുടെ വരവ് അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. അദ്ദേഹം പറയുകയാണ്: "ഭോഃ കഷ്ടം! യന്മമാപി സ്ത്രിയോ രുദന്തി.

പൂർവം ന ജാനാമി ഗദാഭിഘാത–
രുജാമിദാനീം തു സമർഥയാമി;
യന്മേ പ്രകാശീകൃതമൂർധജാനി
രണം പ്രവിഷ്ടാന്യവരോധനാനി."

(38. അയ്യോ കഷ്ടം! എന്റെ സ്ത്രീകൾ കൂടി കരയുകയാണ്! മുൻപ് ഗദയുടെ അടിയേറ്റ വേദന ഞാൻ അറിഞ്ഞിരുന്നില്ല. ഇപ്പോൾ

അതറിയുകയാണ്. എന്തുകൊണ്ടെന്നാൽ, എന്റെ രാജ്ഞിമാർ തലമുടി പുറമെ കാണിച്ചുകൊണ്ട് പടക്കളത്തിലേക്കു വന്നിരിക്കയാണല്ലോ!)

ഇനിയും കൂടുതൽ വരാനിരിക്കയാണ്. തന്റെ അച്ഛനമ്മമാരുടെ വരവും നമസ്കരിക്കണമെന്ന അച്ഛന്റെ ആഗ്രഹവും, ദുര്യോധനനെ എഴുന്നേൽക്കാൻ ശ്രമിക്കവേ വീഴ്ത്തുകയാണ്!

ധൃതരാഷ്ട്രൻ – വരൂ മോനേ! എന്നെ അഭിവാദ്യം ചെയ്യൂ.

രാജാവ് – ഇതാ, ഇതാ, ഞാൻ വരുന്നു. (എഴുന്നേൽക്കുന്നതായി അഭിനയിച്ച് വീഴുന്നുഃ അയ്യോ നിന്ദ്യംതന്നെ! ഇത് എനിക്കു കിട്ടുന്ന രണ്ടാമത്തെ അടിയാണ്. കഷ്ടം!

ഹൃതം മേ ഭീമസേനേന ഗദാപാതകചഗ്രഹേ

സമമൂരുദ്വയേനാദ്യ ഗുരോഃ പാദാഭിവന്ദനം.

ധ41. ഇന്ന് ഭീമസേനൻ എന്റെ തലമുടി പിടിച്ച് ഗദ കൊണ്ടടിച്ചപ്പോൾ രണ്ടു തുടകളോടൊപ്പം അച്ഛന്റെ കാലടിവന്ദനം കൂടിയാണ് കവരപ്പെട്ടത്!)പ

ദുര്യോധനനും ദുർജയനും തമ്മിൽ കണ്ടുമുട്ടുന്ന രംഗം കരുണരസം കര കവിയുന്നതും ഏറ്റവും ഉള്ളിൽ തട്ടുന്നതും സംസ്കൃത സാഹിത്യത്തിലൊരിടത്തും കാണാനാവാത്തതുമാകുന്നു. ദുര്യോധനന്റെ ഉള്ളു മുഴുവൻ പുറത്തു കൊണ്ടുവരുന്നതിന് പ്രസക്തഭാഗം (പദ്യ ങ്ങളൊഴിച്ചെല്ലാം മലയാളത്തിലാക്കി) പൂർണമായി ഉദ്ധരിക്കുന്നത് ആവശ്യമാണെന്നു തോന്നുന്നു:

ധൃതരാഷ്ട്രൻ – എന്റെ വസ്ത്രത്തുമ്പ് പിടിച്ചുവലിച്ച് വഴി കാണിക്കുന്ന അതാരാണ്?)

ദുർജയൻ – മുത്തശ്ശാ! ഞാൻ ദുർജയനാണ്.

ധൃതരാഷ്ട്രൻ – പൗത്ര ദുർജയാ! അച്ഛനെ അന്വേഷിക്കൂ.

ദുർജയൻ – മുത്തശ്ശാ! ഞാൻ തളർന്നിരിക്കയാണ്.

ധൃതരാഷ്ട്രൻ – പോകൂ, അച്ഛന്റെ മടിയിൽ വിശ്രമിക്കൂ.

ദുർജയൻ – മുത്തശ്ശാ! ഞാൻ പോവുകയാണ്. (അടുത്തു ചെന്ന്) അച്ഛാ! അങ്ങ് എവിടെ?

രാജാവ് – ഇവനും വന്നിരിക്കുന്നു. അഹോ! ഏതവസ്ഥയിലും ഹൃദയത്തിനകത്തുള്ള പുത്രസ്നേഹം എന്നെ ദഹിപ്പിക്കുന്നു. എന്തെന്നാൽ, ദുഃഖാനാമനഭിജ്ഞോ യോ മമാങ്കശയനോചിതഃ

നിർജിതം ദുർജയോ ദൃഷ്ട്വാ കിന്നു മാമഭിധാസ്യതി?

(42. ദുഃഖമെന്തെന്നറിയാത്തവനും എന്റെ മടിത്തട്ടിൽ കിടന്നുശീലിച്ചവനുമായ ദുർജയൻ കീഴടക്കപ്പെട്ട എന്നെ കണ്ട് എന്നോട് എന്താണാവോ ചോദിക്കുവാൻ പോകുന്നത്?)



ദുർജയൻ – [illegible]ഹാരാജാവ്. ഇദ്ദേഹം നിലത്തിരിക്കയാണ്.

രാജാവ് – മോനേ! എന്തിനാണിവിടെ വന്നത്?

ദുർജയൻ – അങ്ങ് വൈകുന്നല്ലോ എന്നു കണ്ട്.

രാജാവ് – കഷ്ടം! ഈ നിലയിലും പുത്രസ്നേഹം ഹൃദയത്തെ ദഹിപ്പിക്കുന്നു.

ദുർജയൻ – ഞാനും അങ്ങയുടെ മടിയിൽ കയറുകയാണ് (മടിയിൽ കയറുന്നു)

രാജാവ് – (തടഞ്ഞ്) ദുർജയാ! ദുർജയാ! അയ്യോ കഷ്ടം!

ഹൃദയപ്രീതിജനനോ യോ മേ നേത്രോത്സവഃ സ്വയം

സോയം കാലവിപര്യാസാച്ചന്ദ്രോ വഹ്നിത്വമാഗതഃ.

(43. മനസ്സിൽ പ്രീതിയുളവാക്കുന്നവനും താനേ എന്റെ കണ്ണിന് ഉത്സവമായിരിക്കുന്നവനുമായ ഈ ചന്ദ്രൻ കാലവൈപരീത്യം കൊണ്ട് അഗ്നിയുടെ അവസ്ഥയെ പ്രാപിച്ചിരിക്കുന്നു.

ദുർജയഃ– അങ്ക ഉപവേശം കിന്നിമിത്തം ത്വം വാരയസി? (മടിയിലിരിക്കുന്നത് അങ്ങ് എന്തുകൊണ്ടാണ് തടയുന്നത്?)

രാജാ – ത്യക്ത്വാ പരിചിതം പുത്ര! യത്ര തത്ര ത്വയാസ്യതാം

അദ്യപ്രഭൃതി നാസ്തീദം പൂർവഭുക്തം തവാസനം.

(44. പരിചയിച്ച ഇരിപ്പിടം വിട്ട് എവിടെയെങ്കിലും നീ ഇരുന്നുകൊള്ളുക. ഇന്നുമുതൽ നീ മുൻപ് പരിചയിച്ച ഈ നിന്റെ ഇരിപ്പിടം ഇല്ല.)

ദുർജയഃ– കുത്ര നു ഖലു മഹാരാജോ ഗമിഷ്യതി? (മഹാരാജാവ് എങ്ങോട്ടാണ് പോവുക?)

രാജാ – ഭ്രാതൃശതമനുഗച്ഛാമി (നൂറു സഹോദരന്മാരെ അനുഗമിക്കുകയാണ്)

ദുർജയഃ– മാമപി തത്ര നയ (എന്നെക്കൂടി അങ്ങോട്ട് കൊണ്ടുപോകൂ)

രാജാ – ഗച്ഛ പുത്ര! ഏവം വൃകോദരം ബ്രൂഹി. (പോകൂ മോനേ! ഇപ്രകാരം ഭീമനോട് പറയൂ.)

ദുർജയഃ– ഏഹി മഹാരാജ! അന്വിഷ്യസേ. ധവരൂ മഹാരാജാവേ! (അവർ അങ്ങയെ) അന്വേഷിക്കയാണ്)പ

രാജാ – പുത്ര! കേന? (മോനേ! ആര്?

ദുർജയൻ – മുത്തശ്ശനും മുത്തശ്ശിയും അന്തഃപുരത്തിലെ എല്ലാവരും.

രാജാവ് – പോകൂ മോനേ! എനിക്ക് വരാൻ ശക്തിയില്ല.

ദുർജയൻ – ഞാൻ അങ്ങയെ കൊണ്ടു പോകാം.

രാജാവ് – നീ കുട്ടിയാണ് മോനേ!

തന്റെ ഏറ്റവും പ്രിയപ്പെട്ട മകന് വിശ്രമസ്ഥാനമായ സ്വന്തം മടിത്തടം നൽകാനാവില്ലെന്ന നില ഏറ്റവും നിർദയമാണ് ദുര്യോധനനെ സംബന്ധിച്ചിടത്തോളം. ദുര്യോധനന്റെ ഈ ദയനീയസ്ഥിതി ധൃതരാഷ്ട്രനെ തന്റെ നൂറു പുത്രന്മാരുടെ മരണത്തെ ഓർമിപ്പിക്കുകയും അദ്ദേഹം ബോധം കെട്ട് വീഴുകയും ചെയ്തു. “അപരാങ്മുഖോ യുധി ഹതഃ” (പിന്തിരിഞ്ഞു നോക്കാതെയാണ് യുദ്ധത്തിൽ മരിച്ചത്) എന്നും ‘‘യേനൈവ മാനേന സമം പ്രസൂതസ്തേനൈവ മാനേന ദിവം പ്രയാമി’’ (ഏതൊരു മാനത്തോടുകൂടിയാണോ പ്രസവിച്ചത് അതേ മാനത്തോടുകൂടിയാണ് ഞാൻ സ്വർഗത്തിലേക്കു പോകുന്നത്) എന്നും പറഞ്ഞുകൊടുത്ത് അമ്മയെ സമാശ്വസിപ്പിക്കണമെന്ന് ദുര്യോധനൻ അച്ഛനോട് അപേക്ഷിക്കുന്നു.

നമസ്കൃത്യ വദാമി ത്വാം യദി പുണ്യം മയാ കൃതം

അന്യസ്യാമപി ജാത്യാം മേ ത്വമേവ ജനനീ ഭവ

(50. അങ്ങയെ നമസ്കരിച്ച് ഞാൻ പറയുന്നു: ഞാൻ പുണ്യം ചെയ്തിട്ടുണ്ടെങ്കിൽ അടുത്ത ജന്മത്തിലും അങ്ങ് തന്നെ എന്റെ അമ്മയായി ഭവിച്ചാലും) എന്ന പ്രസ്താവനയിലൂടെ അദ്ദേഹം അമ്മയോടുള്ള സ്നേഹാദരങ്ങൾ മുഴുവൻ പ്രകടിപ്പിച്ചിരിക്കുന്നു. താൻ വീരോചിതമായ മൃത്യുവാണ് വരിക്കാൻ പോകുന്നതെന്നും രാജാവെന്ന നിലയിലുള്ള കർമങ്ങളെല്ലാം സത്യസന്ധമായാണ് താൻ അനുഷ്ഠിച്ചതെന്നും വീരോചിതമായാണ് ഇനി മരിക്കുന്നതെന്നും അതിനാൽ കരയരുതെന്നും പത്നിമാരോട് അദ്ദേഹം നൽകുന്ന സന്ദേശവും എടുത്തുപറയത്തക്കതാണ്. ഒരു മഹാനായ വീരനു യോജിച്ചതുതന്നെയാണ് ദുര്യോധനൻ മകനെ ഉപദേശിക്കുന്നതും: ‘‘എന്നെയെന്നപോലെ പാണ്ഡവന്മാരെയും ശുശ്രൂഷിക്കുക; കുന്തിയമ്മയുടെ നിർദേശമനുസരിച്ച് പ്രവർത്തിക്കുക; അഭിമന്യുവിന്റെ അമ്മയെയും പാഞ്ചാലിയയും അമ്മയെപ്പോലെ പൂജിക്കുക; ‘ശ്ലാഘ്യശ്രീയും അഭിമാനദിപ്തഹൃദയനുമാണ് എന്റെ അച്ഛൻ, തുല്യനോട് നേർക്കുനേർ യുദ്ധം ചെയ്താണ് അദ്ദേഹം മരിച്ചത്’ എന്നോർത്ത് ശോകം ത്യജിക്കുക; യുധിഷ്ഠിരന്റെ പട്ടു പുതച്ച വിപുലമായ കൈ തൊട്ടുകൊണ്ട് മറ്റു പാണ്ഡവന്മാരോടൊപ്പം എന്റെ പേരു പറഞ്ഞ് നീ ജലമർപ്പിക്കുക.” പശ്ചാത്താപവും പരിശുദ്ധിയും കൈവന്ന ഒരാത്മാവിനു മാത്രമേ ഇപ്രകാരം ഉപദേശിക്കാനാവൂ.

അപ്പോൾ അശ്വത്ഥാമാവ് രംഗത്തേക്ക് കടന്നുവരികയും ദുര്യോധനന്റെ വിവരമറിഞ്ഞ് കോപിഷ്ഠനാവുകയും ചെയ്യുന്നു. തന്റെ അതൃപ്തിയുടെ ഫലമാണ് താനിപ്പോളനുഭവിക്കുന്നതെന്ന



(ഫലമപരിതോഷസ്യ) ദുര്യോധനന്റെ മറുപടിയൊന്നും ആ പ്രതികാരമൂർത്തിയെ തൃപ്തനാക്കിയില്ല. പാണ്ഡവന്മാരെയും കൃഷ്ണനെയും കൊല്ലുമെന്ന തന്റെ ആഗ്രഹം അദ്ദേഹം പ്രഖ്യാപിക്കുന്നു. ദുര്യോധനൻ തടഞ്ഞുവെങ്കിലും ഗുരുപുത്രനെ സമാധാനിപ്പിക്കാനായില്ല. അശ്വത്ഥാമാവ് മാനത്തിന്റെ കാര്യം പറഞ്ഞപ്പോൾ ദുര്യോധനൻ താൻ ചെയ്ത കുറ്റങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ പാണ്ഡവർ തെറ്റേ ചെയ്തിട്ടില്ലെന്ന് പറയുന്നു. ഇതൊന്നും അശ്വത്ഥാമാവിനെ ബോധ്യപ്പെടുത്താൻ മതിയായിരുന്നില്ല. ബലരാമനെ സാക്ഷിയാക്കി, പാണ്ഡവന്മാരോട് യുദ്ധം ചെയ്യുമെന്നു പ്രതിജ്ഞയെടുക്കുകയും ദുർജയനെ ചക്രവർത്തിയായി അഭിഷേചിക്കുകയും ചെയ്തപ്പോൾ പിന്നെ ദുര്യോധനൻ ഒന്നും മറുത്തു പറഞ്ഞില്ല. മരണ സന്ദർഭത്തിൽ ദുര്യോധനന് പൂർവികരുടെ ദർശനം ലഭിക്കുന്നു. ധൃതരാഷ്ട്രൻ രാജ്യം വെടിഞ്ഞ് തപോവനങ്ങളിലേക്ക് പോകുന്നു. അശ്വത്ഥാമാവ് സൗപ്തികവധം ലക്ഷ്യമാക്കി പുറപ്പെടുന്നു. ബലരാമൻ ശത്രുപക്ഷം നശിച്ച രാജാവ് ഭൂമിയെ രക്ഷിക്കട്ടെ എന്നു ബലരാമൻ ആശംസിക്കുന്നതോടെ *ഊരുഭംഗം* സമാപിക്കുന്നു.

## 8. പ്രതിമാനാടകം

മുഖ്യകഥാപാത്രങ്ങളുടെ മുഴുവൻ പേരുകൾ പരാമർശിക്കുന്ന മംഗളശ്ലോകം ചൊല്ലി സൂത്രധാരൻ നടിയെ വിളിച്ച് ശരൽകാലത്തെപ്പറ്റി പാടാൻ പറയുന്നു. നടി പാടുകയും സൂത്രധാരൻ ശരത്തിനെക്കുറിച്ച് ചില അഭിപ്രായങ്ങൾ പറയുകയും ചെയ്യുമ്പോൾ പിന്നിൽ നിന്ന് പ്രതിഹാരിയുടെ ശബ്ദം കേട്ട് ഇരുവരും രംഗത്തുനിന്ന് പിന്മാറുന്നതോടെ സ്ഥാപന അവസാനിക്കുന്നു. പ്രതിഹാരി കാഞ്ചുകീയനെ വിളിച്ച് രാമന്റെ അഭിഷേകത്തിനുള്ള ഒരുക്കങ്ങൾ വേഗത്തിലാക്കാൻ പറയുന്നു. ഛത്രവും വ്യജനവും പടഹവും ഭദ്രാസനവുമെല്ലാം തയ്യാറാണെന്നും വസിഷ്ഠനും മന്ത്രിമാരും പൗരന്മാരുമെല്ലാം സഭയിലുണ്ടെന്നും അദ്ദേഹം മറുപടി പറയുന്നു. പിന്നീട് കാഞ്ചുകീയൻ വിശുദ്ധസ്ഥലത്തേക്ക് പോവുകയും പ്രതിഹാരി ആചാര്യനോടും നടന്മാരോടും തയ്യാറായിനിൽക്കാൻ പറയുകയും ചെയ്തതിനുശേഷം മഹാരാജാവിനെ എല്ലാം സജ്ജമായെന്നറിയിക്കാൻ പോയി. അനന്തരം അവദാതിക നേപഥ്യപാലിനിയായ ആര്യരേവയിൽനിന്ന് തന്റെ അപേക്ഷ നിരസിച്ചതിന് ശിക്ഷിക്കാൻ കളിയായി പിടിച്ചുമാറ്റിയ വൽക്കലവുമായി വരുന്നു. പിന്നീട് സീത ചേടിമാരോടുകൂടി പ്രത്യക്ഷനിന്ന് കുറച്ച് ആഭരണങ്ങൾ സമ്മാനമായി സ്വീകരിക്കുകയും ചെയ്യു

ന്നു. ഒരു പെരുമ്പറനാദം കേട്ടുവെങ്കിലും പെട്ടെന്ന് അത് നിലയ്ക്കു കയും എല്ലാവരും ഉൽക്കണ്ഠാകുലരാവുകയും ചെയ്യുന്നു. അപ്പോൾ രാമൻ രംഗത്തു വരികയും അച്ഛന്റെ വാക്കു കേട്ട് താൻ ശാന്തനായി സിംഹാസനം ഉപേക്ഷിച്ചതിൽ ജനങ്ങൾ എന്താണിത്ര ആശ്ചര്യപ്പെ ടുന്നതെന്ന് വിസ്മയിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ പതിവു വേഷത്തിൽ ഒരു മാറ്റവും കാണാത്തത് രാമാഭിഷേകത്തിന്റെ വെളിച്ചത്തിൽ ഏവർക്കും ഒരു കടങ്കഥയായിരുന്നു. അനന്തരം രാമൻ സീതയോട് പറയുന്നു, ചില ചടങ്ങുകളിലൂടെ കടന്നുപോയതിനു ശേഷം മന്ഥര മഹാരാജാവിന്റെ ചെവിയിൽ എന്തോ മന്ത്രിച്ചപ്പോൾ അഭിഷേകം എങ്ങനെ വിച്ഛിന്നമായെന്ന്. പിന്നീട് രാമൻ സീതയോട്, അവൾ ആഭരണങ്ങൾ മാറ്റി വൽക്കലം ധരിച്ചതെന്തേ എന്ന് ചോദിക്കുന്നു. വെറും കൗതുകംകൊണ്ടെന്ന് അവളുടെ മറുപടി. ഒന്ന് തനിക്കും വേണമെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ സീത അദ്ദേഹത്തെ തടഞ്ഞു. തൊട്ടു മുൻപുണ്ടായ അഭിഷേകവിഘ്നത്തിനുശേഷം അത് ദുശ്ശകുനമായിരിക്കുമെന്ന് അവൾ പറഞ്ഞു. അപ്പോൾ, കൈകേയി യുടെ വിഷമിപ്പിക്കുന്ന ആവശ്യങ്ങൾ മൂലം മഹാരാജാവിന് ബോധം കെട്ടുവെന്ന വാർത്തയുമായി കാഞ്ചുകീയൻ അങ്ങോട്ട് വരുന്നു. ഭരതന് സിംഹാസനം കിട്ടുന്നതിനുവേണ്ടിയാണ് അവൾ രാമാഭിഷേ കം തടഞ്ഞത്. രാമൻ, പക്ഷേ, കൈകേയിയുടെ നടപടിയെ ന്യായീക രിക്കുകയും അവൾക്കെതിരായ ദുസ്സൂചനകൾ നിർത്തണമെന്ന് കാഞ്ചുകീയനോട് പറയുകയും ചെയ്തു. അനന്തരം വിക്ഷുബ്ധനും കുപിതനും വിഷമിച്ചവനുമായി ലക്ഷ്മണൻ അമ്പും വില്ലുമേന്തി സ്ത്രീലോകത്തെയാകെ അധിക്ഷേപിച്ചുകൊണ്ട് പ്രത്യക്ഷപ്പെടുന്നു. രാജ്യത്തിലുള്ള ആഗ്രഹം കൊണ്ടല്ല തന്റെ രോഷം പൊട്ടിപ്പുറപ്പെട്ട തെന്ന് അദ്ദേഹം രാമനോട് പറയുന്നു. തന്നെ വിഷമിപ്പിച്ചത് രാമൻ പതിനാലു സംവത്സരം വനവാസം നടത്തണമെന്ന വിധിയാണ്. ഇതാ ണ് അച്ഛനെ മോഹാലസ്യപ്പെടുത്തിയതെന്ന് രാമൻ മനസ്സിലാക്കി. അദ്ദേഹം സീതയോട് വൽക്കലം ചോദിക്കുകയും അവൾ മടികൂടാതെ അത് നൽകുകയും ചെയ്തു. രാമൻ കാട്ടിലേക്കു പോകാൻ തീരുമാനി ക്കുന്നു. സീത, ആദർശവതിയായ ഭാര്യയ്ക്ക് ചേരുമാറ്, രാമനെ അനുഗമിക്കാൻ തീർച്ചപ്പെടുത്തുന്നു. രാമൻ അവളെ പിന്തിരിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും ലക്ഷ്മണൻ അവളെ പിന്തുണയ്ക്കുകയാണ് ചെയ്തത്. പിന്നീട് ഒരു ചേടി വൽക്കലവുമായി വരികയും രാമൻ അത് സീതയെ ഉടുപ്പിക്കുകയും ചെയ്തു. ലക്ഷ്മണൻ വൽക്കല ത്തിൽ നിന്ന് ഒരുഭാഗം നൽകാനും അദ്ദേഹത്തോടൊപ്പം വനജീവിതം



പങ്കുവെക്കാനും അദ്ദേഹത്തെ അവിടെ സേവിക്കുന്നതിന് അനുവദിക്കാനും രാമനോടപേക്ഷിക്കുന്നു. ആദ്യം അയാളെ പിന്തിരിപ്പി ക്കാൻ ശ്രമിച്ചുവെങ്കിലും രാമൻ പിന്നീട് സീതയുടെ അപേക്ഷ പ്രകാരം ലക്ഷ്മണനെയും കൂടെ കൂട്ടാൻ നിശ്ചയിക്കുന്നു. മൂവരും വൽക്കലധാരികളായി ലക്ഷ്മണന്റെ നേതൃത്വത്തിൽ കാട്ടിലേക്കു പുറപ്പെട്ടു. സീത രാമന്റെ നിർദേശമനുസരിച്ച് എല്ലാവർക്കും സ്വതന്ത്രമായി കാണാൻ കഴിയുമാറ് മുഖമറ നീക്കുന്നു. ഹൃദയം തകർന്ന രാജാവ് അവരെ വനത്തിലേക്ക് പോകുന്നതിൽനിന്ന് തടയണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് കാഞ്ചുകീയൻ അങ്ങോട്ടു വരുന്നു. അവർ, പക്ഷേ, അദ്ദേഹത്തെ ഒഴിവാക്കി മുന്നോട്ടു പോവുകയാണുണ്ടായത്.

രണ്ടാമങ്കത്തിന്റെ മിശ്രവിഷ്കംഭകത്തിൽനിന്ന് കാഞ്ചുകീയനും പ്രതിഹാരിയും തമ്മിലുള്ള സംഭാഷണത്തിലൂടെ ദശരഥമഹാരാജാ വിന്റെ ദയനീയാവസ്ഥയും രാമ–സീതാ–ലക്ഷ്മണന്മാരുടെ വനയാത്ര യെത്തുടർന്നുള്ള അയോധ്യയിലെ പൗരന്മാരുടെ നിലയും നമുക്ക് അറിയാറാവുന്നു. കൗസല്യയാലും സുമിത്രയാലും ശുശ്രൂഷിക്ക പ്പെട്ടുകൊണ്ട് ദശരഥൻ സമുദ്രഗൃഹത്തിൽ അബോധാവസ്ഥയിൽ കഴിയുകയാണ്. അദ്ദേഹം എപ്പോഴും കരഞ്ഞുകൊണ്ട് മൂവരും പോയ വഴി നോക്കി എഴുന്നേൽക്കുകയും വീഴുകയും ചെയ്തുകൊണ്ടി രിക്കുന്നു. ഈ സ്ഥിതിയിലുള്ള ദശരഥന്റെ പ്രവേശത്തോടുകൂടി യാകുന്നു മുഖ്യരംഗം. രാജാവ് വിരഹദുഃഖം അതിന്റെ പരമകാഷ്ഠ യിൽ അനുഭവിച്ചുകൊണ്ടിരിക്കയാണ്. ദുഃഖം നിയന്ത്രിക്കാനോ സഹിക്കാനോ അദ്ദേഹത്തിന് കഴിയുന്നില്ല. അദ്ദേഹത്തിന്റെ ഇന്ദ്രിയ ങ്ങൾ പ്രവർത്തിക്കാതായി. അടുത്തു വരുന്ന ആളുകളെ തിരി ച്ചറിയാൻ കഴിയാതായി. ഒരു ചോദ്യത്തിന് മറുപടിയായി കൗസല്യ രാമൻ വേഗം മടങ്ങിവരുമെന്ന് രാജാവിനെ ആശ്വസിപ്പിക്കുമ്പോൾ അവളാരാണെന്നാണ് രാജാവ് ചോദിക്കുന്നത്. സുമിത്രയുമായി സംസാരിക്കുമ്പോഴും രാജാവിന് ഇതുപോലെ പരസ്പരബന്ധം വിട്ടു പോകുന്നു. അദ്ദേഹത്തിന് ഈ മൂവരും വിട്ടുപോയതിലുള്ള ദുഃഖ ത്തിനു പുറമെ കൈകേയിയോടുള്ള വെറുപ്പെന്ന ഒരു വികാരമേ ഉള്ളൂ. കാഞ്ചുകീയൻ സുമന്ത്രൻ തിരിച്ചുവന്നുവെന്ന വിവരം അറിയി ക്കുമ്പോൾ രാമനും മറ്റും തിരിച്ചുവന്നുവോ എന്നാണ് രാജാവ് ചോദി ക്കുന്നത്. ഇല്ലെന്ന മറുപടി ലഭിച്ചപ്പോഴാകട്ടെ, മൃത്യുദേവൻ തന്നെ (ദശരഥനെ) കൊണ്ടുപോകാൻ അയച്ച രഥമായിരിക്കാം സുമന്ത്രൻ കൊണ്ടുവന്നതെന്ന് അദ്ദേഹം പറയുന്നു. കുട്ടികളുടെ ധർമവിചാ രവും ഗുണങ്ങളും വെളിപ്പെടത്തക്ക ചോദ്യങ്ങൾ സുമന്ത്രനോട് ചോദി

ക്കുകയും സ്വയം ശകാരിക്കുകയുമാണ് രാജാവ്. അവരുടെ പേരുകൾ പോലും അദ്ദേഹത്തിന് ആശ്വാസം പകരുന്നു. ധർമനിരതനായ മകനെന്ന നിലയിൽ രാമനെയും, അർപ്പിതചേതസ്സായ സോദരനെന്ന നിലയിൽ ലക്ഷ്മണനെയും സ്വന്തം പ്രഭുവിന്റെ നിഴലെന്ന നിലയിൽ സീതയെയും എല്ലായ്പ്പോഴും ചിന്തിക്കുകയാണദ്ദേഹം. മൂവരും ശൃംഗിവേരപുരത്തിൽ തേരിറങ്ങി അയോധ്യയുടെ നേരെ അല്പനേരം നോക്കിനിന്നുവെന്ന് സുമന്ത്രൻ ദശരഥനോട് പറയുകയുണ്ടായി. അവർ ദശരഥന് തങ്ങളുടെ ആദരമർപ്പിക്കുകയും അവസാനം ഒന്നും മിണ്ടാതെ കാട്ടിലേക്ക് മറയുകയും ചെയ്തു. ഇത് രാജാവിന് വലിയ നിരാശയ്ക്കിടയാക്കി. ഇത് അദ്ദേഹത്തിന് വലിയൊരടിയാവുകയും അദ്ദേഹം മോഹാലസ്യപ്പെടുകയും ചെയ്തു. അദ്ദേഹം ഭാഗികമായി അതിൽനിന്ന് മുക്തനായെങ്കിലും വിരുദ്ധോക്തിയും പരിഹാസവും നിറഞ്ഞ ഒരു സന്ദേശം കൈകേയിക്ക് നൽകുകയാണ് ചെയ്തത്. അനന്തരം രാജാവ് തന്നെ ആശ്വസിപ്പിക്കാൻ വരുന്ന പൂർവികരെ ദർശിക്കു ന്നു. ചുണ്ടിൽ രാമൻ, വൈദേഹി, ലക്ഷ്മണൻ എന്നീ പേരുകളോടെ രാജാവ് പ്രാണൻ വെടിയുന്നു. അദ്ദേഹത്തിന്റെ ജഡശരീരം വസ്ത്രത്തിൽ പൊതിയു ന്നതു കണ്ട് എല്ലാവരും കണ്ണീർ പൊഴിക്കുന്നു.

മൂന്നാമങ്കത്തിന്റെ പ്രവേശകത്തിൽ സുധാകാരൻ (വെള്ള വീശുന്നവൻ) ജോലി തീർന്നശേഷം അല്പം കിടക്കുമ്പോൾ ഒരു ഭടൻ വന്ന് അയാളെ ശകാരിക്കുകയും തല്ലുകയും ചെയ്യുന്നു. അമ്മത്തമ്പുരാട്ടിമാർ പ്രതിമാഗൃഹം സന്ദർശിക്കാനുദ്ദേശിക്കുന്നതുകൊണ്ട് അതിലെ ചുമരുകൾക്ക് വെള്ള വീശുകയും വാതിലുകളെ മാല്യങ്ങൾ കൊണ്ട് അലങ്കരിക്കുകയും പ്രാവിൻകൂടുകൾ വൃത്തിയാക്കുകയും വഴിയിൽ വെൺമണൽ വിരിക്കുകയും പൂക്കൾ വിതറുകയും ചെയ്ത് എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയെന്ന് പ്രവേശകത്തിൽനിന്ന് നാമറിയുന്നു. സൂതൻ തെളിക്കുന്ന രഥത്തിൽ ഭരതൻ പ്രവേശിക്കുന്നതോടെ മുഖ്യരംഗം ആരംഭിക്കുന്നു. അമ്മാമനോടൊപ്പം ദീർഘകാലം താമസിച്ചതുകൊണ്ട് അയോധ്യ മിക്കവാറും അപരിചിതം പോലെയായി. അച്ഛന്ന ഗുരുതരമായ അസുഖമാണെന്നേ ഭരതന്നറിയൂ. രാജാവിന്റെ അസുഖത്തെപ്പറ്റി ഭരതൻ സൂതനോട് ചോദിച്ചുവെങ്കിലും ഒഴിഞ്ഞുമാറുന്ന തരത്തിലുള്ള മറുപടികളിലൂടെ രാജാവ് മരിച്ചുവെന്ന സൂചനയാണ് കിട്ടുന്നത്. ഭരതൻ വ്യാഖ്യാനിക്കുന്നത് മറ്റൊരു തരത്തിലാണെന്നു മാത്രം. എങ്കിലും കൃത്യമായ വിവരം ലഭിക്കാത്തതിനാൽ അദ്ദേഹം അസ്വസ്ഥനാണ്. ഏതായാലും, അയോധ്യയിലേക്ക് വേഗം തേരു വിടാൻ ഭരതൻ സൂതനോട് ആജ്ഞാപിക്കുന്നു. രഥവേഗം ഭരത



ന്റെ ശ്രദ്ധ തിരിക്കുന്നു. അദ്ദേഹം പറക്കുന്ന മരങ്ങളുടെയും വെള്ള പ്പൊക്കമാർന്ന നദികളുടെയും നിശ്ചലമായ ചക്രങ്ങളുടെയും മറ്റും മനോഹരമായ ചിത്രീകരണം നടത്തുന്നു. അയോധ്യയുടെ അതിർ ത്തിയിലെത്തിയപ്പോൾ ഭരതൻ അയോധ്യാരാജധാനിയിൽ താൻ ചെയ്യാൻ പോകുന്നത് വിഭാവനം ചെയ്യുന്നു. താൻ പിതാവിന്റെ കാൽ ക്കൽ വീഴുന്നു; അമ്മമാരുടെ കണ്ണീരുകളിൽ കുതിരുന്ന; ഭൃത്യന്മാർ തന്നെ പ്രശംസിക്കുന്ന; അസാധാരണമായ വസ്ത്രധാരണത്തിന്റെ യും ഉച്ചാരണവ്യത്യാസത്തിന്റെയും പേരിൽ ലക്ഷ്മണൻ തന്നെ പരി ഹസിക്കുന്നു – ഇതിൽ മിക്കതും ശരിയാവുന്നു, മറ്റൊരർഥത്തിലാ ണെന്നു മാത്രം! സൂതന് യജമാനനോട് അങ്ങേയറ്റം സഹാനുഭൂതി യുണ്ട്. പക്ഷേ, സത്യം വെളിപ്പെടുത്താൻ നിവൃത്തിയില്ല. അച്ഛന്റെ മരണം, അമ്മയുടെ അത്യാഗ്രഹം, ജ്യേഷ്ഠന്റെ വനവാസം – ഈ മൂന്നും ഭരതന് കഠോരമായ ആഘാതമാവും. അപ്പോൾ ഉപാധ്യായന്റെ സന്ദേശവുമായി ഒരു ഭടൻ വരുന്നു. ഒരു നാഴിക കൂടി കൃത്തിക ബാക്കിയുണ്ട്. രോഹിണിയായാൽ അപ്പോൾ അയോധ്യയിലേക്ക് കടക്കാം. അതുവരെ കാത്തിരിക്കുകയേ വഴിയുള്ളൂ. ഭരതൻ തേരിൽ നിന്നിറങ്ങി. അല്പനേരം സൂതനെ അകറ്റിനിർത്തി. അടുത്ത് മരങ്ങൾക്കിടയിൽ കാണുന്ന ക്ഷേത്രത്തിൽ (വാസ്തവത്തിൽ അത് പ്രതിമാഗൃഹമാണ്) വിശ്രമിക്കാൻ നിശ്ചയിച്ചു. അവിടത്തെ പ്രത്യേകമായ ഒരുക്കങ്ങൾ കണ്ടപ്പോൾ ഭരതന് ഒരു ഉത്സവദിവസമാണെന്നു തോന്നി. പക്ഷേ പ്രഹരണം ധ്വജം മുതലായ ബാഹ്യചിഹ്നങ്ങളൊന്നും കാണാത്തതുകൊണ്ട് ഏതു ദേവനാണിവിടെ പ്രതിഷ്ഠ എന്നറിയാനാവുന്നില്ല. അതിൽ പ്രവേശിച്ചപ്പോഴാകട്ടെ, മനോഹരമായി കൊത്തിയ ഭാവാവിഷ്കാരങ്ങളോടുകൂടിയ നാലു ശിലാപ്രതിമകളാണ് കണ്ടത്. ക്ഷേത്രത്തിലെ നാലു പ്രതിഷ്ഠളാണെന്നു വിചാരിച്ച് ഭരതൻ തൊഴാനാരംഭിക്കവേ, ദേവകുലികൻ (പ്രതിമാഗൃഹം കാവൽക്കാരൻ) അവ ദേവപ്രതിഷ്ഠകളല്ലെന്നും ഇക്ഷ്വാകുവംശത്തിലെ രാജാക്കന്മാരുടെ പ്രതിമകളാണവയെന്നും പറഞ്ഞു. ഭരതന് സന്തോഷമായി. തന്റെ പൂർവികരെ കാണാമല്ലോ. ദിലീപൻ, രഘു, അജൻ – ഓരോരുത്തുടയും പ്രതിമകൾ നോക്കി. അടുത്തത് ദശരഥന്റേതായിരുന്നു. ജീവിച്ചിരിക്കുന്ന രാജാക്കന്മാരുടെ പ്രതിമകൾ വെക്കുന്ന പതിവുണ്ടോ എന്ന് അദ്ദേഹം ദേവകുലികനോട് ചോദിച്ചു. നിഷേധരൂപത്തിലുള്ള മറുപടി കേട്ടപ്പോൾ ഭരതന് കാര്യം ബോധ്യമായി. അദ്ദേഹം ദേവകുലികനോട് യാത്ര പറഞ്ഞു. പിരിയുമ്പോൾ ഭരതനാണതെന്ന് 'ആര്യ' എന്ന അദ്ദേഹത്തിന്റെ സംബോധനയിൽ

യിൽനിന്ന് ദേവകുലികൻ ഊഹിക്കുകയും ഭരതന്റെ അപേക്ഷപ്രകാരം നടന്ന സംഭവങ്ങളെല്ലാം വിസ്തരിച്ച് പറയുകയും ചെയ്തു. വിവരമറിഞ്ഞ് അദ്ദേഹം മോഹാലസ്യപ്പെട്ടു വീണു. അപ്പോഴേക്കും അമ്മത്തമ്പുരാട്ടി മാരും സുമന്ത്രനും അങ്ങോട്ടു വരുന്നുണ്ടെന്ന അറിയിപ്പ് വന്നു. സുമ ന്ത്രൻ ഭരതനാണതെന്ന് ഊഹിച്ച് അവനെഴുന്നേറ്റപ്പോൾ അമ്മമാരെ വന്ദിക്കാൻ ആവശ്യപ്പെട്ടു. കൗസല്യയെയും സുമിത്രയെയും വന്ദിക്കു കയും അനുഗ്രഹം വാങ്ങുകയും ചെയ്തുവെങ്കിലും കൈകേയിയെ ഭരതൻ വണങ്ങിയില്ല. മറ്റേ രണ്ട് അമ്മമാരുടെയും കൂടെ നിൽക്കാ നുള്ള യോഗ്യത അവർക്കില്ലന്നായി അദ്ദേഹം. എന്താണ് താൻ ചെയ്തത് എന്ന് ചോദിച്ച കൈകേയിയോട്, തന്നെ (ഭരതനെ) ദുഷ്കീ ർത്തിയോടും രാമനെ വൽക്കലത്തോടും രാജാവിനെ മൃത്യുവോടും മുഴുവൻ അയോധ്യയെയും കരച്ചിലിനോടും ലക്ഷ്മണനെ വനജീവിത ത്തോടും അമ്മമാരെ പുത്രവിരഹദുഃഖത്തോടും തന്നെത്തന്നെ (കൈ കേയിയെ) ഉഗ്രമായ വചസ്സോടും ചേർത്തതുതന്നെ അവരുടെ ചെയ്തിയെന്ന് ഭരതൻ തുറന്നുപറഞ്ഞു. ദേവകുലികൻ പറഞ്ഞ തെല്ലാം അദ്ദേഹത്തിന്റെ മനസ്സിൽ മായാതെ നില്പുണ്ടായിരുന്നു. കൗസല്യ നിർബന്ധിക്കുകയും കൈകേയി സ്വയം തന്റെ ഭാഗം വാദി ച്ചു നോക്കുകയും ചെയ്തുവെങ്കിലും ഭരതൻ തന്റെ നിശ്ചയത്തിൽ നിന്നു പിന്മാറിയില്ല. വിവാഹശുൽക്കത്തിന്റെ ഭാഗമാണ് താൻ ചെയ്തതെല്ലാം എന്ന കൈകേയിയുടെ വാദം ഭരതൻ അംഗീകരിച്ചില്ല. രാമന്റെ വനവാസവും അതിലുണ്ടായിരുന്നോ എന്ന ഭരതന്റെ ചോദ്യ ത്തിന് ഉചിതമായ സ്ഥലത്തും അവസരത്തിലും താൻ വിശദീകരി ക്കാം എന്നു മാത്രമായിരുന്നു അവരുടെ മറുപടി. ഭരതൻ, ഏതായാ ലും, കൈകേയിയെ അങ്ങേയറ്റം വെറുപ്പോടെ നോക്കിക്കണ്ടു. അവർ എല്ലാം ചെയ്തത് വ്യക്തിപരമായ നേട്ടത്തിനുവേണ്ടി മാത്രമായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സുമന്ത്രൻ അതിനുശേഷം വസിഷ്ഠനും വാമദേവനും മറ്റും ഭരതന് അഭിഷേകം നടത്താൻ വന്നി ട്ടുണ്ടെന്ന് അറിയിച്ചു. അവർക്കാണ് – കൈകേയിക്കാണ് – അഭി ഷേകബഹുമതി ചേരുകയെന്നും താൻ രാമന്റെ അടുത്തേക്ക് പോകയാണെന്നും ഭരതൻ പറയുന്നു. രാഘവൻ ഇല്ലത്തേടത്ത് അയോധ്യയില്ല; അദ്ദേഹമെവിടെയുണ്ടോ അവിടെയാണയോധ്യ.

നാലാമങ്കത്തിന്റെ പ്രവേശകത്തിൽ അന്തഃപുരത്തിലെ രണ്ടു ചേടികളായ വിജയയും നന്ദിനികയും തമ്മിലുള്ള സംഭാഷണത്തി ലൂടെ രാമന്റെ അരികിലേക്കു പോകാനുള്ള ഭരതന്റെ തീരുമാനം



അയോധ്യാവാസികളെ മുഴുവൻ ആകർഷിച്ചുവെന്നും അദ്ദേഹത്തിന്റെ അമ്മയ്ക്ക് എല്ലാവരുടെയും വെറുപ്പ് നേടിക്കൊടുത്തുവെന്നും ഭരതൻരാമന്റെ തപോവനത്തിലേക്ക് പുറപ്പെട്ടുവെന്നും നാമറിയുന്നു. ഭരതൻ സുമന്ത്രനോടും തേരാളിയോടുംകൂടി തേരിൽ സഞ്ചരിക്കു ന്നതോടെ മുഖ്യരംഗം ആരംഭിക്കുന്നു. ഭരതന് രാമതപോവനത്തിലെ ത്താൻ ബദ്ധപ്പാടായി. അവർ അവിടെ എത്തിയ ഉടനെ തേരിൽനിന്നി റങ്ങി സൂതനും കുതിരകൾക്കും വിശ്രമിക്കാൻ അവസരം നൽകി. ഭരതൻ രാമന് സ്വയം പരിചയപ്പെടുത്താനുദ്ദേശിച്ച രണ്ടു വാക്യവും (രാജ്യ ലുബ്ധായാഃ കൈകേയ്യാഃ പുത്രഃ, ഇക്ഷ്വാകുകുലന്യങ്ഗഭൂതഃ – രാജ്യം കൊതിക്കുന്ന കൈകേയിയുടെ പുത്രൻ, ഇക്ഷ്വാകുവംശ ത്തിനു കളങ്കമായവൻ) സുമന്ത്രൻ അംഗീകരിച്ചില്ല. അതുകൊണ്ട് ഭരതൻ തന്നെ, നിർഘൃണനും കൃതഘ്നനും പ്രാകൃതനും പ്രിയ സാഹസനും ഭക്തനുമായ ഒരാൾ കാണാൻ വന്നിട്ടുണ്ട്; നിൽക്കണ മോ പോകണമോ? എന്നു ചോദിച്ചാൽ മതി. ശബ്ദം കേട്ടയുടനെ രാമ–സീതാ–ലക്ഷ്മണന്മാർക്ക് അത്ഭുതമാവുകയും തങ്ങളോട് ഏറ്റ വും അടുപ്പമുള്ള ആളുടെ ശബ്ദമാണതെന്നു തോന്നുകയും ചെയ്തു. ആരാണതെന്ന ന്വേഷിക്കാൻ രാമൻ ലക്ഷ്മണനെ പറഞ്ഞയച്ചു. സുമന്ത്രൻ പരിചയപ്പെടുത്തിയപ്പോൾത്തന്നെ ലക്ഷ്മണന് ആളെ മനസ്സിലായി. ലക്ഷ്മണനെ വന്ദിച്ച് അനുഗ്രഹം വാങ്ങിയ തിനുശേ ഷം ഭരതൻ രാമനെ കാണാൻ അക്ഷമനായി. ലക്ഷ്മണൻ രാമനെ അറിയിച്ച പ്പോൾ അനുജനെ സ്വീകരിക്കാൻ സീതയെ അയച്ചു. സഹോദരന്മാരുടെ അടുത്ത സാദൃശ്യം കണ്ട് സീത നിമിഷനേര ത്തേക്ക് ഭരതനെ രാമനെന്നു ധരിച്ചു പോയി. സ്വരസാദൃശ്യം ശ്രദ്ധിച്ച് അവനെ അനുഗ്രഹിക്കുകയും ചെയ്തു. ഭരതൻ അവരെ ആദരിച്ചു. സോദര ന്മാർ ഭരതനെ ആശ്രമത്തിലേക്ക് നയിച്ചു. സുമന്ത്രൻ പുറ ത്തു കാത്തു നിന്നു. തന്നെ വന്ദിച്ച ഭരതനെ അനുഗ്രഹിച്ച ശേഷം രാമൻ അവനോട് തന്നെ ആലിംഗനം ചെയ്ത് സന്തോഷിപ്പിക്കാൻ പറഞ്ഞു. ആ സന്ദർഭത്തിലുള്ള സുമന്ത്രന്റെ വരവ് രാമനെ ദശരഥനെ പ്പറ്റി ഓർമിപ്പിക്കുകയും അദ്ദേഹം വിഷാദിക്കുകയും ചെയ്തു. സുമ ന്ത്രൻ തന്റെ ആയുർദൈർഘ്യത്തെ ശാപമായി കാണാൻ തുടങ്ങി. ഇനിയും എന്തൊക്കെ ഞെട്ടിക്കുന്ന അനുഭവങ്ങളാണാവോ തന്നെ കാത്തിരിക്കുന്നത്? രാമന്റെ കണ്ണുകൾ നിറയുകയും അദ്ദേഹം മുഖം കഴുകാൻ വെള്ളം കൊണ്ടുവരുന്നതിന് ലക്ഷ്മണനോട് ആവശ്യപ്പെട്ടു കയും ചെയ്തു. ഭരതൻ വെള്ളം കൊണ്ടുവരുന്നു. രാമൻ അത് ആച മിച്ചു കൊണ്ട് ലക്ഷ്മണന്റെ

ശുശ്രൂഷണാവകാശം തടസ്സപ്പെടുകയാണെന്ന് അഭിപ്രായപ്പെടുന്നു. അപ്പോൾ സീത, ഭരതന് കാത്തിരിക്കാമായിരുന്നുവെന്ന് മറുപടി പറയുന്നു. രാമൻ ഇരുവരുടെയും അവകാശം അംഗികരിക്കുന്നു – ലക്ഷ്മണൻ കാട്ടിലും ഭരതൻ നഗരത്തിലും (രാജ്യം ഭരിച്ചുകൊണ്ട്) തന്നെ ശുശ്രൂഷിക്കണമെന്നാണ് തന്റെ ആഗ്രഹം. രാമന്റെ വാക്കുകളുടെ ശരിയായ അർഥം മനസ്സിലാക്കി ഭരതൻ, കാട്ടിലിരുന്നുകൊണ്ടുതന്നെ തനിക്ക് രാമന്റെ ആഗ്രഹം നിറവേറ്റാൻ കഴിയുമെന്ന് പറയുന്നു. രാമന്റെ പേരിൽതന്നെ രാജ്യം സംരക്ഷിക്കാനാവും. രാമൻ, പക്ഷേ, അച്ഛന്റെ ആജ്ഞയനുസരിച്ചാണ് കാട്ടിലേക്കു വന്നതെന്നും അതാണ് രഘുവംശത്തിന്റെ പാരമ്പര്യമെന്നും ഭരതന്റെ ശ്രദ്ധയിൽ പെടുത്തുന്നു. ആർക്കാണ് അഭിഷേകം നടത്തേണ്ടതെന്ന സുമന്ത്രന്റെ ചോദ്യത്തിന് കൈകേയിയുടെ ആഗ്രഹമാണ് അഭിഷേകത്തിന്റെ കാര്യത്തിൻ നിറവേറ്റപ്പെടേണ്ടതെന്ന് രാമൻ പറയുന്നു. ഭരതന് നെഞ്ചിൽ കുത്തിയ മാതിരി തോന്നി. മാതൃദോഷത്തെ തന്റെ ദോഷമായി കാണരുതെന്ന് അദ്ദഹം രാമനോടപേക്ഷിച്ചു. സീതയും ഭരതനുവേണ്ടി വാദിച്ചു. ഭരതന്റെ പെരുമാറ്റം ശരിക്കും രാമന്റെ ഉള്ളിൽ തട്ടി. ഭരതന്റെ ഈ ഭക്തി കാണാൻ ദശരഥൻ ഇല്ലാതെ പോയല്ലോ എന്ന് അദ്ദേഹത്തിനു തോന്നി. താൻ നിസ്സഹായനാണെന്നും അച്ഛന്റെ ആജ്ഞ നിറവേറ്റുകയാണ് താൻ ചെയ്തതെന്നും കുലത്തിന്റെ പാരമ്പര്യം രക്ഷിക്കേണ്ടതുണ്ടെന്നും രാമൻ പറഞ്ഞു. എന്നാൽ താൻ രാമന്റെ അടുത്തു തന്നെ നിന്നുകൊള്ളട്ടെ എന്നായി ഭരതൻ. അതും പറ്റില്ലെന്ന് രാമൻ. രാജകാര്യങ്ങൾ കൃത്യമായി നിറവേറ്റേണ്ടതുണ്ടല്ലോ. വനവാസം കഴിഞ്ഞ് മടങ്ങിവന്നാലുടൻ രാജ്യം തിരിച്ച് ഏറ്റെടുക്കാമെന്ന നിബന്ധനയിൽ ഭരതൻ തിരിച്ചുപോകാമെന്നു പറയുകയും ആ നിബന്ധന രാമൻ സ്വീകരിക്കുകയും ചെയ്തു. രാമന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ പാദുകങ്ങൾ വെച്ചു പൂജിക്കാനും അവയുടെ പേരിൽ ഭരണം നടത്താനും അനുവദിക്കണമെന്ന അപേക്ഷയും രാമൻ അംഗീകരിച്ചു. പാദുകങ്ങൾ ലഭിച്ചപ്പോൾ അവയ്ക്ക് അഭിഷേകം കഴിക്കാൻ ഭരതൻ ആഗ്രഹിച്ചപ്പോൾ രാമൻ സുമന്ത്രനോട് അങ്ങനെ ചെയ്യാൻ നിർദേശിച്ചു. ഭരതൻ ഏറെ സന്തോഷിച്ചു. ഇപ്പോഴാണ് താൻ വേണ്ടത് വേണ്ടപോലെ ചെയ്തതെന്ന് ഭരതന് തോന്നിയത്. പൊതുജന ദൃഷ്ടിയൽ തന്റെ മതിപ്പ് വളരെ ഉയർന്നതായും അദ്ദേഹത്തിന് തോന്നി. ഒരു ദിവസം പോലും രാജ്യത്തെ അവഗണിക്കരുതെന്നതു കൊണ്ട് ഒട്ടും താമസിക്കാതെ സ്ഥലം വിടണമെന്ന് രാമൻ പറഞ്ഞത് ഭരതൻ സ്വീകരിച്ചു. അവനെ രക്ഷിക്കണമെന്ന് രാമൻ സുമന്ത്രനോട് പറഞ്ഞു.



രാമന്റെ സാന്നിധ്യത്തിൽതന്നെ ഭരതനും സുമന്ത്രനും തേരിൽ കയറി. രാമനും സീതയും ലക്ഷ്മണനും ആശ്രമവാതിൽ ക്കൽ വരെ ഭരതനെ അനുഗമിച്ചു.

അഞ്ചാമങ്കത്തിൽ സീതാപഹരണം ചിത്രീകരിക്കുന്നു. സീതയും താപസിയും പ്രവേശിക്കുന്നു. ജനസ്ഥാനമാണ് രംഗം. സീത തികച്ചും ഗൃഹാന്തരീക്ഷത്തിലാണ്. ആശ്രമം തൂത്തുവാരുക, ദേവന്മാരെ ആരാധിക്കുക, കാട്ടിലെ വൃക്ഷലതാദികളെ നനയ്ക്കുക മുതലായ പുതിയ കർത്തവ്യങ്ങൾ അവൾക്ക് പരിചിതമായി. അവിടേക്ക് രാമൻ ചിന്താ വിഷ്ടനായി കടന്നുവരുന്നു. ഒഴിഞ്ഞ അയോധ്യയെയും നാലു സ ഹോദരന്മാരുണ്ടെങ്കിലും രാജ്യഭാരം ഒറ്റയ്ക്ക് താങ്ങേണ്ടിവരുന്ന ഉദാ ത്തനായ ഭരതനെയും പറ്റി അദ്ദേഹം വിഷാദിക്കുന്നു. ഈ വിഷാദ ചിന്തകളിൽനിന്ന് ശ്രദ്ധ തിരിക്കാൻ രാമൻ, ചെടികൾ നനയ്ക്കുന്ന സീതയുടെ അരികിലേക്കു വന്നതാണ്. ശ്രമമുള്ളയാതൊന്നും ചെ യ്തു പരിചയമില്ലാത്ത സീതയെക്കുറിച്ച് അദ്ദേഹത്തിന് ദുഃഖം തോ ന്നുന്നു. ഭർത്താവ് ദുഖിതനാണെന്നു കണ്ട് അവൾ അതിന്റെ കാരണ മാരായുന്നു. പിറ്റേന്നാൾ പിതാവിന്റെ ശ്രാദ്ധമാണ്. അത് സമുചിത മായി ആചരിക്കേണ്ടതെങ്ങനെയെന്ന് അദ്ദേഹം ആലോചിക്കുകയാണ്. സാഹചര്യത്തിനൊത്ത് ചെയ്യണമെന്ന് സീത പറയുന്നു. ഭരതൻ രാജകീയമായി ആഘോഷിക്കും. രാമൻ കാട്ടിൽ കിട്ടുന്ന ഫല ങ്ങളും ജലവും കൊണ്ട് അനുഷ്ഠിക്കും. അച്ഛനെ എങ്ങനെ സന്തോഷിപ്പിക്കാമെന്നാണ് രാമന്റെ ഉൽകണ്ഠ. കുശപ്പുല്ലിൽ പഴങ്ങൾ വെച്ചു കാണുമ്പോൾ അച്ഛൻ വനവാസത്തെപ്പറ്റി ഓർത്ത് സ്വർഗത്തിൽനിന്ന് കണ്ണീർ ചൊരിയും. രാവണൻ അപ്പോൾ ഒരു പരിവ്രാജകന്റെ വേഷ ത്തിൽ അവിടെ പ്രത്യക്ഷപ്പെടുന്നു. ഖരവധത്തിന് പ്രതികാരം ചെയ്തുകൊണ്ട്, രാമനെ വഞ്ചിച്ച് സീതയെ കൊണ്ടുപോവുകയാണ് തന്റെ ലക്ഷ്യമെന്ന് അദ്ദേഹം സ്വയം പ്രഖ്യാപിക്കുന്നു. അനന്തരം അദ്ദേഹം രാമന്റെ ആശ്രമവാതിൽക്കൽ വന്ന് തന്നെ അതിഥിയെന്ന് പരിചയപ്പെടുത്തുന്നു. രാമൻ അതിഥിക്ക് സ്വാഗതമോതി; അദ്ദേഹത്തെ വന്ദിക്കുകയും ഇരിപ്പിടം നൽകുകയും ചെയ്തു. പിന്നെ രാമൻ സീതയോട് ആഗതന് പാദ്യം നൽകാൻ പറയുകയും അവൾ അതനുസരിച്ച് വെള്ളവുമായി തിരിച്ചുവരികയും ചെയ്യുന്നു. രാമന്റെ നിർദേശമനസരിച്ച് സീത പരിവ്രാജകനെ ശുശ്രൂഷിക്കാൻ പോവുകയും അവളുടെ സമീപനം കൊണ്ട് തന്റെ വേഷം വെളിപ്പെടുമോ എന്ന് രാവണൻ ഭയപ്പെട്ട് 'മതി മതി' എന്നു പറയുകയും ചെയ്യുന്നു. താൻതന്നെ ശുശ്രൂഷിക്കാമെന്ന് രാമൻ നിശ്ചയിക്കുന്നു. നല്ല വാക്കു

കളാണ് അതിഥിക്കുള്ള ഉത്തമമായ സ്വീകരണമെന്ന് രാവണൻ പറയുന്നു. രാവണന്റെ അപേക്ഷയനു സരിച്ച് രാമൻ ഇരിക്കുന്നു. താൻ കാശ്യപഗോത്രക്കാരനാണെന്നും സാംഗോപാംഗം വേദമധ്യയനം ചെയ്തിട്ടുണ്ടെന്നും രാവണൻ പറഞ്ഞു. താൻ പഠിച്ച ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ മാനവീയധർമശാസ്ത്രവും മാഹേശ്വരയോഗ ശാ സ്ത്രവും ബാർഹസ്പത്യാർഥശാസ്ത്രവും മേധാതിഥിന്യായ ശാസ്ത്രവും പ്രാചേതസശ്രാദ്ധകല്പവും ഉൾപ്പെടും. പ്രാചേതസ ശ്രാദ്ധകല്പത്തിന്റെ പേര് കേട്ടപ്പോൾ രാമന് ജിജ്ഞാസയായി. അച്ഛൻ മരിച്ചതിനുശേഷം ഇതിൽ ശ്രദ്ധ കൂടുതലായി എന്ന കാര്യം രാമൻ എടുത്തുപറഞ്ഞു. നിവപനക്രിയാകല്പത്തിൽ പിതൃക്കളെ തർപ്പണം ചെയ്യേണ്ടത് ഏതുകൊണ്ടെണെന്ന രാമന്റെ ചോദ്യത്തിന് രാവണന്റെ മറുപടി വിസ്തരിച്ചായിരുന്നു. ശ്രദ്ധയോടെ കൊടുക്കു ന്നതെന്തും ശ്രാദ്ധം. വിരൂഢങ്ങളിൽ ദർഭകൾ, ഓഷധികളിൽ തില ങ്ങൾ, ശാകങ്ങളിൽ കളായം, മത്സ്യങ്ങളിൽ മഹാശഫരം, പക്ഷിക ളിൽ വാർധ്രാണസം, പശുക്കളിൽ ഗോവോ ഖഡ്ഗമോ – മനുഷ്യർക്ക് ഇത്രയുമാണ് വിധിച്ചിട്ടുള്ളത്. “പശുഷു ഗൗഃ ഖഡ്ഗോ വാ” – എന്നി ങ്ങനെ വാശബ്ദം കൊണ്ട് വേറെയുമുണ്ടെന്ന് സൂചിപ്പിച്ചതെന്താണെ ന്ന് രാമൻ എടുത്തു ചോദിച്ചപ്പോൾ, ''അസ്തി പ്രഭാവസമ്പാ ദ്യം''എന്നാണ് രാവണന്റെ ഉത്തരം. ഒന്നുകിൽ വില്ലുകൊണ്ട്, അല്ലെങ്കിൽ തപസ്സു കൊണ്ട്, താനതു നേടിയെടുക്കും എന്ന് രാമൻ പറഞ്ഞപ്പോൾ ഹിമവാനിലാണതുള്ളത് – കാഞ്ചനപാർശ്വം, എന്നായി രാവണൻ. താൻ അതിനെ നേടുന്നതിന് ഹിമാല യത്തിലേക്കു പോകയാണെന്നും സീത കൂടി വരണമെന്നും രാമൻ പറയുന്നു മനഷ്യർക്കതിനെ കാണാൻ കഴിയില്ലെന്ന് പറഞ്ഞ് രാവണൻ രാമന്റെ ഹിമാലയയാത്രയെ വിലക്കി. ഹിമവാൻ അതിനെ തനിക്കു കാണിച്ചു തന്നില്ലെങ്കിൽ താൻ ആ പർവതത്തെ പിളർക്കുമെന്ന് രാമൻ പ്രഖ്യാ പിച്ചു. അപ്പോഴേക്കും ഒരു മിന്നൽപ്പിണർ പതിക്കുന്നപോലെ കാണാ യി. കാഞ്ചനപാർശ്വമൃഗം അവരുടെ മുൻപിൽ പ്രത്യക്ഷമായി. അതി നെ പിടിക്കാൻ ലക്ഷ്മണനെ അയയ്ക്കുന്നതിന് സീതയോട് രാമൻ നിർദേ ശിച്ചു. തീർഥയാത്ര കഴിഞ്ഞു മടങ്ങിവരുന്ന കുലപതിയെ എതിരേൽക്കാൻ ലക്ഷ്ണണൻ പോയിരിക്കയാണെന്ന് അവൾ ഓർമിപ്പിച്ചപ്പോൾ, രാമൻതന്നെ പോകാൻ സന്നദ്ധനായി. താനെന്തു ചെയ്യുമെന്ന സീതയുടെ ചോദ്യത്തിന്, ഭഗവാനെ (രാവണനെ) ശുശ്രൂഷിക്കുക എന്നായിരുന്നു മറുപടി. രാമൻ പോയപ്പോൾ, രാവണൻ തന്റെ പ്രതിയോഗിയുടെ ശക്തിയെയും വീര്യത്തെയും



വേഗത്തെയും പുകഴ്ത്തുകയും മാൻ പുറംകാട്ടിലേക്ക് പ്രവേശിക്കു ന്നത് കാണുകയും ചെയ്തു. സീത അതിഥിയുടെ മുമ്പിൽ നിൽക്കാൻ ഭയപ്പെടുകയും കുടിലിലേക്ക് പ്രവേശിക്കാനൊരുങ്ങുകയും ചെയ്ത പ്പോൾ, രാവണൻ സ്വന്തം രൂപമെടുത്ത് സീതയെ തട ഞ്ഞുനിർത്തി. രാവണൻ തന്നെപ്പറ്റി പറയുകയും അവളെ കൊണ്ടു പോവുകയാണ്

തന്റെ ഉദ്ദേശ്യമെന്നു വെളിപ്പെടുത്തുകയും ചെയ്തു. സാധുവും നിസ്സഹായയുമായ സീത ഉറക്കെ നിലവിളിക്കുകയും രാമനെയും ലക്ഷ്മണ നെയും സഹായത്തിനു വിളിക്കുകയും ചെയ്തു. അപ്പോൾ രാവണൻ തന്റെ പ്രതാപത്തെയും പരാക്രമത്തെയും കുറിച്ച് ആത്മപ്രശംസാ പരമായി അഭിമാനപൂർവം സംസാരിക്കുകയും ഇന്ദ്രനെയും കുബേര നെയും യമനെയും മറ്റും കീഴടക്കിയതിനെ അനുസ്മരിക്കുകയുമായി. രാമനോടും ലക്ഷ്മണനോടുമുള്ള സീതയുടെ പ്രാർഥനകൾക്ക് മറുപടിയായി, ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്ന് രാവണൻ പറ ഞ്ഞു. തന്നെ ഭർത്താവായി കാണാൻ അദ്ദേഹം അവളോട് ആവശ്യപ്പെട്ടു. ഇത് ഒരു പതിവ്രതയെ സംബന്ധിച്ചിടത്തോളം വളരെ കൂടുത ലാണല്ലോ. “നീ ശപിക്കപ്പെട്ടിരിക്കുന്നു'' എന്ന സീതയുടെ വാക്കുകൾ തന്നെ രാവണനെ ദഹിപ്പിക്കുന്നതായി തോന്നുന്നു. പിന്നെ രാവണൻ സീതയെ കടന്നുപിടിക്കുകയും രാമനെ വെല്ലുവിളിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. ദശരഥന്റെ കഴുകസുഹൃത്തായ ജടായു ആ വെല്ലുവിളി കേട്ട് രാവണനെ ഭയങ്കരമായ കൊക്കു കൊണ്ടും മറ്റും പരമാവധി ഉപദ്രവിക്കുന്നു. വാളൂരി രാവണൻ പക്ഷിയെ നേരിടുന്നു.

രാവണൻ ബലാൽക്കാരമായി സീതയെ പിടിച്ചുകൊണ്ടു പോകുന്നതും ജടായു രാവണനെ വെല്ലുവിളിക്കുന്നതും ഇരുവരും തമ്മിൽ നടക്കുന്ന യുദ്ധം പക്ഷിസത്തമന്റെ മരണത്തിൽ കലാശിക്കു ന്നതും തപോവനത്തിലെ രണ്ടു വൃദ്ധതാപസന്മാർ കാണുന്നു. അവർ ഉടനെ രാമനെ വിവരമറിയിക്കാൻ പോകുന്നു. ഇത്രയും വെളിപ്പെടു ത്തുന്ന വിഷ്കംഭകത്തിനുശേഷം ആറാമങ്കം ആരംഭിക്കുന്നു. അയോധ്യയിൽ കാഞ്ചുകീയനും വിജയ എന്ന പ്രതിഹാരിയും തമ്മി ലുള്ള സംഭാഷണമാണ് ആദ്യം. രാമനെ സന്ദർശിച്ചതിനുശേഷം സുമന്ത്രൻ ജനസ്ഥാനത്തുനിന്ന് വരികയാണെന്ന് ഭരതനെ അറിയിക്കൂ എന്ന് കാഞ്ചുകീയൻ വിജയയോട് പറയുന്നു. അതനു സരിച്ച് വിജയ രംഗം വിടുന്നു. ഭരതൻ സുമന്ത്രന്റെ വരവും കാത്തിരി ക്കുകയാണ്. വൽക്കലവും ജടയുമാണ് വേഷം. സീതയുടെ അപഹര

ണമെന്ന മറ്റൊരു സംഭവം കൂടി കേട്ട് പണ്ടേപ്പോലെ തന്റെ ആയുർദൈർഘ്യത്തിൽ സങ്കടപ്പെടുകയാണ് സുമന്ത്രൻ. ലോകാവിഷ്കൃതപിതൃസ്നേഹനെ(രാമനെ)യും ദ്വിധാഭൂതമായ അരുന്ധതീചാരിത്രത്തെ(സീതയെ)യും നിഷ്കാരണാവഹിതവനവാസമായ സൗഭ്രാത്രത്തെ (ലക്ഷ്മണനെ)യും കണ്ടുവോ എന്ന് ഭരതൻ ചോദിക്കുന്നതിന്, സുമന്ത്രൻ നേരെ ഉത്തരം പറയുന്നില്ല. അവർ ജനസ്ഥാനം വിട്ടുവെന്നേ പറയുന്നുള്ളൂ. പിന്നെയും കാര്യം തുറന്നു പറയാൻ മടിക്കുന്നു. ഒടുവിൽ, കിഷ്കിന്ധയിൽവെച്ച് രാമനും സുഗ്രീവനും തമ്മിൽ സഖ്യമായെന്നും തുല്യദുഃഖനായ രാമൻ ബാലിയെ വധിച്ചുവെന്നും പറഞ്ഞപ്പോൾ, ‘‘തുല്യദുഃഖ’’നെന്ന് എന്തുകൊണ്ട് എന്ന ഭരതന്റെ ചോദ്യത്തിന് മറുപടി നൽകേണ്ടിവന്നപ്പോഴാണ് സീതയുടെ അപഹരണത്തെപ്പറ്റി പറയാതിരിക്കാൻ പറ്റില്ലെന്നു വന്നത്. ഭരതൻ സ്വാഭാവികമായും മോഹാലസ്യപ്പെടുന്നു. താമസിയാതെ ബോധം വീണ്ടുകിട്ടിയെങ്കിലും സീതാപഹരണം രാമന്റെ വനവാസത്തെ കൂടുതൽ ദുഃഖമയമാക്കിയെന്നത് ഭരതന്റെ ശോകം ഇരട്ടിപ്പിച്ചു. ഭരതൻ സുമന്ത്രനെയും കൂട്ടി കൈകേയിയുടെ അടുത്തേക്ക് പോകുന്നു. ഭരതൻ എന്താണ് ഇനി തന്നെ ശകാരിക്കാനുള്ള വഴി കാണുന്നത് എന്ന് അവർ ഉൽക്കണ്ഠപ്പെട്ടുവെങ്കിലും ഭരതന് തന്നെ കാണാൻ സമ്മതം നൽകി. എപ്പോഴാണ് സുമന്ത്രൻ രാമന്റെ അടുത്തുനിന്നു വന്നത് എന്ന കൈകേയിയുടെ ചോദ്യത്തിന് ഭരതന്റെ ഉത്തരം “നല്ലൊരു വാർത്ത അവരെ അറിയിക്കാനുണ്ടെ”ന്നായിരുന്നു, “കൗസല്യയെയും സുമിത്രയെയും കൂടി അറിയിക്കണ്ടേ” എന്നു കൈകേയി ചോദിച്ചപ്പോൾ ഭരതൻ പറയുന്നത്, ‘‘അവരതു കേൾക്കേണ്ടെ’’ന്നാണ്. ഭരതൻ തുറന്നു പറഞ്ഞു: “സ്വരാജ്യം പരിത്യജിച്ച് നിന്റെ കല്പനയാൽ കാട്ടിലേക്കു പോയ അദ്ദേഹത്തിന്റെ ഭാര്യ അപഹരിക്കപ്പെട്ടു – നിന്റെ മനോരഥം നിറവേറി.’’ അതിൽ കൈകേയി പ്രകടിപ്പിച്ച ദുഃഖം ഭരതനെ ചലിപ്പിക്കുന്നില്ല. അതെല്ലാം വെറും നാട്യമെന്നാണ് അദ്ദേഹം കരുതുന്നത്! എല്ലാം തുറന്നു പറയേണ്ട സമയമായെന്ന് അപ്പോൾ കൈകേയിക്കു തോന്നി. ഭരതൻ ദശരഥന്റെ ശാപത്തെക്കുറിച്ചറിയുമോ എന്ന് കൈകേയി ചോദിച്ചു. ഭരതന്ന് അതേക്കുറിച്ചറിവില്ലെന്നു മനസ്സിലായപ്പോൾ കൈകേയിയുടെ നിർദേശമനുസരിച്ച് സുമന്ത്രൻ എല്ലാം വിസ്തരിച്ച് ഭരതനോട് പറഞ്ഞു. പണ്ട് ദശരഥമഹാരാജാവ് നായാട്ടിനു പോയപ്പോൾ, ഒരു സരസ്സിൽനിന്ന് കുടം നിറയ്ക്കുന്ന മുനികുമാരനെ, ആന വെള്ളം കുടിക്കയാണെന്നു ധരിച്ച് ശബ്ദവേധിയായ ശരം കൊണ്ടെയ്ത് കൊന്നു. കണ്ണു കാണാ



ത്ത മഹർഷി കരഞ്ഞുകൊണ്ട്  രാജാവിനെ ശപിച്ചു: “എന്നെപ്പോലെ നീയും പുത്രശോകം കൊണ്ട് മരിക്കുന്നതാണ്.” കൈകേയി പറഞ്ഞു: ഇതുനിമിത്തമാണ് കുറ്റം എന്നിൽ ചുമത്തി പ്രിയപുത്രനായ രാമൻ കാട്ടിലയയ്ക്കപ്പെട്ടത്. തന്റെ രാജ്യലോഭം കൊണ്ടല്ല. അപരിഹരണീയമായ മഹർഷിശാപം പുത്ര പ്രവാസം കൊണ്ടല്ലാതെ തീരില്ല. പുത്രപ്രവാസം തുല്യമാണെങ്കിൽ തന്നെ എന്തുകൊണ്ട് കാട്ടിലേക്കയച്ചില്ല എന്ന ഭരതപ്രശ്നത്തിന് മാതുലകുലത്തിൽ വസിക്കുന്ന അവന് പ്രകൃത്യാ ഉള്ളതാണ് വിപ്രവാസമെന്നാണ് കൈകേയിയുടെ സമാധാനം. ‘പതിനാലു കൊല്ലം എന്ന് എന്തുകൊണ്ട് ആവശ്യപ്പെട്ടു?’ – ഭരതന്റെ സംശയം. പതിനാലു ദിവസം എന്നതിനു പകരം പര്യാകുലഹൃദയയായ താൻ പതിനാലു കൊല്ലം എന്നു പറഞ്ഞുപോയി – കൈകേയിയുടെ മറുപടി. ഭരതന് ഇതു മുഴുവൻ ബോധ്യമായെന്നു തോന്നുന്നില്ല. എങ്കിലും ശാപത്തെ പ്പറ്റി ഗുരുജനങ്ങൾ അറിയില്ലേ എന്ന് ഭരതൻ എടുത്തു ചോദിച്ചു. വസിഷ്ഠനും വാമദേവനുമെല്ലാമറിയും എന്ന് സുമന്ത്രൻ പറഞ്ഞു. ഭ്രാതൃസ്നേഹം കൊണ്ട് ക്രോധം കയറി താൻ അമ്മയെ ദുഷിച്ചുപോയതെല്ലാം പൊറുക്കണമെന്ന് പശ്ചാത്താപവിവശനായ ഭരതൻ കൈകേയിയോട് അപേക്ഷിക്കുകയും പ്രിയപുത്രന്റെ കുറ്റം പൊറുക്കാത്ത അമ്മയുണ്ടോ എന്ന ചോദ്യം കൊണ്ട് ആ വത്സലമാതാവ് അതിന് മറുപടി പറയുകയും ചെയ്തു. രാമസാഹായ്യാർഥം അപ്പോൾത്തന്നെ എല്ലാ രാജമണ്ഡലത്തെയും ഒരുക്കി താൻ പുറപ്പെടുന്നതാണ് എന്ന് ഭരതൻ പ്രഖ്യാപിക്കുന്നു. അപ്പോഴാണ് സീതാഹരണവാർത്തയറിഞ്ഞ് കൗസല്യാദികൾ മോഹാലസ്യപ്പെട്ട വിവരം അറിയുന്നതും ഭരതനും മറ്റും അങ്ങോട്ട് യാത്ര തിരിക്കുന്നതും.

അവസാനത്തേതായ ഏഴാമങ്കത്തിന്റെ മിശ്രവിഷ്കംഭക ത്തിൽ താപസനും നന്ദിലകനും തമ്മിലുള്ള സംഭാഷണമാണ്. സീതാപഹരണത്തിന്റെ പര്യന്തഫലമെന്ന നിലയിൽ രാമരാവണയുയുദ്ധം നടക്കുകയും രാമൻ രാവണനെ വധിക്കുകയും ചെയ്തു. വിഭീഷണനെ രാക്ഷസരാജാവായി അഭിഷേചിച്ചതിനുശേഷം സീതയോടും വാനരാദികളോടുംകൂടി ജനസ്ഥാനത്ത് എത്തിയിരിക്കുന്നുവെന്നും അവരെ സ്വീകരിക്കാനുള്ള ഒരുക്കങ്ങൾ നടക്കുന്നുവെന്നും അതിൽനിന്നറിയുന്നു. മുഖ്യരംഗം പ്രതിജ്ഞ നിറവേറ്റിയ രാമന്റെ പ്രവേശനത്തോടെ ആരംഭിക്കുന്നു.  ഉള്ളിൽ താപസസ്ത്രീകളെ ആദരിക്കാൻ പോയ സീതയെ കാത്തിരിക്കയാണദ്ദേഹം.

അവരിരുവരും പണ്ടത്തെ തങ്ങളുടെ വാസസ്ഥാനമായ ജനസ്ഥാനത്തെ വീക്ഷിക്കുകയാണ്. സീതയുടെ വളർത്തുമക്കളായ

തൈമരങ്ങൾ വളർന്നുവലുതായിരിക്കുന്നു. പഴയ സംഭവങ്ങൾ സ്മരിക്കയാണവർ. കാഞ്ചനപാർശ്വമൃഗവും ശ്രാദ്ധച്ചടങ്ങും ഓർക്കുമ്പോൾ ത്തന്നെ സീത ഞെട്ടുന്നു. രാമൻ അതൊന്നും ഇനി സംഭവിക്കില്ലെന്ന് അവൾക്ക് ഉറപ്പ് കൊടുക്കുന്നു. പെട്ടെന്നതാ, സേനയോടും അമ്മമാരോടുംകൂടി ഭരതൻ വരുന്ന വിവരം ലക്ഷ്മണൻ അറിയിക്കുന്നു. സന്തുഷ്ടനായ ഭരതൻ അമ്മമാരോടുകൂടി പ്രവേശിക്കുന്നു. ഭരതൻ സഹോദരന്മാരെയും സീതയെയും വന്ദിക്കുകയും അവരുടെ അനുഗ്രഹങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. അദ്ദേഹം രാമനോട് ഭരണഭാരം ഏറ്റെടുക്കാനപേക്ഷിക്കുന്നു. അത് എല്ലാവരുടെയും ചിരകാലാഭിലാഷമാണെന്ന് കൈകേയി പറയുന്നു. അപ്പോൾ ശത്രുഘ്നൻ വരികയും വനവാസത്തിലായിരുന്ന മൂവരെയും വണങ്ങുകയും അനുഗ്രഹങ്ങളേറ്റുവാങ്ങുകയും ചെയ്യുന്നു. അദ്ദേഹം മുനിമാർ കൊണ്ടുവന്ന പവിത്രജലം കൊണ്ടഭിഷിക്തനായ രാമനെ കാണാനുള്ള വസിഷ്ഠ-വാമദേവന്മാരുടെയും ബഹുജനങ്ങളുടെയും അഭിലാഷം പരസ്യമായി എല്ലാവരെയും അറിയിക്കുന്നു. അഭിഷേകത്തിനുവേണ്ടി അകത്തു പോകാൻ കൈകേയി രാമനോട് പറയുകയും അദ്ദേഹം അതനുസരിക്കുകയും ചെയ്യുന്നു. പുരോഹിതന്മാരും കഞ്ചുകികളും മറ്റും രാമാഭിഷേകത്തെ വാഴ്ത്തുന്നതായി കൈകേയിയും സുമിത്രയും പ്രഖ്യാപിക്കുന്നു. പിന്നിൽനിന്ന് അത്തരത്തിലുള്ള പല പ്രഖ്യാപനങ്ങളും കേൾക്കുന്നു. രാമൻ അഭിഷേകാനന്തരം അനുയായികളോടുകൂടി പ്രവേശിക്കുന്നു. രാമൻ ആകാശത്തേക്കു നോക്കി അച്ഛനോട് "അങ്ങ് ആഗ്രഹിച്ച കർമ്മമിതാ നടന്നിരിക്കുന്നു. സന്തോഷിക്കുക; ദൈന്യം കളയുക" എന്നു പറയുന്നു. ഭരതനും ശത്രുഘ്നനും സന്തോഷിക്കുകയും ലക്ഷ്മണൻ രാമനെ അഭിനന്ദിക്കുകയും ചെയ്യുന്നു. വിഭീഷണൻ, സുഗ്രീവൻ, ഹനുമാൻ, നീലൻ മുതലായ എല്ലാവരും അഭിനന്ദനങ്ങളറിയിക്കുന്നതായി കാഞ്ചുകീയൻ വിളിച്ചുപറയുന്നു. അവരുടെയെല്ലാം സഹായത്താലാണ് താൻ അഭിഷിക്തനായതെന്ന് രാമൻ എല്ലാവരോടും നന്ദി പ്രകടിപ്പിക്കുന്നു. അഭിഷേകച്ചടങ്ങ് അയോധ്യയിൽവെച്ച് വേറെ നടത്തണമെന്ന കൈകേയിയുടെ അഭിലാഷം നിറവേറുമെന്ന് രാമൻ പറയുന്നു. അപ്പോൾ രാവണന്റെ പുഷ്പകവിമാനം വനങ്ങളെ പ്രകാശിപ്പിച്ചുകൊണ്ട് ഇറങ്ങിവരുന്നു. എല്ലാവരോടും അതിൽ കയറാനുള്ള രാമന്റെ അഭ്യർഥനയനുസരിച്ച് അന്നുതന്നെ ഏവരും അയോധ്യയിലെത്തുന്നു. രാമനും ജാനകിയും ബന്ധുക്കളോട് ചേർന്നതുപോലെ ലക്ഷ്മിയോട് ചേർന്ന നമ്മുടെ രാജാവ് ഭൂമിയെ ഭരിക്കട്ടെ എന്ന



ഭരതവാക്യത്തോടുകൂടി *പ്രതിമാനാടകം* അവസാനിക്കുന്നു.

## 9. അഭിഷേകനാടകം

രാമനെ സ്തുതിച്ചകൊണ്ടുള്ള മംഗളശ്ലോകത്തിനുശേഷം സൂത്രധാരൻ ലക്ഷ്മണന്റെ ശബ്ദം കേൾക്കുകയും രാമനും സുഗ്രീവനും തമ്മിലുണ്ടാക്കിയ സഖ്യത്തെപ്പറ്റി സദസ്സിനോട് പറയുകയും ചെയ്ത് സ്ഥാപന അവസാനിപ്പിക്കുന്നു. മുഖ്യരംഗം കിഷ്കിന്ധയിൽ തുടങ്ങുന്നു. ധനുർവിദ്യയിൽ രാമന്റെയും ലക്ഷ്മണ ന്റെയും വൈദഗ്ധ്യവും ശക്തിയും ബോധ്യപ്പെട്ട് ഹനുമാനും സുഗ്രീവനും അവരെ കൊണ്ടുപോകുന്നു. സുഗ്രീവൻ ഉറക്കെ അലറി ക്കൊണ്ട് ജ്യേഷ്ഠനായ ബാലിയെ യുദ്ധത്തിന് വിളിക്കുന്നു. യുദ്ധത്തിലേർപ്പെടരു തെന്നും ചുരുങ്ങിയത് മന്ത്രിമാരുമായി ആലോചിക്കണ മെന്നുമുള്ള താരയുടെ പ്രാർഥന വക വെക്കാതെ ബാലി അവളോട് അകത്തേക്കു പോകാൻ കല്പിക്കുകയും സുഗ്രീവൻ കാത്തുനിൽക്കുന്ന സ്ഥലത്തേ ക്ക് കുതിക്കുകയും ചെയ്തു. രണ്ടു സഹോദരന്മാരും തമ്മിൽ ഭയങ്കര മായ ഒരു ദ്വന്ദ്വയുദ്ധം നടന്നു. സുഗ്രീവൻെറ വീഴ്ച്ച ഹനുമാനെ സംഭ്രമത്തിലാഴ്ത്തി. അദ്ദേഹം രാമനെ താൻ ചെയ്ത സഖ്യത്തെ ക്കുറിച്ച് ഓർമിപ്പിച്ചു. രാമൻ ഒന്നുകൂടി ഉറപ്പ് കൊടുക്കുകയും തന്റെ ശരം കൊണ്ട് ബാലിയെ മൃതപ്രായനാക്കുകയും ചെയ്തു. ബാലി ചോരയൊലിപ്പിച്ചുകൊണ്ട്, മോഹാലസ്യപ്പെട്ടു വീഴുന്നു. ബോധം വീണ്ടുകിട്ടിയപ്പോൾ ബാലി തന്റെ നേർക്കയച്ച ശരത്തിന്മേൽ രാമനെന്നെഴുതിയത് വായിക്കുകയും തന്റെ നേർക്ക് ഒളിയമ്പയച്ചത് അധർമ മാണെന്ന് രാമന്റെ നേരെ ആരോപണമുന്നയിക്കുകയും ചെയ്തു. ബാലി വെറുമൊരു മൃഗമാണെന്നും ബാലിയും സുഗ്രീവനും ചെയ്ത തെറ്റുകൾ തമ്മിൽ സൂക്ഷ്മമായ വ്യത്യാസമുണ്ടെന്നും പറഞ്ഞ് രാമൻ തന്നെ ന്യായീകരിക്കുന്നു. തൃപ്തനായില്ലെന്നു വ്യക്ത മാണെങ്കിലും ബാലി പിന്നെ വാദങ്ങളൊന്നും അണിനിരത്തിയില്ല. രാമന്റെ കൈയിൽനിന്ന് മരണം വരിച്ചതുകൊണ്ട് താൻ പാപങ്ങളിൽനിന്നു മുക്തനായെന്ന് സമാശ്വസിക്കുകയും ചെയ്തു. ബാലിയുടെ വധത്തിൽ സുഗ്രീവൻ ദുഃഖിതനായി. പക്ഷേ, ബാലി അവനെ സമാ ധാനിപ്പിക്കുകയും സ്ത്രീകളെ സമാശ്വസിപ്പിക്കാൻ പറയുകയും ചെ യ്തു. അനന്തരം അംഗദൻ വന്ന് സന്താപാതിശയം കൊണ്ട് നിലത്ത് വീണു. പക്ഷേ, ബാലി അവനെ ആശ്വസിപ്പിച്ച് സുഗ്രീവന്റെ രക്ഷയിൽ കഴിയാൻ പറഞ്ഞു. തങ്ങളുടെ കുലധനമായ ഹേമമാലയൂരി സുഗ്രീവന്റെ കഴുത്തിലിടുവിച്ചു. പിന്നീട് ഹനുമാൻ കൊണ്ടുവന്ന ജലം

ആചമിച്ച് ബാലി ഗംഗാദിപവിത്രനദികളുടെയും ഉർവശ്യാദ്യപ്സരസ്സുകളുടെയും ദർശനത്താൽ കൃതകൃത്യനായി തന്നെ കൊണ്ടുപോകാൻ കാലൻ അയച്ച സഹസ്രഹംസപ്രയുക്തമായ വീരവാഹി രഥത്തിൽ കയറാൻ വരികയായി എന്നു പറഞ്ഞുകൊണ്ട് മരി ക്കുന്നു. രാമൻ ഉടനെ ബാലിയുടെ സംസ്കാരം നടത്താൻ സുഗ്രീവന് കല്പന നൽകുകയും സുഗ്രീവാഭിഷേകത്തിന് ഒരുക്കങ്ങളെല്ലാം ചെയ്യാൻ ലക്ഷ്മണനോട് ആജ്ഞാപിക്കുകയും ചെയ്യുന്നു.

രണ്ടാമങ്കത്തിന്റെ വിഷ്കംഭകത്തിൽനിന്ന് സീതാന്വേഷണത്തിനായി വിവിധവാനരക്കൂട്ടത്തെ വിവിധദിക്കുകളിലേക്കും പക്ഷീന്ദ്രനിൽനിന്ന് സീതയെപ്പറ്റി അറിഞ്ഞ് ഹനുമാനെ ലങ്കയിലേക്കും അയച്ചതായി നാം മനസ്സിലാക്കുന്നു. അങ്കാരംഭം ലങ്കയിലെ ഉദ്യാനത്തിൽ രാക്ഷസികളാൽ പരിവൃതയായി സീത ഇരിക്കുന്നതായിട്ടാണ്. ലങ്കയിലെ സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും അന്വേഷിച്ച് അവസാനം ഹനുമാൻ അടയാളമോതിരത്തോടുകൂടി പ്രവേശിക്കുമ്പോൾ രാമനെത്തന്നെ ധ്യാനിച്ചുകൊണ്ടിരിക്കുകയാണ് സീത. സപരിവാരനായി രാവണൻ അവിടേക്ക് വരുന്നതു കണ്ടപ്പോൾ ഹനുമാൻ ഒരു മരത്തിന്റെ കൊമ്പുകൾക്കു പിന്നിൽ ഒളിച്ചു. രാവണൻ അഭിമാനത്തോടുകൂടി രാമനെപ്പറ്റി അവജ്ഞാപൂർവമായ ഭാഷയിൽ പറയുകയും സീതയെ കീഴ്പ്പെടുത്താൻ പല വഴികളിലൂടെയും പരി ശ്രമിക്കുകയും ചെയ്തുവെങ്കിലും അവൾ രാമനോടുള്ള ഭക്തിയിൽ ഉറച്ചുനിന്നു. ഈ സംഭാഷണങ്ങളിൽനിന്ന് ഹനുമാൻ സീതയാരെന്ന് വേർതിരിച്ചറിഞ്ഞു. രാവണന്റെ അസഹിഷ്ണുത അവനെ രോഷാകുലനാക്കി. പക്ഷേ, രോഷത്തെ സ്വയം അടക്കിനിർത്തി. രാവണൻ അവസാനമായി തന്റെ വൃത്തികെട്ട അപേക്ഷയുമായി സീതയെ സമീപിച്ചപ്പോൾ അവൾ 'ശപ്തോസി' എന്ന് അവനോട് പറയുകയും അവന് ആ മൂന്നക്ഷരം കൊണ്ടുതന്നെ മോഹാലസ്യപ്പെടുന്നതായി തോന്നുകയും ചെയ്യുന്നു. അപ്പോഴേക്കും രാജാവിന്റെ സ്നാനവേളയായെന്ന് അറിയിപ്പ് വരികയും സപരിവാരം രാവണൻ രംഗം വിടുകയും ചെയ്യുന്നു. രാവണൻ പോയപ്പോൾ ഹനുമാൻ മരക്കൊമ്പിൽനിന്നി റങ്ങി സീതയുടെ വിവരമറിയാൻ വേണ്ടി രാമൻ പറഞ്ഞയച്ചവനാണ് താനെന്ന് അവളെ അറിയിച്ചു. ഏതെങ്കിലും രാക്ഷസൻ വേഷം മാറി വന്നതാവാം എന്നു കരുതി ആദ്യം സീത അത് വിശ്വസിച്ചില്ല. എങ്കിലും രാമന്റെ പേര് അവളിൽ വിശ്വാസം ഉളവാക്കി. രാമന്റെ ദുഃഖപൂരിത വും പ്രേമാകുലവുമായ അവസ്ഥയെക്കുറിച്ചുള്ള ഹനുമാന്റെ വിവര ണം സീതയുടെ ഹൃദയത്തെ സന്തോഷത്തിനും സന്താപ ത്തിനുമിട യിൽ ആടിക്കളിക്കുന്നതാക്കി. തുടർന്നുള്ള



ചോദ്യങ്ങൾക്ക് മറുപടിയായി ബാലിവധം, രാമന്റെ ലങ്കാക്രമണോദ്ദേശ്യം എന്നിവയെപ്പറ്റി സീത മനസ്സിലാക്കുന്നു. ഹനുമാൻ സീതയ്ക്ക് പ്രതീക്ഷയ്ക്കുള്ള ഒരു സന്ദേശം നൽകുന്നു. രാമനെ അദ്ദേഹം ദുഃഖിക്കാത്ത രീതിയിൽ തന്റെ അവസ്ഥയെക്കുറിച്ച് അറിയിക്കണമെന്ന് സീത അവസാനമായി ഹനുമാനോട് പറഞ്ഞു. അനന്തരം ഹനുമാൻ താൻ വന്ന വിവരം രാവണനെ അറിയിക്കുന്നതിന് അശോകോദ്യാനമർദനത്തിനു നിശ്ചയിക്കുന്നു.

കിങ്കരനായ ശങ്കുകർണൻ ഒരു കുരങ്ങൻ വന്ന് അശോകവനിക നിശ്ശേഷം തകർത്തതായി രാവണനെ അറിയിക്കുന്നു. രാവണൻ അവനെ പിടിച്ചുകൊണ്ടുവരാൻ കല്പിക്കുന്നു. പടിപടിയായി ഹനുമാൻ ചെയ്ത വിക്രിയകളെല്ലാം ശങ്കുകർണൻ യജമാനനെ ധരിപ്പിക്കുന്നു. വൃക്ഷങ്ങളും നികുഞ്ജങ്ങളുമാകെ നശിപ്പിച്ചതും ദാരുപർവതം തകർത്തതും കാവൽക്കാരെ ബോധം കെടുത്തിവിട്ടതും അറിഞ്ഞ് രാവണൻ ആയിരം അംഗങ്ങളുള്ള ഒരു സേനയെ വാനരനെ പിടിക്കാൻ നിയോഗിക്കണമെന്ന് കല്പനയിടുന്നു. പക്ഷേ, പിന്നെയും വരുന്നു വാർത്ത, മരങ്ങൾ കൊണ്ടടിച്ച് അവരെ മുഴുവൻ ഹനുമാൻ കൊന്നുവെന്ന്. അപ്പോൾ രാവണൻ അവനെ പിടിക്കാൻ മകനായ അക്ഷൻ തന്നെ പോകട്ടെ എന്ന് ഉത്തരവിറക്കുന്നു. പിന്നെയും വിവരം കിട്ടുന്നു, അക്ഷനോടൊപ്പം അവനെ അനുഗമിച്ച അഞ്ചു സേനാപതിമാരെക്കൂടി വാനരൻ മുഷ്ടികൊണ്ടും കാഞ്ചനപരിഘം കൊണ്ടും ഇടിച്ചും അടിച്ചും കൊന്നുവെന്ന്. രാവണൻ താൻതന്നെ പോകാമെന്നു വിചാരിച്ചിരിക്കുമ്പോൾ ഇന്ദ്രജിത്ത് ശത്രുവിനു നേരെ നീങ്ങിയതായി അറിയുന്നു. ഒടുവിൽ ഇന്ദ്രജിത്ത് കുരങ്ങനെ പിടിച്ച് കയർകൊണ്ട് കെട്ടിയിട്ടുവെന്ന ആഹ്ലാദകരമായ വാർത്ത ലഭിക്കുന്നു. രാവണൻ വിഭീഷണനെ വിളിച്ച് വാനരനെ തന്റെ മുൻപിൽ ഹാജരാ ക്കണമെന്നു പറഞ്ഞു. വിഭീഷണൻ ചില ഉപദേശങ്ങൾ രാവണനു കൊടുക്കാമെന്നു പറഞ്ഞുവെങ്കിലും, നിർത്താനായിരുന്നു രാജാവിന്റെ കല്പന. രാവണൻ അവജ്ഞയോടെ വാനരന്റെ പേര് ചോദിക്കു കയും എന്തിന് സ്വകാര്യഭവനങ്ങളിൽ കടന്നുവെന്ന് ആരായുകയും ചെയ്യുന്നു. മാതാപിതാക്കളുടെയും തന്റെയും പേര് പറഞ്ഞതിനു ശേഷം ഹനുമാൻ രാമന്റെ കല്പന വിവരിക്കാൻ തുട ങ്ങുന്നു. പക്ഷേ, രാവണൻ അതൊന്നും ശ്രദ്ധിക്കാതെ വാനരനെ കൊല്ലാൻ ഉത്തരവിറക്കുന്നു. ദൂതന്മാരെ ഒരിക്കലും കൊല്ലരുതെന്ന് പറയുന്നതുകൊണ്ട് രാവണൻ സന്ദേശം കേൾക്കാൻ തയ്യാറാവുന്നു. ഏതു സാഹചര്യത്തിലും രാമൻ രാവണനെ വധിക്കുമെന്നാണ് അതിന്റെ സാരം.

രാവണൻ അതിനെ പരിഹസിക്കുകയും തന്റെ ശക്തിയെ പ്രശംസി ക്കുകയും ചെയ്യുന്നു. എങ്കിൽ പിന്നെ എന്തിനാണ് സീതയെ അപ ഹരിച്ചത് എന്ന് ഹനുമാൻ ചോദിക്കുന്നു. വിഭീഷണനും ചോദ്യം ആവർത്തിക്കുകയും സീതയെ രാമന് തിരിച്ചുകൊടുക്കാൻ ഉപദേശി

വാലിൽ തീ കൊളുത്തി പറഞ്ഞയയ്ക്കാൻ കല്പിക്കുന്നു. തനി ക്കുകയും ചെയ്യുന്നു. പക്ഷേ, രാവണൻ അദ്ദേഹത്തെ ശകാരിക്കുക യും രാമനെ കൊച്ചാക്കി പറയുകയുമാണ് ചെയ്യുന്നത്. ഹനുമാൻ അതേ നാണയത്തിൽ തിരിച്ചടിക്കുന്നെങ്കിലും രാവണൻ അവന്റെ ക്ക് മഹത്തായ യുദ്ധം നൽകാൻ രാമനോട് ് പറയൂ എന്ന് രാവണൻ ഹനുമാനോട് ആവശ്യപ്പെടുന്നു. ഹനുമാനാകട്ടെ, രാമൻ ഈ മഹാ നഗരം മുഴുവൻ നശിപ്പിച്ച് രാവണനെ വധിക്കുമെന്ന് തിരിച്ചടിക്കുന്നു. ഹനുമാൻ പോയപ്പോൾ, വിഭീഷണൻ വീണ്ടും രാമന് സീതയെ തിരിച്ചുകൊടുത്ത് ശക്തനായ ഒരു ശത്രുവോടുള്ള ഏറ്റുമുട്ടൽ ഒഴിവാ ക്കാൻ രാവണനോട് അഭ്യർഥിക്കുന്നു. ശത്രുവിനുവേണ്ടി പ്രവർത്തി ക്കുന്നവനെന്ന് രാവണൻ സോദരനെ കുറ്റപ്പെടുത്തുകയും അവനെ പുറത്താക്കാൻ ആജ്ഞാപിക്കുകയും ചെയ്യുന്നു. വിഭീഷണൻ രാവണനോട് ക്രോധവും കാമവും അമർത്തണമെന്നു പറഞ്ഞ് രാമന്റെ അടുത്തേക്ക് പോയി രക്ഷസകുലത്തെ രക്ഷിക്കാൻ ശ്രമിക്കു ന്നു. സീതയുടെ വിവരമറിഞ്ഞ ഉടനെ സുഗ്രീവൻ വാനരസേന യോടുകൂടി ലങ്കയിലേക്കു പുറപ്പെടാൻ തയ്യാറെടുപ്പ് നടത്തുന്നതായി നാലാമങ്കത്തിന്റെ വിഷ്കംഭകത്തിൽനിന്നു നാം മനസ്സിലാക്കുന്നു. അങ്കാരംഭത്തിൽ സമുദ്രതീരത്ത് വാനരസേന യോടുകൂടി രാമൻ, ലക്ഷ്മണൻ, സുഗ്രീവൻ, ഹനുമാൻ എന്നിവർ പ്രവേശിക്കുന്നു. അധികം വൈകാതെ, എങ്ങനെയാണ് രാമൻ സ്വീകരിക്കുക എന്നു സംശയിച്ചുകൊണ്ട് വിഭീഷണനും രംഗത്ത് വരുന്നു. ഹനുമാൻ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നു. രാമനും വിഭീഷണനും തമ്മിൽ ആശംസകൾ കൈമാറുകയും രാമൻ ലങ്കാധിപനായി അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്യുന്നു. എങ്ങനെ സമുദ്രം തരണം ചെയ്യണ മെന്ന ചോദ്യത്തിന് വിഭീഷണൻ സമുദ്രത്തിനുനേർക്ക് ഒരു ദിവ്യാസ്ത്രം അയയ്ക്കണ മെന്ന് രാമനെ ഉപദേശിക്കുന്നു. സമുദ്രദേവനായ വരുണൻ ഉടനെ പ്രത്യക്ഷപ്പെട്ട് രാമനെ സ്തുതിച്ച് അവർക്കും സൈന്യത്തിനും പോകാൻ വഴിയൊരുക്കുന്നു. രാമൻ സൈന്യത്തോടുകൂടി അക്കരയെത്തി ലങ്കയുടെ അടുത്തുള്ള സുവേല ത്തിൽ താവളമടിക്കുന്നു. വാനരസേനയുടെ അധിപനായ നീലൻ സേനാംഗമായ കുമുദകന്റെ ഭൃത്യരുടെ വേഷത്തിൽ രണ്ട് അപരിചിത രെ കാണുകയും രാമന്റെ മുൻപിൽ ഹാജരാക്കുകയും



ചെയ്യുന്നു. രാവണമന്ത്രിമാരായ ശുക–സാരണന്മാരാണവരെന്ന് വിഭീഷണൻ തിരിച്ചറി ഞ്ഞ് ആ ചാരന്മാർക്ക് ശിക്ഷ നൽകണമെന്ന് നിർദേശി ക്കുന്നു. എന്നാൽ രാമൻ അവരെ വിടാനും രാമൻ സൈന്യസമേതം യുദ്ധത്തിന് ലങ്കയിൽ വന്നിട്ടുണ്ടെന്ന് രാവണനെ അറിയിക്കാനുമാണ് കല്പിക്കുന്നത്. അവർ പോയതിനുശേഷം, വിഭീഷണനോടും മറ്റുള്ളവരോടുമൊപ്പം സേനയെ പരിശോധിക്കാൻ തുടങ്ങുന്നു.

അഞ്ചാമങ്കത്തിന്റെ വിഷ്കംഭകം യുദ്ധത്തിലെ പ്രധാന നായകന്മാരായ പ്രഹസ്തൻ, കുംഭകർണൻ മുതലാവരുടെ വധമുൾപ്പെടെ യുള്ള രാക്ഷസസേനയുടെ വൻതിരിച്ചടികളെയും പോർക്കളത്തിലേക്കുള്ള ഇന്ദ്രജിത്തിന്റെ വരവിനെയും നമ്മെ അറിയിക്കുന്നു. ഇതെല്ലാമായിട്ടും രാവണൻ സീതയോടുള്ള അഭിനിവേശത്തിൽ താല്പര്യക്കുറവ് കാട്ടുകയോ സദുപദേശങ്ങൾക്ക് ചെവി കൊടുക്കാൻ കൂട്ടാക്കുകയോ ചെയ്തില്ല. രവണൻ കല്പിച്ചതനുസരിച്ച് രാമന്റെയും ലക്ഷ്മണന്റെയും തലകളുടെ രണ്ട് പ്രതിരൂപങ്ങൾ തയ്യാറാക്കി. പതിവുപോലെ രാക്ഷസികളാൽ ചുറ്റപ്പെട്ട സീത ദുശ്ശകുനങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന അശോകവനികയിലാണ് മുഖ്യരംഗം ആരംഭിക്കുന്നത്. വരുന്ന വഴിയിൽ രാവണൻ കാണുന്നത് ലങ്കാ ലക്ഷ്മി തന്നെ വിട്ടുപോകുന്നതാണ്. എന്നിട്ടും അദ്ദേഹം സീതയെ സമീപിക്കുന്നത് ഭീഷണികൾ കൊണ്ട് അവളെ പാട്ടിലാക്കാനാണ്. യുദ്ധത്തിൽ രാമനെയും ലക്ഷ്മണനെയും ഇന്ദ്രജിത്ത് കൊല്ലുമെന്ന് യജമാനനെ അറിയിക്കുന്ന ഭൃത്യൻ അവരുടെ രണ്ടുപേരുടെയും തല കളുടെ പ്രതിരൂപങ്ങൾ എടുത്തുകൊണ്ട് രാവണനെ അനുഗമിക്കുന്നു. ഇത് കണ്ട് സീത ബോധം കെട്ട് നിലം പതിക്കുന്നു. ബോധം വീണ്ടെടുത്ത അവൾ രാവണനോട് സ്വന്തം വാൾകൊണ്ട് തന്നെ കൊല്ലാൻ അപേക്ഷിക്കുന്നു. രാവണൻ അവളോട് ചോദിക്കുന്നു: 'ഇനി ആരാണ് നിന്നെ മോചിപ്പിക്കുക?' അപ്പോൾ ഒരു രാക്ഷസദൂതൻ പ്രവേശിച്ച് ഇന്ദ്രജിത്ത് വധിക്കപ്പെട്ടുവെന്ന് അറിയിക്കുകയും ആ വാർത്ത രാവണന് ഒരാഘാതമായിത്തീരുകയും ചെയ്തു. അദ്ദേഹം രണ്ടു തവണ മോഹാലസ്യപ്പെടുകയും ബോധം വീണ്ടുകിട്ടിയപ്പോൾ തന്റെ സൈന്യം ഓടിപ്പോയതായി വിവരം ലഭിച്ചതോടെ കോപിഷ്ഠ നാവുകയും ചെയ്തു. രാമൻ ലങ്കയിലേക്ക് കുതിക്കു ന്നതായി കേട്ടപ്പോൾ രാവണൻ ഉടനെ തന്റെ വാളുമായി രാമനോട് യുദ്ധം ചെയ്യാൻ പുറപ്പെട്ടു. പക്ഷേ, ഭൃത്യൻ തന്നെ അദ്ദേഹത്തെ തടഞ്ഞു. അവസാനം രാവണൻ തേരിലേറി പോർക്കളത്തിലേക്ക് യാത്രയായി.

സീത തന്റെ ഭർത്താവ് ജയിക്കട്ടെ എന്ന് ദൈവങ്ങളോട് പ്രാർഥിച്ചു.

ആറാമങ്കത്തിന്റെ വിഷ്കംഭകം (ഇത് ലാഹോർ പതിപ്പിലും തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ സൂക്ഷിച്ച ഹസ്തലിഖിതത്തിലും ആറാമങ്കമാണ്) ദൂരെ നിന്ന് നിരീക്ഷിക്കുന്ന മൂന്നു വിദ്യാധരന്മാരുടെ സംഭാഷണങ്ങളിലൂടെ ഭയങ്കരമായ രാമ–രാവണയുദ്ധം വിസ്തരിച്ച് വിവരിക്കുന്നതായി നമ്മെ അറിയിക്കുന്നു. ഓരോരാളും അവനവന്റെ ഊഴം വരുമ്പോൾ യുദ്ധത്തിന്റെ ഏതെങ്കിലും ചില പ്രത്യേകതകൾ വിവരിക്കുന്നു.

അതവസാനിക്കുന്നത് രാവണന്റെ വധത്തോടും തുടർന്ന് സ്വർഗത്തിൽനിന്നുണ്ടാകുന്ന പുഷ്പവൃഷ്ടിയോടും ദേവദുന്ദുഭിഘോഷത്തോടും കൂടിയാണ്. സീതയെ ആശ്വസിപ്പിക്കാൻ രാമൻ ലങ്കയിൽ പ്രവേശിക്കുന്നതോടെ മുഖ്യരംഗം ആറംഭിക്കുന്നു (ഇതുമുതൽ ലാഹോർപതിപ്പിലും തൃപ്പൂണിത്തുറ ഹസ്തലിഖിതത്തിലും ഏഴാമങ്കമാകുന്നു). ലക്ഷ്മണനും വിഭീഷണനും രാമനെ സീത സമീപിക്കുന്നതായി അറിയിക്കുന്നു. പക്ഷേ, രാക്ഷസരുമായുള്ള ഏറെക്കാലത്തെ സഹവാസം കൊണ്ട് ഇക്ഷ്വാകുവംശത്തിന് ഒരു കളങ്കമായിത്തീർന്നിരിക്കയാണ് സീതയെന്നതുകൊണ്ട് അവൾ പുറത്തു നിൽക്കട്ടെയെന്നാണ് രാമൻ ആഗ്രഹിക്കുന്നത്. രാമന്റെ അഭിപ്രായം കേട്ട് സീത അഗ്നിയിൽ പ്രവേശിക്കാൻ അനുമതി ചോദിക്കുകയും രാമൻ അനുവദിക്കുകയും ചെയ്യു ന്നു. അനന്തരം സീത അഗ്നിപരീക്ഷയിൽ വിജയകരമായി പുറത്തു വന്നുവെന്നും അഗ്നിദേവൻ മനുഷ്യരൂപത്തിലാണ് സീതയെ തീയിൽനിന്നു പുറത്തേക്കു നയിച്ചതെന്നും ലക്ഷ്മണൻ അറിയിക്കുന്നു. ദിവ്യന്മാരായ ഗന്ധർവന്മാരും വിദ്യാധരന്മാരും മറ്റും പിന്നിൽ നിന്ന് രാമനെ സ്തുതിക്കവേ, സീതാരാമന്മാർ അഭിഷേകത്തിനു പോകുന്നു. വിഭീഷണനും ലക്ഷ്മണനും സ്തുതി ചൊരിയവേ, അഗ്നി അവർക്ക് വഴി കാണിക്കുന്നു. അവസാനം അഭിഷേകം കഴിഞ്ഞ രാമൻ സീതയോടൊപ്പം പ്രവേശിക്കുകയും മരിച്ചിട്ട് ഏറെ കാലമായെങ്കിലും തന്റെ പിതാവിന്റെ കൈകൾ കൊണ്ടു തന്നെയാണ് ദൈവേച്ഛാവശാൽ അഭിഷേകം നടന്നതെന്ന് എല്ലാ വരെയും അറിയിക്കുകയും ചെയ്യുന്നു. ഭരതനും ശത്രുഘ്നനും പ്രജകളും മഹേന്ദ്രൻ മുതലായ മറ്റു ദേവന്മാരും രാമനെ സ്വാഗതം ചെയ്യാൻ വരുന്നതായി അഗ്നി രാമനെ അറിയിക്കുന്നു. ഗോക്കൾ പാപരഹിതരാവുകയും ശത്രുസംഘം നശിക്കുകയും ഈ മുഴുവൻ ഭൂമിയെയും നമ്മുടെ രാജസിംഹൻ ഭരിക്കുകയും ചെയ്യട്ടെ എന്ന



ഭരതവാക്യത്തോടുകൂടി *അഭിഷേക*നാടകം അവസാനിക്കുന്നു.

## 10. പ്രതിജ്ഞായൗഗന്ധരായണം

പാണ്ഡവന്മാരുടെ വംശജനായ വത്സരാജൻ ഉദയനൻ കൗശാംബി ഭരിക്കുകയായിരുന്നു. അദ്ദേഹം സംഗീതത്തിൽ വിദഗ്ധനും വനഗജങ്ങളെ പിടിക്കുന്നതിൽ തല്പരനുമായിരുന്നു. വത്സരാജന്റെ അയൽക്കാരനും വലിയ സൈന്യമുള്ളതുകൊണ്ട് മഹാസേനൻ എന്നുകൂടി അറിയപ്പെടുന്നവനുമായ അവന്തിയിലെ പ്രദ്യോതനെന്ന രാജാവ്, മകളായ വാസവദത്തയെ ഉദയനന് വിവാഹം ചെയ്തുകൊടുക്കാൻ ആഗ്രഹിച്ചു. പക്ഷേ, വത്സരാജൻ, വെറും സ്വാഭിമാനത്താലാവണം, വാസവദത്തയ്ക്കുവേണ്ടി ഒരു ദൂതനെയും അയച്ചില്ല. അതുകൊണ്ട് പ്രദ്യോതന് പല ചാണക്യതന്ത്രങ്ങളും പ്രയോഗിക്കേണ്ടിവന്നു. അദ്ദേഹം കൃത്രിമമായ ഒരു വലിയ നീലഗജത്തെ തന്റെ രാജ്യത്തിന്റെ അതിർത്തിക്കാടുകളിൽ വിന്യസിച്ചു. അടുത്തായി ഒരു കൂട്ടം സായുധസൈന്യത്തെയും ഒളിപ്പിച്ചു. അങ്ങനെയാണ് വത്സരാജനെ പിടിക്കാൻ ഉദ്ദേശിച്ചത്. മംഗളകരമായ അത്തരം ആനകളെ പിടിക്കുന്ന സാഹസത്തിൽ മുഴുകാൻ വത്സരാജൻ മടിക്കില്ലെന്നു തീർച്ചയാണ്. തലസ്ഥാനത്തിനു പുറത്ത് തന്റെ രാജ്യത്തിന്റെ അതിർത്തികളിലുള്ള വേണുവനത്തിലൂടെ നായാട്ടിനുവേണ്ടി സഞ്ചരിക്കുകയാണദ്ദേഹം. അതിന് തൊട്ടടുത്താണ് നാഗവനം. അവിടെയാണ് നീലഗജത്തെ നിർത്തിയിട്ടുള്ളത്. ആനയെക്കുറിച്ചുള്ള വിവരം വത്സരാജന്ന് എത്തിക്കാൻ എല്ലാ സംവിധാനങ്ങളും പ്രദ്യോതൻ ചെയ്തിട്ടുണ്ടായിരുന്നു. വത്സരാജന്റെ വിശ്വസ്തനായ മന്ത്രി യൗഗന്ധരായണൻ പ്രദ്യോതൻ വെച്ച കെണിയിൽ കുടുങ്ങാതിരിക്കാൻ രാജാവിന് താക്കീത് നൽകുകുകയുണ്ടായി.

ഈ സന്ദർഭത്തിലാണ് നാടകം ആരംഭിക്കുന്നത്. സൂത്രധാരൻ മുഖ്യകഥാപാത്രങ്ങളെ പരാമർശിച്ചുകൊണ്ടുള്ള വന്ദനശ്ലോകം ചൊല്ലിയ ഉടനെ നടിയെ വിളിച്ച് ഒരു പാട്ട് പാടാൻ പറയുന്നു. താൻ ബന്ധുക്കൾക്ക് അസ്വാസ്ഥ്യം വന്നതായി സ്വപ്നം കണ്ടുവെന്നും അവരുടെ കുശലമറിയാൻ ആര്യൻ ആരെയെങ്കിലും പറഞ്ഞയയ്ക്കണമെന്നും ആയിരുന്നു അവളുടെ മറുപടി. സൂത്രധാരൻ അതംഗീകരിക്കുന്നു. അപ്പോഴേക്കും യൗഗന്ധരായണൻ സാലകനെ വിളിക്കുന്ന ശബ്ദം പിന്നിൽനിന്ന് കേൾക്കുന്നു. ഇതോടെ സ്ഥാപന കഴിയുന്നു. നാഗവനത്തിലേക്ക് വിടുന്നതിനുമുൻപ്, നേരിടാൻ പോകുന്ന അപകടത്തെപ്പറ്റി വത്സരാജന് താക്കീത് കൊടുക്കുന്നതിന്

പറഞ്ഞയയ്ക്കാൻ വിചാരിച്ച സാലകനുമായി, നീണ്ട വഴിയെയും ഭാരിച്ച ഉത്തരവാദിത്തങ്ങളെയും പറ്റി സംസാരിച്ചുകൊണ്ടിരിക്കുക യായിരുന്നു യൗഗന്ധരായണൻ. അമ്മറാണി തയ്യാറാക്കിക്കൊണ്ടിരി ക്കുന്ന കത്തും രക്ഷാമുദ്രയും വേഗത്തിലാക്കുന്നതിന് വിജയ എന്ന ചേടിയെ ചുമതലപ്പെടുത്താനും അദ്ദേഹം അതിനിടയിൽ സമയം കണ്ടെത്തുന്നു. അപ്പോഴാണ് വത്സരാജന്റെ അംഗരക്ഷകനായ ഹംസ കൻ ഒറ്റയ്ക്ക് മടങ്ങിവന്നുവെന്ന വിവരം യൗഗന്ധരായണൻ അറിയുന്നത്. സാലകനോട് പുറത്ത് കാത്തിരിക്കാൻ പറഞ്ഞ് മന്ത്രി ഹംസകനെ വിളിക്കുന്നു. വത്സരാജന് എന്തോ ആപത്ത് പിണഞ്ഞു വെന്ന് വ്യക്തമാണ്. രാജാവിനെ എങ്ങനെ പിടിച്ചുവെന്നതിന്റെ വിശദ വിവരങ്ങൾ ഹംസകൻ യൗഗന്ധരായണനെ ധരിപ്പിക്കുന്നു: പ്രദ്യോതന്റെ കെണിയെപ്പറ്റി അറിഞ്ഞപ്പോൾ വത്സരാജൻ പ്രശസ്തമായ തന്റെ വീണ (ഘോഷവതി) ദൂരെ വലിച്ചെറിഞ്ഞു. അടുത്തുള്ള കുറ്റിക്കാ ട്ടിൽ നിന്ന് ഓടിവന്ന സൈന്യത്തെ ഒറ്റയ്ക്ക് നേരിട്ടു. ആ സൈന്യത്തോട് ഏകാകിയായി മൂന്നോ നാലോ മണിക്കൂർ യുദ്ധം ചെയ്തതും സൂര്യപാതത്താൽ മോഹാലസ്യപ്പെട്ടതും ആ അവസ്ഥയിൽ അദ്ദേഹത്തെ വള്ളികൊണ്ടും മറ്റും കെട്ടിവരിഞ്ഞതും ബോധം വന്ന തിനുശേഷം അദ്ദേഹത്തിന്റെ തലയറുക്കാൻ ഒരുങ്ങിയ ഭടൻതന്നെ വീണതും ശത്രുസേനയുടെ അധിപൻ ശരീരത്തിൽ മുറിവേറ്റ് മോഹാലസ്യപ്പെട്ടുവീണെങ്കിലും അതിൽനിന്ന് മുക്തനായി വത്സ രാജന്റെ അടുത്തുവന്ന് അദ്ദേഹത്തിന്റെ കെട്ടഴിച്ച് മാന്യമായി പെരുമാറിയതും വേണ്ട ശുശ്രൂഷകൾ ചെയ്ത് ഉജ്ജയിനിയിലെത്തി ച്ചതമെല്ലാം ഹംസകൻ വിവരിക്കുന്നു. എല്ലാ വിവരവും യൗഗന്ധരായ ണനെ അറിയിക്കണമെന്ന് തന്നോട് പറഞ്ഞത് പ്രദ്യോതന്റെ സേനാപതിയായ ശാലങ്കായനനാണെന്നും വത്സരാജൻ യൗഗന്ധരാ യണനെ കാണണമെന്ന് തന്നോട് നിർദേശിച്ചുവെന്നും തുടർന്ന് ഹംസകൻ മന്ത്രിയെ ബോധ്യപ്പെ ടുത്തുന്നു. രാജാവിന് തന്നിലുള്ള വിശ്വാസത്തെപ്പറ്റി അറിഞ്ഞ് യൗഗന്ധരായണൻ സന്തുഷ്ടനായി. അതിനിടയിൽ വാർത്ത കേട്ട് അന്തഃപുരം വിഷാദമഗ്നമായി. അമ്മ റാണിയുടെ സന്ദേശവുമായി വിജയ പ്രവേശിക്കുന്നു. യൗഗന്ധരായ ണനും തന്റെ മകനാണെന്നും മറ്റേ മകനെ (വത്സരാജനെ) മോചിപ്പി ക്കാൻ വേണ്ടതു ചെയ്യണമെന്നുമാണ് സന്ദേശം. അദ്ദേഹം ഉടനെ പ്രതിജ്ഞ ചെയ്തു: രാജാവിനെ മോചിപ്പിക്കുന്നില്ലെങ്കിൽ ഞാൻ യൗഗന്ധരായണനല്ല. അപ്പോൾ ഭൃത്യനായ നിർമുണ്ഡകൻ വന്ന്



ശാന്ത്യുത്സവത്തിലുണ്ടായ രസകരമായ ഒരു സംഭവമറിയിച്ചു – ഉന്മത്തവേഷധാരിയായ ഒരു ബ്രാഹ്മണൻ രാജകുലത്തിന് പുരോഗതിയുണ്ടാവുമെന്നു പ്രഖ്യാപിച്ച് ആ വേഷം അവിടെ ഉപേക്ഷി ച്ച് അപ്രത്യക്ഷനായി. യൗന്ധരായണൻ ആ വേഷം ധരിച്ചു. പ്രസ്തുത വേഷത്തിൽ യജമാനനെ മോചിപ്പിക്കാമെന്നു നിശ്ചയിക്കു കയും ചെയ്തു. അനന്തരം അമ്മറാണിയിൽനിന്ന് മറ്റൊരു സന്ദേശം ലഭിച്ച അദ്ദേഹം അവരെ കാണാൻ പോയി.

രണ്ടാമങ്കത്തിലെ വിഷ്കംഭകത്തിൽ മഹാസേനന്റെ മകളെ വരിക്കാനുള്ള ദൂതുമായി പല രാജാക്കന്മാരും അദ്ദേഹത്തെ സമീപി ക്കുന്നുണ്ടെന്നും അദ്ദേഹം ഒന്നും തീരുമാനിച്ചിട്ടില്ലെന്നും കാഞ്ചുകീയനിൽനിന്ന് നാമറിയുന്നു. മുഖ്യരംഗം പ്രദ്യോതമഹാസേനൻ പരിവാരവുമായി പ്രവേശിക്കുന്നതോടെ തുടങ്ങുന്നു. വത്സരാജൻ തന്നോട് സൗഹൃദം കാണിക്കാത്തതിൽ അദ്ദേഹം ഖിന്നനാണ്. അദ്ദേ ഹം കാഞ്ചുകീയനോട് വരന്റെ ഗുണങ്ങളെപ്പറ്റി പറഞ്ഞുവെങ്കിലും ഒരാളെ കൃത്യമായി നിശ്ചയിക്കാൻ കഴിയാത്ത കാര്യം എടുത്തു കാണിക്കുകയും ചെയ്യുന്നു. രാജ്ഞിയോട് അതേപ്പറ്റി ചർച്ച ചെയ്യാൻ അദ്ദഹം ആഗ്രഹിച്ച് അവരെ വിളിപ്പിക്കുന്നു. വാസവദത്തയ്ക്ക് ഒരു സംഗീതാധ്യാപകനെ വേണമെന്ന് അവർ ആവശ്യപ്പെടുന്നു. അതെ ല്ലാം ഭർത്താവ് പഠിപ്പിച്ചുകൊള്ളുമെന്നത്രേ മഹാസേനന്റെ മറുപടി. ആരെയാണ് വരനായി തിരഞ്ഞെടുത്തതെന്നായി അപ്പോൾ രാജ്ഞി യുടെ ചോദ്യം. ഒന്നും നിശ്ചയിച്ചിട്ടില്ലെന്നും മകളുടെ വിവാഹകാര്യ ത്തിൽ അമ്മമാരുടെ വിഷമം ഏറെയാണെന്നും അദ്ദേഹം വിവരി ക്കുന്നു. ധാരാളം രാജാക്കന്മാർ ദൂതന്മാരെ പറഞ്ഞയച്ചിട്ടുണ്ട്. എല്ലാം കേട്ടശേഷം അവർക്ക് പറയാനുള്ളതിതാണ്: കൊടുത്താൻ വ്യസനിക്കേണ്ടാത്തിടത്ത് കൊടുക്കുക. പിന്നീട് ദൗത്യമയച്ചവരുടെ യെല്ലാം പേരെണ്ണിപ്പറഞ്ഞ് അവൾ ആരെയാണ് തിരഞ്ഞെടുക്കുന്ന തെന്ന് രാജാവ് ചോദിച്ചു. ഉടനെത്തന്നെ കാഞ്ചുകീയൻ വന്ന് പറയു ന്നു: “വത്സരാജൻ.” വത്സരാജൻ പിടിക്കപ്പെട്ടുവെന്നാണ് കാഞ്ചുകീ യൻ പറയാൻ ഭാവിച്ചത്. പക്ഷേ മഹാസേനൻ അതു വിശ്വസിച്ചില്ല. പിന്നെ സത്യം ബോധ്യപ്പെട്ടപ്പോൾ അദ്ദേഹം അങ്ങേയറ്റം സന്തുഷ്ടി പൂണ്ടു: ‘‘ഇന്നാണ് ഞാൻ മഹാസേനനായത്’’ എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. ശരിക്കും രാജകീയ രീതിയിൽത്തന്നെ ബന്ദിയെ പരിചരിക്കണമെന്ന് അദ്ദേഹം ഉത്തരവിട്ടു.

മഹാസേനന്റ ഉത്സാഹാതിശയം കണ്ടപ്പോഴും വത്സരാജന്റെ ഗുണഗണങ്ങൾ കേട്ടപ്പോഴും ഇനി വേറെയാരെയും മകൾക്കുവേണ്ടി

അന്വേഷിക്കേണ്ടതില്ലെന്നായി രാജ്ഞി. കാഞ്ചുകീയൻ പ്രവേശിച്ച് വത്സരാജനെ പിടിച്ചതിനു തെളിവായി ഘോഷവതി എന്ന വീണ കാണിക്കുന്നു. വാസവദത്തയ്ക്ക് അത് സമ്മാനിക്കാൻ മഹാസേന നും രാജ്ഞിയും തീരുമാനിക്കുന്നു. വത്സരാജന് മുറിവേറ്റുവെന്നറിഞ്ഞപ്പോൾ ഉടനെ വൈദ്യശുശ്രൂഷ ചെയ്യാൻ മഹാസേനൻ കല്പന കൊടുത്തു. അദ്ദേഹത്തോട് ബഹുമാന്യമായ പെരുമാറ്റമായിരിക്കണം. എന്തൊക്കെ അദ്ദേഹം ആഗ്രഹിക്കുന്നുവോ അതെല്ലാം എത്തി ക്കണം. കുറേക്കൂടി സമുചിതമായ ഒരു സ്വർണഗൃഹത്തിലേക്ക വത്സരാജനെ മാറ്റണം. രാജ്ഞി ചോദിച്ചപ്പോൾ മകളുടെ വിവാഹ ത്തെപ്പറ്റി ഒന്നും നിശ്ചയിച്ചില്ലെന്നും അതിൽ ബദ്ധപ്പൊടൊന്നു മില്ലെന്നും മഹാസേനൻ പറഞ്ഞു. രാജ്ഞി അന്തഃപുരത്തിലേക്കു മടങ്ങി. മഹാസേനൻ വത്സരാജനെപ്പറ്റി ആലോചിച്ചുകൊണ്ടു തന്നെ ഇരുന്നു.

മൂന്നാമങ്കമാണ് മുഴുവൻ നാടകത്തിന്റെയും കേന്ദ്രം. യുദ്ധമില്ലാതെ വത്സരാജനെ എങ്ങനെ മോചിപ്പിക്കണമെന്നാണ് യൗഗന്ധരായണന്റെ ആലോചന. യൗഗന്ധരായണൻ, വസന്തകൻ (വിദൂഷകൻ), രുമണ്വാൻ എന്നീ മൂവരും ഉജ്ജയിനിയിൽ വേഷം മാറി സഞ്ചരിക്കുകയും സന്ധ്യയ്ക്ക് ആൾപ്പാർപ്പില്ലാത്ത അഗ്നിഗൃഹത്തിൽ ഒത്തുചേരു കയും ചെയ്യുന്നു. വസന്തകന്റെ ജോലി വത്സരാജനെ കണ്ട് സന്ദേശ ങ്ങൾ കൈമാറുകയാണ്. അവരുടെ ഒട്ടേറെ സഹായികളും ഉജ്ജയിനി യിൽ പല വേഷങ്ങളിലായി മഹാസേനന്റെ ഉദ്യോഗസ്ഥരായി കഴിയുന്നുണ്ട്. അവരുടെ പദ്ധതി രാജാവിന്റെ പ്രസിദ്ധമായ ആനയെ ദേഷ്യം പിടിപ്പിക്കുകയും അതിനെ സമാധാനിപ്പിക്കാൻ വത്സരാജന്റെ സേവനം ഉപയോഗപ്പെടുത്തുവാൻ ബന്ധപ്പെട്ടവർ നിർബന്ധിക്കപ്പെ ടുകയും ചെയ്യുന്നതിലേക്ക് കാര്യങ്ങൾ എത്തിക്കുകയത്രേ. അപ്പോൾ അദ്ദേഹത്തിന് അതിന്റെ പുറത്തു കയറി സ്വന്തം തലസ്ഥാനത്തേക്ക് രക്ഷപ്പെടാമല്ലോ. ഈ അങ്കത്തിന്റെ ആദ്യഭാഗം ഒരേ സമയം ഹാസ്യാ ത്മകവും ധ്വനിപ്രധാനവുമാണ്. വിദൂഷകൻ ഡിണ്ഡികവേഷത്തിൽ (ഭിക്ഷുവിന്റെ രൂപത്തിൽ) പ്രവേശിക്കുകയും യൗഗന്ധരായണനെ കാണാത്തത് സൂചിപ്പിച്ചുകൊണ്ട്, മോദകമല്ലകം നഷ്ടപ്പെട്ടതിൽ വേവ ലാതിപ്പെടുകയും ചെയ്യുന്നു. മോദകമല്ലകം. വൃദ്ധസൂകരബസ്തി, ലോഹിതകാത്യായനി, അതുപോലുള്ള ഹാസ്യവസ്തുക്കളെന്നു തോന്നിക്കുന്നവ ആദ്യം ആസൂത്രണം ചെയ്ത പദ്ധതി നടപ്പിലാവാ തെ പോയതിലുള്ള യൗഗന്ധരായണന്റെ നൈരാശ്യത്തെയും ഉദയന ന്റെ പ്രേമത്തിന്റെ അടിസ്ഥാനത്തിൽ വിദൂഷകൻ അത്തരത്തിൽ



നൽകുന്ന സന്ദേശത്തെയും സൂചിപ്പിക്കുന്നവയത്രേ. അനന്തരം യൗ ഗന്ധരായണൻ ഉന്മത്തകന്റെ വേഷത്തിൽ പ്രവേശിക്കുന്നു. വിദൂഷകൻ മോദകമല്ലകം, ഐരാവണം, അതുപോലുള്ള പുറമെ അസംബന്ധമെന്നു തോന്നുന്ന സംഗതികൾ ഉൾക്കൊള്ളുന്ന പ്രസ്താവനകളിലൂടെ യൗഗന്ധരായണന്റെ മൗലികപദ്ധതിയെ പരിഷ്കരി ക്കേണ്ടതുണ്ടെന്ന് സൂചിപ്പിക്കാൻ ശ്രമിക്കുന്നു. പക്ഷേ, യൗഗന്ധരായണന് അത് മനസ്സിലാകുന്നില്ലെന്ന് തോന്നിച്ചുകൊണ്ട് ബുദ്ധഭിക്ഷുവിന്റെ വേഷം ധരിച്ച രുമണ്വാനോട് അത് വെളിപ്പെടുത്തണമെന്ന സന്ദേശം വിദൂഷകന് കൊടുക്കുന്നു. മൂവരും ഒരു രഹസ്യസങ്കേതത്തിലെത്താൻ നിശ്ചയിക്കുകയും അഗ്നിഗൃഹ ത്തിലെ രഹസ്യമുറിയിൽ അവർ ഒത്തുചേരുകയും അവിടെവെച്ച് സാധാരണഭാഷയിൽ സംസാരിക്കുകയും ചെയ്യുന്നു. തങ്ങളുടെ പദ്ധതിയുടെ ഓരോ ഇനവും തയ്യാറായിരിക്കയാണെന്ന് യൗഗന്ധരാ യണൻ വ്യക്തമാക്കുന്നു. ആനപ്പാപ്പാന്മാരെ വശത്താക്കി യിട്ടുണ്ട്; ആനയെ ദേഷ്യം പിടിപ്പിക്കാൻ ശബ്ദഘോഷങ്ങ ളുണ്ടാക്കാനുള്ള ഏർപ്പാടും തീപ്പന്തങ്ങളും ശരിപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, പ്രഥമ ദർശനത്തിൽതന്നെ വത്സരാജന്റെ മനസ്സിൽ വാസവദത്തയോട് പ്രേമം ഉദിച്ചതും തുടർന്ന് തടവറ വിനോദമുറിയായി മാറിയതും അതിൻ ഫലമായി ഉദയനന്റെ ഇഷ്ടമില്ലായ്മയാൽ പദ്ധതിയിൽ തന്റെ പങ്കു വഹിക്കാൻ കഴിയാത്തതും വസന്തകൻ അവരെ അറിയിക്കുന്നു. തന്നോടുണ്ടായ അപമാനകരമായ പെരുമാറ്റത്തിൽ പ്രദ്യോതനോ ടുള്ള പ്രതികാരം മങ്ങി വരുന്നതിന്റെ രീതിയെക്കുറിച്ചുള്ള ഉദയനന്റെ വിശദീകരണമടങ്ങുന്ന സന്ദേശം മൂന്നു പേരിലാരെയും ബോധ്യ പ്പെടുത്താൻ പര്യാപ്തമായില്ല. രാജാവിന്റെ വാക്കുകൾ അദ്ദേഹ ത്തിന്റെ പ്രേമരോഗവും അവരുടെ പദ്ധതി ഫലപ്രദമായി നടപ്പിലാ ക്കുന്നതിന് സഹായിക്കുന്നതിൽ അദ്ദേഹത്തിനുള്ള അപ്രാപ്തിയും വ്യക്തമാക്കുന്നവയായിരുന്നു. ഉദയനന്റെ അനുമതിയില്ലാതെ അദ്ദേഹത്തെ മോചിപ്പിക്കുന്നതിൽ അവർക്കൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. അതിനാൽ യൗഗന്ധരായണൻ തന്റെ മൗലികപദ്ധതിയിൽ ഭേദഗതികൾ വരുത്തുകയും വത്സരാജനെ വാസവദത്തയോടൊപ്പം കൊണ്ടുവരാൻ നിശ്ചയിക്കുകയും അതനു സരിച്ച് രണ്ടുപേരെയും മോചിപ്പിക്കാൻ രണ്ടാമതൊരു പ്രതിജ്ഞ യെടുക്കുകയും ചെയ്യുന്നു. സമയം വൈകുകയും ജനങ്ങൾ ആ വഴിയിലൂടെ സഞ്ചരിക്കാൻ തുടങ്ങുകയും ചെയ്തതുകൊണ്ട് മൂവരും അഗ്നിഗൃഹത്തിന്റെ വിവിധവാതിലുകളിലൂടെ പുറത്തു കടന്നു.

അവസാനത്തേതായ നാലാമങ്കത്തിൻെറ പ്രവേശകത്തിൽ

വാസ്തവത്തിൽ വത്സരാജന്റെ ചാരനായ ഗാത്രസേവകൻ അവതരിപ്പിക്കുന്ന ഹാസ്യാത്മകമായ മദ്യലഹരീവിക്രിയകളാണ്. മദ്യശാലകളിൽ പതിവായിരിക്കാവുന്ന ചില ഗാനങ്ങളുമുണ്ടവിടെ. താൻ ഭദ്രാവതിയെ കെട്ടഴിച്ചുവിട്ടതെങ്ങനെയെന്ന് അയാൾ വിവരിക്കുന്നു. വത്സരാജനും വാസവദത്തയും രക്ഷപ്പെട്ടുവെന്നു കേട്ടതിനുശേഷം ഗാത്രസേവകൻ തന്റെ വേഷം മാറി വീരഗാഥകൾ പാടുകയും തന്റെ വാൾ മുറിയുകയാൽ തടവുകാരനായി പിടിക്കപ്പെട്ട യൗഗന്ധ രായണന്റെ വീര്യത്തെ വാഴ്ത്തുകയും ചെയ്ത് വത്സഭടന്മാരെ പ്രോത്സാഹിപ്പിക്കുന്നു. ഉജ്ജയിനീനഗരം പ്രാകാരവും തോരണവുമൊഴികെ മറ്റെല്ലാം കൗശാംബിതന്നെ. വത്സരാജന്റെ ആൾക്കാരാണ് മിക്കവരും എന്നർഥം. പ്രവേശകത്തെത്തുടർന്ന് രണ്ടു സാധാരണക്കാർ വരുന്നു. യൗഗന്ധരായണനെ പിടിച്ചുവെന്നും അദ്ദേഹത്തെ കൊണ്ടുവരുന്നതിനാൽ വഴിയിൽനിന്ന് എല്ലാവരും മാറി നിൽക്കണമെന്നും പറയുന്നു. അദ്ദേഹത്തെ കൈയാമം വെച്ചാണ് നടത്തിക്കുന്നത്. പക്ഷേ, അദ്ദേഹം ഭയപ്പെട്ടവനല്ല. തലയുയർത്തിയാണ് നടക്കുന്നത്. തന്റെ പ്രതിജ്ഞ നിറവേറ്റപ്പെട്ടതുകൊണ്ട് വിജയിയെപ്പോലെത്തന്നെയാണ് നടപ്പ്. തന്നെ കാണണമെന്നാഗ്രഹിക്കുന്ന ആരെയും മാറ്റിനിർത്തരുതെന്ന് അദ്ദേഹം കൂടെയുള്ളവരോട് പറയുന്നു. വത്സരാജനെ വീണ്ടും പിടിച്ചുവെന്ന വാർത്തയ്ക്ക് അദ്ദേഹം ഒരു വിലയും കല്പിക്കുന്നില്ല. അനന്തരം പ്രദ്യോതന്റെ മന്ത്രിയായ ഭരതരോഹകൻ പ്രവേശിച്ച് യൗഗന്ധരായണനെ കെട്ടിയ കയറഴിച്ച് അദ്ദേഹത്തെ മുക്തനാക്കാൻ കല്പിക്കുന്നു. യൗഗന്ധരായണൻ ചതിപ്രയോഗം നടത്തിയതിനെ ഭരതരോഹകൻ വിമർശിക്കുമ്പോൾ, അതേ നാണയത്തിൽ തിരിച്ചടിക്കുകയാണ് താൻ ചെയ്തതെന്ന് അദ്ദേഹം മറുപടി നൽകുന്നു. വത്സരാജൻ ശിഷ്യയെ അപഹരിച്ചത് ശരിയായില്ലെന്ന് ഭരത രോഹകൻ പറഞ്ഞപ്പോൾ, യൗഗന്ധരായണന്റെ മറുപടി ഇരുവരും വിവാഹം കഴിക്കുകയാണ് ചെയ്തതെന്നായിരുന്നു. പ്രദ്യോതൻ വത്സരാജനെ തടവിൽനിന്ന് മോചിപ്പിച്ചപ്പോൾ അദ്ദേഹം ചെയ്തത് പ്രശംസിക്കത്തക്കതല്ലെന്ന് ഭരതരോഹകൻ അഭിപ്രായപ്പെട്ടപ്പോൾ, യൗഗന്ധരായണന്റെ പ്രതിവചനം തന്റെ യജമാനന് പ്രദ്യോതനെപ്പോലും പിടിക്കാമായിരുന്നുവെന്നും അദ്ദേഹം വെറുതെ വിടാൻ അന്തസ്സ് കാട്ടിയെന്നുമാണ്. ഇപ്രകാരം മഹാസേനനെ അപമാനിച്ച ശേഷം കൗശാംബിയിലേക്കു തിരിച്ചുപോകാനാണോ യൗഗന്ധരായ ണന്റെ ഭാവം എന്നായി ഭരതരോഹകന്റെ അടുത്ത ചോദ്യം. അതു കേട്ട്, മരം മുഴുവൻ മുറിക്കുക എന്ന യത്നം ചെയ്തുകഴിഞ്ഞാൽ പിന്നെ



കൊമ്പുകൾ കൊത്തുക എന്നത് എളുപ്പമല്ലേ എന്നു പറഞ്ഞുകൊണ്ട് യൗഗന്ധരായണൻ പൊട്ടിച്ചിരിക്കുകയാണുണ്ടായത്. അപ്പോഴേക്കും അവിടേക്ക് കാഞ്ചുകീയൻ കടന്നുവരുകയും മഹാസേനൻ യൗഗന്ധരായണനു സമ്മാനമായി കൊടുത്തയച്ച സ്വർണഭൃംഗാരം നൽകാനാഗ്രഹിക്കുകയും ചെയ്തു. പക്ഷേ, യൗഗന്ധരായണൻ ആ സമ്മാനം വാങ്ങുന്നതിൽ തല്പരനായി രുന്നില്ല. വാസ്തവത്തിൽ തെറ്റു ചെയ്ത ഒരാൾക്ക് നൽകുന്ന സമ്മാനം മരണത്തെപ്പോലെ അദ്ദേഹത്തെ വേദനിപ്പിക്കുന്നു. അപ്പാൾ ഒരു ശബ്ദം പിന്നിൽനിന്ന് കേൾക്കുന്നു. അന്തഃപുരത്തിൽനിന്നുള്ള ആഹ്ലാദമാണതിനു കാരണമെന്നു വ്യക്തമാകുന്നു. ദുഃഖത്താൽ ജീവൻ കളയാൻ നിശ്ചയിച്ച രാജ്ഞിക്ക് ഉദയനനും വാസവദത്തയും തമ്മിലുള്ള വിവാഹം തനിക്ക് സമ്മതമാണെന്നും ആ കാമിനീകാമുകന്മാരുടെ ചിത്രങ്ങൾവെച്ച് വിവാഹാഘോഷം നടത്താമെന്നും മഹാസേനൻ ഉറപ്പ് കൊടുത്തു, അങ്ങനെ ആ സമ്മാനത്തി ന്റെ പിന്നിലുള്ള ആത്മാർഥത ബോധ്യപ്പെട്ടതോടെ യൗഗന്ധരായ ണൻ അത് സ്വീകരിക്കുന്നു. ഗോക്കൾക്ക് അസുഖമില്ലാതാവുകയും ശത്രുക്കൾ നശിക്കുകയും ഈ മുഴുവൻ രാജ്യവും നമ്മുടെ രാജ സിംഹൻ ഭരിക്കുകയും ചെയ്യട്ടെ എന്ന ആശയമുൾക്കൊള്ളുന്ന ഭരതവാക്യത്തോടെ *പ്രതിജ്ഞായൗഗന്ധരായണം* എന്ന നാടകം സമാപിക്കുന്നു.

## 11. സ്വപ്നവാസവദത്തം

*പ്രതിജ്ഞായൗഗന്ധരായണ*ത്തിൽ പ്രതിപാദിച്ച കാര്യങ്ങളുടെ തുടർച്ചയാണ് *സ്വപ്നവാസവദത്ത*ത്തിലുള്ളത്. വാസവദത്തയോടൊപ്പം തലസ്ഥാനത്തെത്തിയതിനുശേഷം ഉദയനരാജാവ് ജീവിതം ആസ്വദിക്കാനും രാജ്യകാര്യങ്ങളെ അവഗണിക്കാനും തുടങ്ങി. അത് അദ്ദേഹത്തിന്റെ രാജ്യത്തിനു നേരെ തിരിയാൻ ശത്രുക്കളെ പ്രാപ്തരാക്കി. ആരുണി വത്സരാജ്യം ആക്രമിച്ച് അതിലൊരു ഭാഗം കീഴടക്കി. കാര്യങ്ങൾ നേരെയാക്കാനും ആരുണിയെ തുരത്താനും ഒരു വഴിയേ ഉള്ളൂ എന്ന് രാഷ്ട്രതന്ത്രജ്ഞതയിൽ നിത്യജാഗരൂകനായ യൗഗന്ധരായണൻ മനസ്സിലാക്കി. ശക്തനായ മഗധരാജാവുമായി വിവാഹബന്ധത്തിലൂടെ രാഷ്ട്രീയസഖ്യം സ്ഥാപിക്കുകതന്നെ. പക്ഷേ, വത്സരാജൻ വാസവദത്തയുമായി വേർപിരിയാനാവാത്തവിധം അങ്ങേയറ്റം ഒട്ടിച്ചേർന്നിരിക്കയാണ്. പ്രിയതമന്റെ മറ്റൊരു വിവാഹത്തിന് അവൾ സമ്മതം തരില്ലെന്നു തീർച്ച. മാത്രമല്ല, വിവാഹിതനായ ഒരാൾക്ക് മഗധരാജാവ് തന്റെ പെങ്ങളെ –

പത്മാവതിയെ – വിവാഹം ചെയ്തു കൊടുക്കുകയുമില്ല. അതുകൊണ്ട് യൗഗന്ധരായണൻ ഒരു പദ്ധതി ആസൂത്രണം ചെയ്തു. അതനുസരിച്ച്, വാസവദത്തയെ വിശ്വാസത്തി ലെടുക്കുകയും ഭർത്താവിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കുവേണ്ടി അവളെക്കൊണ്ട് ഈ പദ്ധതി വിജയിപ്പിക്കാൻ സഹകരിക്കുന്നതിന് സമ്മതിപ്പിക്കുകയും വേണം. അകലെ രാജ്യാതിർത്തിപ്രദേശത്തുള്ള ലാവാണകത്തിലേക്ക് രാജാവിനെ പരിവാരസമേതം നായാട്ടിനു വേണ്ടി അയയ്ക്കുക; അദ്ദേഹം നായാട്ടിനു പോയ തക്കം നോക്കി ലാവാണകത്തിലെ രാജകീയഭവനം തീവെച്ച് നശിപ്പിക്കുക. യൗഗന്ധരായണനും വാസവദത്തയും രഹസ്യമായി അവിടെനിന്നു രക്ഷപ്പെട്ട്, രണ്ടുപേരും തീയിൽ വെന്തു മരിച്ചുപോയതാണെന്ന് രാജാവിനെയും ജനങ്ങളെയും ബോധ്യപ്പെടുത്തുക. യൗഗന്ധരായണനും വാസവദത്തയും ബ്രാഹ്മണനും സഹോദരിയുമെന്ന നിലയിൽ വത്സരാജ്യം വിട്ടു മഗധയുടെ തലസ്ഥാനമായ രാജഗൃഹത്തിലെത്തുന്നു.

നാടകത്തിലെ മുഖ്യകഥാപാത്രങ്ങളുടെ പേരുകൾ പരാമർശിക്കുന്ന മംഗളശ്ലോകത്തിനുശേഷം സൂത്രധാരൻ പ്രസ്താവന നടത്തുമ്പോൾ പിന്നിൽനിന്ന് ഒരു ശബ്ദമുണ്ടാവുന്നു. തപോവനം സന്ദർശിക്കുന്ന രാജകുമാരി പത്മാവതിയുടെ പരിചാരകർ ആളുകളോട് വഴി മാറുവാൻ പറയുന്നതാണ് ആ ശബ്ദം. സൂത്രധാരന്റെ തിരോധാനത്തെത്തുടർന്ന് പരിവ്രാജകന്റെ വേഷത്തിൽ യൗഗന്ധരായണനും ആവന്തികയുടെ വേഷത്തിൽ വാസവദത്തയും പ്രവേശിക്കുന്നു. പവി ത്രമായ തപോവനത്തിൽ നിന്നുപോലും ആളുകളെ മാറ്റിനിർത്തുന്നത് അസാധാരണമായി യൗഗന്ധരായണനു തോന്നി. വാസവദത്തയ്ക്ക് ആ അപമാനത്തിൽ വേദന തോന്നിയെങ്കിലും യൗഗന്ധരായണൻ അവളെ ആശ്വസിപ്പിച്ചു. കാഞ്ചുകീയൻ, പക്ഷേ, പരിചാരകരോട് ആളുകളെ മാറ്റിനിർത്തരുതെന്ന് പറഞ്ഞു. അന്വേഷണത്തിൽനിന്ന്, യൗഗന്ധരായണന് പത്മാവതി അമ്മറാണിയെ ആദരിക്കുന്നതിനു വേണ്ടി തപോവനം സന്ദർശിക്കുകയാാണെന്നും അവൾ ആ രാത്രി അവിടെ താമസിക്കുകയാണെന്നും കാഞ്ചുകീയനിൽനിന്ന് മനസ്സി ലായി. അനന്തരം പത്മാവതി പരിവാരങ്ങളോടുകൂടി പ്രവേശിക്കുന്നു. വാസവദത്തയ്ക്ക് ഒറ്റനോട്ടത്തിൽതന്നെ അവളോട് ഒരിഷ്ടം തോന്നുന്നു. പത്മാവതി അമ്മറാണിയെ വന്ദിക്കുന്നു. ഉജ്ജയിനിയിലെ പ്രദ്യോതരാജാവ് മകനുവേണ്ടി രാജകുമാരിയെ വേണമെന്നു പറഞ്ഞ് ദൂതനെ അയച്ചിട്ടുണ്ടെന്ന് താപസി പത്മാവതിയുടെ ചേടിയിൽനിന്ന്



അറിയുന്നു. പത്മാവതി പിന്നീട് കാഞ്ചുകീയനിലൂടെ, എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ രാജകുമാരിയോട് ചോദിക്കാമെന്ന് പ്രഖ്യാപി ക്കുന്നു. തപോവനത്തിലെ അന്തേവാസികളെല്ലാം തൃപ്തരാകയാൽ ആരും ആവശ്യവുമായി മുന്നോട്ടു വന്നില്ല. യൗഗന്ധരായണൻ, പക്ഷേ, തന്റെ സഹോദരിയെ (വാസവദത്തയെ) അവളുടെ ഭർത്താവ് തിരിച്ചുവരുന്നതുവരെ രാജകുമാരിയുടെ അരികിൽ സൂക്ഷിക്കുക എന്ന തന്റെ ആവശ്യം മുന്നോട്ടുവെച്ചു. ന്യാസത്തെ പരിരക്ഷിക്കുക വിഷമമാണെന്നു പറഞ്ഞ് കാഞ്ചുകീയൻ പ്രതിഷേധിച്ചിട്ടും, പത്മാവതി വാക്കു പാലിക്കാൻ തയ്യാറാവുകയും ഉന്നത കുലജാത യെന്ന് താനും പരിവാരവും കരുതുന്ന ബ്രാഹ്മണസ്ത്രീയുടെ (വേഷം മാറിയ വാസവദത്തയുടെ) രക്ഷാകർത്തൃത്വം ഏറ്റെടുക്കാൻ നിശ്ചയി ക്കുകയും ചെയ്തു. അപ്പോൾ ലാവാണകത്തിൽനിന്നു വരുന്ന ഒരു ബ്രഹ്മചാരി തപോവനത്തിൽ എത്തുകയും സ്ത്രീകളെക്കണ്ട് പിന്മാറുകയും ചെയ്തു. കാഞ്ചുകീയൻ അദ്ദേഹത്തിന് സ്വൈരമായി പ്രവേശിക്കാമെന്ന് ഉറപ്പ് കൊടുക്കുകയും അദ്ദേഹത്തെ സൽക്കരിക്കുകയും ചെയ്യുന്നു. ബ്രഹ്മചാരിയുടെ വിവരണത്തിൽനിന്ന് അവിടെ കൂടിയ എല്ലാവർക്കും, യൗഗന്ധരായണന്റെയും വാസവദത്ത യുടെയും മരണവും നായാട്ടു കഴിഞ്ഞു വന്നതിനുശേഷം വിവരമറി ഞ്ഞ പ്പോൾ രാജാവിനുണ്ടായ അളവറ്റ ദുഃഖവും തീയിൽചാടി മരിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമത്തെ മന്ത്രിമാർ തടഞ്ഞതുമുൾപ്പെ ടെ ലാവാണകത്തിൽ നടന്നതെല്ലാം അറിയാൻ കഴിയുന്നു. വ്യസനവും വിലാപങ്ങളും ശരീരകാര്യങ്ങളിൽ അശ്രദ്ധയും മറ്റും നിമിത്തം ലാവാണകത്തിലെ രാജാവിന്റെ ജീവിതം അപകടത്തിലാക യാൽ മന്ത്രിമാർ അദ്ദേഹത്തെ നിർബന്ധിച്ച് ലാവാണകത്തിൽനിന്ന് കൂട്ടിക്കൊണ്ടു പോയി. വത്സരാജന്റെ വാസവദത്തയോടുള്ള അസാ ധാരണമായ സ്നേഹം എല്ലാവരുടെയും ഉള്ളിൽ തട്ടി. വീണ്ടും ഏതെ ങ്കിലും സ്ത്രീ രാജാവിനെ വിവാഹം കഴിക്കുമോ എന്നു ചേടി ചോദി ച്ചു. തന്റെ ഹൃദയവും അതുതന്നെയാണ് ചോദിച്ചതെന്ന് പത്മാവതി വിചാരിക്കുന്നു. ഇരുൾ പരന്നതോടെ ബ്രഹ്മചാരി അവിടെനിന്നു പോവുകയും യൗഗന്ധരായണൻ പത്മാവതിയോടും തന്റെ സഹോദരിയോടും വിട പറയുകയും ചെയ്തു. കാഞ്ചുകീയൻ തങ്ങൾക്ക് അകത്തേക്കു പോകേണ്ട സമയമായി എന്നറിയിക്കുകയും രാജകുമാരിയും വാസവ ദത്തയും താപസിയെ വന്ദിച്ച് അനുഗ്രഹം വാങ്ങിയ ശേഷം അങ്കം അവസാനിക്കുകയും ചെയ്യുന്നു.

രണ്ടാമങ്കത്തിന്റെ പ്രവേശകത്തിൽനിന്ന് വാസവദത്ത പുതിയ ചുറ്റുപാടിൽ ഇണങ്ങിച്ചേർന്നുവെന്നും പത്മാവതിയോടും ചേടികളോടുമൊപ്പം അവൾ പന്തു കളിക്കുന്നുവെന്നും നാമറിയുന്നു. കന്ദുകക്രീഡയാൽ ഏറെ ക്ഷീണിക്കയാൽ അധികം രാഗമുള്ള പത്മാവതിയുടെ കൈകൾ മറ്റൊരുവളുടേതെന്ന് തോന്നുകയാണെന്ന് വാസവദത്ത കളിയായി പത്മാവതിയോട് പറയുന്നു. പിന്നീട് ധാരാളം ചോദ്യങ്ങളിലൂടെ പത്മാവതിയുടെ മനസ്സ് പ്രദ്യോതന്റെ മകനിലല്ല, വാസവദത്തയോടുള്ള അതിയായ അനരാഗത്തെക്കുറിച്ചറിഞ്ഞതുകൊണ്ട് ഉദയനനിലാണെന്നു വാസവദത്ത മനസ്സിലാക്കുന്നു. ഇത് വാസവദത്തയ്ക്ക് അസുഖകരമായ വാർത്തയാണ്. അറിയാതെ അവൾ ഉദയനന്റെ സൗന്ദര്യാദിവിശേഷഗുണങ്ങളെപ്പറ്റി പരാമർശിച്ചു പോവുകയും അത് ഉജ്ജയിനിയിലെ ജനങ്ങൾ പറഞ്ഞുകേട്ടതാണെന്ന് പിന്നീട് വിശദീകരിക്കുകയും ചെയ്യുന്നു. പത്മാവതിയുടെ ധാത്രി അവളെ ഉദയനന് കൊടുക്കാൻ പോകയാണെന്ന് വാസവദത്തയോട് പറയുന്നു. ഇത് വാസവദത്തയ്ക്ക് ഏൽക്കുന്ന മറ്റൊരാഘാതമാണ്. ഉദയനന്റെ ഉദാസീനതയിൽ അവൾ അസ്വസ്ഥയാവുകയും തന്നോട് ഉദാസീനതയിൽ അവൾ അസ്വസ്ഥയാവുകയും തന്നോട് അദ്ദേഹത്തിനുള്ള പരിഗണനയിൽ സംശയാലുവാവുകയും ചെയ്യുന്നു. പക്ഷേ, പിന്നീട് ധാത്രി നൽകുന്ന വിശദീകരണം അവളെ സംതൃപ്തിപ്പെടുത്തുന്നു: ഉദയനൻ നേരിട്ട് പത്മാവതിയെ ആവശ്യപ്പെടുകയല്ല ഉണ്ടായത്; ദർശകൻ സമ്മർദം ചെലുത്തിയതുകൊണ്ട് ഈ വിവാഹത്തിന് സമ്മതിച്ചതാണ്. പത്മാവതിയുടെ മറ്റൊരു ചേടി വന്ന് രാജകുമാരിയുടെ കൗതുകമംഗളവിധി അന്നുതന്നെ നടക്കുമെന്ന് അറിയിക്കുന്നു. വാസവദത്ത വീണ്ടും ഒന്നു ഞെട്ടി. പക്ഷേ, എല്ലാവരോടുമൊപ്പം അവൾക്കും പത്മാവതിയുടെ കൂടെ പോകേണ്ടിവന്നു. “എത്രയ്ക്കെത്രയ്ക്ക് അവർ ബദ്ധപ്പെടുന്നു വോ അത്രയ്ക്കത്രയ്ക്ക് എന്റെ ഹൃദയം ഇരുളിലാഴുന്നു” – അവൾ പറയുന്നു.

അതേ ദിവസം പ്രമദവനത്തിലാണ് അടുത്ത അങ്കം ആരംഭിക്കുന്നത്. രാജകുലത്തിലെ എല്ലാവരും വിവാഹത്തിനുവേണ്ടിയുള്ള ഒരുക്കങ്ങളിൽ വ്യാപൃതരായിരിക്കുമ്പോൾ ദുഃഖിതഹൃദയയായി വാസവദത്ത ഒറ്റയ്ക്ക് അവിടെവന്ന് ഇരിക്കുകയാണ്. ഒരു ചേടി അവളെ സമീപിച്ച് വിവാഹത്തിനുള്ള മാല കെട്ടാൻ പത്മാവതി അവളെ ഏല്പിച്ച വിവരമറിയിക്കുന്നു. വില്ലും ശരവുമില്ലാതെ അവതരിച്ച കാമദേവൻതന്നെയാണ് വരൻ എന്നു ചേടി പറയുന്നു. വാസവദത്ത ഖേദത്തോടെ തന്റെ ജോലി തുടരുന്നു. അവിധവാകരണമെന്ന വള്ളി



മാലയിൽ ധാരാളം ചേർത്തുവെങ്കിലും സപത്നീമർദനമെന്നത് ചേർത്തതേയില്ല. കാരണം ചോദിച്ചപ്പോൾ അവൾ പറഞ്ഞത്, അതിന്റെ ആവശ്യമില്ല, പത്മാവതിക്ക് സപത്നിയില്ലല്ലോ എന്നാണ്. വാസവദത്ത കോർത്ത മാല്യം വാങ്ങി രണ്ടു ചേടികളും പോയി. ദുഃഖത്തിന് ശമനം വരുത്താനായി അവൾ കിടക്കയിൽ പോയി കിടന്നു. ഉറക്കം കിട്ടിയാൽ ദുഃഖം മറക്കാമല്ലോ.

നാലാമങ്കത്തിലെ ക്രിയകൾ തുടങ്ങുന്നത് ഉദയനനും പത്മാവതിയും തമ്മിൽ വിവാഹം നടന്ന് കുറച്ചു ദിവസങ്ങൾ കഴിഞ്ഞതിനു ശേഷമാണ്. പ്രവേശകം ആരംഭിക്കുന്നത് വിദൂഷകന്റെ ആത്മഗതത്തോടുകൂടി. വിവാഹാഘോഷങ്ങൾക്കുശേഷം താൻ മഗധയിൽത്തന്നെ സുഖമായി താമസിക്കുകയാണെന്നും ധാരാളം തിന്നുന്നതും ഉറക്കക്കുറവും നിമിത്തമുള്ള അജീർണമാണ് ഒരു പ്രശ്നമെന്നും നമ്മെ അറിയിക്കുന്നു. ഒരു ചേടി വന്ന് പുതുവരന്റെ കുളി കഴിഞ്ഞുവെങ്കിൽ സ്നാനാനന്തരം ഉപയോഗിക്കേണ്ടുന്ന പൂക്കളും തൈലങ്ങളും കൊണ്ടുവരട്ടെയെന്ന് ആരായുന്നു. ഭക്ഷണമൊഴിച്ച് മറ്റെന്തും കൊണ്ടവന്നോളൂ എന്ന് വിദൂഷകൻ അവളോട് പറയുകയും രണ്ടു പേരും രംഗം വിടുകയും ചെയ്യുന്നു. പത്മാവതി പരിവാരങ്ങളോടും ആവന്തികാവേഷധാരിണിയായ വാസവദത്തയോടും കൂടി പ്രമദവനത്തിൽ പ്രവേശിക്കുന്നതോടെ മുഖ്യരംഗം തുടങ്ങുന്നു. ശേഫാലികാഗുൽമങ്ങൾ പുഷ്പിച്ചുവോ എന്നു നോക്കാനാണ് അവർ അവിടത്തേക്കു വന്നത്. അവ പൂത്തുലഞ്ഞിരിക്കുന്നത് അവരെ ആനന്ദിപ്പിച്ചു. പൂക്കൾ പറിച്ച് അവർ ഒരു ശിലാതളിമത്തിലിരുന്ന് സല്ലപിക്കാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അവരുടെ സംഭാഷണം ഉദയനനിലേക്കു തിരിഞ്ഞു. ഉദയനനുവേണ്ടി സമർപ്പിതചേതസ്സാണ് താനെന്നും അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ താൻ ഉൽകണ്ഠിത യാവുമെന്നും അവൾ വാസവദത്തയോട് തുറന്നു പറയുന്നു. വാസവദത്തയ്ക്കും അതുതന്നെയായിരിക്കുമോ ഉദയനനോട് തോന്നിയിരിക്കുക എന്ന് പത്മാവതി ചോദിച്ചപ്പോൾ വാസവദത്ത പൊടുന്നനവേ പറഞ്ഞുപോയി, അതിനേക്കാളായിരിക്കുമെന്ന്. കാരണം ചോദിച്ചപ്പോൾ, ഭർത്താവിനുവേണ്ടിയുള്ള അവളുടെ ഒളിച്ചോട്ടംതന്നെ എന്നു മറുപടി. ഭർത്താവിനോട് വീണയഭ്യസി പ്പിക്കുമോ എന്ന് ചോദിച്ചുകൂടേ എന്ന് ചേടി പത്മാവതിയോട് ചോദിച്ചപ്പോൾ, താനതു ചോദിച്ചുവെന്നും അദ്ദേഹം ഒരു നെടുവീർപ്പോടെ മുഖം തിരിച്ചതേയുള്ളൂ എന്നുമായിരുന്നു ഉത്തരം. അവൾ പിന്നെ ചോദ്യമാവർത്തിച്ചില്ല. അദ്ദേഹത്തിന്റെ പെരുമാറ്റ ത്തിൽനിന്ന് അവളുടെ ഊഹം വാസവദത്തയെക്കുറിച്ചുള്ള

രാജാവിന്റെ ഓർമ ഇപ്പോഴും പച്ച പിടിച്ചുതന്നെ നിൽക്കുന്നുവെന്നാ ണ്. തന്റെ പ്രിയതമൻ ഇപ്പോഴും തന്നെ സ്നേഹിക്കുന്നുവെന്നറിഞ്ഞ തിൽ വാസവദത്തയ്ക്ക് താൻ അനുഗൃഹീതയാണെന്നു തോന്നി.

രാജാവും വിദൂഷകനും പ്രമദവനത്തിൽ പ്രവേശിക്കുന്നു. ആഹ്ലാ ദകരമായ ഭൂതകാലത്തിന്റെ ഓർമയിൽ അടയിരിക്കുന്ന രാജാവിന് വാസവദത്തയുടെ നഷ്ടം വല്ലാതെ അനുഭവപ്പെടുന്നു. ദുരന്തസ്മരണ കളിൽനിന്ന് രാജാവിന്റെ ശ്രദ്ധ തിരിക്കാൻ വേണ്ടി വിദൂഷകൻ പത്മാവതിയെപ്പറ്റിയും ആകാശത്തിലൂടെ കൂട്ടമായി പറക്കുന്ന സാരസപ്പക്ഷികളെപ്പറ്റിയും പറഞ്ഞുതുടങ്ങുന്നു. രാജാവ് ആ കാഴ്ച്ച കണ്ട് ആസ്വദിക്കുന്നു. പത്മാവതിയും വാസവദത്തയും ചേടികളും അതേ കാഴ്ച്ച കാണുകയും വെളുത്ത കോകനദപ്പൂമാലയായി ആ ദൃശ്യത്തെ വർണിക്കുകയും ചെയ്യുന്നു. അവർ രാജാവിനെ കണ്ടു വെങ്കിലും വാസവദത്തയെ കാണാതിരിക്കാൻ വേണ്ടി അടുത്തു ള്ളൊരു വള്ളിക്കുടിലിലേക്കു മാറുന്നു. വിദൂഷകൻ പത്മാ വതി ഇരുന്ന ശിലാതളിമത്തെ സമീപിച്ചുവെങ്കിലും പൂക്കൾ പറിക്കു കയും ശേഖരിക്കുകയും ചെയ്യുന്നതിൽനിന്ന് അവൾ തൊട്ടു മുൻപു തന്നെ സ്ഥലം വിട്ടിരിക്കണമെന്ന് അയാൾ അനുമാനിക്കുന്നു. അവർ ശിലാസനത്തിലിരിക്കാൻ നിശ്ചയിക്കുന്നു. ചൂട് അസഹ്യമാകയാൽ അവർ, പക്ഷേ, വള്ളിക്കുടിലിലേക്കു കടക്കാനൊരുങ്ങുന്നു. അവരുടെ വരവ് തടയാൻ ചേടി വള്ളി പിടിച്ചു കുലുക്കി അതിൽ ചുറ്റിപ്പറ്റി നിൽക്കുന്ന വണ്ടുകളെ ഓടിച്ചപ്പോൾ രാജാവിനും വിദൂഷകനും മുന്നോട്ടു പോകാൻ വയ്യാതായി. അവർ പിന്തിരിഞ്ഞ് പഴയ സ്ഥാന ത്തേക്കുതന്നെ പോയി. വാസവദത്തയുടെ കണ്ണുകൾ നിറഞ്ഞു. അതിന്നവൾ പറഞ്ഞ കാരണം കാശപ്പൂക്കളുടെ പരാഗങ്ങൾ വീണതാ ണെന്നത്രേ. വിദൂഷകൻ രാജാവിനോട് ചോദിക്കുന്നു: “ആരാണ് അങ്ങയ്ക്ക് പ്രിയപ്പെട്ടവൾ, അന്നത്തെ വാസവദത്തയോ ഇന്നത്തെ പത്മാവതിയോ?” അതിന് മറുപടി പറയാതെ വിദൂഷകൻ തന്നെ വല്ലൊത്തൊരു ധർമസങ്കടത്തിൽ പെടുത്തിയിരിക്കയാണെന്നും അയാൾ വായാടിയാകയാൽ താൻ ഉത്തരം പറയില്ലെന്നും പിടിച്ചു നിന്നുവെങ്കിലും വിദൂഷകന്റെ ഭീഷണിക്കുമുൻപിൽ അദ്ദേഹത്തിന് വഴങ്ങേണ്ടിവന്നു. അദ്ദേഹത്തിന്റെ ഉത്തരം ഇതായിരുന്നു: “രൂപ– ശീല–മാധുര്യങ്ങൾ കൊണ്ട് പത്മാവതിയെ എനിക്ക് വളരെ ഇഷ്ടമാണ്. പക്ഷേ, വാസവദത്തയിൽ കെട്ടിയിടപ്പെട്ട മനസ്സിനെ പിടിച്ചുവലിച്ചുകൊണ്ടു



വരാൻ കഴിയുന്നില്ല.” ഇതു കേട്ട് വാസവ ദത്തയ്ക്ക് തന്റെ ബുദ്ധിമുട്ടിന് വേണ്ടത്ര പ്രതിഫലം കിട്ടി എന്നു തോന്നുന്നു. രാജാവ് ക്രൂരനാണെന്ന ചേടിയുടെ അഭിപ്രായത്തെ, വാസവദത്തയുടെ ഗുണങ്ങളെ ഇപ്പോഴും ഓർമിക്കുന്നതുകൊണ്ട് ദാക്ഷിണ്യമുള്ളവൻതന്നെയാണ് ആര്യപുത്രൻ എന്നു പറഞ്ഞ് പത്മാവതി നിഷേധിച്ചു. രാജാവ്, തിരിച്ച്, വിദൂഷകനോട് ഇതേ ചോദ്യം ചോദിച്ചു. വിദൂഷകൻ, പക്ഷേ, എളുപ്പത്തിൽ വിഡ്ഢിയാക്ക പ്പെടാവുന്ന ആളായിരുന്നില്ല. അയാൾ പറഞ്ഞതിതാണ്: “വാസവ ദത്തയെ എനിക്ക് വളരെ ഇഷ്ടമാണ്. പത്മാവതി യുവതിയും സുന്ദരി യും കോപമില്ലാത്തവളും അഹങ്കാരരഹിതയും മധുരഭാഷിണിയും ദാക്ഷിണ്യമുള്ളവളുമാണ്. പിന്നെ മറ്റൊരു വലിയ ഗുണമുണ്ട് – സ്നി ഗ്ധമായ ഭോജനവുമായി എവിടെപ്പോയി ആര്യവസന്തകനെന്ന് വാസവദത്ത എന്നെ അന്വേഷിച്ചുനടക്കും.” രാജാവ് വാസവദത്തയെ അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുകയും ചെയ്തു. തന്റെ ഭർത്താവ് പറയുന്നത് കേട്ട് വാസവദത്ത സന്തോഷി ച്ചു. വിദൂഷകൻ രാജാവിനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. നിരന്തരമായ സ്മരണകൾ തന്റെ ദുഃഖത്തെ നവീകരിച്ചുവെന്നും കണ്ണീർ പിരി മുറുക്കത്തെ ഒട്ടൊന്നയയ്ക്കാമെന്നും രാജാവ് പറയുന്നു. വിദൂഷകൻ തുടർന്ന് യജമാനന്റെ മുഖം കഴുകാൻ വെള്ളം കൊണ്ടുവരുന്നു. തന്റെ കാഴ്ച്ച കണ്ണീർകൊണ്ട് അവ്യക്തമാകുമെന്നതിനാലും പത്മാവതി ഭർ ാവിനെ ആശ്വസിപ്പിക്കാൻ അടുത്തുണ്ടായിരിക്കട്ടെ എന്നതി നാലും വാസവദത്തയും ചേടികളും രാജാവ് കാണാതെ സ്ഥലം വിടുന്നു. വിദൂഷകൻ വെള്ളം കൊണ്ടുവന്ന്, കാശപ്പൂമ്പൊടികൾ രാജാ വിന്റെ കണ്ണുകളിൽ വീണ് അവ കണ്ണീർകൊണ്ട് നിറഞ്ഞിരിക്കയാ ണെന്നും പറഞ്ഞ്, പത്മാവതിക്ക് കൊടുക്കുന്നു. രാജാവിനെ സമീപി ച്ച് വിദൂഷകൻ അതുതന്നെ അദ്ദേഹത്തിന്റെ കാതിൽ മന്ത്രിക്കുന്നു. ചെറുപ്പക്കാരിയും നവോഢയുമായതുകൊണ്ട് പത്മാവതിയോട് സത്യം പറയേണ്ടെന്ന് കരുതി രാജാവ് അവളോട് തന്റെ കണ്ണീരിന് അതേ കാരണം പറയുന്നു. മഗധരാജാവിന്റെ സന്ദർശനത്തിന് സമയ മായെന്ന് വിദൂഷകൻ അറിയിക്കുന്നു. എല്ലാവരും രംഗം വിടുന്നു.

അടുത്തത് നാടകത്തിന്റെ പേരിനു കാരണമായ സ്വപ്നരംഗ മാകുന്നു – അഞ്ചാമങ്കം. അതിന്റെ പ്രവേശകത്തിൽനിന്ന് പത്മാവതിക്ക് തലവേദനയാണെന്നും സമുദ്രഗൃഹത്തിൽ അവളുടെ ശയനമൊരുക്കിയിരിക്കയാണെന്നും നാമറിയുന്നു. കൊട്ടാരത്തിലെ ചേടി പത്മിനിക മറ്റൊരു ചേടി മധുരികയോട് വിവരം ആവന്തിക

(വാസവദത്ത)യെ അറിയിക്കാൻ പറയുന്നു. അവൾ സരസമായ കഥകൾ പറഞ്ഞ് അവളെ വിനോദിപ്പിക്കും. പത്മിനികതന്നെ വിദൂഷക(വസന്തക)നോട് വിവരം പറയുന്നു – രാജാവിനെ അറിയിക്കാൻ. പിന്നീട് അവൾ ശീർഷാനുലേപനം തയ്യാറാക്കാൻ പോകുന്നു. അങ്കാരംഭത്തിൽ രാജാവ് വാസവദത്ത യെപ്പറ്റിത്തന്നെ ആലോചിച്ചുകൊണ്ട് പ്രവേശിക്കുകയാണ്. പത്മാവതിക്ക് തല വേദനയാണെന്നറിഞ്ഞയുടനെ അദ്ദേഹം അവളെ സമാശ്വസിപ്പിക്കാൻ സമുദ്രഗൃഹത്തിലേക്ക് പോകയാണ്. പോകുന്ന വഴിക്ക് ഒരു മാല കണ്ട് പാമ്പെന്ന് വിദൂഷകൻ ധരിക്കുന്നു. സമുദ്ര ഗൃഹത്തിൽ പത്മാവതിയില്ല. ശയ്യയുടെ സ്ഥിതി കണ്ടാൽ പത്മാവതി അവിടെ വന്നിട്ടില്ലെന്നു വ്യക്തം. അവൾ വരുമെന്നു കരുതി രാജാവ് അവിടെ അതേ ശയ്യയിൽ കാത്തിരിക്കുന്നു. അദ്ദേഹത്തിന്റെ വിചാരം പിന്നെയും വാസവദത്തയെക്കുറിച്ചുതന്നെയായി. അദ്ദേഹത്തെ വിനോദിപ്പിക്കാൻ വിദൂഷകൻ ഒരു കഥ പറയുന്നു. അതിന്റെ തുടക്കം തന്നെ ഉജ്ജയിനിയെയും വാസവദത്തയെയും ഓർമിപ്പിക്കുന്നതാണ്. അതിനാൽ അത് മാറ്റി മറ്റൊന്നു പറയാൻ നിർദേശിക്കുന്നു. വിദൂഷകൻ കഥ തുടരവേ രാജാവ് വാസവദത്തയെപ്പറ്റിയുള്ള ഓർമകളിൽ ലയിച്ചു മയങ്ങിപ്പോയി. രാജാവ് ഉറങ്ങിയതു കണ്ട്, തണുപ്പുള്ള സ്ഥലമാകയാൽ പുതപ്പെടുത്തുകൊണ്ടുവരാമെന്നു കരുതി വിദൂഷ കൻ അവിടെനിന്ന് പോയി. അപ്പോൾ ആവന്തിക (വാസവദത്ത) അവിടേക്ക് വരുന്നു. മങ്ങിയ വെളിച്ചത്തിൽ, ശയ്യയിൽ കിടക്കുന്നയാൾ പത്മാവതിയാണെന്നു വിചാരിച്ചു. ഗാഢമായ നിദ്രയി ലായതുകൊണ്ട് പത്മാവതിക്ക് അസുഖം ഭേദമായെന്ന് അവൾ കരുതി. തന്റെ പെരുമാറ്റം വിശ്വസ്തമല്ലെന്നോർത്താലോ എന്നു കരുതി അവൾ കിടക്കയിൽത്തന്നെ ഒരുവശത്ത് കിടക്കുകയും ആശ്വാസമായി ക്കൊള്ളട്ടെ എന്നുവെച്ച് ഉറങ്ങുന്ന വ്യക്തിയെ ആശ്ലേഷിക്കുകയും ചെയ്തു. രാജാവ്, പക്ഷേ, ഉറക്കത്തിൽ വാസവദത്തയെ വിളിക്കുന്നു. ആൾ മാറിയെന്ന് അവൾക്ക് മനസ്സിലായി. തന്നെ മനസ്സിലാക്കുമോ എന്നും അവൾ ഭയന്നു. അദ്ദേഹം പിന്നെയും ഉറക്കത്തിൽ സംസാരി ക്കുകയാണ്. അദ്ദേഹം ഉണർന്നിട്ടില്ലെന്ന് അവൾക്ക് അതുകൊണ്ടു തന്നെ വ്യക്തമായി. അദ്ദേഹം അവളോട് വല്ലതും സംസാരിക്കാൻ പറഞ്ഞു. അറിയാതെ തന്നെ അവൾ അതിന് മറുപടിയും പറഞ്ഞു. ഉറക്കത്തിൽത്തന്നെ തുടർന്നും രാജാവ് ചില ചോദ്യങ്ങൾ ചോദിച്ചു. വാസവദത്ത അതിനെല്ലാം ഉചിതമായ ഉത്തരവും നൽകി. 'നീ വിരചി കയെ ഓർക്കുന്നുവോ' എന്ന രാജാവിന്റെ ചോദ്യം അവളെ കുപിതയാക്കി.



'പോ, ഇവിടെയും വിരചികയോ?' എന്നവൾ രോഷത്തോടെ പറഞ്ഞപ്പോൾ, 'എന്നാൽ വിരചികയ്ക്കുവേണ്ടി ഭവതിയെ ഞാൻ പ്രസാദിപ്പിക്കാം' എന്നു പറഞ്ഞ് രാജാവ് കൈകൾ നീട്ടി. കുറച്ചു നേരമായല്ലോ അങ്ങനെയിരിക്കുന്നത്. ആരെങ്കിലും കണ്ടാലോ? ആരെങ്കിലും തിരിച്ചറിയുമോ എന്ന ഭയത്താൽ അവൾ കിടക്കയിൽ രൂങ്ങിനിൽക്കുന്ന ആര്യപുത്രന്റെ കൈ കിടക്കയിൽത്തന്നെ കയറ്റി വെച്ച് പുറത്തേക്ക് പോകുന്നു. പെട്ടെന്ന് എഴുന്നേറ്റ് 'വാസവദത്തേ, നിൽക്കു നിൽക്കു. ഹാ കഷ്ടം!' എന്നു പറഞ്ഞുതുടങ്ങി. പക്ഷേ, അദ്ദേഹം വാതിലിന് അടിക്കുകയും തികച്ചും ഉറക്കം വിടുകയും ചെയ്തു. അപ്പോൾ അവിടേക്കു വന്ന വിദൂഷകനോട് വാസവദത്ത ജീവിച്ചിരിക്കുന്നുണ്ടെന്നു പറഞ്ഞപ്പോൾ അയാൾ അത് വിശ്വസിച്ചില്ല. അത് സ്വപ്നം മാത്രമായിരിക്കുമെന്ന് തള്ളിക്കളഞ്ഞു. രാജാവ് വിദൂഷകനോട് എല്ലാം വിശദമായി വിവരിച്ചിട്ടും, തന്റെ ശരീരം അപ്പോഴും രോമാഞ്ചം കൊള്ളുന്നത് ചൂണ്ടിക്കാണിച്ചിട്ടും, വിദൂഷകന് അതൊന്നും ബോധ്യമായില്ല. നാലുകെട്ടിലേക്ക് പോകാമെന്നു പറഞ്ഞ് വിദൂഷകൻ രാജാവിനെ കൂട്ടിക്കൊണ്ടുപോയി. ദർശകരാജാവിന്റെ കാഞ്ചുകീയനിൽനിന്ന്, വത്സസേനയുടെ സേനാപതി രുമണ്വാൻ വിപുലവും സുസജ്ജവുമായ സൈന്യത്തോടുകൂടി വന്നിട്ടുണ്ടെന്നും മഗധരാജാവിന്റെ വൻസൈന്യവും അദ്ദേഹത്തെ സഹായിക്കാനുണ്ടെന്നും ആരുണിക്കെതിരായി മുന്നേറാനുള്ള ഒരുക്കങ്ങൾ ഉദയനനോട് രാജാവ് അപേക്ഷിക്കുന്നുണ്ടെന്നും വിവരം ലഭിക്കുന്നു. ഉദയനൻ ആക്രമണത്തിന്റെ ഭാരമേറ്റെടുക്കുന്നതിന് ഉടനെ സ്ഥലം വിടുന്നു.

അവസാനത്തേതായ ആറാമങ്കത്തിന്റെ മിശ്രവിഷ്കംഭകത്തിൽ നിന്ന് ആരുണിയുമായുള്ള യുദ്ധത്തിന്റെ വിജയകരമായ അന്ത്യത്തിനുശേഷം വത്സരാജ്യം വീണ്ടെടുത്തതായി നാമറിയുന്നു. വാസവ ദത്തയുടെ ധാത്രിയും മഹാസേനന്റെ കാഞ്ചുകീയനും ഉദയനനെ പുതിയ നേട്ടങ്ങളിൽ അഭിനന്ദിക്കാൻ വന്നെത്തിയ വിവരം അറിയി ക്കുന്ന കാഞ്ചുകീയനോട്, ഘോഷവതി എന്ന വീണ കണ്ടുകിട്ടുക യാൽ വാസവദത്തയെക്കുറിച്ചുള്ള ഓർമകൾ നിമിത്തം ഉദയനൻ വീണ്ടും ദുഃഖത്തിലാണെന്നു പറയുന്നു. മുഖ്യരംഗത്തിൽ വാസവ ദത്തയുടെ നഷ്ടത്തിൽ ദയനീയമായി വിലപിക്കുന്ന രാജാവും വിദൂഷകനും പ്രവേശിക്കുന്നു. രാജാവ് പഴയ എല്ലാ അനുഗൃഹീത സംഭവങ്ങളും അനുസ്മരിക്കുന്നു; വീണയെ ഹൃദയസ്പർശിയായ സ്വരത്തിൽ അഭിസംബോധന ചെയ്യുന്നു. ഉജ്ജയിനിയിൽനിന്നു വന്ന ദൂതരെ അറിഞ്ഞപ്പോൾ രാജാവ്

പത്മാവതിയെ വിളിപ്പിക്കുന്നു. ശക്തനായ മഹാസേനൻ എന്താണറിയിക്കാൻ പോകുന്നതെന്നു കേൾക്കാൻ ആ രാജകീയദമ്പതികൾ ഉത്സുകരായിരുന്നു. പത്മാവതി വാസവദത്തയുടെ ബന്ധുക്കളെ സ്വന്തം ബന്ധുക്കളായാണ് കാണുന്നത്. ഉദയനൻ ശ്വശുരന്റെ ദൂതരെ ആദരിക്കുന്നു. ദൂതനായ രൈഭ്യൻ ഉദയനന്റെ മഹത്തായ വിജയത്തിൽ മഹാസേനന്റെ അനുമോദനങ്ങൾ അറിയിക്കുന്നു. ഉദയനൻ മഹാസേനന്റെ രക്ഷിതൃമനോഭാവത്തിൽ സന്തോഷം കൊള്ളുന്നു. വാസവദത്തയുടെ ധാത്രി രാജ്ഞി അംഗാരവതി അവിടെ എല്ലാവർക്കും സുഖമല്ലേ എന്ന് അന്വേഷിക്കുന്നത് ഉദയനനെ വീണ്ടും വളരെയധികം ദുഃഖിപ്പിക്കുന്നു. അത് അദ്ദേഹത്തിന്റെ പ്രിയതമയും ശിഷ്യയുമായ രാജ്ഞിയെ ഖേദപൂർവം അനുസ്മരിപ്പിക്കുന്നു. ഉജ്ജയിനിയിൽനിന്നു വന്ന ഇരുവരും അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നു. ധാത്രി പിന്നീട് രാജ്ഞി അംഗാരവതി അയച്ചുകൊടുത്തതും ഒളിച്ചോട്ടത്തിനുശേഷം രണ്ടുപേരുടെയും വിവാഹാ ഘോഷം നടത്തുന്നതിന് ഉപയോഗിച്ച ഉദയനന്റെയും വാസവദത്ത യുടെയുംചിത്രങ്ങൾ അനാവരണം ചെയ്തു കാണിച്ചു. വാസവ ദത്തയുടെ ചിത്രം നോക്കി ദുഃഖം മറക്കാൻ രാജ്ഞി ഉദയനനോടപേക്ഷിച്ചു. വാസവദത്തയ്ക്ക് ആദരാഞ്ജലി അർപ്പിക്കാൻ ആഗ്രഹിച്ച പത്മാവതിക്ക് ചിത്രം നോക്കിയപ്പോൾ വാസവദത്തയ്ക്ക് തന്റെ സ്നേഹിതയായ ആവന്തികയോട് നിർണായകമാം വിധം സാദൃശ്യമുണ്ടല്ലോ എന്ന് തോന്നി. വാസവദത്തയുടെ ശരിക്കുള്ള ചിത്രം തന്നെയാണോ അത് എന്ന് പത്മാവതി ചോദിച്ചതിന് അത് വാസവ ദത്തതന്നെയെന്നാണ് താൻ കണക്കാക്കുന്നത് എന്നായിരുന്നു ഉദയനന്റെ ഉത്തരം. ഉദയനന്റെ ചിത്രം നിരീക്ഷിച്ച പത്മാവതിക്ക് അദ്ദേഹവുമായി അതിനുള്ള സാദൃശ്യം വ്യക്തമായി. അതുപോലെയാവും വാസവദത്തയുടേതും എന്ന നിഗമനത്തിൽ അവൾ എത്തിച്ചേർന്നു. അവളുടെ മുഖത്ത് സന്തോഷവും വിഷമവും പ്രത്യക്ഷപ്പെട്ടു. രാജാവ് പത്മാവതിയുടെ മുഖത്തെ ഭാവഭേദത്തിന് കാരണമെന്തെന്നന്വേഷി ച്ചപ്പോൾ വാസവദത്തയുടെ തനി സാദൃശ്യമുള്ള ബ്രാഹ്മണസ്ത്രീ തന്റെ അടുത്ത് ന്യാസമായി ഏല്പിക്കപ്പെട്ടതും അവൾ പുരുഷ സാന്നിധ്യം വർജിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുന്നതുമായ കാര്യം പത്മാവതി എടുത്തുപറഞ്ഞു. അപ്പോൾ പ്രതീഹാരി ഉജ്ജയിനിയിൽ നിന്നുള്ള ബ്രാഹ്മണൻ തന്റെ സഹോദരിയെ തിരിച്ചുകൊണ്ടു പോകാൻ വന്നിരിക്കുന്നുവെന്ന് അറിയിച്ചു. ബ്രാഹ്മണനെ വിളിക്കുകയും പത്മാവതി ആവന്തികയെ കൊണ്ടുവരാൻ പോവുകയും ചെയ്തു. തനിക്ക് വിജയം നേർന്നു



കൊണ്ടുള്ള ബ്രാഹ്മണന്റെ ശബ്ദം പരിചിത മെങ്കിലും കൃത്യമായി തിരിച്ചറിയാൻ രാജാവിന് കഴിഞ്ഞില്ല. പത്മാ വതിയും ആവന്തികയും രംഗത്ത് വന്നപ്പോൾ ന്യാസത്തെ തിരിച്ചു കൊടുക്കുന്നത് സാക്ഷിയുടെ സാന്നിധ്യത്തിൽ വേണമെന്നും ഉജ്ജയിനിയിൽനിന്നു വന്ന ദൂതർക്ക് സാക്ഷികളാവാമെന്നും രാജാവ് പറഞ്ഞു. വാസവദത്തയുടെ ധാത്രി, പക്ഷേ, അവളെ തിരിച്ചറിഞ്ഞതിനു മേൽ ആവന്തികയോട് പത്മാവതിയോടൊപ്പം അകത്തേക്കു പോകാൻ പറഞ്ഞു. ഭരതവംശത്തിലെ ഉന്നതയായൊരു സന്തതിയെ മറ്റൊരാൾക്ക് ബലാൽക്കാരമായി കൂട്ടിക്കൊണ്ടുപോകാനാവില്ലെന്ന് യൗഗന്ധരായണൻ പറയുന്നു. രാജാവ് അതിനുശേഷം രൂപസാദൃശ്യം കാണാനാഗ്രഹിച്ച് മൂടുപടം നീക്കാൻ പറഞ്ഞു. യൗഗന്ധരായണൻ പിന്നീട് രാജാവിനോട് രാജ്ഞിയെ ഒളിപ്പിച്ചുവെച്ചതിന് ക്ഷമ ചോദിച്ചു. പത്മാവതി വാസവദത്തയ്ക്ക് ആദരമർപ്പിച്ചു. കൗശാംബിയെ രക്ഷിക്കുക എന്ന മുഖ്യലക്ഷ്യം നിറവേറ്റാനാണ് യൗഗന്ധരായണൻ എല്ലാം ചെയ്തതെന്നും രുമണ്വാനും ഇതെല്ലാമറിയുമെന്നും അദ്ദേഹം വിശദീകരിച്ചു. അനന്തരം രാജാവ് വാസവദത്തയെ വീണ്ടുകിട്ടിയെന്ന സന്തോഷവാർത്ത മഹാസേനനെയും അംഗാരവതിയെയും അറിയി ക്കാൻ പത്മാവതിയോടുകൂടി പോകാൻ തീരുമാനിച്ചു. സാഗരപര്യന്ത യും ഹിമവദ്വിന്ധ്യകുണ്ഡലയും ഏകാതപത്രാങ്കയുമായ ഭൂമിയെ നമ്മുടെ രാജസിംഹൻ ഭരിക്കട്ടെ എന്ന ഭരതവാക്യത്തോടെ *സ്വപ്നവാസവദത്തം* അവസാനിക്കുന്നു

## 12. ചാരുദത്തം

സംഭവം നടക്കുന്ന സ്ഥലം ഉജ്ജയിനി. മംഗളശ്ലോകമില്ലാതെ നേരെ സൂത്രധാരന്റെ വാക്കുകളോടെ *ചാരുദത്തം* തുടങ്ങുന്നു. പതിവിനു വിപരീതമായി സൂത്രധാരന്റെ ഭാഷ പ്രാകൃതമാണ്. സൂത്രധാരൻ ക്ഷീണിതനും രവിലെ നടന്നതുകൊണ്ട് വിശപ്പുള്ളവനുമാണ്. തന്റെ ഗൃഹത്തിൽ രാജകീയമായ ഭക്ഷണം തയ്യാറാക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കണം. നടിയെ വിളിച്ച് അന്വേഷിക്കുന്നു. എല്ലാം തയ്യാറായിട്ടുണ്ട്, അങ്ങാടിയിലാണെന്നു മാത്രം – അവളുടെ പരിഹാസത്തോടുകൂടിയ മറുപടി. തന്റെ പുതിയ 'അഭിരൂപപതി' എന്ന വ്രതത്തെപ്പറ്റി പിന്നീട് അവൾ അദ്ദേഹത്തോട് പറയുന്നു. അതിന് ഊണിന് ഒരു ദരിദ്രബ്രാഹ്മണനെ ക്ഷണിക്കണം. അവൾ പുറത്തു പോയി ചാരുദത്തന്റെ സ്നേഹിതനായ മൈത്രേയനെ, വിഭവസമൃദ്ധമായ സദ്യയ്ക്കു പുറമെ സുവർണദക്ഷിണയുമുണ്ടാകുമെന്ന് പറഞ്ഞ് ക്ഷണിക്കുന്നു. മൈത്രേയൻ ക്ഷണം.

നിരസിക്കുകയും സൂത്രധാരൻ മറ്റൊരു ബ്രാഹ്മണനെ കണ്ടുപിടിക്കുന്നതിന് പുറത്തേക്കു പോവുക യും ചെയ്യുന്നു. ഇതോടെ സ്ഥാപന കഴിയുന്നു. മുഖ്യരംഗം ആരംഭിക്കുന്നത്, മൈത്രേയന്റെ ദീർഘമായ ഒരു ആത്മഗതത്തോടുകൂടിയാണ്. ചാരുദത്തൻ സമ്പന്നനായിരുന്ന കാലത്തെയും ഇപ്പോഴത്തെ അദ്ദേഹത്തിന്റെ ദരിദ്രകാലത്തെയും അയാൾ താരതമ്യപ്പെടുത്തുന്നു. തന്റെ നല്ല സുഹൃത്തിനു (ചാരുദത്തന്) ഭാരമാവേണ്ടെന്നു വെച്ച് മൈത്രേയൻ പുറത്തെവിടെയെങ്കിലും നിന്ന് ഊണുകഴിക്കുകയാണ് പതിവ്. ഇപ്പോൾ അയാൾ നായകന് ഷഷ്ഠിക്കുള്ള ദേവകർമങ്ങൾക്കുവേണ്ട പൂക്കളും വസ്ത്രവും കൊണ്ടുപോവുകയാണ്. തുടർന്ന് മൈത്രേയനും ചാരുദത്തനും തമ്മിലുള്ള സംഭാഷണമാണ്. ദാരിദ്ര്യദുഃഖങ്ങളെയും തന്റെ മാറിയ സാഹചര്യങ്ങളെയുംപറ്റി ചാരുദത്തൻ ആലോചിക്കുകയാണ്. സുഹൃത്ത് അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. നായകൻ അവസാനം സമാധാനിക്കുന്നത്, താൻ ദരിദ്രനല്ലെന്നതിലാണ്. കാരണം, ഉദാരയായൊരു ഭാര്യയും നിതാന്തസുഹൃത്തായ മൈത്രേയനും എപ്പോഴും തന്റെ കൂടെ ഉണ്ടല്ലോ. രംഗത്തിന്റെ മറ്റേ വശത്തുനിന്ന് വസന്തസേന എന്ന ഗണികയും അവളെ പിന്തുടർന്നുകൊണ്ട് രാജസ്യാലനായ ശകാരനും അയാളുടെ അനുചരനായ വിടനും അവതരിക്കുന്നു. അപ്പോൾ രാത്രിയാണ്. കൂരാക്കൂരിരുട്ട്. തെരുവ് ശൂന്യം. രണ്ട് ആണുങ്ങളും അവളെ തട്ടി ക്കൊണ്ടുപോകുമെന്ന് പ്രഖ്യാപിക്കുന്നു. ഭയത്താൽ അവൾ പരിചാരകരെ വിളിക്കുന്നു. ശകാരൻ അവളെ പരിഹസിക്കുകയാണ്. ഒരു പ്രതികരണവുമില്ലാത്തതുകൊണ്ട് അവൾ സ്വരക്ഷയ്ക്ക് തയ്യാറാവുന്നു. വിടനും ശകാരനും ആയുധം കാണിച്ച് അവളെ വഴങ്ങുന്നതിന് ഭീഷണിപ്പെടുത്തുന്നു. ഗണികയെന്ന നിലയ്ക്ക് അവൾ എല്ലാവരോടും ഒരേപോലെ പെരുമാറണമെന്ന് വിടൻ പറഞ്ഞതിന് വസന്തസേന മാന്യന്മാരുമായേ തനിക്ക് ഇടപാടുള്ളൂ എന്ന് തിരിച്ചടിക്കുന്നു. കാമദേവാനുയാനം തൊട്ട് വസന്തസേനയുടെ പ്രണയത്തിനു പാത്രമായ സാർഥവാഹപുത്രന്റെ (ചാരുദത്തന്റെ) വീട്ടിന്റെ പിൻവാതിലാണ് അടുത്തു കാണുന്നതെന്ന് പ്രതിനായകൻ (ശകാരൻ) അറിയാതെ പറഞ്ഞുപോകുന്നു. ഈ അറിവ് വസന്തസേനയ്ക്ക് വലിയ ഉപകാരമായി. അവൾ ഇരുട്ടത്ത് മതിലിനോട് അരു ചേർന്ന് നിൽക്കുന്നു. വിടനും ശകാരനും അവളെ അന്വേഷിച്ചുനടക്കുന്നു. ഇരുട്ടാണെങ്കിലും വായുവിൽ തട്ടിവരുന്ന അവളുടെ ഗന്ധവും ശബ്ദമുഖരങ്ങളായ ഭൂഷണങ്ങളും അവളെവിടെയെന്ന് സൂചിപ്പിക്കുന്നുവെന്ന് വിടൻ പറയുന്നു. ആ സൂചനയിൽ പിടിച്ച് അവൾ മാലയൂരി യെറിയു



കയും ഭൂഷണങ്ങൾ ദേഹത്തിൽനിന്ന് മാറ്റുകയും ചെയ്യുന്നു. കൃത്യമായി അതേ സമയത്ത് ചാരുദത്തൻ ചതുഷ്പഥത്തിൽ മാതൃദൈവങ്ങൾക്ക് ബലി യിടാൻ ചേടി രദനികയെയും വിളക്കുമായി വിദൂഷകനെയും പറഞ്ഞ യയ്ക്കുന്നു. വാതിൽ തുറക്കുമ്പോഴേക്കും വസന്തസേന വിദൂഷകന്റെ കൈയിലെ വിളക്ക് വസ്ത്രാന്തം കൊണ്ട് വീശിക്കെടു ത്തുകയും അകത്തു കടന്ന് നായകന്റെ മുൻപിൽ ഒരു മൂലയ്ക്ക് നിൽ ക്കുകയും ചെയ്യുന്നു. രദനികയെ വസന്തസേനയെന്നു വിചാരിച്ച് ശകാരൻ കടന്നുപിടിക്കുക്കുകയും വിടനും അയാളും കൂടി അവളെ ഉപദ്രവിക്കുകയും ചെയ്തു. മൈത്രേയൻ അവളുടെ രക്ഷയ്ക്കെത്തി. ചാരുദത്തൻ വസന്തസേനയെ തനിക്ക് വിട്ടുതന്നില്ലെങ്കിൽ തങ്ങൾ തമ്മിൽ ദാരുണമായ ശത്രുതയാണുണ്ടാവുക എന്ന് മൈത്രേയൻ മുഖേന ശകാരൻ താക്കീത് നൽകി. ഇതിനിടയിൽ രദനികയെന്നു കരുതി വസന്തസേനയ്ക്ക് പുതയ്ക്കാൻ ചാരുദത്തൻ ഒരു പുതപ്പ് കൊടുത്ത് അകത്തെ മുറിയിലേക്ക് കടക്കാൻ പറയുന്നു. അവൾ പുതപ്പ് വാങ്ങുകയും മുറിയിലേക്ക് കടക്കാൻ മടിച്ചുനിൽക്കുകയും ചെയ്യുന്നു. ചേടിയായതുകൊണ്ട് മടിച്ചുനിൽക്കുകയായിരിക്കുമെന്ന് ചാരുദത്തൻ ഊഹിക്കുന്നു. പക്ഷേ, മൈത്രേയനും രദനികയും ഉടനെ കടന്നുവരികയും മൈത്രേയൻ ശകാരന്റെ താക്കീത് ചാരുദത്തനെ അറിയിക്കുകയും ചെയ്യുന്നു. വസന്തസേന മുന്നോട്ടു വന്ന് അവരാരെങ്കിലും വന്ന് ആഭരണങ്ങൾ തട്ടിപ്പറിക്കുമോ എന്ന ഭയത്താൽ ആഭരണങ്ങൾ അഴിച്ച് ഒരു ഭാണ്ഡമാക്കി ചാരുദത്തന്റെ ഗൃഹത്തിൽ സൂക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു. മൈത്രേയന്റെ പതിഷേധംവകവെക്കാതെ ചാരുദത്തൻ അത് വാങ്ങി അയാളെ സൂക്ഷിക്കാൻ ഏല്പിക്കുകയും ഷഷ്ഠിയും പിറ്റേന്നാളും രദനിക അത് സൂക്ഷിക്കണമെന്നും അഷ്ടമി മുതൽ താൻ സൂക്ഷിച്ചു കൊള്ളാമെന്നും പറയുകയും ചെയ്യുന്നു. ചന്ദ്രൻ നിലാവുകൊണ്ട് തെരുവുകളെ കുളിപ്പിക്കുന്നതിനാൽ വിളക്കൊന്നുമില്ലാതെതന്നെ വസന്തസേനയെ അവളുടെ ഭവനം വരെ അനുഗമിക്കാൻ ചാരുദത്തൻ മൈത്രേയനെ ഏല്പിക്കുന്നു..

പിറ്റേന്നാൾ ചിന്താവിഷ്ടയായിരിക്കുന്ന വസന്തസേനയോട് ചേടി മദനിക ചിന്തയ്ക്കു കാരണമെന്തെന്ന് ചോദിക്കുന്നു. അവരുടെ സംഭാഷണത്തിൽ നിന്ന്, തന്റെ ജോലിക്ക് വിരുദ്ധമായി ചാരുദത്തനെന്ന ഒരു ദരിദ്രബ്രാഹ്മണനുമായി തനിക്ക് അനുരാഗമുണ്ടെന്നും അദ്ദേഹത്തിന് എളുപ്പത്തിൽ തന്നെ സമീപിക്കുന്നതിന് അഭിമാനം അനുവദിക്കുകയില്ലെന്നതിനാൽ താൻ തന്റെ ആഭരണങ്ങൾ അവിടെ

സൂക്ഷിച്ചിരിക്കയാണെന്നും വെളിപ്പെടുന്നു. പെട്ടെന്ന് ഒരു സംവാ ഹകൻ അവിടേക്ക് ഓടിവന്ന് തന്റെ ഉത്തമർണനിൽനിന്ന് തന്നെ രക്ഷിക്കണമെന്ന് അവളോട് അപേക്ഷിക്കുന്നു. പാടലീപുത്രത്തിൽ ജനിച്ച തനിക്ക് നിർഭാഗ്യം കൊണ്ട് അവിടം വിടേണ്ടിവന്നുവെന്നും ഒരു സംവാഹകനായി ഉജ്ജയിനിയിൽ ജീവിക്കേണ്ടിവന്നുവെന്നും അയാൾ അവളോട് പറയുന്നു. ഒരു സമ്പന്നനെയാണ് അയാൾ സേവി ച്ചത്. യജമാനന്റെ സാഹചര്യങ്ങൾ മാറിയപ്പോൾ തന്റെ ജോലി പോയി. ഉപജീവനത്തിനുവേണ്ടി പിന്നീട് ചൂതുകളി തുടങ്ങി. അതിൽ പത്തു സുവർണം നഷ്ടപ്പെട്ടു. അയാളുടെ യജമാനൻ വസന്തസേന യുടെ കാമുകനായ ചാരുദത്തനല്ലാതെ മറ്റാരുമായിരുന്നില്ല. അയാൾ അവളുടെ അടുത്ത് ജോലി ചെയ്യാമെന്നു പറഞ്ഞു. അതു സമർഥ മായി തിരസ്കരിച്ച് അവൾ സംവാഹകന്റെ കടം വീട്ടിക്കൊടുത്തു. ലോകം ത്യജിക്കുന്നതാണ് ഭേദമെന്ന നിർവേദത്തോടെ അയാൾ സ്ഥലം വിട്ടു.

അപ്പോൾ പുറത്തുനിന്ന് ഒരു ശബ്ദം കേട്ടു. വസന്തസേനയുടെ ചേടനായ കർണപൂരകൻ കടന്നുവന്നതാണ്. തന്റെ വീര്യം വെളിപ്പെടുത്തുന്ന ഒരു സംഭവം യജമാനത്തി കണ്ടില്ലല്ലോ എന്നാ ണവന്റെ സങ്കടം. ഒരു മദയാനയുടെ പിടിയിൽനിന്ന് ഒരു പരിവ്രാജ കനെ താൻ രക്ഷിച്ചു. നിരവധി പേർ കണ്ടുനിന്നിരുന്നു. എല്ലാവരും അഭിനന്ദിച്ചുവെങ്കിലും ആരും ഒന്നും തന്നില്ല. അപ്പോൾ മാന്യനായ ഒരാൾ തന്റെ ശരീരത്തിലാകെ നോക്കി ആഭരണമൊന്നുമില്ലെന്നു മനസ്സിലായപ്പോൾ വ്യസനത്തോടെ, തന്റെ പുതപ്പെടുത്ത് കർണ പൂരകന് കൊടുത്തു. അദ്ദേഹത്തിന്റെ ഔദാര്യം വസന്തസേനയുടെ യും ചേടിയുടെയും ആദരത്തിനു പാത്രമായി. അദ്ദേഹത്തിന്റെ പേരെന്തെന്ന് താൻ ചോദിച്ചില്ലെന്ന് അവൻ പറഞ്ഞു. കണ്ടുപിടിക്കാമെന്നു പറഞ്ഞ് അവർ പുറത്തേക്ക് നോക്കിയപ്പോൾ പൂണൂൽ മാത്രം പുതപ്പായിട്ടുള്ള ഒരു യുവാവ് അതിലെ പോകുന്നു. അത് ചാരുദത്തനായിരുന്നു.

പിറ്റേന്നു രാത്രി ചാരുദത്തൻ വിദൂഷകനോടൊപ്പം ഒരു കച്ചേരി കഴിഞ്ഞ് മടങ്ങുകയായിരുന്നു. സംഗീതത്തെയും ഗായകനെയും പറ്റി അഭിനന്ദനപരമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. വീട്ടിലെത്തി കാൽ കഴുകിയതിനുശേഷം അവർ ഉറങ്ങാൻ കിടന്നു. ആ അഷ്ടമിനാളിൽ രദനിക ആഭരണഭാണ്ഡം മൈത്രേയനെ ഏല്പിച്ചു. തുടർന്ന് ചാരുദത്തനും മൈത്രേയനുമുൾപ്പെടെ എല്ലാവരും ഗാഢനിദ്രയിലാണ്ടു. കുറച്ചു നേരത്തിനുശേഷം ഒരു ബ്രാഹ്മണ തസ്കരനായ സജ്ജലകൻ ചാരുദത്തഗൃഹത്തിന്റെ മഹ



ത്തായ ഗാംഭീര്യം കണ്ട് അവിടെ പ്രവേശിക്കുന്നു. ബാഹ്യഭിത്തികളിലൊ ന്നിൽ ഒരു ദ്വാരമുണ്ടാക്കുന്നു. തന്റെ പ്രവൃത്തി അധാർമികമാണെന്ന് അയാൾക്കറിയാം. വസന്തസേനയുടെ ദാസിയായ മദനികയെ അയാൾ സ്നേഹിക്കുന്നു. അവളെ അടിമത്തത്തിൽനിന്നു മോചിപ്പിക്കാൻ പണം വേണം. അതിന് ഇതല്ലാതെ വേറെ നിവൃത്തിയില്ല. അകത്തെ ത്തിയപ്പോൾ വീട്ടുകാരെല്ലാം ഗാഢമായ ഉറക്കത്തിലാണെന്നും വീട്ടുട മസ്ഥൻ ദരിദ്രനാണെന്നും മനസ്സിലായി. സജ്ജലകൻ തിരിച്ചുപോകാ നൊരുങ്ങി. അപ്പോഴാണ് മൈത്രേയൻ, സ്വപ്നത്തിൽ ചാരുദത്തന് സമർപ്പിക്കുകയാണെന്ന് വിചാരിച്ചുകൊണ്ട് ആഭരണഭാണ്ഡം സജ്ജലകന് കൊടുക്കുന്നത്. സജ്ജലകൻ അതുമായി പോവുകയും ചെയ്യുന്നു. പിറ്റേന്നാൾ രാവിലെ ചേടി ബാഹ്യഭിത്തി തുരന്ന് കള്ളൻ അകത്തു കയറിയെന്ന് കണ്ടുപിടിക്കുന്നു. മൈത്രേയൻ ആഭരണ ഭാണ്ഡം ശരിയായ സമയത്തുതന്നെ ചാരുദത്തനെ ഏല്പിച്ചുവെന്ന് സ്വയം വിമ്പിളക്കുന്നു. ചാരുദത്തൻ നടന്ന കാര്യങ്ങൾ കൃത്യമായി ത്തന്നെ ഊഹിക്കുകയും ആഭരണം കളവു പോയതിനാൽ തന്റെ സ്വഭാവത്തിനു കളങ്കമേൽക്കുമല്ലോ എന്ന് വേവലാതിപ്പെടുകയും ചെയ്യുന്നു. കളവിനെക്കുറിച്ചറിഞ്ഞ് ബ്രാഹ്മണി (ചാരുദത്തപത്നി) തന്റെ മുത്തുമാല വസന്തസേനയുടെ ആഭരണഭാണ്ഡത്തിന് പകരമായി കൊടുക്കാമെന്ന് കരുതി ഒരു ബ്രാഹ്മണന് ദാനം ചെയ്യു ന്നുവെന്ന വ്യാജേന വിദൂഷകന് കൊടുക്കുന്നു. ചാരുദത്തന് ഇത് വല്ലാതെ ഉള്ളിൽ തട്ടി. അത്തരമൊരു ദാനം ഭാര്യയുടെ കൈയിൽ നിന്ന് സ്വീകരിക്കുന്നതിൽ അദ്ദേഹത്തിന് ദുഃഖം തോന്നി. പക്ഷേ അത് നിരസിക്കുന്നത് അവൾക്ക് കൂടുതൽ വേദനാജനകമാകും. അതിനാൽ അത് വിദൂഷകനിൽനിന്ന് ചാരുദത്തൻ സ്വീകരിക്കുകയും അ യാൾ മുഖേന, അപ്പോൾത്തന്നെ, വസന്തസേനയ്ക്ക് കൊടുത്ത യയ്ക്കുകകയും ചെയ്യുന്നു. ലക്ഷം മതിക്കുന്ന മുത്തുമാല ആ ആഭ രണഭാണ്ഡത്തിന്റെ മൂല്യത്തേക്കാൾ എത്രയോ അധിക മാണെങ്കിലും അവൾ തന്നിലർപ്പിച്ച വിശ്വാസത്തിന്റെ മൂല്യം നോ ക്കുമ്പോൾ ഇതെത്രയോ ലഘുവാണെന്നത്രേ ചാരുദത്തന്റെ പക്ഷം.

അടുത്ത അങ്കം, അവസാനത്തേതായ നാലാമങ്കം, പ്രണയോ ൽകണ്ഠിതയായ വസന്തസേന പ്രവേശിക്കുന്നതോടുകൂടിയാണ്. തലേന്നാൾ മദഗജത്തിന്റെ പിടിയിൽനിന്ന് പരിവ്രാജകനെ കർണ പൂരകൻ രക്ഷിക്കുന്നത് നോക്കിനിൽക്കുന്ന ചാരുദത്തനെ അവൾ വരച്ചിരിക്കയാണ്. അത് നോക്കി ആസ്വദിക്കുകയാണ് അവളും ചേടി മദനികയും. ചേടി ചിത്രം ചാരുദത്തനോട് അത്യധികം സദൃശമായി

ട്ടുണ്ടെന്നു പറയുന്നു. കാമദേവൻ അവതരിച്ചതുപോലുണ്ട് അദ്ദേഹ ത്തെ കണ്ടാൽ എന്നും അവൾ കൂട്ടിച്ചേർക്കുന്നു. മറ്റൊരു ചേടി വസ ന്തസേനയെ സമീപിച്ച് അവളുടെ അമ്മ കൊടുത്ത ആഭരണങ്ങളിട്ട് വാതിൽക്കൽ കാത്തിരിക്കുന്ന വണ്ടിയിൽ കയറാൻ അവളോട് നിർദേ ശിച്ചുകൊണ്ടുള്ള സന്ദേശം നൽകുന്നു. പ്രതിനായകനായ ശകാരൻ കൊടുത്തയച്ചതാണ് ആഭരണവും വണ്ടിയും എന്നറിഞ്ഞ വസന്ത സേന അത് താൻ വാങ്ങില്ലെന്നും താൻ സ്വയം ആഭരണങ്ങളണിഞ്ഞ് ചാരുദത്തനെ അഭിസരിക്കാൻ പോവുകയാണെന്നും പറഞ്ഞ് ചേടി യെ തിരിച്ചയയ്ക്കുന്നു. അനന്തരം തസ്കരനായ സജ്ജലകൻ വസ ന്തസേനയെ സമീപിക്കുകയും തന്റെ ദുഷ്കർമത്തെ പരാമർശിച്ച് തന്റെ പ്രണയഭാജനമായ മദനികയെ മോചിപ്പിക്കാൻ തനിക്ക് പണം വേണമായിരുന്നുവെന്നു പറയുകയും ചെയ്തു. അയാൾ അവളെ ഉച്ച ത്തിൽ വിളിക്കുകയും ഇരുവരും തമ്മിൽ സംഭാഷണം നടത്തുകയും അത് തന്നെ സംബന്ധിക്കുന്നതാകയാൽ വസന്തസേന ഒളിച്ചുകേൾ ക്കുകയും ചെയ്തു. സജ്ജലകൻ അപഹരിച്ച ആഭരണങ്ങൾ മുന്നിൽ വെച്ചപ്പോൾ രണ്ടു സ്ത്രീകളും അത് വസന്തസേനയുടേതാണെന്ന് തിരിച്ചറിഞ്ഞു. അയാൾ താൻ ചെയ്ത കുറ്റം ഏറ്റുപറഞ്ഞു. സജ്ജല കൻ ഭേദനം നടത്തിയത് ചാരുദത്തന്റെ ഭവനമാണെന്നും ആളപായ മൊന്നുമുണ്ടായിട്ടില്ലെന്നുമറിഞ്ഞ് സ്ത്രീകകളിരുവരും ആശ്വസി ക്കുന്നു. സജ്ജലകൻ മദനികയിൽ ആദ്യം ചില ദുഷ്പ്രേരണകൾ സംശയിച്ചുവെങ്കിലും കാര്യം മുഴുവനറിഞ്ഞതോടെ തന്റെ കുറ്റത്തി ന്റെ ഗൗരവം മനസ്സിലാക്കുകയും എല്ലാം നേരെയാക്കുന്നതിന് മദനിക യുടെ ഉപദേശം തേടുകയും ചെയ്യുന്നു. വസന്തസേനയെ സമീപി ക്കുകയും ചാരുദത്തന്റെ പേരിൽ ആഭരണഭാണ്ഡം തിരിച്ചേല്പിക്കുകയും ചെയ്യണമെന്ന് മദനിക അയാളെ ഉപദേശിക്കുന്നു. പുറത്ത് അല്പനേരം കാത്തുനിൽക്കാൻ പറഞ്ഞ് അവൾ വസന്തസേനയുടെ അടുത്തുചെന്ന് അയാളുടെ വിവരം അറിയിച്ചു. അതിനിടയിൽ ചാരുദത്തൻെറ അടുത്തുനിന്ന് ഒരു ബ്രാഹ്മണൻ വരുന്നുണ്ടെന്ന് ഒരു ചേടി വസന്തസേനയെ അറിയിച്ചു. അയാൾ വസന്തസേനയുടെ രാജ കീയമാളിക കണ്ട് വിസ്മയസ്തബ്ധനായി. അവൾ അയാളെ സ്വീക രിച്ച് ആദരിച്ചു. വസന്തസേന ചാരുദത്തനെ സൂക്ഷിക്കാനേല്പിച്ച ആഭരണങ്ങൾ ചൂതുകളിയിൽ നഷ്ടപ്പെട്ടുപോയെന്നും അതിനു പകര മായി അദ്ദേഹം തന്നയച്ചതാണ് മുത്തുമാലയെന്നു പറഞ്ഞ് അത് അവൾക്ക് നൽകി. എന്തു വേണമെന്ന് അവളുടെ മനസ്സ് ഒന്ന് ആടി

.



ക്കളിച്ചുവെങ്കിലും പിന്നീട് അത് സ്വീകരിക്കുകയും ചാരുദത്തനോട് അതനുസരിച്ച് പറയാൻ വിദൂഷകനെ ഏല്പിക്കുകയും ചെയ്തു. ചെറുതായൊന്ന് വസന്തസേനയെപ്പറ്റി ചിന്തിച്ചുകൊണ്ട് വിദൂഷകൻ മടങ്ങിപ്പോയി. അനന്തരം മദനിക പ്രവേശിച്ച് ചാരുദത്തന്റെ അടുത്തു നിന്ന് ഒരു ദൂതൻ വിന്നിട്ടുണ്ടെന്ന് വസന്തസേനയെ അറിയിച്ചു. ദൂത നെ യഥാവിധി സ്വീകരിക്കുകയും തന്റെ ഭവനം സുരക്ഷിതമല്ലായ്ക യാൽ തന്നെ സൂക്ഷിക്കാനേല്പിച്ച ആഭരണങ്ങൾ തിരികെ ഏല്പി ക്കുകയാണെന്ന് ചാരുദത്തൻ പറഞ്ഞതായി അറിയിച്ചുകൊണ്ട് അയാൾ ആഭരണഭാണ്ഡം വസന്തസേനയ്ക്ക് നൽകുകയും ചെ യ്തു. സജ്ജലകനായിരുന്നു ആ ദൂതൻ. അവൾ അത് ചാരുദത്തനു തന്നെ മടക്കിക്കൊടുക്കാൻ പറഞ്ഞുവെങ്കിലും അയാൾ അതിനു വിസമ്മതിച്ചു. അത് ചാരുദത്തനിൽനിന്ന് കട്ടതല്ലേ എന്ന് അവൾ തുട ർന്ന് ചോദിച്ചപ്പോൾ അയാൾ ആകെ വിഷമിച്ചു. അനന്തരം വസന്ത സേന ഒരു വണ്ടി ഏർപ്പാടാക്കുകയും ചേടിയായ മദനികയെ വിളിപ്പി ക്കുകയും ചെയ്തു. മദനിക വസന്തസേന നൽകിയ ആഭരണങ്ങള ണിഞ്ഞു. ആ ഗണിക സ്നേഹത്തോടുകൂടി തന്റെ ചേടിയെ ആശ്ലേ ഷിച്ച് അവളുടെ കൈപിടിച്ച് കാമുകനായ സജ്ജലകന്റെ കൈയിൽ നൽകി. അവർ തമ്മിലുള്ള വിവാഹത്തിനു ശേഷം വണ്ടിയിൽ അവരെ അയച്ചു. വസന്തസേന മറ്റൊരു ചേടിയെ വിളിച്ച് കാര്യം വിസ്തരിച്ചു പറഞ്ഞു. എല്ലാം, ഉണർന്നിരിക്കേ കണ്ട ഒരു സ്വപനം പോലെയാണ് തനിക്ക് തോന്നുന്നതെന്ന് വസന്തസേന. തനിക്ക് വളരെ ഇഷ്ടമായി – അമൃതാങ്കനാടകം കണ്ടതുപോലെയാണ് തോന്നിയതെന്നാണ് ചേടിയുടെ അഭിപ്രായം. അനന്തരം വസന്തസേന മുത്തുമാലയണി ഞ്ഞ് ചാരുദത്തനെ അഭസരിക്കാൻ തയ്യാറാവുകയാണ്. അഭിസാരികാ സഹായഭൂതമായ ദുർദിനം (മേഘച്ഛന്നമായ പകൽ) ഉന്നമിച്ചിരിക്കയാ ണെന്ന് കൂടെ പുറപ്പെട്ട ചേടിയും പറയുന്നു. ഇതോടെ ഭരതവാ ക്യമില്ലാതെ *ചാരുദത്ത*നാടകം പൊടുന്നനെ അവസാനിക്കുന്നു.

## 13. അവിമാരകം

നാരായണനെ അധികരിച്ചുള്ള മംഗളശ്ലേകത്തിനുശേഷം സൂത്രധാരൻ നടിയെ വിളിക്കുന്നു. ചില പവിത്രകാര്യങ്ങൾ നടത്തുന്ന തിനുവേണ്ടി ആര്യനോടൊപ്പം ഉദ്യാനത്തിൽ പോകണമെന്ന ആഗ്രഹം അവൾ പ്രകടിപ്പിക്കുന്നു. അപ്പോഴാണറിയുന്നത് രാജകുമാ രി ഉദ്യാനത്തിലാണെന്നും അവിടെ ഒരാനയ്ക്ക് മദമിളകിയിരിക്ക യാണെന്നും. സൂത്രധാരൻ നടിയോട് രാജകുമാരി ഉദ്യാനം വിടുന്നതു

വരെ ക്ഷമിക്കാൻ പറയുന്നു. അവിടെ രക്ഷികളൊക്കെയുണ്ടാവു മല്ലോ. അങ്ങനെ അവരിരുവരും രംഗം വിടുന്നു. രാജാവായ കുന്തി ഭോജനും പരിവാരവും രംഗത്ത് പ്രവേശിക്കുന്നു. രാജാവിന്റെ മകൾ കുരംഗിക്ക് വിവാഹപ്രായമായി. പല ആലോചനകളും വന്നുകൊണ്ടി രിക്കുന്നു. രാജാവ് രാജ്ഞിയെ വിളിപ്പിക്കുന്നു. അവരുമായി മകളുടെ വിവാഹാലോചനകളെക്കുറിച്ച് സംസാരിക്കുന്നു. എല്ലാ വശങ്ങളും നോക്കി വേണം വിവാഹാലോചനകൾ പരിഗണിക്കാൻ. ഉദ്യാനത്തി ലേക്കു പോയ മകളെക്കുറിച്ച് ഉൽകണ്ഠാകുലയാണ് രാജ്ഞി. പിന്നിൽനിന്ന് ശബ്ദം കേട്ടതോടെ അത് കുരംഗിയുമായി ബന്ധ പ്പെട്ടതാണോ എന്ന് ഇരുവരും സംശയിക്കുന്നു. കൗഞ്ജായനൻ എന്ന അമാത്യൻ പ്രവേശിച്ച് അമാത്യന്മാരുടെ കടമകളുടെ ഗൗരവ ത്തെപ്പറ്റി അല്പം പറഞ്ഞ് രാജാവിനെയും രാജ്ഞിയെയും സമീപിക്കുന്നു. മദഗജം രാജകുമാരിയുടെ രഥത്തിന്റെ അടുത്തേക്ക് പാഞ്ഞടുക്കുകയും അപരിചിതനായ ഒരു യുവാവ് ആനയെ ആക്രമിച്ച് അവളുടെ രക്ഷയ്ക്കെത്തുകയും ചെയ്തത് വിസ്തരിക്കാൻ അമാത്യൻ ഒരുങ്ങുമ്പോൾ, ചുരുക്കിപ്പറയാൻ രാജാവ് കല്പിച്ച തനുസരിച്ച് കൗഞ്ജായനൻ ചുരുക്കുന്നു. ഭൂതികൻ എന്ന അമാത്യൻ പ്രത്യക്ഷപ്പെട്ടപ്പോൾ രാജകുമാരി രാജധാനിയിലേക്ക് ഓടി രക്ഷപ്പെടുന്നു. അന്വേഷണത്തിൽനിന്നറിയുന്നതനുസരിച്ച് രക്ഷക നായ യുവാവ് താഴ്ന്ന ജാതിക്കാരനാണെന്നാണ് സ്വയം പ്രഖ്യാപി ക്കുന്നത്. താഴ്ന്ന ജാതിക്കാരന് അങ്ങനെ അനുകമ്പയോടെ പെരുമാ റാനാവില്ലെന്ന് അപ്പോൾ രാജ്ഞി അഭിപ്രായപ്പെടുന്നു. സ്ഥലത്തു പോയന്വേഷിച്ച ഭൂതികൻ അപ്പോഴേക്കും രംഗത്തെത്തി. ആ യുവാവ് സത്യം വെളിപ്പെടുത്തുന്നില്ലെന്ന് അറിയിക്കുന്നു. കൗഞ്ജായനൻ പറഞ്ഞതെല്ലാം ശരിയെന്നു സമ്മതിക്കുന്നതോടൊപ്പം, രാജകുമാരി യെ രക്ഷിച്ച ഉടനെ, പ്രശംസകൾ കേൾക്കാനിഷ്ടപ്പെടാത്തതുകൊ ണ്ടാവാം, അദ്ദേഹം ലജ്ജിതനായി സ്ഥലം വിട്ടുകളഞ്ഞു. ഭൂതികൻ ആനയെ തളച്ച് യുവാവിനെ തേടി പോയി. ദിവ്യമായ സൗന്ദര്യം, ശാന്തമായ വാക്യം, ക്ഷാത്രമായ തേജസ്സ്, സൗകുമാര്യം,ബലം – എല്ലാം കാണുമ്പോൾ അദ്ദേഹം അന്ത്യജനാവാനിട യില്ല എന്ന് ഭൂതികൻ തീർത്തുപറഞ്ഞു. അദ്ദേഹം അവിവാവിഹത നാണെന്നും അദ്ദേഹത്തിന്റെ അച്ഛനും അന്തസ്സുള്ളവനും രാജകീയപ്രൗഢി തികഞ്ഞവനുമാണെന്നും അമാത്യൻ കൂട്ടി ച്ചേർത്തു. അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തണ മെന്ന് ഭൂതികനെ ഏല്പിച്ചതിനുശേഷം രാജാവ് കുരംഗിയുടെ വിവാഹാലോചനകളെപ്പറ്റി വീണ്ടും സംസാരിക്കാൻ തുടങ്ങി.



കാശിരാജാവിന്റെ ദൂതനോട് എന്തു നിലപാടെടുക്കണം എന്ന രാജാവിന്റെ ചോദ്യത്തിന് ഭൂതികന്റെ ഉത്തരം കാലത്തിനും അവസരത്തിനും ഉചിതം അതാണെന്നത്രേ. ഇതുവരെ പറഞ്ഞവരിൽ കാശിരാജനും സൗവീരരാജനും മാത്രമാണ് രാജാവിന്റെതന്നെ സ്യാലന്മാരെന്ന നിലയിൽ അടുത്ത രണ്ടു ബന്ധുക്കൾ എന്ന് കൗഞ്ജായനൻ അഭിപ്രായപ്പെട്ടു. ആ രണ്ടുപേരിൽനിന്ന് ആരെ വേ ണമെന്ന് രാജാവുതന്നെയാണ് നിശ്ചയിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. പക്ഷേ രാജാവ് ഒന്നും തീരുമാനിക്കാതെ, ഭൂതികനോട് അഭിപ്രായം തുറന്നു പറയാൻ നിർദേശിച്ചു. സൗവീരരാജ ന്നനുകൂലമായാണ് ഭൂതികൻ നിന്നത്. കാരണം, കാശിരാജാവ് രാജ്ഞിയുടെ സഹോദരനാണ്. രാജാവും അതിനോടാണ് യോജിച്ചത്.

സൗവീരരാജൻ എന്താണ് ആലോചനയ്ക്കൊന്നും ദൂതനെ പറഞ്ഞയയ്ക്കാതിരുന്നത് എന്ന് പക്ഷേ രാജാവ് ചോദിക്കാതിരുന്നില്ല. സൗവീരരാജാവും മകനും അപ്രത്യക്ഷരായെന്നാണറിയുന്നത് എന്നായിരുന്നു ഭൂതികന്റെ മറുപടി. കാരണമറിയുകയുമില്ല. മന്ത്രിമാരാണവിടം ഭരിക്കുന്നത്. ആരെയും രാജകൊട്ടാരത്തിലേക്കു കടത്തിവിടുന്നില്ല. ഇതേക്കുറിച്ചും കൂടുതൽ അന്വേഷണം വേണമെന്ന് രാജാവ് നിർദേശിക്കുകയും കാശിരാജാവിന്റെ ദൂതനോട് എന്തു മറുപടി പറയണമെന്ന് ആരായുകയും ചെയ്തു. ദൂതനെ ബഹുമാനിക്കുകയും തീരുമാനം നീട്ടിവെക്കുകയും ചെയ്യുക – അതാ യിരുന്നു കൗഞ്ജായനന്റെ നിർദേശം. അപ്പോഴേക്കും രാജകീയ സ്നാനത്തിനുള്ള മണി മുഴങ്ങി. രാജാവിന് കുരംഗിയെ വീണ്ടും ആശ്വസിപ്പിക്കേണ്ടതുണ്ട്. പ്രജകളെ കാണുകയും വേണം. പോകാൻ പുറപ്പെടുമ്പോൾ അദ്ദേഹത്തിന്റെ ചിന്ത രാജാവിന്റെ ഭാരിച്ച ചുമതലകളെക്കുറിച്ചായിരുന്നു. രണ്ടാമങ്കത്തിന്റെ പ്രവേശകത്തിൽ വിദൂഷകനെ പരിചയ പ്പെടുത്തുന്നു. അവിമാരകന്റെ ബ്രാഹ്മണസുഹൃത്തായ ഇദ്ദേഹത്തി ന്റെ പേര് സന്തുഷ്ടനെന്നാണ്. നായികയെ മദഗജത്തിൽനിന്നു രക്ഷിച്ചതുമുതൽ അവിമാരകന് അവളോട് അഗാധമായ പ്രണയമാണ്. സൗവീരകുടുംബത്തിലെ ഒരു ചേടി വിദൂഷകനെ വിഡ്ഢിയാ ക്കുകയും അദ്ദേഹത്തിന്റെ മോതിരവുമായി അപ്രത്യക്ഷയാവുകയും ചെയ്യുന്നു. ആ രംഗമാകെ തമാശ നിറഞ്ഞതാണ്. തുടർന്ന് അവിമാ രകൻ രാജകുമാരിയുടെ സൗന്ദര്യത്തെപ്പറ്റിത്തന്നെ ചിന്തിച്ചുകൊണ്ട് പ്രവേശിക്കുന്നു. അവളെ മറക്കണമെന്നു വിചാരിക്കുന്തോറും അവളെ പ്പറ്റിയുള്ള വിചാരം കൂടിവരുന്നതേയുള്ളൂ. അതിനിടയിൽ കുരംഗിയും ഇതേ അവസ്ഥയിലാകയാൽ അവളുടെ ധാത്രിയും നളിനികയും കൂടി

അവിമാരകന്റെ വസതി സന്ദർശിക്കാൻ തീർച്ചയാക്കി. വഴിക്കുവെച്ച് അദ്ദേഹം കുലീനനാണെന്ന ഒരശരീരിയുണ്ടാവുകയും അത് അവ രുടെ ദൗത്യശ്രമത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അവർ അവി മാരകനെ ചിന്താവിഷ്ടനായ നിലയിൽ ഏകാകിയായി കണ്ടു. അവർ അദ്ദേഹത്തെ കുരംഗിയുടെ അസന്തുഷ്ടവും ദയനീയവുമായ അവ സ്ഥ അറിയിക്കുകയും അന്നു രാത്രിതന്നെ വേഷച്ഛന്നനായി കന്യാ പുരത്തിൽ ചെന്ന് അവളുടെ ജീവൻ രക്ഷിക്കാൻ അപേക്ഷിക്കുകയും ചെയ്തു. ഇത് അവിമാരകനെ സന്തോഷിപ്പിക്കുകയും അദ്ദേഹത്തിൽ ഒരു പുതുചൈതന്യം ഉളവാക്കുകയും ചെയ്തു. അദ്ദേഹം അവരിൽനിന്ന് കന്യാപുരത്തിന്റെയും അവിടെ കാവൽനിൽക്കുന്നവ രുടെയും വിശദവിവരങ്ങളും മറ്റും മനസ്സിലാക്കി. തങ്ങളുടെ വിശ്വാ സ്യത ബോധ്യപ്പെടുത്തുന്നതിന് അവർ ഒരു മോതിരം അവിമാരകന് കൊടുത്തു. രാത്രി തന്നെ കാത്തിരിക്കാൻ അവരോട് പറഞ്ഞ് അദ്ദേഹം അവരെ യാത്രയാക്കി. വിദൂഷകൻ പതിവുപോലെ സന്ധ്യയ്ക്ക് വസതിയിൽ വന്നു. അദ്ദേഹം അങ്ങാടിയിൽനിന്നുതന്നെ ധാത്രിയുടെയും ചേടിയുടെയും അവിമാരകഗൃഹസന്ദർശനത്തെപ്പറ്റി അറിഞ്ഞിരുന്നു. അവിമാരകൻ വിവരമെല്ലാം വിദൂഷകനോട് പറയുകയും അന്നത്തെ രാത്രിയിലെ കന്യാപുരസന്ദർശനത്തിന് അദ്ദേഹത്തിന്റെ സമ്മതം വാങ്ങുകയും ചെയ്തു. അപകടകരമായ ഈ ദൗത്യത്തിന് ഒറ്റയ്ക്ക് പോകരുതെന്നു വിദൂഷകൻ സുഹൃത്തിനെ നിർബന്ധിച്ചുവെങ്കിലും അവസാനം പോകാനനുവദിച്ചു. അവർ രണ്ടുപേരും നഗരത്തിൽ ഒരു സ്നേഹിതന്റെ വീട്ടിൽ അർധരാത്രി വരെ താമസിക്കാമെന്നും നിർദേശിച്ചു. അവിമാരകൻ സമ്മതിച്ചു. ആഹാരത്തിനുശേഷം താൻ രാജാവിന്റെ അനുമതിയോടെ ഉറക്കറയിൽ കടക്കുകയും രഹസ്യമായി അവിടെനിന്ന് നഗരത്തിലെ ഉദ്ദേശിച്ച വീട്ടിൽ എത്തുകയും ചെയ്യാമെന്ന് നിശ്ചയിച്ചു. അത് അസ്തമയമാകയാലും രാത്രിസ്നാനത്തിനുള്ള സമയമാകയാലും അവിമാരകനെ ചേടി വിളിച്ചുണർത്തി. ലോകം മുഴുവനും ഇരുട്ടു മൂടിയതുപോലെ കാണപ്പെട്ടു. ലോകമാകെ മാറിയതുപോലെ അദ്ദേഹത്തിനു തോന്നി. കുരംഗിയുടെ ധാത്രിയും നളിനികയും അവിമാരകനെ സന്ദർശിച്ച അതേ വൈകുന്നേരം അവളുടെ രണ്ടു ചേടിമാരായ വിലാസിനിയും മാഗധികയും രംഗത്തു വരികയും സംഭാഷണത്തിലൂടെ കുരംഗി അസുഖം മൂലം കിടപ്പിലാണെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു. അവർ പ്രാസാദത്തിലേക്ക് പോവുകയും അവിടെ അവൾക്ക് ഒരു ശയ്യ തയ്യാറാക്കുകയും ചെയ്തു. പക്ഷേ അവൾ



അങ്ങോട്ടു പോകാതെ ഒരു ശിലാതളിമത്തിൽ കിടന്ന് അവരുടെ സംഭാ ഷണം ശ്രദ്ധിക്കുകയാണുണ്ടായത്. കാശിരാജന്റെ ദൂതൻ അവളുടെ വിവാഹാലോചനയുമായി വന്നുവെങ്കിലും അയാളെ ഭൂതികനോ ടൊപ്പം പറഞ്ഞയയ്ക്കുകയും ചെറുപ്പമായതുകൊണ്ട് വിവാഹത്തി ന്നായിട്ടില്ലെന്നും അവളെ പിരിഞ്ഞിരിക്കാൻ അമ്മയ്ക്ക് പ്രയാസ മാണെന്നുമുള്ളത് അറിയിക്കാൻ ഏർപ്പാടാക്കുകയും ചെയ്തതാ യാണ് അറിഞ്ഞത്. ഇത് കുരംഗിക്ക് ഒരു സന്തോഷവാർത്തയാണ്. അനന്തരം നളിനിക വന്ന് അവിമാരകനെ സന്ദർശിച്ചതും അദ്ദേഹം കുലീനനാണെന്നും അദ്ദേഹം അന്നു രാത്രി അവിടെ വരുമെന്നുമുള്ള വിവരം സ്വകാര്യമായി അവളെ ധരിപ്പിക്കുകയും ചെയ്തു. ഇത് രാജകുമാരിയെ തൃപ്തിപ്പെടുത്തുകയും അവൾ അകത്തു പ്രവേശി ക്കുകയും നളിനിക അവരെ ശുശ്രൂഷിക്കാൻ അകത്തേക്കു പോവുക യും ചെയ്തു. അവിമാരകൻ കള്ളന്റെ വേഷത്തിൽ ഒരു കൈയിൽ വാളും മറുകൈയിൽ കയറുമായി രംഗത്തു വരികയും ദീർഘമായ ഒരു സ്വഗതാഖ്യാനത്തിലൂടെ നഗരത്തിലെ രാത്രിയെ വർണിക്കുകയും ചെയ്യുന്നു. വഴിയിൽ നഗരരക്ഷകരെ കാണുന്നു. അല്പം സംഗീതം കേൾക്കുന്നു. ചന്തസ്ഥലത്ത് ഒരു പ്രകാശം നേരിടുന്നു. ഒരു കള്ളനെ കാണുന്നു. ഒരു ദ്യൂതശാലയിൽ കുറച്ചുനേരം തങ്ങുന്നു. അവസാനം രാജകൊട്ടാരത്തിന്റെ മുന്നിലെത്തുന്നു. കൊട്ടാരഭിത്തികളുടെ പലേടങ്ങളിലും കപിശിരസ്സുകൾ കാണുന്നു. കയറെറിഞ്ഞ് ഒരു കപിശിരസ്സിൽ കുടുക്കി ആ കയറിന്റെ സഹായത്തോടുകൂടി കൊട്ടാരഭിത്തിയുടെ മേൽഭാഗം വരെ കയറുന്നു. അതേ കയറിൽ പിടിച്ച് ഇറങ്ങുകയും കയർ ആനത്തൊഴുത്തിൽ വലിച്ചെറിയുകയും ചെയ്തു. അല്പദൂരം നടന്നതിനുശേഷം അദ്ദേഹം മന്ദാകിനി, ദാരുപർവതം, ഉപസ്ഥാനഗൃഹം എന്നിവ പിന്നിട്ട് കന്യാപുരപ്രാസാദത്തിലെത്തുന്നു. അദ്ദേഹം അവിടെ ധാരാളം മരപ്പണികൾ കാണുകയും നിലത്തിനരികെത്തന്നെ ജനലുകൾ കണ്ട് അതിൽ കയറുകയും ചെയ്തു. ധാത്രിയും നളിനികയും പരാമർശിച്ച യന്ത്രവാതിൽ യന്ത്രത്താക്കോൽകൊണ്ടു തുറന്ന് അവിമാരകൻ കന്യാപുരപ്രാസാദത്തിൽ കടന്നു. അനന്തരം കള്ളന്റെ വസ്ത്രങ്ങൾ വലിച്ചെറിഞ്ഞ് പതിവുവസ്ത്രങ്ങളണിഞ്ഞു. പിന്നീട് അദ്ദേഹം തന്നെ കാത്തിരിക്കുന്ന നളിനികയുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു. രാജകുമാരി അർധ നിദ്രയിലായിരുന്നു. നളിനിക അവളെ ഉണർത്താൻ നോക്കി. അവിമാരകൻ അതിൽനിന്ന് അവളെ വിലക്കി. കുരംഗി അതേ അർധനിദ്രാവസ്ഥയിൽ നളിനികയോട് തന്നെ ആലിംഗനം ചെയ്യാൻ

പറഞ്ഞു. നളിനിക തനിക്കുപകരം രാജകുമാരിയെ ആലിംഗനം ചെയ്യാൻ അവിമാരകനോട് അപേക്ഷിക്കുകയും താൻ അവളുടെ ശരീരം തലോടുകയും ചെയ്തു. രാജകുമാരി അവിമാരകനെ ആശ്ലേഷിച്ചുകൊണ്ടിരിക്കുമ്പോൾ നളിനിക തടവുന്നതായാണ് കണ്ടത്. കണ്ണു തുറന്നപ്പോൾ നളിനിക അവളുടെ കാതിൽ കാര്യം പറഞ്ഞു. കുരംഗിക്ക് ലജ്ജയായി. തന്റെ വിശുദ്ധി നഷ്ടപ്പെട്ടോ എന്ന് അവൾക്ക് സംശയമായി. പക്ഷേ അവിമാരകൻ അവളെ ആശ്വസിപ്പിച്ചു. ധാത്രി അവിടേക്കു വരികയും അകത്ത് ശയ്യകൾ തയ്യാറായിട്ടുണ്ടെന്ന വിവരമറിയിക്കുകയും ചെയ്തു. നളിനിക അവിമാരകനെയും കുരംഗിയെയും അകത്തേക്ക് നയിച്ചു.

നാലാമങ്കപ്രവേശകത്തിൽനിന്ന് അവിമാരകൻ കന്യകാഭവനത്തിൽ ഒരു വർഷം ചെലവഴിച്ചതായി നാമറിയുന്നു. പക്ഷേ പിന്നീട് എല്ലാം കണ്ടുപിടിക്കപ്പെട്ടു. കന്യാപുരപ്രാസാദത്തിൽ ഒരു യുവാവ് താമസിക്കുന്നതായി രാജാവ് അറിയുകയും രക്ഷകരെ താക്കീത് ചെയ്യുകയും അന്യരെ അവിടെ കടത്തുന്നത് വിലക്കുകയും ചെയ്തു. അവിടെ തുടർന്നു പാർക്കുന്നത് അപകടകരമാണെന്ന് ബോധ്യമായ അവിമാരകൻ രക്ഷപ്പെടുന്നതാണ് നല്ലതെന്നു നിശ്ചയിച്ചു. പെട്ടെന്നുള്ള ഈ സംഭവവികാസത്തിൽ കുരംഗി അങ്ങേയറ്റം അസ്വസ്ഥയായി. ഭയവും ലജ്ജയും ഒരു വശത്തും വിരഹദുഃഖം മറുവശത്തുമായി നിസ്സഹായയായ ഒരു ലതയെപ്പോലെ അവൾ വിറ കൊണ്ടു. ഒരേയൊരു ആശ്വാസഘടകം കൊട്ടാരത്തിൽ അവിമാരകൻ സുരക്ഷിതനായിരുന്നു എന്നതാണ്. കുരംഗിയുടെ അവസ്ഥയോർത്ത് വ്യസനിക്കുന്ന അവിമാരകൻ പ്രവേശിക്കുന്നതോടെ നാലാമങ്കത്തിന്റെ മുഖ്യരംഗം തുടങ്ങുന്നു. ലോകം മുഴുവൻ ചുട്ടുപൊള്ളിക്കുന്ന സൂര്യന്റെ അതിയായ ചൂട് സഹിക്കാനാവാതെ വിഷമിക്കുകയായിരുന്നു അദ്ദേഹം. ക്ഷീണവും ചൂടും അനാഹാരവും കൊണ്ട് ഒരടി മുമ്പോട്ടു വെക്കാനാവാത്ത നിലയിലായി അദ്ദേഹം. ആത്മഹത്യചെയ്യാനുള്ള ആഗ്രഹം അദ്ദേഹത്തിൽ കലശലായി. മതപരമായ വിലക്കുള്ളതിനാൽ വെള്ളത്തിൽ മുങ്ങിച്ചാവേണ്ടതില്ലെന്നു നിശ്ചയിച്ചു. അടുത്തു കണ്ട ഒരു ദാവാഗ്നിയിൽ ചാടിയെങ്കിലും അഗ്നിഅദ്ദേഹത്തെ ദഹിപ്പിച്ചില്ല. മറിച്ച് അഗ്നി അദ്ദേഹത്തിന് മലയ മാരുതനെപ്പോലെ തണുപ്പുള്ളതായി അനുഭവപ്പെടുകയും അച്ഛൻ മകനെ യെന്നപോലെ അദ്ദേഹത്തെ ആശ്ലേഷിക്കുകയും ചെയ്തു. അവിമാരകൻ അഗ്നിപുത്രനാണല്ലോ. പിന്നീട് അദ്ദേഹം വലിയൊരു കുന്നിന്റെ മുകളിൽ കയറി താഴേക്കു ചാടാൻ തീരുമാനിച്ചു. അതിനു മുൻപായി സ്നാനം നടത്താനും



ധ്യാനം ചെയ്യാനും അതുപോലുള്ള സന്ദർഭോചിതമായ കർമങ്ങൾ അനുഷ്ഠിക്കാനും അദ്ദേഹം തുനിഞ്ഞു. മലയപർവതത്തിലേക്കു പോകുന്ന ഒരു വിദ്യാധരനും പ്രിയ തമയും ആ വഴിക്കെത്തുന്നു. മേഘനാദൻ, സൗദാമിനി എന്നായിരു ന്നു അവരുടെ പേരുകൾ. അവർ മാനസതടാകത്തിൽനിന്നു വരികയായിരുന്നു. വഴിക്ക് അവിടെയിറങ്ങി വിശ്രമിക്കാമെന്നു വിചാരിച്ചതാണ്. അവർ അവിമാരകൻ അവിടെ ധ്യാനിക്കുന്നതും പിന്നീട് ആത്മഹത്യയ്ക്ക് ശ്രമിക്കുന്നതും കണ്ടു. അവർ അന്യോന്യം പരിചയപ്പെട്ടു. അവിമാരകൻ മുഴുവൻ തുറന്നു പറയുന്നില്ലെന്നു കണ്ട് മേഘനാദൻ ദിവ്യദൃഷ്ടിയിലൂടെ അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരെയടക്കം എല്ലാം മനസ്സിലാക്കി. അനന്തരം അവർതമ്മിൽ ഉറ്റ സുഹൃത്തുക്കളായി. വിദ്യാധരൻ അവിമാരകനെ സഹായിക്കാമെന്നേറ്റു. ഒരു മാന്ത്രികമോതിരം അദ്ദേത്തിന് കൊടുത്തു. അത് വലതുകൈയിൽ ധരിക്കുന്നവനും അവനെ തൊടുന്നവനും മറ്റുള്ളവർക്ക് അദൃശ്യരായിത്തീരും. ഇടതുകൈവിരലിലിട്ടാൽ പൂർവസ്ഥിതി പ്രാപിക്കും. അവിമാരകൻ അതിന്റെ ഫലപ്രദത്വം നേരിട്ട് പരിശോധിച്ച് തൃപ്തനായി. വിചാരിച്ച മാത്രയിൽ താൻ വന്ന് സഹായിക്കാമെന്നേറ്റ് വിദ്യാധരദമ്പതിമാർ യാത്ര പറഞ്ഞ് പിരിഞ്ഞു. അവിമാരകൻ വൈരന്ത്യത്തിലേക്ക് യാത്ര പുറപ്പെട്ടു. ക്ഷീണം ബാധിച്ചതുകൊണ്ട് അദ്ദേഹം ഒരു ശിലാസനത്തിൽ വിശ്രമിച്ചു. അടുത്തൊരു മരത്തണലിൽ വിദൂഷകൻ ഉറങ്ങുകയാണ്. അവിമാരകനെ അന്വേഷിച്ചുനടക്കുകയായിരുന്നു അയാൾ. ഇരുവരും അന്യോന്യം കണ്ട് അങ്ങേയറ്റം സന്തോഷിച്ചു. അവിമാരകൻ സ്നേഹിതനോട് വിദ്യാധരനെ കണ്ടതും മാന്ത്രികമോതിരം കിട്ടിയതുമെല്ലാം വിവരിച്ചു. ഒട്ടും സമയം നഷ്ടപ്പെടുത്താതെ അവർ കന്യാപുരത്തിലേക്കു പോകാനും കുരംഗിയുമായി സമാഗമിക്കാനും നിശ്ചയിച്ചു.

അവിമാരകനുമായി പിരിഞ്ഞതിനുശേഷം കുരംഗി വളരെ ദുഃഖിക്കുകയും അവളുടെ തോഴിമാർ അവളെ ആശ്വസിപ്പിക്കുന്നതിനു വേണ്ടി വളരെ യത്നിക്കുകയും ചെയ്തു. അവിമാരകൻ കന്യാപുരത്തേക്കു പുറപ്പെട്ട ദിവസം കുരംഗി വീണ്ടും നിരാശയാവുകയും ഒരാശ്വാസത്തിനുവേണ്ടി നളിനികയോടൊപ്പം പ്രാസാദത്തിനു മുകളിലേക്കു പോവുകയും ചെയ്തു. ഇടിയും മിന്നലും അവളെ അവിമാരകന്റെ സാന്നിധ്യം വേണമെന്നു കൂടുതൽ ബോധ്യപ്പെടു ത്തി. അവൾ ആകാശത്തെത്തന്നെ നോക്കിയിരുന്നു. അപ്പോൾ അവിമാരകനും വിദൂഷകനും അവിടത്തേക്കു വന്നു. നളിനികയോടൊ പ്പം കുരംഗി ഇരിക്കുന്നതു കണ്ടു. അവൾ

ചന്ദനച്ചാറും മറ്റും ശരീര ത്തിൽ പുരട്ടി; ആഭരണങ്ങളെല്ലാമെടുത്തണിഞ്ഞു. അവർ രണ്ടുപേരും മറ്റു ഇരുവർക്കും അദൃശ്യരായിരുന്നു. കുരംഗിക്ക് സമാധാനമേ കിട്ടിയില്ല. ജീവൻ വെടിഞ്ഞാലോ എന്നായി അവളുടെ ചിന്ത. അവൾ നളിനികയെ കുളിക്കുവേണ്ട ഒരുക്കങ്ങൾ ചെയ്യാനയച്ചു. മറ്റൊരു ചേടി വന്നിട്ടേ നളിനിക പോയുള്ളൂ. കുരംഗി അവളെയും മറ്റൊരു ദൗത്യ ത്തിന് അയച്ചു. അവളുടെ നിറകണ്ണുകളിൽനിന്നും ചുടുനെടുവീർപ്പു കളിൽനിന്നും മറ്റും അവളുടെ ഉദ്ദേശ്യത്തിൽ എന്തോ പന്തികേടു ണ്ടെന്ന് അവിമാരകനു തോന്നി. തന്റെ ഉത്തരീയം കഴുത്തിൽ മുറുക്കി ആത്മഹത്യ ചെയ്യാനാണവൾ ഒരുങ്ങുന്നതെങ്കിലും ഭയങ്കരമായ ഇടി യും മിന്നലും അവളെ തളർത്തി. അവൾ സഹായത്തിനുവേണ്ടി നിലവിളിച്ചു. അവിമാരകൻ ഉടനെ മോതിരം ഇടതുവിരലിലിട്ട്, അവൾ ക്ക് ദൃശ്യനായി, അവളെ ആശ്ലേഷിച്ച് ആശ്വസിപ്പിച്ചു. പെട്ടെന്ന് അവൾ തികച്ചും നവീകരിക്കപ്പെട്ടതുപോലെയായി. അപ്പോഴേക്കും നളിനിക അവിടെ എത്തുകയും വാതിൽ അകത്തുനിന്ന് കുറ്റിയിട്ടതായി കാണുകയും ചെയ്തു. അവിമാരകൻ വിദൂഷകനോട് വാതിൽ തുറക്കാൻ പറഞ്ഞു. വിദൂഷകനും ചേടിയും തമ്മിൽ ചില നർമസംഭാഷണങ്ങൾ നടന്നു. അവസാനം അവരെ രണ്ടുപേരെയും അവിമാരകൻ ദൂരേക്കു പറഞ്ഞയച്ചു. അവിടെ കാമിനീകാമുകന്മാർ മാത്രമായി. അവിമാരകൻ മഴമേഘങ്ങളുടെ സൗന്ദര്യത്തെ വാഴ്ത്തി. ശരിക്കും മഴ കൂടാൻ തുടങ്ങിയപ്പോൾ ഇരുവരും അകത്തേക്കു പോയി രതിലീലകളിൽ ഏർപ്പെട്ടു.

ആറാമങ്കത്തിന്റെ പ്രവേശകത്തിൽ നിന്ന് കുന്തിഭോജൻ കുരംഗിയെ തന്റെ അളിയനും രാജ്ഞിയുടെ സഹോദരനുമായ സൗവീരരാജന്റെ മകൻ വിഷ്ണുസേനന് വിവാഹം ചെയ്തു കൊടുക്കാൻ നിശ്ചയിക്കുന്നതായി നാമറിയുന്നു. പക്ഷേ ഒരു കൊല്ലമായി സൗവീരരാജന്റെ വിവരമൊന്നുമില്ല. കാശിരാജനാകട്ടെ മകനുവേണ്ടി കുരംഗിയെ ആഗ്രഹിക്കുന്നതായി ദൂതനെ പറഞ്ഞ യയ്ക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് കുന്തിഭോജൻ അവസാനം കാശിരാജാവിന്റെ മകന് കുരംഗിയെ വിവാഹം കഴിച്ചു കൊടുക്കാൻ ഏർപ്പാട് ചെയ്തു. അപ്പോഴേക്കും കുന്തിഭോജന്റെ തലസ്ഥാനത്ത് വിവാഹസംഘം എത്തിയിരുന്നു. ഒരു യജ്ഞത്തിൽ ഏർപ്പെട്ട കാശിരാജനെ പ്രതീക്ഷിക്കുകയാണ് എല്ലാവരും. അവരുടെ ആഗമനദിവസം കുന്തിഭോജൻ സൗവീരരാജന്റെ അമാത്യന്മാരിൽ നിന്നു മനസ്സിലാക്കുകയാണ്, അവരുടെ യജമാനൻ കുടുംബത്തോടു



കൂടി അവിടെ (വൈരന്ത്യത്തിൽ) ഒരു കൊല്ലമായി രഹസ്യമായി താമസിക്കുകയാണെന്ന്. രഹസ്യവിഭാഗത്തിന്റെ സേവനത്തോടെ കുന്തിഭാജൻ അവസാനം സൗവീരരാജനെ കണ്ടുപിടിക്കുന്നു. മുഖ്യരംഗം തുടങ്ങുന്നതുതന്നെ കുന്തിഭോജനും സൗവീരരാജനും ഭൂതികനും ഒന്നിച്ചിരിക്കുന്നതായിട്ടാണ്. ഇരുരാജാക്കന്മാരും പരസ്പരം ആലിംഗനം ചെയ്യുന്നു. പക്ഷേ, സൗവീരരാജന്റെ കണ്ണീർ തുളുമ്പുന്ന മുഖത്തു നിഴലിക്കുന്ന വിഷാദം കണ്ട് കുന്തിഭോജൻ ചോദിക്കുന്നു, എന്താണതിന്റെ കാരണമെന്ന്. മകനെ കാണാത്തതിനാലാണ് വിഷാദമെന്ന് മറുപടി. അദ്ദേഹത്തിന്റെ ശ്രദ്ധ മാറ്റുന്നതിന് ഭൂതികൻ രാജാവിന്റെ വിപ്രവാസത്തിന്റെ വിശദവിവരങ്ങൾ ചോദിക്കുന്നു. ചണ്ഡഭാർഗവൻ എന്ന മഹർഷി തന്നിൽ ചൊരിഞ്ഞ ശാപത്തിന്റെ വിശദാംശങ്ങൾ സൗവീരരാജൻ വിസ്തരിക്കുന്നു. അദ്ദേഹം ഒരു വർഷം ചണ്ഡാലനായി ജീവിക്കണമെന്നായിരുന്നു ശാപം. അന്നേക്ക് അതിന്റെ അവധി തീരുകയാണ്. വിഷ്ണുസേനന് അവിമാരകനെന്ന പേരുണ്ടാവാനിടയായ സാഹചര്യമാണ് പിന്നെ വിവരിക്കുന്നത്. നന്നെ ചെറുപ്പത്തിൽ അവൻ ധൂമകേതു എന്ന രാക്ഷസനെ കൊന്നു. കുന്തിഭോജന് തന്റെ രഹസ്യവിഭാഗത്തിന്റെ സേവനം കൊണ്ടൊന്നും അവിമാരകനെവിടെയുണ്ടെന്നു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഭൂതികൻ പ്രതീക്ഷിക്കുന്നത്, അവിമാരകൻ മായകൊണ്ട് എവിടെ യെങ്കിലും മറഞ്ഞിരിക്കുന്നുവെന്നാണ്. അപ്പോൾ കാര്യങ്ങളെല്ലാം ശരിപ്പെടുത്താൻ നാരദൻ അവിടേക്ക് എഴുന്നള്ളുന്നു. എല്ലാവരും അദ്ദേ ഹത്തെ ബഹുമാനിക്കുന്നു. കാശിരാജാവിന്റെ മകനായ ജയവർമ യുടെ അമ്മ സുദർശനയെ നാരദൻ വിളിക്കുന്നു. അവിമാരകൻ അവി ടെത്തന്നെ അവരുടെകൂടെ രഹസ്യമായി താമസിക്കുന്നുണ്ടെന്നും അദ്ദേഹം കുന്തിഭോജന്റെ മകൾ കുരംഗിയെ വിവാഹം ചെയ്തുകഴി ഞ്ഞിരിക്കുന്നുവെന്നും നാരദൻ അറിയിക്കുന്നു. ഗാന്ധർവവിവാഹ മായിരുന്നു അവരുടേത്. ഇനി കുന്തിഭോജന്റെയും മറ്റുള്ളവരുടെയും സന്തോഷത്തിനും സന്തൃപ്തിക്കും വേണ്ടി അഗ്നിസാക്ഷികമായി ആർഭാടത്തോടെ ആ വിവാഹം നടത്തുന്നതാണ്. അപ്പോൾ കുന്തി ഭോജൻ സുദർശനയുടെ മകൻ ജയവർമയ്ക്ക് തന്റെ മകൾ കുരംഗി യെ വിവാഹം ചെയ്തുകൊടുക്കാമെന്നു നിശ്ചയിച്ചിരുന്ന വിവരം അറിയിക്കുന്നു. അതുകേട്ട് നാരദൻ സുദർശനയെ അരികിൽ വിളിച്ച് അവിമാരകന്റെ ദിവ്യജനനത്തെപ്പറ്റി – അവൾക്കുതന്നെ അഗ്നിയിലുണ്ടായ മകനാണ് അവനെന്ന രഹസ്യം – വെളിപ്പെ ടുത്തിക്കൊടുക്കുന്നു. സുദർശന തന്റെ അനുജത്തിയും കുഞ്ഞ് മരിച്ചുപോയവളുമായ സുചേതനയ്ക്ക്

അവനെ മാറ്റിക്കൊടു ക്കുകയായിരുന്നു. തുടർന്ന് സുദർശനയോട് ശാപത്തിന്റെ കഥയും മദഗജസംഭവവും അവിമാരക–കുരംഗീപ്രണയവും രാജധാനിയിൽ വെച്ചുതന്നെയുള്ള അവരുടെ രഹസ്യസമാഗമവുമെല്ലാം വിസ്ത രിക്കുന്നു. കുന്തിഭോജനെയും സുദർശനയെയും രക്ഷപ്പെടുത്താൻ ഇനി ഒരു പോംവഴിയേ ഉള്ളൂ – ഏതായാലും കുരംഗിയും അവിമാ രകനും തമ്മിലുള്ള വിവാഹം കഴിഞ്ഞു. കുരംഗിയെ അപേക്ഷിച്ച് ജയവർമയ്ക്ക് പ്രായം വളരെ കൂടുതലുമാണ്. അതിനാൽ കുരംഗിയുടെ അനുജത്തി സുമിത്രയെ ജയവർമയ്ക്ക് വിവാഹം കഴിച്ചുകൊടുക്കാം. അനന്തരം വിവാഹ വേഷത്തിൽ അവിമാരകനും കുരംഗിയും ഭൂതികനോടൊപ്പം രംഗത്തു വരുന്നു. തന്റെ സ്വഭാവത്തിൽ അവിമാരകൻ ലജ്ജ നടിക്കുന്നു. ഈ കാഴ്ച്ചയിൽ എല്ലാവരും സന്തോഷിക്കുകയും ഉചിതമായ നിലയിൽ വധൂവരന്മാരെ അനുഗ്രഹിക്കുകയും ചെയ്യുന്നു. ഗോബ്രാഹ്മണരുടെയും പ്രജകളുടെയും സന്തോഷത്തിനുവേണ്ടിയുള്ള പ്രാർഥനയോടെ, രാജാവ് സർവലോകത്തെയും രക്ഷിക്കട്ടെ എന്ന ആശീർവാദ ത്തോടെ, *അവിമാരക*മെന്ന നാടകം അവസാനിക്കുന്നു.

അടുത്ത ആറ് അധ്യായങ്ങളിലായി യഥാക്രമം വർണവിന്യാസവക്രത, പദപൂർവാർധവക്രത, പ്രത്യയാശ്രയവക്രത, പ്രകരണവക്രത, പ്രബന്ധവക്രത എന്നീ ആറുതരം വക്രതകളുടെ അടിസ്ഥാനത്തിൽ ഭാസനാടകങ്ങളെ നിരൂപണം ചെയ്യാം.

★



# 4. വർണവിന്യാസവക്രത

വർണങ്ങളുടെ പ്രത്യേകരീതിയിലുള്ള വിന്യാസം കൊണ്ടുളവാകുന്ന ശബ്ദശോഭാതിശയമാണ് വർണവിന്യാസവക്രത. ഇത് അനുപ്രാസം, യമകം തൊട്ടുള്ള ശബ്ദാലങ്കാരങ്ങൾ തന്നെ.

ദ്രഷ്ടും പ്രവേഷ്ടുമിഹ തേദ്യ മയാഭിജുഷ്ടം
(*ബാലചരിതം*, 2. 7)

എന്നും

സജലജലദഗാത്രഃ പത്മപത്രായതാക്ഷോ
മൃഗപതിഗതിലീലോ രാക്ഷസഃ പ്രോഗ്രദംഷ്ട്രഃ
ജഗതി വിഗതശങ്കസ്തദ്വിധാനാം സമക്ഷം
സസുതപരിജനം ഭോ! ഹന്തുകാമോഭ്യുപൈതി.
(*മധ്യമവ്യായോഗം*, 32)

എന്നും

കുണ്ഡോദരോഹമജിതോ രണചണ്ഡകർമാ
ദേവ്യാഃ പ്രസൂതിജനിതോഗ്രമഹാനിനാദഃ
ശീഘ്രം പ്രയാമി ഗഗനാദവനീം വിശാലാം
ദൃപ്താൻ ജിഘാംസുരസുരാനതിവീര്യദർപ്പാൻ.
(*ബാലചരിതം*, 2. 21)

എന്നുമുള്ള അനുപ്രാസമനോഹരങ്ങളായ ഭാഗങ്ങൾ ഭാസനാടകങ്ങളിൽ ഒട്ടും കുറവല്ല.

നാരായണായ നരലോകപരായണായ
ലോകാനനായ കമലാമലലോചനായ
രാമായ രാവണവിരോചനപാതനായ
വീരായ വീര്യനിലയായ നമോ വരായ. (*ബാലചരിതം*, 1. 8)

എന്ന നാരദന്റെ വിഷ്ണുസ്തുതി പോലുള്ള സന്ദർഭങ്ങൾ അക്കൂട്ടത്തിൽ മുന്നിട്ടുനിൽക്കുന്നു.

യോ ഗാധിപുത്രമഖവിഘ്നകരാഭിഹന്താ
യുദ്ധേ വിരാധഖരദൂഷണവീര്യഹന്താ
ദർപ്പോദ്യതോൽബണകബന്ധകപീന്ദ്രഹന്താ
പായാത് സ വോ നിശിചരേന്ദ്രകുലാഭിഹന്താ.

(*അഭിഷേകം*, 1. 1. വിശ്വാമിത്രന്റെ യാഗത്തിനു തടസ്സമുണ്ടാക്കുന്നവരെ നശിപ്പിച്ചവനും യുദ്ധത്തിൽ വിരാധൻ, ഖരൻ, ദൂഷണൻ എന്നിവരുടെ വീര്യം ശമിപ്പിച്ചവനും അഹങ്കാരം കൊണ്ട് ഭയങ്കരന്മാരായ കബന്ധനെയും ബാലിയെയും കൊന്നവനും രാക്ഷസരാജ

വംശത്തെ മുടിച്ചവനുമായ ശ്രീരാമൻ നിങ്ങളെ രക്ഷിക്കട്ടെ) ഇവിടെ ഹന്താ, അഭിഹന്താ എന്ന പദങ്ങൾ നാലു വരിയിലും ആവർത്തിച്ചിട്ടുണ്ടെങ്കിലും അർഥഭേദമില്ല. അതുകൊണ്ട് യമകമാണെന്നു പറയാനാവില്ല.

ബാലിസുഗ്രീവയുദ്ധത്തിനു മുൻപ് സുഗ്രീവൻ രാമനോട് പറയുന്ന,

സംപ്രാപ്താ ഹരിവരബാഹുസംപ്രഗുപ്താ
കിഷ്കിന്ധാ തവ നൃപ! ബാഹുസംപ്രഗുപ്താ

(*അഭിഷേകം*, 1. 7) എന്ന വരികളുടെയും കഥ ഏതാണ്ടിതു തന്നെ. വാനരരാജാവായ ബാലി നന്നായി സംരക്ഷിച്ച കിഷ്കിന്ധ, രാജാവേ! അങ്ങയുടെ കൈകളിൽ സുരക്ഷിതയായിരിക്കുന്നു എന്നർഥം. 'ബാഹുസംപ്രഗുപ്താ' എന്ന പദം രണ്ടുവരിയിലും ആവർത്തിച്ചിട്ടുണ്ടെങ്കിലും കാര്യമായ അർഥഭേദമില്ല. എന്നാൽ, മരണം കാത്തുകഴിയുന്ന പുത്രവിയോഗദുഃഖിതനായ ദശരഥന്റെ,

ശൂന്യഃ പ്രാപ്തോ യദി രഥോ ഭഗ്നോ മമ മനോരഥഃ
നൂനം ദശരഥം നേതും കാലേന പ്രേഷിതോ രഥഃ.

(*പ്രതിമ*, 2. 11. രഥം ആളൊഴിഞ്ഞാണ് വന്നതെങ്കിൽ എന്റെ മനോരഥം തകർന്നു. തീർച്ചയായും ദശരഥനെ കൊണ്ടുപോകാൻ കാലനാൽ അയയ്ക്കപ്പെട്ട രഥമാണത്.) എന്ന വാക്യത്തിന്റെ സ്ഥിതി വ്യത്യസ്തമാണ്. ഇവിടത്തെ രഥശബ്ദാവർത്തനം അർഥഭേദത്തോടുകൂടിയതാണ്. എന്നല്ല, ചമൽക്കാരകരം കൂടിയാണ്. ശോകഭാവാവിഷ്കരണത്തിന് യമകനിബന്ധനം വിരോധിയാണെന്ന ആലങ്കാരികവചനം ഇവിടെ പ്രസക്തമല്ലാതാവുന്നതായി കാണാം.

ഭരതൻ വനത്തിൽ ചെന്ന് രാമനോട്:

അപി സുഗുണ! മമാപി ത്വത്പ്രസൂതിഃ പ്രസൂതിഃ
സ ഖലു നിഭൃതധീമാംസ്തേ പിതാ മേ പിതാ ച
സുപുരുഷ! പുരുഷാണാം മാതൃദോഷോ ന ദോഷോ
വരദ! ഭരതമാർത്തം പശ്യ താവദ് യഥാവത്.

(*പ്രതിമ*, 4. 21. ഗുണവാനേ! അങ്ങയുടെ വംശം എന്റെയും വംശമാണ്; ബുദ്ധിമാനും ദൃഢമനസ്കനുമായ അങ്ങയുടെ ആ അച്ഛൻ എന്റെ അച്ഛനുമാണ്; മാന്യരേ! പുരുഷന്മാർക്ക് അമ്മയുടെ ദോഷം ദോഷമല്ല; അല്ലയോ വരദാ! ഏറെ ദുഃഖിതനായ ഭരതനെ നോക്കൂ.) ഇവിടത്തെ പ്രസൂതി–പിതൃ–പുരുഷ–ദോഷശബ്ദങ്ങളുടെ ആവർത്തനങ്ങളിൽ പ്രകടമായി അർഥഭേദമില്ലെങ്കിലും അർഥച്ഛായാഭേദമുണ്ടെന്നു മാത്രമല്ല, ആ ഭേദം ഭാവസ്പർശിയുമാണ്. മുകളിൽ വിവരിക്കാൻ പോകുന്ന അർഥാന്തരസംക്രമിതവാച്യധ്വനി



യെന്നോ രൂഢിവൈചിത്ര്യവക്രതാഭേദമെന്നോ പറയാവുന്ന ചില മനോഹാരിതകൾ തന്നെ ഇവിടെ ഉളവാക്കിയത് ഈ പദാവർത്തനമാകുന്നു. ഭരതൻ വനത്തിൽ വന്ന് തന്നെ വനവാസത്തിൽനിന്നു പിന്തിരിപ്പിക്കാനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ പാദുകങ്ങൾ ചോദിച്ച് വാങ്ങിയ സന്ദർഭത്തിൽ രാമന്റെ ചിന്ത:

സുചിരേണാപി കാലേന യശഃ കിഞ്ചിന്മയാർജിതം
അചിരേണൈവ കാലേന ഭരതേനാദ്യ സഞ്ചിതം.

(*പ്രതിമ*, 4. 26. ഏറെക്കാലം കൊണ്ട് ഞാൻ സമ്പാദിച്ച അപൂർവമായ യശസ്സ്, ചുരുങ്ങിയൊരു കാലം കൊണ്ട് ഇന്ന് ഭരതൻ നേടിയെടുത്തിരിക്കുന്നു.) ഒന്നാമത്തെയും മൂന്നാമത്തെയും വരിയുടെ ചെറിയൊരു ഭേദത്തോടുകൂടിയ ഇവിടത്തെ ആവർത്തനം അർഥ ഭേദസഹിതമെന്നു പറഞ്ഞുകൂടെങ്കിലും ഭാവതലത്തിൽ ശ്രദ്ധേയമായ അനുരണനങ്ങളുണ്ടാക്കാൻ പര്യാപ്തമത്രേ. ഭരതന്റെ സ്വഭാവ മഹത്ത്വം രാമനുപോലും അസൂയാർഹമാകുമാറ് ഉയർത്തുന്നതായി ത്തീർന്നു ഈ പദ്യമെങ്കിൽ ഈ പദാവർത്തനമാണതിനു മുഖ്യ കാരണം.

ശങ്കുകർണൻ ഹനൂമാനെപ്പറ്റി രാവണനോട് പറയുന്നു:

അസ്മദീയൈർമഹാവൃക്ഷൈരസ്മദീയാ മഹാബലാഃ
ക്ഷിപ്രമേവ ഹതാസ്തേന കിങ്കരാ ദ്രുമയോധിനാ.

(*അഭിഷേകം*, 3. 5. മരങ്ങൾ കൊണ്ട് യുദ്ധം ചെയ്യുന്ന അവൻ നമ്മുടെ മാമരങ്ങൾകൊണ്ട് നമ്മുടെ മഹാബലന്മാരായ കിങ്കരന്മാരെ വേഗംതന്നെ കൊന്നു.) ഈ ശ്ലോകത്തിൽ 'അസ്മദീയാ' എന്ന പദത്തിന്റെ ആവർത്തനം, അർഥഭേദമില്ലാതിരുന്നിട്ടും, അർഥവത്തായിത്തീരുന്നതു നോക്കുക. ഹനൂമാന്റെ ബലാധിക്യവും രാവണസേനയുടെ ലജ്ജാവഹമായ സ്ഥിതിയും വ്യംഗ്യം.

രാവണചിന്ത –

സീതേ! ത്യജത്വമരവിന്ദപലാശനേത്രേ!
ചിത്തം ഹി മാനുഷഗതം മമ ചിത്തനാഥേ!
ശസ്ത്രേണ മേദ്യ സമരേ വിനിപാത്യമാനം
പ്രേക്ഷസ്വ ലക്ഷ്മണയുതം തവ ചിത്തകാന്തം.

(*അഭിഷേകം*, 5. 7. സീതേ! താമരയിതൾപോലെ മനോഹരമായ കണ്ണുകളോടുകൂടിയവളേ! എന്റെ മനസ്സിന്റെ ഉടമസ്ഥേ! മനുഷ്യനിൽ അർപ്പിച്ച മനസ്സിനെ നീ ഉപേക്ഷിക്കുക. യുദ്ധത്തിൽ ഇന്ന് എന്റെ ആയുധം കൊണ്ട് ഞാൻ വീഴ്ത്തുന്ന ലക്ഷ്മണനോടു കൂടിയ നിന്റെ മനസ്സിന്റെ കാന്തനെ നീ കണ്ടാലും!) ഇവിടത്തെ ചിത്തത്തിന്റെ ആവർത്തനം അർഥഭേദമില്ലാതെയാണെങ്കിലും ചമൽക്കാരകമായി

ട്ടുണ്ട്. ശൃംഗാരത്തെ വീരംകൊണ്ട് കീഴടക്കുന്ന രാവണമനസ്സി ന്റെ ചിത്രം ഈ പദ്യം വരച്ചുവെക്കുന്നു. ഹനൂമാൻ ലങ്കയിൽ സർവത്ര തിരഞ്ഞിട്ടും സീതയെ കണ്ടില്ലെന്നു പറയുന്നു:

ചിത്രപ്രസ്രുതഹേമധാതുരുചിരാഃ ശൈലാശ്ച ദൃഷ്ടാ മയാ
നാനാവാരിചരാണ്ഡജൈർവിരചിതാ ദൃഷ്ടാ മയാ ദീർഘികാഃ
നിത്യം പുഷ്പഫലാഢ്യപാദപയുതാ ദേശാശ്ച ദൃഷ്ടാ മയാ
സർവം ദൃഷ്ടമിദം ഹി രാവണഗൃഹേ സീതാ ന ദൃഷ്ടാ മയാ.

(*അഭിഷേകം*, 2. 6. മനോഹരമായി പ്രസരിക്കുന്ന സുവർണങ്ങളും ധാതുക്കളും കൊണ്ട് ഹൃദ്യങ്ങളായ പർവതങ്ങളെ ഞാൻ കണ്ടു; പലതരം ജലചരങ്ങളും പക്ഷികളും നിറഞ്ഞ തടാകങ്ങളും ഞാൻ കണ്ടു; എപ്പോഴും പൂക്കളും കായ്കളും നിറഞ്ഞ മരങ്ങളോടുകൂടിയ സ്ഥലങ്ങൾ ഞാൻ കണ്ടു; ഇതെല്ലാം രാവണഭവനത്തിൽ കണ്ടു; സീതയെ മാത്രം ഞാൻ കണ്ടില്ല.) 'ദൃഷ്ടാ മയാ' എന്നതിന്റെ ആവർത്തനം, അർഥഭേദത്തോടെയല്ലെങ്കിലും, ഹനുമാന്റെ നൈരാശ്യ പരമ്പരയും അതിന്റെ അന്ത്യത്തിലെ അണപൊട്ടിയൊഴുകലും വ്യഞ്ജിപ്പിക്കുന്നു.

കാഞ്ചുകീയഃ–

തീർഥോദകാനി സമിധഃ കുസുമാനി ദർഭാൻ
സ്വൈരം വനാദുപനയന്തു തപോധനാനി
ധർമപ്രിയാ നൃപസുതാ ന ഹി ധർമപീഡാ–
മിച്ഛേത് തപസ്വിഷു കുലവ്രതമേതദസ്യാഃ.

(*സ്വപ്നവാസവദത്തം,* 1. 6. തീർഥജലം, ചമതകൾ, പൂക്കൾ, ദർഭകൾ – ഈ തപോധനങ്ങൾ കാട്ടിൽനിന്നു സ്വൈരമായി കൊണ്ടുവന്നുകൊള്ളട്ടെ. ധർമപ്രിയയായ രാജകുമാരി തപസ്വികളിൽ ധർമപീഡയെ ആഗ്രഹിക്കുന്നില്ല. ഇത് ഇവളുടെ കുലവ്രതമത്രേ.) ഉത്തരാർധത്തിലെ ധർമപദാവർത്തനം അർഥഭേദമില്ലെങ്കിലും ധർമത്തിലുള്ള രാജകുമാരിയുടെ ഊന്നൽ ശക്തിപ്പെടുത്താൻ പര്യാപ്തം.

കാഞ്ചുകീയഃ–

സുഖമർഥോ ഭവേദ്ദാതും സുഖം പ്രാണാഃ സുഖം തപഃ
സുഖമന്യദ് ഭവേത് സർവം ദുഃഖം ന്യാസസ്യ രക്ഷണം.

(*സ്വപ്നവാസവദത്തം,* 1. 10. ആർക്ക് എന്തു വേണമെങ്കിലും ചോദിക്കാം എന്ന രാജകുമാരി പത്മാവതിയുടെ തപോവന നിവാസികളോടുള്ള വിളംബരത്തിന് പ്രതികരണമായി, തന്റെ ഭഗിനിയായ കന്യകയെ ന്യാസമായി സൂക്ഷിക്കണമെന്ന പരിവ്രാജക വേഷധാരിയായ യൗഗന്ധരായണന്റെ അപേക്ഷ കേട്ടപ്പോൾ, അതി



ന്റെ ഗൗരവത്തെപ്പറ്റി കാഞ്ചുകീയൻ വിചാരിക്കുകയാണ്: ധനം നൽകുക എളുപ്പമാണ്, പ്രാണങ്ങളും തപസ്സും നൽകുന്നത് എളുപ്പം, മറ്റെല്ലാം നൽകുക എളുപ്പം; ന്യാസത്തിന്റെ രക്ഷണം ദുഃഖമത്രേ.) ഇവിടത്തെ സുഖപദാവർത്തനം അർഥഭേദമില്ലാതിരിക്കെത്തന്നെ വൈചിത്ര്യാവഹം. ന്യാസരക്ഷണത്തെ അപേക്ഷിച്ച് മറ്റെല്ലാം വളരെ എളുപ്പമാണെന്നും ന്യാസരക്ഷണം അത്രതന്നെ ബുദ്ധിമുട്ടുള്ള താണെന്നും വ്യംഗ്യം.

നാരദഃ– പ്രവിശതു കന്യാപുരം സുചേതനാ സുചേതനാ സുദർശനാ സുദർശനാ ച സഭാര്യേണ പുത്രേണ (*അവിമാരകം*, ആറാമങ്കം. വിജ്ഞയായ സുചേതനയും സുന്ദരിയായ സുചേതനയും മകനോടും ഭാര്യയോടും കൂടി കന്യാപുരത്തിലേക്ക് കടക്കട്ടെ) എന്നിടത്ത് അർഥഭേദത്തോടുകൂടി അക്ഷരക്കൂട്ടം ആവർത്തിച്ചുവരുന്ന യമകാലങ്കാരം തന്നെ കാണാം. ഇനി താൻ പറയാൻ പോകുന്ന വിഷമം പിടിച്ച കാര്യങ്ങൾ ഉൾക്കൊള്ളാൻ സുചേതനയ്ക്ക് കഴിയുമെന്ന് ആ വിശേഷണത്തിന്റെ ധ്വനി.

മറ്റുദാഹരണങ്ങൾ:

പാദഃ പായാദുപേന്ദ്രസ്യ സർവലോകോത്സവഃ സ വഃ
വ്യാവിദ്ധോ നമുചിര്യേന തനുതാമ്രനഖേന ഖേ.

(*ദൂതവാക്യം*, 1. നേർത്തതും ചെമ്പിന്റെ നിറമുള്ളതുമായ നഖം കൊണ്ട് ആകാശത്തിൽ വെച്ച് നമുചിയെ കുത്തിയെറിഞ്ഞ സകല ലോകത്തിനും ഉത്സവമായ വിഷ്ണുവിന്റെ കാൽ നിങ്ങളെ രക്ഷി ക്കട്ടെ.). ഭക്തി വ്യംഗ്യം. ഈ വ്യംഗ്യത്തിന് ഇവിടത്തെ യമകമാണ് കാരണമെന്ന് വ്യാഖ്യാനിക്കുന്നത് ശരിയാവില്ലെന്നു തോന്നുന്നു.

എന്നാൽ, ചിലേടത്ത് യമകം തന്നെയാവും വ്യംഗ്യകാരണം. ഉദാ:–

പ്രാപ്തഃ കിലാദ്യ വചനാദിഹ പാണ്ഡവാനാം
ദൗത്യേന ഭൃത്യ ഇവ കൃഷ്ണമതിഃ സ കൃഷ്ണഃ
ശ്രോതും സഖേ! ത്വമപി സജ്ജയ കർണ! കർണൗ
നാരീമൃദൂനി വചനാനി യുധിഷ്ഠിരസ്യ.

(*ദൂതവാക്യം,* 13. പാണ്ഡവന്മാരുടെ വാക്കനുസരിച്ച് ദൂത് പറയാൻ ഭൃത്യനെപ്പോലെ കറുത്ത ബുദ്ധിയോടുകൂടിയ കൃഷ്ണൻ ഇവിടെ എത്തിയിട്ടുണ്ടുപോലും. സഖേ കർണാ! യുധിഷ്ഠിരന്റെ സ്ത്രീകളുടേതുപോലെ മൃദുവായ വാക്കുകൾ കേൾക്കാൻ നീയും കാതുകളെ ഒരുക്കിനിർത്തിക്കൊള്ളുക.) ഇവിടെ യമകമാണ്, ദുര്യോധനന് കൃഷ്ണനോടുള്ള അവജ്ഞയും കർണനെക്കുറിച്ചുള്ള സൗഹൃദവും വിശ്വസ്തതയും വ്യഞ്ജിപ്പിക്കുന്നത്.

രാവണൻ തന്നെപ്പറ്റി പറയുന്ന പദ്യത്തിൽനിന്ന് –

ദിവ്യാസ്ത്രൈഃ സുരദൈത്യദാനവചമൂവിദ്രാവണം രാവണം

(*അഭിഷേകം*, 2. 10. ദിവ്യമായ ശരങ്ങൾ കൊണ്ട് ദേവന്മാർ, അസുരന്മാർ, രാക്ഷസന്മാർ എന്നിവരുടെ സൈന്യത്തെ കരയിച്ച് ഓടിക്കുന്നവൻ) എന്നിടത്ത് യമകത്തിലൂടെ വീരരസം ധ്വനിക്കുന്നു.

ബാഹുഭ്യാം പരിഗൃഹ്യ ഭീമവദനശ്ചിത്രാംഗദാം സ്വാം ഗദാം

(*ഊരുഭംഗം*, 23. ഭയങ്കരമായ മുഖത്തോടുകൂടി കൈകളിൽ ചിത്രാംഗദ എന്നു പേരുള്ള ഗദ പിടിച്ച്) എന്നും

ഗച്ഛാമി സ്മൃതമാത്രേണ വിഷ്ണുനാ പ്രഭവിഷ്ണുനാ

(*ബാലചരിതം*, 1. 26. പ്രഭവിഷ്ണുവായ – അധിപതിയായ – വിഷ്ണുവാൽ സ്മരിക്കപ്പെട്ടയുടനെ ഞാൻ – നന്ദകമെന്ന വാൾ – അദ്ദേഹത്തിന്റെ അടുത്തേക്കു പോകയാണ്) എന്നുമുള്ള വരികളിലെ യമകങ്ങൾ വീരരസവ്യഞ്ജകങ്ങളത്രേ.

വനവാസത്തിനിടയിൽ രാമൻ ദശരഥമൃത്യുവൃത്താന്തം കേട്ട് പിതൃസ്മരണയിൽ മുഴുകുന്നു:

ഗത്വാ പൂർവം സ്വസൈന്യൈരഭിസരിസമയേ ഖം
സമാനൈർവിമാനൈർ–
വിഖ്യാതോ യോ വിമർദേ സ സ ഇതി ബഹുശഃ
സാസുരാണാം സുരാണാം
സ ശ്രീമാംസ്ത്യക്തദേഹോ ദയിതമപി വിനാ
സ്നേഹവന്തം ഭവന്തം
സ്വർഗസ്ഥഃ സാമ്പ്രതം കിം രമയതി പിതൃഭിഃ
സ്വൈർനരേന്ദ്രൈർനരേന്ദ്രഃ.

(*പ്രതിമ,* 4. 17. മുൻപ് ദേവാസുരയുദ്ധകാലത്ത് തന്റെ സൈന്യത്തോടൊപ്പം സമാനമായ വിമാനങ്ങളോടുകൂടി സ്വർഗത്തിൽ പോയി, ശത്രുമർദനത്തിന് വിഖ്യാതനായി, ഐശ്വര്യസമ്പന്നനായ ആ രാജാവ് ശരീരം വെടിഞ്ഞ് ഏറ്റവും പ്രിയനും സ്നേഹവാനുമായ അങ്ങയെക്കൂടാതെ സ്വർഗത്തിലെത്തി ഇപ്പോൾ തന്റെ പിതൃക്കളായ രാജാക്കന്മാരോടൊപ്പം രമിക്കുന്നുണ്ടാവില്ലേ?) എന്നിടത്തെ പാദാന്ത്യയമകം സ്മൃതിദ്യോതകം.

സുഗ്രീവന്റെ യുദ്ധത്തിനുള്ള വെല്ലുവിളി സ്വീകരിച്ചുകൊണ്ട് ബാലി പുറപ്പെടുമ്പോൾ പറയുന്നു: യാവദഹം സുഗ്രീവം ഭഗ്നഗ്രീവം കരോമി (*അഭിഷേകം* ഒന്നാമങ്കം. സുഗ്രീവനെ, ശോഭനമായ കഴുത്തുള്ളവനെ, ഞാൻ ഭഗ്നഗ്രീവനാക്കാൻ, തകർന്ന കഴുത്തോടുകൂടിയവനാക്കാൻ, പോകയാണ്) എന്ന വരിയിലെ യമകവും



വീരരസം ധ്വനിപ്പിക്കുന്നതിനു സഹായകംതന്നെ.

രാവണന്റെ സീതയോടുള്ള പ്രണയാഭ്യർഥന –

വരതനു! തനുഗാത്രി! കാന്തനേത്രേ!
കുവലയദാമനിഭാം വിമുച്യ വേണീം
ബഹുവിധമണിരത്നഭൂഷിതാംഗം
ദശശിരസം മനസാ ഭജസ്വ ദേവി!

(*അഭിഷേകം*, 2. 17. ശ്രേഷ്ഠമായ ശരീരത്തോടുകൂടിയവളേ! നേരിയ ശരീരത്തോടുകൂടിയവളേ! മനോഹരമായ കണ്ണുകളോടുകൂടിയവളേ! ദേവീ! നീലത്താമരപ്പൂമാലയ്ക്കു തുല്യമായ തലമുടി വിടർത്തി, പലതരത്തിലുള്ള മനോഹരരത്നങ്ങളാൽ അലങ്കൃതമായ അവയവങ്ങളോടുകൂടിയ പത്തുതലയനെ മനസ്സുകൊണ്ട് ഭജിച്ചാലും) ദശശിരസ്സ് – രാവണൻ. തനു എന്ന പദത്തിന്റെ അർഥഭേദത്തോടുകൂടിയ ആവർത്തനം. യമകത്തിന് ആസ്പദമായ ഇവിടത്തെ അക്ഷരക്കൂട്ടം (തനുശബ്ദം) പ്രകൃതമായ ശൃംഗാരരസത്തിന് വിരുദ്ധമല്ലെന്നത് ശ്രദ്ധേയം.

ഇനി വർണാവിന്യാസവക്രതയുടെ മറ്റൊരു രൂപമായ ലാടാനുപ്രാസത്തിന് ഉദാഹരണം: അവിമാരകൻ കുരംഗിയെ സ്മരിക്കുന്നു – “അഹോ തസ്യാ രൂപസമ്പത്, രൂപാനുരൂപം യൗവനം, യൗവനസദൃശം സൗകുമാര്യം.” (*അവിമാരകം* രണ്ടാമങ്കം. ആശ്ചര്യം! അവളുടെ സൗന്ദര്യസമ്പത്ത്, സൗന്ദര്യത്തിനൊത്ത യൗവനം, യൗവനത്തിനൊത്ത സൗകുമാര്യം!) പദത്തെ കോർത്തിണക്കിയ ലാടാനുപ്രാസം, ശൃംഗാരരസാംഗമായ അത്ഭുതരസം ധ്വനിപ്പിക്കുന്നു.

സൂര്യ ഇവ ഗതോ രാമഃ സൂര്യം ദിവസ ഇവ ലക്ഷ്മണോനുഗതഃ
സൂര്യദിവസാവസാനേ ഛായേവ ന ദൃശ്യതേ സീതാ.

(*പ്രതിമ,* 2. 7. സൂര്യനെപ്പോലെ രാമൻ പോയി; സൂര്യനെ ദിവസമെന്നപോലെ ലക്ഷ്മണൻ അവനെ അനുഗമിച്ചു; സൂര്യന്റെയും ദിവസത്തിന്റെയും അവസാനത്തിൽ ഛായ എന്നപോലെ സീത കാണപ്പെടുന്നില്ല.) സൂര്യനെന്ന ഉപമാനത്തിന്റെ ലാടാനുപ്രാസച്ഛായയിലുള്ള ആവർത്തനമാണ് ഇവിടെ എന്ന് മുൻപത്തേതിൽനിന്നു വ്യത്യാസം. അന്ത്യമടുത്ത ദശരഥന്റെ രാമവിയോഗദുഃഖാധിക്യധ്വനി.

ദഷ്ടോഷ്ഠോ മുഷ്ടിമുദ്യമ്യ തിഷ്ഠത്യേഷ ഘടോത്കചഃ

(*ദൂതഘടോൽക്കചം*, 50 എ, ബി. ചുണ്ട് കടിച്ച്, മുഷ്ടിയുയർത്തി ഈ ഘടോൽക്കചൻ നിൽക്കുകയാണ്.) എന്നിടത്ത് വീരരസാനുഗുണ മായ വർണവിന്യാസം.

സങ്കർഷണൻ മുഷ്ടികനെന്ന മല്ലനെ കൊല്ലുമെന്നു പ്രതിജ്ഞ ചെയ്യുന്നു.

പ്രവിശ്യ രംഗം കൃതലോഹമുഷ്ടിം
തം മുഷ്ടിനാ മുഷ്ടികമദ്യ രുഷ്ടം
ഹത്വാ ചരിഷ്യാമ്യനിലപ്രചണ്ഡഃ
പ്രലംബമംഭോദമിവാന്തരിക്ഷേ.

(*ബാലചരിതം*, 5. 7. അരങ്ങത്തെത്തി ഇരുമ്പുമുഷ്ടികളോടു കൂടിയവനും രോഷം പൂണ്ടവനുമായ ആ മുഷ്ടികനെ മുഷ്ടി കൊണ്ട് ഇന്ന് ഞാൻ, ഭയങ്കരമായ കാറ്റ് അന്തരീക്ഷത്തിൽ തൂങ്ങിനിൽക്കുന്ന മേഘത്തെ ചിന്നിച്ചിതറിക്കുന്നതുപോലെ, കൊന്ന് നടക്കുന്നതാണ്.) ഈ ശ്ലോകത്തിലെ വർണവിന്യാസവക്രത വീരരസവ്യഞ്ജകം.

അദ്യാഭിമന്യുനിധനാജ്ജനിതപ്രകോപഃ
സാമർഷകൃഷ്ണധൃതരശ്മിഗുണപ്രതോദഃ
പാർഥഃ കരിഷ്യതി തദുഗ്രധനുഃസഹായഃ
ശാന്തിം ഗമിഷ്യതി വിനാശമവാപ്യ ലോകഃ.

(*ദൂതഘടോൽക്കചം*, 5. ധൃതരാഷ്ട്രൻ ഗാന്ധാരിയോടും ദുശ്ശള യോടുമായി പറയുന്നു: ഇന്ന് അഭിമന്യുവിന്റെ വധത്താലുണ്ടായ കോപാധിക്യത്താൽ അമർഷത്തോടുകൂടി കൃഷ്ണൻ കയറും ചാട്ടവാറും ധരിക്കവേ, അർജുനൻ തന്റെ ഉഗ്രമായ വില്ലിന്റെ സഹായ ത്തോടുകൂടി യുദ്ധം ചെയ്യും. ലോകം വിനാശമടഞ്ഞ് ശാന്തിയെ പ്രാപിക്കും.) രൗദ്രരസാനുഗുണമായ വർണവിന്യാസം.

നരമൃഗപതിവർഷ്മാലോകനഭ്രാന്തനാരീ–
നരദനുജസുപർവവ്രാതപാതാളലോകഃ
കരജകുലിശപാളീഭിന്നദൈത്യേന്ദ്രവക്ഷാഃ
സുരരിപുബലഹന്താ ശ്രീധരോസ്തു ശ്രിയേ വഃ.

(*കർണഭാരം*, 1. നരസിംഹാവതാരത്താൽ സ്ത്രീകൾ, പുരുഷന്മാർ, അസുരന്മാർ, ദേവന്മാർ, പാതാളം, ഭൂലോകം എന്നിവയെ പരിഭ്രമിപ്പിച്ചവനും നഖമാകുന്ന വജ്രംകൊണ്ട് അസുരരാജാവിന്റെ മാറിടം പിളർന്നവനും അസുരന്മാരുടെ ശക്തി നശിപ്പിച്ചവനുമായ ലക്ഷ്മീകാന്തനായ വിഷ്ണു നിങ്ങൾക്ക് ഐശ്വര്യം നൽകട്ടെ.) വീരരസാനുഗുണമായ ദീർഘസമാസവും വർണവിന്യാസവും.

ഗദായുദ്ധത്തിൽ ഭീമന്റെ ഗദാഘാതമേറ്റ് തുട തകർന്ന് മരിക്കാറായ ദുര്യോധനനോട് ഗുരുവായ ബലദേവൻ പറയുന്നു:

ആക്ഷിപ്തലാംഗലമുഖോല്ലിഖിതൈഃ ശരീരൈർ–
നിർദാരിതാംസഹൃദയാൻ മുസലപ്രഹാരൈഃ
ദാസ്യാമി സംയുഗഹതാൻ സരഥാശ്വനാഗാൻ
സ്വർഗാനുയാത്രപുരുഷാംസ്തവ പാണ്ഡുപുത്രാൻ.



(*ഊരുഭംഗം*, 32. കേട്ടോളു. എറിയപ്പെട്ട കലപ്പയുടെ മുഖം കൊണ്ട് കീറിയ ശരീരങ്ങളോടുകൂടി, ഉലക്കയടിയേറ്റ് പിളർന്ന തോളുകളോടും ഹൃദയങ്ങളോടും കൂടി, തേര് കുതിര ആന എന്നിവ യോടുകൂടിയ പാണ്ഡുപുത്രന്മാരെ യുദ്ധത്തിൽ കൊന്ന് സ്വർഗത്തി ലേക്ക് നിന്നെ അനുയാത്ര ചെയ്യുന്നവരാക്കിത്തരുന്നതാണ്.) ശിഷ്യ നോട് പ്രതിയോഗി കാട്ടിയ അനീതിയിൽ ക്രുദ്ധനായ ബലദേവന്റെ രോഷാവിഷ്കരണത്തിന്നനുരൂപമായ വർണവിന്യാസവക്രത.

ബലദേവൻ മരിക്കാറായ ദുര്യോധനനെ കാണാൻ വരുന്ന അശ്വ ത്ഥാമാവിനെ വർണിക്കുന്നു:

സരഭസമയമുഗ്രം കാർമുകം കർഷമാണഃ
സദഹന ഇവ മേരുഃ ശൃംഗലഗ്നേന്ദ്രചാപഃ.

(*ഊരുഭംഗം*, 56. ഇവൻ – അശ്വത്ഥാമാവ് – വിടർന്ന താമര യിതൾപോലെ തെളിഞ്ഞതും വിശാലവുമായ കണ്ണുകളോടു കൂടി, മനോഹരമായ സ്വർണയൂപം പോലെ നീണ്ട് തൂങ്ങിയ കൈക ളോടുകൂടി, വേഗത്തിൽ ഉഗ്രമായ വില്ല് വലിച്ചുകൊണ്ട്, കൊടുമുടിയിൽ പറ്റിച്ചേർന്ന മഴവില്ലോടുകൂടി കത്തിയെരിയുന്ന മേരുപർവതമോ എന്നു തോന്നുമാറ്, വിരാജിക്കുന്നു.) രൗദ്രരസാനുഗുണമായ വർണവിന്യാസം. മറ്റു വൃത്തങ്ങളിൽ:

രാമൻ സുഗ്രീവനോട് മുഷ്ടിയുദ്ധം നടത്തുന്ന ബാലിയെ വർണിക്കുന്നു:

സന്ദഷ്ടോഷ്ഠശ്ചണ്ഡസംരക്തനേത്രോ
മുഷ്ടിം കൃത്വാ ഗാഢമുദ്വൃത്തദംഷ്ട്രഃ
ഗർജൻ ഭീമം വാനരോ ഭാതി യുദ്ധേ
സംവർത്താഗ്നിഃ സന്ദിധക്ഷുര്യഥൈവ.

(*അഭിഷേകം*, 1. 13. ചുണ്ട് കടിച്ച്, ഭയങ്കരവും നല്ലവണ്ണം ചുകന്ന തുമായ കണ്ണുകളോടുകൂടി, മുഷ്ടി ചുരുട്ടി, തേറ്റപ്പല്ലുകളുയർത്തി പ്പിടിച്ച്, ഭീഷണമായി അലറിക്കൊണ്ട്, നരനോ എന്നു തോന്നുമാറുള്ള ബാലി യുദ്ധത്തിൽ, ആളിക്കത്തുന്ന പ്രളയാഗ്നിപോലെ, ശോഭി ക്കുന്നു.)

ഹനൂമാൻ അക്ഷകുമാരനെ കൊന്ന വിവരം ശങ്കുകർണൻ രാവ ണനെ അറിയിക്കുന്നു: കുമാരമക്ഷം,

ക്രോധാത് സംരക്തനേത്രം ത്വരിതതരഹയം
സ്യന്ദനം വാഹയന്തം
പ്രാവൃട്കാലാഭ്രകല്പം പരമലഘുതരം
ബാണജാലാൻ വമന്തം
താൻ ബാണാൻ നിർവിധൂന്വൻ കപിരപി സഹസാ തദ്യഥാ

ലംഘയിത്വാ

കണ്ഠേ സംഗൃഹ്യ ധൃഷ്ടം മുദിതതരമുഖോ

മുഷ്ടിനാ നിർജഘാന.

(*അഭിഷേകം*, 3. 7. കോപം കൊണ്ട് നല്ലപോലെ ചുകന്ന കൺകളോടുകൂടിയവനും അതിവേഗത്തിലോടുന്ന കുതിരയെ പൂട്ടിയ തേരോടിക്കുന്നവനും വർഷാകാലമേഘംപോലെയുള്ളവനും ഏറ്റവുമെളുപ്പത്തിൽ ശരനിര ചൊരിയുന്നവനും ധൈര്യശാലിയുമായ അക്ഷകുമാരനെ, ആ ശരങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് വാനരനും വേഗത്തിൽ അവന്റെ തേരിനെ മറികടന്ന് മുഷ്ടി കൊണ്ട് കഴുത്തിൽ മുറുകെ പിടിച്ച് അതിസന്തുഷ്ടി പരക്കുന്ന മുഖത്തോടെ ഞെരിച്ചു കൊന്നു.)

വഴി തന്നില്ലെങ്കിൽ സമുദ്രത്തെ താൻ നശിപ്പിക്കുമെന്ന് രാമൻ ക്രോധത്തോടെ പ്രതിജ്ഞ ചെയ്യുന്നു:

മമ ശരപരിദഗ്ധതോയപങ്കം

ഹതശതമത്സ്യവികീർണഭൂമിഭാഗം

യദി മമ ന ദദാതി മാർഗമേനം

പ്രതിഹതവീചിരവം കരോമി ശീഘ്രം.

(*അഭിഷേകം*, 4. 12. എനിക്ക് ഇവൻ – സമുദ്രം – വഴി തരുന്നില്ലെങ്കിൽ, ഞാൻ ഇവനെ ഉടനെത്തന്നെ എന്റെ ബാണം കൊണ്ട് വെള്ളവും ചളിയുമാകെ കത്തിയെരിഞ്ഞവനും ഭൂഭാഗത്ത് നൂറുകണ ക്കിനു മത്സ്യങ്ങൾ ചത്തു ചിതറിക്കിടക്കുന്നവനും തിരമാലയുടെ ശബ്ദമില്ലാത്തവനുമാക്കിത്തീർക്കുന്നതാണ്.)

## വൃത്തശില്പം

ഇതോടനുബന്ധിച്ചുതന്നെ ഭാസന്റെ വൃത്തശില്പത്തെക്കുറിച്ച് നിരൂപണം ചെയ്യുന്നത് സൗകര്യമായിരിക്കും. ഭാസൻ സംസ്കൃതത്തിൽ പ്രസിദ്ധമായ ഒട്ടെല്ലാ വൃത്തങ്ങളും ചില അതിപ്രസിദ്ധമല്ലാത്ത വൃത്തങ്ങളും പ്രയോഗിച്ചിട്ടുണ്ട്. പതിമൂന്നു രൂപകങ്ങളിലുമായി ഏകദേശം 1100 പദ്യങ്ങളുണ്ട്. 23 വിവിധവൃത്തങ്ങൽ പ്രയോഗിച്ചിരിക്കുന്നു. ഏറ്റവും കൂടുതൽ അനുഷ്ടുപ്പ് – 430–ൽ പരം. പിന്നെ വസന്തതിലകം – 200–ഓളം. ഉപജാതി നൂറിന്നടുത്തു വരും. ദീർഘവൃത്തങ്ങളിൽ ശാർദൂലവിക്രീഡിതമാണ് ഏറ്റവും കൂടുതൽ കാണുന്നത് – 80–ൽപരം. മാലിനി (ഏകദേശം 70), പുഷ്പിതാഗ്ര (50–ലധികം), വംശസ്ഥം (മുപ്പത്തഞ്ചോളം), ശാലിനി (ഇരുപത്തഞ്ചോളം), ഇന്ദ്രവജ്ര (ഏകദേശം 20), ശിഖരിണി (സുമാർ 20), പ്രഹർഷിണി (15–ൽ പരം), ആര്യ, ഉപേന്ദ്രവജ്ര എന്നിവ പത്തുവീതം. വൈശ്വദേവി, ഹരി



ണി, സ്രഗ്ധര, സുവദന, ദണ്ഡകം, ദ്രുതവിളംബിതം, ഭുജംഗപ്രയാതം, കുസുമമഞ്ജരി, പൃഥ്വി എന്നിവ പത്തിൽ താഴെ പദ്യങ്ങളിൽ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ.

കൃതികളാകെയെടുത്താലുള്ള ചിത്രമിതാണെങ്കിൽ, ഒറ്റയൊറ്റക്കൃതികൾ നോക്കിയാൽ വ്യത്യസ്തമായ ചിത്രങ്ങളാണ് ലഭിക്കുക.

66 ശ്ലോകങ്ങളുള്ള *ഊരുഭംഗ*ത്തിൽ ഏറ്റവും കൂടുതൽ പ്രയോഗിച്ചിരിക്കുന്നത് താരതമ്യേന ദീർഘവൃത്തമായ ശാർദൂലവിക്രീഡിതമാണ് – 21. പിന്നെ വരുന്നത് വസന്തതിലകം – 16. 12 എണ്ണം അനുഷ്ടുപ്പിലാണ്. മാലിനി – 7. ഉപജാതി – 6. ഹരിണി – 2. ശിഖരിണി, വംശസ്ഥം – ഓരോന്ന്.

*കർണഭാര*ത്തിൽ ആകെ 25 ശ്ലോകങ്ങൾ. ആറു വീതം ശ്ലോകങ്ങളിൽ മാലിനിയും വസന്ത തിലകവും സ്വീകരിച്ചിരിക്കുന്നു. നാലു വീതം അനുഷ്ടുപ്പിലും വംശസ്ഥത്തിലുമാണ് രചിച്ചിട്ടുള്ളത്. ശാർദൂല വിക്രീഡിതത്തിലും ഉപജാതിയിലും ഈരണ്ടു പദ്യങ്ങൾ. ഒരു ശ്ലോകം പ്രഹർഷിണിയിൽ.

*ദൂതഘടോതാകചം* 52 ശ്ലോകങ്ങളുൾക്കൊള്ളുന്നു. ഏറ്റവുമധികം പദ്യങ്ങൾ അനുഷ്ടുപ്പിൽ – 22. മറ്റു വൃത്തങ്ങൾ ഇപ്രകാരം: വസന്തതിലകം – 9; ശാർദൂലവിക്രീഡിതം – 7; ഉപജാതി, ഇന്ദ്രവജ്ര – 4 വീതം; മാലിനി – 2; പ്രഹർഷിണി, വംശസ്ഥം, ശാലിനി, ഹരിണി – ഒന്നു വീതം.

*ദൂതവാക്യ*ത്തിൽ മൊത്തം 56 പദ്യങ്ങൾ. 19 ശ്ലോകങ്ങളുള്ള അനുഷ്ടുപ്പ് ഏറ്റവും മുൻപിൽ നിൽക്കുന്നു. വസന്തതിലകം പിന്നെ വരുന്നു – 15. മാലിനി, ഉപജാതി – 7 വീതം. ശാർദൂലവിക്രീഡിതം – 3. പുഷ്പിതാഗ്ര – 2. സുവദന, ഉപേന്ദ്രവജ്ര, വംശസ്ഥം – ഒന്നു വീതം.

*പഞ്ചരാത്ര*ത്തിൽ ആകെയുള്ള 150 – ൽ പരം പദ്യങ്ങളിൽ അനുഷ്ടുപ്പാണ് ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെട്ട വൃത്തം. എൺപതോ ളം ശ്ലോകങ്ങൾ ആ വൃത്തത്തിലാണ്. വംശസ്ഥം (12), ഉപജാതി (10), ശാർദൂലവിക്രീഡിതം (9), വസന്തതിലകം (8), മാലിനി, ഇന്ദ്രവജ്ര (7 വീതം), ശിഖരിണി, ശാലിനി (6 വീതം), പുഷ്പിതാഗ്ര, പ്രഹർ ഷിണി (3 വീതം), ഉപേന്ദ്രവജ്ര (1) എന്നിങ്ങനെ മറ്റു വൃത്തങ്ങൾ.

52 പദ്യങ്ങൾ മാത്രമുള്ള *മധ്യമവ്യായോഗ*ത്തിൽ 36 ശ്ലോകങ്ങൾ അനുഷ്ടുപ്പിലാകുന്നു. 6 ശ്ലോകങ്ങൾ വസന്തതിലകത്തിൽ. ബാക്കിയുള്ളവ ഇപ്രകാരം: പുഷ്പിതാഗ്ര, മാലിനി എന്നിവ മൂന്നു വീതം; ഉപജാതി 2; ശാർദൂലവിക്രീഡിതം, വംശസ്ഥം – ഒന്നു വീതം.

*ബാലചരിത*ത്തിലുള്ള നൂറോളം പദ്യങ്ങളിൽ ഭൂരിപക്ഷം അനുഷ്യുപ്പ് – 37; പിന്നെ വസന്തതിലകം – 25; ഉപജാതി 15; മാലിനി – 6; ശാർദൂലവിക്രീഡിതം, ആര്യ – 4 വീതം; പുഷ്പിതാഗ്ര, വംശസ്ഥം – 3, ശാലിനി, സ്രഗ്ധര, ഇന്ദ്രവജ്ര – ഒരോന്ന്.

*പ്രതിജ്ഞായൗഗന്ധരായണ*ത്തിൽ 66 പദ്യങ്ങൾ. അനുഷ്ടുപ്പ് (29), വസന്തതിലകം (8), ശാർദൂലവിക്രീഡിതം (5), മാലിനി (5), ശാലിനി (4), ഉപജാതി (4), പുഷ്പിതാഗ്ര (3), വംശസ്ഥം (3), വൈശ്വദേവി (2), ശിഖരിണി (1), രണ്ടു പ്രാകൃതപദ്യങ്ങൾ.

*സ്വപ്നവാസവദത്തം* പതിനൊന്നു വൃത്തങ്ങളിലായി 57 പദ്യങ്ങളുൾക്കൊള്ളുന്നു. അവയുടെ പേരുകളും ശ്ലോകങ്ങളുടെ എണ്ണവും താഴെ കൊടുക്കുന്നു: അനുഷ്ടുപ്പ് – 26; വസന്തതിലകം – 11: ശാർദൂലവിക്രീഡിതം – 6; ആര്യ – 3; ശാലിനി – 3; പുഷ്പിതാഗ്ര – 2; ശിഖരിണി – 2; വൈശ്വദേവി – 1; ഉപജാതി – 1; ഉപേന്ദ്രവജ്ര – 1; ഹരിണി – 1.

*ചാരുദത്ത*ത്തിൽ 55 ശ്ലോകങ്ങൾ. വൃത്തങ്ങളും പദ്യങ്ങളുടെ എണ്ണവും താഴെ: അനുഷ്ടുപ്പ് (17), വസന്തതിലകം (12), ഉപജാതി (6), ശാർദൂലവിക്രീഡിതം (5), വംശസ്ഥം (4), മാലിനി (4), പുഷ്പിതാഗ്ര (2), ആര്യ (2), ഉപേന്ദ്രവജ്ര, പ്രഹർഷിണി, ശാലിനി എന്നിവ ഒന്നു വീതം.

*അവിമാരക*ത്തിൽ 15 വിവിധവൃത്തങ്ങളിലായി നൂറോളം ശ്ലോകങ്ങളുണ്ട്. അവയുടെ കണക്ക് ഇപ്രകാരം: വസന്തതിലകം (27), ഉപജാതി (18), അനുഷ്ടുപ്പ് (15), പുഷ്പിതാഗ്ര (11), ശാർദൂലവിക്രീഡിതം (5), ഇന്ദ്രവജ്ര (5), സ്രഗ്ധര (3), ശിഖരിണി (3), മാലിനി (3), പ്രഹർഷിണി (2), ശാലിനി (2), കുസുമമഞ്ജരി (1), പൃഥ്വി (1), ദണ്ഡകം (1).

*പ്രതിമാനാടക*ത്തിൽ ആകെ 150–ലേറെ പദ്യങ്ങൾ. ഏറ്റവുമധികം അനുഷ്ടുപ് ശ്ലോകങ്ങൾ – 70. പിന്നെ വസന്തതിലകം – 22. ഉപജാതി – 11. മാലിനി – 10. ശാർദൂലവിക്രീഡിതം – 9. ശിഖരിണി – 6. വംശസ്ഥം – 4. പുഷ്പിതാഗ്ര – 4. ഹരിണി – 3. പ്രഹർഷിണി – 3. ശാലിനി – 3. സുവദന – 2. ഇന്ദ്രവജ്ര – 2. ആര്യ – 1. സ്രഗ്ധര – 1. ദണ്ഡകം – 1.

150 –ൽപരം ശ്ലോകങ്ങളുള്ള *അഭിഷേകനാടക*ത്തിൽ ഏറ്റവുമധികം ശ്ലോകങ്ങൾ അനുഷ്ടുപ്പിലാണ് – അറുപത്തഞ്ചോളം. മറ്റുള്ളവയുടെ പേരും ഏകദേശം എണ്ണവും താഴെ കൊടുക്കുന്നു: പുഷ്പിതാഗ്ര (20 – ൽപരം), ശാർദൂലവിക്രീഡിതം (15), വസന്തതിലകം (15), മാലിനി (11), ഉപജാതി (7), പ്രഹർഷിണി (4), ഉപേന്ദ്രവജ്ര (3), സ്രഗ്ധര (2), വൈശ്വദേവി (2), ശിഖരിണി, ശാലിനി, ഭുജംഗപ്രയാതം, ദ്രുതവിളംബിതം, വംശസ്ഥം എന്നിവ ഒന്നു വീതം.



ഈ ഭാസവൃത്തശില്പവിചാരത്തിൽനിന്ന് വ്യക്തമാകുന്ന മുഖ്യ സംഗതികൾ ഇവയാണ്:

1. പിൽക്കാലസംസ്കൃതനാടകങ്ങളിൽ പലതിൽനിന്നും വ്യത്യസ്തമയി അഭിനയപ്രധാനമാണ് ഭാസനാടകങ്ങൾ. അഭിനയിക്കാൻവേണ്ടിയാണ് അവ രചിക്കപ്പെട്ടത്. അതുകൊണ്ടുതന്നെ വാചികാംശത്തിന് എന്നതിനേക്കാൾ പ്രാധാന്യം അവയിൽ പലതിനും ക്രിയാംശത്തിനാണ്. അക്കാരണത്താൽത്തന്നെ, വൃത്തനിബദ്ധമായ പദ്യങ്ങളേക്കാൾ സംഭാഷണാംശത്തിനു പ്രാമുഖ്യം നൽകുന്ന ഗദ്യഭാഗങ്ങൾക്കാണ് ഈ കൃതികളിൽ പ്രാധാന്യം കല്പിച്ചിട്ടുള്ളത്.

2. *പഞ്ചരാത്രം, പ്രതിമ, അഭിഷേകം* എന്നീ മൂന്നു നാടകങ്ങളിൽ മാത്രമേ 150–നും 160–നുമിടയിൽ ശ്ലോകങ്ങൾ ഉള്ളൂ. *ബാലചരിത*ത്തിലും *അവിമാരക*ത്തിലും നൂറിനടുത്തു മാത്രം. ബാക്കിയുള്ളവയിൽ *കർണഭാര*ത്തിലൊഴികെ അമ്പതിനും എഴുപതിനുമിടയിലാണ് പദ്യങ്ങൾ. *കർണഭാര*ത്തിൽ ഇരുപത്തഞ്ചു മാത്രം.

3. ചില നാടകങ്ങളിൽ ശ്ലോകങ്ങളേ ഇല്ലാത്ത അങ്കങ്ങളുണ്ട്. ആറങ്കങ്ങളുള്ള *സ്വപ്നവാസവദത്ത*ത്തിലെ രണ്ടങ്കങ്ങളും (2–3) നാലങ്കങ്ങളടങ്ങിയ *ചാരുദത്ത*ത്തിലെ ഒരങ്കവും (2) ഗദ്യമാത്രങ്ങളത്രേ. *സ്വപ്നവാസവദത്ത*ത്തിലെ നാലാമങ്കത്തിലും (9) *പ്രതിജ്ഞായൗഗന്ധരായണ*ത്തിലെ മൂന്നാമങ്കത്തിലും (9) *ചാരുദത്ത*ത്തിലെ നാലാമങ്കത്തിലും (7) പത്തിൽ താഴെ വീതം ശ്ലോകങ്ങളേ ഉള്ളൂ എന്നതും ശ്രദ്ധിക്കാം. *പ്രതിജ്ഞ*യിലെ വളരെ പ്രധാനമായി പരിഗണിക്കപ്പെടുന്ന ഒന്നാണ് മന്ത്രാങ്കമെന്നു കൂടി അറിയപ്പെടുന്ന മൂന്നാമങ്കമെന്നും നാം കാണേണ്ടതുണ്ട്.

4. ശ്ലോകങ്ങളിൽത്തന്നെ ഭൂരിപക്ഷം ഗദ്യപ്രായമായ, മലയാളത്തിൽ കേകയ്ക്ക് സമാനമായ, അനുഷ്ടുപ്പിലാണ്. പതിമൂന്നു രൂപകങ്ങളിലായി ആകെയുള്ള ഏകദേശം 1100 പദ്യങ്ങളിൽ 430 –ൽ പരം അനുഷ്ടുപ്പിലാകുന്നു. *ചാരുദത്തം* – 55–ൽ 17; *പ്രതിമ* – 150+ ൽ 70; *അഭിഷേക*ത്തിൽ 150+ൽ 60+; *സ്വപ്നവാസവദത്ത*ത്തിൽ 57–ൽ 26; *പ്രതിജ്ഞ*യിൽ 66–ൽ 29; *ബാലചരിത*ത്തിൽ 100– ൽ 37; *പഞ്ചരാത്ര*ത്തിൽ 150+ൽ 80–; *മധ്യമവ്യായോഗ*ത്തിൽ 52–ൽ 36; *ദൂതവാക്യ*ത്തിൽ 56–ൽ 19; *ദൂതഘടോത്കച*ത്തിൽ 52–ൽ 22. *ഊരുഭംഗ*വും *കർണഭാര*വും *അവിമാരക*വും മാത്രമേ ഈ അനുഷ്ടുപ്പ് ഭൂരിപക്ഷവിഭാഗത്തിൽ അപവാദങ്ങളായുള്ളൂ.

5. ദീർഘവൃത്തങ്ങൾ താരതമ്യേന കുറവായേ ഉപയോഗിച്ചി

ട്ടുള്ളൂ. ദണ്ഡകവൃത്തം, സ്രഗ്ധര, കുസുമമഞ്ജരി എന്നിവയിലുള്ള ശ്ലോകങ്ങൾ വളരെ കുറച്ചേ ഉള്ളൂ. ദണ്ഡകം *പ്രതിമ*യിലും *അവിമാരക*ത്തിലും ഓരോ ശ്ലോകത്തിൽ; സ്രഗ്ധര *അവിമാരകം* (3), *അഭിഷേകം* (2), *പ്രതിമ* (1), *ബാലചരിതം* (1) എന്നിങ്ങനെ ആകെ ഏഴ്. കുസുമമഞ്ജരി *അവിമാരക*ത്തിൽ മാത്രം – ഒരിടത്ത്. ദീർഘ വൃത്തങ്ങളിൽ ശാർദൂലവിക്രീഡിതമാണ് പൊതുവിൽ മിക്ക കൃതികളിലും കുറേ ശ്ലോകങ്ങളിൽ ഉപയോഗിച്ചുകാണുന്നത്.

6. *ഊരുഭംഗ*വും *കർണഭാര*വും വൃത്തസ്വീകരണത്തിൽ വ്യത്യസ്തത പുലർത്തുന്നുവെന്നു പറയാം. മുൻപ് പ്രസ്താവിച്ചതു പോലെ, 66 ശ്ലോകങ്ങളുള്ള *ഊരുഭംഗ*ത്തിൽ ഏറ്റവും കൂടുതൽ ശാർദൂലവിക്രീഡിതത്തിലുള്ള ശ്ലോകങ്ങളാണ് – 21. പിന്നെ വരുന്നത് വസന്തതിലകം – 16. പന്ത്രണ്ടെണ്ണമേ അനുഷ്ടുപ്പിലുള്ളൂ. ബാക്കി മറ്റു ചില വൃത്തങ്ങൾ. *കർണഭാര*ത്തിലെ 25 ശ്ലോകങ്ങളിൽ മാലിനിയും വസന്തതിലകവും ആറു വീതം. അവയാണ് ഏറ്റവും കൂടുതലുള്ളവ. നാലെണ്ണം മാത്രം അനുഷ്ടുപ്പിൽ. ശാർദൂലവിക്രീഡിതത്തിൽ രണ്ടു പദ്യങ്ങളേ ഉള്ളൂ.

★



# 5. പദപൂർവാർധവക്രത

ഇതിലെ പദത്തിന് നാമവും ക്രിയയുമെന്നർഥം. പദത്തിലെ പ്രത്യയങ്ങളൊഴിച്ചുള്ള പ്രകൃതിഭാഗം പൂർവാർധം. ഇതിന്റെ വക്രതയ്ക്ക് പദപൂർവാർധവക്രത എന്നു പേരിട്ടിരിക്കുന്നു. ഇതിന് പല ഉൾപ്പിരിവുകളുണ്ട്.

**(എ) രൂഢിവൈചിത്ര്യവക്രത**

രൂഢിശബ്ദത്തെ പ്രകരണൗചിത്യവശാൽ വാച്യത്തിന്റെ പ്രസിദ്ധമായ മറ്റു ധർമങ്ങൾ അധ്യാരോപിച്ചുകൊണ്ടോ, വാച്യത്തിന്റെ പ്രസിദ്ധധർമത്തോടുകൂടിയ സംജ്ഞാശബ്ദത്തെ ലോകോത്തരാതിശയം അധ്യാരോപിച്ചുകൊണ്ടോ ഉപനിബന്ധിക്കുന്നത് രൂഢിവൈചിത്ര്യവക്രത.

"വിശ്രാമ്യതാമിദാനീം പുത്രേതി സ്വയം രാജാ വിസർജിതസ്യാപനീതഭാരോച്ഛ്വസിതമിവ മേ മനഃ. ദിഷ്ട്യാ സ ഏവാസ്മി രാമഃ. മഹാരാജ ഏവ മഹാരാജഃ." (*പ്രതിമ* ഒന്നാമങ്കം. അഭിഷേകവിഘ്നകാര്യം മഹാരാജാവ് തന്നോട് പറഞ്ഞതിനെക്കുറിച്ച് രാമൻ സ്വയം ആലോചിക്കുകയാണ്: പുത്രാ, ഇപ്പോൾ വിശ്രമിച്ചോളുക എന്ന് രാജാവ് സ്വയം പറഞ്ഞുവിട്ട എന്റെ മനസ്സ് ഭാരം പോയി നെടുവീർപ്പിടാമെന്നതു പോലായി. ഭാഗ്യവശാൽ, ആ രാമൻതന്നെയാണ് ഞാൻ. മഹാരാജാവു തന്നെ മഹാരാജാവ്.) "ആ രാമൻതന്നെയാണ് ഞാൻ" എന്നതിന് "ആ രാമൻ തന്നെയാണ് ഈ രാമൻ" എന്നർഥം. അഭിഷേകം ചെയ്യാൻ ഉദ്ദേശിക്കപ്പെട്ട രാമൻ തന്നെയാണ് അഭിഷേകം മുടക്കപ്പെട്ട രാമൻ എന്നു താല്പര്യം. എന്തൊക്കെ ഗുണങ്ങളാണോ തനിക്കുണ്ടായിരുന്നത് അതൊക്കെ ഇപ്പോഴുമുണ്ട്. തനിക്ക് ഒരു മാറ്റവും വന്നിട്ടില്ല. ഇത് ഒരുതരം രൂഢിവൈചിത്ര്യവക്രതയ്ക്ക് ഉദാഹരണം. രാമന്റെ മനസ്ഥൈര്യം വ്യംഗ്യം. എന്നാൽ "മഹാരാജാവുതന്നെ മഹാരാജാവ്" എന്നതിലെ രണ്ടു മഹാരാജപദങ്ങൾക്കും തമ്മിൽ അർഥഭേദം വിവക്ഷിക്കപ്പെട്ടിട്ടുണ്ട്. ആദ്യത്തെ പദത്തിന്, പ്രിയപുത്രനും ജനസമ്മതനുമായ രാമനെ തന്റെ അനന്തരാവകാശിയാക്കണം എന്നാഗ്രഹിച്ച ശുദ്ധാത്മാവായ ദശരഥനെന്നർഥം. രണ്ടാമത്തേതിന്, മന്ഥരയുടെ ഉപജാപത്തിന് വഴങ്ങിയ കൈകേയിയുടെ ദാസനെപ്പോലായിത്തീർന്ന, താൻ ഉദ്ദേശിച്ചത് നടപ്പിലാക്കാൻ കഴിവോ ധൈര്യമോ ഇല്ലാത്ത, ദുർബലനായ രാജാവെന്നും. ഈ രണ്ടാമത്തെ മഹാരാജ ശബ്ദത്തിൽ മറ്റൊരു തരം രൂഢിവൈചിത്ര്യവക്രത.

ഇതുപോലെയാണ് "മഹാരാജ ഏവ മഹാരാജഃ, ആര്യപുത്ര

ഏവാര്യപുത്രഃ" എന്ന സമാനസന്ദർഭത്തിലുള്ള സീതയുടെ വാക്യവും. ഇവിടത്തെ രണ്ടാമത്തെ മഹാരാജപദവും ആര്യപുത്ര പദവും ഉദാഹരണം.

ഭഗവാൻ –

നിമിത്തം കിഞ്ചിദുത്പന്നം ശ്മശാനാഭിമുഖേ രഥേ
ധാർത്തരാഷ്ട്രാഃ സ്ഥിതാ യത്ര ശ്മശാനം തദ് ഭവിഷ്യതി.

(*പഞ്ചരാത്രം*, 2. 20. ഉത്തരന്റെ തേര് ശ്മശാനത്തിന്നടുത്തേക്ക് തിരിഞ്ഞപ്പോൾ ഒരു നിമിത്തമുണ്ടായി. ധൃതരാഷ്ട്രപുത്രന്മാർ നിൽക്കുന്ന സ്ഥലം ശ്മശാനമായിത്തീരും.) ആദ്യത്തെ ശ്മശാനശബ്ദം മുഖ്യാർഥത്തിലും രണ്ടാമത്തേത് ലാക്ഷണികാർഥത്തിലും – ശ്മശാനതുല്യമെന്നർഥം. അവർ തോൽക്കുമെന്നു ധ്വനി.

യാതഃ കൃതാർഥഗണനാമഹമദ്യ ലോകേ
രാജേന്ദ്രമൗലിമണിരഞ്ജിതപാദപത്മഃ
വിപ്രേന്ദ്രപാദരജസാ തു പവിത്രമൗലിഃ
കർണോ ഭവന്തമഹമേഷ നമസ്കരോമി.

(*കർണഭാരം*, 16. കർണൻ ബ്രാഹ്മണവേഷധാരിയായ ഇന്ദ്രനോട് പറയുന്നു: രാജശ്രേഷ്ഠന്മാരുടെ ശിരോരത്നങ്ങളുടെ നിറം പകർന്ന കാൽത്താമരകളോടുകൂടിയ ഞാൻ ഇന്ന് ലോകത്തിൽ കൃതാർഥനായി എണ്ണപ്പെട്ടിരിക്കുന്നു. ബ്രാഹ്മണശ്രേഷ്ഠന്റെ കാലടിപ്പൊടി കൊണ്ട് പരിശുദ്ധമായ ശിരസ്സോടുകൂടിയ ഞാൻ, കർണൻ, ഇതാ, അങ്ങയെ നമസ്കരിക്കുന്നു.) 'ഞാൻ' എന്നതിനുപകരം ഇവിടെ കർണൻ 'കർണ'നെന്നുതന്നെ ഉപയോഗിക്കുകയാണ്. വേറൊരു വിധം രൂഢിവൈചിത്ര്യവക്രതയാണിത്. ആത്മത്യാഗം വരെ വരുത്തിവെക്കുന്ന കർണന്റെ ബ്രാഹ്മണഭക്തിയും ദാനശീലവും വ്യഞ്ജിക്കുന്നു.

കാമാതുരനായ രാവണന്റെ ചിന്ത വർണിക്കുകയാണ്:

നിദ്രാം മേ നിശി വിസ്മരന്തി നയനാന്യാലോക്യ സീതാനനം
തത്സംശ്ലേഷസുഖാർഥിനീ തനുതരാ യാതാ തനുഃ പാണ്ഡുതാം
സന്താപം രമണീയവസ്തുവിഷയേ ബധ്നാതി പുഷ്പേഷുണാ
കഷ്ടം നിർജിതവിഷ്ടപക്ഷയഭുജോ നിർജീയതേ രാവണഃ.

(*അഭിഷേക*, 5. 6. രാത്രി എന്റെ കണ്ണുകൾ സീതയുടെ മുഖം നോക്കി നിദ്രയെ വിസ്മരിക്കുന്നു. അവളുടെ ആലിംഗനസുഖം ആഗ്രഹിക്കുക ശീലമായ ശരീരം നേർത്തുനേർത്ത് വിളർച്ചയോലുന്നു. മനോഹരമായ വസ്തുക്കളുടെ കാര്യത്തിൽ കാമൻ ഖേദമുളവാക്കുന്നു. കഷ്ടം! മൂന്നു ലോകങ്ങളും നിശ്ശേഷം കീഴടക്കിയ കൈകളുള്ള രാവണൻ കാമദേവനാൽ നിശ്ശേഷം കീഴടക്കപ്പെടുകയാണ്.) വീരരസസ്മൃതി അംഗമായ വിപ്രലംഭശൃംഗാരരസം ധ്വനിക്കുന്നു. 'ജനങ്ങളെ കരയിക്കുന്നവൻ' എന്ന രാവണപദനിരുക്തി ഇവിടെയും ഉദ്ദിഷ്ടം.



ഇതേ രാവണശബ്ദം ഇതേ നൈരുക്തവിവക്ഷയോടെ വീരരസവ്യഞ്ജകമാകുമാറ് രൂഢിവൈചിത്ര്യവക്രതാമനോജ്ഞമായി പ്രയോഗിച്ചതിന് ഉദാ:– രാമൻ സുവർണമൃഗത്തെ പിടിക്കാൻ കാട്ടിലേക്കു പോയതോടെ ആശ്രമത്തിൽ ഒറ്റയ്ക്കായ, ഭയാകുലയായ, സീതയോട് സന്യാസിവേഷം വെടിഞ്ഞ രാവണൻ:

യുദ്ധേ യേന സുരാഃ സദാനവഗണാഃ ശക്രാദയോ നിർജിതാ
ദൃഷ്ട്വാ ശൂർപ്പണഖാവിരൂപകരണം ശ്രുത്വാ ഹതൗ ഭ്രാതരൗ
ദർപ്പാദ് ദുർമതിമപ്രമേയബലിനം രാമം വിലോഭ്യ ച്ഛലൈഃ
സ ത്വാം ഹർത്തുമനാ വിശാലനയനേ! പ്രാപ്തോസ്മ്യഹം രാവണഃ.

(*പ്രതിമ,* 5. 16. ആരാലാണോ യുദ്ധത്തിൽ അസുരന്മാരോടു കൂടിയ ഇന്ദ്രാദികളായ ദേവന്മാർ നിശ്ശേഷം ജയിക്കപ്പെട്ടത്, ശൂർപ്പണഖയെ വിരൂപയാക്കിയത് കണ്ടും രണ്ടു സഹോദരന്മാർ കൊല്ല പ്പെട്ടത് കേട്ടും ദുർബുദ്ധിയും അളവറ്റ ശക്തിയുള്ളവനുമായ രാമനെ വഞ്ചനകൾകൊണ്ട് പ്രലോഭിപ്പിച്ച് അഹങ്കാരത്തോടെ ആ രാവണനായ ഞാൻ, സുന്ദരീ!, നിന്നെ അപഹരിക്കാൻ ആഗ്രഹിച്ച് ഇതാ വന്നിരിക്കയാണ്.) ഇവിടെ ഞാൻ (അഹം) എന്നുകൂടി പ്രയോഗിച്ചിട്ടുണ്ടന്നു വിശേഷം.

മറ്റൊരുദാ:– ശ്രീകൃഷ്ണന്റെ ദൂതുമായി ധൃതരാഷ്ട്രന്റെ അടുത്തേക്കു വരുന്ന ഘടോൽക്കചനോട് ദുര്യോധനൻ പറയുന്നു:

ഏഹ്യേഹി പ്രവിശസ്വ ശത്രുഭവനം കൗതൂഹലം മേ മഹത്
ധൃഷ്ടം ശ്രാവയ മാം ജനാർദനവചോ ദുര്യോധനോഹം സ്ഥിതഃ.

(*ദൂതഘടോൽക്കചം*, 34 സി, ഡി. വരൂ, വരൂ. ശത്രുഭവനത്തിലേക്ക് കടന്നുവരൂ. എനിക്ക് വലുതായ കൗതുകമുണ്ട്. കൃഷ്ണന്റെ വാക്ക് ധൈര്യശാലിയായ എന്നെ കേൾപ്പിക്കൂ. ഞാൻ ദുര്യോധനൻ ഇതാ നിൽക്കുന്നു.) 'ഞാൻ' എന്നതിനു വിശേഷണമായി ഇവിടെ നൈരുക്താർഥം കൂടി വിവക്ഷിക്കപ്പെട്ട 'ദുര്യോധനൻ' (ദുസ്സാധ്യമായ യുദ്ധം ചെയ്യുന്നവൻ) എന്നു തന്റെ പേരുകൂടി പ്രയോഗിച്ചിരിക്കുന്നു എന്നു വിശേഷം. എത്ര ഭയങ്കരമായ സന്ദേശമായാലും തനിക്ക് കുലു ക്കമില്ലെന്നു ധ്വനി.

സുഗ്രീവൻ ബാലിയെ യുദ്ധത്തിന് വെല്ലുവിളിക്കുന്നു:

അപരാധമനുദ്ദിശ്യ പരിത്യക്തസ്ത്വയാ വിഭോ!
യുദ്ധേ ത്വത്പാദശുശ്രൂഷാം സുഗ്രീവഃ കർത്തുമിച്ഛതി.

(*അഭിഷേകം*, 1. 8. തെറ്റൊന്നും ചെയ്യാത്ത എന്നെ പ്രഭോ! അങ്ങ് ഉപേക്ഷിച്ചു. യുദ്ധത്തിൽ അങ്ങയുടെ പാദശുശ്രൂഷ ചെയ്യാൻ സുഗ്രീവൻ ആഗ്രഹിക്കുന്നു.) കുറ്റം ചെയ്യാത്ത തന്നെ ഉപേക്ഷിച്ചതിന് യുദ്ധത്തിലൂടെ പകരം ചോദിക്കാൻ വന്നിരിക്കയാണ് എന്ന് വെല്ലുവിളിക്കുന്ന ഈ വാക്യത്തിൽ 'ഞാൻ' എന്നു പറയാതെ 'സുഗ്രീവൻ' എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. രാമനെന്ന പ്രബലനുമായി സഖ്യം ചെയ്ത് പ്രബലതരനായി മാറിയ സുഗ്രീവൻ എന്ന അർഥാന്തരം വ്യംഗ്യം. വീരരസധ്വനി.

രദനികയെ വിടനും ശകാരനും വസന്തസേനയെന്നു കരുതി കേറി പിടിച്ചതും പിന്നെ വിട്ടയച്ചതുമായ കാര്യങ്ങൾ ചാരുദത്തനോട് പറയേണ്ടെന്നു വിദൂഷകൻ (അയം വൃത്താന്തോഭ്യന്തരം ന പ്രേഷയിതവ്യഃ) നിർദേശിച്ചപ്പോൾ, "രദനികാ ഖലഹം" (*ചാരുദത്തം* ഒന്നാമങ്കം. രദനികയല്ലേ ഞാൻ) എന്നായിരുന്നു അവളുടെ മറുപടി. ഇവിടത്തെ 'രദനിക' എന്ന പദം രൂഢിവൈചിത്ര്യവക്രതാമനോഹരം. രഹസ്യം സൂക്ഷിക്കാൻ കഴിവുള്ള സമർഥയായ രദനിക എന്ന അർഥാന്തരം വ്യംഗ്യം. പറയേണ്ടാത്തത് പറയാതിരിക്കുന്നതിന് പല്ലു കടിച്ചുപിടിക്കാൻ കഴിവുള്ളവൾ (രദനം – പല്ല്) എന്ന് 'രദനിക'യ്ക്ക് അർഥം പറയാം.

### (ബി) പര്യായവക്രത

പ്രസ്തുതമായ അർഥം ബോധിപ്പിക്കാൻ അനേകം പദങ്ങളുണ്ടാവാമെങ്കിലും ചില പ്രത്യേകപര്യായപദങ്ങൾ സന്ദർഭാനുഗുണമായി പ്രയോഗിക്കുന്നിടത്ത് പര്യായവക്രത.

പ്രഹരണമിതി. ഹം ഭോഃ!
ഗിരിതടകഠിനാംസാവേവ ബാഹൂ മമൈതൗ
പ്രഹരണമപരം തു ത്വാദൃശാം ദുർബലാനാം
അഥ മമ ഭുജദണ്ഡൈഃ പീഡ്യമാനശ്ച ശീഘ്രം
യദി ന പതസി ഭൂമൗ നാസ്മി ദാമോദരോഹം.

(*ബാലചരിതം*, 3. 11. ദാമോദരൻ അരിഷ്ടർഷഭനോട് പറയുന്നു: ആയുധമെന്നോ? ഉം. ഹേ! ഗിരിതടം പോലെ കഠിനമാണ് എന്റെ ഈ കൈകൾ. മറ്റായുധമൊക്കെ നിന്നെപ്പോലുള്ള ദുർബലന്മാർക്കാണ്. ഇനി എന്റെ ഭുജദണ്ഡങ്ങൾകൊണ്ട് പീഡിപ്പിക്കപ്പെട്ട് നീ വേഗം ഭൂമിയിൽ വീഴുന്നില്ലെങ്കിൽ ഞാൻ ദാമോദരനല്ല.) 'ദാമോദര'നെന്ന പര്യായപ്രയോഗത്തിലൂടെ അമ്മ ഉരലിനോട് ബാലനായ കൃഷ്ണനെ പിടിച്ചുകെട്ടിയതും അതുംകൊണ്ട് ഓടും വഴിക്ക് മരുതുമരങ്ങളെ പിളർ ന്നതും അങ്ങനെ യമളാർജ്ജുനാസുരന്മാരെ വധിച്ചതുമായ



കഥ ഓർമ്മപ്പെടുത്തുന്നതിലൂടെ വീരരസം വ്യഞ്ജിപ്പിക്കുന്നു.

*ദൂതവാക്യ*ത്തിൽ കുരുകുലത്തിന് കളങ്കം വരുത്തുന്ന വിധത്തിൽ യുധിഷ്ഠിരദൂതനായി ചെന്ന തന്നോട് സംസാരിക്കുന്ന ദുര്യോധനനോട് ഭഗവാൻ ശ്രീകൃഷ്ണൻ, "വയം കില തൃണാന്തരാഭിഭാഷകാഃ?" (നാം പുല്ലിനെപ്പറ്റി സംസാരിക്കുകയാണോ? – ഗൗരവപ്പെട്ട കാര്യങ്ങൾ വിട്ട് നിസ്സാരകാര്യങ്ങളെപ്പറ്റി സംസാരിക്കുകയാണോ എന്നു താല്പര്യം.) എന്ന ചോദ്യത്തിന് മറുപടി പോലെ, ദുര്യോധനൻ പറയുന്നു: "ഭോ ഗോപാലക! തൃണാന്തരാഭിഭാഷ്യോ ഭവാൻ!" (*ദൂതവാക്യം*. ഹേ ഗോപാലകാ! പുല്ലിനെപ്പറ്റി സംസാരിക്കാൻ പറ്റിയവനാണ് നീ) ഇവിടത്തെ ഗോപാലകനെന്ന സംബോധന പര്യായ വക്രതയ്ക്ക് ഉദാഹരണം. 'പുല്ലുമായിട്ടാണല്ലോ ബന്ധം, ഇടയച്ചെക്കനല്ലേ!' എന്ന പരിഹാസം വ്യംഗ്യം.

"ഒരൊറ്റ പുത്രന്റെ വിനാശം കൊണ്ടുതന്നെ അർജുനൻ ഇത്ര വ്യസനിക്കുമ്പേൾ നൂറുപുത്രന്മാരുടെ വധത്തിൽ അങ്ങ് പ്രാണവിയോഗം വരാതിരിക്കാൻ ശക്തി സംഭരിച്ചുകൊള്ളുക" എന്ന് കൃഷ്ണൻ ഘടോൽക്കചൻ മുഖേന അറിയിച്ചപ്പോൾ ധൃതരാഷ്ട്രൻ ദുര്യോധനനോട്:

സക്രോധവ്യവസായേന കൃഷ്ണേനൈതതദുദാഹൃതം
പശ്യാമീവ ഹി ഗാണ്ഡീവീ സർവക്ഷത്രവധേ ധൃതഃ.

(*ദൂതഘടോൽക്കചം*, 37. ക്രുദ്ധനായ കൃഷ്ണൻ ഇത്രയും അറിയിച്ചു. ഗാണ്ഡീവം ധരിച്ച അർജുനൻ എല്ലാ ക്ഷത്രിയരെയും വധിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നുവെന്ന് ഞാൻ കാണുന്നു.) ഗാണ്ഡീവി എന്ന പര്യായപദപ്രയോഗം സർവക്ഷത്രവധത്തിൽ അർജുനനുള്ള യോഗ്യതയെ വ്യഞ്ജിപ്പിക്കുന്നു.

നരമൃഗപതിവർഷ്മാലോകനഭ്രാന്തനാരീ–
നരദനുജസുപർവവ്രാതപാതാളലോകഃ
കരജകുലിശപാളീഭിന്നദൈത്യേന്ദ്രവക്ഷാഃ
സുരരിപുബലഹന്താ ശ്രീധരോസ്തു ശ്രിയേ വഃ.

(*കർണഭാരം*, 1. നരസിംഹാവതാരത്താൽ പരിഭ്രമിപ്പിക്കപ്പെട്ട സ്ത്രീകൾ, പുരുഷന്മാർ, അസുരന്മാർ, ദേവന്മാർ, പാതാളം, ഭൂലോകം എന്നിവയോടുകൂടിയവനും നഖമാകുന്ന വജ്രംകൊണ്ട് പിളർക്കപ്പെട്ട അസുരരാജാവിന്റെ മാറിടത്തോടുകൂടിയവനും അസുരന്മാരുടെ ശക്തി നശിപ്പിച്ചവനുമായ ലക്ഷ്മീകാന്തനായ വിഷ്ണു നിങ്ങൾക്ക് ഐശ്വര്യത്തെ നൽകട്ടെ.) ശ്രീയെ നൽകുവാൻ ശ്രീധരനുതന്നെയാണല്ലോ യോഗ്യത എന്നു ധ്വനി.

ഏഷ സംജ്ഞയാ സമാശ്വാസിതോ മാരുതിഃ,
സംഹൃത്യ ഭ്രുകുടീർലലാടവിവരേ സ്വേദം കരേണാക്ഷിപൻ
ബാഹുഭ്യാം പരിഗൃഹ്യ ഭീമവദനശ്ചിത്രാംഗദാം സ്വാം ഗദാം
പുത്രം ദീനമുദീക്ഷ്യ സർവഗതിനാ ലബ്ധേവ ദത്തം ബലം
ഗർജൻ സിംഹവൃഷേക്ഷണഃ ക്ഷിതിതലാദ് ഭൂയഃ
സമുത്തിഷ്ഠതി.

ധ*ഊരുഭംഗം*, 23. ആംഗ്യത്താൽ സമാശ്വസിപ്പിക്കപ്പെട്ട മാരുതി (വായുപുത്രൻ), പുരികം ചുളിച്ച്, നെറ്റിത്തടത്തിലെ വിയർപ്പ് കൈകൊണ്ട് തുടച്ചുമാറ്റി, ഭയങ്കരമായ മുഖത്തോടുകൂടി കൈകളിൽ ചിത്രാംഗദ എന്നു പേരുള്ള ഗദ പിടിച്ച്, ദീനനായ പുത്രനെ കണ്ട് സർവഗതിയായ വായുവിനാൽ നൽകപ്പെട്ട ബലം സ്വീകരിച്ചിട്ടോ എന്നു തോന്നുമാറ്, അലറിക്കൊണ്ട് സിംഹത്തിന്റെയും കാളയുടെയും കണ്ണുകൾ പോലുള്ള കണ്ണുകളോടുകൂടിയവനായി, ഭൂതലത്തിൽ നിന്ന് വീണ്ടുമൊന്ന് എഴുന്നേറ്റിരുന്നു.പ ഇവിടത്തെ 'മാരുതി' എന്ന ഭീമപര്യായപദം, അച്ഛനായ വായുദേവനിൽനിന്ന് ബലം സ്വീകരിക്കാനുള്ള യോഗ്യത ധ്വനിപ്പിക്കുന്നു.

തത്ര യാസ്യാമി യത്രാസൗ വർത്തതേ ലക്ഷ്മണപ്രിയഃ
നായോധ്യോ തം വിനായോധ്യാ സായോധ്യാ യത്ര രാഘവഃ.

(*പ്രതിമ*, 3. 24. ലക്ഷ്മണപ്രിയനുള്ളിടത്തേക്ക് പോകയാണ് ഞാൻ. അവനോടുകൂടാത്ത അയോധ്യ അയോധ്യയല്ല. രാഘവൻ – രാമൻ – ഉള്ളിടം അയോധ്യയത്രേ.) 'ലക്ഷ്മണപ്രിയ'നെന്ന രാമപര്യായം സന്ദർഭോചിതം. തനിക്ക് ഏറെ ആദരണീയനായ ലക്ഷ്മണനോടുകൂടി രാമൻ വസിക്കുന്ന സ്ഥലമാണ് ഭരതന് അയോധ്യ – അത് നാടായാലും കാടായാലും എന്ന ആശയം ധ്വനിക്കുന്നു.

രാവണൻ ശങ്കുകർണനോട്: "തേന ഹി കിങ്കരാണാം സഹസ്രം ബലമാജ്ഞാപയ വാനരഗ്രഹണായ" (*അഭിഷേകം* മൂന്നാമങ്കം. അതുകൊണ്ടുതന്നെ ആയിരം കിങ്കരന്മാരടങ്ങുന്ന സൈന്യത്തെ വാനരനെ പിടിച്ചുകൊണ്ടുവരാൻ അയയ്ക്കുക) ഇവിടത്തെ കിങ്കരശബ്ദം (എന്തു ചെയ്യണം എന്നു കല്പിച്ചാൽ അതു ചെയ്യാം എന്നു പറയുന്നവൻ കിങ്കരൻ = ഭൃത്യൻ) അവയവാർഥത്തിലൂടെ പര്യായവക്രതയുടെ ചമൽക്കാരമുളവാക്കുന്നു. ഹനുമാന്റെ ബലാതിശയം വ്യംഗ്യം.

ഹനൂമാൻ രാവണന് സ്വയം പരിചയപ്പെടുത്തുന്നു:
അഞ്ജനായാം സമുത്പന്നോ മാരുതസ്യൗരസഃ സുതഃ
പ്രേഷിതോ രാഘവേണാഹം ഹനൂമാൻ നാമ വാനരഃ.



ധ*അഭിഷേകം,* 3. 15. മാരുതന്റെ (വായുവിന്റെ) ഔരസപുത്രനായി അഞ്ജനയിൽ പിറന്നവനാണ് ഞാൻ. രാഘവനാൽ (രഘുവംശത്തി

ൽ ജനിച്ച രാമനാൽ) അയയ്ക്കപ്പെട്ട ഹനൂമാൻ ( പ്രശസ്തമായ താടിയെല്ലോടുകൂടിയവൻ) എന്ന വാനരൻ (കണ്ടാൽ നരനാണോ, മനുഷ്യനാണോ, എന്നു തോന്നുമാറുള്ളവൻ.)പ അച്ഛന്റെ ദിവ്യത്വവും അയച്ചയാളുടെ മഹത്ത്വവും പ്രതാപവും സ്വന്തം പേരിന്റെ അന്വർഥതയും സൂചിപ്പിച്ചുകൊണ്ട് തന്റെ അസാധാരണത്വം വ്യഞ്ജിപ്പിക്കുകയാണ് പര്യായവക്രതാബഹുലമായ ഈ ശ്ലോകത്തിലൂടെ ഹനൂമാൻ.

അഹം ദ്വിനേത്രോ ന സഹസ്രനേത്രോ
മതിശ്ച മൂഢാ സുചിരാഭിലാഷാത്
കാമാർണവസ്യാദ്യ തു ദൃഷ്ടപാരം
ചേംക്രീയതാം മേ സുഖമക്ഷിയുഗ്മം.

(*അവിമാരകം*, 3. 18. കുരംഗിയെ ഉണർത്തണമോ എന്ന നളിനികയുടെ ചോദ്യത്തിന് അവിമാരകന്റെ ഉത്തരം: ഞാൻ രണ്ടു കണ്ണു മാത്രമുള്ളവനാണ്; ആയിരംകണ്ണനല്ല. ഏറെക്കാലത്തെ അഭിലാഷത്താൽ മനസ്സ് മൂഢമായുമിരിക്കുന്നു. ഇന്ന് കാമമാകുന്ന സമുദ്രത്തിന്റെ മറുകര കണ്ട എന്റെ രണ്ടു കണ്ണും മതി വരുമാറ് സുഖിക്കട്ടെ.) 'സഹസ്രനേത്ര'പദം ഇന്ദ്രനെന്ന അർഥം ബോധിപ്പിച്ചുകൊണ്ട് ഇന്ദ്രനെപ്പോലെ കാമാവിഷ്ടനല്ല താൻ, തന്റെ പ്രേമം സംശുദ്ധമാണെന്നു വ്യഞ്ജിപ്പിക്കുന്നു.

## (സി) ഉപചാരവക്രത

സവിശേഷമായ അതിശയധർമത്തെ പ്രതിപാദിക്കുന്നതിനുവേണ്ടി അത്യന്തഭിന്നസ്വഭാവമായ വർണ്യവസ്തുവിൽ മറ്റൊരു വസ്തുവിന്റെ അല്പമാത്രമെങ്കിലുമായ സാധാരണധർമത്തെ ആരോപിക്കുന്നത് ഉപചരണപ്രധാനമാകയാൽ, ഉപചാരവക്രത. ഉദാ:–

രണപ്രിയത്വാദവശോ നിപീതവാൻ (*പഞ്ചരാത്രം*, 1. 22 ബി. യുദ്ധത്തിൽ തൽപരനാകയാൽ ദുര്യോധനൻ ദുഷ്കീർത്തിയെ കുടിച്ചുതീർത്തു – ദുഷ്കീർത്തി ഇല്ലാത്തവനായി) എന്നും

ദ്രോണഃ – ബ്രവീമി ഖലു താവത്. ബാഷ്പവേഗസ്തു മാം ബാധതേ. (*പഞ്ചരാത്രം* ഒന്നാമങ്കം. ആദ്യംതന്നെ പറയാമല്ലോ. ബാഷ്പവേഗം പക്ഷേ എന്നെ തടയുന്നു.) എന്നുമുള്ള വാക്യങ്ങൾ ഉദാഹരണം. ദുര്യോധനന്റെ യുദ്ധവീര്യപ്രശസ്തിയും ദ്രോണന്റെ പാണ്ഡവരെ ക്കുറിച്ചുള്ള ഉൽക്കണ്ഠയും വ്യഞ്ജിക്കുന്നു.

അവദാതിക കൊടുത്ത വൽക്കലം ചാർത്തിയപ്പോഴത്തെ മനോഹാരിതയെപ്പറ്റി സീത അവളോട് പറയുന്ന "ഇമാനി പ്രഹർഷിതാനി തനൂരുഹാണി മന്ത്രയന്തേ" (*പ്രതിമ* ഒന്നാമങ്കം. ഈ പ്രഹർഷിതങ്ങളായ രോമങ്ങൾ മന്ത്രിക്കുന്നു) എന്ന വാക്യത്തിലെ ഉപചാര വക്രത സീതയുടെ കേവലം കൗതുകത്തിനുപുറമെ അവശ്യംഭാവി യായ വനവാസത്തെ ധ്വനിപ്പിക്കുകയും ചെയ്യുന്നു.

ഉരഃ സ്തനതടാലസം ജഘനഭാരഖിന്നാ തനുഃ
മുഖം നയനവല്ലഭം പ്രകൃതിതാമ്രബിംബാധരം
ഭയേപി യദി താദൃശം നയനമാത്രപേയം വപുഃ
കഥം നു സുരതാന്തരപ്രചുരവിഭ്രമം തദ് ഭവേത്?

(*അവിമാരകം*, 2. 6. മുലത്തടം കൊണ്ട് അലസമായ മാറിടം, അരക്കെട്ടിന്റെ പിൻഭാഗത്തിന്റെ ഭാരം കൊണ്ട് ഖിന്നമായ ശരീരം, ദൃഷ്ടിമനോജ്ഞമായ മുഖം, സഹജാരുണമായ തൊണ്ടിപ്പഴം പോലുള്ള ചുണ്ട്, ഭയത്തിൽപോലും അത്രയ്ക്ക് കൺകൊണ്ടുമാത്രം കുടിക്കാവുന്ന ശരീരമാണെങ്കിൽ, സുരതക്രീഡാവസാനത്തിൽ ഏറെ വിഭ്രമത്തോടുകൂടിയ അത് എങ്ങനെയായിരിക്കും?) എന്ന അവിമാരകന്റെ നായികാവർണനവാക്യത്തിലെ "സ്തനതടാലസമായ ഉരസ്സ്", "ജഘനഭാരഖിന്നമായ തനു", "നയനവല്ലഭമായ മുഖം", "നയനമാത്രപേയമായ വപുസ്സ്" "സുരതാന്തരപ്രചുരവിഭ്രമമായ വപുസ്സ്'' എന്നിങ്ങനെ ഒട്ടെല്ലാ ഭാഗങ്ങളും ഉപചാരവക്രതാമനോജ്ഞം. കുരംഗിയുടെ അസാമാന്യമായ സൗന്ദര്യവും രതിക്രീഡാവിലാസവും വ്യഞ്ജിക്കുന്നു.

**(ഡി) വിശേഷണവക്രത**

നാമത്തിന്റെയോ ക്രിയയുടെയോ വിശേഷണങ്ങളുടെ പ്രയോഗത്തിലെ വൈചിത്ര്യംകൊണ്ടുളവാകുന്ന വക്രതയാണിത്. **നാമവിശേഷണവക്രത**യ്ക്ക് ഉദാ:–

ഭ്രമതി നഭസി വിദ്യുച്ചണ്ഡവാതാനുവിദ്ധൈർ–
നവജലദനിനാദൈർമേദിനീ സപ്രകമ്പാ
ഇഹ തു ജഗതി നൂനം രക്ഷണാർഥം പ്രജാനാ–
മസുരസമിതിഹന്താ വിഷ്ണുരദ്യാവതീർണഃ.

(*ബാലചരിതം*, 1. 9. മിന്നലോടും കൊടുങ്കാറ്റോടും കൂടിയ പുതുമേഘഗർജനങ്ങളാൽ ഭയങ്കരമായി കുലുങ്ങുന്ന ഭൂമി ആകാശത്തിൽ കറങ്ങുകയാണ്. ഇവിടെ ലോകത്താകട്ടെ തീർച്ചയായും പ്രജകളെ രക്ഷിക്കുന്നതിനുവേണ്ടി അസുരസംഘഘാതകനായ വിഷ്ണു ഇന്ന് അവതരിച്ചിരിക്കുന്നു.) എന്നും

അഗണിതപരിഖേദാ യാതി ഷണ്ണാം സുതാനാ–



മപചയഗമനാർഥം സപ്തമം രക്ഷമാണാ
ബഹുഗുണകൃതലോഭാ ജന്മകാലേ നിമിത്തൈഃ
സുത ഇതി കൃതസംജ്ഞം കംസമൃത്യും വഹന്തീ.

(*ബാലചരിതം*, 1. 10. ഇതാ, ദേവകി, ആറു പുത്രന്മാർ മരിച്ചതിലുള്ള ദുഃഖം കണക്കാക്കാതെ ആ വിഷമം തീർക്കുന്നതിന് ഏഴാമത്തേവനെ രക്ഷിച്ചുകൊണ്ട് പിറന്ന സമയത്തുതന്നെ ശുഭശകുനങ്ങൾകൊണ്ട് ധാരാളം ഗുണങ്ങളാൽ കൊതി വളർത്തി മകനെന്ന പേരിലുള്ള കംസമൃത്യുവെ വഹിച്ചുകൊണ്ട് പോവുകയാണ്.) എന്നും

ഇമാം നദീം ഗ്രാഹഭുജംഗസങ്കുലാം
മഹോർമിമാലാം മനസാപി ദുസ്തരാം
ഭുജപ്ലവേനാശു ഗതാർഥവിക്ലവോ
വഹാമി സിദ്ധിം യദി ദൈവതം സ്ഥിതം.

(*ബാലചരിതം*, 1. 18. മുതല, പാമ്പ് എന്നിവ നിറഞ്ഞതും വലിയ തിരമാലകളോടുകൂടിയതും മനസ്സുകൊണ്ടുപോലും കടക്കാൻ പ്രയാസമുള്ളതുമായ ഈ നദി, ഭാഗ്യം അനുകൂലമാണെങ്കിൽ, ഞാൻ കൈകളാകുന്ന പൊങ്ങുതടികൊണ്ട് വിഷമമില്ലാതെ കടക്കുന്നതാണ്.) എന്നുമുള്ള വസുദേവവാക്യങ്ങളിലെ, "വിദ്യുച്ചണ്ഡ വാതാനുവിദ്ധൈഃ നവജലദനിനാദൈഃ സപ്രകമ്പാ" എന്ന "മേദിനി"യുടെയും, "അസുരസമിതിഹന്താ" എന്ന "വിഷ്ണു"വിന്റെയും, "അഗണിതപരിഖേദാ", "രക്ഷമാണാ", "ബഹുഗുണകൃതലോഭാ" "വഹന്തീ" എന്ന "ദേവകി"യുടെയും, "സുത ഇതി കൃതസംജ്ഞം കംസമൃത്യും" എന്ന കൃഷ്ണന്റെയും "ഗ്രാഹഭുജംഗസങ്കുലാം", "മഹോർമിമാലാം", "മനസാപി ദുസ്തരാം" എന്ന "നദി"യുടെയും വിശേഷണങ്ങളിലൂടെ സഞ്ജാതമാകുന്ന വൈചിത്ര്യം വക്രതാസ്പദം. ഇവ യഥാക്രമം ഭയാനകം, വീരം, കരുണം, വാത്സല്യം മുതലായ വിവിധരസഭാവങ്ങളെ വ്യഞ്ജിപ്പിക്കുന്നു.

വസുദേവഃ – . . . ഇദം ഖലു ദുരാത്മനഃ കംസസ്യ ഗൃഹം ജ്യേഷ്ഠാശ്രിതമിവ ദൃശ്യതേ. ഇദമസ്മദീയം ഗൃഹം ശ്രിയാരൂഢമിവ ദൃശ്യതേ. (*ബാലചരിതം* ഒന്നാമങ്കം. വസുദേവൻ സ്വയം വിചാരിക്കുന്നു: ഈ ദുരാത്മാവായ കംസന്റെ വസതി ചേട്ട കേറിയതുപോലെ കാണപ്പെടുന്നു. നമ്മുടെ ഭവനമാകട്ടെ, ശ്രീഭഗവതി ഇരിപ്പുറപ്പിച്ചതുപോലെയും കാണപ്പെടുന്നു.) കംസന്റെ "ദുരാത്മനഃ" എന്ന വിശേഷണം കംസരാജധാനിയുടെ ഉപമാലങ്കാരസൂചിതമായ അശ്രീകരത്വത്തെ ധ്വനിപ്പിക്കുന്നു.

അപി പ്രവിഷ്ടം ധരണീമപ്യാരൂഢം നഭസ്ഥലം

സർവത്രാനുഗമിഷ്യന്തി ശരാസ്തേ കൃഷ്ണചക്ഷുഷഃ

(*ദൂതഘടോൽക്കചം*, 31. ധൃതരാഷ്ട്രൻ ഭടനോട്: ജയദ്രഥനെ സൂര്യാസ്തമയം കഴിയുന്നതുവരെ ഒളിപ്പിച്ചുവെക്കാനുള്ള ദുര്യോധ നാദികളുടെ തീരുമാനം ഭടൻ മുഖേന അറിഞ്ഞപ്പോൾ ധൃതരാഷ്ട്രൻ പറയുന്നു:

ഭൂമിക്കുള്ളിൽ പ്രവേശിച്ചാലും വിണ്ണിലേക്കുയർന്നാലും, ആ കൃഷ്ണചക്ഷുസ്സിന്റെ ശരങ്ങൾ എല്ലായിടത്തും പിന്തുടരുന്നതാണ്.) അർജുനന്റെ വിശേഷണമായി പ്രയോഗിച്ച "കൃഷ്ണചക്ഷുസ്സ്" എന്ന പദം (കൃഷ്ണൻ ചക്ഷുസ്സായിട്ടുള്ളവൻ – അർജുനൻ), കൃഷ്ണൻ സഹായിക്കാനുള്ളതുകൊണ്ട് അർജുനന് എന്തും സാധിക്കുമെന്നു ദ്യോതിപ്പിക്കുന്നു. പിന്നീട് സംഭവിക്കുന്നതും (സുദർശനചക്രം കൊണ്ട് സൂര്യനെ മറച്ച് ഇരുട്ടാക്കുകയും സൂര്യാസ്തമയം കഴിഞ്ഞുവെന്ന് വിചാരിച്ച് ജയദ്രഥൻ പ്രത്യക്ഷനാവുകയും അർജുനൻ അയാളെ കൊല്ലുകയും ചെയ്യുന്നത്) അതുതന്നെ. ഈ നാമവിശേഷണം വിശേഷ്യഗർഭിതമെന്നു വിശേഷം.

**ക്രിയാവിശേഷണവക്രത**യ്ക്ക് ഉദാ:–

അസൗ ഹി ദത്വാ തിമിരാവകാശ–<br>
മസ്തംഗതോ ഹ്യഷ്ടമപക്ഷചന്ദ്രഃ<br>
തോയാവഗാഢസ്യ വനദ്വിപസ്യ<br>
വിഷാണകോടീവ നിമജ്ജമാനാ.

(*ചാരുദത്തം*, 3. 3. അർധരാത്രിയിൽ സംഗീതക്കച്ചേരി കഴിഞ്ഞ് വിദൂഷകനോടൊപ്പം മടങ്ങി വീട്ടിന്നടുത്തെത്തുന്ന ചാരുദത്തൻ ചന്ദ്രാസ്തമയത്തെ വർണിക്കുന്നു: വെള്ളത്തിൽ മുങ്ങിയ കാട്ടാന യുടെ കൊമ്പിൻതുമ്പു പോലെ മുങ്ങിക്കൊണ്ടിരിക്കുന്ന അഷ്ടമിച്ച ന്ദ്രൻ ഇരുട്ടിന് ഇടം കൊടുത്തുകൊണ്ട് അസ്തമിച്ചു.) "അസ്തംഗതഃ" എന്ന ക്രിയയുടെ "തിമിരാവകാശം ദത്വാ" എന്ന വിശേഷണത്തിൽ വൈചിത്ര്യം. വെളിച്ചത്തെപ്പോലെ ഇരുട്ടിനും ഈ ലോകത്ത് അവകാ ശമുണ്ടെന്നും അതനുവദിച്ചുകൊടുക്കേണ്ട ബാധ്യത വെളിച്ചത്തിനു ണ്ടെന്നും അസ്തമിക്കാറായ അഷ്ടമിച്ചന്ദ്രക്കല സഹൃദയനായ തന്നെ ഓർമിപ്പിക്കുന്നുവെന്ന് ഉദാരശീലനായ ചാരുദത്തൻ ചിന്തിക്കു ന്നതായി ധ്വനിക്കുന്നു.

**നാമവിശേഷണത്തിനും ക്രിയാവിശേഷണത്തിനും തുല്യപ്രാ ധാന്യം നൽകിയതിന്** ഉദാ:–

ഭൃത്യൈർമഗധരാജസ്യ സ്നിഗ്ധൈഃ കന്യാനുഗാമിഭിഃ<br>
ധൃഷ്ടമുത്സാര്യതേ സർവസ്തപോവനഗതോ ജനഃ.

(*സ്വപ്നവാസവദത്തം*, 1. 2. കന്യയെ അനുഗമിക്കുന്ന മഗധ



രാജാവിന്റെ സ്നേഹമുള്ള ഭൃത്യന്മാരാൽ തപോവനത്തിലുള്ള സകല ജനങ്ങളും ധാർഷ്ട്യത്തോടുകൂടി അകറ്റിനിർത്തപ്പെടുന്നു.) ഇവിടെ "സ്നിഗ്ധൈഃ" എന്ന നാമവിശേഷണത്തിനും "ധൃഷ്ടം" എന്ന ക്രിയാ വിശേഷണത്തിനും തുല്യപ്രാധാന്യം. കന്യകയോടുള്ള ആദരം തപോവനജനങ്ങളെ അകറ്റിനിർത്തുന്നതിലുള്ള ധാർഷ്ട്യത്തിനു കാ രണമാവാം എന്നു വ്യംഗ്യം.

**(ഇ) സംവൃതിവക്രത**

സന്ദർഭത്തിനൊത്ത് ഉൽകർഷംകൊണ്ടോ നികർഷംകൊണ്ടോ പറയേണ്ടത് അങ്ങനെത്തന്നെ പറയാതെ സർവനാമങ്ങൾകൊണ്ട് മൂടി വെക്കുന്നത് സംവൃതിവക്രത.

ആര്യബാലാകി എന്ന കഞ്ചുകി "അഭിഷേകം അഭിഷേകം" എന്നു പറയുന്നതു കേട്ടതായി ചേടി അറിയിച്ചപ്പോൾ സീത പറയുന്നു: 'കോപി ഭർത്താ രാജ്യേ ഭവിഷ്യതി" (*പ്രതിമ* ഒന്നാമങ്കം. ഒരു സ്വാമി രാജ്യത്തിനുണ്ടാവും) രാമനാണ് രാജാവാകാൻ സർവഥാ യോഗ്യ നെന്നും ദശരഥന്റെ ഹിതവും അതുതന്നെയാണെന്നും സീതയ്ക്ക റിയാമെങ്കിലും അയോധ്യാരാജധാനിയിലെ അണിയറക്കുത്തിത്തി 'രിപ്പുകൾ (കോ നു ഖലൂദ്ഘാതോഭിഷേകസ്യ? അഥവാ ബഹു വൃത്താന്താനി രാജകുലാനി നാമ – എന്ത് വിഘ്നമാണ് അഭിഷേക ത്തിന്? അഥവാ രാജകുലങ്ങളിൽ പല കഥകളും നടക്കുമല്ലോ എന്നു പിന്നീട് സീത പറയുന്നതു ശ്രദ്ധിക്കുക) അഭിഷേകം ചിലപ്പോൾ പരാജയപ്പെടുത്തുമെന്ന് അവൾ ഭയപ്പെടുന്നതുകൊണ്ട് അത് തുറന്നുപറയാൻ അവൾ ആഗ്രഹിക്കുന്നില്ല. അതാണ് ഇവിടെ 'കോപി' (ഒരു) എന്നു പറഞ്ഞത്. ഭർത്താ എന്ന പദം രാജാവാകുന്നതു തന്റെ ഭർത്താവാവണമെന്ന തന്റെ ആഗ്രഹത്തെ വ്യഞ്ജിപ്പിക്കുകയും ചെയ്യുന്നുണ്ട് – 'ആര്യപുത്രഃ' എന്നല്ലാതെ 'ഭർത്താ' എന്നു പറഞ്ഞത് അത് ധ്വനി മാത്രമായിരുന്നാൽ മതി എന്ന ചിന്തയാലാവാം.

അഭിഷേകവിഘ്നത്തെക്കുറിച്ച് രാമൻ സീതയോട് പറയുന്നു:

ശത്രുഘ്നലക്ഷ്മണഗൃഹീതഘടേഭിഷേകേ<br>
ഛത്രേ സ്വയം നൃപതിനാ രുദതാ ഗൃഹീതേ<br>
സംഭ്രാന്തയാ കിമപി മന്ഥരയാ ച കർണേ<br>
രാജ്ഞഃ ശനൈരഭിഹിതം ച ന ചാസ്മി രാജാ.

(*പ്രതിമ*, 1. 7. ശത്രുഘ്നനും ലക്ഷ്മണനും അഭിഷേകജല പാത്രം പിടിച്ചപ്പോൾ, കരഞ്ഞുകൊണ്ടിരിക്കുന്ന രാജാവ് സ്വയം വെൺകൊറ്റക്കുട പിടിച്ചപ്പോൾ, സംഭ്രാന്തയായ മന്ഥരയാൽ രാജാ വിന്റെ കാതിൽ പതുക്കെ എന്തോ രഹസ്യം പറയപ്പെട്ടു. ഞാൻ രാജാ

വല്ലാതാവുകയും ചെയ്തു.) 'കിമപി' (എന്തോ) എന്ന പദം മന്ഥര യുടെ ഉപജാപത്തെ സംവരണം ചെയ്യുന്നു.

നിർഘൃണശ്ച കൃതഘ്നശ്ച പ്രാകൃതഃ പ്രിയസാഹസഃ
ഭക്തിമാനാഗതഃ കശ്ചിത് കഥം തിഷ്ഠതു യാത്വിതി.

(*പ്രതിമ,* 4. 5. ഭരതൻ കാട്ടിലെത്തി താൻ വന്ന വിവരം രാമനെ അറിയിക്കുന്നു: നിർദയനും നന്ദികെട്ടവനും പ്രാകൃതനും സാഹസം കാട്ടുന്നവനും ഭക്തിമാനുമായ ഒരുത്തൻ – നിൽക്കട്ടെയോ പോകട്ടെ യോ എന്ന് കല്പിച്ചാലും.) അഭിഷേകവിഘ്നവിഷയത്തിൽ കൈകേയി ചെയ്തതിൽ പാപബോധം തോന്നുന്ന ഭരതൻ, 'കശ്ചിത്' (ഒരുത്തൻ) എന്നിടത്തെ സംവൃതിവക്രതയിലൂടെ തന്റെ നിസ്സാരത യും അവഗണനീയതയും അതേസമയം രാമവിധേയത്വവും വ്യഞ്ജിപ്പിക്കുന്നു.

*അഭിഷേകനാടക*ത്തിൽ, ആരാണ് ഉദ്യാനം തകർത്തത് എന്ന രാവണന്റെ ചോദ്യത്തിന് ശങ്കുകർണന്റെ മറുപടി: "അവിദിതാ ഗമനേന കേനചിദ് വാനരേണ സസംരംഭമഭിമൃദിതാശോകവനികാ" (എവിടെനിന്ന് വന്നുവെന്നറിഞ്ഞുകൂടാത്ത ഒരു കുരങ്ങിനാലാണ് കുപിതനായി അശോകവനിക തകർക്കപ്പെട്ടത്) 'കേനചിദ്' എന്നത് ആ വാനരനോടുള്ള അവജ്ഞ ധ്വനിപ്പിക്കുന്നു.

മഹാസേനമന്ത്രിയായ ശാലങ്കായനൻ വത്സരാജനെ യുദ്ധത്തിൽ ബന്ദിയായി പിടിച്ചപ്പോൾ അദ്ദേഹമുപയോഗിച്ചിരുന്ന ഘോഷവതീ വീണ കണ്ടെടുത്ത് കാഞ്ചുകീയൻ മുഖേന മഹാസേനന് സമർപ്പി ച്ചപ്പോൾ രാജാവ് പറയുന്നു: "പ്രതിഗൃഹീതം ജയമംഗളം. (വീണാം ഗൃഹീത്വാ) ഇയം സാ ഘോഷവതീ നാമ." *ധപ്രതിജ്ഞായൗഗന്ധരാ യണം* രണ്ടാമങ്കം. വിജയസമ്മാനം ഞാൻ സ്വീകരിച്ചിരിക്കുന്നു. (വീണ വാങ്ങിയിട്ട്) ഇതാണാ ഘോഷവതി.പ ഇവിടത്തെ 'സാ' (ആ) എന്ന സർവനാമം വീണയുടെ പ്രസിദ്ധിയെ വ്യഞ്ജിപ്പിക്കുന്നു. പിന്നീടുള്ള കഥയിൽ അത് വഹിക്കുന്ന നിർണായകമായ പങ്കാളിത്ത ത്തെയും.

രാജാ –
കാമേനോജ്ജയിനീം ഗതേ മയി തദാ കാമപ്യവസ്ഥാം ഗതേ
ദൃഷ്ട്വാ സ്വൈരമവന്തിരാജതനയാം പഞ്ചേഷവഃ പാതിതാഃ
തൈരദ്യാപി സശല്യമേവ ഹൃദയം ഭൂയശ്ച വിദ്ധാ വയം
പഞ്ചേഷുർമദനോ യദാ കഥമയം ഷഷ്ഠഃ ശരഃ പാതിതഃ?

(*സ്വപ്നവാസവദത്തം,* 4. 1. ഞാൻ കാമത്തോടുകൂടി ഉജ്ജയിനി യിൽ എത്തി സ്വൈരമായി അവന്തിരാജകന്യകയെ കണ്ടതോടെ അയ്യമ്പന്റെ അമ്പുകളേറ്റ് വല്ലാത്തൊരവസ്ഥയെ പ്രാപിച്ചു; ഇന്നും ശല്യത്തോടുകൂടിയ ഹൃദയത്തെ അവ വീണ്ടും തുളയ്ക്കുകയാണ്.



കാമൻ അയ്യമ്പനാവുമ്പോൾ എങ്ങനെ ഈ ആറാമത്തെ ശരം തൊടുക്കപ്പെട്ടു?) 'കാമപി' (വല്ലാത്തൊരു) എന്നിടത്തെ സംവൃതി വക്രത, വാസവദത്തയുടെ സൗന്ദര്യത്തിന്റെയും ആകർഷകത യുടെയും അത് തന്നിലുളവാക്കിയ ഭാവവിശേഷത്തിന്റെയും അനിർവചനീയത വാച്യമായും അതിന്റെ ആധിക്യം വ്യംഗ്യമായും പ്രകാശിപ്പിക്കുന്നു.

ധാത്രീ – . . . അയമസ്മാകം ഭർത്തൃദാരക ഏക ഏവ കിമപി ചിന്തയംസ്തിഷ്ഠതി (*അവിമാരകം* രണ്ടാമങ്കം. ഇതാ നമ്മുടെ രാജകുമാരൻ ഒറ്റയ്ക്ക് എന്തോ ചിന്തിച്ചുകൊണ്ട് നിൽക്കുന്നു) കുരംഗിയെക്കുറിച്ചുള്ള ചിന്തയുടെ സവിശേഷശോഭ വ്യംഗ്യം.

**(എഫ്) പദമധ്യാന്തർഭൂതപ്രത്യയവക്രത**

പദങ്ങളുടെ മധ്യത്തിൽ വരുന്ന പ്രത്യയവിശേഷം കൊണ്ടു ളവാകുന്ന വക്രതയാണിത്.

കംസൻ തന്നെ കൊല്ലാൻ പോകുന്ന ശ്രീകൃഷ്ണനെ വർണിക്കുന്നതിലെ, ''ചലദസിതോല്പലപത്രചിത്രമാലഃ'' (*ബാലചരിതം*, 5. 9 ഡി. ചലിച്ചു കൊണ്ടിരിക്കുന്ന, ഇളകിക്കൊണ്ടി രിക്കുന്ന, നീലത്താമരയിതൾകൊണ്ടുള്ള മനോഹരമായ മാലയോടു കൂടിയവൻ) മാലയിലെ താമരയിതളുകളുടെ ചലനത്തിന്റെ അനുസ്യൂതിയും അതുവഴി മാലയുടെ സൗന്ദര്യാതിശയവും ദ്യോതിക്കുന്നു.

വാസവദത്താ – ഏഷാസ്മി തൂഷ്ണീകാ ഭവിഷ്യന്മഹാ സേനവധു! (*സ്വപ്നവാസവദത്തം* രണ്ടാമങ്കം. ഞാൻ മിണ്ടാതിരു ന്നേക്കാം, മഹാസേനന്റെ വധുവായിത്തീരാൻ പോകുന്നവളേ!) ഭവി ഷ്യത് + മഹാസേനവധു. തമാശയായാണ് പറയുന്നതെങ്കിലും സപത്നിയാവാൻ പോകുന്നവളെന്ന നിലയ്ക്ക് വാസവദത്തയ്ക്ക് യാതൊരു മനഃകാലുഷ്യവുമില്ലെന്ന് വ്യഞ്ജിക്കുന്നു.

ഇമാം തു ബാഷ്പാർദ്രകുതൂഹലാക്ഷീം
സംപ്രസ്രവദുഗ്ധപയോദയുഗ്മാം
അവേക്ഷിതാം മാതരമപ്രകാശ്യ
ധാത്രീത്വമേവൈതി സുചേതനാ മേ.

(*അവിമാരകം*, 6. 20. കുന്തിഭോജൻ സുദർശനയോട് പറയുന്നു: കണ്ണീർകൊണ്ട് നനഞ്ഞതും സന്തോഷം നിറഞ്ഞതുമായ കണ്ണുകളോടും നല്ലവണ്ണം ചുരയ്ക്കുന്ന പാലുള്ള മുലയിണയോടും കൂടി കാണപ്പെടുന്ന ഈ അമ്മയെ വെളിപ്പെടുത്താതെ, എന്റെ സുചേതന ഒരു പോറ്റമ്മയുടെ നില ഏറ്റെടുത്തു.) രണ്ടാം വരി ഉദാ

ഹരണം. ആ പാൽ ചുരയ്ക്കലിന്റെ അനുസ്യൂതത വ്യക്തമാക്കുന്ന തിലൂടെ അവളുടെ മാതൃത്വത്തിന്റെ മഹനീയത വ്യഞ്ജിപ്പിക്കുന്നു; അതുവഴി കുന്തിഭോജന്റെ കൃതജ്ഞതയുടെയുടെ ആധിക്യവും.

(ജി) വൃത്തിവൈചിത്ര്യവക്രത

വ്യാകരണപ്രസിദ്ധമായ സമാസ–തദ്ധിത–നാമധാതുരൂപമായ ചില വിചിത്രങ്ങളായ വൃത്തികളെ സ്വീകരിക്കുന്നതിലൂടെ കവികൾ പ്രദർശിപ്പിക്കുന്ന കാമനീയകവിശേഷം വൃത്തിവൈചിത്ര്യ വക്രത.

**സമാസവൈചിത്ര്യവക്രത**

ദ്രുതതുരഗരഥേഭഭ്രാന്തയോധോഗ്രനാദം
വിലസദമലഖഡ്ഗപ്രാസശക്ത്യൃഷ്ടികുന്തം
പവനബലവികീർണം ഫേനജാലോർമിമാലം
ജലനിധിമിവ ദോർഭ്യാം ക്ഷോഭയാമ്യേഷ സൈന്യം

(*ബാലചരിതം*, 5. 12. സങ്കർഷണൻ പറയുന്നു: വേഗമേറിയ കുതിരകളുടെയും തേരുകളുടെയും ആനകളുടെയും അങ്ങിങ്ങ് സഞ്ചരിക്കുന്ന കാലാളുകളുടെയും ഭയങ്കരമായ ശബ്ദത്തോടുകൂടി യതും ശോഭിക്കുന്നതും നിർമലവുമായ വാൾ, കുന്തം, വേൽ മുതലാ യവയോടുകൂടിയതും കാറ്റിന്റെ ശക്തി കൊണ്ട് ചിന്നിച്ചിതറിയതും നുരക്കൂട്ടം നിറഞ്ഞ തിരമാലയോടുകൂടിയതുമായ സൈന്യത്തെ ഞാൻ സമുദ്രത്തെയെന്നപോലെ ഇരുകൈകൾകൊണ്ടും ഇളക്കി മറിക്കുന്നതാണ്.) ദീർഘസമസ്തപദങ്ങൾ വീരരസവ്യഞ്ജകം.

വിദൂഷകഃ – ദാസ്യാഃ പുത്രൈർമധുകരൈഃ പീഡിതോസ്മി

(*സ്വപ്നവാസവദത്തം* നാലാമങ്കം. തന്തയില്ലാത്ത വണ്ടുക ളാൽ ഉപദ്രവിക്കപ്പെടുകയാണ് ഞാൻ) 'ദാസിയുടെ പുത്രന്മാർ' എന്ന അർഥത്തിലാണെങ്കിൽ 'ദാസീപുത്രാഃ' എന്നായിരിക്കണം. അലുപ്ത സമാസം മോശമായ അർഥം ദ്യോതിപ്പിക്കുന്നു.

രാമനെ കാണാൻ താൻ വന്നിട്ടുണ്ടെന്ന് അദ്ദേഹത്തെ അറിയിക്കാൻ ഭരതൻ സുമന്ത്രനോട് പറയുന്നു: "രാജ്യലുബ്ധായാഃ കൈകേയ്യാഃ പുത്രോ ഭരതഃ പ്രാപ്ത ഇതി" (*പ്രതിമ* നാലാമങ്കം.. രാജ്യം കൊതിച്ച കൈകേയിയുടെ പുത്രനായ ഭരതൻ വന്നിട്ടുണ്ടെ ന്ന്) 'ദാസ്യാഃ പുത്രഃ' എന്നപോലെ ദുരർഥം വ്യഞ്ജിപ്പിക്കാനാണ് ഭരതൻ സ്വയം 'കൈകേയീപുത്രൻ' എന്നു വിശേഷിപ്പിക്കാതെ 'കൈകേയ്യാഃ പുത്രഃ' എന്നു വിശേഷിപ്പിച്ചതെന്നു തോന്നുന്നു. 'കൈകേയിയുടെ പുത്രൻ' എന്നു മാത്രം അർഥം വിവക്ഷിക്കുന്നിടത്ത് 'കൈകേയീപുത്രഃ' എന്നുതന്നെ പ്രയോഗിച്ചുകാണുന്നു.



"ഭുക്തോജ്ഝിത ഏഷ വിഷയോത്രഭവത്യാ" (*സ്വപ്നവാസവ ദത്തം* ഒന്നാമങ്കം. അങ്ങ് ഈ വിഷയം അനുഭവിച്ച് ഉപേക്ഷിച്ച താണല്ലോ) അകമ്പടിയോടുകൂടി യാത്ര ചെയ്യുന്നതും മറ്റുള്ളവരെ ഭൃത്യർ മാറ്റിനിർത്തുന്നതുമൊക്കെ രാജ്ഞിയായിരുന്ന കാലത്ത് വാസവദത്ത അനുഭവിച്ചതുതന്നെയാണല്ലോ. ഇപ്പോൾ വിധിവൈപ രീത്യം കൊണ്ട് ഇപ്രകാരം അപമാനമേൽക്കുകയാണ്. ഇത് താമസിയാതെ മാറിക്കിട്ടുമെന്ന പ്രത്യാശ വ്യംഗ്യം.

രാജാ (മഹാസേനഃ) – ഏവം പ്രാപ്തഃ. ഹന്ത ഭോഃ! അദ്യ വിമുക്തസന്നാഹാ സുഖം വിശ്രാമ്യത്വക്ഷൗഹിണീ. അദ്യപ്രഭൃതി പ്രച്ഛന്നകൃതദൂതസംപ്രേഷണാ അശങ്കിതാഃ സ്ഥാസ്യന്തി രാജാനഃ. ഏഷ സമാസഃ – അദ്യാസ്മി മഹാസേനഃ. (*പ്രതിജ്ഞായൗഗ ന്ധരായണം* രണ്ടാമങ്കം. അങ്ങനെ അയാൾ – വത്സരാജൻ – ഇവിടെയെത്തി. ആവൂ! ഇന്ന് സന്നാഹം വെടിഞ്ഞ് സേന സുഖമായി വിശ്രമിക്കട്ടെ. ഇന്നുമുതൽ ഒളിച്ച് ദൂതകൃത്യം നിർവഹിക്കുന്ന രാജാക്കന്മാർക്ക് ശങ്ക കൂടാതെ നിലകൊള്ളാം. ചുരുക്കമിതാണ്: ഇന്ന് ഞാൻ മഹാസേനനായി) മഹാസേനൻ – മഹത്തായ – വിപുലമായ – സേനയോടുകൂടിയവൻ എന്ന് ബഹുവ്രീഹിസമാസം. പ്രദ്യോത രാജാവിന് മുൻപേ ഈ പ്രഖ്യാതിയുണ്ടെങ്കിലും അത് അന്വർഥമായത് തന്ത്രശാലിയായ മന്ത്രി യൗഗന്ധരായണനോടു കൂടിയ യുദ്ധവിക്രമി യെന്നു പ്രശസ്തനായ വത്സരാജനെ തന്റെ മന്ത്രി പിടിച്ചുകൊണ്ടു വന്നതോടുകൂടിയാണെന്നർഥം. സമാസം എന്നതിന് ഇവിടെ ചുരുക്ക മെന്നേ അർഥമുദ്ദേശിച്ചിട്ടുള്ളുവെങ്കിലും ഈ സമാസവൈചിത്ര്യംകൂടി വിവക്ഷിതമാക്കാവുന്നതാണ്. വത്സരാജനെ കീഴടക്കിയതിൽ മഹാസേനന്റെ അത്യധികമായ അഭിമാനവും ചാരിതാർഥ്യവും ധ്വനി.

**തദ്ധിതവൈചിത്ര്യവക്രത**

ജ്യേഷ്ഠോയം മമ തനയസ്തു രൗഹിണേയോ
ദേവക്യാസ്തനയമിമം ച കിം ന വിത്ഥ.

(*ബാലചരിതം*, 5. 13. വസുദേവവാക്യം. ഇത് എന്റെ മൂത്ത പുത്രൻ – രോഹിണിയിലുണ്ടായവൻ. ഇവൻ ദേവകിയുടെ മകൻ. ഇവരെ അറിയില്ലേ?) രൗഹിണേയനെന്ന തദ്ധിതപദം ദേവകിയെ അപേക്ഷിച്ച് രോഹിണിയുടെ അപ്രാധാന്യം ധ്വനിപ്പിക്കുന്നതായി തോന്നുന്നു – ചുരുങ്ങിയത് വസുദേവദൃഷ്ടിയിലെങ്കിലും. കംസവധ ത്തിൽ കൃഷ്ണനെ അപേക്ഷിച്ച് ബലരാമൻ അപ്രധാനനാണല്ലോ.

നദന്തി സുരതൂര്യാണി വൃഷ്ടിഃ പതതി കൗസുമീ
കംസാന്തകസ്യ പൂജാർഥം പ്രാപ്തോ ദേവാഃ സമാഗതാഃ.

(*ബാലചരിതം*, 5. 14. ദേവന്മാരുടെ പെരുമ്പറകൾ മുഴങ്ങുന്നു; പുഷ്പവൃഷ്ടി പതിക്കുന്നു; കംസാന്തകനെ പൂജിക്കുന്നതിനുവേണ്ടി മിക്കവാറും ദേവന്മാർ വന്നിരിക്കുന്നു.) 'കൗസുമീ' (വൃഷ്ടിഃ) എന്ന തദ്ധിതപ്രയോഗം അവിടെ അപ്പോൾ പതിച്ച പൂമഴയുടെ സൗകുമാര്യവും കുളിർമയും ദർശനീയതയും വ്യഞ്ജിപ്പിക്കുന്നു.

വൃദ്ധ(ബ്രാഹ്മണ)ഃ – പുത്രകാഃ കിം കുർമഃ? (*മധ്യവ്യായോഗം.* മക്കളേ, നാമെന്തു ചെയ്യും?) പുത്രകശബ്ദത്തിലെ തദ്ധിതമായ കപ്രത്യയം അല്പാർഥത്തെയെന്നപോലെ അനുകമ്പാ ർഥത്തെയും ദ്യോതിപ്പിക്കുന്നു. വൃദ്ധബ്രാഹ്മണന്റെ മക്കളോടുള്ള അതിവാത്സല്യ വും തന്റെ തൽക്കാലത്തെ നിസ്സഹായതയും ധ്വനി.

നിശാചരീമധ്യത്തിൽ പേടി പൂണ്ടിരിക്കുന്ന തന്നോട് പ്രണയാഭ്യ ർഥന നടത്തുന്ന രാവണനെപ്പറ്റി സീത പറയുന്നു: ഹാസ്യഃ ഖലു രാവണകഃ, യോ വചനഗതസിദ്ധിമപി ന ജാനാതി. (*അഭിഷേകം* രണ്ടാമങ്കം. നീചനായ ഈ രാവണൻ പരിഹാസ്യനാണല്ലോ – നേരാംവണ്ണം വാക്കുകൾ പറയാൻ പോലും അറിഞ്ഞുകൂടാത്തവൻ!) രാവണക ശബ്ദത്തിലെ കപ്രത്യയം കുത്സിതാർഥത്തിൽ. നീചത്വം വ്യഞ്ജി പ്പിക്കുന്നു.

അക്ഷകുമാരവധമറിഞ്ഞ് രാവണൻ നേരിട്ടുതന്നെ ഹനൂമാനെ കൊല്ലാൻ ഭാവിച്ചുകൊണ്ട് പറയുന്നു:

തിഷ്ഠ ത്വമഹമേവൈനമാസാദ്യ കപിജന്തുകം
ഏഷ ഭസ്മീകരോമ്യസ്മത്ക്രോധാനലകണൈഃ ക്ഷണാത്.

(*അഭിഷേകം*, 3. 8. നീ നിൽക്കൂ. ഈ ഞാൻതന്നെ ഈ നീചനാ യ വാനരജന്തുവിന്റെ അടുത്തു ചെന്ന് ക്ഷണം കൊണ്ട് നമ്മുടെ ക്രോധത്തീപ്പൊരികൾകൊണ്ട് ചാമ്പലാക്കുന്നതാണ്.) 'കപിജന്തുകഃ' എന്നിടത്തെ കപ്രത്യയം കുത്സിതാർഥദ്യോതകം. രാവണന് ഹനൂമാനെപ്പറ്റിയുള്ള അവജ്ഞാതിശയം ധ്വനി.

(വിരാട)രാജാ – അവധൂതം മേ ക്ഷത്രിയത്വം (*പഞ്ചരാത്രം* രണ്ടാമങ്കം. എന്റെ ക്ഷത്രിയത്വം സന്യസ്തമായി, ക്ഷത്രിയഭാവം സന്യാസഭാവമായി – ഗോക്കളുൾപ്പെടെയുള്ള പ്രജകളുടെ പാലനമെന്ന കർത്തവ്യത്തിൽ നിരതമായ ക്ഷത്രിയത്വം, എല്ലാം ത്യജിച്ച സന്യാസാവസ്ഥപോലെയായി എന്ന് ആത്മനിന്ദ വ്യഞ്ജി ക്കുന്നു.

വിരാടരാജാവ് അഭിമന്യുവെ ആശീർവദിക്കുന്നു:

യൗധിഷ്ഠിരം ധൈര്യമവാപ്നുഹി ത്വം
ഭൈമം ബലം നൈപുണമർജുനസ്യ



മാദ്രീജയോഃ കാന്തിമഥാഭിരൂപ്യം
കീർതിം ച കൃഷ്ണസ്യ ജഗത്പ്രിയസ്യ.

(*പഞ്ചരാത്രം*, 2. 70. നീ യുധിഷ്ഠിരനുള്ള ധൈര്യവും ഭീമനുള്ള ബലവും അർജുനന്റെ നിപുണതയും മാദ്രീപുത്രന്മാരുടെ സൗന്ദര്യ വും ബുദ്ധിശക്തിയും ലോകപ്രിയനായ കൃഷ്ണന്റെ കീർത്തിയും നേടിയാലും.) യൗധിഷ്ഠിരം, ഭൈമം, നൈപുണം, ആഭിരൂപ്യം എന്നീ തദ്ധിതപ്രയോഗങ്ങൾ ഒന്നിച്ച് ഈ ശ്ലോകത്തിൽ വന്നിരിക്കുന്നത് ചമൽക്കാരകരം.

അവിടെത്തന്നെ ധൃതരാഷ്ട്രൻ പറയുന്നു:

വഞ്ചനാനിഹതം ശ്രുത്വാ സുതമദ്യാഹവേ മമ
മുഖമന്തർഗതാസ്രാക്ഷമന്ധമന്ധതരം കൃതം.

(*ഊരുഭംഗം*, 37. ഇന്ന് മകൻ യുദ്ധത്തിൽ ചതികൊണ്ട് അടിച്ചിടപ്പെട്ടുവെന്നു കേട്ട് എന്റെ മുഖത്ത് കണ്ണീർനിറഞ്ഞ കണ്ണോടുകൂടിയ കുരുടനെ ഏറെ കുരുടനാക്കിത്തീർത്തു.) അന്ധതരം എന്നതിലെ 'തരപ്'പ്രത്യയം വൈചിത്ര്യാസ്പദം. സ്വതേ കുരുടനായ തന്നെ മകന്റെ മരണത്തിനിടയാക്കിയ ഈ ചതിപ്രയോഗം കൂടുതൽ കുരുടനാക്കിയിരിക്കുന്നു. ഭീമന്റെ ചതി ധൃതരാഷ്ട്രനെ അധികം ദുഃഖത്തിലാഴ്ത്തിയെന്നു ധ്വനി.

അഭിഷേകവിഘ്നവുമായി ബന്ധപ്പെട്ട് കൈകേയിയെപ്പറ്റി കാഞ്ചുകീയൻ പറഞ്ഞപ്പോൾ രാമൻ അവരെപ്പറ്റി:

യസ്യാഃ ശക്രസമോ ഭർത്താ മയാ പുത്രവതീ ച യാ
ഫലേ തസ്മിൻ സ്പൃഹാ തസ്യാ യേനാകാര്യം കരിഷ്യതി.

(*പ്രതിമ*, 1. 13. ഇന്ദ്രതുല്യൻ ഭർത്താവായ, എന്നാൽ പുത്രവതി യായ, അവർക്ക് അരുതാത്ത കാര്യം ചെയ്യുന്നതിൽ ആഗ്രഹമുണ്ടാ കുന്നതെങ്ങനെ?) പുത്രവതീ (പ്രശസ്തനായ പുത്രനോടുകൂടിയവൾ എന്ന തദ്ധിതപദപ്രയോഗം, തന്റെ അമ്മയായ കൈകേയി ചെയ്യ രുതാത്തതു ചെയ്യില്ലെന്ന രാമന്റെ ദൃഢവിശ്വാസം വ്യഞ്ജിപ്പിക്കുന്നു. രാമന്റെ ഈ വിശ്വാസത്തെപ്പറ്റി കാഞ്ചുകീയൻ തൊട്ടുടനെത്തന്നെ അഭിപ്രായപ്പെടുന്നു: "അലമുപഹതാസു സ്ത്രീബുദ്ധിഷു സ്വമാർജവ മുപനിക്ഷേപ്തും" (വികലമായ സ്ത്രീബുദ്ധികളിൽ സ്വന്തം ഋജു ബുദ്ധിയെ കാണരുത്).

ദ്രോണഃ– (ആത്മഗതം)

അദ്യ മേ കാര്യലോഭേന ഹനൂമത്ത്വം ഗതാ സ്പൃഹാ
ലംഘയിത്വാർണവം യേന നഷ്ടാ സീതാ നിവേദിതാ.

(*പഞ്ചരാത്രം*, 1. 50. കാര്യം സാധിക്കാനുള്ള കൊതി മൂത്ത് എന്റെ ആഗ്രഹം ഇപ്പോൾ ഹനൂമത്ത്വം പ്രാപിച്ചിരിക്കയാണ്. കാണാതായ

സീതയെ ഹനുമാൻ സമുദ്രലംഘനം നടത്തി ചെന്നു കണ്ട് വിവരം രാമനെ അറിയിച്ചുവല്ലോ.) അതുപോലെ അഞ്ചു രാത്രി കൊണ്ട് പാണ്ഡവന്മാരെയും കണ്ടെത്തി കൊണ്ടുവരാനാകുമെന്ന ശുഭപ്രതീക്ഷ വ്യംഗ്യം. ഹനൂമത്ത്വം എന്ന തദ്ധിതപ്രയോഗത്തിലെ വൈചിത്ര്യമാണ് ഈ വ്യംഗ്യം കൈവരുത്തുന്നത്.

**സുബ്ധാതുവൈചിത്ര്യവക്രത**

ഏതാം ചക്രധരസ്യ ധർമശകടീം ദഗ്ധും സമഭ്യുദ്യതോ
ദർഭേ ശുഷ്യതി നീലശാദ്വലതയാ വഹ്നിഃ ശനൈർവാമനഃ
വാതേനാകുലിതഃ ശിഖാപരിഗതശ്ചക്രം ക്രമേണാഗതോ
നേമീമണ്ഡലമണ്ഡലീകൃതവപുഃ സൂര്യായതേ പാവകഃ.

*ധപഞ്ചരാത്രം*, 1. 9. രാജാവിന്റെ ഈ ധർമ(യജ്ഞ)ശകടത്തെ ദഹിപ്പിക്കാൻ ഒരുങ്ങി, നീലപ്പച്ചപ്പുള്ളതുകൊണ്ട് ദർഭപ്പുല്ലിലെത്തുമ്പോൾ ചുരുങ്ങി, പതുക്കെ ചെറുതായി, കാറ്റേറ്റ് ജ്വലിച്ച് ക്രമേണ ചക്രത്തിലേക്കു കടന്ന്, നേമീമണ്ഡലത്തിൽ മണ്ഡലീകൃതമായ ശരീരത്തോടുകൂടി, സൂര്യനെപ്പോലെ ആചരിക്കുന്നു.പ ഇവിടത്തെ സൂര്യായതേ എന്ന പ്രയോഗം ഉദാഹരണം. സ്വയം പവിത്രത ദ്യോതിപ്പിക്കുന്ന (യജ്ഞ)പാവകന്റെ അതിപവിത്രത ഈ സൂര്യതുല്യാചരണസൂചകമായ സുബ്ധാതുവൈചിത്ര്യം കൊണ്ട് വ്യഞ്ജിക്കുന്നു.

*പ്രതിമാ*നാടകത്തിൽ ഭരതൻ അമ്മമാരോടും സൈന്യത്തോടുംകൂടി തന്നെ കാണാൻ വരുന്ന സന്ദർഭത്തിൽ രാമൻ സീതയോട്:

രേണുഃ സമുത്പതതി ലോധ്രസമാനഗൗരഃ
സംപ്രാവൃണോതി ച ദിശഃ പവനാവധൂതഃ
ശംഖധ്വനിശ്ച പടഹസ്വനധീരനാദൈഃ
സമ്മൂർഛിതോ വനമിദം നഗരീകരോതി.

(*പ്രതിമ*, 7. 4. പാച്ചോറ്റിപ്പൂവിനു സമാനം മഞ്ഞനിറത്തോടുകൂടിയ പൊടി ഉയർന്നുപൊങ്ങുന്നു; കാറ്റേറ്റിളകി അത് ദിക്കുകളെ നല്ലവണ്ണം മൂടുന്നു; പെരുമ്പറയടിയൊച്ചയോട് കലർന്ന് ശംഖധ്വനി ഏറെ മൂർഛിച്ച് ഈ കാടിനെ നഗരമാക്കിത്തീർക്കുന്നു.) നഗരീകരോതി = നഗരമല്ലാത്തതിനെ നഗരമാക്കിത്തീർക്കുന്നു. നഗരമെന്ന നാമം ഇവിടെ ധാതുവായി പ്രവർത്തിക്കുന്നു. ഈ വനത്തെ ഭരതന്റെ സൈന്യസമേതമുള്ള വരവ് നഗരം (അയോധ്യ) ആക്കിത്തീർക്കുന്നു. രാമൻ പോയതുകൊണ്ട് അയോധ്യ വനമായിത്തീർന്നു എന്നാണ് സാധാരണ പറയാറ്. ഇവിടെ ഭരതൻ വന്നതുകൊണ്ട് വനം അയോധ്യയായി അനുഭവപ്പെടുന്നു എന്നാണ് രാമന്റെ നിർവൃതി.



രാമന് ഭരതനോടുള്ള സ്നേഹവാത്സല്യങ്ങൾ വ്യംഗ്യം.

ധീരസ്യാശ്രമസംശ്രിതസ്യ വസത–
സ്തുഷ്ടസ്യ വന്യൈഃ ഫലൈർ–
മാനാർഹസ്യ ജനസ്യ വൽക്കലവതസ്ത്രാസഃ സമുത്പാദ്യതേ
ഉത്സിക്തോ വിനയാദപേതപുരുഷോ ഭാഗ്യൈശ്ചലൈർവിസ്മിതഃ
കോയം ഭോ നിഭൃതം തപോവനമിദം ഗ്രാമീകരോത്യാജ്ഞയാ.

(*സ്വപ്നവാസവദത്തം*, 1. 3. യൗഗന്ധരായണവാക്യം. ധീരരും ആശ്രമത്തെ ആശ്രയിച്ച് താമസിക്കുന്നവരും കാട്ടുകായ്കനികൾ കൊണ്ട് സന്തുഷ്ടരും ബഹുമാന്യരും മരവുരിയുടുത്തവരുമായ ആളുകൾക്ക് ഭയം ഉണ്ടാക്കുന്നു. അഹങ്കാരിയും വിനയമില്ലാത്തവനും ചഞ്ചലങ്ങളായ ഭാഗ്യങ്ങളാൽ ഗർവിതനുമായ ആരാണ് ശാന്തമായ ഈ തപോവനത്തെ മാറ്റിനിർത്തണമെന്ന കല്പനയാൽ ഗ്രാമമാക്കി ച്ചെയ്യുന്നത്?) 'ഗ്രാമീകരോതി' എന്ന സുബ്ധാതുപ്രയോഗവൈചിത്ര്യം, തപോവനോചിതമല്ലാത്ത വ്യവഹാരങ്ങളാൽ ഈ പവിത്രസ്ഥലിയെ ഗ്രാമ്യം (അപവിത്രം, അപരിഷ്കൃതം) ആക്കുന്നതിൽ, വാസവദത്താസംരക്ഷകനായി തൽക്കാലം വേഷമെടുത്തിട്ടുള്ള ബ്രാഹ്മണനെന്ന നിലയിലും സ്വതവേ ധർമനിഷ്ഠനായ മന്ത്രിയെന്ന നിലയിലും യൗഗന്ധരായണനുള്ള അമർഷവും പ്രതിഷേധവും ധ്വനി.

വിദ്യാധരൻ അവിമാരകനോട് പറയുന്നു: "അഥ കിമർഥമിദാനീം ഭവാൻ ക്ഷിതിതലം ദേവലോകീകരോതി?" (*അവിമാരകം* നാലാമങ്കം. താങ്കൾ ഇപ്പോൾ എന്തിനാണ് ഭൂതലത്തെ ദേവലോകമാക്കിച്ചെയ്യുന്നത്?) 'ദേവലോകീകരോതി' എന്നിടത്തെ സുബ്ധാതുവൈചിത്ര്യവക്രത വിദ്യാധരന് അവിമാരകന്റെ അമാനുഷികത്വത്തിൽ (ദേവത്വത്തിൽ) തോന്നിയ വിസ്മയവും മതിപ്പും വ്യഞ്ജിപ്പിക്കുന്നു. അവിമാര കൻ മനുഷ്യനാണെങ്കിലും അഗ്നിദേവസംഭൂതനാണല്ലോ!

**(എച്ച്) ലിംഗവൈചിത്ര്യവക്രത**

പും–സ്ത്രീ–നപുംസകലിംഗങ്ങളുടെ വിശിഷ്ടപ്രയോഗങ്ങൾ കൊണ്ട് കാവ്യത്തിന് രമണീയതയുളവാക്കുന്നത് ലിംഗ വൈചിത്ര്യവക്രത.

ദാരികാ വാ കുമാരോ വാ ഹന്തവ്യഃ സർവഥാ മയാ;
ദൈവം പുരുഷകാരേണ വഞ്ചയിഷ്യാമ്യഹം ധ്രുവം.

(*ബാലചരിതം*, 2. 14. ദേവകിയുടെ ഏഴാമത്തെ കുഞ്ഞ് പെണ്ണാണെന്നു കേട്ടപ്പോൾ കംസൻ പറയുന്നു: പെൺകുട്ടിയാകട്ടെ ആൺകുട്ടിയാവട്ടെ, ഏതു പ്രകാരത്തിലും അത് എന്നാൽ കൊല്ലപ്പെടേണ്ടതാണ്. ദൈവത്തെ പുരുഷകാരം കൊണ്ട് ഞാൻ

തീർച്ചയായും വഞ്ചിക്കുന്നതാണ്. വിധിയെ മനുഷ്യയത്നം കൊണ്ട് മറികടക്കുമെന്നർഥം.) ഇവിടെ പൂർവാർധത്തിൽ ദാരികാശബ്ദം സ്ത്രീലിംഗവും കുമാരശബ്ദം പുല്ലിംഗവുമാണല്ലോ; 'ഹന്തവ്യഃ' എന്നത് പുല്ലിംഗവും. 'ദാരികാ ഹന്തവ്യാ, കുമാരോ വാ ഹന്തവ്യഃ' എന്ന് അന്വയിച്ചു പറയാമെന്നതുകൊണ്ട് വ്യാകരണപ്രകാരം തെറ്റൊന്നുമില്ലെങ്കിലും, ഇങ്ങനെ ലിംഗവൈചിത്ര്യം വരുത്തി പ്രയോഗിച്ചതുകൊണ്ട്, സ്ത്രീയായാലും പുരുഷനായാലും ശത്രു ശത്രുതന്നെ, അതിന്റെ പൗരുഷവീര്യം ദുർജയ്യവും – അതിനാൽ കൊല്ലുകയേ നിവൃത്തിയുള്ളൂ എന്ന കംസഹൃദയം ധ്വനിക്കുന്നു. ഉത്ത രാർധത്തിലും ഈ വൈചിത്ര്യം മറ്റൊരു തരത്തിൽ ദൃശ്യമാകുന്നു.

ദൈവശബ്ദം നപുംസകലിംഗവും പുരുഷകാരശബ്ദം പുല്ലിംഗ വുമാണ്. വിധിയെ മറികടക്കുവാനുള്ള കരുത്ത് മനുഷ്യപ്രയത്ന ത്തിനുണ്ടെന്ന് ഈ ലിംഗവൈചിത്ര്യം വ്യഞ്ജിപ്പിക്കുന്നു. സ്ത്രീയേ ക്കാൾ കരുത്ത് പുരുഷന്നാണെന്നാണല്ലോ പൊതുവിശ്വാസം. ദേവകിക്കു ജനിക്കുന്ന പുത്രൻ തന്റെ അന്തകനായിരിക്കുമെന്നാണ് ശാപം. അതാണ് പ്രവചിക്കപ്പെട്ട ദൈവം (വിധി). ഇവിടെ പുത്രനല്ല പുത്രിയാണ് ജനിച്ചിരിക്കുന്നത്. ഇതാണ് പ്രത്യക്ഷമായ ദൈവം (വിധി). ഇതിലൊരു വഞ്ചനയുണ്ട്. ദേവകി പ്രസവിച്ച ആൺകുഞ്ഞി നെ യശോദയുടെ അടുത്തേക്കു മാറ്റി അവൾ പെറ്റ പെൺകുഞ്ഞിനെ ദേവകി പ്രസവിച്ചതുപോലെ അവളുടെ അരികിൽ പ്രദർശിപ്പിച്ചിരിക്ക യാണല്ലോ. ഈ വഞ്ചനയെ (ദൈവത്തെ) വഞ്ചനകൊണ്ടുതന്നെ (കുട്ടി പുത്രനാണെങ്കിലേ കൊല്ലൂ, പുത്രിയാണെങ്കിൽ കൊല്ലുകയില്ല എന്ന വാക്കിനെ തെറ്റിച്ചുകൊണ്ട്. ഇതും പൗരുഷത്തിന്റെ ഒരു കർമരൂപംതന്നെ) താൻ മറികടക്കുമെന്ന കംസന്റെ നിശ്ചയമാണി വിടെ വ്യക്തമാവുന്നത്. നപുംസകത്തെ പുല്ലിംഗംകൊണ്ട് എതിർക്കു ന്നത്ര അനായാസതയോടെ എന്നും ഈ ഉത്തരാർധത്തിലെ ലിംഗവൈചിത്ര്യവക്രത വ്യഞ്ജിപ്പിക്കുന്നതായി തോന്നുന്നു.

നാരായണ! നമസ്തേസ്തു പ്രണമന്തി ച ദേവതാഃ
അനേനാസുരനാശേന മഹീ ച പരിരക്ഷിതാ.

(*ബാലചരിതം*, 5. 18. നാരദവാക്യം. വിഷ്ണോ, അങ്ങയ്ക്ക് നമസ്കാരം. ദേവതകൾ അങ്ങയെ വണങ്ങുന്നു. ഈ അസുരനാശം കൊണ്ട് ഭൂമി പരിരക്ഷിക്കപ്പെട്ടുവല്ലോ.) മഹീ, ദേവതാഃ എന്നീ പദങ്ങളിലെ സ്ത്രീലിംഗപ്രയോഗം വൈചിത്ര്യാവഹം. ഒരു സ്ത്രീയെ രക്ഷിച്ചതിൽ മറ്റു സ്ത്രീകൾക്ക് ആ രക്ഷകനോട് കൃതജ്ഞതയും കടപ്പാടുമുണ്ടാകുമല്ലോ എന്നു വ്യംഗ്യം.



വ്യക്തം ബലം ബഹു ച തസ്യ ച നൈകകാര്യം
സംഖ്യാതവീരപുരുഷം ച ന ചാനുരക്തം
വ്യാജം തതഃ സമഭിനന്ദതി യുദ്ധകാലേ
സർവം ഹി സൈന്യമനുരാഗമൃതേ കളത്രം

(*പ്രതിജ്ഞായൗഗന്ധരായണം*, 1. 4. വിപുലമാണ് അയാളുടെ സേന, അതിലൊരാളും ഏകാഗ്രമനസ്സല്ല; അതിൽ കുറച്ചുപേരേ വീരന്മാരായുള്ളൂ, രാജാവിനോട് സ്നേഹമുള്ളവരല്ലതാനും. അങ്ങനെയുള്ള സൈന്യമാകെ അനുരാഗമില്ലാത്ത ഭാര്യയെപ്പോലെ യുദ്ധസന്ദർഭത്തിൽ അയാളെ വഞ്ചിക്കുന്നതാണ്.) ഇവിടത്തെ ഉപമേയമായ ബലം, സൈന്യം എന്നീ സേനാപര്യായങ്ങൾ മാത്രമല്ല, ഉപമാനമായ കളത്രവും നപുംസകലിംഗത്തിലാണ് പ്രയോഗിക്കപ്പെ ട്ടിട്ടുള്ളത്. അത്തരത്തിലുള്ള ഒരു രാജസേന, വീരോചിത മല്ലാത്ത, ആണും പെണ്ണും കെട്ട, നില കൈക്കൊള്ളുന്നതിൽ അസ്വാഭാവികതയില്ലെന്ന് ഈ ലിംഗവൈചിത്ര്യവക്രത ധ്വനിപ്പി ക്കുന്നു.

തീർഥോദകാനി സമിധഃ കുസുമാനി ദർഭാൻ
സ്വൈരം വനാദുപനയന്തു തപോധനാനി
ധർമപ്രിയാ നൃപസുതാ ന ഹി ധർമപീഡാ–
മിച്ഛേത് തപസ്വിഷു കുലവ്രതമേതദസ്യാഃ.

(*സ്വപ്നവാസവദത്തം,* 1. 6. കാഞ്ചുകീയവാക്യം. തീർഥജലം, ചമതകൾ, പൂക്കൾ, ദർഭകൾ – ഈ തപോധനങ്ങൾ കാട്ടിൽനിന്നു സ്വൈരമായി കൊണ്ടുവന്നുകൊള്ളട്ടെ. ധർമപ്രിയയായ രാജകുമാരി തപസ്വികളിൽ ധർമപീഡയെ ആഗ്രഹിക്കുന്നില്ല. ഇത് ഇവളുടെ കുല വ്രതമത്രേ.) ആദ്യപാദത്തിലെ നാലു പദങ്ങളും (തീർഥോദകാനി, സമിധഃ, കുസുമാനി, ദർഭാൻ) നപുംസകം, സ്ത്രീലിംഗം, നപുംസകലിംഗം, പുല്ലിംഗം എന്നിങ്ങനെ ഭിന്നലിംഗങ്ങളിൽ. പക്ഷേ എല്ലാം ബ ഹുവചനത്തിൽ. ഇതുണ്ടാക്കുന്ന വൈചിത്ര്യം വക്രതാസ്പദം. ഏതുവിധത്തിലുമുള്ള തപോധനങ്ങൾ സമാഹരിക്കുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നുവെന്നു ഭാവം. രാജകുമാരിയുടെ ധ ർമതല്പരത വ്യംഗ്യം.

### (ഐ) ക്രിയാവൈചിത്ര്യവക്രത

നാമരൂപമായ പദപൂർവാർധത്തിന്റെ വിവിധവക്രതാഭേദങ്ങളാണ് നാം ഇതുവരെ വിവരിച്ചത്. ക്രിയാരൂപമായ പദപൂർവാർധത്തിന്റെ വക്രതയ്ക്ക് ക്രിയാവൈചിത്ര്യവക്രത എന്നു പേർ. ഇത് പല വിധത്തിൽ വരാം.

രാമൻ കാട്ടിൽ തന്നെ കാണാൻ വന്ന ഭരതനെ നോക്കാൻ സീതയോട് പറയുന്നു: "ഭരതാവലോകനാർഥം വിശാലീക്രിയതാം തേ ചക്ഷുഃ" (*പ്രതിമ* നാലാമങ്കം. ഭരതനെ കാണുന്നതിനുവേണ്ടി നിന്റെ കണ്ണ് വിശാലമാക്കിയാലും). അതേ നാടകത്തിലെ സമാനമായ മറ്റൊരു ഭാഗം കൂടി: അയോധ്യയ്ക്കടുത്തെത്തിയ രാമൻ തങ്ങളെ കാണാൻ വരുന്ന ബന്ധുജനങ്ങളെ നോക്കാൻ സീതയോട് പറയുന്നു: "ശ്വശ്രൂജനപുരോഗം ഭരതമവലോകയിതും വിശാലീക്രിയതാം തേ ചക്ഷുഃ" (*പ്രതിമ* ഏഴാമങ്കം. ഇവിടെ രണ്ടിടത്തും ക്രിയയുടെ അസാധാരണത്വം കാണാം. സീതാരാമാദികൾക്ക് ഭരതനോടുള്ള സ്നേഹ വാത്സല്യാതിശയം ധ്വനി.

ദുര്യോധനഭീമന്മാരുടെ ഗദായുദ്ധം:

ഭീമാം ഗദാം ക്ഷിപതി ഗർജതി വൽഗമാനഃ
ശീഘ്രം ഭുജം ഹരതി തസ്യ കൃതം ഭിനത്തി
ചാരീം ഗതിം പ്രചരതി പ്രഹരത്യഭീക്ഷ്ണം
ശിക്ഷാന്വിതോ നരപതിർബലവാംസ്തു ഭീമഃ.

(*ഊരുഭംഗം*, 19. ഭയങ്കരമായ ഗദ എറിയുന്നു; ഇളകിക്കൊണ്ട് അലറുന്നു; വേഗത്തിൽ കൈ പിൻവലിക്കുന്നു; എതിരാളിയുടെ ചെയ്തിയെ തകർക്കുന്നു; ഒരു പ്രത്യേകതരത്തിൽ നടക്കുന്നു; തുടരെത്തുടരെ അടിക്കുന്നു. രാജാവ് അഭ്യാസം നേടിയവനാണ്; ഭീമനാകട്ടെ ശക്തനും.) വർത്തമാനകാലക്രിയയുടെ അനേകം തവണ ആവർത്തിച്ചുള്ള പ്രയോഗം കൊണ്ടുള്ള വൈചിത്ര്യം ഗദായുദ്ധത്തിന്റെ ഭീകരത ധ്വനിപ്പിക്കുന്നു.

പരിഷ്വജസ്വ ഗാഢം മാം
പരിഷക്തഃ ശുഭൈർഗുണൈഃ;
കീർത്ത്യാ തവ പരിഷക്താ
ഭവിഷ്യതി വസുന്ധരാ.

(*മധ്യമവ്യായോഗം*, 22. അമ്മയ്ക്കുള്ള ആഹാരത്തനായി കൊണ്ടുപോകാൻ നിശ്ചയിക്കപ്പെട്ട മധ്യമപുത്ര നോട് മൂത്ത മകൻ പറയുന്നു: സൽഗുണങ്ങളാൽ ആലിംഗനം ചെയ്യ പ്പെട്ട നീ എന്നെ മുറുകെ പുണരുക. ഭൂമി നിന്റെ കീർത്തിയാൽ ആലിംഗനം ചെയ്യപ്പെട്ടവളായി ഭവിക്കും.) ആലിംഗന(പരിഷ്വംഗ) ക്രിയയുടെ മൂന്നു രൂപങ്ങൾ ഇവിടെ കാണാം: (1) ജ്യേഷ്ഠനെ അനുജൻ ആലിംഗനം ചെയ്യുക, (2) സൽഗുണങ്ങളാൽ മധ്യമപുത്രൻ ആലിംഗനം ചെയ്യപ്പെടുക, (3) കീർത്തിയാൽ ഭൂമി ആലിംഗനം ചെയ്യപ്പെടുക. ആദ്യത്തേത് മുഖ്യാർഥത്തിലും മറ്റു രണ്ടെണ്ണവും ലാക്ഷണികാർഥ ത്തിലും. സ്വതേ സൽഗുണസമ്പന്നനായ അവൻ



ധർമകൃത്യം കൊണ്ട് മരണാനന്തരം ലോകവ്യാപകമായ കീർത്തി നേടുമെന്നു ദ്യോതിക്കുന്നു.

ദുര്യോധനഭീമന്മാരുടെ ഗദായുദ്ധം വിവിധപ്രേക്ഷകരിൽ വിവിധപ്രതികരണങ്ങളുണ്ടാക്കിയതിന്റെ വർണന:

പ്രഥമഃ – ഏകാഗ്രാംഗുലിധാരിതോന്നതമുഖോ
വ്യാസഃ സ്ഥിതോ വിസ്മിതഃ
ദ്വിതീയഃ – ദൈന്യം യാതി യുധിഷ്ഠിരോത്ര വിദുരോ
ബാഷ്പാകുലാക്ഷഃ സ്ഥിതഃ
തൃതീയഃ – സ്പൃഷ്ടം ഗാണ്ഡിവമർജുനേന ഗഗനം
കൃഷ്ണഃ സമുദ്വീക്ഷതേ
സർവേ – ശിഷ്യപ്രീതതയാ ഹലം ഭ്രമയതേ
രാമോ രണപ്രേക്ഷകഃ.

(വ്യാസൻ ഏകാഗ്രനായി വിരൽചൂണ്ടിയ ഇടത്തേക്ക് മുഖമുയർത്തി വിസ്മയത്തോടെ നിന്നു; ഈ വിഷയത്തിൽ യുധിഷ്ഠിരൻ ദുഃഖത്തെ പ്രാപിക്കുകയാണ്; വിദുരൻ കണ്ണീർ നിറഞ്ഞ കണ്ണുകളുമായി നില കൊള്ളുന്നു; അർജുനൻ ഗാണ്ഡീവത്തിൽ സ്പർശിച്ചു; കൃഷ്ണൻ ആകാശത്തേക്ക് നോക്കുകയാണ്; യുദ്ധം നോക്കിനിൽക്കുന്ന ബലരാമൻ ശിഷ്യനായ ദുര്യോധനനിലുള്ള പ്രീതി കൊണ്ട് കലപ്പ ചുഴറ്റുന്നു.) വിസ്മയം, ശോകം, വീരം, ഉദാസീനതാനാട്യം, ക്രോധം മുതലായ വിവിധഭാവരസങ്ങൾ വ്യഞ്ജിക്കുന്നു.

യാതോഭിമന്യുനിധനാത് സ്ഥിരതാം വിരോധഃ
പ്രാപ്തോ ജയഃ പ്രചലിതാ രിപവോ നിരസ്താഃ
ഉന്മൂലിതോസ്യ ച മദോ മധുസൂദനസ്യ
ലബ്ധോ മയാദ്യ സമമഭ്യുദയേന ശബ്ദഃ.

(*ദൂതഘടോൽക്കചം*, 11. ദുര്യോധനൻ ദുശ്ശാസനനോട് അഭിമന്യുവധത്തിന്റെ ഫലം വിസ്തരിക്കുന്നു: അഭിമന്യുവിന്റെ വധത്തോടെ വിരോധം സ്ഥിരതയെ പ്രാപിച്ചു. ജയം പ്രാപ്തമായി. ഇളകിവശായ ശത്രുക്കൾ നിരസിക്കപ്പെട്ടു. ആ ശ്രീകൃഷ്ണന്റെ മദവും വേരോടെ പിഴുതെടുക്കപ്പെട്ടു. എനിക്ക് ഇന്ന് കീർത്തിയോടൊപ്പം വലിയ വിജയവും കൈവന്നു.) ഇവിടെ പലേടത്തും ക്രിയയുടെ പുരഃക്ഷേപണവൈചിത്ര്യവുമുണ്ട്. ചെറുപ്പമാ ണെങ്കിലും മഹാരഥനാണ് അഭിമന്യുവെന്നും ആ ഒരൊറ്റ യോദ്ധാവിന്റെ വധം കൊണ്ട് താൻ നേടിയ നേട്ടങ്ങൾ അതിമഹത്താ ണെന്നും ദുര്യോധനൻ കരുതുന്നുവെന്ന് ധ്വനി.

"നീ കുമാരനെ എന്ത് ചെയ്യും, എങ്ങനെ പോറ്റും?" എന്ന വസുദേവന്റെ ചോദ്യത്തിന് നന്ദഗോപന്റെ മറുപടി: "ശൃണോതു

ഭർത്താ. ഏകസ്മിൻ ഗേഹേ ഗത്വാ ക്ഷീരം പിബതി. അന്യസ്മിൻ ഗേഹേ ഗത്വാ ദധി ഭക്ഷ്യതി. അപരസ്മിൻ ഗേഹേ ഗത്വാ നവനീതം ഗിലതി. അന്യസ്മിൻ ഗേഹേ ഗത്വാ പായസം ഭുംക്തേ. ഇതരസ്മിൻ ഗേഹേ ഗത്വാ തക്രഘടം പ്രലോകതേ. കിം ബഹുനാ, അസ്മാകം ഘോഷസ്യ പതിർഭവതി.'' (*ബാലചരിതം* ഒന്നാമങ്കം. ഏമാൻ കേട്ടാലും. അവൻ ഒരു വീട്ടിൽ ചെന്ന് പാൽ കുടിക്കും. മറ്റൊരു വീട്ടിൽ പോയി തൈരുണ്ണും. മറ്റൊരു വീട്ടിലെത്തി വെണ്ണ വിഴുങ്ങും. ഇനിയുമൊരു വീട്ടിൽ പോയി പായസം ഭുജിക്കും. മറ്റൊരു വീട്ടിൽ ചെന്ന് മോർക്കുടം സൂക്ഷിച്ച് നോക്കും. എന്തിനേറെ? അവൻ ഞങ്ങളുടെ ഗോകുലത്തിന്റെ നാഥനായിത്തീരും.) അവസാനവാക്യത്തിലൊഴികെ, തിന്നുക എന്ന ക്രിയയുടെ വിവിധരൂപങ്ങളാണ് പ്രയോഗിച്ചിരിക്കുന്നത്. ഈ ക്രിയാവൈവിധ്യം കൊണ്ടുള്ള വക്രത, ഗോകുലത്തിലെ എല്ലാ വീടുകളെയും കൃഷ്ണൻ നോക്കിക്കൊള്ളും, അങ്ങനെ വ്രജപതിയാവുമെന്നു ധ്വനിപ്പിക്കുന്നു. ഇതേ വാക്യങ്ങൾ ഈ നാടകത്തിൽ ഒന്നിലധികം തവണ കാണുന്നുമുണ്ട്.

മറ്റൊരുദാ:– 'എന്താണ് വത്സരാജനെ ഗർവിഷ്ഠനാക്കുന്നത്?' എന്ന രാജ്ഞിയുടെ ചോദ്യത്തിന് മഹാസേനന്റെ ഉത്തരം: "ഉത്സേകയത്യേനംപ്രകാശരാജർഷിനാമധേയോ വേദാക്ഷരസമവായപ്രവിഷ്ടോ ഭാരതോ വംശഃ. ദർപ്പയത്യേനം ദായാദ്യാഗതോ ഗാന്ധർവോ വേദഃ. വിഭ്രമയത്യേനം വയസ്സഹജം രൂപം. വിസ്രംഭയത്യേനം കഥമപ്യുത്പന്നോസ്യ പൗരാനുരാഗഃ." *ധ്വപ്രതിജ്ഞായൗഗന്ധരായണം* രണ്ടാമങ്കം. ഇവനെ ഗർവിഷ്ഠനാക്കുന്നത് വേദങ്ങളിൽ പരാമൃഷ്ടനായ പ്രകാശനെന്ന രാജർഷിയുടെ പേരോടുകൂടിയ ഭാരതവംശമാണ്; ഇവനെ അഹങ്കാരിയാക്കുന്നത് പൂർവികരിൽനിന്നു ലഭിച്ച ഗാന്ധർവ (സംഗീതശാസ്ത്ര)വേദമത്രേ; ഇവനെ വിഭ്രമിപ്പിക്കുന്നത് വയസ്സഹജമായ – യൗവനസഹജമായ – സൗന്ദര്യമാകുന്നു. ഇവനെ വിശ്വസിപ്പിക്കുന്നത് എങ്ങനെയോ ഇവനിലുളവായ പൗരാനുരാഗമാണ്.പ ഏതാണ്ട് ഒരേ അർഥമുള്ള ക്രിയകൾ ആവർത്തിച്ച് പ്രയോഗിക്കുന്നതിലൂടെ വത്സരാജന്റെ ആത്മവിശ്വാസാതിശയത്തെ വ്യഞ്ജിപ്പിക്കുന്നു.

പത്മാവതീരാജകുമാരിക്കുവേണ്ടി വഴിയിൽനിന്നു മാറിനിൽക്കണമെന്ന് ആജ്ഞാപിക്കുന്ന ഭടനോട് രാജകുമാരിയുടെ മനസ്സറിയുന്ന കാഞ്ചുകീയൻ പറയുന്നു:

പരിഹരതു ഭവാൻ നൃപാപവാദം
ന പരുഷമാശ്രമവാസിഷു പ്രയോജ്യം
നഗരപരിഭവാൻ വിമോക്തുമേതേ



വനമഭിഗമ്യ തപസ്വിനോ വസന്തി.

(*സ്വപ്നവാസവദത്തം*, 1. 5. നിങ്ങൾ രാജാവിന് അപവാദമുണ്ടാക്കിവെക്കരുത്. ആശ്രമവാസികളോട് പരുഷമായി പെരുമാറിക്കൂടാ. ഈ തപസ്വികൾ നഗരപരിഭവത്തിൽനിന്ന് രക്ഷപ്പെടാൻ കാട്ടിൽ വന്നു താമസിക്കുകയാണ്.) പരിഹരതു, ന പ്രയോജ്യം (ഭവതി), വസന്തി എന്നിങ്ങനെ ക്രിയകളിൽ വൈവിധ്യം വരുത്തിയിരിക്കുന്നു. രാജകുമാരിയുടെ ധർമനിഷ്ഠയും അതിനെതിരായി പ്രവർത്തിക്കുന്ന ഭടന്റെ അധികാരദുഷ്പ്രഭുത്വവും കാഞ്ചുകീയന്റെ ന്യായ്യമായ അധികാരപ്രയോഗവും ധ്വനിക്കുന്നു.

"ന ശക്യം ലോകസ്യാധിഷ്ഠാനഭൂതം കൃതാന്തം വഞ്ചയിതും." (*ബാലചരിതം* ഒന്നാമങ്കം. വസുദേവവാക്യം. കഴിവില്ല, ലോകത്തിന് അടിസ്ഥാനമായ കാലനെ വഞ്ചിക്കാൻ.) ക്രിയ (ന ശക്യം. അസ്തി, ഭവതി എന്ന സാമാന്യക്രിയകളിലൊന്ന് പ്രയോഗിച്ചിട്ടി ല്ലെങ്കിലും അതവിടെയുണ്ടെന്നു വന്നുകൊള്ളും) ആദ്യം പ്രയോഗി ച്ചതിൽ വൈചിത്ര്യം. കാലവഞ്ചനത്തിന്റെ അസാധ്യതയിൽ അല്പ വും സംശയമില്ലെന്നു ധ്വനി.

തൃപ്തോഗ്നിർഹവിഷാമരോത്തമമുഖം
തൃപ്താ ദ്വിജേന്ദ്രാ ധനൈ–
സ്തൃപ്താഃ പക്ഷിഗണാശ്ച ഗോഗണയുതാ–
സ്തേ തേ നരാഃ സർവശഃ
ഹൃഷ്ടം സംപ്രതി സർവതോ ജഗദിദം
ഗർജന്നൃപേ സദ്ഗുണൈ–
രേവം ലോകമുദാരുരോഹ സകലം
ദേവാലയം തദ്ഗുണൈഃ.

(*പഞ്ചരാത്രം*, 1. 4. ഹോമദ്രവ്യം കൊണ്ട് ദേവന്മാരുടെ ഉത്തമമുഖമായ അഗ്നി തൃപ്തമായി. ബ്രാഹ്മണശ്രേഷ്ഠന്മാർ ധനം കൊണ്ട് തൃപ്തന്മാരായി. പക്ഷികളും പശുക്കളും എല്ലായിടത്തുമുള്ള അതതു മനുഷ്യരും തൃപ്തരായി. ലോകമെമ്പാടും ഇപ്പോൾ രാജാവിലുള്ള സദ്ഗുണങ്ങൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ട് ഹൃഷ്ടമായി. ഇപ്രകാരം അദ്ദേഹത്തിന്റെ ഗുണങ്ങൾ കൊണ്ട് സർവലോകവും ദേവാലയമായിത്തീർന്നിരിക്കുന്നു.) ഇവിടെ ആകെ അഞ്ചു വാക്യങ്ങളുള്ളതിൽ ആദ്യത്തെ നാലു വാക്യങ്ങളിലും ക്രിയ ആദ്യം പ്രയോഗിച്ച് വൈചിത്ര്യം വരുത്തിയിരിക്കുന്നു. അഗ്നി, ബ്രാഹ്മണർ, പക്ഷികളും ഗോക്കളും മനുഷ്യരും, ലോകം മുഴുവൻ – ഈ ക്രമത്തിൽ യജ്ഞത്തിന്റെ ഫലം എല്ലാവർക്കും കൈവന്നിരിക്കുന്നു. ക്രിയാപുരഃക്ഷേപണത്തിലൂടെ ഇവരുടെ തൃപ്തിയുടെയും

സന്തുഷ്ടിയുടെയും ആധിക്യം ധ്വനിപ്പിക്കുന്നു. “ന ശക്നോമി ഭർത്തഃ, ന ശക്നോമി.” (*ബാലചരിതം*, □ ഒന്നാമങ്കം. നന്ദഗോപൻ വസുദേവനോട് – കഴിയില്ലെനിക്ക് ഏമാനേ, കഴിയില്ലെനിക്ക്.) ക്രിയയുടെ പുരഃപ്രക്ഷേപണത്തോടൊപ്പം ആവർത്തനവും കൂടി ഇവിടെ കാണാം. തന്റെ പത്നി യശോദ പെറ്റ ചാപിള്ളയെ കളയാൻ വിധിക്കപ്പെട്ട തനിക്ക് അത് സാധ്യമല്ലെന്ന നന്ദഗോപഹൃദയം വ്യംഗ്യം.

*ദൂതവാക്യ*ത്തിൽ വാസുദേവൻ ക്രുദ്ധനായപ്പോൾ അവിടേക്ക് ഗരുഡൻ വരുന്ന സന്ദർഭത്തെ വർണിക്കുന്നു: “അത്യുദ്ധതോ വായുഃ. അതിതപത്യാദിത്യഃ. ചലിതാഃ പർവതാഃ. ക്ഷുബ്ധാഃ സാഗരാഃ. പതിതാഃ വൃക്ഷാഃ. ഭ്രാന്താഃ മേഘാഃ. പ്രലീനാ വാസുകിപ്രഭൃതയോ ഭുജംഗേശ്വരാഃ.” (ഏറെ ഉദ്ധതനായിരിക്കുന്നു വായു. ഏററം തപിക്കുന്നു സൂര്യൻ. ചലിച്ചു പർവതങ്ങൾ. ഇളകിമറിഞ്ഞു സമുദ്രങ്ങൾ. വീണു വൃക്ഷങ്ങൾ. ചിന്നിച്ചിതറി മേഘങ്ങൾ. ഒളിച്ചുകളഞ്ഞു വാസുകി തൊട്ടുള്ള നാഗത്താന്മാർ.) ഗരുഡാഗമനത്തിൽ പ്രകൃതിപ്രതിഭാസങ്ങൾ ആകെ ഇളകിമറിഞ്ഞുവെന്ന് വർണിക്കുകയാൽ ഗരുഡന്റെ പ്രതാപാതിശയവും ആ പക്ഷീന്ദ്രൻ വാഹനമായിട്ടുള്ള മഹാവിഷ്ണുവിന്റെ (കൃഷ്ണന്റെ) മാഹാത്മ്യവും വ്യംഗ്യം.

രാവണൻ ആശ്രമത്തിൽ ഏകാകിനിയായ സീതയോട് തന്റെ പരാക്രമത്തെപ്പറ്റി പറയുന്നു:

ഭഗ്നഃ ശക്രഃ കമ്പിതോ വിത്തനാഥഃ
കൃഷ്ടഃ സോമോ മർദിതഃ സൂര്യപുത്രഃ
ധിഗ് ഭോഃ സ്വർഗം ഭീതദേവൈർനിവിഷ്ടം
ധന്യാ ഭൂമിർവർത്തതേ യത്ര സീതാ. (*പ്രതിമ*, 5. 17. ഞാൻ ഇന്ദ്രനെ തകർത്തു; കുബേരനെ വിറപ്പിച്ചു; ചന്ദ്രനെ പിടിച്ചുവലിച്ചു; യമനെ മർദിച്ചൊതുക്കി. എന്നെ ഭയപ്പെട്ട ദേവന്മാർ നിറഞ്ഞ സ്വർഗം നിന്ദ്യംതന്നെ. സീതയുള്ള ഭൂമി ധന്യയായി വർത്തിക്കുന്നു.) ഇവിടത്തെ പൂർവാർധത്തിൽ ക്രിയാപ്രയോഗം ആദ്യം ചേർത്ത് ഊന്നൽ വർധിപ്പിച്ചിരിക്കുന്നു. വീരരസവ്യഞ്ജകം.

അവിമാരകൻ അർധരാത്രി കുരംഗീരാജഭവനത്തിലെക്കു വന്ന സന്ദർഭം: “പ്രസീദന്തു ബലിശംബരമഹാകാലാഃ. വിജൃംഭതാം രാത്രിഃ. വർധതാം നിദ്രാ. അനുമന്യതാം പത്മാ. ലയം ഗതാഃ സർവവിഘ്നാ ഭവന്തു. ഹതാഃ പരിപന്ഥികാ ഭവന്തു. ജയതു ഭഗവതീ കാത്യായനീ.” (*അവിമാരകം* മൂന്നാമങ്കം. ബലിയും ശങ്കരനും മഹാകാളനും പ്രസാദി ക്കട്ടെ. രാത്രി വികസിക്കട്ടെ. ഉറക്കം വർധിക്കട്ടെ. ലക്ഷ്മീദേവി അനുഗ്ര ഹിക്കട്ടെ. എല്ലാ തടസ്സങ്ങളും ഇല്ലാതാവട്ടെ. ശത്രുക്കൾ നശിക്കട്ടെ. കാത്യായനീഭഗവതി ജയിക്കട്ടെ.)



അവിമാരകന്റെ നായികാസമാഗമാ കാംക്ഷ വ്യഞ്ജിക്കുന്നു.മധ്യേ ക്രിയാപദം വെച്ചുകൊണ്ട് വൈചിത്ര്യം വരുത്തുന്നതിന് ഉദാഹരണം: “മഹാബലഃ ഖലു സ വാനരഃ. തേന ഖലു മൃണാളവദുത്പാടിതാഃ സാലവൃക്ഷാഃ, മുഷ്ടിനാ ഭഗ്നോ ദാരുപർവതകഃ, പാണിതലാഭ്യാമഭിമൃദിതാനി ലതാഗൃഹാണി, നാദേനൈവ വിസംജ്ഞീകൃതാഃ പ്രമദവനപാലാഃ.” (*അഭിഷേകം* മൂന്നാമങ്കം. ശങ്കുകർണൻ പറയുന്നു: ആ വാനരൻ മഹാശക്തൻ തന്നെ. അയാളാണല്ലോ താമരത്തണ്ടു പോലെ സാലവൃക്ഷങ്ങളെ പുഴക്കിയത്, മുഷ്ടികൊണ്ട് മരക്കുന്നുകളെ തകർത്തത്, കൈകൾ കൊണ്ട് വള്ളിക്കുടിലുകളെ ഞെരിച്ചത്, ശബ്ദംകൊണ്ടുതന്നെ പ്രമദവനത്തിന്റെ കാവൽഭടന്മാരുടെ ബോധം കെടുത്തിയത്.) വീരരസധ്വനി.

തന്റെ പദ്ധതിയനുസരിച്ചല്ല വത്സരാജൻ പ്രവർത്തിക്കുന്നത്, വാസവദത്തയെയും കൊണ്ട് പ്രദ്യോതരാജധാനിയിൽനിന്ന് ഒളിച്ചോടുകയാണ് ചെയ്യുന്നത് എന്ന്, അറിഞ്ഞപ്പോഴത്തെ യൗഗന്ധരായണന്റെ പ്രതികരണം: “അഹോ നിരപത്രപതാ ഖലു ബുദ്ധേഃ. അഹോ സുഹൃജ്ജനസന്താപകാരണം. അദേശകാലേ ലളിതം കാമയതേ സ്വാമീ.” *(പ്രതിജ്ഞ* മൂന്നാമങ്കം. അഹോ! ബുദ്ധിയുടെ ലജ്ജയില്ലായ്മ! അഹോ! സുഹൃജ്ജനത്തിന് വ്യസനകാരണം! സ്ഥലകാലങ്ങൾ നോക്കാതെ കാമകാര്യത്തിൽ മുഴുകുകയാണ് രാജാവ്!) ഇവിടെ ആദ്യത്തെ രണ്ടു വാക്യങ്ങളിലും ക്രിയയുടെ അഭാവത്തിൽ ക്രിയാപ്രതീതി. രാജ്യതന്ത്രജ്ഞനും എങ്ങനെയെങ്കിലും രാജാവിനെ രക്ഷപ്പെടുത്തുന്നതിന് കരുക്കൾ നീക്കുന്നവനുമായ യൗഗന്ധരായണന്റെ തൽക്കാലത്തെ നൈരാശ്യം വ്യംഗ്യം.

★

# 6. പ്രത്യയാശ്രയവക്രത

ഇത് കാല–കാരക–സംഖ്യാ–പുരുഷഭേദേന പലവിധം.

**(എ) കാലവൈചിത്ര്യവക്രത**

വർത്തമാനാദികാലപ്രത്യയങ്ങളെ ഔചിത്യവർധകമാകുമാറ് നിബന്ധിക്കുന്നത്.

"യദി കംസോ രാജാ ശൃണോതി – വസുദേവസ്യ ദാരകോ നന്ദഗോപസ്യ ഹസ്തേ ന്യാസോ നിക്ഷിപ്ത ഇതി, കിം ബഹുനാ, ഗതമേവ മേ ശീർഷം." (*ബാലചരിതം* ഒന്നാം ഭാഗം. നന്ദഗോപ വാക്യം. വസുദേവന്റെ ആൺകുഞ്ഞ് നന്ദഗോപന്റെ കൈയിൽ ന്യാസ മായി സൂക്ഷിക്കപ്പെട്ടിരിക്കയാണെന്ന് കംസൻ തമ്പുരാൻ അറിയുക യാണെങ്കിൽ, എന്തിനധികം, പോയതുതന്നെ എന്റെ തല.) 'തല പോകും' എന്ന ഭാവ്യർഥത്തിൽ 'തല പോയി' എന്നു ഭൂതകാലത്തിൽ പ്രയോഗിക്കയാൽ കാലവൈചിത്ര്യം. സംഭവിച്ചാലെന്നതുപോലെ അത്ര ഉറപ്പാണ് തല പോകൽ എന്നർഥം. കംസന്റെ നിശ്ചയം കടുകിട മാറാത്തതെന്നു വ്യംഗ്യം. മറ്റൊരുദാ:–

കൃഷ്ണാപരാഭവഭുവാ രിപുവാഹിനീഭ–
കുംഭസ്ഥലീദളനതീക്ഷ്ണഗദാധരസ്യ
ഭീമസ്യ കോപശിഖിനാ യുധി പാർഥപത്രി–
ചണ്ഡാനിലൈശ്ച കുരുവംശവനം വിനഷ്ടം.

(*ദൂതവാക്യം*, 14. പാഞ്ചാലിയുടെ പ്രതികാരത്തിൽനിന്ന് ഉത്ഭവിച്ചതും ശത്രുസൈന്യത്തിലെ ഗജവീരന്മാരുടെ മസ്തകങ്ങളെ തകർക്കുന്ന തീക്ഷ്ണമായ ഗദ ധരിക്കുന്ന ഭീമന്റെ കോപാഗ്നിയാലും യുദ്ധത്തിൽ അർജുനന്റെ ശരക്കൊടുങ്കാറ്റുകളാലും കുരുവംശക്കാട് മുച്ചൂടും നശിച്ചിരിക്കുന്നു.) മഹാഭാരതയുദ്ധത്തിൽ കൗരവരുടെ ഉന്മൂലനാശം നിസ്സംശയമെന്നു ധ്വനി.

ബാലിസുഗ്രീവയുദ്ധത്തിനു മുൻപ് സുഗ്രീവനോട് ബാലിയെ താൻ കൊല്ലുമെന്നു രാമൻ പ്രതിജ്ഞ ചെയ്യുന്നു:

മത്സായകാന്നിഹതഭിന്നവികീർണദേഹം
ശത്രും തവാദ്യ സഹസാ ഭുവി പാതയാമി;
രാജൻ! ഭയം ത്യജ മമാപി സമീപവർത്തീ
ദൃഷ്ടസ്ത്വയാ ച സമരേ നിഹതഃ സ ബാലീ.

(*അഭിഷേകം*, 1. 4. എന്റെ ബാണമേറ്റ് ചിന്നിച്ചിതറിയ ശരീരത്തോ ടുകൂടി നിന്റെ ശത്രുവെ ഇന്ന് ഞാൻ ഭൂമിയിൽ വീഴ്ത്തുന്നതാണ്. രാജാവേ! പേടി കളയൂ. എന്റെ സമീപത്തുതന്നെ കാണപ്പെടുന്ന ആ

ബാലി യുദ്ധത്തിൽ നിന്നാൽ കൊല്ലപ്പെട്ടുകഴിഞ്ഞു.) ഈ പദ്യത്തിലെ 'പാതയാമി' എന്ന വർത്തമാനക്രിയയും 'നിഹതഃ' എന്ന ഭൂതകാലാർഥത്തിലുള്ള പ്രയോഗവും ഭാവികാലത്തെ കുറിക്കുന്നു. ബാലിയെ കൊന്നു എന്നുതന്നെ വിചാരിക്കാവുന്ന നിലയിലായി എന്നു വ്യഞ്ജിക്കുന്നു.

മറ്റൊരുദാ:– യുദ്ധത്തിന് സേനാവിന്യാസം തുടങ്ങുന്നതിന് മുൻപ് രാമന്റെ വിചാരം:

മമ ശരവരവാതപാതഭഗ്നാ
കപിവരസൈന്യതരംഗതാഡിതാന്താ
ഉദധിജലഗതേവ നൗർവിപന്നാ
നിപതതി രാവണകർണധാരദോഷാത്.

(*അഭിഷേകം*, 4. 18. എന്റെ ശരമാകുന്ന കൊടുങ്കാറ്റേറ്റ് തകർന്ന്, വാനരവീരന്മാരുടെ സേനയാകുന്ന അലയടിക്കുന്ന കരയോടുകൂടി, കടൽവെള്ളത്തിൽ പെട്ട് തകർന്ന കപ്പലെന്നപോലെ രാവണനാകുന്ന കപ്പിത്താന്റെ കുറ്റത്താൽ ഈ ലങ്ക നിപതിക്കുന്നതാണ്.) 'നിപതതി' എന്ന വർത്തമാനകാലാർഥകമായ ലട് ഭവിഷ്യദർഥത്തിൽ. വീരരസദ്യോതകം.

**(ബി) കാരകവൈചിത്ര്യവക്രത**

ഭംഗീഭണിതികൊണ്ട് അപൂർവരമണീയത പോഷിപ്പിക്കുന്നതിനുവേണ്ടി കാരകങ്ങൾ മാറ്റി പ്രയോഗിക്കുന്നിടത്ത് കാരകവൈചിത്ര്യവക്രത.

"കാഷ്ഠഭൂതം കളേബരം ത്യജ്യതാം " (*ബാലചരിതം* ഒന്നാമങ്കം. വസുദേവൻ നന്ദഗോപനോട് പറയുന്നു: മരത്തടിയായിത്തീർന്ന ശരീരം – കുഞ്ഞിന്റെ ശവം – ഉപേക്ഷിക്കപ്പെട്ടാലും.) 'മരത്തടിയായിത്തീർന്ന ശരീരത്തെ ഉപേക്ഷിച്ചാലും' എന്നിങ്ങനെ കർത്തരിപ്രയോഗത്തിനുപകരം ഇവിടെ കർമണിപ്രയോഗം സ്വീകരിച്ചതിൽ (കർമത്തെ കർത്താവായി പ്രയോഗിച്ചതിൽ) വൈചിത്ര്യം. കർമത്തിന് (കുഞ്ഞിന്റെ ശവശരീരത്തിന്) കർത്തൃത്വത്തിലൂടെ പ്രാധാന്യം കൈവന്നിരിക്കുന്നു. ശവത്തെ എവിടെയെങ്കിലും കളയുക എന്നതാണ് പ്രധാനമെന്നു വ്യംഗ്യം.

ഹുങ്കാരശബ്ദേന മമേഹ ഘോഷേ
സ്രവന്തി ഗർഭാ വനിതാജനസ്യ;
ഖുരാഗ്രപാതൈർലിഖിതാർധചന്ദ്രാ
പ്രകമ്പതേ സദ്രുമകാനനാ ഭൂഃ.

(*ബാലചരിതം*, 3. 6. അരിഷ്ടർഷഭവാക്യം: എന്റെ ഹുങ്കാര



ശബ്ദം കൊണ്ട് ഈ ഗോകുലത്തിലെ വനിതകളുടെ ഗർഭങ്ങൾ അലസുന്നു; കുളമ്പഗ്രം കൊണ്ടുള്ള ചവിട്ടുകളാൽ മരക്കാടുകളോടുകൂടിയ ഭൂമി ഏറെ കുലുങ്ങുന്നു.) 'ഹുങ്കാരം വനിതാഗർഭങ്ങളെ അലസിക്കുന്നു, ചവിട്ട് ഭൂമിയെ കുലുക്കുന്നു' എന്നിങ്ങനെ പ്രയോജകക്രിയയ്ക്കുപകരം 'ഗർഭങ്ങൾ അലസുന്നു', 'ഭൂമി കുലുങ്ങുന്നു' എന്നിങ്ങനെ കർമകാരകങ്ങളെ കർത്താവാക്കി പ്രയോഗിച്ചതിൽ കാരകവൈചിത്ര്യവക്രത. ഗർഭങ്ങൾ സ്വയം അലസിപ്പോകത്തക്ക വിധം അത്രമേൽ ഭയങ്കരമാണ് അരിഷ്ടർഷഭന്റെ ഹുങ്കാരമെന്നും ഭൂമി താനേ കുലുങ്ങിപ്പോകത്തക്കവിധത്തിൽ അത്രമേൽ ശക്തിമത്താണ് അവന്റെ കുളമ്പുകൊണ്ടുള്ള ചവിട്ടെന്നും ധ്വനിക്കുന്നു.

പ്രതിജ്ഞാവസിതേ ഭീമേ ഗതേ ഭ്രാതൃശതേ ദിവം
മയി ചൈവം ഗതേ രാമ! വിഗ്രഹഃ കിം കരിഷ്യതി?

(*ഊരുഭംഗം*, 33. ദുര്യോധനനെ ഭീമൻ ഗദായുദ്ധത്തിൽ വഞ്ചനയിലൂടെ തോല്പിച്ചുവെന്നു കണ്ട ബലരാമൻ യുദ്ധം ചെയ്ത് പാണ്ഡവരെ കൊല്ലുമെന്നു പറയുന്നതിന് ദുര്യോധനന്റെ മറുപടി: ഭീമൻ നൂറ്റുവരെ മുഴുവൻ കൊല്ലുമെന്ന പ്രതിജ്ഞ നിറവേറ്റുകയും നൂറു സോദരന്മാരും സ്വർഗം പൂകുകകയും ഞാൻ ഈ വിധത്തിലാവുകയും ചെയ്തിരിക്കേ, രാമാ! യുദ്ധം എന്തു ചെയ്യും?) 'യുദ്ധം കൊണ്ട് നീ/നാം എന്തു ചെയ്യാൻ?' എന്ന അർഥത്തിൽ കാരകമാറ്റത്തോടെ 'യുദ്ധം എന്തു ചെയ്യും?' എന്നു പ്രയോഗിച്ചതിനാൽ കാരകവൈചിത്ര്യവക്രത. കരണകാരകത്തിനു പകരം കർത്തൃകാരകം നൽകിയതുകൊണ്ട് യുദ്ധത്തിന്റെ പ്രാധാന്യം വ്യഞ്ജിപ്പിക്കുന്നു, അതുകൊണ്ടുതന്നെ അത് അനാവശ്യമാണ് എന്ന തന്റെ അഭിപ്രായം വെളിപ്പെടുത്തുകയാണ് ദുര്യോധനൻ.

കന്യാപുരാത് കഥമപീഹ വിനിർഗതം മേ
ഭാഗ്യാവശേഷമവലംബ്യ ശരീരമാത്രം
അദ്യാപി തന്മമ മനോ ന തു മാമുപൈതി
നാവേക്ഷതേ മയി തയാ പ്രിയയാവരുദ്ധം.

(*അവിമാരകം*, 4. 1. അവിമാരകൻ പറയുന്നു: കുറച്ചു ഭാഗ്യം അവശേഷിക്കുന്നതുകൊണ്ട് കന്യാപുരത്തിൽ നിന്ന് എങ്ങനെയോ എന്റെ ഈ ശരീരവുമായി ഞാൻ പുറത്തു കടന്നു. ഇപ്പോഴും എന്റെ ആ മനസ്സ് എന്നെ പ്രാപിച്ചിട്ടില്ല. പ്രിയയായ അവളാൽ തടവിലാക്കപ്പെട്ട അത് എന്നിൽ കാണുന്നില്ല.) "മമ മനഃ മാം ന ഉപൈതി" (എന്റെ മനസ്സ് എന്നെ പ്രാപിക്കുന്നില്ല) എന്ന വാക്യത്തിൽ മനസ്സിനെ കർത്താവും എന്നെ കർമവുമായി അവതരിപ്പിച്ചതിൽ വൈചിത്ര്യം.

ഭൗതികമായി അവിമാരകൻ കന്യാപുരത്തിനു പുറത്താണെങ്കിലും മാനസികമായി അവളുടെ കൂടെത്തന്നെ യാണെന്നു ധ്വനി. അവളതിനെ തടവിലാക്കിയിരിക്കുന്നു എന്നു കൂടി സൂചിപ്പിച്ചിരിക്കകൊണ്ട് ആ കാമിനീകാമുകന്മാരുടെ പരസ്പരപ്രണയ ദാർഢ്യം ദ്യോതിപ്പിക്കപ്പെടുന്നു.

**(സി) സംഖ്യാവൈചിത്ര്യവക്രത**

വൈചിത്ര്യത്തിനുവേണ്ടി കവികൾ ചിലപ്പോൾ വചനം മാറി പ്രയോഗിക്കും. അത്തരം സന്ദർഭങ്ങൾ സംഖ്യാവൈചിത്ര്യവക്രതയ്ക്ക് ഉദാഹരണങ്ങളത്രേ.

പാണ്ഡവർക്ക് പാതിരാജ്യം കൊടുക്കണമെന്ന ദ്രോണന്റെ ഗുരുദക്ഷിണാരൂപമായ ആവശ്യത്തിന്റെ കാര്യത്തിൽ അഭിപ്രായം തേടിയ ദുര്യോധനനോട് കർണ്ണൻ,

രാമേണ ഭുക്താം പരിപാലിതാം ച
സുഭ്രാതൃതാം ന പ്രതിഷേധയാമി;
ക്ഷമാക്ഷമത്വേ തു ഭവാൻ പ്രമാണം;
സംഗ്രാമകാലേഷു വയം സഹായാഃ.

(*പഞ്ചരാത്രം*, 1. 45. ഇപ്പോൾ ഞാനെന്തു പറയും? രാമനാൽ അനുഭവിക്കപ്പെട്ടതും പരിപാലിക്കപ്പെട്ടതുമായ ശോഭനമായ, ആദർശഭൂതമായ, സാഹോദര്യത്തെ ഞാൻ എതിർക്കുകയില്ല. ക്ഷമയുടെയോ അക്ഷമയുടെയോ കാര്യത്തിലാകട്ടെ, അങ്ങാണ് പ്രമാണം. യുദ്ധകാലങ്ങളിൽ നാം സഹായിയായിരിക്കും.) 'ഞാൻ' എന്ന ഏകവചനത്തിനു പകരം കർണൻ 'നാം' എന്ന് ബഹുവചനം പ്രയോഗിച്ചതിൽ വൈചിത്ര്യം. താൻ ഒരൊറ്റയാളെന്നു കരുതരുത്; തന്റെ സർവശക്തിയും പ്രയോഗിച്ച് അനേകം പേർ സഹായിച്ചാലത്തെ ഫലം ദുര്യോധനന്ന് ഉണ്ടാക്കിക്കൊടുക്കുമെന്ന് ധ്വനി.

''കിമർഥം വയമാഹൂതാഃ?'' (*ബാലചരിതം* രണ്ടാമങ്കം. വസുദേവൻ കംസനോട്: എന്തിനാണ് ഞാൻ വിളിക്കപ്പെട്ടത്?) ഞാൻ എന്ന ഏകവചനാർഥത്തിൽ 'വയം' (ഞങ്ങൾ) എന്ന് ബഹുവചനം പ്രയോഗിച്ചതിൽ വൈചിത്ര്യം. കംസന് ആദരണീയനായ സ്യാലനാണെന്നതുകൊണ്ട് വസുദേവൻ പൂജകബഹുവചനം പ്രയോഗിച്ചതാവാം. എങ്കിൽ കംസന് അദ്ദേഹത്തോടുള്ള ബഹുമാനാതിരേകം വ്യംഗ്യം. താൻ ഒരാളാണെങ്കിലും അനേകം ആളുകളോട് ഉപദേശം ചോദിച്ചാലത്തെ ഫലം തനിക്ക് ഉളവാക്കിത്തരാൻ കഴിയുമെന്ന വസുദേവന്റെ ആത്മവിശ്വാസം 'വയം' എന്ന ബഹുവചനം വ്യഞ്ജിപ്പിക്കുന്നുവെന്നുമാവാം. അഥവാ, അളിയനാണെങ്കിലും രാജാവാകയാൽ വിനയസൂചകമായി 'ഞാൻ' എന്നതിനുപകരം നാടൻഭാഷയിൽ



ധചിലേടങ്ങളിൽ ഉയർന്ന ജാതിയും വിദ്യാഭ്യാസവും പദവിയുമുള്ളവരോടാവുമ്പോൾ, ആ മൂന്നു കാര്യങ്ങളിലും താഴ്ന്ന നാട്ടിൻ പുറക്കാർ പറയാറുള്ളതു പോലെ (ഉദാ:– ഞങ്ങൾ – പലപ്പോഴും 'ഞാങ്ങൾ'എന്നാവും പറയുക. അടിയങ്ങൾ എന്നർഥം – ഇവിടെ യുണ്ടേപ ഞങ്ങൾ എന്നു പ്രയോഗിച്ചതാവാം. അങ്ങനെയെങ്കിൽ വസു ദേവന്റെ എളിമ വ്യഞ്ജിക്കുന്നു.

**(ഡി) പുരുഷവൈചിത്ര്യവക്രത**

വൈചിത്ര്യത്തിനുവേണ്ടി താൻ, അന്യൻ എന്ന അർഥത്തിലുള്ള പദങ്ങൾ വ്യത്യസ്തമായി പ്രയോഗിക്കുന്നിടത്ത് പുരുഷവൈചിത്ര്യവക്രത.

"ഏഷാ ഗച്ഛതി മന്ദഭാഗാ." (*ബാലചരിതം* ഒന്നാമങ്കം. ദേവകി സ്വയം പറയുന്നു: "ഈ മന്ദഭാഗ്യ പോകുന്നു.") 'അഹം ഗച്ഛാമി മന്ദഭാഗാ' (മന്ദഭാഗ്യയായ ഞാൻ പോകുന്നു) എന്നിങ്ങനെ ഉത്തമപുരുഷന്റെ സ്ഥാനത്ത് ഇപ്പോഴത്തെപ്പോലെ പ്രഥമപുരുഷൻ പ്രയോഗിച്ചതിൽ വൈചിത്ര്യം. ദേവകിയുടെ ദയനീയതയും നിസ്സഹായതയും വ്യംഗ്യം.

''ജാനാമി ജാനാമി, അയമപി ജനഃ ഏവമുന്മാദിതഃ'' (*സ്വപ്നവാസവദത്തം* രണ്ടാമങ്കം. അറിയും അറിയും. ഈയുള്ളവളും ഇപ്രകാരം ഉന്മാദം കൊണ്ടിരുന്നു) 'അഹം' എന്ന ഉത്തമപുരുഷാർഥത്തിലാണ് ഇവിടത്തെ 'അയം ജനഃ' (ഈ ജനം – ഈയുള്ളവൾ) എന്ന പ്രഥമപുരുഷപ്രയോഗം. അനുകമ്പയുള്ളവനായതുകൊണ്ടാണ് ഉദയനനെ വിവാഹം കഴിക്കാൻ പത്മാവതി ആഗ്രഹിക്കുന്നത് എന്ന വിവരം കേട്ടപ്പോൾ വാസവദത്തയുടെ ആത്മഗതമാണിത്. അവളുടെ എളിമ ധ്വനിക്കുന്നു. ഒപ്പം, 'അയം ജനഃ' എന്ന പുല്ലിംഗപ്രയോഗം, പുരുഷനുണ്ടാവേണ്ടുന്ന ഒരുതരം തന്റേടം തനിക്ക് ആ പ്രണയകാര്യത്തിൽ ഉണ്ടായിരുന്നുവെന്നു വ്യഞ്ജിപ്പിക്കുന്നു.

"ശൃണോതു ഭർത്താ." (*ബാലചരിതം* ഒന്നാമങ്കം. നന്ദഗോപൻ വസുദേവനോട് – സ്വാമി കേട്ടാലും) 'ഭർത്താ ത്വം ശൃണു' സ്വാമിയായ നീ കേൾക്കൂ) എന്നിങ്ങനെ മധ്യമപുരുഷപ്രയോഗത്തിനു പകരം പ്രഥമപുരുഷപ്രയോഗം. വിനയാദരദ്യോതകം.

**(ഇ) ഉപസർഗനിപാതജനിതപദവക്രത**

ഉപസർഗങ്ങളും നിപാതങ്ങളും രസാദികളെ ദ്യോതിപ്പിക്കുന്നതിനു വേണ്ടി വൈചിത്ര്യപൂർവം പ്രയോഗിക്കുന്നിടത്ത് ഉപസർഗനിപാതജനിതപദവക്രത.

*ദൂതഘടോൽക്കച*ത്തിൽ ധൃതരാഷ്ട്രൻ ദുര്യോധനനോട്:

പ്രതിജ്ഞാസാരമാത്രേണ കമ്പിതേയം വസുന്ധരാ
സുവ്യക്തം ധനുഷി സ്പൃഷ്ടേ ത്രൈലോക്യം വിചലിഷ്യതി.

(*ദൂതഘടോൽക്കചം*, 28. ജയദ്രഥവധപ്രതിജ്ഞ കഴിയുമ്പൊഴേക്കും ഭൂമി ചലിക്കുകയായി. വില്ല് തൊടുമ്പോഴേക്കും മൂവുലകും തീർത്തും കുലുങ്ങുമെന്നു തികച്ചും വ്യക്തമാണ്.) 'വിചലിഷ്യതി' എന്ന ക്രിയയിലെ 'വി'എന്ന ഉപസർഗത്തിന്റെ പ്രയോഗം വക്രതാസ്പദം. ആദ്യത്തേത് ഭൂചലനമാണെങ്കിൽ രണ്ടാമത്തേത് ത്രൈലോക്യചലനമാണല്ലോ. അതിന്റെ ഭയങ്കരത്വം ധ്വനി.

ഇങ്ങനെ പ്രത്യേകസൂചനയൊന്നും വിവക്ഷിതമല്ലെങ്കിൽ,

യേന മേ നിഹതഃ പുത്രസ്തുഷ്ടിം യേ ച ഹതേ ഗതാഃ
ശ്വഃ സൂര്യേസ്തമസംപ്രാപ്തേ നിഹനിഷ്യാമി താനഹം.

(*ദൂതഘടോൽക്കചം*, 29. എന്റെ പുത്രനെ കൊന്നവനെയും അതിൽ ആഹ്ലാദിച്ചവരെയും നാളെ സൂര്യൻ അസ്തമിക്കുന്നതിനു മുൻപ് ഞാൻ കൊല്ലുന്നതാണ്.) എന്നിടത്തെപ്പോലെ ഒരേ (നിഹനിക്കുക) പ്രയോഗംതന്നെയേ നടത്തൂ. അവിടെ രണ്ടിടത്തും 'ഹനിക്കുക' എന്ന ധാത്വർഥത്തെ 'നി' എന്ന ഉപസർഗം സമ്പുഷ്ടമാക്കിയിട്ടുണ്ട്. മുൻപദ്യത്തിലെപ്പോലെ തരതമഭാവം വിവക്ഷിച്ചില്ലെന്നു മാത്രം.

*പ്രതിമാനാടക*ത്തിൽ ഭരതൻ അമ്മമാരോടും സൈന്യത്തോടുംകൂടി തന്നെ കാണാൻ വരുന്ന സന്ദർഭത്തിൽ രാമൻ സീതയോട്:

രേണുഃ സമുത്പതതി ലോധ്രസമാനഗൗരഃ
സംപ്രാവൃണോതി ച ദിശഃ പവനാവധൂതഃ
ശംഖധ്വനിശ്ച പടഹസ്വനധീരനാദൈഃ
സമ്മൂർഛിതോ വനമിദം നഗരീകരോതി.

(*പ്രതിമ,* 7. 4. പാച്ചോറ്റിപ്പൂവിനു സമാനം മഞ്ഞനിറത്തോടുകൂടിയ പൊടി ഉയർന്നുപൊങ്ങുന്നു; കാറ്റേറ്റിളകി അത് ദിക്കുകളെ നല്ലവണ്ണം മൂടുന്നു; പെരുമ്പറയടിയൊച്ചയോട് കലർന്ന് ശംഖധ്വനി ഏറെ മൂർഛിച്ച് ഈ കാടിനെ നഗരമാക്കിത്തീർക്കുന്നു.) സമുത്പതതി, സംപ്രാവൃണോതി, സമ്മൂർഛിതഃ എന്നീ ക്രിയകളിലെ സം, ഉത് (സമുത്പതതി = നല്ലവണ്ണം മേല്പോട്ട്, പതിക്കുന്നു – ഉയരുന്നു); സം, പ്ര, ആ (സംപ്രാവൃണോതി = നല്ലവണ്ണം അധികമായി ആകപ്പാടെ, വരിക്കുന്ന – മൂടുന്നു); സം (സമ്മൂർഛിതഃ = നല്ലവണ്ണം, മൂർഛിതമായി) എന്നീ ഉപസർഗങ്ങൾ അതതു ക്രിയകളുടെ അർഥങ്ങളുടെ അതിശയിതത്വം ധ്വനിപ്പിക്കുന്നു.

ദാമോദരന്റെ കംസവധപ്രതിജ്ഞ:



പ്രഭ്രഷ്ടരത്നമകുടം പരികീർണകേശം
വിച്ഛിന്നഹാരപതിതാംഗദലംബസൂത്രം
ആകൃഷ്യ കംസമഹമദ്യ ദൃഢം നിഹന്മി
നാഗം മൃഗേന്ദ്ര ഇവ പൂർവകൃതാവലേപം.

(*ബാലചരിതം*, 4. 13. അകലെ തെറിപ്പിക്കപ്പെട്ട രത്നകിരീടവുമായി, ചുറ്റിലും ചിതറിയ തലമുടിയോടെ, മുത്തുമാല പൊട്ടിച്ചിതറിയും തോൾവളയിൽ തൂങ്ങുന്ന ചരട് നിലത്തു വീണും നിലകൊള്ളുന്ന കംസനെ ഇന്ന് ഞാൻ പിടിച്ചുവലിച്ച് തീർച്ചയായും കൊല്ലുന്നുണ്ട് – മുൻപ് നിന്ദിച്ച ആനയെ സിംഹമെന്നപോലെ.) 'ഹന്മി' (ഞാൻ കൊല്ലുന്നുണ്ട്) എന്ന ക്രിയയെ 'നി' (നിതരാം – ഏറ്റവും) എന്ന ഉപസർഗം കൊണ്ട് വിശേഷിപ്പിച്ചിരിക്കയാൽ ആ വധത്തിന്റെ ശക്തി ഒന്നുകൂടി കൂടുന്നു. ഇതുപോലെ, 'ഭ്രഷ്ട' (തെറിപ്പിക്കപ്പെട്ട) എന്നതിന്റെ ഊക്കു കൂട്ടാൻ 'പ്ര' (പ്രകർഷേണ – അധികമായി) എന്ന ഉപസർഗവും സഹായകമായിരിക്കുന്നു. 'ആകൃഷ്യ' എന്ന പ്രയോഗത്തിലെ 'ആ'(ങ്) എന്ന ഉപസർഗവും ആ പിടിച്ചുവലിക്കലിന്റെ ശക്തി വർധിപ്പി ക്കാനുതകുന്നു. ചുരുക്കത്തിൽ ഈ മൂന്നുപസർഗങ്ങളും പ്രതിജ്ഞാവിഷയമായ കംസവധത്തിന്റെ അതിഭയാനകത വ്യഞ്ജിപ്പിക്കുന്നു.

ഹനൂമാൻ അക്ഷകുമാരനെ കൊന്ന വിവരം ശങ്കുകർണൻ രാവണനെ അറിയിക്കുന്നു: കുമാരമക്ഷം,

ക്രോധാത് സംരക്തനേത്രം ത്വരിതതരഹയം
സ്യന്ദനം വാഹയന്തം
പ്രാവൃട്കാലാഭ്രകല്പം പരമലഘുതരം ബാണജാലാൻ വമന്തം
താൻ ബാണാൻ നിർവിധൂന്വൻ കപിരപി സഹസാ
തദ്രഥം ലംഘയിത്വാ
കണ്ഠേ സംഗൃഹ്യ ധൃഷ്ടം മുദിതതരമുഖോ
മുഷ്ടിനാ നിർജഘാന.

(*അഭിഷേകം,* 3. 7. കോപം കൊണ്ട് നല്ലപോലെ ചുകന്ന കൺകളോടുകൂടിയവനും അതിവേഗത്തിലോടുന്ന കുതിരയെ പൂട്ടിയ തേരോടിക്കുന്നവനും വർഷാകാലമേഘംപോലെയുള്ളവനും ഏറ്റവുമെളുപ്പത്തിൽ ശരനിര ചൊരിയുന്നവനും ധൈര്യശാലിയുമായ അക്ഷകുമാരനെ, ആ ശരങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് വാനരനും വേഗത്തിൽ അവന്റെ തേരിനെ മറികടന്ന് മുഷ്ടി കൊണ്ട് കഴുത്തിൽ മുറുകെ പിടിച്ച് അതിസന്തുഷ്ടി പരക്കുന്ന മുഖത്തോടെ ഞെരിച്ചു കൊന്നു.) രൗദ്രരസവ്യഞ്ജകമായ വർണവിന്യാസം. നിർജഘാന (നിശ്ശേഷം ജഘാന – തീർത്തും കൊന്നു) എന്നിടത്തെ 'നിര്' എന്ന ഉപസർഗം ആ കൊല്ലലിന്റെ നിശ്ശേഷതയെയും ക്രൂരതയെയും വ്യ

ശീഘ്രതയെയും അനായാസതയെയും വ്യഞ്ജിപ്പിക്കുന്നു.

കാമാതുരനായ രാവണന്റെ ചിന്ത –

നിദ്രാം മേ നിശി വിസ്മരന്തി നയനാന്യാലോക്യ സീതാനനം
തത്സംശ്ലേഷസുഖാർഥിനീ തനുതരാ യാതാ തനുഃ പാണ്ഡുതാം
സന്താപം രമണീയവസ്തുവിഷയേ ബധ്നാതി പുഷ്പേഷുണാ
കഷ്ടം നിർജിതവിഷ്ടപക്ഷയഭുജോ നിർജീയതേ രാവണഃ.

(*അഭിഷേകം*, 5. 6. രാത്രി എന്റെ കണ്ണുകൾ സീതയുടെ മുഖം നോക്കി നിദ്രയെ വിസ്മരിക്കുന്നു. അവളുടെ ആലിംഗനസുഖം ആഗ്രഹിക്കുക ശീലമായ ശരീരം നേർത്തുനേർത്ത് വിളർച്ചയോലുന്നു. മനോഹരമായ വസ്തുക്കളുടെ കാര്യത്തിൽ കാമൻ ഖേദമുളവാക്കുന്നു. കഷ്ടം! നിശ്ശേഷം കീഴടക്കപ്പെട്ട മൂന്നു ലോകങ്ങളോടുകൂടിയ കൈകളുള്ള രാവണൻ കാമദേവനാൽ നിശ്ശേഷം കീഴടക്കപ്പെടുകയാണ്.) നിർജിതഃ, നിർജീയതേ എന്നിവിടങ്ങളിലെ നിര് എന്ന ഉപസർഗങ്ങൾ അതതു ജയങ്ങളുടെ നിശ്ശേഷത്വം വാച്യമായും അതുകൊണ്ടുതന്നെ ഇപ്പോഴത്തെ പരാജയത്തിന്റെ ശോചനീയത വ്യംഗ്യമായും പ്രകാശിപ്പിക്കുന്നു.

"വിഷ്ണുനാ ഹതസ്യാപ്യക്ഷയോ ലോകോ മേ ഭവിഷ്യതി." (*ബാലചരിതം* മൂന്നാമങ്കം. വിഷ്ണുവിന്റെ അവതാരമായ കൃഷ്ണനെ കൊല്ലാൻ കച്ചകെട്ടിയിറങ്ങിയ അരിഷ്ടർഷഭന്റെ ഒടുവിലത്തെ സ്വയംസമാധാനം: വിഷ്ണുവിനാൽ കൊല്ലപ്പെട്ടാലും എനിക്ക് അക്ഷയമായ ലോകം ലഭിക്കും – മോക്ഷം കിട്ടും.) കൃഷ്ണന്റെ ഓജോവീര്യബലങ്ങൾ മനസ്സിലാക്കി അദ്ദേഹത്തെ കൊല്ലാനാവില്ലെന്നു കണ്ടപ്പോൾ, ഗത്യന്തരമില്ലാതെയാണെങ്കിലും ഭഗവച്ഛത്രുക്കൾക്ക് സാധാരണമായ മോക്ഷേച്ഛയിൽ അരിഷ്ടർഷഭനും ആശ്വാസം കണ്ടെത്തുന്നു എന്നു ഭാവം. ഈ ആശയത്തിലേക്കു നയിക്കുന്നതത്രേ 'അപി' എന്ന ഉപസർഗത്തിന്റെ പ്രയോഗം.

തുട തകർന്ന് യുദ്ധക്കളത്തിൽ കിടക്കുന്ന തന്നെക്കണ്ട് ഭാര്യമാർ കരയുമ്പോൾ ദുര്യോധനൻ: "മമാപി സ്ത്രിയോ രോദിതി" (*ഊരുഭംഗം*. എന്റെ സ്ത്രീകളും കരയുന്നോ!) അപി (ഉം) എന്നത് കരച്ചിലിന്റെ അസംഭാവ്യത ദ്യോതിപ്പിക്കുന്നു.

വൃദ്ധ(ബ്രാഹ്മണ)ഃ – ഭോ വൃകോദര! രക്ഷിതമസ്മത്കുലം, സ്വകുലമുദ്ധൃതം ച (*മധ്യമവ്യായോഗം*. താൻ പകരം നിന്ന് വൃദ്ധബ്രാഹ്മണന്റെ മധ്യമപുത്രനെ മോചിപ്പിച്ച് ബ്രാഹ്മണകുലത്തെ രക്ഷിക്കുകയും ബ്രാഹ്മണഹത്യയിൽനിന്ന് ഘടോൽക്കചകുല ത്തെ ഉയർത്തുകയും ചെയ്തുവല്ലോ ഭീമസേനൻ. ഇവിടത്തെ 'ച' (ഉം) എന്ന സമുച്ചയനിപാതത്തിന്റെ പ്രയോഗവൈചിത്ര്യം ഔചിത്യഭാസുരം. തങ്ങളെ രക്ഷിച്ചതുകൊണ്ട് ഭീമന് ഒട്ടും നഷ്ടമുണ്ടായില്ലെന്നു മാത്രമല്ല, സ്വവംശോദ്ധൃതി ഉണ്ടാവുകയും ചെയ്തു എന്നർഥം. ബ്രാഹ്മണന് ഭീമനോടുള്ള കൃതജ്ഞതയുടെ ആധിക്യം വ്യംഗ്യം.



മറ്റൊരുദാ:–

യേഷാം ഗതിഃ ക്വാപി നിരാശ്രയാണാം
സംവത്സരൈർദ്വാദശഭിർ ന ദൃഷ്ടാ
ത്വം പാണ്ഡവാനാം കുരു സംവിഭാഗ–
മേഷാ ച ഭിക്ഷാ മമ ദക്ഷിണാ ച.

(*പഞ്ചരാത്രം*, 1. 33. ദ്രോണൻ ദുര്യോധനനോടു പറയുന്ന വാക്യം. പന്ത്രണ്ട് വർഷങ്ങൾ കൊണ്ടും നിരാശ്രയന്മാരായ ആർക്ക് ഒരിടത്തും ഗതി കിട്ടിയില്ലയോ, ആ പാണ്ഡവന്മാർക്ക് നീ പാതി രാജ്യം വിഭജിച്ചുകൊടുക്കുക. ഇതാണ് ഞാൻ ചോദിക്കുന്ന ഭിക്ഷയും എനിക്ക് നീ തരുന്ന ദക്ഷിണയും.) ഈ ശ്ലോകത്തിലെ നാലാം പാദത്തിലെ രണ്ടു 'ച'കാരങ്ങളുടെ പ്രയോഗവൈചിത്ര്യം. ദ്രോണനു പാണ്ഡവരോടുള്ള സഹതാപാതിശയം ധ്വനി.

ബാലിയെ ഒളിയമ്പെയ്തു കൊന്നതിനെ രാമൻ ന്യായീകരിച്ച് പറയുന്നു:

വാഗുരാച്ഛന്നമാശ്രിത്യ മൃഗാണാമിഷ്യതേ വധഃ
വധ്യത്വാച്ച മൃഗത്വാച്ച ഭവാൻ ഛന്നേന ദണ്ഡിതഃ.

(*അഭിഷേകം*, 1. 19. വലയുപയോഗിച്ച് മറച്ചാണ് മൃഗങ്ങളെ കൊല്ലാറുള്ളത്. വധമർഹിക്കുന്നതുകൊണ്ടും മൃഗമായതുകൊണ്ടും നിന്നെ ഒളിച്ചു കൊന്നു.) ഉത്തരാർധത്തിലെ രണ്ട് 'ച' എന്ന സമുച്ചയനിപാതത്തിന്റെ പ്രയോഗം, ആ ഒളിയമ്പെയ്തു കൊന്നതിന്റെ കാരണങ്ങൾ യുക്തിയുക്തമാണെന്നതിന് സംശയമില്ലെന്നു വ്യഞ്ജിപ്പിക്കുന്നു.

ച എന്ന സമുച്ചയനിപാതത്തിന്റെ ധ്വനി നാടകകൃത്തുതന്നെ വിഭീഷണ–രാവണസംഭാഷണത്തിലൂടെ വെളിപ്പെടുത്തുന്ന ഒരു സന്ദർഭം *അഭിഷേക*നാടകത്തിലുള്ളത് (മൂന്നാമങ്കം) ഉദ്ധരിക്കാം:

രാവണഃ– സീതാപഹരണേന കോ ദോഷഃ സ്യാത്? (സീതയെ കട്ടതുകൊണ്ടെന്താണ് ദോഷം?)

വിഭീഷണഃ– അധർമശ്ച (അധർമവും)

രാവണഃ– ചശബ്ദേന സാവശേഷമിവ തേ വചനം. തദ് ബ്രൂഹി. (ചശബ്ദം കൊണ്ട് നിന്റെ വചനം പൂർത്തിയായിട്ടില്ലെന്നു തോന്നുന്നു. അത് പറയൂ.)

വിഭീഷണഃ– തദേവ നനു. (അതുതന്നെ)

രാവണഃ– കിം ഗൂഹസേ? മമ ഖലു പ്രാണൈഃ ശാപിതഃ സ്യാഃ

യദി സത്യം ന ബ്രൂയാഃ. (വിഭീഷണാ! എന്താണൊളിക്കുന്നത്? നീ സത്യം പറയുന്നില്ലെങ്കിൽ എന്റെ പ്രാണങ്ങൾ കൊണ്ട് നിന്നെ ഞാൻ ശപിക്കും.)

വിഭീഷണഃ– അഭയം ദാതുമർഹതി മഹാരാജഃ. (മഹാരാജാവ് അഭയം നൽകണം)

രാവണഃ– ദത്തമഭയം. ഉച്യതാം. (അഭയം തന്നിരിക്കുന്നു. പറയൂ.)

വിഭീഷണഃ– ബലവദ്വിഗ്രഹശ്ച. (ശക്തനോടുള്ള യുദ്ധവും – ശത്രുത്വവും.)

വർണവിന്യാസവക്രത, പദപൂർവാർധവക്രത, പ്രത്യയാശ്രയ വക്രത എന്ന ഇക്കഴിഞ്ഞ മൂന്നധ്യായങ്ങളിലൂടെ ഭാസനാടകങ്ങളിലെ വർണപരവും പദപരവും പ്രത്യയപരവുമായ ചാരുതകൾ ഏറെക്കുറെ വ്യക്തമാക്കി. വൃത്തശില്പവിചാരം വർണവിന്യാസവക്രതയുടെ ഭാഗമായി നടത്തുകയും ചെയ്തു.

ഇനി വാക്യവക്രതാനിരൂപണം അടുത്ത അധ്യായത്തിൽ.

★



# 7. വാക്യവക്രത

*വക്രോക്തിജീവിതം* മൂന്നാമുന്മേഷത്തിൽ വാക്യവക്രത സപ്രപഞ്ചം വിശദീകരിക്കുന്നു. അർഥാലങ്കാരവൈചിത്ര്യത്തെയാണ് വാക്യവക്രത എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. രസവത്, ദീപകം, രൂപകം, അപ്രസ്തുതപ്രശംസ, പര്യായോക്തം, വ്യാജസ്തുതി, ഉൽപ്രേക്ഷ, അതിശയോക്തി, ഉപമ, ശ്ലേഷം, വ്യതിരേകം, വിരോധം, ദൃഷ്ടാന്തം, അർഥാന്തരന്യാസം, ആക്ഷേപം, വിഭാവന, സസന്ദേഹം, അപഹ്നുതി, സംസൃഷ്ടി, സങ്കരം എന്നിങ്ങനെ ഇരുപത് അലങ്കാരങ്ങളെ മാത്രമേ കുന്തകൻ അംഗീകരിക്കുന്നുള്ളൂ. മറ്റ് ആലങ്കാരികർ എണ്ണിയെണ്ണിപ്പറഞ്ഞ മറ്റനേകം അലങ്കാരങ്ങളിൽ മിക്കതും വിശേഷിച്ച് ചമൽക്കാരമൊന്നുമില്ലാത്തവയോ ബാക്കിയുള്ളവ ഈ ഇരുപതിൽ ഏതിലെങ്കിലും അന്തർഭവിപ്പിക്കാവുന്നവയോ ആണെന്നത്രേ അദ്ദേഹത്തിന്റെ മതം. വിച്ഛിത്തിവിശേഷമാണ് അലങ്കാരവിഭജനത്തിൽ കുന്തകൻ സ്വീകരിച്ച ഒരു മാനദണ്ഡം. വിച്ഛിത്തിവിശേഷമെന്നാൽ സൗന്ദര്യവിശേഷം. കവിപ്രതിഭാനിർവർത്തിതത്വമാണ് മറ്റൊന്ന്. അതായത്, കവിപ്രതിഭകൊണ്ട് നിർമിക്കപ്പെടുന്നത്. ആനന്ദവർധനൻ *ധ്വന്യാലോക*ത്തിൽ ഗുണം, രീതി മുതലായ മറ്റു കാവ്യഘടകങ്ങളെപ്പോലെ അലങ്കാരവും രസൈകതാനമാവണമെന്നു നിഷ്കർഷിക്കുന്നു. കർണന്റെ കവചകുണ്ഡലങ്ങളെപ്പോലെ അടർത്തിമാറ്റിയാൽ ചോര പൊടിയുന്നവയാണ് ധ്വനികാവ്യത്തിലെ അലങ്കാരങ്ങളെന്നർഥം. രുയ്യകന്റെ *അലങ്കാരസർവസ്വം*, ജഗന്നാഥന്റെ *രസഗംഗാധരം* മുതലായ മറ്റു പ്രമുഖസംസ്കൃതസാഹിത്യശാസ്ത്രഗ്രന്ഥങ്ങൾ നൽകുന്ന അലങ്കാരവീക്ഷണവും ഇതുതന്നെയത്രേ. ഭാസനാടകങ്ങളിൽ നിന്ന് ഉദാഹരണങ്ങൾ കാണിക്കാം.

**1. രസവത്**

വനം സവൃക്ഷക്ഷുപഗുല്മമേതത്
പ്രകാമമാഹാരമിവോപഭുജ്യ
കുശാനുസാരേണ ഹുതാശനോസൗ
നദീമുപസ്പ്രഷ്ടുമിവാവതീർണഃ.

(*പഞ്ചരാത്രം*, 1. 15. മരങ്ങൾ, വള്ളികൾ, കുറ്റിക്കാടുകൾ എന്നിവ നിറഞ്ഞ ഈ വനം മിഷ്ടാന്നഭോജനമെന്നോണം കഴിച്ച്, ദർഭപ്പുല്ലുകളണിനിരന്ന വഴിയിലൂടെ ഈ അഗ്നി ദാഹം തീർക്കാനെന്നപോലെ നദിയെ ഉപസ്പർശിക്കുന്നതിന് ഇറങ്ങിയിരിക്കയാണെന്നു തോന്നും.)

മിഷ്ടാന്നസദ്യയ്ക്കുശേഷം ദാഹം തീർക്കുന്നതിന് ജലമന്വേഷിക്കുന്ന ഒരു ബ്രാഹ്മണന്റെ അവസ്ഥ, ഉൽപ്രേക്ഷാലങ്കൃതമായ ഈ ശ്ലോകത്തിൽ വ്യംഗ്യമായി പ്രകാശിക്കുന്നുണ്ടെന്നു കാണാമെങ്കിലും അതിനേക്കാൾ ചമൽക്കാരം വാച്യമായ ഉൽപ്രേക്ഷയ്ക്കാകയാൽ രസവദലങ്കാരം.

**2. ദീപകം**

നാരദഃ– വേദൈഃ പിതാമഹമഹം പരിതോഷയാമി
ഗീതൈഃ കരോമി ഹരിമുദ്ഗതരോമഹർഷം
ഉത്പാദയാമ്യഹരഹർവിവിധൈരുപായൈ–
സ്തന്ത്രീഷു ച സ്വരഗണാൻ കലഹൈശ്ച ലോകേ..

(*അവിമാരകം*, 6. 11. നാരദവാക്യം. വേദങ്ങളെക്കൊണ്ട് ബ്രഹ്മാവിനെ ഞാൻ സന്തോഷിപ്പിക്കുന്നു. ഗീതങ്ങൾ കൊണ്ട് വിഷ്ണുവെ രോമാഞ്ച മണിയിക്കുന്നു. ദിവസംതോറും പലതരം ഉപായങ്ങൾ കൊണ്ട് കമ്പികളിൽ സ്വരഗണങ്ങളും ലോകത്തിൽ കലഹങ്ങളും ഉണ്ടാക്കുന്നു.) കമ്പികളിൽ സ്വരങ്ങൾ, ലോകത്തിൽ കലഹങ്ങൾ ഈ രണ്ടും 'ഉല്പാദിപ്പിക്കുന്നു' എന്ന ഏകക്രിയയിൽ അന്വയിക്കുന്നു എന്നു വർണിക്കുന്ന ഉത്തരാർധത്തിലെ ദീപകം, (വേദങ്ങൾകൊണ്ട് പിതാമഹനെയും ഗീതങ്ങൾ കൊണ്ട് ഹരിയെയും സന്തോഷി പ്പിക്കുന്ന) സംഗീതശാസ്ത്രവിശാരദനായ നാരദന്റെ കലഹോല്പാദനപ്രിയത്വം തുല്യപ്രധാനമായി അവതരിപ്പിക്കുന്നതിലൂടെ അതും ലോകത്തിൽ ധർമം പ്രചരിപ്പിക്കുക എന്ന തന്റെ ലക്ഷ്യം സാധിക്കുന്നതിനുതന്നെയാണെന്നു വ്യഞ്ജിപ്പിക്കുന്നു.

ദൃഷ്ടിസ്തദാപ്രഭൃതി നേച്ഛതി രൂപമന്യദ്
ബുദ്ധിഃ പ്രഹൃഷ്യതി വിഷീദതി ച സ്മരന്തീ
പാണ്ഡുത്വമേതി വദനം തനുതാം ശരീരം
ശോകം വ്രജാമി ദിവസേഷു നിശാസു മോഹം.

(*അവിമാരകം*, 2. 2. അവിമാരകൻ കുരംഗിയെ ഓർക്കുകയാണ്: അതുമുതൽ കണ്ണ് മറ്റു രൂപമൊന്നും ആഗ്രഹിക്കുന്നില്ല; അവളെ യോർക്കുന്ന ബുദ്ധി നല്ലവണ്ണം സന്തോഷിക്കുകയും വിഷാദിക്കു കയും ചെയ്യുന്നു; മുഖം വിളർക്കുകയും ശരീരം മെലിയുകയും ചെയ്യു ന്നു; പകലുകളിലും രാത്രികളിലും ദുഃഖത്തെയും മോഹാലസ്യത്തെ യും പ്രാപിക്കുന്നു.) മൂന്നാം വരി ഉദാഹരണം. മുഖം പാണ്ഡുത്വത്തെ, ശരീരം തനുതയെ – ഈ രണ്ടും 'ഏതി' (പ്രാപിക്കുന്നു) എന്ന ഏകക്രിയയിൽ അന്വയിക്കുന്നു. സ്മൃതി ധ്വനിക്കുന്നു.

"ദിഷ്ട്യാ ശരീരം ധർഷിതം, ന തേജഃ." (*പ്രതിജ്ഞായൗഗന്ധ*



*രായണം* ഒന്നാമങ്കം. വത്സരാജൻ അക്രമകാരികളുണ്ടാക്കിയ കുഴപ്പത്തിൽ മോഹാലസ്യപ്പെട്ട് വീണുവെങ്കിലും ആ പാപികൾ പോയ്ക്കഴിഞ്ഞപ്പോൾ ബോധം വീണ്ടുകിട്ടി എന്നു ഹംസകൻ പറഞ്ഞുകേട്ടപ്പോൾ യൗഗന്ധരായണൻ ആശ്വസിച്ചുകൊണ്ട് പറയുന്നതാണ് ഈ വാക്യം. ഭാഗ്യവശാൽ ശരീരം ആക്രമിക്കപ്പെട്ടു; തേജസ്സല്ല.) 'ആക്രമിക്കപ്പെട്ടു' എന്ന ഏകക്രിയയിലാണ് ശരീരം, തേജസ്സ് എന്നിവയുടെ അന്വയമെങ്കിലും തേജസ്സിന്റെ അന്വയം നിഷേധത്തോടുകൂടിയ ക്രിയയിലാണെന്ന് മുൻപത്തേതിൽ നിന്നു വ്യത്യാസം. വത്സരാജന്റെ മാനസികമായ അധൃഷ്യത്വം വ്യംഗ്യം.

യദി ന സഹസേ രാജ്ഞോ മോഹം ധനുഃ സ്പൃശ മാ ദയാം

(*പ്രതിമ*, 18. രാജാവിന്റെ മോഹാലസ്യം അങ്ങയ്ക്ക് പൊറുക്കാനാവുന്നില്ലെങ്കിൽ വില്ലെടുക്കുക; ദയയെയല്ല.) 'സ്പൃശ' എന്ന ക്രിയയിൽ ധനുഃ, ദയാം എന്നീ രണ്ടു കർമങ്ങളെ അന്വയിച്ചിരിക്കുന്നു. ആദ്യത്തേത് വിധ്യാത്മകമായും രണ്ടാമത്തേത് നിഷേധാത്മകമായും എന്നു ഭേദം. രാമാഭിഷേകവിഘ്നത്തിലുള്ള ലക്ഷ്മണന്റെ പ്രതിഷേധവും രോഷവും ദശരഥന്റെ മോഹാലസ്യത്തെപ്പറ്റി കേട്ടപ്പോൾപ്പോലും ആളിക്കത്തുന്നതേയുള്ളൂ. ആ വികാരങ്ങളിൽ നിന്നാണ് രാമനോടുള്ള ഈ വാക്യം. അവിവേകമെന്നുപോലും വിശേഷിപ്പിക്കാവുന്ന ലക്ഷ്മണന്റെ അസഹിഷ്ണുത ധ്വനിക്കുന്നു.

ഭരതൻ കൈകേയിയോട്:

വയമയശസാ ചീരേണാര്യോ നൃപോ ഗൃഹമൃത്യുനാ
പ്രതതരുദിതൈഃ കൃത്സ്നായോധ്യാ മൃഗൈഃ സഹ ലക്ഷ്മണഃ
ദയിതതനയാഃ ശോകേനാംബാഃ സ്നുഷാധ്വപരിശ്രമൈർ–
ധിഗിതി വചസാ ചോഗ്രേണാത്മാ ത്വയാ നനു യോജിതാഃ.

(*പ്രതിമ*, 3. 17. നമ്മെ – എന്നെ – ദുഷ്കീർത്തിയോടും ആര്യ രാമനെ വൽക്കലത്തോടും രാജാവിനെ ഗൃഹമരണത്തോടും അയോധ്യയെ മുഴുവൻ അനന്തമായ വിലാപങ്ങളോടും ലക്ഷ്മണനെ മൃഗങ്ങളോടും പ്രിയപ്പെട്ട മക്കളെയും അമ്മമാരെയും ദുഃഖത്തോടും പുത്രവധുവെ യാത്രാക്ലേശങ്ങളോടും തന്നെ നിന്ദ്യയെന്ന ഉഗ്ര വചസ്സോടും നീ യോജിപ്പിച്ചില്ലേ?) ഭരതനെ ദുഷ്കീർത്തിയോട്, ആര്യരാമനെ വൽക്കലത്തോട്, . . . – ഇങ്ങനെ അനേകത്തെ 'യോജിപ്പിക്കുക' എന്ന ഏകക്രിയയിൽ അന്വയിപ്പിച്ചതുകൊണ്ടു ഉവായ ദീപകം, എല്ലാവർക്കും, തനിക്കുപോലും, ഓരോ വിധത്തിലുള്ള ദ്രോഹം ചെയ്കയാൽ കൈകേയി മഹാപാപിനി യെന്നു വ്യഞ്ജിപ്പിക്കുന്നു. ഭരതന് അവരോടുള്ള അമർഷവും അവജ്ഞയും സവിശേഷം ധ്വനിക്കുന്നു.

**3. രൂപകം**

കേനാഭിമന്യുർനിഹതഃ കസ്യ ജീവിതമപ്രിയം
പഞ്ചാനാം പാണ്ഡവാഗ്നീനാമാത്മാ കേനേന്ധനീകൃതാഃ?

(*ദൂതഘടോൽക്കചം*, 6. ധൃതരാഷ്ട്രൻ ഭടനോട് പറയുന്നു: ആരാണഭിമന്യുവിനെ കൊന്നത്? ആർക്കാണ് ജീവിതം അപ്രിയമായത്? പഞ്ചപാണ്ഡവന്മാരാകുന്ന അഗ്നികൾക്ക് ആരാണ് ഇന്ധനമായിത്തീരുന്നത്?) അഭിമന്യുവധത്താൽ പഞ്ചപാണ്ഡവന്മാരുടെയും കോപാഗ്നി ആളിക്കത്തുമെന്നും അതിനു കാരണമായ ശത്രുപക്ഷം മുഴുവൻ അഗ്നിക്ക് ഇന്ധനമാവാൻ പോകയാണെന്നും പറയുന്ന ധൃതരാഷ്ട്രന്റെ കഠിനമായ ദുഃഖവും ആശങ്കയും ദ്യോതിക്കുന്നു.

തസ്യാ ഭയാകുലിതദൃഷ്ടിവിഷം മനോജ്ഞം
സൗമ്യപ്രകാരമതിതീക്ഷ്ണമവേക്ഷ്യ വക്ത്രം
ഉന്മാദമഭ്യുപഗതോസ്മി ചിരം ഭവത്യോർ-
വാക്യാമൃതേന പുനരദ്യ കൃതഃ സസംജ്ഞഃ.

(*അവിമാരകം,* 2. 7. കാമിനിയായ കുരംഗിയെക്കുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടിരിക്കുന്ന അവിമാരകനെ കണ്ട് അവളുടെ അവസ്ഥയറിയിക്കാൻ വന്ന നളിനികയോടും ധാത്രിയോടും അവിമാരകൻ പറയുന്നു: അവളുടെ ഭയാകുലിതമായ കണ്ണാകുന്ന മനോഹരമായ വിഷത്തോടുകൂടിയ, സൗമ്യവും അതേസമയം അതിതീക്ഷ്ണവുമായ മുഖം കണ്ടിട്ട് ഏറെക്കാലമായി ഭ്രാന്ത് പിടിച്ചിരിക്കയാണെനിക്ക്. ഇന്നാകട്ടെ ഭവതികളുടെ വാക്യമാകുന്ന അമൃതം കൊണ്ട് ഞാൻ വീണ്ടും ബോധമുള്ളവനായിത്തീർന്നിരിക്കുന്നു.) കുരംഗിയെ ഇനി ഒരിക്കലും പ്രാപിക്കാൻ കഴിയില്ലെന്നു വിചാരിച്ചിരുന്ന തനിക്ക് അവളുടെ അന്തഃപുരത്തിലേക്കുള്ള ക്ഷണം അത്യന്തം ഹർഷപ്രദമായിരിക്കുന്നുവെന്ന നായകഹൃദയം ധ്വനി.

നാരായണസ്ത്രിഭുവനൈകപരായണോ വഃ
പായാദുപായശതയുക്തികരഃ സുരാണാം
ലോകത്രയാവിരതനാടകതന്ത്രവസ്തു-
പ്രസ്താവനപ്രതിസമാപനസൂത്രധാരഃ

(*ദൂതഘടോൽക്കചം*, 1. മൂവുലകങ്ങളുടെയും ആശ്രയവും ദേവന്മാർക്ക് നൂറുകണക്കിന് ഉപായങ്ങളും യുക്തിയും ഉപദേശിക്കുന്നവനും ത്രൈലോക്യമാകുന്ന അനന്തനാടകത്തിന്റെ ഇതിവൃത്തവും പ്രമേയവും നാന്ദിയും ഭരതവാക്യവും സൂത്രധാരനുമായ നാരായണൻ നിങ്ങളെ രക്ഷിക്കട്ടെ) സർവലോകജീവിതസർവസ്വമാണ് പരമാത്മാവായ നാരായണനെന്നും ഒരു നാടകംപോലെ അവിട ത്തേക്ക് എല്ലാം ഒരു കളിയാണെന്നും വ്യഞ്ജിക്കുന്നു.



"ഏഷ ഖലു പാണ്ഡവമധ്യമസ്യാത്മജോ ഹിഡിംബാരണിസംഭൂതോ രാക്ഷസാഗ്നിരകൃതവൈരം ബ്രാഹ്മണജനം വിത്രാസയതി" *ധമധ്യമവ്യായോഗം*, സൂത്രധാരവാക്യം. ഹിഡിംബയാകുന്ന അരണിയിൽ പിറന്ന രാക്ഷസനാകുന്ന അഗ്നിയായ പാണ്ഡവമധ്യമന്റെ (ഭീമന്റെ) ഈ മകൻ (ഘടോൽക്കചൻ) ഒരു ദോഷവും ചെയ്യാത്ത ബ്രാഹ്മണനെ പേടിപ്പെടുത്തുകയാണ്പ സാവയവരൂപകം. പവിത്രമെങ്കിലും അഗ്നി അഗ്നിതന്നെയാണല്ലോ. അതിന്റെ ദാഹകശക്തി അധൃഷ്യവും. അതിനാൽ ബ്രാഹ്മണജനത്തിന്റെ ത്രാസാധിക്യം വ്യംഗ്യം.

കൃഷ്ണാപരാഭവഭുവാ രിപുവാഹിനീഭ-
കുംഭസ്ഥലീദളനതീക്ഷ്ണഗദാധരസ്യ
ഭീമസ്യ കോപശിഖിനാ യുധി പാർഥപത്രി-
ചണ്ഡാനിലൈശ്ച കുരുവംശവനം വിനഷ്ടം.

(*ദൂതവാക്യം*, 14. പാഞ്ചാലിയുടെ പ്രതികാരത്തിൽനിന്ന് ഉത്ഭവിച്ചതും ശത്രുസൈന്യത്തിലെ ഗജവീരന്മാരുടെ മസ്തകങ്ങളെ തകർക്കുന്ന തീക്ഷ്ണമായ ഗദ ധരിക്കുന്ന ഭീമന്റെ കോപാഗ്നിയാലും യുദ്ധത്തിൽ അർജുനന്റെ ശരക്കൊടുങ്കാറ്റുകളാലും കുരുവംശക്കാട് മുച്ചൂടും നശിച്ചിരിക്കുന്നു.) ഭീമകോപത്തെ അഗ്നിയോടും അർജുനശരങ്ങളെ കൊടുങ്കാറ്റുകളോടും കുരുവംശത്തെ കാടിനോടും രൂപണം ചെയ്കയാൽ സാവയവ രൂപകം. കൊടുങ്കാറ്റുകൾകൊണ്ട് ആളിക്കത്തുന്ന അഗ്നി കാടിനെ മുച്ചൂടും നശിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ലാത്തതുകൊണ്ട് പാണ്ഡവന്മാർക്ക് അർഹമായ ഓഹരി ഇനിയെങ്കിലും കൊടുത്ത് ഭയാനകമായ യുദ്ധം ഒഴിവാക്കുന്നതാണ് കുരുവംശത്തിന് ശ്രേയസ്കരമെന്നു ധ്വനി.

ഭീഷ്മദ്രോണതടാം ജയദ്രഥജലാം ഗാന്ധാരരാജഹ്രദാം
കർണദ്രൗണികൃതോർമിനക്രമകരാം ദുര്യോധനസ്രോതസം
തീർണഃ ശത്രുനദീം ശരാസിസികതാം യേന പ്ലവേനാർജുനഃ
ശത്രൂണാം തരണേഷു വഃ സ ഭഗവാനസ്തു പ്ലവഃ കേശവഃ.

(*ഊരുഭംഗം,* 1. ഭീഷ്മനും ദ്രോണനുമാകുന്ന തീരത്തോടും ജയദ്രഥനാകുന്ന ജലത്തോടും ശകുനിയാകുന്ന കയത്തോടും കർണൻ, അശ്വത്ഥാമാവ്, കൃപൻ എന്നിവരാകുന്ന തിരമാല, മുതല, മകരമത്സ്യം എന്നിവയോടും ദുര്യോധനനാകുന്ന പ്രവാഹത്തോടും ശരം, വാൾ എന്നിവയാകുന്ന മണൽപ്പരപ്പോടും കൂടിയ ശത്രുക്കളാകുന്ന നദി അർജുനൻ ഏതു തോണി ഉപയോഗിച്ചാണോ കടന്നത്, ആ ശ്രീകൃഷ്ണഭഗവാൻ ശത്രുക്കളെ തരണം ചെയ്യുന്നതിൽ

നിങ്ങൾക്ക് തോണിയായിത്തീരട്ടെ.) സമസ്തവസ്തുവിഷയ രൂപകം. നദിയിലെ ഒഴുക്കിനെയും കയത്തെയും മുതലയെയു മൊക്കെയാണ് കൂടുതൽ സൂക്ഷിക്കേണ്ടത്. അതുപോലെ ഈ ശത്രു ക്കളിലും ദുര്യോധനൻ, ശകുനി, അശ്വത്ഥാമാവ് എന്നിവരാണ് പാണ്ഡവരെ സംബന്ധിച്ചിടത്തോളം ഏറ്റവും ഭയപ്പെടേണ്ടവർ. കര കൊണ്ട് അത്ര കുഴപ്പമില്ല. അതുപോലെ ഭീഷ്മദ്രോണന്മാരെ ക്കൊണ്ടും. കര പ്രവാഹത്തിന് അതിരിടുകയാണ്. ഭീഷ്മനും ദ്രോണനും പലപ്പോഴും ദുര്യോധനനെ നിയന്ത്രിച്ചിട്ടുണ്ടല്ലോ. കയത്തിന് അതിരിടാൻ കരയ്ക്കുമാവില്ല. ശകുനിയെ നിയന്ത്രിക്കാൻ അവർക്കും കഴിഞ്ഞിരുന്നില്ലല്ലോ. ജലം, തിരമാല, നദിയിൽ ജീവിക്കുന്ന മകരമത്സ്യം എന്നിവ താരതമ്യേന നിരുപദ്രവങ്ങ ളാണല്ലോ. അങ്ങോട്ടുപദ്രവിച്ചാലേ ഇങ്ങോട്ടും പ്രതികരിക്കൂ. അതുപോലെയാണ് പാണ്ഡവരെ സംബന്ധിച്ചിടത്തോളം ജയദ്രഥൻ, കർണ്ണൻ, കൃപൻ എന്നിവരെ നാടകകൃത്ത് കാണുന്നത്. മണൽപ്പരപ്പ് സാധാരണ നിലയിൽ നദി കടക്കുന്നവരെ ഒന്നും ചെയ്യില്ല. അതിനെ ഉപയോഗിക്കുന്നതിനനുസരിച്ചിരിക്കും ഗുണദോഷങ്ങൾ. ശരങ്ങളുടെയും വാളുകളുടെയും നിലയും അതുതന്നെ. ശ്രീകൃഷ്ണന്റെ ഉപദേശനിർദേശരൂപമായ സഹായമില്ലെങ്കിൽ പാണ്ഡവർക്ക്, വിശേഷിച്ച് അർജുനന് ശത്രുജയം സാധിക്കുമാ യിരുന്നില്ല. തോണിയില്ലെങ്കിൽ നദി കടക്കാനാവാത്തതുപോലെ. ഭഗവദ്ഭക്തിയുണ്ടെങ്കിൽ ഏതു ശത്രുവിനെയും മറികടക്കാൻ സാധിക്കുമെന്ന് താല്പര്യം. ഭഗവാൻ എന്നാൽ ഈ നാടകകൃത്തിനെ സംബന്ധിച്ചിടത്തോളം വിഷ്ണു, പ്രത്യേകിച്ച് അവതാരങ്ങളിൽ പ്രമുഖനായ കൃഷ്ണൻ, എന്നാണർഥം. (പതിനൊന്നു നാടകങ്ങ ളിലെ നാന്ദികളിൽ ശ്രീകൃഷ്ണനും ശ്രീരാമനും ബലരാമനു മടക്കുമുള്ള അവതാരങ്ങളുൾപ്പെടെ വിഷ്ണുവും *പ്രതിജ്ഞായൗഗ ന്ധരായണ*ത്തിന്റേതിൽ വത്സരാജനും സ്തുതിക്കപ്പെടുന്നു. *ചാരുദത്ത*ത്തിൽ നാന്ദിയില്ല. ഈ സ്ഥിതിവിരക്കണക്കും പ്രസ്തുത വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നുണ്ടല്ലോ.)

യുദ്ധത്തെ യജ്ഞമായി രൂപണം ചെയ്തിരിക്കയാണ് ഈ ശ്ലോകത്തിൽ:

കരിവരകരയൂപോ ബാണവിന്യസ്തദർഭോ
ഹതഗജചയനോച്ചോ വൈരവഹ്നിപ്രദീപ്തഃ
ധ്വജവിതതവിതാനഃ സിംഹനാദോച്ചമന്ത്രഃ
പതിതപശുമനുഷ്യഃ സംസ്ഥിതോ യുദ്ധയജ്ഞഃ.

(*ഊരുഭംഗം*, 6. ഗജവീരന്മാരുടെ തുമ്പിക്കൈകളാകുന്ന യൂപങ്ങ ളോടും ശരങ്ങളാൽ വിന്യസിക്കപ്പെട്ട ദർഭകളോടും കൂടിയതും മൃതങ്ങളായ ആനക്കൂട്ടങ്ങളാകുന്ന ചിതികളാൽ ഉന്നതവും ശത്രുത യാകുന്ന അഗ്നിയാൽ പ്രകാശിതവും വിശാലമായി പാറിപ്പറക്കുന്ന കൊടിക്കൂറകൾ കൊണ്ടുള്ള അലങ്കാരങ്ങളോടും സിംഹനാദ ങ്ങളാ കുന്ന ഉച്ചത്തിലുള്ള മന്ത്രങ്ങളോടും കൊല്ലപ്പെട്ടു കിടക്കുന്ന ബലി മൃഗങ്ങളാകുന്ന മനുഷ്യരോടും കൂടിയതുമായ യുദ്ധമാകുന്ന യജ്ഞ മാണിത്.) യുദ്ധം പവിത്രമെന്നൊരു ധ്വനി ഇവിടെയുണ്ട്. രാജാക്ക ന്മാർക്ക് യുദ്ധവും യജ്ഞവും ഒരുപോലെ ശ്രേയസ്കരമാ ണല്ലോ.



തപസ്സിനെ യുദ്ധമായി കല്പിച്ചിരിക്കയാണ് *പ്രതിമാ*നാടക ത്തിൽ:

രാമഃ – വൽക്കലാനി നാമ,
തപഃസംഗ്രാമകവചം നിയമദ്വിരദാങ്കുശഃ
ഖലീനമിന്ദ്രിയാശ്വാനാം ഗൃഹ്യതാം ധർമസാരഥിഃ.

(*പ്രതിമ*, 1. 28. തപസ്സാകുന്ന യുദ്ധത്തിൽ മാർച്ചട്ടയും ഇന്ദ്രിയനിഗ്രഹമാകുന്ന ആനയ്ക്ക് തോട്ടിയും ഇന്ദ്രിയങ്ങളാകുന്ന കുതിരകൾക്ക് ചാട്ടവാറും ധർമത്തിന് സാരഥിയുമായ വൽക്കലങ്ങൾ സ്വീകരിച്ചാലും.) രാമനെന്ന രാജാവിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ആനയും കുതിരയും സാരഥിയുമൊക്കെ യുദ്ധത്തിന്റെ ഭാഗത്ത് പരാമർശിക്കപ്പെടുന്നു. യുദ്ധം കൊണ്ട് സാധാരണ രാജാ ക്കന്മാർ നേടുന്നതിലധികം തപസ്സുകൊണ്ട് രാമന് നേടിയെടുക്കാൻ കഴിയുമെന്നു വ്യംഗ്യം.

യുദ്ധത്തിന് സേനാവിന്യാസം തുടങ്ങുന്നതിന് മുൻപ് രാമന്റെ വിചാരം:

മമ ശരവരവാതപാതഭഗ്നാ
കപിവരസൈന്യതരംഗതാഡിതാന്താ
ഉദധിജലഗതേവ നൗർവിപന്നാ
നിപതതി രാവണകർണധാരദോഷാത്.

(*അഭിഷേകം*, 4. 18. എന്റെ ശരമാകുന്ന കൊടുങ്കാറ്റേറ്റ് തകർന്ന്, വാനരവീരന്മാരുടെ സേനയാകുന്ന അലയടിക്കുന്ന കരയോടുകൂടി, കടൽവെള്ളത്തിൽ പെട്ട് തകർന്ന കപ്പലെന്നപോലെ രാവണനാകുന്ന കപ്പിത്താന്റെ കുറ്റത്താൽ ഈ ലങ്ക നിപതിക്കുന്നതാണ്.) സമസ്തവസ്തുവിഷയരൂപകം. വീരരസദ്യോതകം.

ഉല്ലേഖരൂപമായ രൂപകത്തിന് ഉദാഹരണം:

വൈരസ്യായതനം ബലസ്യ നികഷം മാനപ്രതിഷ്ഠാഗൃഹം
യുദ്ധേഷ്വപ്സരസാം സ്വയംവരസഭാം ശൗര്യപ്രതിഷ്ഠാം
നൃണാം

രാജ്ഞാം പശ്ചിമകാലവീരശയനം പ്രാണാഗ്നിഹോമക്രതും
സംപ്രാപ്താ രണസംജ്ഞമാശ്രമപദം രാജ്ഞാം നഭഃസംക്രമം.

(*ഊരുഭംഗം*, 4. ശത്രുതയുടെ ഭവനവും ശക്തിയുടെ ഉരകല്ലും അഭിമാനത്തിന്റെ പ്രതിഷ്ഠാസ്ഥാനവും യുദ്ധങ്ങളിൽ അപ്സരസ്സുകളുടെ സ്വയംവരസഭയും പുരുഷന്മാരുടെ ശൗര്യത്തിന്റെ പ്രതിഷ്ഠയും രാജാക്കന്മാരുടെ അന്ത്യകാലവീരശയ്യയും പ്രാണങ്ങളുടെ അഗ്നിഹോമയജ്ഞവും രാജാക്കന്മാർക്ക് വിണ്ണിലേറാനുള്ള പാലവുമായ യുദ്ധമെന്നു പേരുള്ള ആശ്രമത്തിലിതാ നാം എത്തിയരിക്കുന്നു.) ദുര്യോധനനും ഭീമസേനനും തമ്മിൽ നടക്കാൻ പോകുന്ന ഗദായുദ്ധം കാണാൻ വന്നെത്തിയിരിക്കുന്ന മൂന്നുപേരുടെ സംഭാഷണത്തിലൂടെയാണ് ആ യുദ്ധത്തിന്റെ വർണന നാടകത്തിൽ നടത്തുന്നത്. അതിലൊരു ശ്ലോകമാണിത്. യുദ്ധത്തെ ആശ്രമമായി രൂപണം ചെയ്തിരിക്കാണിവിടെ. ശാന്തികേന്ദ്രമായ ആശ്രമമായി മഹാഭാരതയുദ്ധത്തെ കാണുന്ന ഭാസന്റെ ഭാവന, *മഹാഭാരത*ത്തെ ശാന്തരസപ്രധാനമായി വിലയിരുത്താൻ ആനന്ദവർധനാദിനിരൂപകരെ പ്രേരിപ്പിച്ചിരിക്കാം. വൈരഭവനവും ബലനികഷവും മാനപ്രതിഷ്ഠാസ്ഥാനവും രാജാക്കന്മാരുടെ ശൗര്യപ്രതിഷ്ഠയുമായി യുദ്ധത്തെ കണ്ടതുകൊണ്ട് ഉന്മീലിതമായ വീരരസവും യുദ്ധം അപ്സരസ്സുകളുടെ സ്വയംവരസഭയാണെന്ന സങ്കല്പത്തിലൂടെ ആവിഷ്കരിക്കപ്പെടുന്ന ശൃംഗാരരസവും ഈ ശാന്തരസത്തിന്റെ അംഗങ്ങൾ. ചുരുക്കത്തിൽ ഈ ശ്ലോകം മഹാഭാരതത്തിന്റെ ഏതാണ്ടൊരു രസവിചാരമായി പരിണമിച്ചിരിക്കുന്നു. ഇതും ആനന്ദവർധനാദികളുടെ *മഹാഭാരത*സമഗ്രനിരൂപണത്തിന് പ്രചോദകമായിരിക്കാമെന്നു തോന്നുന്നു. രാജാക്കന്മാരുടെ അന്ത്യകാലവീരശയ്യയായും പ്രാണാഗ്നിഹോമയജ്ഞമായും യുദ്ധത്തെ സങ്കല്പിച്ചത് ഈ ശാന്തരസചിന്തയിലേക്കുള്ള പാതകൾതന്നെ. യുദ്ധത്തെ രാജാക്കന്മാരുടെ മോക്ഷയാത്രയ്ക്കുള്ള പാലമായി വർണച്ചതും ഇതിനു സഹായകം.

**4. അപ്രസ്തുതപ്രശംസ**

സൗവർണകാന്തതരകന്ദരകൂടകുഞ്ജം
മേരും ന കമ്പയതി വായസപക്ഷവാതഃ?
ഹാസ്യോസി ഭോഃ! സമകരക്ഷുഭിതോർമിമാലം
പാതും യ ഇച്ഛതി കരാഞ്ജലിനാ സമുദ്രം!

(*ബാലചരിതം*, 2. 6. കംസൻ ശാപത്തോട്: കാക്കയുടെ ചിറകടിക്കാറ്റ് സുവർണഗോപുരങ്ങളോടും മനോഹരമായ ഗുഹകളോടും കൊടുമുടികളോടും കൂടിയ മേരുവെ ഇളക്കുമോ? മകരമത്സ്യങ്ങളോടുകൂടി പ്രക്ഷുബ്ധമായ തിരമാലകളുള്ള സമുദ്രത്തെ കൈക്കുമ്പിൾ കൊണ്ട് കുടിക്കുവാനാഗ്രഹിക്കുന്ന നീ പരിഹാസ്യനാകുന്നു!) കാക്കച്ചിറകടിക്ക് മേരുപർവതത്തെ ഇളക്കുവാനോ കൈക്കമ്പിൾകൊണ്ട് സമുദ്രം കുടിക്കുവാനോ സാധ്യമല്ലെന്ന അപ്രസ്തുതപ്രസ്താവന, ശാപത്തിന് കംസനെ ഒരു ചുക്കും ചെയ്യാൻ കഴിയില്ലെന്ന പ്രസ്തുതത്തെ സൂചിപ്പിക്കുന്നു. കംസന്റെ അമിതമായ ആത്മവിശ്വാസം ധ്വനി.



അപീദം ശൃണു മൂർഖ! ത്വം കഠിനോപലസഞ്ചയഃ
കിം ന പല്ലവമാത്രേണ ശൈലോ വജ്രേണ പാതിതഃ?

(*ബാലചരിതം*, 3. 10. ദാമോദരൻ അരിഷ്ടർഷഭനോട്: മൂഢാ! ഇതുകൂടി കേട്ടോളൂ. കഠിനമായ പാറക്കൂട്ടമടങ്ങുന്ന പർവതം തളിരുപോലെ നേർത്ത മിന്നൽപ്പിണർ കൊണ്ട് വീഴ്ത്തപ്പെടാറില്ലേ?) നേരിയ മിന്നൽപ്പിണർ വൻപർവതത്തെ വീഴ്ത്താറുണ്ടെന്ന അപ്രസ്തുതംകൊണ്ട്, ബാലനായ കൃഷ്ണന് മഹാസുരനായ അരിഷ്ടനെ കൊല്ലാനാവുമെന്ന പ്രസ്തുതത്തെ ധ്വനിപ്പിക്കുന്നു. ദാമോദരന്റെ ആത്മവിശ്വാസാതിശയം വ്യംഗ്യം. ഇതുപോലെ,

കഥം ലംബസടഃ സിംഹോ മൃഗേണ വിനിപാത്യതേ?
ഗജോ വാ സുമഹാൻ മത്തഃ ശൃഗാലേന നിഹന്യതേ?

(*അഭിഷേകം*, 3. 20. സീതയെ രാമന് തിരിച്ചുകൊടുക്കണമെന്നപേക്ഷിക്കുന്ന വിഭീഷണനോട് രാവണൻ പറയുന്നു: സട തൂങ്ങിയ സിംഹത്തെ മാനിന് വീഴ്ത്താൻ കഴിയുമോ? ഏറ്റവും വലിയ മദയാനയെ കുറുക്കന് കൊല്ലാനാവുമോ?) എന്നിടത്തും. രാവണന്റെ അഹങ്കാരവും രാമനെക്കുറിച്ചുള്ള അവജ്ഞയും ധ്വനിക്കുന്നു.

വസന്തസേന ആഗ്രഹിക്കുന്നത് വിദ്യാവിശേഷരമണീയനായ ഏതെങ്കിലും ബ്രാഹ്മണയുവാവാണോ എന്ന ചേടിയുടെ ചോദ്യത്തിന് അവളുടെ മറുപടി: ‘‘പൂജനീയഃ ഖലു സ ജനഃ’’ (*ചാരുദത്തം* രണ്ടാമങ്കം. അദ്ദേഹം പൂജിക്കപ്പെടേണ്ടവനാണല്ലോ) എന്നാണ്. ചാരുദത്തനെയാണ് താൻ പ്രണയിക്കുന്നത് എന്ന് വസന്തസേന വെളിപ്പെടുത്തിയപ്പോൾ ചേടിയും “ഹാ ധിക്! ദരിദ്രഃ ഖലു സഃ?” (അയ്യോ! ദരിദ്രനല്ലേ അയാൾ?) എന്ന ചോദ്യത്തിന് വസന്തസേനയുടെ മറുപടി: ‘‘അതഃ ഖലു കാമ്യതേ. അതിദരിദ്രപുരുഷസക്താ ഗണികാ അവചനീയാ ഭവതി” (അതുകൊണ്ടാണല്ലോ കാമിക്കപ്പെടുന്നത്. അതിദരിദ്രനായ പുരുഷനിൽ സക്തയായ ഗണിക അധിക്ഷേപിക്കപ്പെടുകയില്ല. പണക്കൊതികൊണ്ടാണ് കാമിക്കുന്നത് എന്ന അപവാദം ആരും പറയില്ലല്ലോ.) അപ്പോൾ ചേടി ചോദിക്കുന്നു:

''ഉദ്ധൃതപുഷ്പം സഹകാരം മധുകരാ ഉപാസതേ?'' (പൂക്കളില്ലാതായ തേന്മാവിന്റെ ചുറ്റും വണ്ടുകൾ വന്നുകൂടുമോ?) വസന്തസേനാ – "ഏവം. ഉപാസതേ. തേ മധുകരാ ഇതി പൃച്ഛ്യന്തേ." ധചുറ്റും വന്നു കൂടുകതന്നെ ചെയ്യും. അതുകൊണ്ടല്ലേ അവ മധുകരങ്ങൾ (തേൻ തേടുന്നവ) എന്നു വിളിക്കപ്പെടുന്നത്?പ ഇവിടത്തെ അപ്രസ്തുതമായ മധുകര–സഹകാരപ്രസ്താവന ചാരുദത്തനെയും വസന്തസേനയെയും അവരുടെ നിർവ്യാജപ്രണയത്തെയും സംബന്ധിച്ച പ്രസ്തുതമായ ആശയത്തെ ധ്വനിപ്പിക്കുന്നു.

**5. പര്യായോക്തം**

രഥമാരുഹ്യ നിശ്ശങ്കം ബാഹുഭ്യാമവതാരിതഃ
യഃ കിലൈഷ നരേന്ദ്രേണ വിനിയുക്തോ മഹാനസേ.

(*പഞ്ചരാത്രം*, 2. 37. യുദ്ധാവസാനത്തിൽ ഭീമൻ അഭിമന്യുവെ കൈയ്ക്കലാക്കിക്കൊണ്ടുപോന്നു എന്നു പറഞ്ഞപ്പോൾ രാജാവിന്റെ നിർദേശപ്രകാരം ഭടൻ വിശദീകരിക്കുകയാണ് – തേരിന്റെ അടുത്തെത്തി നിസ്സംശയം കൈകൾകൊണ്ട് ഇറക്കിക്കൊണ്ടുവന്നു. അത് ചെയ്തത്, രാജാവ് കൊട്ടാരത്തിലെ അടുക്കളജോലി ഏല്പിച്ചവനാണ്.) ഉത്തരാർധം ഭീമനെ വ്യംഗ്യഭംഗിയിൽ വ്യക്തമാക്കുകയാണ്. ഭീമന് അഭിമന്യുവിനോടുള്ള വാത്സല്യം ധ്വനി. ശക്തനായ ഒരെതിരാളിയെ ബലാൽക്കാരമായി ബന്ദിയായി പിടിച്ചുകൊണ്ടുവന്നു എന്നാണ് ഭടൻ ഉദ്ദേശിച്ചതെങ്കിലും ബൃഹന്നള ഇതു കേട്ടപ്പോൾ ആത്മഗതം ചെയ്യുന്നത്, ''ഏവമാര്യഭീമേന പരിഷ്വക്തഃ, ന ഗൃഹീതഃ" (ഇപ്രകാരം ആര്യഭീമനാൽ ആലിംഗനം ചെയ്യപ്പെട്ടു; കയറിപ്പിടിക്കപ്പെട്ടതല്ല) എന്നാണെന്നും ശ്രദ്ധിക്കുക.

ആരാണ് മധ്യമതാതനെന്ന് ഒന്നുമറിഞ്ഞുകൂടാത്ത മട്ടിൽ ചോദിക്കുന്ന ഭഗവദ്വേഷധാരിയായ യുധിഷ്ഠിരനോട്, അഭിമന്യു പറയുന്നത്, ''ശ്രൂയതാം. നന്വനുത്തരാ വയം ബ്രാഹ്മണേഷു, സാധ്വന്യോ ബ്രൂയാത്." (കേട്ടാലും. അഥവാ, ഞങ്ങൾ ബ്രാഹ്മണരോട് തർക്കിക്കാറില്ല. മറ്റാരെങ്കിലും പറയുന്നതാണ് നല്ലത്.) ഇതു കേട്ട് അതേ ചോദ്യം വിരാടരാജാവ് ചേദിക്കുമ്പോൾ അവന്റെ മറുപടി:

യേന,
തൂലയിത്വാ ജരാസന്ധം കണ്ഠശ്ലിഷ്ടേന ബാഹുനാ
അസഹ്യകർമ തത് കൃത്വാ നീതഃ കൃഷ്ണോതദർഹതാം.

(*പഞ്ചരാത്രം*, 2. 57. കഴുത്തിൽ പിടിച്ച കൈകൊണ്ട് ജരാസന്ധനെ തൂക്കിയെറിഞ്ഞ് ആ അസഹ്യകർമം – കൊല – ചെയ്ത് കൃഷ്ണനെ അതിനർഹനാക്കാതിരുന്നവൻ.) ഭീമനെന്നു വ്യംഗ്യ'ംഗിയിൽ പറഞ്ഞിരിക്കുകയാണ്. അഭിമന്യുവിന് വലിയച്ഛനെക്കുറിച്ചുള്ള അഭിമാനാധിക്യം ധ്വനി.



യോധസ്യന്ദനവാജിവാരണവധൈർവിക്ഷോഭ്യ രാജ്ഞാം ബലം
ബാലേനാർജുനകർമ യേന സമരേ ലീലായതാ ദർശിതം
സൗഭദ്രഃ സ രണേ നരാധിപശതൈർവേഗാഗതൈഃ സർവശഃ
ഖേ ശക്രസ്യ പിതാമഹസ്യ സഹസൈവോത്സംഗമാരോപിതഃ.

(*ദൂതഘടോൽക്കചം*, 3. കാലാൾ, തേര്, കുതിര, ആന എന്നീ ചതുരംഗങ്ങളുടെ വധത്താൽ രാജാക്കന്മാരുടെ സേനയെ ഇളക്കിമറിച്ച്, യുദ്ധത്തിൽ അർജുനന്റെ കർമം കളിയായി ചെയ്തുകാണിച്ച ബാലനായ ആ സുഭദ്രാപുത്രൻ അഭിമന്യു സമരത്തിൽ വേഗം എല്ലായിടത്തുനിന്നും കടന്നുവന്ന നൂറുകണക്കിന് രാജാക്കന്മാരാൽ അന്തരീക്ഷത്തിൽ മുത്തച്ഛനായ ദേവേന്ദ്രന്റെ മടിത്തട്ടിൽ പെട്ടെന്നുതന്നെ കയറ്റിയിരുത്തപ്പെട്ടു.) 'കൊന്നു' എന്ന് അവസാന പാദം കൊണ്ട് വ്യംഗ്യഭംഗിയിൽ പ്രതിപാദിച്ചിരിക്കുന്നു. അഭിമന്യുവിന്റെ ബാഹുപരാക്രമാതിശയം വ്യംഗ്യം.

ഭരതൻ സുമന്ത്രനോട് ചോദിക്കുന്നു: "അപി ദൃഷ്ടസ്ത്വയാ ലോകാവിഷ്കൃതപിതൃസ്നേഹഃ? അപി ദൃഷ്ടം ദ്വിധാഭൂതമരുന്ധതീ ചാരിത്രം? അപി ദൃഷ്ടം ത്വയാ നിഷ്കാരണാവഹിതവനവാസം സൗഭ്രാത്രം?" (*പ്രതിമ* ആറാമങ്കം. 2. ലോകത്തിൽ ആവിഷ്കൃതമായ പിതൃസ്നേഹത്തെ അങ്ങ് കണ്ടുവോ? രണ്ടായിത്തീർന്ന അരുന്ധതീ പാതിവ്രത്യത്തെ അങ്ങ് കണ്ടുവോ? കാരണമേതുമില്ലാതെ കാനനവാസത്തിന്നൊരുങ്ങിയ സാഹോദര്യത്തെ അങ്ങ് കണ്ടുവോ?) ഈ മൂന്നു വാക്യങ്ങൾ യഥാക്രമം രാമനെയും സീതയെയും ലക്ഷ്മണനെയും വ്യംഗ്യമായി പ്രകാശിപ്പിക്കുകയാണ്. ആ മൂന്നുപേരെയും പറ്റി ഭരതന്റെ മതിപ്പ് ദ്യോതിക്കുന്നു.

രാവണനാൽ പുറത്താക്കപ്പെട്ട് രാമനെ അഭയം പ്രാപിക്കുന്ന വിഭീഷണന്റെ വിചാരം:

ക്രുദ്ധസ്യ യസ്യ പുരതഃ സഹിതോപ്യശക്തഃ
സ്ഥാതും സുരൈഃ സുരരിപോർയുധി വജ്രപാണിഃ
തസ്യാനുജം രഘുപതിഃ ശരണാഗതം മാം
കിം വക്ഷ്യതീതി ഹൃദയം പരിശങ്കിതം മേ.

(*അഭിഷേകം*, 4. 7. യുദ്ധത്തിൽ കോപിഷ്ഠനായ യാതൊരു ദേവശത്രുവിന്റെ മുൻപിൽ നിൽക്കാൻ ദേവന്മാരോടുകൂടിയ വജ്രായുധനായ ഇന്ദ്രൻപോലും അശക്തനാണോ, അയാളുടെ അനുജനും ശരണം തേടി വന്നവനുമായ എന്നോട് രഘുനാഥൻ എന്താണ് പറയുക എന്ന് എന്റെ ഹൃദയം ആകെ വേവലാതിപ്പെടുകയാണ്) ആദ്യ

ത്തെ മൂന്നു വരി രാവണാനുജനായ വിഭീഷണനെ പര്യായോക്ത ഭംഗിയിൽ കുറിക്കുന്നു. വിഭീഷണന്റെ വിനയവും രാമഭക്തിയും വ്യഞ്ജിക്കുന്നു.

പൃഥിവ്യാം രാജവംശ്യാനാമുദയാസ്തമയപ്രഭുഃ
അപി രാജാ സ കുശലീ മയാ കാംക്ഷിതബാന്ധവഃ

(*സ്വപ്നവാസവദത്തം*, 6. 6. ഉദയനൻ മഹാസേനന്റെ രാജധാനിയിൽനിന്നു വന്ന കാഞ്ചുകീയനോട് രാജാവിന്റെ കുശല മാരായുന്നു: ഭൂമിയിലെ രാജവംശത്തിലുള്ളവരുടെ ഉദയാസ്തമയ ങ്ങളുടെ പ്രഭുവും ഞാൻ ബന്ധുവാകണമെന്ന് ആഗ്രഹിച്ചയാളുമായ ആ രാജാവ് സുഖമായിരിക്കുന്നല്ലോ!) ഇവിടെ മൂന്നാം വരിയൊഴിച്ച് ബാക്കിഭാഗം മഹാസേനൻ എന്ന അർഥത്തെ വ്യഞ്ജിപ്പിക്കുന്നു. ഉദയനന്റെ മഹാസേനാഭിമുഖമായ സ്നേഹാദരങ്ങൾ ധ്വനി.

രഘോശ്ചതുർഥോയമജാത്തൃതീയഃ
പിതുഃ പ്രകാശസ്യ തവ ദ്വിതീയഃ
യസ്യാനുജസ്ത്വം സ്വകുലസ്യ കേതോ–
സ്തസ്യാനുജോയം ഭരതഃ കുമാരഃ.

(*പ്രതിമ*, 4. 9. സുമന്ത്രൻ ലക്ഷ്മണനോട്: രഘുവിൽനിന്ന് നാലാമത്തേവനും അജനിൽനിന്ന് മൂന്നാമത്തേവനും നിന്റെ മഹാ നായ അച്ഛനിൽ നിന്ന് രണ്ടാമത്തേവനും സ്വവംശത്തിന്റെ ജയക്കൊടി യുമായ ആരുടെ അനുജനാണോ നീ, അയാളുടെ അനുജനായ ഭരത കുമാരനാണിത്.) നാലാം പാദത്തിലെ ഉത്തരഭാഗമൊഴിച്ച് പര്യായോ ക്തത്തിന്റെ ഉദാഹരണവും ബാക്കിഭാഗം പര്യായോക്തം കൊണ്ടുദ്ദി ഷ്ടമായ വ്യംഗ്യാശയവും. ഭരതന്റെ പാരമ്പര്യമഹത്ത്വവും അത് വെളിപ്പെടുത്തുന്നതിൽ സുമന്ത്രന്നുള്ള സവിശേഷാഭിമാനവും ധ്വനി.

ഒരു തരത്തിൽ പര്യായോക്തത്തിന്റെ ദർശനം വിവരിക്കുക യാണ് ഈ *പഞ്ചരാത്ര*പദ്യത്തൽ:

യേ കർത്തുകാമൈശ്ഛലനം ഭവദ്ഭിഃ
സംവത്സരൈർദ്വാദശഭിർ ന ദൃഷ്ടാഃ
തേ പഞ്ചരാത്രേണ മയോപനേയാ
വരം ഹ്യദത്തം വിശദാക്ഷരേണ

(*പഞ്ചരാത്രം*, 1. 48. ദുര്യോധനൻ യജ്ഞാനന്തരം ദക്ഷിണ യ്ക്കായി തന്നെ വരിച്ച് എന്തു വേണമെങ്കിലും ചോദിക്കാമെന്നു പറ ഞ്ഞതനുസരിച്ച് വനവാസവും അജ്ഞാതവാസവും കഴിഞ്ഞു വരുന്ന പാണ്ഡവർക്ക് പാതിരാജ്യം കൊടുക്കുക എന്നതാണ് താൻ ആവ ശ്യപ്പെടുന്ന ദക്ഷിണ എന്ന് ദ്രോണർ പറഞ്ഞപ്പോൾ ദുര്യോധനൻ
.



സമ്മതിച്ചുവെങ്കിലും ശകുനി അതിന് സമ്മതിക്കാതെ വന്ന പ്പോൾ താൻ വാക്കു പറഞ്ഞുപോയെന്നും ഇനി അത് തെറ്റിക്കാനാ വില്ലെന്നും ദുര്യോധനൻ തറപ്പിച്ചുപറഞ്ഞതിനെത്തുടർന്ന് ശകുനി, പഞ്ചരാത്രത്തിനുള്ളിൽ പാണ്ഡവരെ കണ്ടുപിടി ച്ചുകൊണ്ടുവന്നാൽ പാതിരാജ്യം കൊടുക്കാമെന്നു പറയുന്നു. അതു കേട്ടപ്പോൾ ദ്രോണന്റെ പ്രതികരണമാണിത്: വഞ്ചന നടത്താനാഗ്രഹിക്കുന്ന നിങ്ങൾ പന്ത്രണ്ടു സംവത്സരങ്ങൾ കൊണ്ടു പോലും കണ്ടെത്താത്ത അവരെ അഞ്ചു രാത്രികൾക്കുള്ളിൽ ഞാൻ കൊണ്ടുവരേണ്ടതാണ്. ദക്ഷിണ ചോദിക്കാമെന്ന വരം തന്നിട്ടില്ലെന്ന് വളരെ അക്ഷരങ്ങ ളിലൂടെ പറയുകയാണ് ഇപ്പോൾ ചെയ്തത്.) ദ്രോണന് ദുര്യോധനനോട് പൊതുവിലും, അദ്ദേഹം ഉപദേശം തേടിയ ശകുനിയോട് വിശേഷിച്ചും, തോന്നിയ അസ്വാരസ്യം വ്യഞ്ജിക്കുന്നു.

**6. വ്യാജസ്തുതി**

"അദ്യപ്രഭൃതി (ധാർത്തരാഷ്ട്രാ) നിഭൃതാ ഭവിഷ്യന്തി. യദി ശക്തോപി യുധിഷ്ഠിരോ മർഷയതി, അഹം ന മർഷയാമി." (*പഞ്ചരാത്രം* രണ്ടാമങ്കം. ധാർത്തരാഷ്ടന്മാർ ഗോഗ്രഹണം നടത്താൻ വന്നിരിക്കുന്നുവെന്ന വിവരമറിഞ്ഞപ്പോൾ ഭഗവാന്റെ വേഷം ധരിച്ച യുധിഷ്ഠിരൻ അവരുടെ കാര്യത്തിൽ ഉത്സുകനാണ് താനെന്നു പരസ്യമായിത്തന്നെ സൂചിപ്പിച്ചപ്പോൾ വിരാടരാജാവ് പറയുന്നു: ''ഇന്നു മുതൽ അവർ അടങ്ങിക്കൊള്ളും. ശക്തനെങ്കിലും യുധിഷ്ഠിരൻ അവരുടെ തെമ്മാടിത്തം സഹിച്ചേക്കും, ഞാൻ സഹിക്കുകയില്ല)" ഇത് യുധിഷ്ഠിരനെ നിന്ദിക്കുന്നതാണെന്നു തോന്നുമെങ്കിലും ഫലത്തിൽ അദ്ദേഹത്തിന്റെ ക്ഷമയെക്കുറിച്ചുള്ള പ്രശംസയാണ്. ഈ വ്യാജസ്തുതി അജ്ഞാതനായി കഴിയുന്ന യുധിഷ്ഠിരൻ മനസ്സിലാക്കുന്നുമുണ്ട്:

അദ്യൈദാനീം പർണശയ്യാ ച ഭൂമൗ
രാജ്യഭ്രംശോ ദ്രൗപദീധർഷണം വാ
വേഷാന്യത്വം സംശ്രിതാനാം നിവാസഃ
സർവം ശ്ലാഘ്യം യത് ക്ഷമാ ജ്ഞായതേ മേ.

(*പഞ്ചരാത്രം*, 2. 10. ഭഗവദ്വേഷധാരിയായ യുധിഷ്ഠിരന്റെ ആത്മഗതം: ഇന്ന് ഇപ്പോൾ നിലത്ത് ഇലവിരിച്ചു കിടക്കലും രാജ്യനഷ്ടവും പാഞ്ചാലിയുടെ നേരെയുണ്ടായ അപമാനവും വേഷം മാറിയുള്ള ഈ അജ്ഞാതവാസവുമെല്ലാം, എന്റെ ക്ഷമ പ്രസിദ്ധമാകയാൽ, ശ്ലാഘ്യമായിത്തീർന്നിരിക്കുന്നു.)

ധർമാത്മജോ വായുസുതശ്ച ഭീമോ
ഭ്രാതാർജുനോ മേ ത്രിദശേന്ദ്രസൂനുഃ

യമൗ ച താവശ്വിസുതൗ വിനീതൗ
സർവേ സഭൃത്യാഃ കുശലോപപന്നാഃ?

(*ദൂതവാക്യം*, 19. ദൂതിനു ചെന്ന കൃഷ്ണനോട് ദുര്യോധനൻ പറയുന്നു: ധർമപുത്രനും വായുപുത്രനായ ഭീമനും ദേവേന്ദ്രപുത്രനും എന്റെ സഹോദരനുമായ അർജുനനും ഇരട്ട പെറ്റവരും വിനീത ന്മാരുമായ ആ അശ്വിപുത്രന്മാരുമെല്ലാം ഭൃത്യന്മാരോടുകൂടി കുശലികളായിരിക്കുന്നില്ലേ?) ശ്രവണമാത്രത്തിൽ, പാണ്ഡവന്മാ രെല്ലാം ദേവപുത്രന്മാരും അതുകൊണ്ടുതന്നെ ബഹുമാന്യന്മാരു മാണെന്ന സ്തുതിയെന്നു തോന്നിക്കുന്ന ദുര്യോധനന്റെ ഈ കുശലാന്വേഷണം പാണ്ഡവന്മാർ ആരും പാണ്ഡുവിന് പിറന്നവരല്ലെന്ന – തന്തയ്ക്കു പിറന്നവരല്ലെന്ന – (അതിനാൽ പൈതൃകമായ രാജ്യത്തിന് അവകാശികളല്ലെന്നും) നിന്ദാരൂപമായ വ്യംഗ്യത്തിൽ പര്യവസാനിക്കുന്നു. നിന്ദാരൂപമായ ഈ വ്യംഗ്യം ദുര്യോധനൻ ഉദ്ദേശിച്ചതുതന്നെയെന്ന് അദ്ദേഹത്തിന്റ തുടർന്നുള്ള ഈ വാക്യം വ്യക്തമാക്കുന്നു:

വനേ പിതൃവ്യോ മൃഗയാപ്രസംഗതഃ
കൃതാപരാധോ മുനിശാപമാപ്തവാൻ
തദാപ്രഭൃത്യേവ ന ദാരനിസ്പൃഹഃ
പരാത്മജാനാം പിതൃതാം കഥം വ്രജേത്?

(*ദൂതവാക്യം*, 21. ഇളയച്ഛൻ – പാണ്ഡു– കാട്ടിൽ നായാട്ടിനു പോയപ്പോൾ കുറ്റം ചെയ്തതിന് മുനിശാപമേറ്റുവാങ്ങി. അതു മുതൽക്കേ അദ്ദേഹം ദാരങ്ങളിൽ – കുന്തിയിലും മാദ്രിയിലും – നിസ്പൃഹനാണ്. മറ്റുള്ളവരുടെ – ധർമന്റെയും വായുവിന്റെയും മറ്റും – മക്കൾക്ക് പിതൃത്വം എങ്ങനെ കിട്ടും? പാണ്ഡുവിന്റെ പുത്രരല്ലാത്തവർക്ക് പാണ്ഡുവിന്റെ പേരിലുള്ള സ്വത്ത് ലഭിക്കാൻ അർഹത യില്ലെന്നു ഭാവം.)

സുഗ്രീവൻ ബാലിയെ യുദ്ധത്തിന് വെല്ലുവിളിക്കുന്നു:

അപരാധമനുദ്ദിശ്യ പരിത്യക്തസ്ത്വയാ വിഭോ!
യുദ്ധേ ത്വത്പാദശുശ്രൂഷാം സുഗ്രീവഃ കർത്തുമിച്ഛതി.

(*അഭിഷേകം*, 1. 8. തെറ്റൊന്നും ചെയ്യാത്ത എന്നെ പ്രഭോ! അങ്ങ് ഉപേക്ഷിച്ചു. യുദ്ധത്തിൽ അങ്ങയുടെ പാദശുശ്രൂഷ ചെയ്യാൻ സുഗ്രീവൻ ആഗ്രഹിക്കുന്നു.) സ്തുതി പോലെ തോന്നുന്ന ഈ വാക്യം യുദ്ധത്തിനുള്ള വെല്ലുവിളിയിലാണ് പര്യവസാനിക്കുന്നത്. യഥാർഥത്തിൽ സുഗ്രീവന് ജ്യേഷ്ഠനായ ബാലിയോട് ഈ പദ്യത്തിന്റെ യഥാശ്രുതാർഥമായ ബഹുമാനംതന്നെയാണുള്ളതെന്ന് ബാലി വധാനന്തരമുള്ള അയാളുടെ ദുഃഖവും ശവസംസ്കാരവും മറ്റും



സൂചിപ്പിക്കും.

വ്യാജസ്തുതി എന്ന അലങ്കാരം തന്നെ വാസ്തവത്തിൽ ഇത്തര മൊരു വൈരുധ്യം പലപ്പോഴും ഉൾക്കൊള്ളുന്നുണ്ടെന്നു തോന്നും.

## 7. ഉൽപ്രേക്ഷ

കളഭദശനദംഷ്ട്രോ ലാംഗലാകാരനാസഃ
കരിവരകരബാഹുർനീലജീമൂതവർണഃ
ഹുതഹുതവഹദീപ്തോ യ സ്ഥിതോ ഭാതി ഭീമ–
സ്ത്രിപുരപുരനിഹന്തുഃ ശങ്കരസ്യേവ രോഷഃ.

(*മധ്യമവ്യായോഗം*, 1. 6. ബ്രാഹ്മണന്റെ രണ്ടാമത്തെ പുത്രൻ ഘടോൽക്കചനെ വർണിക്കുന്നു: ആനക്കുട്ടിയുടെ പല്ലുപോലുള്ള തേറ്റകളോടുകൂടിയവനും കലപ്പ പോലുള്ള മൂക്കോടുകൂടിയവനും ഗജവീരന്റെ തുമ്പിക്കൈ പോലുള്ള കൈകളോടുകൂടിയവനും നീലക്കാർവർണനും ഹോമദ്രവ്യങ്ങളർപ്പിക്കപ്പെട്ട അഗ്നിയെപ്പോലെ പ്രകാശിക്കുന്നവനും ഭയങ്കരനുമായ ഇവൻ ത്രിപുരന്മാരുടെ പുരങ്ങൾ ദഹിപ്പിക്കുമ്പോഴത്തെ ശിവന്റെ ക്രോധമോ എന്നു തോന്നുമാറ് പ്രകാശിക്കുന്നു.) വീരരസം വ്യംഗ്യം. ഘടോൽക്കചന്റെ വിശേഷണ ങ്ങൾ പൊതുവിലും ഭീമപദം വിശേഷിച്ചും വക്താവ് അറിയാതെ യാണെങ്കിലും ഭീമപുത്രനാണിവനെന്ന് ധ്വനിപ്പിക്കുന്നു.

ദ്വിജോച്ഛിഷ്ടൈരന്നൈഃ പ്രകുസുമിതകാശാ ഇവ ദിശോ
ഹവിർധൂമൈഃ സർവേ ഹൃതകുസുമഗന്ധാസ്തരുഗണാഃ
മൃഗൈസ്തുല്യാ വ്യാഘ്രാ വധനിഭൃതസിംഹശ്ച ഗിരയോ
നൃപേ ദീക്ഷാം പ്രാപ്തേ ജഗദപി സമം ദീക്ഷിതമിവ.

(*പഞ്ചരാത്രം*, 1. 3. ദുര്യോധനയജ്ഞത്തെ വർണിക്കുന്ന ബ്രാഹ്മണരിൽ ഒന്നാമൻ: ബ്രാഹ്മണരുടെ എച്ചിലുകളാൽ ദിക്കുകൾ നല്ലപോലെ പൂത്ത ആറ്റുദർഭകളോടുകൂടിയവയെന്നപോലെ; യജ്ഞപ്പുകകളാൽ പൂമണം ഹരിക്കപ്പെട്ടവപോലെയായിരിക്കുന്നു എല്ലാ വൃക്ഷങ്ങളും; നരികളും കൊലയിൽ കൊതി പൂണ്ട സിംഹങ്ങളോടുകൂടിയ മലകളും മാനുകളെപ്പോലായിരിക്കയാണ്; രാജാവ് ദീക്ഷയിരിക്കവേ, ഒപ്പം ലോകവും ദീക്ഷിതമായോ എന്നു തോന്നും.) നല്ല ഭരണാധികാരികളെ പ്രജകൾ അനസരിക്കുകയും അനുകരിക്കുകയും ചെയ്യുക സ്വാഭാവികമെന്നു ധ്വനി.

അവനതവിടപോ നദീപലാശഃ
പവനവശാച്ചലിതൈകപർണഹസ്തഃ
ദ(?ഹ)വദഹനവിപന്നജീവിതാനാ–
മുദകമിവൈഷ കരോതി പാദപാനാം.

(*പഞ്ചരാത്രം*, 1. 19. കുനിഞ്ഞ കൊമ്പോടുകൂടിയ പുഴക്കരയിലുള്ള പ്ലാശുമരം കാറ്റേറ്റ് ഇളകുന്ന ഒരില മാത്രമാകുന്ന കൈയോടുകൂടി, യാഗാഗ്നിയിൽ കത്തിപ്പോയ വൃക്ഷങ്ങൾക്ക് ഉദകക്രിയ ചെയ്യുകയാണെന്നു തോന്നും.) അചരങ്ങൾ പോലും യജ്ഞശേഷകർമങ്ങളിൽ പങ്കെടുക്കുന്നുണ്ടെന്നു വ്യംഗ്യം.

സുവ്യക്തം നിഹതം ദൃഷ്ടാ പൗത്രമായസ്തചേതസഃ
ഉൽക്കാരൂപാഃ പതന്ത്യേതേ മഹേന്ദ്രസ്യാശ്രുബിന്ദവഃ.

(*ദൂതഘടോൽക്കചം*, 26. അഭിമന്യുവധത്തിനുശേഷം കാണായ ഭൂകമ്പത്തിന്റെയും ഉൽകാവർഷത്തി ന്റെയും കാരണമെന്താണാവോ എന്ന് ചിന്തിക്കുന്ന ദുര്യോധനനോട് ധൃതരാഷ്ട്രർ: പേരക്കിടാവ് വ്യക്തമായി കൊല്ലപ്പെട്ടതു കണ്ടിട്ട് മനം തളർന്ന ദേവേന്ദ്രന്റെ കണ്ണീർത്തുള്ളികളാണ് ഈ ഉൽക്കകളുടെ രൂപത്തിൽ വീഴുന്നത്.) അഭിമന്യുവധത്തിൽ ധൃതരാഷ്ടന്നുണ്ടായ ശോകാധിക്യം ധ്വനി.

ശിരസി ഗുരുനിഖാതസ്രസ്തരക്താർദ്രഗാത്രോ
ധരണിധരനികാശഃ സംയുഗേഷ്വപ്രമേയഃ
പ്രവിശതി ഗിരിരാജോ മേദിനീം വജ്രദഗ്ധഃ
ശിഥിലവിസൃതധാതുർഹേമകൂടോ യഥാദ്രിഃ.

(*ഊരുഭംഗം*, 20. തലയിൽ കനത്ത അടിയേറ്റ് ഒലിക്കുന്ന ചോര കൊണ്ട് നനഞ്ഞ ശരീരത്തോടുകൂടി, പർവതതുല്യനും യുദ്ധങ്ങളിൽ നിരുപമനുമായ ഭീമൻ, വജ്രായുധം തട്ടി പൊള്ളലേറ്റ് അയഞ്ഞു പരന്ന ധാതുക്കളോടുകൂടിയ ഹേമകൂടപർവതരാജാവ് ഭൂമിയിലേക്ക് വന്നതുപോലെ കാണപ്പെടുന്നു.) ഭീമന്റെ അധൃഷ്യത്വം ദ്യോതിക്കുന്നു.

ഒരേ ശ്ലോകത്തിൽ ഒന്നിലധികം ഉൽപ്രേക്ഷകൾ വരും. ഉദാ:-

ഗർഭസ്ഥാ ഇവ മോഹമഭ്യുപഗതാഃ സർവാഃ പ്രജാ നിദ്രയാ
പ്രാസാദാഃ സുഖസുപ്തനീരവജനാ ധ്യാനം പ്രവിഷ്ടാ ഇവ
പ്രഗ്രസ്താ ഇവ സഞ്ചിതേന തമസാ സ്പർശാനുമേയാ നഗാ
അന്തർധാനമിവോപയാതി സകലം പ്രച്ഛന്നരൂപം ജഗത്.

(*അവിമാരകം,* 3. 3. അവിമാരകന്റെ അർധരാത്രവർണനം: എല്ലാ പ്രജകളും ഉറക്കം കൊണ്ട് ഗർഭത്തിലുള്ളവരെപ്പോലെ മോഹാലസ്യത്തെ പ്രാപിച്ചിരിക്കയാണ്; മാളികകൾ സുഖമായി ഉറങ്ങുന്ന മിണ്ടാത്ത ജനങ്ങളോടുകൂടി ധ്യാനത്തിൽ പ്രവേശിച്ചിരിക്കയാണോ എന്നു തോന്നും; ഒന്നിച്ചു കൂടിയ ഇരുട്ടിനാൽ നല്ലവണ്ണം വിഴുങ്ങപ്പെട്ടതോ എന്നു തോന്നുമാറുള്ള പർവതങ്ങൾ സ്പർശിച്ചുമാത്രം അനുമാനിക്കാവുന്നവയത്രേ; ലോകമാകെ വേഷം മാറിയാലെന്നപോലെ മറഞ്ഞിരിക്കയാണോ എന്നു തോന്നും.) അർധരാത്രിയുടെ



ഭീകരത വ്യഞ്ജിക്കുന്നു.

**8. അതിശയോക്തി**

ഉത്തരകുമാരന്റെ പരാക്രമത്തെ രാജാവ് ശ്ലാഘിക്കുന്നു:

നൃപാ ഭീഷ്മാദയോ ഭഗ്നാഃ സൗഭദ്രോ ഗ്രഹണം ഗതഃ
ഉത്തരേണാദ്യ സംക്ഷേപാദർഥതഃ പൃഥിവീ ജിതാ.

(*പഞ്ചരാത്രം*, 2. 41. ഭീഷ്മാദികളായ രാജാക്കന്മാർ തോറ്റോടി. സുഭദ്രാപുത്രനായ അഭിമന്യുവിനെ ബന്ദിയായി പിടിച്ചു. ചുരുക്കത്തിൽ ഇന്ന് ഫലത്തിൽ ഉത്തരൻ ഭൂമിയാകെ കീഴടക്കി.) മകന്റെ ബാഹുപരാക്രമത്തെപ്പറ്റി വിരാടരാജാവിന്റെ അമിതമായ അവകാശവാദം വ്യംഗ്യം.

അമാത്യശാലങ്കായനൻ വത്സരാജനെ ബന്ദിയായി പിടിച്ചുവെന്നറിയിച്ച കാഞ്ചുകീയനോട് (മഹാസേന)രാജാവ്:-

ന ശ്രദ്ധധാമ്യുദയനഗ്രഹണം ത്വയോക്തം
വ്യാവർത്തനം കരതലൈരിവ മന്ദരസ്യ;
യസ്യാഹവേഷു രിപവഃ കഥയന്തി ശൗര്യം;
യൗഗന്ധരായണമതാനി ച നഃ സ്വനന്തി.

(*പ്രതിജ്ഞായൗഗന്ധരായണം*, 2. 9. മന്ദരപർവതത്തെ കൈത്തലത്തിലുരുട്ടുന്നുവെന്നപോലെ, ഉദയനനെ പിടിച്ചുവെന്ന് നിങ്ങൾ പറഞ്ഞത് ഞാൻ വിശ്വസിക്കുന്നില്ല. യുദ്ധത്തിലെ ഉദയനന്റെ ശൗര്യത്തെപ്പറ്റി ശത്രുക്കൾ പറയാറുണ്ട്; യൗഗന്ധരായണന്റെ തന്ത്രങ്ങളെപ്പറ്റി നമ്മുടെ കാതുകളിൽ മുഴങ്ങുകയും ചെയ്യുന്നു.) യൗഗന്ധരായണന്റെ തന്ത്രങ്ങളും വത്സരാജന്റെ യുദ്ധവീര്യവും അറിയുന്നവർക്ക് അദ്ദേഹത്തെ പിടിച്ചുവെന്നത് സ്വാഭാവികമായും അവിശ്വസനീയം. വത്സരാജനെപ്പറ്റിയുള്ള മഹാസേനന്റെ ഭയാദരങ്ങൾ ധ്വനി.

**9. ഉപമ**

ഹൃദയേനേഹ തത്രാംഗൈർദ്വിധാഭൂതേവ ഗച്ഛതി
യഥാ നഭസി തോയേ ച ചന്ദ്രലേഖാ ദ്വിധാകൃതാ.

(*ബാലചരിതം*, 1. 13. വസുദേവൻ ദേവകിയെപ്പറ്റി പറയുന്നു: ആകാശത്തിലും ജലത്തിലുമായി രണ്ടാക്കി ചെയ്യപ്പെട്ട ചന്ദ്രക്കലയെപ്പോലെ, ഇവൾ ഹൃദയം കൊണ്ടും അവയവങ്ങൾ കൊണ്ടും രണ്ടായി നടക്കുകയാണ്.) ദേവകിയുടെ സൗന്ദര്യം ധ്വനി.

തീക്ഷ്ണാഗ്രം ശൂലമാലംബ്യ രൗദ്രവേഷേണ ജൃംഭതേ
വിനാശകാലേ സംപ്രാപ്തേ കാളരാത്രിരിവോത്ഥിതാ.

(*ബാലചരിതം*, 2. 19. ദേവകിയുടേതെന്നു പറഞ്ഞു കൊണ്ടുവന്ന

പെൺകുഞ്ഞിനെ കൊല്ലാൻ വേണ്ടി ശിലയിലടിച്ചപ്പോൾ പ്രത്യക്ഷയായ കാത്യായനീഭഗവതിയെ കണ്ട് കംസൻ: ഇതാ, ഇവൾ ഇപ്പോൾ, വിനാശകാലം വരുമ്പോൾ കാളരാത്രിയെന്നപോലെ, അറ്റം കൂർത്ത ശൂലത്തെ ആലംബിച്ച് രൗദ്രവേഷത്തോടുകൂടി വികസിച്ചു നിൽക്കുന്നു.) കംസന്റെ മരണം വൈകാതെ സംഭവിക്കുമെന്നു വ്യംഗ്യം.

പ്രഭ്രഷ്ടരത്നമകുടം പരികീർണകേശം
വിച്ഛിന്നഹാരപതിതാംഗദലംബസൂത്രം
ആകൃഷ്യ കംസമഹമദ്യ ദൃഢം നിഹന്മി
നാഗം മൃഗേന്ദ്ര ഇവ പൂർവകൃതാവലേപം.

(*ബാലചരിതം*, 4. 13. ദാമോദരൻ കംസവധപ്രതിജ്ഞ ചെയ്യുന്നു: അകലെ തെറിപ്പിക്കപ്പെട്ട രത്നകിരീടവുമായി, ചുറ്റിലും ചിതറിയ തലമുടിയോടെ, മുത്തുമാല പൊട്ടിച്ചിതറിയും തോൾവളയിൽ തൂങ്ങുന്ന ചരട് നിലത്തു വീണും നിലകൊള്ളുന്ന കംസനെ ഇന്ന് ഞാൻ തീർച്ചയായും പിടിച്ചുവലിച്ച് കൊല്ലുന്നുണ്ട് – മുൻപ് നിന്ദിച്ച ആനയെ സിംഹമെന്നപോലെ.) വയസ്സു മൂത്ത കംസന്റെ സ്വാഭാവികമായ ശത്രുവാണ് ബാലനായ കൃഷ്ണനെന്നു ധ്വനി.

ദുഃശാസനപരാമൃഷ്ടാ സംഭ്രമോത്ഫുല്ലലോചനാ
രാഹുവക്ത്രാന്തരഗതാ ചന്ദ്രലേഖേവ ശോഭതേ.

(*ദൂതവാക്യം*, 7. പാഞ്ചാലീവസ്ത്രാക്ഷേപം ആലേഖനം ചെയ്ത ഫലകം നോക്കി രസിക്കുകയാണ് ദുര്യോധനൻ: ദുശ്ശാസനനാൽ പിടിച്ചുവലിക്കപ്പെട്ട് പരിഭ്രമം കൊണ്ട് വിടർന്ന കണ്ണുകളോടുകൂടിയ ദ്രൗപദി, രാഹുവിന്റെ വായിലകപ്പെട്ട ചന്ദ്രക്കലയെപ്പോലെ, ശോഭിക്കുന്നു) ഉപമ പാഞ്ചാലിയുടെ സൗന്ദര്യത്തോടൊപ്പം അപമാനഗ്രസ്താവസ്ഥയും വ്യഞ്ജിപ്പിക്കുന്നു. ചന്ദ്രക്കല ഗ്രഹണ നിർമുക്തയായി പൂർവാധികം ശോഭിക്കുന്നതുപോലെ, പാഞ്ചാലിയും പിൽക്കാലത്ത് അപമാനനിർമുക്തയായി മുൻപത്തേക്കാൾ ശോഭയേലുമെന്ന് ധ്വനി.

ശ്യാമോ യുവാ സിതദുകൂലകൃതോത്തരീയഃ
സച്ഛത്രചാമരവരോ രചിതാംഗരാഗഃ
ശ്രീമാൻ വിഭൂഷണമണിദ്യുതിരഞ്ജിതാംഗോ
നക്ഷത്രമധ്യ ഇവ പർവഗതഃ ശശാങ്കഃ.

(*ദൂതവാക്യം*, 3. കാഞ്ചുകീയൻ രാജസഭാമധ്യത്തിലുള്ള ദുര്യോധനനെ വർണിക്കുന്നു: വെള്ളപ്പട്ടുകൊണ്ട് ഉത്തരീയം ചാർത്തിയവനും കുറിക്കൂട്ടുകൾ പൂശിയവനും ശ്രേഷ്ഠമായ വെൺകൊറ്റക്കുടയോടും വെൺചാമരങ്ങളോടും കൂടിയവനും അലങ്കാരങ്ങളിൽ



പതിച്ച രത്നങ്ങളാൽ തിളങ്ങുന്ന അവയവങ്ങ ളോടുകൂടിയവനും ശ്യാമവർണനും ഐശ്വര്യവാനും യുവാവുമായ ദുര്യോധനമഹാരാജാവ്, നക്ഷത്രങ്ങളുടെ നടുവിൽ പൂർണചന്ദ്രനെന്നപോലെ ശോഭിക്കുന്നു.) മറ്റു രാജാക്കന്മാരെ അപേക്ഷിച്ച് ദുര്യോധനന്റെ ശ്രേഷ്ഠതയും രാജത്വവും വ്യഞ്ജിക്കുന്നു. ശ്യാമവർണത്വവും ശശാങ്കത്വവും ദുര്യോധനന്റെ കളങ്കിതത്വം കൂടി ദ്യോതിപ്പിക്കുന്നുണ്ട്. സൂര്യോപമനായ ശ്രീകൃഷ്ണൻ പ്രസ്തുതസഭയിലേക്ക് വരുന്നുണ്ടെ ന്നും അപ്പോൾ പർവഗതനായ ഈ ശശാങ്കന്റെ പ്രഭ പതിന്മടങ്ങ് മങ്ങു മെന്നും വ്യംഗ്യം.

അത്യുഗ്രദീപ്തിവിശദഃ സമരേഗ്രഗണ്യഃ
ശൗര്യേ ച സംപ്രതി സശോകമുപൈതി ധീമാൻ
പ്രാപ്തേ നിദാഘസമയേ ഘനരാശിരുദ്ധഃ
സൂര്യഃ സ്വഭാവരുചിമാനിവ ഭാതി കർണഃ.

(*കർണഭാരം*, 4. അത്യുഗ്രമായ പ്രകാശം കൊണ്ട് സുവ്യക്തനും യുദ്ധത്തിലും ശൗര്യത്തിലും അഗ്രഗണ്യനും ബുദ്ധിമാനുമായ കർണൻ, സ്വതേ പ്രകാശവാനായ സൂര്യൻ വേനൽക്കാലം വന്നപ്പോൾ കാർമേഘങ്ങളാൽ തടയപ്പെട്ടാലെന്നപോലെ, ഇപ്പോൾ ദുഃഖാവസ്ഥയെ പ്രാപിച്ച് ശോഭിക്കുന്നു.) അച്ഛന്റെ സാദൃശ്യം മകനു കിട്ടുക സ്വാഭാവികം. കാർമേഘതടസ്സം നീങ്ങിയാൽ കർണൻ യശഃശരീരനായി സൂര്യതുല്യം കൂടുതൽ ശോഭിക്കുമെന്നു ധ്വനി.

ശുഷ്കേനൈകേന വൃക്ഷേണ വനം പുഷ്പിതപാദപം
കുലം ചാരിത്രഹീനേന പുരുഷേണേവ ദഹ്യതേ.

(*പഞ്ചരാത്രം*, 1. 12. മൂന്നു ബ്രാഹ്മണന്മാരുടെ ദുര്യോധനയജ്ഞ വർണനയിൽനിന്ന്: പൂത്ത മരങ്ങളോടുകൂടിയ കാട് ഒരുണക്കമരം കൊണ്ടു മാത്രം, ചാരിത്രഹീനനായ ഒരാളെക്കൊണ്ട് ഒരു തറവാടെന്നപോലെ, ദഹിപ്പിക്കപ്പെടുന്നു.) ചാരിത്രത്തിന്റെ പരമപ്രാധാന്യം ധ്വനി.

ലതയാ സക്തയാ സ്കന്ധേ ശുഷ്കയാ വേഷ്ടിതസ്തരുഃ
നിവിഷ്ടോ ദുഷ്കുലേ സാധുഃ സ്ത്രീദോഷേണേവ ദഹ്യതേ.

(*പഞ്ചരാത്രം*, 1. 14. മൂന്നു ബ്രാഹ്മണരുടെ ദുര്യോധനയജ്ഞ വർണനത്തിൽനിന്ന്: തടിയിൽ പറ്റിച്ചേർന്ന ഉണങ്ങിയ വള്ളിയാൽ ചുറ്റപ്പെട്ട മരം, ദുഷ്കുലത്തിൽ ചെന്നുപെട്ട സജ്ജനം സ്ത്രീദോഷത്താലെന്നപോലെ, ദഹിപ്പിക്കപ്പെടുന്നു.) ദുഷ്കുലവും സ്ത്രീദോഷവും സജ്ജനത്തെ ദുഷിപ്പിക്കുമെന്ന ആശയം ധ്വനിക്കുന്നു.

ഏതദഗ്നേർബലം നഷ്ടമിന്ധനാനാം പരിക്ഷയാത്;
ദാനശക്തിരിവാര്യസ്യ വിഭവാനാം പരിക്ഷയാൽ.

(*പഞ്ചരാത്രം*, 1. 17. മൂന്നു ബ്രാഹ്മണരുടെ ദുര്യോധനയജ്ഞ

വർണനം: ഇന്ധനങ്ങൾ തീർന്നതിനാൽ ഈ അഗ്നിയുടെ ശക്തി നശിച്ചു – വിഭവങ്ങൾ തീർന്നതുകൊണ്ട് ആര്യന്റെ ദാനശക്തിയെന്നപോലെ.) വിഭവനാശത്തോടെ ദാനശീലനായ ശ്രേഷ്ഠമനുഷ്യന്റെ ദാനശക്തി ക്ഷയിക്കുന്നതുകൊണ്ട് അവരുടെ വിഭവശേഷി വർധിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ രാജാക്കന്മാർ (ഭരണാധികാരികൾ) ചെയ്തുകൊടുക്കേണ്ടതാണെന്നു വ്യംഗ്യം.

സ്രഗ്ഭാണ്ഡമരണീം ദർഭാനുപഭുംക്തേ ഹുതാശനഃ
വ്യസനിത്വാന്നരഃ ക്ഷീണഃ പരിച്ഛദമിവാത്മനഃ.

(*പഞ്ചരാത്രം*, 1. 18. സ്ത്രീസേവാദിസപ്തവ്യസനങ്ങളാൽ ദുർബലനായ മനുഷ്യൻ സ്വന്തം വസ്ത്രം വിറ്റ് ജീവിക്കുന്നതു പോലെ, അഗ്നി ഇപ്പോൾ യജ്ഞപാത്രത്തെയും അരണിയെയും ദർഭകളെയും ഉപഭുജിക്കുകയാണ്.) സ്ത്രീസേവാദിദോഷങ്ങളിൽ മുഴുകി ജീവിക്കുന്ന ദരിദ്രന് സ്വന്തം തുണിപോലും വിൽക്കേണ്ടി വരും. അത്തരം ദോഷങ്ങൾ 'ദൂരതഃ പരിവർജനീയ'മെന്ന് വ്യംഗ്യം.

ശീർഷോത്കമ്പനവൽഗമാനമകുടഃ ക്രോധാഗ്നികാക്ഷാനനഃ
സ്ഥാനാക്രാമണവാമനീകൃതതനുഃ പ്രത്യഗ്രഹസ്തോച്ഛ്രയഃ
യസ്യൈഷാ രിപുശോണിതാർദ്രകലിലാ ഭാത്യഗ്രഹസ്തേ ഗദാ
കൈലാസസ്യ ഗിരേരിവാഗ്രരചിതാ സോൽകാ മഹേന്ദ്രാശനിഃ.

(*ഊരുഭംഗം*, 17. ശിരസ്സിളക്കുമ്പോൾ കുലുങ്ങുന്ന കിരീടത്തോടുകൂടി, ക്രോധാഗ്നി ജ്വലിക്കുന്ന കണ്ണുകളുള്ള മുഖത്തോടുകൂടി, ഉറച്ചൊരു നിലയെടുക്കുമ്പോൾ കുറുതായി വരുന്ന ശരീരത്തോടുകൂടി, ഒന്നുകൂടി കൈയുയർത്തി, ആ ഉയർത്തിയ കൈയിൽ ശത്രുരക്തം കൊണ്ട് ഉറയിട്ടതോ എന്നു തോന്നുമാറ് ശോഭിക്കുന്ന ഗദയോടുകൂടി, ഇന്ദ്രന്റെ വജ്രായുധം മുകളിൽ വെച്ച കൈലാസ പർവതക്കൊടുമുടി പോലെ, ദുര്യോധനൻ നിലകൊള്ളുന്നു.) ഉപമ ദുര്യോധനന്റെ അമാനുഷവീര്യം വ്യഞ്ജിപ്പിക്കുന്നു.

നിർഭിന്നാഗ്രലലാടവാന്തരുധിരോ ഭഗ്നാംസകൂടദ്വയഃ
സാന്ദ്രൈർനിർഗളിതപ്രഹാരരുധിരൈരാർദ്രീകൃതോരഃസ്ഥലഃ
ഭീമോ ഭാതി ഗദാഭിഘാതരുധിരക്ലിന്നാവഗാഢവ്രണാഃ
ശൈലോ മേരുരിവൈഷ ധാതുസലിലാസാരോപദിഗ്ധോപലഃ.

(*ഊരുഭംഗം*, 18. പിളർക്കപ്പെട്ട മേൽനെറ്റിയിൽനിന്ന് ഒഴുകുന്ന ചോരയോടുകൂടി, തകർന്ന രണ്ടു തോളുകളോടുകൂടി, അടി കൊണ്ട് വാർന്ന കട്ട പിടിച്ച രക്തം കൊണ്ട് ആർദ്രമായ മാറിടത്തോടുകൂടി, ഗദയുടെ ആഘാതമേറ്റ് വാർന്നൊഴുകിയ ചോരയാൽ കുതിർത്ത അഗാധവ്രണത്തോടുകൂടി, ധാതുജലവർഷം കൊണ്ട് നനഞ്ഞ പാറകളുള്ള മേരുപർവതംപോലെ, ഈ ഭീമൻ ശോഭിക്കുന്നു.) ഗദായുദ്ധത്തിൽ പരാജിതനെങ്കിലും ഭീമന്റെ അമാനുഷമായ തേജസ്സിന് കുറവൊന്നും വന്നിട്ടില്ലെന്ന് ഉപമ സൂചിപ്പിക്കുന്നു.



മമ മാതുശ്ച മാതുശ്ച മധ്യസ്ഥാ ത്വം ന ശോഭസേ
ഗംഗായമുനയോർമധ്യേ കുനദീവ പ്രവേശിതാ.

(*പ്രതിമ*, 3. 16. എന്റെ അമ്മയുടെയും അമ്മയുടെയും മധ്യത്തിൽ സ്ഥിതി ചെയ്യുന്ന നീ, ഗംഗയുടെയും യമുനയുടെയും മധ്യത്തിൽ പ്രവേശിപ്പിക്കപ്പെട്ട ഒരു വൃത്തികെട്ട നദിയെപ്പോലെ, ശോഭിക്കുന്നില്ല) ഭരതന് കൈകേയിയോടുള്ള അവജ്ഞ വ്യഞ്ജിക്കുന്നു.

ഭരതൻ സുമന്ത്രനോട്:

പിത്രാ ച ബാന്ധവജനേന ച വിപ്രയുക്തോ
ദുഃഖം മഹത് സമനുഭൂയ വനപ്രദേശേ
ഭാര്യാവിയോഗമുപലഭ്യ പുനർമമാര്യോ
ജീമൂതചന്ദ്ര ഇവ ഖേ പ്രഭയാ വിയുക്തഃ.

(*പ്രതിമ*, 6. 12. അച്ഛനോടും ബന്ധുജനങ്ങളോടും പിരിഞ്ഞ് കാട്ടിൽ കൊടിയ ദുഃഖമനുഭവിച്ച എന്റെ ആര്യൻ – ജ്യേഷ്ഠൻ – ഭാര്യാവിരഹം കൂടി ആയപ്പോൾ ആകാശത്തിൽ കാർമേഘത്തിനിടയിൽ മറഞ്ഞ് പ്രഭയുമായി പിരിഞ്ഞ ചന്ദ്രനെപ്പോലെയായി.) അച്ഛനോടും ബന്ധുജനങ്ങളോടും പിരിഞ്ഞ് കാട്ടിൽ വസിക്കേണ്ടി വന്നപ്പോൾ രാമൻ മേഘാവൃതനായ ചന്ദ്രനെപ്പോലായി. സീതാവിരഹം കൂടിയായപ്പോൾ, ചന്ദ്രൻ പ്രഭാവിയുക്തൻ കൂടിയായാലെന്ന പോലെയായി. ഈ മേഘാവൃതത്വവും പ്രഭാവിയുക്തത്വവും താൽക്കാലികം മാത്രമാണെന്നും അവ വൈകാതെ മാറിക്കിട്ടുമെന്നും സീതാരാമന്മാർക്ക് പണ്ടത്തെപ്പോലെ ഇനിയും ഒന്നിച്ച് സുഖമായി ജീവിക്കാൻ കഴിയുമെന്നും ധ്വനി. ഭരതന് അവരോടുള്ള സ്നേഹ ഭക്ത്യാദരങ്ങൾ കൂടി വ്യംഗ്യമായി ഭാസിക്കുന്നു.

രാക്ഷസീഭിഃ പരിവൃതാ വികൃതാഭിഃ സുമധ്യമാ
നീലജീമൂതമധ്യസ്ഥാ വിദ്യുല്ലേഖേവ ശോഭതേ.

(*അഭിഷേകം*, 2. 7. ഹനൂമാൻ സീതയെ കാണുന്നു: വിരൂപിണികളായ രാക്ഷസികളാൽ ചുറ്റപ്പെട്ട് ഒരു സുന്ദരി, നീലമേഘങ്ങളുടെ നടുവിൽ മിന്നൽപ്പിണരെന്ന പോലെ ശോഭിക്കുന്നു.) രാക്ഷസികളുടെ നടുവിലാവുമ്പോൾ സീതയുടെ സൗന്ദര്യം അങ്ങേയറ്റം വ്യതിരിക്തമായി മിന്നിത്തിളങ്ങുന്നുവെന്ന് ഉപമ ധ്വനിപ്പിക്കുന്നു.

മണിവിരചിതമൗലിശ്ചാരുതാമ്രായതാക്ഷോ
മദസലളിതഗാമീ മത്തമാതംഗലീലഃ
യുവതിജനനികായേ ഭാത്യസൗ രാക്ഷസേശോ
ഹരിരിവ ഹരിണീനാമന്തരേ ചേഷ്ടമാനഃ.

(*അഭിഷേകം*, 2. 9. ഹനൂമാൻ രാവണനെ കാണുന്നു: രത്നവിര ചിതമായ കിരീടത്തോടുകൂടി, മനോഹരമായ ചെങ്കണ്ണുകളോടുകൂടി, മദാലസമായ ഗമനത്തോടുകൂടി, മദയാനയുടെ വിലാസത്തോടുകൂടി, തരുണീനിരയുടെ നടുവിൽ ഈ രാക്ഷസേശ്വരൻ, പേടമാനുകളുടെ യിടയിൽ മരുവുന്ന സിംഹത്തെപ്പോലെ, വിരാജിക്കുന്നു.) ഉപമ കൊണ്ട്, ആ തരുണീമണികൾ ഭയചകിതരാണെന്നും അവരെ പീഡിപ്പിക്കാനോ നശിപ്പിക്കാനോ ആണ് രാവണൻ നിലകൊള്ളുന്ന തെന്നും വ്യഞ്ജിപ്പിക്കപ്പെടുന്നു. എന്നാൽ, സിംഹം മൃഗരാജനെന്ന പോലെ, രാവണൻ രാക്ഷസരാജാവാണെന്ന കാര്യം ധ്വനിപ്പിക്കാ തിരിക്കുന്നുമില്ല.

അസ്താദ്രിമസ്തകഗതഃ പ്രതിസംഹൃതാംശുഃ
സന്ധ്യാനുരഞ്ജിതവപുഃ പ്രതിഭാതി സൂര്യഃ
രക്തോജ്ജ്വലാംശുകവൃതേ ദ്വിരദസ്യ കുംഭേ
ജാംബൂനദേന രചിതഃ പുളകോ യഥൈവ.

(*അഭിഷേകം*, 4. 23. രാമൻ സൂര്യാസ്തമയത്തെ വർണിക്കുന്നു: അസ്തമയപർവതത്തിന്റെ മുകളിലെത്തിയ സൂര്യൻ രശ്മി ചുരുക്കി സന്ധ്യയാൽ നിറം പിടിപ്പിക്കപ്പെട്ട ശരീരത്തോടുകൂടി, ചുകന്ന് ശോഭനമായ പട്ട് വിരിച്ച ആനയുടെ സുവർണതിലകം പോലെ, പരിശോഭിക്കുന്നു.) ഇവിടത്തെ ഉപമാനമായ നെറ്റിപ്പട്ടം കെട്ടിയ ആന കർത്തവ്യകർമത്തിന് തയ്യാറെടുത്തുനിൽക്കുകയാണ്. അടുത്ത സൂര്യോദയത്തിൽ യുദ്ധം ആരംഭിക്കുമെന്നു ധ്വനി.

ഏഷാ കനകമാലേവ ജ്വലനാദ് വർധിതപ്രഭാ
പാവനാ പാവകം പ്രാപ്യ നിർവികാരമുപാഗതാ.

(*അഭിഷേകം,* 6. 25. അഗ്നിപരീക്ഷയെ അതിജീവിക്കുന്ന സീതയെ ഹനൂമാൻ വർണിക്കുന്നു: ഇവൾ പരിശുദ്ധമായ ഈ അഗ്നിയെ പ്രാപിച്ച് സ്വർണമാലയെപ്പോലെ വർധിച്ച പ്രഭയോടുകൂടി അതിൽനിന്ന് നിർവികാരയായി പുറത്തേക്ക് വന്നിരിക്കുന്നു.) പാവന, പാവകം, ജ്വലനാദ് എന്നീ പ്രയോഗങ്ങളെല്ലാം ആലോചനാമൃതങ്ങൾ. തീയിൽ കാച്ചിയ പൊന്നുപോലെ സീത പൂർവാധികം പരിശുദ്ധയായിമാറി എന്നു ധ്വനി.

വ്യക്തം ബലം ബഹു ച തസ്യ ച നൈകകാര്യം
സംഖ്യാതവീരപുരുഷം ച ന ചാനുരക്തം
വ്യാജം തതഃ സമഭിനന്ദതി യുദ്ധകാലേ
സർവം ഹി സൈന്യമനുരാഗമൃതേ കളത്രം

(*പ്രതിജ്ഞായൗഗന്ധരായണം*, 1. 4. ശത്രുസൈന്യത്തെപ്പറ്റി യൗഗന്ധരായണന്റെ വിലയിരുത്തൽ: വിപുലമാണ് അയാളുടെ സേന, അതിലൊരാളും ഏകാഗ്രമനസ്സല്ല; അതിൽ കുറച്ചുപേരേ വീരന്മാരായുള്ളൂ, രാജാവിനോട് സ്നേഹമുള്ളവരല്ലതാനും. അങ്ങനെയുള്ള സൈന്യമാകെ അനുരാഗമില്ലാത്ത ഭാര്യയെപ്പോലെ യുദ്ധസന്ദർഭത്തിൽ അയാളെ വഞ്ചിക്കുന്നതാണ്.) ശത്രുസേന ആവശ്യം വരുന്ന അവസരത്തിൽ യജമാനനെ തള്ളിപ്പറയുമെന്നു താല്പര്യം. ആണും പെണ്ണും കെട്ട നിലപാടാവും അത് അത്തരം സന്ദർഭ ങ്ങളിൽ കൈക്കൊള്ളുക എന്ന് ഉപമാനമായ കളത്രം എന്ന നപുംസക ശബ്ദം ധ്വനിപ്പിക്കുന്നു.



ശത്രും പശ്യന്തു മേ പൗരാഃ ശ്രുതപൂർവം സ്വകർമഭിഃ
സിംഹമന്തർഗതാമർഷം യജ്ഞാർഥമിവ സംയതം.

(*പ്രതിജ്ഞായൗഗന്ധരായണം*, 2. 10. പിടിച്ചുകൊണ്ടുവന്ന വത്സരാജനെ കാണുന്നതിൽനിന്ന് ആരെയും തടയേണ്ടെന്നു പറഞ്ഞുകൊണ്ടുള്ള മഹാസേനന്റെ പ്രസ്താവന: തന്റെ വീരകൃത്യ ങ്ങളെക്കൊണ്ട് മുമ്പ് കേട്ടിട്ടുള്ള എന്റെ ശത്രുവെ – വത്സരാജനെ – യജ്ഞത്തിനുവേണ്ടി പിടിക്കപ്പെട്ട, ഉള്ളിൽ അമർഷത്തോടുകൂടിയ സിംഹത്തെയെന്നപോലെ, പൗരർ കാണട്ടെ.) യജ്ഞമൃഗമായ സിംഹത്തോടുപമിച്ചതുകൊണ്ട് വത്സരാജന്റെ ശൗര്യവീര്യ പരാ ക്രമങ്ങളും തന്റെ ജാമാതാവായി സ്വീകരിച്ചുകൊണ്ട് സ്വർഗസമാന മായ പദവി അദ്ദേഹത്തിന് കൊടുക്കുമെന്ന മഹാസേനന്റെ നിശ്ചയ വും വ്യഞ്ജിക്കുന്നു.

വത്സരാജന്റെ കാര്യത്തിൽ അഭിലഷണീയമായ വരഗുണങ്ങൾ വാമതയാൽ ദോഷങ്ങളായി വന്നിരിക്കുന്നുവെന്നു പറയുന്ന രാജ്ഞിയോട് മഹാസേനൻ, അവർ എന്താണ് ഇപ്പോൾ അസ്ഥാന ത്ത് വിസ്മയം കൊള്ളുന്നതെന്ന ആമുഖത്തോടെ പറയുന്നു:

അഗ്നിഃ കക്ഷ ഇവോത്സൃഷ്ടോ ദഹത് കാർത്സ്ന്യേന മേദിനീം
അസ്യ മേ ശാസനം ദീപ്തം വിഷയാന്തേവസീദതി.

(*പ്രതിജ്ഞായൗഗന്ധരായണം*, 2. 11. ഉണങ്ങിയ വൈക്കോലിൽ പിടിച്ച തീയെപ്പോലെ ഭൂമി മുഴുവൻ ദഹിപ്പിച്ചുകൊണ്ട് പ്രകാശിക്കുന്ന എന്റെ ഭരണം രാജ്യത്തിന്റെ അതിർത്തിയിൽ – വത്സരാജ ഭരണ ത്തിന്റെ സാമീപ്യത്താൽ – കെട്ടു പോകുന്നു.) വത്സരാജന്റെ അധൃ ഷ്യത്വം വ്യംഗ്യം.

ജാമാതൃസമ്പത്തിമചിന്തയിത്വാ
പിത്രാ തു ദത്താ സ്വമനോഭിലാഷാത്
കുലദ്വയം ഹന്തി മദേന നാരീ
കൂലദ്വയം ക്ഷുബ്ധജലാ നദീവ.

(*അവിമാരകം,* 1. 3. ജാമാതാവിന്റെ ധനത്തെയും ഗുണങ്ങളെ

യും പറ്റി ചിന്തിക്കാതെ പിതാവിനാൽ സ്വന്തം മനസ്സിന്റെ ആഗ്രഹപ്രകാരം നൽകപ്പെട്ട വനിത അഹങ്കാരത്താൽ, ഇളകി മറിയുന്ന ജലത്തോടുകൂടിയ പുഴ ഇരുകരകളെയുമെന്നപോലെ, ഇരുകുലങ്ങളെയും – രണ്ടു തറവാടുകളെയും, തന്റെയും ഭർത്താവിന്റെയും തറവാടുകളെ – നശിപ്പിക്കുന്നു.) വരന്റെ ധനഗുണാദികളെപ്പറ്റി വേണ്ടത്ര ആലോചിക്കാതെ വധുവിന്റെ വിവാഹം നടത്തിയാൽ അത് ഇരവരുടെയും തറവാടുകൾക്ക് നാശകരമായിരിക്കുമെന്നു താല്പര്യം. രാജാവിന് മകളുടെ വിവാഹത്തെക്കുറിച്ചുള്ള ഉൽക്കണ്ഠാശങ്കകൾ വ്യംഗ്യം.

രോഗാദകാലാഗുരുചന്ദനാർദ്രാ
വിമുക്തഭൂഷാ ഗതഹാവഭാവാ
വിഭാതി നിർവ്യാജമനോഹരാംഗീ
വേദശ്രുതിർഹേതുവിവർജിതേവ.

(*അവിമാരകം,* 5. 1. അവിമാരകൻ കുരംഗിയെ വർണിക്കുന്നു: അവൾ രോഗത്താൽ അസ്ഥാനത്തു പുരട്ടിയ കാരകിൽ, ചന്ദനം എന്നിവയാൽ ആർദ്രയായി, ആഭരണങ്ങളഴിച്ചുവെച്ച്, ഹാവഭാവങ്ങളൊന്നുമില്ലാതെ, നിർവ്യാജസുന്ദരമായ അവയവങ്ങളോടുകൂടി, ഹേതുവർജിതയായ വേദശ്രുതിയെപ്പോലെ, ശോഭിക്കുന്നു.) യുക്തിസഹിതമായ വേദം പൂർവാധികം ശോഭിക്കുമെന്നും അതുപോലെ രോഗവിമുക്തമായാൽ – അവിമാരകനുമായി അഭിലഷിതസമാഗമം സാധിച്ചാൽ – കുരംഗിയും കൂടുതൽ മനോഹരിയാകുമെന്നും ധ്വനി.

സുഖം ഹി ദുഃഖാന്യനുഭൂയ ശോഭതേ
യഥാന്ധകാരേഷ്വിവ ദീപദർശനം
സുഖാത്തു യോ യാതി ദശാം ദരിദ്രതാം
സ്ഥിതഃ ശരീരേണ മൃതഃ സ ജീവതി.

(*ചാരുദത്തം,* 1. 3. ചാരുദത്തന്റെ ചിന്ത – ഇരുട്ടിൽ വിളക്ക് കാണുന്നതുപോലെ, ദുഃഖം അനുഭവിച്ചതിനുശേഷമാണ് സുഖം ശോഭിക്കുന്നത്. സുഖത്തിൽനിന്ന് ദരിദ്രാവസ്ഥയിലേക്കു പോകുന്നവൻ ശരീരമുള്ളവനെങ്കിലും മരിച്ചുകൊണ്ടാണ് ജീവിക്കുന്നത്.) സുഖമനുഭവിച്ച ചാരുദത്തൻ ഇപ്പോൾ സാഹചര്യവശാൽ ദുഃഖമനുഭവിക്കുകയാണ്. ഉപമ സൂചിപ്പിക്കുന്നതനുസരിച്ച്, ഇനിയും അദ്ദേഹം സ്വഭാവമഹത്ത്വം കൊണ്ട് കൂടുതൽ ജനപ്രീതി നേടുമെന്നും പൂർവാധികം സുഖം പ്രാപിക്കുമെന്നും വ്യഞ്ജിക്കുന്നു.

അവിജ്ഞാതപ്രയുക്തേന ഘർഷിതാ മമ വാസസാ
സംവൃതാ ശരദഭ്രേണ ചന്ദ്രലേഖേവ ശോഭതേ.

(*ചാരുദത്തം,* 1. 27. രദനികയാണെന്നു കരുതി താൻ നൽകിയ



പുതപ്പ് പുതച്ചു നിൽക്കുന്ന വസന്തസേനയെ നോക്കി ചാരുദത്തൻ പറയുന്നു: ആളറിയാതെ ഞാൻ നൽകിയ എന്റെ വസ്ത്രം കൊണ്ട് പുതച്ച ഇവൾ, ശരൽക്കാലമേഘത്താൽ ചുറ്റപ്പെട്ട ചന്ദ്രലേഖയെപ്പോലെ ശോഭിക്കുന്നു.) ഉപമ കൊണ്ട് ഇപ്പോൾത്തന്നെ വസന്തസേന ശോഭിക്കുന്നുണ്ടെന്നു വ്യക്തമാണെങ്കിലും അവൾ ഒരു ഗണികയാണെന്ന കളങ്കം ആ ചന്ദ്രലേഖയിൽ കാണാനുണ്ട്. ചാരുദത്തനെപ്പോലെ ഉദാത്തസ്വഭാവനായ ഒരാളിലർപ്പിച്ച പ്രണയം ആ കളങ്കം – ശരദഭ്രാവൃതത്വം – ദൂരീകൃതമാവുന്നതോടെ തന്നെ മാച്ചുകളയപ്പെടുമെന്നും അതേ ഉപമ ധ്വനിപ്പിക്കുന്നു.

ചാരുദത്തൻ വിളക്കെവിടെ എന്നു ചോദിച്ചപ്പോൾ വിദൂഷകന്റെ ഉത്തരം: "ദീപികാ ഗണികേവ നിഃസ്നേഹാ സംവൃത്താ" (വിളക്ക് ഗണികയെപ്പോലെ സ്നേഹമില്ലാത്തതായിത്തീർന്നു. ഗണികാപക്ഷത്തിൽ സ്നേഹത്തിന് പ്രണയമെന്നർഥം. വിളക്കിന്റെ പക്ഷത്തിൽ എണ്ണയെന്നും.) ചാരുദത്തനോടാവുമ്പോൾ ഈ ശ്ലേഷാനുപ്രാണിതമായ ഉപമയ്ക്ക് വിപുലമായ അർഥതലമുണ്ടല്ലോ. തുടർന്നുള്ള ചാരുദത്തവാക്യമാണിത്:

ഉദയതി ഹി ശശാങ്കഃ ക്ലിന്നഖർജൂരപാണ്ഡുർ–
യുവതിജനസഹായോ രാജമാർഗപ്രദീപഃ
തിമിരനിചയമധ്യേ രശ്മയോ യസ്യ ഗൗരാ
ഹൃതജല ഇവ പങ്കേ ക്ഷീരധാരാഃ പതന്തി.

(*ചാരുദത്തം,* 1. 29. യുവതിജനത്തിന് സഹായിയും രാജവീഥിയിലെ വിളക്കുമായ, ആർദ്രമായ ഈത്തപ്പഴം പോലെ വെളുത്ത ചന്ദ്രൻ ഉദിക്കുന്നു. ഇരുട്ടിൻപറ്റത്തിനിടയിൽ ആ ചന്ദ്രന്റെ ധവളരശ്മികൾ വെള്ളം വറ്റിയ ചേറിൽ ക്ഷീരധാര പോലെ വീഴുന്നു.) ഗണിക നിഃസ്നേഹയായ വിളക്കു പോലെയാണെന്ന് വിദൂഷകൻ പറഞ്ഞുവെങ്കിലും, ചന്ദ്രൻ ആ ഗണികയെ സഹായിക്കുന്ന സ്നേഹമൂർത്തിയായ രാജമാർഗപ്രദീപമാണെന്നത്രേ ചാരുദത്തൻ സൂചിപ്പിക്കുന്നത്. ഗണികയെ യാത്രയയ്ക്കാനാണല്ലോ വിളക്ക് ചോദിച്ചത്. നാലാം വരിയിലെ ഉപമ, ദരിദ്രചാരുദത്തനിൽ പതിക്കുന്ന ഗണികയായ വസന്തസേനയുടെ ഏകാഗ്രപ്രണയം ക്ഷീരധാര പോലെ ഉജ്ജീവകൗഷധഫലം ചെയ്യുമെന്നും വ്യഞ്ജിപ്പിക്കുന്നു.

കൃത്വാ നിശായാം വചനീയദോഷം
നിദ്രാം ച ഹിത്വാ തിമിരം ഭയം ച
സ ഏവ സൂര്യോദയമന്ദവീര്യഃ
ശനൈർദിവാചന്ദ്ര ഇവാസ്മി ഭീതഃ.

(*ചാരുദത്തം,* 4. 1. രാത്രി ദരിദ്രചാരുദത്തന്റെ ഭവനം ഭേദിച്ച

ആഭരണഭാണ്ഡം കൈക്കലാക്കിയ സജ്ജലകനെന്ന ബ്രാഹ്മണൻ വിചാരിക്കുന്നു: ഉറക്കവും ഇരുട്ടും ഭയവും വെടിഞ്ഞ് രാത്രി നിന്ദ്യമായ കുറ്റം ചെയ്ത് ആ ഞാൻ തന്നെ സൂര്യോദയത്തിൽ വീര്യം കുറഞ്ഞ പകലത്തെ ചന്ദ്രനെപ്പോലെ അല്പം ഭീതനായിരിക്കയാണ്.) കുറ്റബോധമുണ്ടെങ്കിലും കാമുകിയായ മദനികയെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കാനാണല്ലോ താൻ ഈ കുറ്റം ചെയ്തത് എന്ന സമാധാനവുമുണ്ടെന്ന് ഉപമ ധ്വനിപ്പിക്കുന്നു. പകലായതുകൊണ്ട് നിഷ്പ്രഭത്വമുണ്ടെങ്കിലും ചന്ദ്രനാണല്ലോ ഉപമേയം. ഉചിതമായ ദേശകാലങ്ങളിൽ പൂർവസ്ഥിതി പ്രാപിക്കാമെന്നു വ്യംഗ്യം.

സാവയവോപമയ്ക്ക് ഉദാ:–

ഭ്രാന്തൈഃ സുതൈഃ പരിവൃതസ്തരുണൈഃ സദാരൈർ–
വൃദ്ധോ ദ്വിജോ നിശിചരാനുചരഃ സ ഏഷഃ
വ്യാഘ്രാനുസാരചകിതോ വൃഷഭഃ സധേനുഃ
സന്ത്രസ്തവത്സക ഇവാകുലതാമുപൈതി.

(*മധ്യമവ്യായോഗം*, 1. 3. സൂത്രധാരവാക്യം: സംഭ്രാന്തരായ യുവപുത്രന്മാരോടും ഭാര്യയോടുംകൂടി രാക്ഷസനാൽ അനുഗമിക്ക പ്പെട്ട ഈ വൃദ്ധബ്രാഹ്മണൻ, നരി പിൻപേ വരുന്നതു കൊണ്ട് ഭയന്ന പശുവോടും ഏറെ ഭയം പൂണ്ട കുട്ടികളോടും കൂടിയ കാളയെപ്പോലെ, ദുഃഖത്തെ പ്രാപിച്ചിരിക്കുന്നു.) നരിയെയും അതിശയിക്കുന്ന ഒരാൾക്കേ ഇനി ബ്രാഹ്മണകുടുംബത്തെ രക്ഷിക്കാനാവൂ എന്നു ധ്വനി.

മാലോപമയ്ക്ക് ഉദാ:–

യഥാ നദീനാം പ്രഭവഃ സമുദ്രോ
യഥാഹുതീനാം പ്രഭവോ ഹുതാശനഃ
യഥേന്ദ്രിയാണാം പ്രഭവം മനോപി
തഥാ പ്രഭുർനോ ഭഗവാനുപേന്ദ്രഃ.

(*മധ്യമവ്യായോഗം*, 52. ഭരതവാക്യം: നദികളുടെ ഉത്ഭവസ്ഥാനം സമുദ്രമെന്ന പോലെയും ആഹുതികളുടെ ഉത്പത്തിസ്ഥാനം അഗ്നിയെന്ന പോലെയും ഇന്ദ്രിയങ്ങളുടെ ഉത്ഭവകേന്ദ്രം മനസ്സെന്നപോലെയും നമ്മുടെയെല്ലാം പ്രഭു വിഷ്ണുവാകുന്നു.) വിഷ്ണുവിന്റെ മാഹാത്മ്യാതിശയവും നാടകകൃത്തിന്റെ വിഷ്ണുഭക്തിയും വ്യംഗ്യം.

മറ്റുദാഹരണങ്ങൾ::–

മേരുശ്ചലന്നിവ യുഗക്ഷയസന്നികർഷേ
ശോഷം വ്രജന്നിവ മഹോദധിരപ്രമേയഃ
സൂര്യഃ പതന്നിവ ച മണ്ഡലമാത്രലക്ഷ്യഃ
ശോകാദ് ഭൃശം ശിഥിലദേഹമതിർനരേന്ദ്രഃ.

(*പ്രതിമ*, 2. 1. യുഗാന്ത്യമടുത്തപ്പോൾ ഇളകുന്ന മേരുവെപ്പോലെ,



അഗാധമായ സമുദ്രം വറ്റുന്നതുപോലെ, പരിവേഷം മാത്രം കാണത്തക്കവിധത്തിൽ സൂര്യൻ വീഴുന്നതുപോലെ, വ്യസനംകൊണ്ട് ഏറ്റവും ശിഥിലമായ ശരീരത്തോടും ബുദ്ധിയോടുംകൂടിയ രാജാവ് – ദശരഥൻ – സമുദ്രഗൃഹത്തിൽ ശയിക്കുകയാണ്.) ഉപമകൾകൊണ്ട് പുത്രവിയോഗദുഃഖിതനെങ്കിലും ദശരഥന്റെ അസാധാരണത്വം നിലനിൽക്കുകതന്നെ ചെയ്യുന്നുവെന്നും അതേ സമയം അദ്ദേഹത്തിന്റെ അന്ത്യം ആസന്നമെന്നും ധ്വനി.

വിചേഷ്ടമാനേവ ഭുജംഗമാംഗനാ
വിധൂയമാനേവ ച പുഷ്പിതാ ലതാ
പ്രസഹ്യ പാപേന ദശാനനേന സാ
തപോവനാത് സിദ്ധിരിവാപനീയതേ.

ധ*പ്രതിമ*, 6. 2. കഴുകന്റെ കൊക്കിൽപ്പെട്ട് കുഴങ്ങുന്ന പെൺസർപ്പത്തെപ്പോലെ, കാറ്റത്ത് കുലുങ്ങിയിളകുന്ന പൂത്ത വള്ളിയെപ്പോലെ, തപോവനത്തിൽനിന്ന് സിദ്ധി (വിജയം) എന്നപോലെ, സീത പാപിയായ ദശാനനനാൽ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോകപ്പെടുകയാണ്.പ ആദ്യത്തെ രണ്ട് ഉപമകൾ സീത ദശാനനനിൽ നിന്ന് ഇനി മുക്തയാവില്ലെന്നു ധ്വനിപ്പിക്കുന്നുണ്ടെങ്കിലും മൂന്നാമത്തെ ഉപമ താൽക്കാലികമാണ് ഈ പിടിച്ചുകൊണ്ടുപോകലെന്നും അന്തിമമായി സീത വിമോചിപ്പിക്കപ്പെടുകതന്നെ ചെയ്യുമെന്നും വ്യഞ്ജിപ്പിക്കുന്നു.

ശ്ലേഷാനുപ്രാണിതമായ ഉപമയ്ക്ക് ഉദാ:–

രാജ്ഞാം വേഷ്ടനപട്ടഘൃഷ്ടചരണാഃ ശ്ലാഘ്യപ്രഭൂതശ്രവാ
വാർധക്യേപ്യഭിവർധമാനനിയമാഃ സ്വാധ്യായശൂരൈർമുഖൈഃ
വിപ്രാ യാന്തി വയഃപ്രകർഷശിഥിലാ യഷ്ടിത്രിപാദക്രമാഃ
ശിഷ്യസ്കന്ധനിവേശിതാഞ്ചിതകരാ ജീർണാ ഗജേന്ദ്രാ ഇവ.

ധ*പഞ്ചരാത്രം*, 1. 5. രാജാക്കന്മാരുടെ തലപ്പാവുകൊണ്ടുരസപ്പെട്ട കാലുകളോടുകൂടിയവരും സ്തുത്യർഹമാംവിധം വേദാധ്യയനം നട ത്തിയവരും വാർധക്യത്തിലും വർധിച്ചുവരുന്ന ആചാരാനുഷ്ഠാന ങ്ങളോടുകൂടിയവരും സ്വാധ്യായമുരുവിടുന്ന മുഖങ്ങളോടു കൂടിയവരും പ്രായാധിക്യത്താൽ ഇടറിപ്പോകുന്നവരും വടി കുത്തു ന്നവരും ശിഷ്യന്മാരുടെ തോളിൽ കൈവെച്ചു നടക്കുന്നവരുമായ ജരാ ബാധിതരായ ബ്രാഹ്മണർ, രാജാക്കന്മാരുടെ വേഷ്ടികൾ തട്ടിയുര സുന്നവയും സ്തുത്യർഹമായ വിപുലശ്രവണങ്ങളോടുകൂടിയവയും വാർധക്യത്തിലും നിയമങ്ങൾ പാലിക്കുന്നവയും സ്വാധ്യായനിഷ്കർ ഷപോലെ കർക്കശമായ മസ്തിഷ്കത്തോടുകൂടിയവയും പ്രായാ

ധികൃത്താൽ ഇടർച്ച ബാധിച്ചവയും വടി (തോട്ടി)യുടെ പ്രേരണ യോടെ നടക്കുന്നവയും ശിഷ്യസമാനങ്ങളായ ആനക്കുട്ടികളുടെ അകമ്പടിയോടെ സഞ്ചരിക്കുന്നവയുമായ ജീർണഗജങ്ങളെപ്പോലെ, പോകുന്നു.പ ജീർണഗജോപമ യജ്ഞസംസ്കാരത്തിന്റെ നാശോന്മു ഖത്വത്തെയും അതിൽ ഭാസനുള്ള ദുഃഖത്തെയും ധ്വനിപ്പിക്കുന്നു.

**10. ശ്ലേഷം**

ഭൂതം നഭസ്തലനിവാസി നരേന്ദ്ര! നിത്യം
കാര്യാന്തരേണ നരലോകമിഹ പ്രപന്നം
ആകാശദുന്ദുഭിരവൈഃ സമഹീപ്രകമ്പൈ-
സ്തസ്യൈവ ജന്മനി വിശേഷകരോ വികാരഃ

(*ബാലചരിതം*, 2. 10. കൊട്ടാരത്തിൽ കാണുന്ന ദുശ്ശകുനങ്ങളും അസാധാരണസംഭവങ്ങളും എന്തിന്റെ സൂചനയാണെന്ന് സാംവ ത്സരികപുരോഹിതന്മാർ പറഞ്ഞത് കാഞ്ചുകീയൻ രാജാവിനോട് പറയുന്നതാണിത്: രാജാവേ! വിണ്ടലവാസിയായ നിത്യഭൂതം കാര്യാന്തരത്താൽ മനുഷ്യലോകത്തിറങ്ങിവന്നിട്ടുണ്ട്. ഈ ആകാശദുന്ദുഭിശബ്ദങ്ങളും ഭൂകമ്പവുമെല്ലാം ഈ ജനനത്തിന്റെ വിശേഷകരമായ വികാരമത്രേ.) കംസനിഗ്രഹത്തിനായി മഹാ വിഷ്ണു ശ്രീകൃഷ്ണനായി അവതരിച്ചിരിക്കുന്നുവെന്ന ആശയം ശ്ലേഷരൂപത്തിൽ ആവിഷ്കരിച്ചിരിക്കയാണിവിടെ. വസ്തുത തുറന്നുപറഞ്ഞാൽ തങ്ങളെയും ആ ദുഷ്ടൻ കൊന്നുകളഞ്ഞേക്കു മെന്ന അവരുടെ ഭയപ്പാടുതന്നെ കാരണം. കംസന്റെ അസമീക്ഷ്യ കാരിതയും ക്ഷിപ്രകോപസ്വഭാവവും വ്യംഗ്യം.

ചാണൂരമുഷ്ടികന്മാരായ മല്ലന്മാർ കംസനോട് രാമകൃഷ്ണ ന്മാ രോടുള്ള മുഷ്ടിയുദ്ധത്തിൽ വിജയം നേടുമെന്ന് വീമ്പിളക്കുന്നു: "അച്ഛിദ്രകരണസന്ധാബന്ധപ്രഹാരൈർ യുദ്ധവിശേഷൈഃ സിദ്ധിം ഗച്ഛാവഃ" (*ബാലചരിതം* അഞ്ചാമങ്കം. സന്ധിബന്ധങ്ങളിൽ ഇടിക്കുക മുതലായ പല തരം ഗുസ്തിമുറകളാൽ ഞങ്ങളിരുവരും വിജയം നേടും. ഞങ്ങളുടെ സിദ്ധി കൂടും എന്നു ശ്ലേഷം കൊണ്ട് അർഥം കിട്ടുന്നു.) അവർക്കു മോക്ഷസിദ്ധി കൈവരുമെന്ന് വ്യംഗ്യം. ചാണൂരൻ ദാമോദരനോട് നടത്തുന്ന ഈ വെല്ലുവിളിയിൽ ഇതേ പ്രയോഗത്തിന് ഇതേ അർഥം തന്നെ വിവക്ഷിച്ചിരിക്കുന്നു: "അദ്യ മേ ഭുജയുഗളേന സിദ്ധിം ഗച്ഛ" (ഇപ്പോൾ എന്റെ കൈകൾകൊണ്ട് നീ സിദ്ധിയെ പ്രാപിക്കുക. ഇവിടെ ശ്ലേഷം കൊണ്ട് നീ ജയിക്കുക എന്ന അർഥം സഹൃദയർക്ക് തോന്നുന്നു.)



ശൂന്യഃ പ്രാപ്തോ യദി രഥോ ഭഗ്നോ മമ മനോരഥഃ
നൂനം ദശരഥം നേതും കാലേന പ്രേഷിതോ രഥഃ.

(*പ്രതിമ*, 2. 11. പുത്രവിയോഗദുഃഖം സഹിക്കാതെ മരണശയ്യ പ്രാപിച്ച ദശരഥന്റെ വാക്യം: രഥം ആളൊഴിഞ്ഞാണ് വന്നതെങ്കിൽ എന്റെ മനോരഥം തകർന്നു. തീർച്ചയായും ദശരഥനെ – എന്നെ – കൊണ്ടുപോകാൻ കാലനാൽ അയയ്ക്കപ്പെട്ട രഥമാണത്.) മനോ രഥപദം ശ്ലിഷ്ടം. മനോരഥമേ തകർന്ന പത്തു രഥമുള്ളവന് ഇനിയു മൊരു രഥമോ? ഇത് ഒടുക്കത്തെ രഥംതന്നെ എന്നു ഫലിതത്തിൽ ചാലിച്ച ദുഃഖം ധ്വനി.

വസന്തസേന തന്റെ ഭൃത്യരെ വിളിക്കുകയാണ് – "പല്ലവക! പല്ലവക! പരഭൃതികേ! പരഭൃതികേ! മധുകരക! മധുകരക! ശാരികേ! ശാരികേ!" (*ചാരുദത്തം* ഒന്നാമങ്കം) ഇതു കേട്ട് ശകാരൻ – "വിലപ പല്ലവം വാ പരഭൃതികാം വാ മധുകരം വാ ശാരികാം വാ സർവം വസന്തമാസം വാ" (തളിരിനെയോ കുയിലിനെയോ വണ്ടിനെയോ തത്തയെയോ മുഴുവൻ വസന്തമാസത്തെയോ വിളിച്ച് വിലപിച്ചു കൊള്ളുക) എന്നാണ് പറയുന്നത്. ശ്ലേഷം കൊണ്ടാണീ അർഥം കിട്ടുന്നത്. കാമാതുരനായ ശകാരൻ തന്റെ അവസ്ഥ വസന്തസേന യിൽ ആരോപിക്കുകയാണോ എന്ന ഉൽപ്രേക്ഷ വ്യംഗ്യം.

കാമം പ്രദോഷതിമിരേണ ന ദൃശ്യസേ ത്വം
സൗദാമനീവ ജലദോദരസന്നിരുദ്ധാ
ത്വാം സൂചയിഷ്യതി ഹി വായുവശോപനീതോ
ഗന്ധശ്ച ശബ്ദമുഖരാണി ച ഭൂഷണാനി.

(*ചാരുദത്തം*, 1. 18. വിടന്റെ വസന്തസേനയോടുള്ള വാക്യം: മേഘങ്ങൾക്കിടയിൽ തടയപ്പെട്ട മിന്നൽപ്പിണർ പോലെ, രാത്രിയിലെ ഇരുട്ടുകൊണ്ട് നീ കാണപ്പെടുന്നില്ല. ശ്ലേഷം കൊണ്ട്, 'വർധിച്ച എന്റെ ദോഷങ്ങളാകുന്ന തിമിരരോഗം കൊണ്ട്' എന്നും അർഥം പറയാം. എന്നാൽ കാറ്റേറ്റ് കടന്നുവരുന്ന പരിമളവും ശബ്ദമുഖരങ്ങളായ അലങ്കാരങ്ങളും നിന്റെ സാന്നിധ്യം സൂചിപ്പിക്കുന്നു.) വായനക്കാരുടെ വികലസഹൃദയത്വാദിദോഷങ്ങളാൽ തിരിച്ചറിയപ്പെടാതെ പോയേക്കാ മെങ്കിലും സ്വാഭാവികസുന്ദരമായ ഗുണങ്ങളാലും ശബ്ദാലങ്കാര ങ്ങളാൽപോലും യഥാർഥകവിത സ്വന്തം സാന്നിധ്യം വെളിപ്പെടുത്തു മെന്ന ആശയം ധ്വനിക്കുന്നു.

ഇതുപോലെ തിമിരപദം ശ്ലേഷത്തിൽ മറ്റൊരു ശ്ലോകത്തിലും പ്രത്യക്ഷപ്പെടുന്നു: വിടൻ വസന്തസേനയെ ഉദ്ദേശിച്ച് –

ആലോകവിശാലാ മേ സഹസാ തിമിരപ്രവേശസഞ്ഛന്നാ
ഉന്മീലിതാപി ദൃഷ്ടിർനിമീലിതേവാന്ധകാരേണ.

(*ചാരുദത്തം*, 1. 20. വിശാലമായ എന്റെ കണ്ണ് പെട്ടെന്ന് അർഥ

വും ഇരുട്ടുകൊണ്ട് മറയുകയാൽ തുറന്നിരിക്കുന്നതെങ്കിലും അടച്ചതു പോലെതന്നെ അനുഭവപ്പെടുന്നു. തുറന്നിരിക്കുന്നതെങ്കിലും കണ്ണ് തിമിരബാധയാൽ അടച്ചതുപോലെ അനുഭവപ്പെടുന്നുവെന്ന ശ്ലേഷം കൊണ്ട് ലഭിക്കുന്നു.)

ദ്രോണഃ പൃഥിവ്യർജുനഭീമദൂതോ
യഃ കർണധാരഃ ശകുനീശ്വരസ്യ
ദുര്യോധനോ ഭീഷ്മയുധിഷ്ഠിരഃ സ
പായാദ് വിരാഡുത്തരഗോഭിമന്യുഃ.

ധ*പഞ്ചരാത്രം*, 1. 1. സൂത്രധാരന്റെ മംഗളശ്ലോകം: ദ്രോണനും (കാക്കയെപ്പോലെ കറുത്തവനും) പൃഥിവ്യർജുനഭീമദൂതനും (ഭൂമിയിലൂടെയുള്ള യാത്രയിൽ അർജുനനും ഭീമനും ദൂതനും – തേരാളിയും) ശകുനീശ്വരന് കർണധാരനും (ഗരുഡനുമേൽ സഞ്ചരിക്കുന്നവനും ദുര്യോധനനും (ദുഷ്കരമാകുമാറ് യുദ്ധം ചെയ്യുന്നവനും) ഭീഷ്മനും (ദുഷ്ടന്മാർക്ക് ഭയങ്കരനും) യുധിഷ്ഠിരനും (യുദ്ധത്തിൽ സ്ഥൈര്യമുള്ളവനും) അഭിമന്യുവും (യജ്ഞത്തിൽ ആദരണീയനും) ഉത്തരഗനും (മഹത്തായ മാർഗത്തിലൂടെ പോകുന്ന വനും) ആയ ആ വിരാട്പുരുഷൻ (ശ്രീകൃഷ്ണൻ) നമ്മെ രക്ഷിക്കട്ടെ എന്നർഥം. പ്രസ്തുതനാടകത്തിലെ കഥാപാത്രങ്ങളായ ദ്രോണൻ, അർജുനൻ, ഭീമൻ, കർണൻ, ശകുനി, ദുര്യോധനൻ, ഭീഷ്മർ, യുധിഷ്ഠിരൻ, വിരാടൻ, ഉത്തരൻ, അഭിമന്യു എന്നീ കഥാപാത്രങ്ങളെ മുദ്രാലങ്കാരരൂപേണ പരാമർശിക്കുന്നു. കുന്തകമതത്തിൽ മുദ്രാലങ്കാരം ഇല്ലാത്തതിനാൽ ഇത് ശ്ലേഷമായി കണക്കാക്കാം.

വിരാട്പുരുഷന്റെ അംശങ്ങളാണ് സർവചരാചരങ്ങളുമെന്നപോലെ ദ്രോണ–ആർജുന–ഭീമ–കർണ–ശകുനി–ദുര്യോധന–ഭീഷ്മ–യുധിഷ്ഠിര –ഉത്തര–അഭിമന്യുമാരെല്ലാം എന്നു ധ്വനി.

സീതാഭവഃ പാതു സുമന്ത്രതുഷ്ടഃ
സുഗ്രീവരാമഃ സഹലക്ഷ്മണശ്ച
യോ രാവണാര്യപ്രതിമശ്ച ദേവ്യാ
വിഭീഷണാത്മാ ഭരതോനുസർഗം.

ധ*പ്രതിമ*, 1. 1. സൂത്രധാരന്റെ മംഗളശ്ലോകം: സീതാവല്ലഭനും സുമന്ത്രനിൽ (നല്ല ഉപദേശത്തിൽ) തുഷ്ടനും സുഗ്രീവനോടുകൂടി(ശോഭനമായ കഴുത്തോടുകൂടി)യവനും അനുപമനായ രാവണശത്രുവും വിഭീഷണമായ ആത്മാവോടുകൂടിയവനും ഭരതനും (ഭരണ നിപുണനും) ആയ രാമൻ ദേവിയോടും ലക്ഷ്മണനോടും കൂടി അനു സർഗം (ഓരോ ജന്മത്തിലും) നമ്മെ രക്ഷിക്കട്ടെ.പ നാടകത്തിലെ പ്ര



ധാനകഥാപാത്രങ്ങളായ സീത, സുമന്ത്രൻ, സുഗ്രീവൻ, രാമൻ, ലക്ഷ്മണൻ, രാവണൻ, വിഭീഷണൻ, ഭരതൻ എന്നിവരും അചേതനമെങ്കിലും പ്രസ്തുതനാടകത്തിൽ നിർണായകമായ പ്രതിമയും ഇവിടെ സ്മരിക്കപ്പെട്ടതിനാൽ മുദ്രാലങ്കാരരൂപമായ ശ്ലേഷം. മുൻശ്ലോകത്തിലെ അതേ വ്യംഗ്യം.

പാതു വാസവദത്തായോ മഹാസേനോതിവീര്യവാൻ
വത്സരാജസ്തു നാമ്നാ സശക്തിർയൗഗന്ധരായണഃ.

ധ*പ്രതിജ്ഞായൗഗന്ധരായണം*, 1. 1. സൂത്രധാരന്റെ മംഗളശ്ലോകം: വാസവദത്തായനും (വാസവന് ദത്തമായ അയസ്സോടുകൂടിയവൻ, ഇന്ദ്രന് നൽകപ്പെട്ട രക്ഷയോടുകൂടിയവൻ) മഹാസേനനും (വിപുലമായ സേനയോടുകൂടിയവൻ) അതിവീര്യശാലിയും പേരുകൊണ്ട് വത്സരാജനെങ്കിലും യൗഗന്ധരായണൻ എന്ന ശക്തിയോടുകൂടിയവനുമായ രാജാവ് (ഉദയനൻ) നമ്മെ രക്ഷിക്കട്ടെ.പ ശ്ലേഷവശാൽ വാസവദത്ത, മഹാസേനൻ, വത്സരാജൻ, യൗഗന്ധരായണൻ എന്നീ പ്രധാനകഥാപാത്രങ്ങളുടെ പേരുകൾ സൂചിപ്പിച്ചിരിക്കുന്നു. വിവിധരീതിയിലാണെങ്കിലും വത്സരാജനുവേണ്ടി നിലകൊള്ളുന്നവരാണ് ഈ നാലുപേരുമെന്നു വ്യഞ്ജിക്കുന്നു.

ഉദയനവേന്ദുസവർണാവാസവദത്താബലൗ ബലസ്യ ത്വാം
പത്മാവതീർണപൂർണൗ വസന്തകമ്രൗ ഭുജൗ പാതാം.

(*സ്വപ്നവാസവദത്തം,* 1. 1. സൂത്രധാരന്റെ മംഗളശ്ലോകം: ഉദിച്ചുയരുന്ന പുതുചന്ദ്രന്റെ നിറമുള്ളതും മദ്യപാനത്താൽ ദുർബലവും താമരപ്പൂവിന്റെ ശോഭയാർന്നതും വസന്തംപോലെ മനോഹരവും ആയ ബലരാമന്റെ ഇരുകൈകൾ നിങ്ങളെ രക്ഷിക്കട്ടെ.)

ഉദയന–വാസവദത്താ–പത്മാവതീ– വസന്തകരൂപമായ മുഖ്യകഥാപാത്രങ്ങളുടെ പേരുകൾ ശ്ലേഷഭംഗിയിൽ സൂചിതമായിരിക്കുന്നു. നാടകകൃത്തിന്റെ വിഷ്ണുഭക്തി വ്യംഗ്യം. ബലരാമൻ വിഷ്ണുവിന്റെ അവതാരമാണല്ലോ.

**11. വ്യതിരേകം**

ഗിരിതടകഠിനാംസാവേവ ബാഹൂ മമൈതൗ
പ്രഹരണമപരം തു ത്വാദൃശാം ദുർബലാനാം
അഥ മമ ഭുജദണ്ഡൈഃ പീഡ്യമാനശ്ച ശീഘ്രം
യദി ന പതസി ഭൂമൗ നാസ്മി ദാമോദരോഹം.

(*ബാലചരിതം*, 3. 11. ദാമോദരൻ അരിഷ്ടർഷഭനോട്: എന്റെ ഈ രണ്ടു കൈകൾ തന്നെ പർവതംപോലെ കഠിനമായ തോളുകളോടുകൂടിയവയാണ്. മറ്റ് ആയുധമാകട്ടെ നിന്നെപ്പോലുള്ള ദുർബലർക്കുള്ളതാണ്. ഇനി എന്റെ ഭുജദണ്ഡങ്ങളാൽ പീഡിപ്പിക്കപ്പെട്ട് വേഗം

നീ നിലംപതിക്കുന്നില്ലെങ്കിൽ ഞാൻ ദാമോദരനല്ല.) അവയവമായ കൈകൾതന്നെ ആയുധമായ ശ്രീകൃഷ്ണൻ മറ്റ് വീരന്മാരിൽനിന്ന് വേറിട്ടുനിൽക്കുന്നതുകൊണ്ട് വ്യതിരേകം. ദാമോദരന്റെ അനിതരസാധാരണമായ ബാഹുവീര്യം ധ്വനി.

മറ്റുദാ:–

കാഞ്ചനസ്തംഭസദൃശോ രിപൂണാം നിഗ്രഹേ രതഃ
അയം തു ദക്ഷിണോ ബാഹുരായുധം സഹജം മമ.

(*മധ്യമവ്യായോഗം*, 42. ശത്രുനിഗ്രഹത്തിൽ രമിക്കുന്ന സ്വർണത്തൂണിനു തുല്യമായ ഈ വലതുകൈ എന്റെ സഹജമായ ആയുധമാകുന്നു)

എന്നും

സഹജൗ മേ പ്രഹരണം ഭുജൗ പീനാംസകോമളൗ
താവാശ്രിത്യ പ്രയുധ്യേയം ദുർബലൈർഗൃഹ്യതേ ധനുഃ.

(*പഞ്ചരാത്രം*, 2. 55. തടിച്ച തോൾ കൊണ്ടു മനോഹരവും സഹജവുമായ കൈകളാണ് ആയുധം. അവയെ ആശ്രയിച്ചാണ് ഞാൻ ഗംഭീരമായി യുദ്ധം ചെയ്യുന്നത്. ദുർബലന്മാരാണ് വില്ലെടുക്കുന്നത്.) എന്നുമുള്ള ഭീമസേനവാക്യങ്ങൾ. ഇവിടങ്ങളിലെ വ്യതിരേകം, ഭീമന്റെ ബാഹുപരാക്രമത്തെ വ്യംഗ്യമായി പ്രകാശിപ്പിക്കുന്നു.

**12. വിരോധം**

കിമേതദ് ഭോ! ഭയം നാമ ഭവതോദ്യ മയാ ശ്രുതം;
ഭീതാനാമഭയം ദാതും സമുത്പന്നോ മഹീതലേ.

(*ബാലചരിതം*, 3. 7. ദാമോദരൻ അരിഷ്ടർഷഭനോട്: ഹേ! എന്താണീ ഭയമെന്നത്? ഇന്നു ഞാൻ അങ്ങയിൽനിന്ന് കേൾക്കുകയാണ്. ഭീതന്മാർക്ക് അഭയം കൊടുക്കാൻ ഭൂതലത്തിൽ വന്നു പിറന്നവനാണ് ഞാൻ.) ഭീതർക്ക് അഭയം കൊടുക്കുന്നവന് ഭയമുണ്ടാവുക എന്നതിൽ വിരോധം. ബാലനായ ദാമോദരന്റെ ദിവ്യത്വത്തെപ്പറ്റി അജ്ഞനാണ് ശത്രു എന്നത് പരിഹാരം. ദാമോദരന്റെ ഐശ്വരമായ മഹത്ത്വവും അതുകൊണ്ടുള്ള ആത്മവിശ്വാസാധിക്യവും ധ്വനി.

ഹൃദയപ്രീതിജനനോ യോ മേ നേത്രോത്സവഃ സ്വയം
സോയം കാലവിപര്യാസാച്ചന്ദ്രോ വഹ്നിത്വമാഗതഃ.

(*ഊരുഭംഗം*, 43. എന്റെ ഹൃദയത്തിന് പ്രീതിയുളവാക്കുന്ന, കണ്ണിന് സ്വയം ഉത്സവമായ, ഈ ചന്ദ്രൻ കാലവൈപരീത്യത്താൽ അഗ്നിയായിത്തീർന്നിരിക്കുന്നു.) തുട തകർന്ന് പോർക്കളത്തിൽ കിടക്കുന്ന ദുര്യോധനനെ തന്നെ കാണാൻ വന്ന്, "അഹമപി ഖലു തേ അങ്കേ ഉപവിശാമി" (ഞാൻ അങ്ങയുടെ മടിയിലിരിക്കട്ടെ) എന്ന



പേക്ഷിക്കുന്ന മകൻ ദുർജയനെപ്പറ്റി പറയുന്നതാണിത്. "സർവാവസ്ഥായാം ഹൃദയസന്നിഹിതഃ പുത്രസ്നേഹോ മാം ദഹതി. കുതഃ,

ദുഃഖാനാമനഭിജ്ഞോ യോ മമാങ്കശയനോചിതഃ
നിർജിതം ദുർജയോ ദൃഷ്ട്വാ കിന്നു മാമഭിധാസ്യതി."

(എല്ലാ അവസ്ഥയിലും ഹൃദയത്തിലിരിപ്പുള്ള പുത്രസ്നേഹം എന്നെ ദഹിപ്പിക്കുന്നു. എങ്ങനെയെന്നാൽ, ദുഃഖമെന്തെന്നറിയാത്ത, എന്റെ മടിത്തട്ടിൽ കിടന്നു പരിചയമുള്ള ദുർജയൻ തോറ്റ എന്നെ കണ്ട് എന്താണ് പറയുക?) എന്നു പറയുന്നിടത്തും ഈ വഹ്നി സങ്കല്പം കാണാം. കുളിർമ പകരുന്ന ചന്ദ്രൻ ചുടുതീയായി ദഹിപ്പിക്കുന്നു എന്നത് വിരോധം. തുട തകർന്ന് മണ്ണിൽ നിരങ്ങാൻ മാത്രം കഴിയുന്ന തനിക്ക് മകനെ മടിയിലിരുത്തി ഓമനിക്കാൻ കഴിയുന്നില്ലെന്ന ഇന്നത്തെ സ്ഥിതിയെക്കുറിച്ചുള്ള ബോധം പരിഹാരം. ദുര്യോധനന്റെ ഉള്ളിൽ തട്ടിയ പുത്രവാത്സല്യം ധ്വനി.

ശ്ലേഷം കലർന്ന വിരോധത്തിന് ഉദാ:–

മാ താവദ് വ്യഥിതവികീർണബാലവത്സാ
ഗാവോ മേ രഥരവശങ്കയാ ഹ്രിയന്തേ
പീനാംസശ്ചലവലയഃ സചന്ദനാർദ്രോ
നിർലജ്ജോ മമ ച കരഃ കരാണി ഭുംക്തേ.

ധ*പഞ്ചരാത്രം*, 2. 3. വിരാടരാജാവ്: അരുത്. എന്റെ ഗോക്കൾ ദുഖത്തോടെ, ചിന്നിച്ചിതറിപ്പോയ കന്നുകളുമായി, തേരൊച്ച കേട്ട് കരയുകയാണ്. തടിച്ച തോളുകളും ഇളകുന്ന വളകളുമുള്ള, ചന്ദനം കൊണ്ട് ആർദ്രമായ, എന്റെ കൈയാകട്ടെ, നിർലജ്ജം നികുതികളനുഭവിക്കുകയും. പ്രജകളിൽ നിന്ന് നികുതിയീടാക്കുന്നതല്ലാതെ അതിനൊത്ത് ഗോക്കളെയടക്കം സംരക്ഷിക്കുക എന്ന സ്വന്തം കർത്തവ്യം നിർവഹിക്കുന്നില്ലെന്നു ഭാവം. 'കരം കരങ്ങളെ ഭുജിക്കുന്നു' എന്നു വിരോധം. കരശബ്ദത്തിന്റെ ഭിന്നാർഥത്വം (കൈ, നികുതി) പരിഹാരം.പ

"അഹോ ക്രിയാമാധുര്യം പാഷാണാനാം." (*പ്രതിമ* മൂന്നാമങ്കം. പ്രതിമാഗൃഹത്തിലെ ഇക്ഷ്വാകുരാജാക്കന്മാരുടെ പ്രതിമകൾ കണ്ട് അതേപ്പറ്റി അറിയാത്ത ഭരതൻ അത് ദേവതാപ്രതിമകളാണെന്നു ധരിച്ച് ആശ്ചര്യഭാവത്തിൽ പറയുന്ന വാക്യങ്ങളിൽ ആദ്യത്തേ താണിത്. ആശ്ചര്യം! പാഷാണങ്ങളുടെ ക്രിയാമാധുര്യം!) പാഷാണ ങ്ങൾക്ക് – വിഷങ്ങൾക്ക് – മാധുര്യം എന്ന് വിരോധപ്രതീതി. കല്ലുകളിൽ കൊത്തിയ ശില്പക്രിയകളുടെ ഹൃദയഹാരിത എന്നർഥം പറയുമ്പോൾ പരിഹാരമായി.

നൈവേദാനീം താദൃശാശ്ചക്രവാകാ
നൈവാപ്യന്യേ സ്ത്രീവിശേഷൈർവിയുക്താഃ
ധന്യാ സാ സ്ത്രീ യാം തഥാ വേത്തി ഭർത്താ
ഭർത്തൃസ്നേഹാത് സാ ഹി ദഗ്ധാപ്യദഗ്ധാ.

(*സ്വപ്നവാസവദത്തം,* 1. 13. വത്സരാജന്റെ വിരഹദുഃഖ വിവരണ ത്തോടനുബന്ധിച്ച് ലാവാണകത്തിൽനിന്നു വന്ന ബ്രഹ്മചാരി പറയുന്നു: അതുപോലെ ചക്രവാകങ്ങൾ ഉണ്ടാവില്ല തന്നെ. വിശിഷ്ട സ്ത്രീകളുമായി വേർപിരിഞ്ഞ മറ്റൊരാളും ഇങ്ങനെയുണ്ടാവില്ല. അപ്രകാരം ഭർത്താവറിയുന്ന ആ സ്ത്രീ ധന്യയാകുന്നു. എന്തെ ന്നാൽ, ഭർത്തൃസ്നേഹം കൊണ്ട് അവൾ ദഹിപ്പിക്കപ്പെട്ടവളായിട്ടും ദഹിപ്പിക്കപ്പെട്ടവളായില്ല.) "ദഗ്ധാപ്യദഗ്ധാ" എന്നിടത്ത് വിരോധം; ഭർത്തൃസ്നേഹം കൊണ്ട് അവൾ ജീവിക്കുന്നു എന്ന് വിരോധ പരിഹാരം. 'സ്നേഹ'ത്തിന്റെ എണ്ണ എന്ന ശ്ലിഷ്ടാർഥം ഇതിന് ഉപോൽബലകം.

### 13. ദൃഷ്ടാന്തം

ഘടോൽക്കചഃ
ശൈലകൂടം മയാ ക്ഷിപ്തം പ്രാണാനാദായ ദാസ്യതി
ഭീമഃ –
രുഷ്ടോപി കുഞ്ജരോ വന്യോ ന വ്യാഘ്രം ഘർഷയേദ് വനേ.

(*മധ്യമവ്യായോഗം*, 44. ഞാൻ എടുത്തെറിയുന്ന പർവതകൂടം നിന്റെ പ്രാണങ്ങളെ കവർന്ന് നൽകും. ക്രുദ്ധനായ കാട്ടാനയും കാട്ടിൽ നരിയോട് എതിരിടും.) ചില സന്ദർഭങ്ങളിൽ ശക്തനും അശക്തനോട് എതരിടേണ്ടിവരുമെന്നു ധ്വനി.

രാമം വാ ശരണമുപേഹി ലക്ഷ്മണം വാ
സ്വർഗസ്ഥം ദശരഥമേവ വാ നരേന്ദ്രം
കിം വാ സ്യാത് കുപുരുഷസംശ്രിതൈർവചോഭിർ–
ന വ്യാഘ്രം മൃഗശിശവഃ പ്രധർഷയന്തി.

(*പ്രതിമ,* 5. 18. രാവണൻ ആശ്രമത്തിൽ ഏകയായി, ഭീതയായി, കേഴുന്ന സീതയോട്: രാമനെയോ ലക്ഷ്മണനെയോ സ്വർഗസ്ഥിത നായ ദശരഥരാജാവിനെയോ നീ ശരണം വിളിച്ചുകൊള്ളൂ. കുപുരുഷ ന്മാരെ ആശ്രയിച്ചുകൊണ്ടുള്ള ഈ നിലവിളികൾകൊണ്ടെന്തു കാര്യം? മാൻകുഞ്ഞുങ്ങൾ നരിയെ ആക്രമിക്കുകയില്ല.) രാവണന്റെ മുൻപിൽ നരിയുടെ മുൻപിൽ മാൻകുഞ്ഞുങ്ങളെപ്പോലെ നിസ്സാരന്മാരാണ് രാമനും മറ്റും എന്നു വ്യഞ്ജിക്കുന്നു.



### 14. അർഥാന്തരന്യാസം

ധന്യോസ്മി യദ്ഗുരുപ്രാണാഃ സ്വൈഃ പ്രാണൈഃ പരിരക്ഷിതാഃ;
ബന്ധുസ്നേഹാദ്ധി മഹതഃ കായസ്നേഹസ്തു ദുർലഭഃ.

(*മധ്യമവ്യായോഗം*, 20. രാക്ഷസിയുടെ ആഹാരത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട മധ്യമപുത്രൻ പറയുന്നു: ഞാൻ ധന്യനാണ്. എന്തെന്നാൽ, ഗുരുപ്രാണങ്ങളെ സ്വപ്രാണങ്ങൾകൊണ്ട് പരിരക്ഷിച്ചുവല്ലോ. മഹത്തായ ബന്ധുസ്നേഹത്തേക്കാൾ കുറഞ്ഞതാണല്ലോ സ്വന്തം ശരീരത്തോടുള്ള സ്നേഹം.) തന്നെ ബലി കൊടുത്ത് അച്ഛനമ്മമാരുടെയും ജ്യേഷ്ഠന്റെയും അനുജന്റെയും ജീവൻ രക്ഷിക്കാൻ കഴിഞ്ഞതിൽ മധ്യമപുത്രന്റെ അത്യധികമായ സന്തൃപ്തി വ്യംഗ്യം.

വർഷേണ വാ വർഷശതേന തേഷാം
ത്വം പാണ്ഡവാനാം കുരു സംവിഭാഗം;
തസ്മാത് പ്രതിജ്ഞാം കുരു വീര! സത്യാം;
സത്യാ പ്രതിജ്ഞാ ഹി സദാ കുരൂണാം.

(*പഞ്ചരാത്രം*, 1. 49. ഭീഷ്മൻ ദുര്യോധനനോട്: ഒരു വർഷം കൊണ്ടോ നൂറു വർഷം കൊണ്ടോ നീ ആ പാണ്ഡവന്മാർക്ക് പാതിരാജ്യം കൊടുക്കൂ. അങ്ങനെ പ്രതിജ്ഞയെ സത്യമാക്കൂ. സത്യമായ പ്രതിജ്ഞയാണല്ലോ എപ്പോഴും കുരുക്കൾക്ക്.) പ്രതിജ്ഞ നിറവേറ്റുന്നതിന്റെ പ്രാധാന്യവും കുരുപാണ്ഡവന്മാർതമ്മിൽ യുദ്ധമില്ലാതെ രഞ്ജിപ്പിൽ കഴിയണമെന്ന ഭീഷ്മന്റെ അതിയായ ആഗ്രഹവും ധ്വനി.

അനുചരതി ശശാങ്കം രാഹുദോഷേപി താരാ
പതതി ച വനവൃക്ഷേ യാതി ഭൂമിം ലതാ ച
ത്യജതി ന ച കരേണുഃ പങ്കലഗ്നം ഗജേന്ദ്രം
വ്രജതു ചരതു ധർമം ഭർത്തൃനാഥാ ഹി നാര്യഃ.

(*പ്രതിമ,* 1. 25. വനത്തിലേക്ക് അനുയാത്ര ചെയ്യുന്നതിൽനിന്ന് സീതയെ പിന്തിരിപ്പിക്കരുതെന്ന് ലക്ഷ്മണൻ രാമനോട് അപേക്ഷിക്കുന്നു: രാഹുദോഷമുണ്ടായാലും താര ചന്ദ്രനെ അനുചരി ക്കുന്നു; കാട്ടുമരം വീണാൽ വള്ളിയും നിലത്തു പതിക്കുന്നു; ചേറ് പറ്റിയ കൊമ്പനാനയെ പിടിയാന ഉപേക്ഷിക്കാറില്ല; ഭർത്താവിനെ ഈശ്വരനായി കാണുന്ന സ്ത്രീകൾ ധർമം സ്വീകരിക്കുകയും ആചരി ക്കുകയും ചെയ്യുന്നു.) പ്രകൃതിയിലെ മൂന്ന് ഉദാഹരണങ്ങൾ കാണിച്ച് അവയിൽനിന്ന് ഭർത്തൃസഹധർമാചരണം സ്ത്രീകളുടെ ധർമമാ ണെന്ന നിഗമനത്തിലെത്തുന്നു. രാമൻ സീതയെ വനത്തിലേക്ക് കൂടെ കൊണ്ടുപോകാതിരിക്കുന്നത് അധർമമാവുമെന്നു വ്യംഗ്യം.

കാഷ്ഠാദഗ്നിർജായതേ മഥ്യമാനാദ്
ഭൂമിസ്തോയം ഖന്യമാനാ ദദാതി
സോത്സാഹാനാം നാസ്ത്യസാധ്യം നരാണാം
മാർഗാരബ്ധാഃ സർവയത്നാഃ ഫലന്തി.

(*പ്രതിജ്ഞായൗഗന്ധരായണം*, 1. 18. യൗഗന്ധരായണന്റെ ചിന്ത: കടയപ്പെട്ടുകൊണ്ടിരിക്കുന്ന മരത്തടിയിൽനിന്ന് തീയുണ്ടാവുന്നു; കുഴിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഭൂമി ജലം തരുന്നു; ഉത്സാഹികളായ മനുഷ്യർക്ക് അസാധ്യമായി ഒന്നുമില്ല. വഴി തുടങ്ങിവെച്ച എല്ലാ യത്നങ്ങളും ഫലിക്കുന്നു.) ഇതുപോലെ, മൂന്നുദാഹരണങ്ങളിൽനിന്ന് സാമാന്യമായ നിഗമനത്തിലെത്തുന്നു. വത്സരാജനെ മോചിപ്പിക്കുക എന്ന തന്റെ പ്രതിജ്ഞ വേണ്ടപോലെ പ്രവർത്തിച്ചാൽ നിറവേറ്റപ്പെ ടുമെന്നു ധ്വനി.

കാവൽക്കാരുടെ രക്ഷയിലുള്ള ആയുധാഗാരത്തിൽ നിൽക്കാൻ തന്നോട് ഭടൻ പറഞ്ഞപ്പോൾ യൗഗന്ധരായണന്റെ പ്രതികരണം:

അഹോ ഹാസ്യാഭിധാനം.
അഗ്നിം ബധ്വാ വത്സരാജാഭിധാനം
യസ്മിൻ കാലേ സർവതോ രക്ഷിതവ്യം
തസ്മിൻ കാലേ സുപ്തമാസീദമാത്യൈർ–
നീതേ രത്നേ ഭാജനേ കോ നിരോധഃ?

(*പ്രതിജ്ഞാ*, 4. 11. ചിരിയുളവാക്കാൻ മാത്രമുള്ള കല്പന! വത്സരാജനെന്നു പേരുള്ള അഗ്നിയെ ബന്ധിച്ചിട്ട്, എല്ലാവരിൽനിന്നും രക്ഷിക്കേണ്ടുന്ന കാലത്ത് അമാത്യന്മാർ ഉറങ്ങുകയായിരുന്നു. ഇപ്പോൾ, രത്നം കൊണ്ടുപോയിട്ട് അതു വെച്ച പാത്രത്തിന് എന്തു കാവൽ!) ഇനി വത്സരാജനെ രക്ഷിക്കേണ്ട ആവശ്യമൊന്നുമില്ലെന്നു വ്യഞ്ജിക്കുന്നു.

ഇഷ്ടാ മഖാ ദ്വിജവരാശ്ച മയി പ്രസന്നാഃ
പ്രജ്ഞാപിതാ ഭയരസം സമദാ നരേന്ദ്രാഃ
ഏവംവിധസ്യ ന ച മേസ്തി മനഃപ്രഹർഷഃ
കന്യാപിതുർഹി സതതം ബഹു ചിന്തനീയം.

(*അവിമാരകം*, 1. 2. കുന്തിഭോജന്റെ ചിന്ത: യജ്ഞങ്ങൾ ചെയ്തു; ബ്രാഹ്മണശ്രേഷ്ഠന്മാർ എന്നിൽ പ്രസന്നന്മാരായി; ഇങ്ങനെയുള്ള എനിക്ക് എന്നിട്ടും മനഃസന്തോഷമില്ല. കന്യകയുടെ പിതാവിന് എപ്പോഴും ഏറെ ആലോചിക്കാനുണ്ടല്ലോ.) കുരംഗിയുടെ വിവാഹാലോചനയുടെ ബദ്ധപ്പാടിൽപ്പെട്ടുഴലുന്ന കുന്തിഭോജന്റെ താൽക്കാലികാവസ്ഥ വ്യംഗ്യം.



**15. ആക്ഷേപം**

ഘടോൽക്കചൻ ധൃതരാഷ്ട്രനെ അഭിവാദ്യം ചെയ്യുന്നു: “അഭിവാദയേ ഘടോൽക്ക – (ഇത്യർധോക്തേ) ന ന അയമക്രമഃ. യുധിഷ്ഠിരാദയശ്ച മേ ഗുരവോ ഭവന്തമഭിവാദയന്തി. പശ്ചാദ് ഘടോൽക്കചോഹമഭിവാദയേ.” (*ദൂതഘടോൽക്കചം*. അഭിവാദനം ചെയ്യുന്നു ഞാൻ ഘടോത്ക – (എന്ന് അർധോക്തിയിൽ ) അല്ലല്ല. ഇത് ക്രമപ്രകാരമല്ല. യുധിഷ്ഠിരൻ തുടങ്ങിയ എന്റെ ഗുരുക്കന്മാർ അങ്ങയെ അഭിവാദനം ചെയ്യുന്നു. പിന്നീട് ഘടോൽക്കചനായ ഞാൻ അഭിവാദനം ചെയ്യുന്നു.) ഘടോൽക്കചന്റെ ഗുരുഭക്തിയും വിനയവും അഭിവ്യഞ്ജിക്കുന്നു.

ഭരതൻ “ആര്യ” എന്ന് സംബോധന ചെയ്തപ്പോൾ, സുമന്ത്രൻ: ‘‘ജയതു മഹാ–’’ (ഇത്യർധോക്തേ സവിഷാദം) ‘‘അഹോ സ്വരസാദൃശ്യം. മന്യേ പ്രതിമാസ്ഥോ മഹാരാജോ വ്യാഹരതീതി.” ധജയിക്കട്ടെ മഹാ– (എന്ന് അർധോക്തിയിൽ സവിഷാദം) അഹോ സ്വരസാദൃശ്യം. പ്രതിമാസ്ഥനായ മഹാരാജാവ് പറയുന്നതായി തോന്നി.പ (*പ്രതിമ* മൂന്നാമങ്കം) സുമന്ത്രന്റെ മഹാരാജഭക്തി ധ്വനിക്കുന്നു.

**16. വിഭാവന**

യദി സ്വചക്രോദ്ധതരേണുദുർദിനം
രഥം സമാസ്ഥായ ഗതാ ബൃഹന്നളാ
പരാൻ ക്ഷണൈർനേമിരവൈർനിവാരയൻ
വിനാപി ബാണാൻ രഥ ഏവ ജേഷ്യതി.

(*പഞ്ചരാത്രം*, 2. 18. വിരാടരാജധാനിയിൽ ഭഗവദ്വേഷധാരിയായി അജ്ഞാതവാസം നടത്തുന്ന യുധിഷ്ഠിരൻ രാജാവിനോട്: സ്വന്തം ചക്രത്തിൽനിന്നുള്ള പൊടികൊണ്ട് മേഘച്ഛന്നമായ ദിനം പോലെ യാക്കുന്ന തേരിലേറി ബൃഹന്നള പോയിട്ടുണ്ടെങ്കിൽ നിമിഷങ്ങൾ ക്കുള്ളിൽ നേമിശബ്ദങ്ങൾ കൊണ്ടുതന്നെ ശത്രുക്കളെ തടഞ്ഞുകൊണ്ട് ശരങ്ങളില്ലാതെതന്നെ തേരു മാത്രം അവരെ കീഴടക്കുന്നതാണ്.) കേവലം സൈരന്ധ്രിയായ ബൃഹന്നളയാണ് ഉത്തരന്റെ സാരഥിയായി യുദ്ധരംഗത്തേക്കു പോയതെന്നു കേട്ട് പരിഭ്രമിക്കുന്ന രാജാവിനെ, ബൃഹന്നള അർജുനനാണെന്ന് അറിയുന്ന, ഭഗവാൻ സമാധാനിപ്പിക്കുകയാണ് ഈ പ്രസ്താവത്തിലൂടെ. ബൃഹന്നളാവേഷധാരിയായ അർജുനന്റെ യുദ്ധവൈദഗ്ധ്യം ധ്വനി.

**17. സസന്ദേഹം**

അയേ അയമാര്യോ രാമഃ. ന ന. രൂപസാദൃശ്യം.

മുഖമനുപമം ത്വാര്യസ്യാഭം ശശാങ്കമനോഹരം
മമ പിതൃസമം പീനം വക്ഷഃ സുരാരിശരക്ഷതം
ദ്യുതിപരിവൃതസ്തേജോരാശിർജഗത്പ്രിയദർശനോ
നരപതിരയം ദേവേന്ദ്രോ വാ സ്വയം മധുസൂദനഃ?

(*പ്രതിമ,* 4. 8. ലക്ഷ്മണൻ ഭരതനെ കണ്ടിട്ട്: ഏയ്, ഇത് ആര്യരാമനല്ലേ? അല്ലല്ല. രൂപസാദൃശ്യം കൊണ്ട് തോന്നിയതാണ്. ചന്ദ്രനെപ്പോലെ സുന്ദരവും നിസ്തുലവുമായ മുഖം ആര്യന്റേതു പോലെത്തന്നെ; തടിച്ച മാറ് അസുരന്മാരുടെ അമ്പേറ്റ് മുറിവാർന്ന എന്റെ അച്ഛന്റേതുപോലെ; പരിവേഷത്താൽ ചുറ്റപ്പെട്ട തേജഃപുഞ്ജ മായ ഈ ലോകപ്രിയദർശനനായ രാജാവ് ദേവേന്ദ്രനോ അതോ മധുവൈരിയായ ശ്രീകൃഷ്ണനോ?) സൗന്ദര്യം കൊണ്ട് രാമനും ദശരഥനും തുല്യനായ ഭരതൻ ദേവേന്ദ്രനോ ശ്രീകൃഷ്ണനോ എന്ന് ലക്ഷ്മണൻ സംശയിക്കുന്നതുകൊണ്ട് കൈവരുന്ന സസന്ദേഹം, ഭരതന്റെ സൗന്ദര്യവും ഓജസ്സും തേജസ്സും പ്രതാപൈശ്വര്യങ്ങളും വ്യഞ്ജിപ്പിക്കുന്നു.

**18. അപഹ്നുതി**

അഗണിതപരിഖേദാ യാതി ഷണ്ണാം സുതാനാ–
മപചയഗമനാർഥം സപ്തമം രക്ഷമാണാ
ബഹുഗുണകൃതലോഭാ ജന്മകാലേ നിമിത്തൈഃ
സുത ഇതി കൃതസംജ്ഞം കംസമൃത്യും വഹന്തീ.

(*ബാലചരിതം*, 1. 10. വസുദേവൻ ദേവകിയെപ്പറ്റി ചിന്തിക്കുന്നു: ദുഃഖത്തെ അവഗണിച്ച്, ആറ് ആൺമക്കൾ നഷ്ടപ്പെട്ടതുകൊണ്ട് ഏഴാമത്തേവനെ രക്ഷിക്കുന്നതിന്, പല ഗുണങ്ങളാൽ ജനിപ്പിക്കപ്പെട്ട കൊതിയോടെ, ജനനസമയത്തുണ്ടായ ശുഭനിമിത്തങ്ങളാൽ, മകനെന്നു പേർവിളിക്കപ്പെട്ട കംസഘാതകനെയും വഹിച്ചുകൊണ്ട് ഇവൾ പോവുകയാണ്.) ശിശുവായ ശ്രീകൃഷ്ണൻ ദേവകിയുടെ പുത്രനെന്നു പറയപ്പെടുന്ന കംസമൃത്യുവാണെന്ന ഇവിടത്തെ അപഹ്നുതി, വിഷ്ണുവിന്റെ കൃഷ്ണാവതാരദൗത്യം ധ്വനിപ്പിക്കുന്നു.

കൃതശ്രദ്ധോ ഹ്യാത്മാ വഹതി പരിതോഷം ഗുരുജനോ
ജഗദ് വിശ്വസ്തം മേ നിവസതി ഗുണോ നഷ്ടമയശഃ
മൃതൈഃ പ്രാപ്യഃ സ്വർഗോ യദി കഥയത്യേതദനൃതം
പരോക്ഷോ ന സ്വർഗോ ബഹുഗുണമിഹൈവൈഷ ഫലതി.

(*പഞ്ചരാത്രം*, 1. 23. യജ്ഞം ചെയ്ത് കൃതാർഥനായ ദുര്യോധനൻ പറയുന്നു: ആത്മാവ് സംതൃപ്തം; ഗുരുജനങ്ങൾ സന്തുഷ്ടരാണ്; ലോകത്തിന് എന്നെ വിശ്വാസമാണ്; ഗുണങ്ങൾ നിവസിക്കുന്നു; ദുഷ്കീർത്തി ഇല്ല; മരിച്ചവർക്ക് കിട്ടുന്നതാണ് സ്വർഗ മെന്നു പറയുന്നുവെങ്കിൽ അത് കള്ളമാണ്; പ്രത്യക്ഷമായ സ്വർഗം ഇവിടെത്തന്നെ പല ഗുണങ്ങളെ നൽകുന്നു.) സർവഗുണ സമൃദ്ധമായ സ്വർഗം മരിച്ചതിനുശേഷം സിദ്ധിക്കുന്നതാണെന്നു പറയുന്നതിനെ ദുര്യോധനൻ ഇവിടെ അപഹ്നവനം ചെയ്യുന്നു. ദുര്യോധനന്റെ ഇഹലോകജീവിതം സ്വർഗസുന്ദരമെന്നു വ്യംഗ്യം.



ദ്രോണശ്ച ഭീഷ്മശ്ച ജയദ്രഥശ്ച
ശല്യോംഗരാജഃ ശകുനിഃ കൃപശ്ച
തേഷാം രഥോത്കമ്പചലത്പതാകൈർ–
ഭഗ്നാ ധ്വജൈരേവ വയം, ന ബാണൈഃ.

(*പഞ്ചരാത്രം*, 2. 11. ഭടൻ ഗോഗ്രഹണയുദ്ധവിവരങ്ങൾ വിരാടരാജാവിനെ അറിയിക്കുന്നു: ദ്രോണന്റെയും ഭീഷ്മന്റെയും ജയദ്രഥന്റെയും ശല്യന്റെയും അംഗരാജന്റെയും ശകുനിയുടെയും കൃപന്റെയും തേരിളക്കംകൊണ്ട് ഇളകിക്കൊണ്ടിരിക്കുന്ന പതാകകളോടുകൂടിയ കൊടിമരങ്ങൾകൊണ്ടുതന്നെ നാം തകർന്നുകഴിഞ്ഞു; ശരങ്ങൾകൊണ്ടല്ല) വിരാടസേന തകർന്നത് ദ്രോണാദികളുടെ ശരങ്ങൾ കൊണ്ടല്ലെന്ന ഇവിടത്തെ അപഹ്നുതി, ആ മഹാരഥന്മാരുടെ പടപ്പുറപ്പാടിന്റെ ഭയങ്കരത്വം വ്യഞ്ജിപ്പിക്കുന്നു.

ജിത്വാ ത്രൈലോക്യമാജൗ സസുരദനുസുതം
യന്മയാ ഗർവിതേന
ക്രാന്ത്വാ കൈലാസമീശം സ്വഗണപരിവൃതം
സാകമാകമ്പ്യ ദേവ്യാ
ലബ്ധ്വാ തസ്മാത് പ്രസാദം പുനരഗസുതയാ
നന്ദിനാ നാദൃതത്വാദ്
ദത്തം ശപ്തം ച താഭ്യാം യദി കപിവികൃതി–
ച്ഛദ്മനാ തന്മമ സ്യാത്.

(ഹനുമാന്റെ അശോകവനികോദ്യാനമർദനത്തെപ്പറ്റി വിവരിച്ച ശങ്കുകർണനോട് രാവണൻ പറയുന്നു: ഗർവിഷ്ഠനായ ഞാൻ ദേവാസുരന്മാരോടുകൂടിയ ത്രൈലോക്യത്തെ യുദ്ധത്തിൽ ജയിച്ച്, കൈലാസത്തിൽ കടന്നുചെന്ന് ഭൂതഗണങ്ങളാൽ ചുറ്റപ്പെട്ട പാർവതിയോടുകൂടിയ ശിവനെ വിറപ്പിച്ച്, അദ്ദേഹത്തിന്റെ പ്രസാദവും പിന്നീട് പാർവതിയെയും നന്ദിയെയും അനാദരിക്കയാൽ അവരിൽ നിന്ന് ശാപവും നേടുകയുണ്ടായി. വാനരന്റെ വികൃതിയെന്ന വ്യാജേന അതായിരിക്കാം ഇപ്പോൾ എനിക്ക് വന്നുപെട്ടത്.) ശാപത്തെ മറച്ചുവെച്ച് വാനരവികൃതിയാണിതെന്ന രാവണന്റെ ഈ അപ ഹ്നുതിസങ്കല്പം, താൻ ഏറെ വരങ്ങൾ വാങ്ങിക്കൂട്ടിയ തോടൊപ്പം അനേകം ശാപങ്ങളും ഏറ്റുവാങ്ങിയിട്ടുണ്ടെന്ന രാക്ഷസരാജാവിന്റെ

രാക്ഷസരാജാവിന്റെ പശ്ചാത്താപപൂർവമായ സ്മൃതിയെ വ്യംഗ്യമായി പ്രകാശിപ്പിക്കുന്നു.

ദേവീ – ആചാര്യമിച്ഛാമി. (വാസവദത്തയ്ക്ക് വീണ പഠിപ്പിക്കുന്നതിന് ആചാര്യനെ വേണം)

രാജാ – ഉപസ്ഥിതവിവാഹകാലായാഃ കിമിദാനീമാചാര്യേണ? പതിരേവൈനാം ശിക്ഷയിഷ്യതി. (വിവാഹകാലം അടുത്ത അവൾക്ക് ആചാര്യനെന്തിന്? ഭർത്താവുതന്നെ ഇനി അവളെ പഠിപ്പിച്ചു കൊള്ളും.) (*പ്രതിജ്ഞായൗഗന്ധരായണം* രണ്ടാമങ്കം)

ഇവിടെ അറിയാതെയാണ് രാജാവ് ഇങ്ങനെ പറയുന്നത്. ഒരു വ്യത്യാസം മാത്രം: ഭർത്താവ് അധ്യാപകനാവുകയല്ല, അധ്യാപകൻ ഭർത്താവാവുകയാണ്. അനന്തരം, വീണാവിദഗ്ധനായ ഉദയനൻ വാസവദത്തയെ വിവാഹം കഴിക്കുകയും അവളെ വീണ അഭ്യസിപ്പിക്കുകയും ചെയ്യുന്നുണ്ടല്ലോ. സവിശേഷമായ ഈ അപഹ്നുതി, ഉദയനൻ തന്റെ ജാമാതാവായി വരണമെന്ന മഹാസേനാ ഭിലാഷത്തിന്റെ ആത്മാർഥതയും തീവ്രതയും ധ്വനിപ്പിക്കുന്നു.

ഇനിയും ഒരു തരം അപഹ്നുതി കാണാം. മറ്റുള്ളവർ തെറ്റിദ്ധരിക്കുന്നത് തടയാൻ വേണ്ടിവരുന്ന ചില വ്യാജപ്രവൃത്തി കളുടെ ഭാഗമാണത്. ഉദാഹരണമായി, *പഞ്ചരാത്ര*ത്തിലെ ഒരു സന്ദർഭമെടുക്കാം. ഗോഗ്രഹണയുദ്ധം ജയിച്ചതിനുശേഷം വിശേഷ ങ്ങൾ പറയവേ ഭീമൻ ബൃഹന്നളയെ അബദ്ധത്തിൽ 'അർജുനാ' എന്നു വിളിച്ചപ്പോൾ, ബൃഹന്നള, അഭിമന്യുവെക്കുറിച്ചാണ് പറയുന്ന തെന്ന ഭാവത്തിൽ, "അഥ കിമഥ കി,മർജുനപുത്രോയം" (പിന്ന ല്ലാതെ, പിന്നല്ലാതെ, ഇവൻ അർജുനപുത്രനാണ്) എന്ന് തിരുത്തുന്ന തായി ഭാവിച്ച് പറയുന്നു.

ആത്മഗതങ്ങളിൽ മിക്കതും ഒരുതരം അപഹ്നുതിയുടെ ധർമമാണ് നിർവഹിക്കുന്നതെന്ന് സൂക്ഷിച്ചുനോക്കിയാൽ കാണാം.. ഉദാ:– (1) പരിവ്രാജകവേഷത്തിൽ സഞ്ചരിക്കുന്ന യൗഗന്ധരായണൻ, തപസ്വിൻ എന്ന കാഞ്ചുകീയന്റെ സംബോധന കേട്ട് നടത്തുന്ന ആത്മഗതം: ''തപസ്വിന്നിതി ഗുണവാൻ ഖല്വയമാലാപഃ. അപരിചയാത്തു ന ശ്ലിഷ്യതേ മേ മനസി." (തപസ്വിൻ എന്ന പറച്ചിൽ – സംബോധന – ഗുണമുള്ളതുതന്നെ. പക്ഷേ, കേട്ടുപരിചയമില്ലാത്ത തുകൊണ്ട് മനസ്സിനങ്ങ് പിടിക്കുന്നില്ല.)

(2) നളിനികയും ധാത്രിയും കൂടി അവിമാരകനെ കാണാൻ വന്നപ്പോൾ:

അവിമാരകഃ– (വിലോക്യ സവ്രീഡം) സ്വാഗതം ഭവതീഭ്യാം. (നോക്കി ലജ്ജയോടെ. ഭവതികൾക്ക് സ്വാഗതം)



ഉഭേ – അപി സുഖം? (സുഖമല്ലേ?)

അവിമാരകഃ– ഭവിഷ്യതി വാം ദർശനേന (നിങ്ങളുടെ ദർശനം കൊണ്ട് ഭവിക്കും)

ധാത്രീ – ആര്യ! കിം ചിന്ത്യതേ? (ആര്യാ! എന്താണ് ആലോചിക്കുന്നത്?)

അവിമാരകഃ– ഭവതി! ശാസ്ത്രം ചിന്ത്യതേ (ശാസ്ത്രമാണ് ആലോചിക്കുന്നത്)

ധാത്രീ – കിം നാമൈതദ് രമണീയം ശാസ്ത്രം വിവിക്തേ ചിന്ത്യതേ? (ഏകാന്തത്തിൽ ആലോചിക്കുന്ന ഈ രമണീയമായ ശാസ്ത്രം എന്താണ്?)

അവിമാരകഃ– യോഗശാസ്ത്രം ചിന്ത്യതേ (യോഗശാസ്ത്രമാണ് ആലോചിക്കുന്നത്)

ധാത്രീ – (സസ്മിതം) പ്രതിഗൃഹീതം മംഗളവചനം. യോഗശാസ്ത്രമേവ ഭവതു. ധ(ചിരിച്ചുകൊണ്ട്) മംഗളവചനം മനസ്സിലായി. യോഗശാസ്ത്രംതന്നെ ഭവിക്കട്ടെ.പ

അവിമാരകഃ– (ആത്മഗതം) കോ നു ഖലു വാക്യാർഥഃ? അന്യദപ്യഭിലാഷവശാദന്യഥാ സങ്കല്പയാമി. (പ്രകാശം) കിമഭിപ്രേതം ഭവത്യാഃ? ധ(ആത്മഗതം) എന്തായിരിക്കണം ഇവരുടെ ഉദ്ദിഷ്ടാർഥം? ഒന്നിനെ എന്റെ അഭിലാഷമനുസരിച്ച് ഞാൻ മറ്റൊന്നായി സങ്കല്പിക്കുകയായിരിക്കാം. (പ്രകാശം) ഭവതി ഉദ്ദേശിച്ചതെന്താണ്?പ

ധാത്രീ – യോഗമിച്ഛന്ത്യാവാഗതേ സ്വഃ. അനുമത ആര്യേണ യോഗ ഇതി നനു നിഷ്ഠിതം കാര്യമസ്മാകം. രാജകുലേ വിവിക്ത അവകാശേ. തത്രാപി കോപി ജനോധികതരം യോഗം ചിന്തയ ന്നസ്തി. തേന സഹ തത്രൈവാര്യേണ സുഷ്ഠു യോഗവിധാനം ചിന്ത്യതാമിതി. (യോഗം ആഗ്രഹിച്ചുകൊണ്ടുതന്നെയാണ് ഞങ്ങൾ വന്നിരിക്കുന്നത്. യോഗം ആര്യന് അനുമതമാകയാൽ ഞങ്ങളുടെ യത്നം പ്രായോഗികമായി സഫലമായെന്നു പറയാം. ഞങ്ങളുടെ രാജകുലത്തിലും ഏകാന്തമായ ഒരു സ്ഥലത്ത് ഒരാൾ കൂടുതലായി യോഗത്തെ ചിന്തിച്ചുകൊണ്ട് ഇരിപ്പുണ്ട്. ആ ആളോടൊപ്പം അവിടെത്തന്നെ ആര്യന് നന്നായി യോഗത്തെപ്പറ്റി ചിന്തിച്ചുകൊള്ളൂ എന്നാണ് ഞങ്ങൾ ഉദ്ദേശിച്ചത്.) (*അവിമാരകം* രണ്ടാമങ്കം)

പദതലത്തിൽ സംവൃതിവക്രതയും വാക്യതലത്തിൽ അപഹ്നുതിയും ഏതാണ്ട് ഒരേ ധർമമാണ് നിർവഹിക്കുന്നതെന്നു തോന്നുന്നു.

**19. സംസൃഷ്ടി**

ലിമ്പതീവ തമോംഗാനി വർഷതീവാഞ്ജനം നഭഃ
അസത്പുരുഷസേവേവ ദൃഷ്ടിർനിഷ്ഫലതാം ഗതാ.

(*ബാലചരിതം*, 1. 15; *ചാരുദത്തം*, 1. 19. ഇരുട്ട് അവയവങ്ങളിൽ പുരളുന്നതുപോലെ തോന്നുന്നു; ആകാശം അഞ്ജനം വർഷിക്കുകയാണെന്നു തോന്നും; ദുർജനസേവ പോലെ കണ്ണ് നിഷ്പ്രയോജനമായിരിക്കയാണ്.) ഉൽപ്രേക്ഷകളും ഉപമയും തമ്മിൽ പരസ്പര നിരപേക്ഷമായി മേളിക്കുന്നു. ഇരുട്ടിന്റെ ആധിക്യം വ്യംഗ്യം.

ഗതോ വൃക്ഷാദ് വൃക്ഷം വിതതകുശചീരേണ ദഹനഃ
കദള്യാ വിപ്ലുഷ്ടം പതതി പരിണാമാദിവ ഫലം
അസൗ ചാഗ്രേ താലോ മധുപടലചക്രേണ മഹതാ
ചിരം മൂലേ ദഗ്ധഃ പരശുരിവ രുദ്രസ്യ പതതി.

(*പഞ്ചരാത്രം*, 1. 16. മൂന്നു ബ്രാഹ്മണന്മാർ നടത്തുന്ന ദുര്യോധന യജ്ഞവർണനത്തിൽനിന്ന്: അഗ്നി പടർന്ന ദർഭച്ചരടുകളിലൂടെ മരത്തിൽ നിന്നു മരത്തിലേക്ക് പടരുകയാണ്. പുഷ്പിച്ചാ ലെന്നപോലെ, വാഴയിൽ നിന്ന്, ദഗ്ധമായ ഫലം വീഴുന്നു. മുൻപിലുള്ള ഈ കരിമ്പന വലിയ തേനീച്ചക്കൂടോടെ, ഏറെ നേരമായി മുരട് കത്തുകയാൽ രുദ്രന്റെ മഴുവെന്നപോലെ, നിലത്തു വീഴുന്നു.) ഉൽപ്രേക്ഷയും ഉപമയും തമ്മിൽ സംസൃഷ്ടി. യജ്ഞാഗ്നിയുടെ വ്യാപനവും ഭീകരതയും ധ്വനി.

ദ്വാഭ്യാമാവാഭ്യാമനുബധ്യമാനാ യഥാ ശൃഗാലീവ കുക്കുരാഭ്യാം
സനൂപുരാ മേഖലാനാദഹാസാ സവേഷ്ടനം മേ ഹൃദയം ഹരന്തീ.

(*ചാരുദത്തം*, 1. 10. ശകാരന്റെ വിചാരം : ഞങ്ങൾ രണ്ടുപേരാൽ – ശകാരൻ, വിടൻ എന്നിവരാൽ – പിന്തുടരപ്പെടുന്ന അവൾ – വസന്ത സേന –, രണ്ടു നായ്ക്കളാൽ അനുധാവനം ചെയ്യപ്പെടുന്ന പെൺകുറുക്കനെപ്പോലെ, കാൽച്ചിലമ്പുകളോടുകൂടി അരഞ്ഞാണിന്റെ കിലുക്കമാകുന്ന ചിരിയോടുകൂടി എന്റെ ഹൃദയത്തെ ചുറ്റി വലിച്ചുകൊണ്ടുപോവുകയാണ്.) ഉപമാ–രൂപകങ്ങളുടെ സംസൃഷ്ടി. തങ്ങളെ നായ്ക്കളോടുപമിച്ചതിൽനിന്ന് അവരുടെ നികൃഷ്ടത ധ്വനിപ്പിക്കപ്പെടുന്നു. അവരുടെ കണ്ണിൽ കൗശലക്കാരിയാണ് വസന്തസേനയെന്നും ധ്വനിപ്പിക്കപ്പെടുന്നു. ശകാരന്റെ ബുദ്ധിശൂന്യത വ്യംഗ്യം.

**20. സങ്കരം**

പുത്രനക്ഷത്രകീർണസ്യ പത്നീകാന്തപ്രഭസ്യ ച
വൃദ്ധസ്യ വിപ്രചന്ദ്രസ്യ ഭവാൻ രാഹുരിവോത്ഥിതഃ.



(*മധ്യമവ്യായോഗം*, 33. ഭീമൻ ഘടോൽക്കചനോട്: പുത്രന്മാരാകുന്ന നക്ഷത്രങ്ങളാൽ ചുറ്റപ്പെട്ടവനും പത്നിയാകുന്ന മനോഹരമായ ചന്ദ്രികയോടുകൂടിയവനുമായ വൃദ്ധബ്രാഹ്മണനാകുന്ന ചന്ദ്രനു രാഹുവിനെപ്പോലെ ഉയർന്നുവന്നിരിക്കയാണ് താങ്കൾ.) സാവയവ രൂപകവും ഉപമയും പരസ്പരസാപേക്ഷമായി മേളിച്ചതുകൊണ്ട് സങ്കരം. താമസിയാതെ ബ്രാഹ്മണൻ രാക്ഷസനിൽന്ന് മോചിതനാവുമെന്നു വ്യംഗ്യം.

ഗൃധ്രാ മധൂകമുകുളോന്നതപിംഗലാക്ഷാ
ദൈത്യേന്ദ്രകുഞ്ജരനതാങ്കുശതീക്ഷ്ണതുണ്ഡാഃ
ഭാന്ത്യംബരേ വിതതലംബവികീർണപക്ഷാ
മാംസൈഃ പ്രവാളരചിതാ ഇവ താലവൃന്താഃ.

(*ഊരുഭംഗം*, 11. യുദ്ധരംഗവർണനത്തിൽനിന്ന്: ഇരിപ്പപ്പൂമൊട്ടുകൾ പോലെ ഉയർന്നു ചെമ്പിച്ച കണ്ണുകളോടുകൂടിയവയും അസുരരാജാവിന്റെ ആനയുടെ തോട്ടി പോലെ കൂർത്ത കൊക്കുകളോടു കൂടിയവയും വിടർന്നു തൂങ്ങിച്ചിതറിയ ചിറകുകളോടു കൂടിയതുമായ കഴുകന്മാർ മാംസങ്ങളോടു കൂടി പവിഴനിർമിതമായ വിശറികളോ എന്നു തോന്നുമാറ്, ആകാശത്തിൽ ശോഭിക്കുന്നു.) ഉപമകളും ഉൽപ്രേക്ഷയും തമ്മിൽ സങ്കരം. ബീഭത്സരസധ്വനി.

ത്രസ്തോദ്വർത്തിതനേത്രഷട്പദഗണാ താമ്രോഷ്ഠപത്രോത്കരാ
ഭ്രൂഭേദാഞ്ചിതകേസരാ സ്വമുകുടവ്യാവിദ്ധസംവർത്തികാ
വീര്യാദിത്യവബോധിതാ രണമുഖേ നാരാചനാളോന്നതാ
നിഷ്കമ്പാ സ്ഥലപത്മിനീവ രചിതാ രാജ്ഞാമഭീതൈർമുഖൈഃ.

(*ഊരുഭംഗം*, 13. യുദ്ധരംഗവർണനത്തിൽനിന്ന്: ഭയപ്പെട്ട് മേല്പോട്ടേക്ക് മറിഞ്ഞ കണ്ണുകളാകുന്ന വണ്ടിൻ നിരയോടും ചെഞ്ചുണ്ടുകളാകുന്ന ഇതളുകളോടും പുരികക്കൊടികളാകുന്ന ഭംഗിയുള്ള അല്ലികളോടും സ്വന്തം കിരീടങ്ങളാകുന്ന പുത്തനിതളുകളോടും കൂടിയ, യുദ്ധമുഖത്ത് വീര്യമാകുന്ന സൂര്യനാൽ ഉണർത്തപ്പെട്ടതും അമ്പുകളാകുന്ന നാളങ്ങളാൽ ഉന്നതവും നിശ്ചലവുമായ രാജാക്കന്മാരുടെ ഭയരഹിതമുഖങ്ങളെക്കൊണ്ട് ഇവിടെ ഒരു കരത്താമരപ്പൊയ്ക രചിച്ചിരിക്കയാണോ എന്നു തോന്നും.) സമസ്തവസ്തുവിഷയകമായ രൂപകവും ഉൽപ്രേക്ഷയും തമ്മിൽ സങ്കരം. മരിച്ച നിലയിലും രാജാക്കന്മാരുടെ വീര്യവും മുഖസൗന്ദര്യവും നിലനിൽക്കുന്നുവെന്നു വ്യംഗ്യം.

ബലദേവൻ പോർക്കളത്തിൽ തുട തകർന്ന് മരിക്കാറായ ദുര്യോധനനെ കാണാൻ വരുന്ന അശ്വത്ഥാമാവിനെ വർണിക്കുന്നു:

സ്ഫുടിതകമലപത്രസ്പഷ്ടവിസ്തീർണദൃഷ്ടീ
രുചിരകനകയൂപവ്യായതാലംബബാഹുഃ
സരഭസമയമുഗ്രം കാർമുകം കർഷമാണഃ
സദഹന ഇവ മേരുഃ ശൃംഗലഗ്നേന്ദ്രചാപഃ.

(*ഊരുഭംഗം*, 56. ഇവൻ – അശ്വത്ഥാമാവ് – വിടർന്ന താമരയിതൾപോലെ തെളിഞ്ഞതും വിശാലവുമായ കണ്ണുകളോടുകൂടി, മനോഹരമായ സ്വർണയൂപം പോലെ നീണ്ട് തൂങ്ങിയ കൈകളോടുകൂടി, വേഗത്തിൽ ഉഗ്രമായ വില്ല് വലിച്ചുകൊണ്ട്, കൊടുമുടിയിൽ പറ്റിച്ചേർന്ന മഴവില്ലോടുകൂടി കത്തിയെരിയുന്ന മേരുപർവതമോ എന്നു തോന്നുമാറ്, വിരാജിക്കുന്നു.) ഉപമകളും ഉൽപ്രേക്ഷയും തമ്മിൽ സങ്കരം. വീരരസധ്വനി.

ലക്ഷ്മണൻ രാമന്റെ മുൻപിൽ നടത്തുന്ന സമുദ്രവർണന:

സജലജലധരേന്ദ്രനീലനീരോ
വിലുളിതഫേനതരംഗചാരുഹാരഃ
സമധിഗതനദീസഹസ്രബാഹുർ–
ഹരിരിവ ഭാതി സരിത്പതിഃ ശയാനഃ.

ധ*അഭിഷേക*, 4. 3. ജലമേഘങ്ങളുടെയും ഇന്ദ്രനീലത്തിന്റെയും നിറമുള്ള വെള്ളത്തോടുകൂടിയതും ഇളകിമറിഞ്ഞ നുരയോടുകൂടിയ തിരമാലകളാകുന്ന മനോഹരമായ മുത്തുമാലയോടുകൂടിയവനും വന്നുചേർന്ന ആയിരക്കണക്കിന് നദികളാകുന്ന കൈകളോടുകൂടിയവനുമായ നദീനാഥൻ (സാഗരം), കിടക്കുന്ന (യോഗനിദ്ര കൊള്ളുന്ന) വിഷ്ണുവെപ്പോലെ ശോഭിക്കുന്നു. ഉപമകളുടെയും രൂപകങ്ങളുടെയും സങ്കരം. സമുദ്രത്തിന്റെ ദേവത്വമാഹാത്മ്യം വ്യംഗ്യം.

കഃ കം ശക്തോ രക്ഷിതും മൃത്യുകാലേ?
രജ്ജുച്ഛേദേ കേ ഘടം ധാരയന്തി?
ഏവം ലോകസ്തുല്യധർമോ വനാനാം
കാലേ കാലേ ഛിദ്യതേ രുഹ്യതേ ച.

(*സ്വപ്നവാസവദത്തം,* 6. 10. കാഞ്ചുകീയൻ വാസവദത്തയുടെ ‘മരണ’ത്തെ സൂചിപ്പിച്ചുകൊണ്ട് പറയുന്നു: മരണകാലത്ത് ആർക്ക് ആരെ രക്ഷിക്കാൻ കഴിയും? കയർ മുറിഞ്ഞാൽ കുടത്തെ താങ്ങാൻ ആർക്ക് സാധിക്കും? ഇപ്രകാരം ലോകം കാടിന്റേതിനു തുല്യമായ ധർമത്തോടുകൂടി അതതു കാലത്ത് മുറിക്കപ്പെടുകയും മുളക്കുകയും ചെയ്യുന്നു.) ദൃഷ്ടാന്തം, അർഥാന്തരന്യാസം എന്നിവയുടെ സങ്കരം. ശാന്തരസവ്യഞ്ജകം. “ഛിദ്യതേ രുഹ്യതേ ച” എന്ന പ്രയോഗം, വാസവദത്ത, വാസ്തവത്തിൽ, മരിച്ചിട്ടില്ലെന്നു ധ്വനിപ്പിക്കുന്നു.



അവിമാരകൻ കുരംഗിയെ സ്മരിക്കുന്നു:

പ്രതിച്ഛന്ദം ധാത്രാ യുവതിവപുഷാം കിന്നു രചിതം
ഗതാ വാ സ്ത്രീരൂപം കഥമപി ച താരാധിപരുചിഃ
വിഹായ ശ്രീഃ കൃഷ്ണം ജലശയനസുപ്തം കൃതഭയാ
ധൃതാന്യസ്ത്രീരൂപം ക്ഷിതിപതിഗൃഹേ വാ നിവസതി.

(*അവിമാരകം,* 2. 3. ബ്രഹ്മാവ് യുവതിശരീരങ്ങളുടെ ഒരു മാതൃക സൃഷ്ടിച്ചിരിക്കയാണോ? താരാനാഥനായ ചന്ദ്രൻ എങ്ങനെയോ ഒരു സ്ത്രീരൂപം പ്രാപിച്ചതാണോ? അതോ, ലക്ഷ്മി കടലിൽ കിടന്നുറങ്ങുന്ന കൃഷ്ണനെ ഉപേക്ഷിച്ച് ഭയത്തോടുകൂടി മറ്റൊരു സ്ത്രീയുടെ രൂപം ധരിച്ച് രാജഗൃഹത്തിൽ താമസി ക്കുകയാണോ?) സസന്ദേഹവും ഉൽപ്രക്ഷയും തമ്മിൽ സങ്കരം. കുരംഗിയുടെ അസാധാരണസൗന്ദര്യമഹത്ത്വം വ്യഞ്ജിക്കുന്നു.

വ്യാമൃഷ്ടസൂര്യതിലകോ വിതതോഡുമാലോ
നഷ്ടാതപോ മൃദുമനോഹരശീതവാതഃ
സംലീനകാമുകജനഃ പ്രവികീർണശൂരോ
വേഷാന്തരം രചയതീവ മനുഷ്യലോകഃ.

(*അവിമാരകം,* 2. 13. സൂര്യനാകുന്ന തിലകം മായ്ക്കപ്പെട്ട, വിസ്തൃതമായ നക്ഷത്രങ്ങളാകുന്ന മാലയോടുകൂടിയ, ചൂട് കുറഞ്ഞ, മൃദുലവും മനോഹരവുമായ തണുത്ത കാറ്റോടുകൂടിയ, കൈകോർത്ത കാമിനീകാമുകന്മാരോടുകൂടിയ, ശൂരന്മാരായ കള്ളന്മാരും കൊള്ളക്കാരും ധാരാളമായി നീങ്ങുന്ന, മനുഷ്യലോകം മറ്റൊരു വേഷം കെട്ടുകയാണോ എന്നു തോന്നും.) രൂപകങ്ങളും ഉൽപ്രേക്ഷയും തമ്മിൽ സങ്കരം. രാത്രിയുടെ സൗന്ദര്യവും ഒപ്പം ഭീകരതയും ധ്വനിക്കുന്നു.

തിമിരമിവ വഹന്തി മാർഗനദ്യഃ
പുളിനനിഭാഃ പ്രതിഭാന്തി ഹർമ്യമാലാഃ
തമസി ദശ ദിശോ നിമഗ്നരൂപാഃ
പ്ലവതരണീയ ഇവായമന്ധകാരഃ.

(*അവിമാരകം,* 3. 4. വഴികളാകുന്ന പുഴകൾ ഇരുട്ടിനെ വഹിക്കുന്നുവോ എന്നു തോന്നും. മാളികകളുടെ നിര (മാളികകളാകുന്ന മാലകൾ) മണൽത്തിട്ടകൾക്കു സമാനമായി തോന്നുന്നു. പത്തു ദിക്കുകളും ഇരുളിൽ മുങ്ങിയ രൂപത്തോടുകൂടിയവയായിരിക്കുന്നു. ഈ ഇരുട്ട് പൊങ്ങുതടി കൊണ്ട് കടക്കേണ്ടതാണോ എന്നു തോന്നും.പ രൂപകങ്ങളുടെയും ഇൽപ്രേക്ഷകളുടെയും സങ്കരം. രാത്രിയിലെ കൂരാക്കൂരിരുട്ടിന്റെ ആധിക്യം വ്യംഗ്യം.

നേത്രേ ബാഷ്പപരിപ്ലുതേ കരധൃതൗ
വ്യാവൽഗമാനൗ സ്തനൗ
ശ്രോണീ ചാധികഭാരികാ ന വിശദൗ പാദൗ ഹ്രിയാ സ്യന്ദിനൗ
ഏതത് സപ്തപദപ്രമാണമിഹ ഭോഃ ! സമ്പാദ്യതേ യോജനാ
യദ്യേഷാ ക്ഷണദാ ഭവേദ് യുഗശതം ധന്യോ മദന്യഃ കുതഃ?

ധ*അവിമാരകം*, 3. 20. അവിമാരകൻ കുരംഗിയെ വർണിക്കുന്നു: രണ്ടു കണ്ണും കണ്ണീർ വഴിഞ്ഞൊഴുകുന്നവയായിരിക്കുന്നു; അവളുടെ കൈകൾക്കടിയിൽ മുലകൾ തുടിച്ചുകൊണ്ടിരിക്കുന്നു; അരക്കെട്ട് അധികഭാരത്തോടുകൂടിയതല്ല, എന്നിട്ടും വിശദമായ കാലടികൾ ലജ്ജയാൽ ഒഴുകുന്നവപോലെ. അഹോ! ഇവിടെ ഈ ഏഴടി അളവുതന്നെ യോജനയോളമെടുക്കും. (ഏഴു പദം ഒരുമിച്ച് നടന്നതുകൊണ്ടുതന്നെ തമ്മിൽ യോജിച്ചതു – വിവാഹം കഴിച്ചതു – പോലെയായി. സാപ്തപദീനം ഓർക്കുക.) ഈ രാത്രി നൂറു യുഗമായെങ്കിൽ! (ക്ഷണദാ – ഉത്സവപ്രദ എന്നും അർഥം) ഞാനല്ലാതെ മറ്റാരാണ് കൃതാർഥൻ!പ ഉൽപ്രേക്ഷ, അതിശയോക്തി, ശ്ലേഷം എന്നിവയുടെ സങ്കരം. സംഭോഗശൃംഗാരരസധ്വനി.

രജനിചരശരീരനീരകീർണാ
കപിവരവീചിയുതാ വരാസിനക്രാ
ഉദധിരിവ വിഭാതി യുദ്ധഭൂമീ
രഘുവരചന്ദ്രശരാംശുവൃദ്ധവേഗാ.

(*അഭിഷേകം*, 6. 2. യുദ്ധവർണനത്തിൽനിന്ന്: രാക്ഷസന്മാരുടെ ശരീരമാകുന്ന വെള്ളം നിറഞ്ഞതും വാനരശ്രേഷ്ഠന്മാരാകുന്ന തിരമാലകളോടുകൂടിയതും നല്ല വാളുകളാകുന്ന മുതലകളോടു കൂടിയതും രാമചന്ദ്രന്റെ ശരകിരണങ്ങളാകുന്ന വർധിച്ച വേഗത്തോടു കൂടിയതുമായ യുദ്ധഭൂമി കടൽ പോലെ ശോഭിക്കുന്നു.) പരമ്പരിതരൂപകം, ഉപമ എന്നിവയുടെ സങ്കരം. വീരരസധ്വനി.

ഉപേത്യ നാഗേന്ദ്രതുരംഗതീർണേ
തമാരുണിം ദാരുണകർമദക്ഷം
വികീർണബാണോഗ്രതരംഗഭംഗേ
മഹാർണവാഭേ യുധി നാശയാമി.

(*സ്വപ്നവാസവദത്തം*, 5. 13. സ്വപ്നാങ്കത്തിന്റെ അവസാനം കാഞ്ചുകീയൻ പ്രവേശിച്ച് ആരുണി രാജ്യം ആക്രമിച്ചതിനെപ്പറ്റിയും സൈന്യം ജയിച്ചുവരുന്നതിനെപ്പറ്റിയും അറിയിച്ചപ്പോൾ രാജാവ് പറയുന്നു: ഞാൻ ചെന്ന് ഗജവീരന്മാരാലും കുതിരകളാലും തരണം ചെയ്യേണ്ടതും ചിന്നിച്ചിതറുന്ന ശരങ്ങളാകുന്ന ഭയങ്കരമായ തിരമാല കളോടുകൂടിയതും ആയ മഹാസമുദ്രതുല്യമായ യുദ്ധത്തിൽ ദാരുണ



മായ കർമങ്ങളിൽ സമർഥനായ ആ ആരുണിയെ നശിപ്പിക്കുന്ന താണ്.) പരമ്പരിതരൂപകവും ഉപമയും തമ്മിൽ സങ്കരം. വീരരസധ്വനി.

ഈ വാക്യവക്രതാനിരൂപണത്തിൽ നിന്ന് സാമാന്യമായി ചെന്നെത്താവുന്ന നിഗമനങ്ങൾ:

(1) ഉപമ, രൂപകം, ഉൽപ്രേക്ഷ, അർഥാന്തരന്യാസം തുടങ്ങിയ സാമ്യമൂലകങ്ങളും ലോകസ്വഭാവനിരീക്ഷണാത്മകങ്ങളുമായ അലങ്കാരങ്ങളാണ് ഭാസൻ അധികം പ്രയോഗിച്ചിട്ടുള്ളത്. ശ്ലേഷം, അപഹ്നുതി മുതലായി അല്പമൊക്കെ കൃത്രിമത്വം തോന്നിക്കുന്ന അലങ്കാരങ്ങളും കുറവല്ല.

(2) ഭാസന്റെ നാടകങ്ങളിലെന്നപോലെ, ഈ അലങ്കാര പ്രയോഗങ്ങളിലും തെളിഞ്ഞുനിൽക്കുന്നത് പൊതുവിൽ ലാളിത്യവും ഉപദേശപരതയുമാണ്. വാല്മീകിയുടെ കാവ്യാത്മകതയേക്കാൾ വ്യാസന്റെ ലോകസ്വഭാവനിരീക്ഷണാത്മകതയും ഉപദേശപരതയു മാണ് ഭാസനെ കൂടുതൽ ആകർഷിച്ചിട്ടുള്ളത്. കവിത അങ്ങനെ യായിരിക്കണമെന്നാണ് ആ മഹാകവിയുടെ ഹൃദയമെന്നു തോന്നുന്നു.

അടുത്ത അധ്യായത്തിൽ പ്രകരണവക്രതയനുസരിച്ച് ഭാസനാടകങ്ങളെ നിരൂപണം ചെയ്യാം.

★

## 8. പ്രകരണവക്രത

*ബാലചരിത*ത്തിന്റെ മൂലകൃതി ഏതാണെന്നു കൃത്യമായി പറയാനാവില്ല. കൃഷ്ണന്റെ ബാല്യകാലകഥകളെക്കുറിച്ചുള്ള ഐതിഹ്യങ്ങളെ ഭാസൻ എത്രത്തോളം ആശ്രയിച്ചിട്ടുണ്ടെന്നു പറയാൻ സാധ്യമല്ല. യമുനയിലെ വെള്ളം പകുത്ത് വഴിമാറിയത് പുരാണത്തിലോ *ഹരിവംശ*ത്തിലോ കാണാത്തതുകൊണ്ട് ഭാസന്റെ കണ്ടുപിടിത്തമായിരിക്കാം. രാധയെക്കുറിച്ച് പരാമർശമില്ലയ്മയും പ്രണയരംഗങ്ങളില്ലാത്തതും *ബാലചരിത*ത്തെ കൂടുതൽ പ്രാചീനമാക്കുന്നു. *മഹാഭാരത*ത്തിലും പുരാണങ്ങളിലുമുള്ള കഥകളനുസരിച്ച് കൃഷ്ണൻ ദേവകിയുടെ എട്ടാമത്തെ പുത്രനാണ്; നന്ദഗോപപുത്രി നാടകത്തിലെപ്പോലെ ആദ്യം മരിച്ചിട്ടില്ല; കൃഷ്ണന്റെ പ്രകാശം കൊണ്ട് അത്ഭുതമുണ്ടാവുന്നതും വെള്ളം പകുത്ത് വഴി മാറുന്നതും വെള്ളം ഉയർന്നുവന്ന് നന്ദഗോപന് കുളിക്കാവുന്ന വിധത്തിലാവുന്നതും മറ്റും *ഹരിവംശ*ത്തിലോ *പുരാണങ്ങ*ളിലോ *മഹാഭാരത* ത്തിലോ ഇല്ല.

*ബാലചരിത*ത്തിൽ പൂതന നന്ദഗോപിയുടെ രൂപം ധരിച്ചാണ് ശ്രീകൃഷ്ണനെ സമീപിക്കുകയും മുല കൊടുക്കുകയും ചെയ്യുന്നത്. വസുദേവനും ദേവകിക്കും കൊടുത്ത പ്രാധാന്യത്തിന്റെ വളരെ ചെറിയൊരു ശതമാനം മാത്രമേ നന്ദഗോപനു കൊടുക്കുന്നുള്ളൂ. നന്ദഗോപി അഥവാ യശോദ അപ്രധാനമായി ഒന്നുരണ്ടിടത്ത് പരാമർശിക്കപ്പെടുന്നതേയുള്ളൂ.

ദാമോദരൻ എന്നാണ് നാടകകൃത്ത് ശ്രീകൃഷ്ണനെന്ന കഥാപാത്രത്തിന് കൊടുക്കുന്ന പേര്. ഗോപീഗോപന്മാർ അദ്ദേഹത്തെ ബഹുമാനപൂർവം ഭർത്തൃദാമോദരൻ എന്നു വിളിച്ചു. ഇത് ദാമോദരത്വം (വികൃതി കാണിച്ചതിന് യശോദ കൃഷ്ണനെ ഉരലിനോട് പിടിച്ചു കെട്ടിയത്) ഉൾപ്പെടെയുള്ള ബാലചരിതത്തിന് പ്രാധാന്യം കൊടുക്കാനാവാം.

മധൂകമഹർഷിയുടെ ശാപം കൊണ്ടാണ് കംസൻ ദേവകീപുത്രന്മാരെ കൊന്നതെന്നേ *ബാലചരിത*ത്തിൽ പറയുന്നുള്ളൂ. അശരീരിയെപ്പറ്റി പരാമർശമില്ല.

*ഭാഗവത*പുരാണമനുസരിച്ച് നാരദന്റെ ശാപത്താൽ കുബേരപുത്രന്മാരായ നളകൂബരനും മണിഗ്രീവനും മരുതുമരങ്ങളായിത്തീർന്നുവെന്നും ആ ഇണവൃക്ഷങ്ങളെ ദാമോദരൻ പിളർന്ന് അവർക്ക് മോക്ഷം കൊടുത്തുവെന്നുമാണ് കഥ. പൂതനയുടെയും ശകടാസുരന്റെയും മറ്റും കാര്യത്തിലെന്നപോലെ, “താവപി ദാനവൗ ഭൂത്വാ തത ഏവ മൃതൗ” (മൂന്നാമങ്കം. പിളർന്നു രണ്ടായ ആ മരങ്ങളും അസുരന്മാരായി ഭവിച്ച് അവിടെത്തന്നെ മരിച്ചുവീണു) എന്നേ *ബാലചരിത*ത്തിലുള്ളൂ.

*ഭാഗവത*മനുസരിച്ച്, കൃഷ്ണന് ഏറ്റവും പ്രിയപ്പെട്ട ഗോക്കളും ഗോപരും കാളിന്ദിയിലെ വിഷജലം കുടിച്ച് മരിച്ചതുകൊണ്ട് അദ്ദേഹം സ്വയം പ്രശ്നത്തിലിടപെടുകയും കാളിയനെ മർദിക്കാൻ തീരുമാനിക്കുകയുമാണ്. ബലരാമൻ വെറുമൊരു കാഴ്ച്ചക്കാരനാണ്. *ബാലചരിത*ത്തിലാകട്ടെ, കൃഷ്ണൻ അരിഷ്ടവധം കഴിഞ്ഞ് മടങ്ങുമ്പോൾ ദാമകനെന്ന ഗോപാലകൻ, കാളിയൻ യമുനാഹ്രദത്തിലുണ്ടെന്ന് കേട്ട് ബലരാമൻ അങ്ങോട്ട് പോയിരിക്കയാണെന്നും അദ്ദഹത്തെ അതിൽനിന്ന് പിന്തിരിപ്പിക്കണമെന്നും കൃഷ്ണനോട് അപേക്ഷിക്കുകയും താനും കാളിയനെപ്പറ്റി കേട്ടിട്ടുണ്ടെന്നും താൻ തന്നെ കാളിയദർപ്പം ശമിപ്പിക്കുമെന്നും പറയുകയും അപ്രകാരം പ്രവർത്തിക്കുകയുമാണ്.

കംസൻ താൻ നടത്തുന്ന ധനുർമഹോത്സവത്തിൽ പങ്കെടുക്കാൻ പരിജനങ്ങളോടൊപ്പം വരണമെന്ന് ഒരു ഭടൻ മുഖേന രാമകൃഷ്ണന്മാരെ ക്ഷണിക്കുകയാണ് *ബാലചരിത*ത്തിൽ. പുരാണപ്രകാരം കാളിയമർദനം കഴിഞ്ഞ് വളരെ കാലത്തിനുശേഷം കംസൻ പറഞ്ഞതനുസരിച്ച് അക്രൂരൻ വന്ന് അവരെ ക്ഷണിക്കുകയാണ്.

*മധ്യമവ്യായോഗ*ത്തിലെ ഇതിവൃത്തമാകെ ഭാസന്റെ ഭാവനയാവാം. ഭീമൻ ഹിഡിംബയെ പിന്നീട് കണ്ടുമുട്ടുന്നതായി *മഹാഭാരത*ത്തിൽ പരാമർശമില്ല. യജ്ഞത്തിൽ പങ്കെടുക്കുന്നതിന് മറ്റെല്ലാ പാണ്ഡവന്മാരെയും കവി പറഞ്ഞയച്ചിരിക്കയാണ്. മൂന്നു പുത്രന്മാരോടുകൂടിയ ബ്രാഹ്മണകുടുംബം യജ്ഞത്തിനു പോകുന്ന വഴിക്ക്, ‘പതാക’യെന്ന നിലയിൽ, ഭീമ–ഹിഡിംബാസമാഗമത്തിനുള്ള വഴിയൊരുക്കിയിരിക്കയാണ് കവി. *ഐതരേയബ്രാഹ്മണ*ത്തിലെ ശുനഃശേപോപാഖ്യാനത്തിനോട് ഈ ഉപകഥയ്ക്ക് ബന്ധം കാണാം.

ഭീമനും ഘടോൽക്കചനും ഹിഡിംബയും *മഹാഭാരത*ത്തിലെ കഥാപാത്രങ്ങളാണെന്നതാണ് ഇതിന് മൂലകൃതിയുമായി വാസ്തവത്തിലുള്ള ബന്ധം. ഇതൊഴിച്ച് മറ്റെല്ലാം നാടകകൃത്തിന്റെ ഭാവനാസന്താനമാണെന്നു പറയാം.

*പഞ്ചരാത്ര*ത്തിലേക്കു കടന്നാൽ, ഗോഗ്രഹണോപാഖ്യാനം *മഹാഭാരത*ത്തിലുള്ളതാണ്. പക്ഷേ അതുപയോഗിച്ച് പാണ്ഡവരുടെ വിവരം ശേഖരിക്കുകയും ദുര്യോധനൻ പറഞ്ഞ പഞ്ചരാത്രകാലപരിധിക്കുള്ളിൽ വിവരം ശേഖരിച്ചതു കൊണ്ട് അവർക്ക് യുദ്ധമില്ലാതെതന്നെ പാതിരാജ്യം കൊടുക്കുകയും ചെയ്ത കഥ വിഭാവനം

ചെയ്തത് ഭാസനാണ്. ദുര്യോധനന്റെ യജ്ഞം, ദുര്യോധനൻ ദ്രോണനെ അഗ്രപൂജയ്ക്കും ഗുരുദക്ഷിണയ്ക്കും വേണ്ടി വരിക്കുന്നത്, അഭിമന്യു കൗരവരുടെ പക്ഷത്തുനിന്ന് യുദ്ധം ചെയ്യുന്നത്, ഇടയരുടെ ജീവിതം, ഭീമനും അഭിമന്യുവും ബൃഹന്നളയും തമ്മിലുള്ള സമാഗമവും സംഭാഷണ വും ചിത്രീകരിക്കുന്ന രംഗം, ദുര്യോധനൻ പാണ്ഡവർക്ക് രാജ്യം ഭാഗിച്ചുകൊടുക്കുന്നത് – ഇതെല്ലാം ഭാസന്റെ കണ്ടുപിടിത്തമാണ്. *പഞ്ചരാത്ര*ത്തിൽ *ഊരുഭംഗ*ത്തിലെന്നപോലെ ദുര്യോധനന്റെ സ്വഭാവമഹത്ത്വം ഭംഗിയായി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു.

ഇതിഹാസത്തിൽ യഥാർഥചക്രവർത്തി ധൃതരാഷ്ട്രനാണെങ്കിലും *ദൂതവാക്യ*ത്തിൽ ആ സ്ഥാനം ദുര്യോധനന്നാണ്. ഇതിഹാസത്തിൽ, പലരും സദസ്സിലുണ്ട്. എല്ലാവരും അഭിപ്രായവും പറയുന്നുണ്ട്. പക്ഷേ, നാടകത്തിൽ കൗരവന്മാരും ഭീഷ്മനും ദ്രോണനും മാത്രമേയുള്ളൂ. ചിത്രപടദർശനവും ദിവ്യായുധാവതരണവും നാടകകൃത്തിന്റെ സ്വന്തമാണെന്നു തോന്നുന്നു. കൃഷ്ണനും ദുര്യോധനനും തമ്മിലുള്ള ഇതിഹാസത്തിലെ സംഭാഷണം വിരസവും ദീർഘവുമാണെങ്കിൽ നാടകത്തിലേത് മിക്കവാറും വ്യക്തിപരമാകുന്നു. നാടകത്തിലെ ദുര്യോധനൻ ശക്തനായ യോദ്ധാവും അന്തസ്സുറ്റ ചക്രവർത്തിയുമത്രേ. എന്നാൽ ഇതിഹാസത്തിലേത് ഏറെക്കുറെ വൃത്തികെട്ട ഒരുവനാകുന്നു.

*മഹാഭാരത*ത്തിൽ *ദൂതഘടോൽക്കച*ത്തിലെ കഥ കാണുന്നില്ല. അഭിമന്യുവധത്തിനുശേഷം കൃഷ്ണൻ ധൃതരാഷ്ട്രന്ന് ഘടോൽക്കചൻ മുഖേന സന്ദേശമയയ്ക്കുന്നത് ഭാസന്റെ കണ്ടുപിടിത്തമാവാനാണ് സാധ്യത.

*മഹാഭാരത*ത്തിൽ ഇന്ദ്രൻ കർണനിൽനിന്ന് കവചകുണ്ഡലങ്ങൾ വാങ്ങുന്നത് പാണ്ഡവന്മാർ വനവാസം ചെയ്യുന്ന കാലത്താണ്. *കർണഭാര*ത്തിൽ അത് യുദ്ധരംഗത്ത് മരണത്തിനു തൊട്ടുമുൻപാക്കിയത് കൂടുതൽ ഹൃദയസ്പർശിയാക്കാനുതകിയിട്ടുണ്ട്. നാടകത്തിലെ കർണൻ കൂടതൽ ഉദാരനാണ്. ഇന്ദ്രനിൽനിന്ന് അദ്ദേഹം ഒന്നും പകരം ആഗ്രഹിക്കുന്നില്ല. ശക്തി വാങ്ങുന്നതുതന്നെ, അത് തരുന്നത് ബ്രാഹ്മണനാണെന്നു പ്രത്യേകം പറയുന്നതുകൊണ്ടാണ്. *കർണഭാര*ത്തിലെ ശല്യൻ കർണനോട് ഏറെ സഹാനുഭൂതി കാണിക്കുന്നവനാണ്; ഇതിഹാസത്തിലെ ശല്യൻ കർണനോട് പതികാരബുദ്ധിയുള്ളവനും അവസരം നോക്കി തേജോവധം ചെയ്യുന്നവനും പാണ്ഡവരോട് പക്ഷപാത മുള്ളവനുമാകുന്നു.

ദുര്യോധനനെക്കുറിച്ചുള്ള മുഴുവൻ ഇതിഹാസസങ്കല്പവും *ഊരുഭംഗ*ത്തിൽ ഭാസൻ മാറ്റിമറിച്ചിരിക്കുന്നു. ധൃതരാഷ്ട്രൻ, ഗാന്ധാരി, ദുര്യോധനന്റെ രാജ്ഞിമാർ, മകൻ ദുർജയൻ – അകലെ ഹസ്തിനപുരത്തിലുള്ള ഇവരെയെല്ലാം യുദ്ധരംഗത്തേക്കു കൊണ്ടുവന്നതു വഴി കരുണരസത്തെയും നാടകീയതയെയും വളരെ വർധിപ്പിച്ചിട്ടുണ്ട്. ഇതിഹാസമനുസരിച്ച് ബലരാമൻ ഗദായുദ്ധത്തിൽ സന്നിഹിതനല്ല. ഇവിടെ അദ്ദേഹം യുദ്ധകാര്യത്തിൽ ദുര്യോധന നുകൂലമായി ശക്തമായി ഇടപെടുന്നു. അർജുനനാണ് ഇതിഹാസ പ്രകാരം ഭീമന് മുദ്ര കാണിച്ച ുകൊടുക്കുന്നത്. നടകത്തിലെ മാതിരി കൃഷ്ണനല്ല. ദുർജയന്റെ അഭിഷേകവും ഭാസന്റെ കണ്ടുപിടിത്ത മാണെന്നു തോന്നുന്നു.

*പ്രതിമാനാടക*ത്തിലെ വൽക്കലകഥയും അഭിഷേകസമയത്ത് ശത്രുഘ്നന്റെ സാന്നിധ്യവും ഭാസന്റെ സ്വന്തമാണ്. രണ്ടാമങ്കത്തിൽ ദശരഥനെ മരണശയ്യയൽവെച്ച് പൂർവികർ പിതൃക്കളുടെ അടുത്തേക്കു കൂട്ടിക്കൊണ്ടുപോകുന്നു. മൂന്നാമങ്കത്തിൽ ഭരതൻ ലക്ഷ്മണന്റെ അനുജനായി ചിത്രീകരിക്കപ്പെടുന്നു. പ്രതിമാഗൃഹ സങ്കല്പം മുഴുവൻ ഭാസന്റേതുതന്നെ. രാവണൻ പരിവ്രാജകനായി വന്ന് രാമന്റെ ആശ്രമത്തിലെത്തുന്നതും ദശരഥന്റെ ശ്രാദ്ധച്ചടങ്ങും കാഞ്ചനപാർശ്വ മൃഗകഥയും – ചുരുക്കത്തിൽ, നാടകത്തിലെ സീതാപഹരണത്തിന്റെ മുന്നൊരുക്കമെല്ലാം – പുതിയത്. ആ അവസരത്തിൽ ലക്ഷ്മണൻ അവിടെ ഇല്ലാതിരിക്കുന്നതിന് പറഞ്ഞ കാരണവും കവികല്പിതം തന്നെ. സുമന്ത്രൻ വീണ്ടും ദണ്ഡകം സന്ദർശിക്കുന്നതും സീതാഹരണത്തിനുശേഷം ഭരതനും കൈകേയിയും വിവരമറിഞ്ഞ തിനുശേഷം കൈകേയിയുടെ ശാപസൂചനയും സുമന്ത്രന്റെ വിവരണവും കൈകേയിയുടെ നാക്കുപിഴയെപ്പറ്റിയുള്ള വിശദീ കരണവും രാമനെ സഹായിക്കാൻ ഭരതന്റെ സൈന്യസമേതമുള്ള യാത്രയും (ആറാമങ്കം) ഭാസന്റെ കണ്ടുപിടിത്തങ്ങളാവാം. ഭരതനും അയോധ്യാപൗരാവലിയും വിഭീഷണാദികളുമെല്ലാം സന്നിഹിതരാ കുന്ന ജനസ്ഥാനത്തിലെ രാമാഭിഷേകം (ഏഴാമങ്കം) പുതുമ തന്നെ. പിന്നീട് എല്ലാവരും പുഷ്പകവിമാനത്തിൽ അയോധ്യയിലേക്കു വരുന്നതും ഇതിഹാസത്തിൽ കാണുന്നില്ല. കഥാപാത്രചിത്രീകരണ ത്തിലും ഇതുപോലെ മാറ്റങ്ങൾ കാണാം.

*രാമായണ*വുമായി താരതമ്യപ്പെടുത്തുമ്പോൾ, *പ്രതിമ*യിലെ എല്ലാ പാത്രങ്ങളും മനുഷ്യരെങ്കിലും കൂടുതൽ ആദർശശാലികളാണ്. ഉദാഹരണമായി, രാമൻ ഏറെ ഉദാത്തനും അന്തസ്സുള്ളവനും അച്ഛനോട് കൂടുതൽ ഭക്തിയുള്ളവനും അഭിഷേകത്തിലും അതിന്റെ

വിഘ്നത്തിലും ഒരേ മനോഭാവം പ്രകടിപ്പിക്കുന്നവനും ശ്രാദ്ധത്തിനുവേണ്ടി കാഞ്ചനപാർശ്വമൃഗത്തെ (ഭാര്യയുടെ ആഗ്രഹം നിറവേറ്റുന്നതിനല്ല) പിടിക്കാൻ പോകുന്നവനും മറ്റുമായി പ്രത്യക്ഷപ്പെടുന്നത്. സീതയുടെ കാര്യവും ഇങ്ങനെത്തന്നെ. അവൾ രാമനെ ശകാരിക്കുന്നില്ല. ലക്ഷ്മണനെ അവിടെനിന്ന് ഒഴിവാക്കുന്നതുവഴി സീതയുടെ ലക്ഷ്മണോ പാലംഭത്തിനടക്കം പ്രസക്തി ഇല്ലാതാവുന്നു. കൗസല്യയ്ക്ക് കൈകേയിയോടോ ഭരതനോടോ യാതൊരു കാലുഷ്യവുമില്ല. കൈകേയിയെയും *രാമായണ*ത്തെ അപേക്ഷിച്ച് വളരെ നല്ലവളായാണ് നാടകകൃത്ത് ചിത്രീകരിക്കു ന്നത്. ദശരഥശാപത്തെപ്പറ്റിയും പതിനാലു ദിവസത്തിനു പകരം പതിനാലു വർഷമായിപ്പോയ താണെന്ന വിശദീകരണവും ഭരതന്നെന്നപോലെ നമുക്കും മുഴുവൻ ബോധ്യമാവുന്നതല്ലെങ്കിലും നാടകകാരന്റെ ഉദ്ദേശശുദ്ധി വ്യക്തമാണ്. സുമന്ത്രനെയും കവി ഉദാത്തീകരിക്കുന്നു.

*പ്രതിമാനാടക*ത്തിലെ പ്രതിമാഗൃഹത്തിലെ രാജാക്കന്മാരുടെ വംശാവലി *രഘുവംശ*ത്തിലേതുപോലെയാണ്; *വാല്മീകിരാമായണ*ത്തിൽ വ്യത്യാസമുണ്ട്. ദിലീപൻ, രഘു. അജൻ, ദശരഥൻ എന്ന ക്രമമാണ് *പ്രതിമ*യിലും *രഘുവംശ*ത്തിലും സ്വീകരിച്ചിരിക്കുന്നത്. കാളിദാസൻ ഭാസനെ പിന്തുടർന്നതാവാം. അഥവാ ഇരുവരും പൊതുവായ ഒരുപാദാനത്തെ അവലംബിച്ചതാവാം. *രഘുവംശ*ത്തിൽ വിശ്വജിദ്‌യാഗം ചെയ്തത് രഘുവാണെന്നു പറയുന്നു; *പ്രതിമ*യിൽ ദിലീപനെന്ന് ചിലേടത്ത് (മൂന്നാമങ്കം) കാണുന്നു.

*അഭിഷേക*നാടകത്തിൽ ബാലി തന്റെ പരാക്രമത്തെപ്പറ്റി താരയോട് പറയുന്ന സന്ദർഭത്തിൽ (മയാ ഖലു പുരാമൃതമന്ഥനേപി ഗത്വാ, 1. 11) താൻ അമൃതമഥനത്തിൽ പങ്കെടുത്തതായി അനുസ്മരിക്കുന്നു. വിഷ്ണു ദശരഥപുത്രനായി അവതരിച്ചതിനു ശേഷമേ ഇന്ദ്രപുത്രനായി ബാലി പിറന്നുള്ളൂ എന്നാണല്ലോ പ്രസിദ്ധമായ കഥ.

*അഭിഷേക*നാടകത്തിൽ വിഭീഷണന്റെ നിർദേശമനുസരിച്ച് രാമൻ തനിക്ക് വഴി തരുന്നില്ലെങ്കിൽ ശരമെയ്ത് സമുദ്രത്തെ നശിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തിയതിനെത്തുടർന്ന് വരുണൻ പ്രത്യക്ഷപ്പെട്ട് രാമാദികൾക്ക് വഴി കൊടുത്തുവെന്നു പ്രതിപാദിച്ചത് മൂലകഥയിൽനിന്നുള്ള വ്യതിയാനമാണ്. സേതുബന്ധനമെന്ന കഥാഭാഗമേ നാടകത്തിലില്ല. ഇവിടെ *അഭിഷേകനാടക*കർത്താവ് *രാമായണ*ത്തെ ഏതാണ്ട് കൃത്യമായി പിന്തുടരുന്നു. സേതുബന്ധനം ഒഴിവാക്കിയത് – രാമവാനരസേനയ്ക്ക് സമദ്രം വഴി മാറിക്കൊടുത്തു

എന്നു *ബാലചരിത*ശൈലിയിൽ വിവരിച്ചത് ഭാസന്റെ സംഭാവനയാണ്. ഹനുമാന്റെ ലങ്കാദഹനം നാടകത്തിൽ വിവരിച്ചിട്ടില്ല; രാവണൻ ഹനുമാന്റെ വാലിൽ തീ കൊളുത്തി വിടുമെന്ന് പറയുന്നതേയുള്ളൂ.

*ബാലചരിത*ത്തിലും *അഭിഷേകനാടക*ത്തിലും കംസനും രാവണനും താന്താങ്ങളുടെ മരണങ്ങൾക്കു മുൻപ് രാജ്യശ്രീ തങ്ങളെ വിട്ടുപോകുന്നതായി വർണിക്കപ്പെടുന്നുണ്ട്.

ഭാസന്റെ ഉദയനനെക്കുറിച്ചുള്ള ഐതിഹ്യത്തിന്റെ ഉപാദാനം ഏതെന്ന് നിശ്ചിതമായി പറയാൻ കഴിയില്ല. ഭാസന്റെ കാലം ക്രി. മു. അഞ്ചാം നൂറ്റാണ്ടോ നാലാം നൂറ്റാണ്ടോ ആയി നിശ്ചയിക്കുകയാൽ *ബൃഹത്കഥ*യോ ബൗദ്ധ–ജൈനകഥകളോ ആയിരിക്കണം അദ്ദേഹം ആശ്രയിച്ചിരിക്കാവുന്നവ. നാടോടിക്കഥകളിലും ഐതിഹ്യങ്ങളിലും രാജാക്കന്മാരുടെയും രാജ്യങ്ങളുടെയും പേരുകൾ വ്യത്യസ്തമായി കാണുന്നുണ്ട്. പ്രദ്യോതനും മഹാസേനനും ഒന്നാണെന്ന് ഭാസനേ പറയുന്നുള്ളൂ; അവന്തിയും മഗധയും അഭിന്നമെന്നാണ് ഭാസമതം. ഉദയനന്റെ വംശാവലിയുടെ കാര്യത്തിലും ഭാസൻ തനിമ പുലർത്തുന്നു. വാസവദത്തയുമായുള്ള വിവാഹത്തിൽ ഉദാസീനനാണ് ഭാസന്റെ ഉദയനൻ ആദ്യം. ഒരു യന്ത്രഗജത്തിലാണ് ഭടന്മാരെ നിറച്ചിരുന്നത് എന്നതിനു പകരം കുറ്റിക്കാട്ടിൽനിന്നാണ് അവർ വന്നതെന്നാണ് ഭാസന്റെ വ്യാഖ്യാനം. ഉന്മത്തകന്റെ വേഷം, രണ്ടു മന്ത്രിമാരുടെ സമാഗമവും സംഭാഷണവും, ഉദയന–വാസവദത്തമാരുടെ വിവാഹം ചിത്രത്തിലൂടെ ആഘോഷിക്കാമെന്ന രക്ഷിതാക്കളുടെ തീരുമാനം മുതലായ നാടകീയത വർധിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള ചെറിയ മാറ്റങ്ങൾ ഭാസന്റെ സ്വന്തമാവാം. തന്റെ കാലത്തു പ്രചാരത്തിലിരുന്ന നാടൻകഥകൾ ഭാസനെ സ്വാധീനിച്ചിട്ടുണ്ടാവാം. ഉദയനകഥ ഭാസന്റെ കാലത്തിൽനിന്ന് വളരെ മുൻപാവാനിടയില്ല.

*കഥാസരിത്സാഗര*ത്തിൽ പ്രതിപാദിച്ചതനുസരിച്ചുള്ള *ബൃഹത്കഥ*യിൽ നിന്ന് *സ്വപ്നവാസവദത്ത*ത്തിൽ കാണുന്ന ചില പ്രധാനവ്യതിയാനങ്ങൾ ഇവയാണ്: മഗധരാജാവിന്റെ പേര് മഹാസേനനെന്നും മകളുടെ പേര് പത്മാവതിയെന്നുമാണെന്നു പറഞ്ഞിരിക്കുന്നു. വേഷം മാറിയ വാസവദത്ത യൗഗന്ധരായണന്റെ മകളാണെന്ന് സങ്കല്പിക്കുന്നു. യൗഗന്ധരായണൻ വൃദ്ധബ്രാഹ്മണനാണ്; പരിവ്രാജകനല്ല. വിദൂഷകനായ വസന്തകൻ അവളുടെ സഹോദരനായ, ഒരു കോങ്കണ്ണൻ ബ്രാഹ്മണനായി, മഗധയുടെ തലസ്ഥാനത്ത് അവളോടൊപ്പം താമസിക്കുന്നു. പത്മാവതിയുമായു

ള്ള സമാഗമം നടക്കുന്നത് തപോവനത്തിലല്ല, ഒരുദ്യാന ത്തിലാണ്. അതും താൽക്കാലികമായി ഒരു ചെറിയ കാലയളവി ലേക്കു മാത്രം. അടുത്തുതന്നെ ഉണ്ടാവാൻ പോകുന്ന കുഴപ്പത്തെപ്പറ്റി നാരദനിലൂടെ ഉദയനൻ എങ്ങനെയോ അറിയുന്നുണ്ട്. ആരുണിയുടെ ആക്രമണത്തെക്കുറിച്ചോ വത്സരാജ്യം നഷ്ടപ്പെടുന്നതിനെക്കുറിച്ചോ പരാമർശമില്ല. മഗധരാജാവിന്റെ ക്ഷണമനുസരിച്ച് പത്മാവതിയെ വിവാഹം കഴിക്കാൻ മാത്രമാണ് വത്സരാജൻ മഗധത്തിലേക്കു വരു ന്നത്. *സ്വപ്നവാസവദത്ത*ത്തിലാകട്ടെ, മറ്റൊരു ദൗത്യത്തിനാണ് അദ്ദേഹം രാജഗൃഹത്തിലേക്കു വരുന്നത്. വാസവദത്തയുമായുള്ള സമാഗമവും പുനഃസമാഗമവും മഗധ വിട്ടതിനുശേഷം ലാവാണക ത്തിൽവെച്ചാണ് നടക്കുന്നത്; നാടകത്തിലാകട്ടെ, ദർശകന്റെ സ്ഥലത്തുവെച്ചാണ് എല്ലാം സംഭവിക്കുന്നത്. ഭാസൻ ഉദയനന്റെ കാലത്തിന് കുറേക്കൂടി അടുത്തായതുകൊണ്ട് അദ്ദേഹന്റെ പാഠമാണ് ചരിത്രസംഭവങ്ങളെക്കുറിച്ച് കൂടുതൽ കൃത്യമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നതെന്നു തോന്നുന്നു. തുടർന്നുവരുന്ന എഴുത്തുകാർ ഉദയനനെ എല്ലാതരത്തിലുമുള്ള സന്തോഷങ്ങളിൽ പങ്കുകൊള്ളുന്ന ഒരു രസികനായിട്ടാണ് ചിത്രീകരിക്കുന്നതെങ്കിലും ഭാസന്റെ ഉദയനൻ മാതൃകാഭൂതനായ ഒരു ഭർത്താവാണ്.

*ചാരുദത്ത*നാടകത്തിന്റെ കൃത്യമായ ഉപാദാനങ്ങളേതെ ന്നറിവില്ല. അതുകൊണ്ട് കവിയുടെ കൂട്ടിച്ചേർക്കലോ കുറയ്ക്കലോ ഏതെന്നോ എവിടെയെന്നോ കൃത്യമായി പറയാൻ സാധ്യമല്ല. ഇതി വൃത്തത്തിന്റെ വിശാലമായൊരു രേഖാരൂപം കവിക്ക് മുമ്പിലു ണ്ടാവാം. സവിശേഷസ്വഭാവത്തോടുകൂടിയ ശകാരൻ കവിയുടെ സംഭാവനയാകാം. ശൂദ്രകൻ അതിന് പൂർണത നൽകിയിരിക്കാം. *മൃച്ഛകടിക*ത്തിലെ രാഷ്ട്രീയപ്രാധാന്യമുള്ള ഉപകഥ പിന്നീട് കൂട്ടിച്ചേർത്തതാണ്.

ഇനി നമുക്ക് *വക്രോക്തിജീവിത*മനുസരിച്ച് ഭാസനാടകങ്ങളിലെ പ്രകരണവക്രതകൾ പരിശോധിക്കാം.

(എ) പുരാണകഥയിൽ തനിക്ക് അഭിമതമായൊരു വസ്തു മൂലകഥയ്ക്ക് ഇടിവു തട്ടിക്കാതെയും അസംഭവ്യത തോന്നിക്കാതെ യും ഇണക്കിച്ചേർക്കുന്നത് ഒന്നാമത്തെ പ്രകരണവക്രത. *ബാല ചരിത*ത്തിലും *ദൂതവാക്യ*ത്തിലും  വിഷ്ണുവിന്റെ/ കൃഷ്ണന്റെ ദിവ്യായുധങ്ങൾ പ്രത്യക്ഷപ്പെടുന്നതായി വർണിക്കുന്നത് ഉദാഹരണ മായി ചൂണ്ടിക്കാട്ടാം.

(ബി) ഇതിവൃത്തകഥയിൽ സ്വന്തം പ്രതിഭാശക്തികൊണ്ട് നവീനമായ ഒരുപകഥ കല്പിച്ച് അതിനെ കാവ്യത്തിന്റെ മുഴുവൻ

ജ [illegible]
പ്രഭേദം. ഇത് രണ്ടു വിധത്തിൽ വരാം. മൂലകൃതിയിൽ തീരെ ഇല്ലാത്തത്. ഉദാ:– അഭിമന്യുവിന്റെ വധത്തിനുശേഷം കൃഷ്ണൻ ഘടോൽക്കചനെ തന്റെ ദൂതനായി ധൃതരാഷ്ട്രന്റെ അടുത്തേക്ക് അയയ്ക്കുന്നതിനെ (*ദൂതഘടോൽക്കചം*) ഉദാഹരിക്കാം. *മധ്യമവ്യായോഗ*ത്തിലെ ബ്രാഹ്മണനെ സംബന്ധിച്ചും ഭീമ–ഹിഡിംബാസമാഗമത്തെ സംബന്ധിച്ചുമുള്ള രണ്ട് ഉപകഥകളും *മഹാഭാരത*ത്തിൽ ഇല്ല.  മൂലകൃതിയിലുള്ളതെങ്കിലും കവി ആകെ രൂപാന്തരപ്പെടുത്തിയതാണ് രണ്ടാമത്തേത്. ഉദാ:– *പ്രതിമാ*നാടക ത്തിൽ, രാവണൻ പരിവ്രാജകവേഷത്തിൽ രാമന്റെ ആശ്രമത്തിൽ വരികയും കനകപാർശ്വമൃഗത്തെ ബലി കഴിച്ചാൽ ദശരഥന്റെ ആത്മാവിന് തൃപ്തിയാവുമെന്നു പറയുകയും അതനുസരിച്ച് രാമൻ ആശ്രമപരിസരത്തിൽ പ്രത്യക്ഷപ്പെട്ട അതിനെ പിന്തുടർന്ന് കാട്ടിന്നകത്തേക്കു പോയ സന്ദർഭം നോക്കി സീതയെ അപഹരിക്കുകയും ചെയ്യുന്ന കഥ *രാമായണ*ത്തിൽ കാണുന്നില്ല.

(സി) അടുത്ത പ്രകരണവക്രതാഭേദം, കാവ്യത്തിന്റെ മുഖ്യഫല സിദ്ധിക്കു പ്രയോജനപ്രദമായ വിധത്തിൽ പ്രകരണത്തെ ഉപകാര്യോ പകാരകഭാവത്തിൽ നിബന്ധിക്കുക എന്നതാണ്. ഉദാ:– *മധ്യമ വ്യായോഗ*ത്തിൽ, വെള്ളം കുടിക്കാൻ പോയ ബ്രാഹ്മണന്റെ മധ്യമ പുത്രനെ നേരം വൈകിയപ്പോൾ ഘടോൽക്കചൻ 'മധ്യമാ' എന്നു വിളിക്കുമ്പോൾ കൗന്തേയമധ്യമനായ ഭീമൻ വിളി കേട്ട് വരുന്നത്.

(ഡി) സഹൃദയർക്ക് വിരസത തോന്നാത്ത രീതിയിൽ രസാലങ്കാരങ്ങൾകൊണ്ട് സുന്ദരമാക്കിയ വസ്തുവെത്തന്നെ വീണ്ടും വീണ്ടും അനുസ്മരിച്ച് പരിചയം പുതുക്കുന്നത് നാലാമത്തെ പ്രകരണവക്രത.  *ഊരുഭംഗ*ത്തിൽ ദുര്യോധനന്റെ ഉദാരമനോഭാവ ത്തെ ആവർത്തിച്ച് – ആദ്യം ബലദേവനുമായുള്ള സംഭാഷണത്തിൽ, പിന്നെ ധൃതരാഷ്ട്രനോട് സംസാരിക്കുമ്പോൾ, അനന്തരം ഗാന്ധാരി യെ വന്ദിക്കുമ്പോൾ, ഒടുവിൽ നിഷ്ഫലമായിട്ടാണെങ്കിലും അശ്വത്ഥാമാവിനെ ഉപദേശിക്കുമ്പോൾ – വെളിപ്പെടുത്തുന്നതിനെ ഉദാഹരണമായി കാണിക്കാം.

(ഇ) കഥാവൈചിത്ര്യത്തിനുവേണ്ടി ജലക്രീഡാദിവർണനങ്ങൾ ഘടിപ്പിക്കുന്നതാണ് മറ്റൊന്ന്. ഉദാ:– *ബാലചരിത*ത്തിൽ കൃഷ്ണൻ ഗോപികമാരോടും മറ്റുമൊത്ത് ആദ്യവും കാളിയഫണങ്ങളിന്മേൽ പിന്നീടും ഹല്ലീസകനൃത്തം ചവിട്ടുന്നതിന്റെ വർണനം.

(എഫ്) അംഗിയായ രസത്തെ ഏതെങ്കിലുമൊരു പ്രകരണത്തി ൽ അന്യാദൃശമാംവിധം ആവിഷ്കരിക്കുന്നത് ആറാമത്തെ പ്രകരണ

വക്രതാപ്രഭേദം. ഉദാ:– *സ്വപ്നവാസവദത്ത*ത്തിലെ സ്വപ്നരംഗം.

(ജി) അടുത്തത്, പ്രധാനവസ്തുസിദ്ധിക്കായി നൂതനമായൊരു പ്രകരണ വൈചിത്ര്യം നിബന്ധിക്കുക എന്നതത്രേ. ഉദാ:– *സ്വപ്ന വാസവദത്തം* ഒന്നാമങ്കത്തിലെ ബ്രഹ്മചാരീപ്രവേശം.

(എച്ച്) എട്ടാമത്തെ പ്രകരണവക്രത, നാടകത്തിനകത്ത് മറ്റൊരു നാടകം ചേർക്കുന്നതാണ്. ഭാസനാടകങ്ങളിലൊരിടത്തും ഭവഭൂതി യുടെ *ഉത്തരരാമചരിത*ത്തിലെപ്പോലെ അന്തർനാടകങ്ങളില്ലെങ്കിലും *അവിമാരക*ത്തിലെ അവിമാരകന്റെ രഹസ്യജീവിതവും അതിന്നാ സ്പദമായ ശാപവും ഇതിന് ഉദാഹരണമാക്കാവുന്നതാണ്. ഇത് നാടകത്തിലാകെ വ്യാപിച്ചുനിൽക്കുന്നതാണെന്നു വിശേഷം.

(ഐ) ഒമ്പതാമത്തേതും അവസാനത്തേതുമായ പ്രകരണ വക്രതാഭേദം, മുഖപ്രതിമുഖാദിസന്ധികളിണക്കി പൂർവോത്തര ബന്ധം പുലർത്തിക്കൊണ്ട് കുറേ പ്രകരണങ്ങളടുക്കിവെക്കുക എന്നതാകുന്നു. ഉദാ:– *ചാരുദത്തം.* അതിലെ ആദ്യരംഗം ഉജ്ജയിനി യിലെ ചാരുദത്തന്റെ കടുത്ത ദാരിദ്ര്യചിത്രം അവതരിപ്പി ക്കുന്നു. തുടർന്നുവരുന്നത് ശകാരൻ, വിടൻ, വസന്തസേന എന്നിവർ. പണക്കൊഴുപ്പിന്റെയും ധനമദത്തിന്റെയും അതിനോടനുബന്ധിച്ചുള്ള വിഷയലാലസയുടെയും അസാന്മാർഗികതയുടെയും ചിത്രം. കരു ണവും ഹാസ്യവും, ദാരിദ്ര്യവും സമ്പന്നതയും – ഇവ മാറിമാറി വരുന്ന താണ് ഒന്നാമങ്കത്തിൽ നാം കാണുന്നത്. രണ്ടാമങ്കത്തിന്റെ ആദ്യരംഗം വസന്തസേന തന്റെ ചാരുദത്തനുമായുള്ള പ്രണയ ത്തെപ്പറ്റി ചേടിയോട് സംസാരിക്കുന്നതാണ്. സംവാഹകന്റെ അനുഭവവർണനം ചാരുദത്തനെക്കുറിച്ചുള്ള മതിപ്പ് പതിന്മടങ്ങാക്കാൻ പര്യാപ്തമായി. പുതപ്പ് ധരിച്ചു വരുന്ന കർണപൂരകൻ വസന്തസേന യുടെ അധികപ്രീതിക്കു പാത്രമാവുന്നു. പുതപ്പ് ചാരുദത്തൻ ആദ്യസമാഗമത്തിൽത്തന്നെ അവൾക്ക്, ആൾ മാറിയാണെങ്കിലും, സമ്മാനിച്ചതാണ്. മൂന്നാമങ്കത്തിന്റെ തുടക്കം ചാരുദത്തന്റെ കച്ചേരി കഴിഞ്ഞുള്ള രാത്രിയിലെ വരവും വിദൂഷകനുമായുള്ള സംഭാ ഷണവും വസന്തസേനയുടെ ആഭരണഭാണ്ഡം സൂക്ഷിക്കുന്നതിനെ ക്കുറിച്ച് ചേടിയും വിദൂഷകനും തമ്മിലുള്ള സംഭാഷണവുമെല്ലാം കൂടി നർമമധുരമായിരുന്നു. ഭവനഭേദനരംഗത്തോടെ അത് ഗൗരവ പൂർണമായി, വിദൂഷകന്റെ ഇടപെടലുമായി ബന്ധപ്പെട്ട് ചില നർമാംശ മുണ്ടെങ്കിലും. ചാരുദത്തന്റെ ഉദാത്തോദാരസ്വഭാവവും പത്നിയുടെ ഉദാരശീലവും അഭിനന്ദനീയം. അന്തിമാങ്കത്തിന്റെ ആദ്യഭാഗത്ത് നായിക നായകന്റെ ചിത്രം വരയ്ക്കുന്നതും അവളുടെ അമ്മ മകളു ടെ സൗന്ദര്യത്തെ പണത്തിനു വിൽക്കാൻ ശ്രമിക്കുന്നതും വരച്ചുകാ

ട്ടുന്നു. മദനികാ–സജ്ജലകന്മാരുടെ പ്രണയം വിവാഹത്തിൽ പര്യവസാനിക്കുന്നു. കാമുകിയെ അടിമത്തത്തിൽ നിന്നു മോചിപ്പി ക്കാൻ സജ്ജലകൻ ഭവനഭേദനക്കവർച്ചയ്ക്കുവരെ ഒരുങ്ങുന്നു. അയാൾ ഒരു ബ്രാഹ്മണനാണെന്നും ഓർക്കുക. മുത്തുമാലയോടു കൂടി മൈത്രേയൻ വസന്തസേനയെ സമീപിക്കുന്നത് അവളുടെ ചാരുദത്താഭിമുഖ്യം വർധിപ്പിക്കുന്നു. ദുർദിനത്വവും ആ അഭിസാ രികയുടെ പൂർവരൂഢമായ വികാരത്തെ അധികം പുഷ്ടമാക്കുന്നു.

നായകൻ ഫലസിദ്ധിക്കുവേണ്ടി ചെയ്യുന്ന വ്യാപാരത്തിന് അഞ്ച് അവസ്ഥകൾ: പ്രാരംഭം, പ്രയത്നം, പ്രാപ്തിസംഭവം, നിയതപ്രാപ്തി, ഫലയോഗം. ഇതുപോലെ അഞ്ച് അർഥപ്രകൃതി കളുമുണ്ട്: ബീജം, ബിന്ദു, പതാക, പ്രകരി, കാര്യം. ഈ അവസ്ഥകളും അർഥപ്രകൃതികളും പാകത്തിന് ചേർന്നുവരുമ്പോൾ അഞ്ചു സന്ധികൾ ഉണ്ടാവുന്നു: മുഖം, പ്രതിമുഖം, ഗർഭം, വിമർശം, നിർവഹണം. മഹത്തായ ഫലത്തെ ലക്ഷ്യമാക്കി ബീജത്തിന്റെ ഔത്സുക്യം മാത്രം നിബന്ധിക്കുന്നത് പ്രാരംഭം. ചെറുതായി തുടങ്ങി പലവിധത്തിൽ വളർന്ന് ഫലത്തിൽ ചെന്നെത്തുന്നത് ബീജം. ഇവ രണ്ടും ചേർന്നാൽ മുഖസന്ധി. അതായത് പല കാര്യങ്ങൾക്കും രസങ്ങൾക്കും കാരണമായ ബീജം ഉത്ഭവിക്കുന്ന കാവ്യശരീരഭാഗ മാണിത്. വസന്തസേനയും ചാരുദത്തനും തമ്മിലുള്ള പ്രണയത്തിന്റെ സാഫല്യമാണല്ലോ *ചാരുദത്ത*ത്തിലെ മുഖ്യപ്രമേയം. കാമദേവാനു യാനത്തിൽ കണ്ടതു മുതൽക്ക് അവൾക്ക് ചാരുദത്തനിൽ തോന്നിയ ആഭിമുഖ്യം രാത്രി വിടനാലും ശകാരനാലും അനുഗമിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്ത് ചാരുദത്തഭവനത്തിൽ അഭയം തേടുകയും സ്വന്തം ആഭരണം അവിടെ സൂക്ഷിക്കാൻ ഏല്പിക്കുക യും ചെയ്യുന്ന ഒന്നാമങ്കത്തിൽ മുഖസന്ധി നിബന്ധിക്കപ്പെടുന്നു. ഫലപ്രാപ്തി കാണാതെ അതിനുവേണ്ടി ഏറ്റവും ഔത്സുക്യത്തോടു കൂടി പ്രവർത്തിക്കുന്നത് പ്രയത്നം. കാര്യങ്ങൾ അവസാനിക്കാറാ കുമ്പോൾ അങ്ങനെ സംഭവിക്കാതെ ഫലസിദ്ധിവരെ നീളുന്നതിനു കാരണമായി നിൽക്കുന്നത് ബിന്ദു. ഇവ രണ്ടും യഥാപാകം ചേർന്നാൽ പ്രതിമുഖസന്ധി. മുഖസന്ധിയിൽ പാകിയ ബീജം കണ്ടു കണ്ടില്ല എന്ന മട്ടിൽ തെളിഞ്ഞുവരുന്ന ഭാഗം പ്രതിമുഖസന്ധി എന്നർഥം. *ചാരുദത്തം* രണ്ടാമങ്കം ഇതിനുദാഹരണം. അവിടെ വസന്തസേന ചേടിയുമായുള്ള സംഭാഷണത്തിൽ തനിക്ക് ചാരുദത്ത നോടുള്ള പ്രണയത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുകയും തുടർന്ന് അവിടെയെത്തുന്ന സംവാഹകന്റെ വാക്കുകളിലൂടെ ചാരുദത്തന്റെ ഉദാരശീലം വ്യക്തമാവുകയും അവസാനം യജ്ഞോപവീതമാത്ര

പ്രാവാരകനായി വീഥിയിലൂടെ പോകുന്ന നായകനെ പ്രാസാദത്തിൽനിന്ന് നായിക കാണുകയും ചെയ്യുന്നു. ഫലപ്രാപ്തി യുണ്ടായേക്കുമെന്ന പ്രതീക്ഷ ഉദിക്കുന്നത് പ്രാപ്തിസംഭവം. പ്രധാനമായ ഇതിവൃത്തത്തിന്റെ അംഗവും അതേസമയം സ്വതന്ത്രംപോലെ തോന്നുന്നതുമായ കഥാഭാഗം പതാക. പ്രാപ്തിസംഭവവും പതാകയും യഥോചിതം ചേരുമ്പോൾ ഗർഭസന്ധി. അതായത് തെളിഞ്ഞുയർന്ന് ബീജം ഫലാഭിമുഖമായി തീരുന്ന കഥാഭാഗ മാണിത്. ഫലം കിട്ടുമെന്നു തോന്നുക, തുടർന്ന് കിട്ടില്ലെന്നു വരിക, വീണ്ടും അതിനെ തേടുക എന്നെല്ലാമുള്ള അവസ്ഥകൾ അതിലു ണ്ടാകും. മൂന്നാമങ്കത്തിൽ ചാരുദത്തനും വിദൂഷകനും അർധരാത്രി സംഗീതക്കച്ചേരി കഴിഞ്ഞ് തിരിച്ചുവരുന്നതും വസന്തസേന ചാരുദത്തനെ സൂക്ഷിക്കാനേല്പിച്ച സുവർണാഭരണഭാണ്ഡം വിദൂഷകനെ ഏല്പിക്കുന്നതും സജ്ജലകന്റെ ഭവനഭേദനവും പ്രസ്തുതാഭരണഭാണ്ഡഹരണവും ആഭരണഭാണ്ഡം മോഷ്ടിക്കപ്പെട്ടുവെന്ന് ചാരുദത്തനും മറ്റും മനസ്സിലാക്കുന്നതും വരെയുള്ള ഭാഗം ഗർഭസന്ധിക്ക് ഉദാഹരണമായി കണക്കാക്കാം. ആഭരണഭാണ്ഡം പോയതുകൊണ്ട് ഇനി ചാരുദത്തന് വസന്തസേനയുമായുള്ള സമാഗമം അസാധ്യമായേക്കുമെന്ന തോന്നൽ ഇവിടെ നമുക്കു ണ്ടാവുന്നു. നിശ്ചയമായും ഫലപ്രാപ്തിയുണ്ടാകുമെന്ന് സങ്കല്പിച്ചുറ യ്ക്കുന്നത് നിയതപ്രാപ്തി. പരാർഥമായി മാത്രം ഭവിക്കുന്ന ഫലത്തോടുകൂടിയ, തുടർച്ചയില്ലാത്ത കഥാഭാഗം പ്രകരി. ഇവ യഥായോഗം ചേരുന്നത് വിമർശസന്ധി. അതായത്, ഗർഭസന്ധിയിൽ പുറത്തുകടന്ന ബീജം ലോഭം ക്രോധം വ്യസനം എന്നീ കാരണങ്ങ ളാൽ വിമർശനവിധേയമായിത്തീരുന്ന ഇതിവൃത്തഭാഗം വിമർശ സന്ധി. ഉദാഹരണം *ചാരുദത്തം* മൂന്നാമങ്കത്തിലെ ബാക്കി ഭാഗം. അതായത്, ചാരുദത്തപത്നി ഷഷ്ഠ്യുപവാസം പ്രമാണിച്ച് തന്റെ മുത്തുമാല ബ്രാഹ്മണനായ വിദൂഷകന് ദാനം ചെയ്യുന്നതും അത് അദ്ദേഹം ചാരുദത്തന് കൈമാറുന്നതും ആഭരണഭാണ്ഡത്തിനു പകരം അത് വസന്തസേനയ്ക്ക് എത്തിച്ചുകൊടുക്കാൻ നായകൻ വിദൂഷകനെത്തന്നെ ഏല്പിക്കുന്നതുമായ കഥാഭാഗം. ഉദ്ദേശിച്ച ഫലം മുഴുവൻ വേണ്ടവിധത്തിൽ ലഭിക്കുന്നത് ഫലയോഗം. ആധികാരികേതിവൃത്തത്തിന്റെ ഫലമായി ഉദ്ദേശിക്കപ്പെട്ടത് കാര്യം. ഈ രണ്ടും സമുചിതമായി ചേർന്നാലുണ്ടാവുന്നത് നിർവഹണസന്ധി. അതായത്, മുഖാദിസന്ധികളിലെ ബീജം ഉൾക്കൊള്ളുന്നതും പല ഭാവങ്ങൾ ചേർന്നതുമായ അർഥങ്ങളെ ഒന്നിച്ചു കോർത്തിണക്കുന്ന കഥാഭാഗമെന്നു ചുരുക്കം. *ചാരുദത്തം* നാലാമങ്കം ഉദാഹരണം. അവിടെ വസന്തസേന താൻതന്നെ ചാരുദത്തന്റെ ചിത്രം വരച്ച് കണ്ടാസ്വദിക്കുന്നതും ശകാരന്റെ അമ്മ അയാളെ അഭിസരിക്കാൻ വേണ്ടി തനിക്ക് കൊടുത്തയച്ച പല്ലക്ക് തിരിച്ചയയ്ക്കുന്നതും താൻ ആര്യചാരുദത്തനെയേ അഭിസരിക്കൂ എന്നു വ്യക്തമാക്കുന്നതും ഭവനഭേദനക്കവർച്ച നടത്തിയവനെങ്കിലും ആ സജ്ജലകന്റെ ഉദ്ദേശ്യശുദ്ധി കണ്ടറിഞ്ഞ് തന്റെ ചേടിയും അയാളുടെ കാമുകിയുമായ മദനികയെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുക മാത്രമല്ല അവരുടെ പ്രണയസാഫല്യം വിവാഹത്തിലൂടെ സാധിക്കുന്നതിനുള്ള എല്ലാം ഏർപ്പെടുത്തുകയും ചാരുദത്തൻ വിദൂഷകൻ വശം, തന്റെ ആഭരണഭാണ്ഡം ചൂതുകളിച്ച് നഷ്ടമായെന്നും പകരമായി സ്വീകരിക്കണമെന്നും പറഞ്ഞ് വിദൂഷകൻ വശം കൊടുത്തയച്ച മുത്തുമാലയണിഞ്ഞ് ചാരുദത്തനെത്തന്നെ അഭിസരിക്കാൻ പുറപ്പെടുകയും ചെയ്യുന്ന തായി വർണിക്കുകയാണല്ലോ.

ഇതിൽനിന്ന് *ചാരുദത്ത*ത്തിലെ ഓരോ അങ്കവും സ്വയം സമ്പൂർണമായ ഓരോ പ്രകരണമായി പരിഗണിക്കാവുന്നതാണ് എന്നു വ്യക്തമായിരിക്കും. ഓരോ അങ്കത്തിലും ഓരോ സന്ധി. മൂന്നാമത്തെയും നാലാമത്തെയും സന്ധികൾ വിവരിക്കുന്ന മൂന്നാമങ്കം മാത്രം അപവാദം. നാല് അങ്കങ്ങളും കാലക്രമത്തിലാണ് സംഭവിക്കുന്നതായി സങ്കല്പിക്കുന്നതും.

ഭാസനാടകങ്ങളുടെ കൃത്യമായ ഉപാദാനങ്ങളേതെന്ന് നമുക്ക് അറിയാത്തതുകൊണ്ട് *വക്രോക്തിജീവിത*ത്തിലെ പ്രകരണവക്രതാനിരൂപണത്തിലെ അതേ ശൈലിയിൽ ഒരു താരതമ്യനിരൂപണം അസാധ്യമായിട്ടാണിരിക്കുന്നത്. എങ്കിലും ഉള്ള അറിവുവെച്ച് ഒമ്പത് പ്രകരണവക്രതാഭേദങ്ങൾക്കും മേൽകാണിച്ച വിധത്തിൽ ഉദാഹരണങ്ങൾ പ്രദർശിപ്പിക്കാൻ കഴിയും. ഇത്രയും സൂചനകളിൽനിന്നുതന്നെ ഭാസന്റെ മൗലികത്വം ഏറെക്കുറെ സ്പഷ്ടമായിരിക്കുമല്ലോ.

★

# 9. പ്രബന്ധവക്രത

പ്രബന്ധവക്രതാനിരീപണത്തിൽ ആദ്യം *വക്രോക്തിജീവിത*മനുസരിച്ച് പ്രബന്ധവക്രതാപ്രഭേദങ്ങൾക്ക് ഭാസനാടകങ്ങളിൽനിന്ന് ഉദാഹരണങ്ങൾ കാണിക്കാം.

**ഒന്ന്, കുന്തകമതമനുസരിച്ചുള്ള പ്രബന്ധവക്രതാനിരൂപണം**

(എ) മൂലകൃതിയിലെ അംഗിരസം മാറ്റി പകരം മറ്റൊന്നു നിബന്ധിക്കുന്നത് ഒന്നാമത്തെ പ്രബന്ധവക്രതാഭേദം. *ബാലചരിതം* ഉദാഹരണം. അത് *ഹരിവംശ*ത്തെയോ *വിഷ്ണുപുരാണ*ത്തെയോ അവലംബിച്ച് രചിക്കപ്പെട്ടതാവാം. പിൽക്കാലകൃതിയായ *ഭാഗവത*മാണ് ശ്രീകൃഷ്ണചരിതം വിശദമായി വിവരിക്കുന്നതെങ്കിലും അത് പ്രാചീനനായ ഭാസൻ കണ്ടിരിക്കാനിടയില്ല. വീരമാണ് *ബാലചരിത*ത്തിലെ പ്രധാനരസം. മൂലകൃതികളിലേത് ഭക്തിയോ ശാന്തമോ ആണല്ലോ.

(ബി) ലോകോത്തരവിശിഷ്ടനായ നായകന് അത്രതന്നെ ഹർഷമുളവാക്കുന്നതല്ലെങ്കിൽ, കഥയുടെ അതുവരെയുള്ള ഭാഗം മാത്രം ആവിഷ്കരിച്ച് ബാക്കിഭാഗം വിടുന്നത് രണ്ടാമത്തെ പ്രബന്ധവക്രത. ഉദാ:– *പഞ്ചരാത്രം*. *മഹാഭാരത*ത്തിലെ ഗോഗ്രഹണമെന്ന ഒരു ഭാഗം മാത്രമേ ഇതിൽ വിഷയമായെടുത്തിട്ടുള്ളൂ. മഹാഭാരതയുദ്ധമുൾപ്പെടെ മറ്റെല്ലാ ഭാഗങ്ങളും ഒഴിവാക്കിയിരിക്കുന്നു.

(സി) മറ്റു കാര്യങ്ങൾ വർണിച്ച് മുഖ്യകഥ മുറിഞ്ഞുപോയി എന്നു തോന്നുമ്പോഴേക്കും അതിലേക്കുതന്നെ മടങ്ങിവരുന്നതും ഒരുതരം പ്രബന്ധവക്രത തന്നെ. ഇത് ഒരു ദോഷമാണെന്നാണ് എന്റെ അഭിപ്രായം. അതിനാൽ ഉദാഹരണം നൽകുന്നില്ല.

(ഡി) നാലാമത്തെ പ്രബന്ധവക്രതാപ്രഭേദം, ഒരു ഫലസിദ്ധി മാത്രമുദ്ദേശിച്ച് ഉപനിബന്ധിക്കപ്പെട്ട നായകന് മറ്റു ഫലങ്ങൾ കൂടി കിട്ടുന്നതായി വർണിക്കുന്നതത്രേ. ഉദാ:– *സ്വപ്നവാസവദത്തം*. വാസവദത്തയെ വീണ്ടെടുക്കുക മാത്രമേ ഉദയനന്റെ ലക്ഷ്യമായി നാടകകൃത്ത് ഉദ്ദേശിച്ചുള്ളുവെങ്കിലും പത്മാവതീവിവാഹവും രാജ്യപുനഃസിദ്ധിയും കൂടി നടക്കുന്നതായി നാടകത്തിൽ പ്രതിപാദിക്കുന്നു.

(ഇ) കഥാവസ്തുസൗന്ദര്യത്തെ അവലംബിച്ചു മാത്രമല്ല, ഗ്രന്ഥനാമത്തെ ആസ്പദമാക്കിയും വക്രത വരാം. അതും പ്രബന്ധവക്രതയുടെ ഒരു പ്രഭേദമത്രേ. രണ്ടെണ്ണമൊഴിച്ച് മറ്റു ഭാസ കൃതികളെ മുഴുവൻ ഇതിന് ഉദാഹരിക്കാം.

1. *മധ്യമവ്യായോഗം*. മധ്യമപാണ്ഡവൻ (ഭീമൻ) മധ്യമനായ ബ്രാഹ്മണപുത്രനെ ഘടോൽക്കചനിൽനിന്നു മോചിപ്പിച്ച് ബ്രാഹ്മണകുലത്തെ രക്ഷിക്കുകയും പകരം താൻതന്നെ അവന്റെ കൂടെ പോയി സ്വകുലത്തെ ഉദ്ധരിക്കുകയും ചെയ്യുന്നതാണ് ഇതിലെ കഥ. "മധ്യമമധികൃത്യ കൃതോ വ്യായോഗസംജ്ഞോ നാട്യപ്രകാരഃ" (മധ്യമനെ സംബന്ധിച്ചു രചിച്ച വ്യായോഗം എന്നു പേരുള്ള നാട്യപ്രകാരം) എന്ന് നാടകനാമത്തെപ്പറ്റി ഒരഭിപ്രായമുണ്ട്. മധ്യമം എന്ന് നാടകത്തിന്റെയും വ്യായോഗം എന്ന് രൂപകവിശേഷത്തിന്റെയും പേരെന്ന ഈ വ്യാഖ്യാനം ശരിയെന്നു തോന്നുന്നില്ല. "മധ്യമസ്യ (ഭീമസ്യ) (ഹിഡിംബയാ സഹ) വ്യായോഗഃ (വി + ആ + യോഗഃ" (മധ്യമന്റെ – ഭീമന്റെ ഹിഡിംബയുമായുള്ള – വ്യായോഗം – പുനഃസമാഗമം) എന്നോ "മധ്യമൗ (ഭീമോ ബ്രാഹ്മണകുമാരശ്ച) വ്യായുജ്യേതേ അസ്മിൻ ഇതി നാടകം" (മധ്യമന്മാർ – ഭീമനും ബ്രാഹ്മണകുമാരനും – ഈ നാടകത്തിൽ വീണ്ടും സമാഗമിക്കപ്പെടുന്നു) എന്നോ നിഷ്പാദിപ്പിക്കുന്നതാണ് യുക്തം.

2. *പഞ്ചരാത്രം* (അഞ്ചു രാത്രികളുടെ സമാഹാരം) എന്ന രൂപകം അഞ്ചു രാത്രികൾ കൊണ്ട് ദ്രോണൻ പാണ്ഡവരെക്കുറിച്ചുള്ള വിവരം ശേഖരിച്ച് ദുര്യോധനനു നൽകുന്നതുവഴി രാജ്യത്തിന്റെ പാതി പാണ്ഡവർക്ക് നൽകുകയും പതിനെട്ടു ദിവസത്തെ മഹാഭാരത യുദ്ധം ഒഴിവാക്കുകയും ചെയ്യുന്നു. അതിനാൽ പഞ്ചരാത്രം എന്ന ഗ്രന്ഥനാമം അർഥപൂർണം.

ദുര്യോധനന്റെ യജ്ഞത്തിന് എല്ലാ രാജാക്കന്മാരും വന്നിരുന്നുവെങ്കിലും വിരാടരാജാവ് വന്നിരുന്നില്ല. അതിന്റെ കാരണം ഒരു ഭടൻ വന്ന് അറിയിക്കുന്നു.:

രാത്രൗ ഛന്നേന കേനാപി ബാഹുഭ്യാമേവ ഹിംസിതം
ദൃശ്യതേ ഹി ശരീരാണാമശസ്ത്രജനിതോ വധഃ.

(1. 51. രാത്രിയിൽ വേഷം മാറിവന്ന ഒരാൾ കൈകൾ കൊണ്ടു തന്നെ വിരാടരാജാവിന്റെ ബന്ധുക്കളായ നൂറു കീചകന്മാരെ കൊന്നു. ആയുധം കൊണ്ടല്ലാതെ വധിക്കപ്പെട്ട മൃതശരീരങ്ങളാണ് കാണ പ്പെടുന്നത്.)

'അശസ്ത്രജനിതമായ വധ'മോ എന്ന് എല്ലാവരും വിസ്മയം പൂണ്ടു. അപ്പോൾ ഭീഷ്മൻ ദ്രോണനോട് പറഞ്ഞു: "അഭ്യുപഗമ്യതാം പഞ്ചരാത്രം" (പഞ്ചരാത്രമെന്ന നിബന്ധന സ്വീകരിച്ചോളൂ). കാരണം കീചകവധം ഭീമകൃതമാണ്.

ഭീമസേനസ്യ ലീലൈഷാ സുവ്യക്തം ബാഹുശാലിനഃ
യോസ്മിൻ ഭ്രാതൃശതേ രോഷഃ സ തസ്മിൻ ഫലിതഃ ശതേ.

(1. 52. ഇത് ബാഹുപരാക്രമിയായ ഭീമസേനന്റെ ലീലയാണെന്ന വളരെ വ്യക്തമാണ്. ഈ നൂറു സഹോദരന്മാരിലുള്ള അവന്റെ ക്രോധം ആ നൂറു പേരിൽ ഫലിച്ചുവെന്നു മാത്രം.)

ഇതെങ്ങനെയറിഞ്ഞു എന്ന ദ്രോണന്റെ ചോദ്യത്തിന് ഭീഷ്മന്റെ ഉത്തരം:

കഥം പണ്ഡിത! കൂലേഷു ഭ്രാന്താനാം ബാലചാപലം
നാഭിജാനന്തി വത്സാനാം ശൃംഗസ്ഥാനാനി ഗോവൃഷാഃ.

(1. 53. പണ്ഡിതാ! തീരങ്ങളിൽ ചുറ്റിയലയുന്ന കന്നുകുട്ടികളുടെ ബാലചാപലമായ കൊമ്പടയാളങ്ങൾ കാളക്കൂറ്റൻ തിരിച്ചറിയുന്നില്ലേ?)

കാര്യം പിടികിട്ടിയ ദ്രോണൻ, അപ്പോഴേക്കും 'പഞ്ചരാത്രമാവട്ടെ' എന്നു ധൃതി കൂട്ടുന്ന ദുര്യോധനനോട് 'ആവട്ടെ' എന്നു സമ്മതിക്കുന്നു. അദ്ദേഹം യജ്ഞമനുഭവിക്കാൻ വന്ന രാജാക്കന്മാരോടായി, "പാണ്ഡവർ എവിടെയാണെന്ന വിവരം തേടിപ്പിടിച്ചു കൊണ്ടുവരികയാണെങ്കിൽ, കുരുരാജാവായ ദര്യോധനൻ, അല്ലല്ല, അമ്മാമനോടുകൂടിയ ദുര്യോധനൻ, പാതിരാജ്യം അവർക്കു നൽകുന്നതാണ്" എന്നു വിളിച്ചുപറയുന്നു. വിരാടനഗരിയിൽ ഭീമനുണ്ടെന്നേ സൂചന കിട്ടിയുള്ളൂ. സ്വാഭാവികമായും പാണ്ഡവന്മാരെല്ലാം അജ്ഞാതവാസം നടത്തുന്നത് അവിടെയായിരിക്കണമെന്ന് ഭീഷ്മൻ ഊഹിക്കുന്നു. അതിനു തെളിവു കിട്ടണമെങ്കിൽ എന്തെങ്കിലുമൊരു കാരണമുണ്ടാക്കി ദുര്യോധനനും വിരാടനും തമ്മിൽ ഒരു യുദ്ധമുണ്ടാക്കണം. അപ്പോൾ തീർച്ചയായും വിരാടനെ രക്ഷിക്കാൻ പാണ്ഡവർ രംഗത്തിറങ്ങാതിരിക്കയില്ല. അങ്ങനെ പഞ്ചരാത്രപ്രതിജ്ഞ സാധിക്കാം. ഇത്രയും മനസാ കണക്കുകൂട്ടിയതിനുശേഷം ഭീഷ്മൻ ദുര്യോധനനോട് പറയുന്നു: "പൗത്രാ ദുര്യോധനാ, എനിക്ക് വിരാടനോട് രഹസ്യമായി വിരോധമുണ്ട്. അതുകൊണ്ടാണ് അങ്ങയുടെ യജ്ഞം അനുഭവിക്കാൻ വിരാടൻ വരാതിരുന്നത്. അതിനാൽ, അദ്ദേഹത്തിന്റെ കന്നുകാലിസമ്പത്തിനെ കട്ടുകൊണ്ടുവരൂ." അപ്പോൾ ദ്രോണൻ ഭീഷ്മനോട് സ്വകാര്യമായി, വിരാടൻ തന്റെ പ്രിശിഷ്യനാണെന്നും അദ്ദേഹത്തിന്റെ ഗോഗ്രഹണം എന്തിനാണെന്നും ചോദിക്കുന്നു. അതിനു മറുപടിയായി ഭീഷ്മൻ:

"ഋജുബുദ്ധിയായ ബ്രാഹ്മണാ,
ധർഷിതാ രഥശബ്ദേന രോഷമേഷ്യന്തി പാണ്ഡവാഃ
അസ്തി തേഷാം കൃതജ്ഞത്വമിഷ്ടം ഗോഗ്രഹണേ സ്ഥിതം."

(1. 55. രഥശബ്ദത്തോടുകൂടി ആക്രമിക്കപ്പെട്ടാൽ പാണ്ഡവന്മാർ ക്രുദ്ധരാവും. അവർ കൃതജ്ഞതയുള്ളവരത്രേ. ഈ ഗോഗ്രഹണത്തിലൂടെ നമ്മുടെ ലക്ഷ്യം നേടുകയും ചെയ്യാം.) ഉടനെ ദുര്യോധനൻ ഗോഗ്രഹണത്തിന് ഉത്തരവിട്ടു. ഭീഷ്മനും ദ്രോണനും ഗോഗ്രഹണത്തിനിറങ്ങേണ്ടെന്ന് എല്ലാവരും പറഞ്ഞുവെങ്കിലും അവരുടെ യുദ്ധപരാക്രമം കാണാനുള്ള ആഗ്രഹം കൊണ്ട് പുറപ്പെടുകയാണെന്ന് അവരും പറഞ്ഞു. വാസ്തവത്തിൽ, പാണ്ഡവന്മാർ വിരാടനഗരിയിൽത്തന്നെ ഉണ്ടെന്നുറപ്പു വരുത്തുകയായിരുന്നു അവരുടെ ഉദ്ദേശ്യം.

3.ദൂതന്റെ (കൃഷ്ണന്റെ) ദുര്യോധനനോടുള്ള വാക്യം (ഉപദേശം) *ദൂതവാക്യം* എന്ന് അന്വർഥനാമം.

4. *ദൂതഘടോൽക്കചം* ഒരേകാങ്കനാടകമാണ്. അഭിമന്യുവധത്തെത്തുടർന്ന് ശ്രീകൃഷ്ണൻ ഘടോൽക്കചൻ മുഖേന ധൃതരാഷ്ട്രന്ന് അയയ്ക്കുന്ന സന്ദേശമാണ് ഇതിലെ വിഷയം. അതിനനുസരിച്ച പേരാണ് കൈക്കൊണ്ടിട്ടുള്ളത്.

5. ടി. ഗണപതിശാസ്ത്രിയും മറ്റും "കർണന്റെ ഭാരം (പ്രയത്നം, ഉത്തരവാദിത്തം)" എന്ന അർഥം പറഞ്ഞ് ഗ്രന്ഥനാമത്തിന്റെ വക്രത വെളിപ്പെടുത്തുന്നു. ഇത് ശരിയല്ലെന്നത്രേ എ. ഡി. പുസാൽക്കറുടെ അഭിപ്രായം. അദ്ദേഹത്തിന്റെ വ്യാഖ്യാനം ഇപ്രകാരം: "കർണയോഃ ഭാരഭൂതേ കുണ്ഡലേ ദത്വാ കർണേനാപൂർവോ ദാനശൂരതാ പ്രകടീകൃതാ. താമധികൃത്യ കൃതം നാടകം." (കർണങ്ങൾക്ക് ഭാരഭൂതങ്ങളായ കുണ്ഡലങ്ങൾ, കവചകുണ്ഡലങ്ങൾ, ദാനം ചെയ്ത് കർണനാൽ അപൂർവമായ ദാനശൂരത പ്രകടിപ്പിക്കപ്പെട്ടു. ആ ദാനശൂരതയെ സംബന്ധിച്ച് രചിക്കപ്പെട്ട നാടകം *കർണഭാരം*.) കവചകുണ്ഡലങ്ങൾ ദാനം ചെയ്യാമെന്നു പറഞ്ഞതിനും യഥാർഥത്തിൽ ദാനം ചെയ്തതിനുമിടയിലുള്ള കാലം അവ കർണന് വാസ്തവത്തിൽ ഭാരങ്ങളായിരുന്നു. ഈ കാലം നാടകമനുസരിച്ച് വളരെ ഹ്രസ്വമെങ്കിലും മനശ്ശാസ്ത്രപരമായി അത് എത്രയോ മുൻപേ തുടങ്ങിയിരിക്കണമെന്നതിനാൽ സാമാന്യം ദീർഘമായി കണക്കാക്കാം.

6. *ഊരുഭംഗ*ത്തിന് "തുടകളുടെ തകർച്ച" എന്ന് അർഥം. ഗദായുദ്ധത്തിൽ ഭീമനുമായുള്ള ഏറ്റുമുട്ടലിൽ ചതിയിലൂടെ തകർക്ക പ്പെട്ട തുടകളോടുകൂടി പോർക്കളത്തിൽ കിടക്കുന്ന ദുര്യോധനന്റെ കഥയായതുകൊണ്ട് ഗ്രന്ഥനാമം ഏറ്റവും ഉചിതം.

7. *പ്രതിമാനാടകം* മൂന്നാമങ്കത്തിലെ പ്രതിമാഗൃഹകല്പനയാണ് ആ നാടകനാമത്തിന് കാരണമായിത്തീർന്നത്. ഭരതൻ അയോധ്യയിലേക്കു വരും വഴി, യാദൃച്ഛികമായി പ്രതിമാഗൃഹത്തിൽ കടക്കുന്നു. അത് ക്ഷേത്രമാണെന്ന ധാരണയിൽ പ്രതിമകളെ നോക്കുന്നു. കാവൽക്കാരനായ ദേവകുലികൻ ദിലീപൻ, രഘു, അജൻ എന്നീ

ഇക്ഷ്വാകുവംശരാജാക്കന്മാരുടെ പ്രതിമകൾ പരിചയപ്പെടുത്തുന്നു. അടുത്തതായി കാണുന്നത് ദശരഥന്റെ പ്രതിമയാണ്. അതുകണ്ട് പര്യാകുലനായി ഭരതൻ ചോദിക്കുന്നു: “ബഹുമാനം കൊണ്ട് സംശയാകുലമായ മനസ്സിൽ വ്യക്തമായി ഒന്നും പതിഞ്ഞില്ല”

അടുത്തത് ദശരഥനാണ്. മരിച്ചവരുടെയല്ലേ പ്രതിമ വെക്കൂ. അതുകൊണ്ട് ആകെ സംശയമായി. ഒന്നുകൂടി പറഞ്ഞുതരിക എന്നു പറയുകയാണ് ഭരതൻ. ദേവകുലികൻ ആവർത്തിച്ചു – ദിലീപൻ, രഘു, അജൻ. മഹാരാജാവിന്റെ പിതൃപിതാമഹൻ, മഹാരാജാവിന്റെ പിതാമഹൻ, അച്ഛന്റെ പിതാവ്. പിന്നെയും സംശയമായി. അതുകൊണ്ട് ദേവകുലികൻ ഒന്നുകൂടി പറഞ്ഞു: ഇത് ദിലീപൻ, ഇത് രഘു, ഇത് അജൻ. ഭരതൻ സംശയം തീരാതെ പിന്നെ ചോദിച്ചു: “ഭരിക്കുന്നവരുടെ പ്രതിമകളും സ്ഥാപിക്കാറുണ്ടോ?”

ദേവകുലികൻ – ഇല്ല. മരിച്ചവരുടെ മാത്രം.

ഭരതൻ – അതുകൊണ്ടാണ് അങ്ങയോട് ചോദിക്കുന്നത്.

ദേവകുലികൻ – നിൽക്കൂ.

യേന പ്രാണാശ്ച രാജ്യം ച സ്ത്രീശുൽക്കാർഥേ വിസർജിതാഃ
ഇമാം ദശരഥസ്യ ത്വം പ്രതിമാം കിം ന പൃച്ഛസേ?

(3. 8. സ്ത്രീശുൽക്കത്തിനുവേണ്ടി സ്വന്തം പ്രാണങ്ങളെയും രാജ്യത്തെയും ത്യജിച്ച ദശരഥന്റെ ഈ പ്രതിമയെപ്പറ്റി നിങ്ങൾ എന്താണ് ചോദിക്കാത്തത്?)

ഭരതൻ – അല്ലയോ അച്ഛാ! (ബോധം കെട്ട് വീഴുന്നു. പിന്നെ ബോധം വന്നതിനുശേഷം),

ഹൃദയ ഭവ സകാമം യത്കൃതേ ശങ്കസേ ത്വം?
ശൃണു പിതൃനിധനം തദ് ഗച്ഛ ധൈര്യം ച താവത്;
സ്പൃശതി തു യദി നീചോ മാമയം ശുൽക്കശബ്ദ–
സ്ത്യഥ ച ഭവതി സത്യം തത്ര ദേഹോ വിശോധ്യഃ.

(3. 9. ഹൃദയമേ, തൃപ്തിപ്പെട്ടുകൊള്ളുക. നിന്റെ ആശങ്ക ശരിയായി വന്നു. അച്ഛന്റെ മരണം നീ കേട്ടാലും. ധൈര്യം സംഭരിക്കുക. നീചമായ ഈ ശുൽക്കശബ്ദം എന്നെ സ്പർശിക്കുന്നുവെങ്കിൽ, സത്യം, ഞാൻ എന്റെ ശരീരം ആ പാപം കഴുകിക്കളയുന്നതിനുവേണ്ടി ത്യജിക്കുന്നതാണ്.) ആര്യാ!

ദേവകുലികൻ – ആര്യാ എന്നത് ഇക്ഷ്വാകുവംശക്കാർ ചെയ്യാറുള്ള സംബോധനയാണല്ലോ. കൈകേയീപുത്രനായ ഭരതനാണോ അവിടുന്ന്?

ഭരതൻ – പിന്നല്ലാതെ? ദശരഥപുത്രനായ ഭരതനാണ് ഞാൻ, കൈകേയിയുടെയല്ല.

തുടർന്ന് ദേവകുലികനിൽനിന്ന് പിന്നീടുണ്ടായ സംഭവങ്ങളെല്ലാം ഭരതൻ ചോദിച്ചു മനസ്സിലാക്കുന്നു – സീതയോടും ലക്ഷ്മണ നോടും കൂടി രാമൻ കാട്ടിലേക്കു പോയതും മറ്റും. ഇതാണ് നാടകീയ മായി ഭരതൻ പിതൃമരണമടക്കമുള്ള അയോധ്യാദുരന്തങ്ങള റിയുന്നതിന് നാടകകൃത്ത് വിഭാവനം ചെയ്ത പ്രതിമാഗൃഹകല്പന യുടെയും ഗ്രന്ഥനാമത്തിന്റെയും അടിസ്ഥാനം.

8. *അവിമാരക*ത്തിന് ആ പേര് ലഭിക്കുന്നത് നായകനിൽനിന്നാണ് – അവിമാരകനെന്നത് അവിയെ (ആടിനെ, ആടിന്റെ രൂപത്തിൽ വന്ന രാക്ഷസനെ) കൊന്നതുകൊണ്ട് ലഭിച്ച പേരാണ്. ശരിക്കുള്ള പേര് വിഷ്ണുസേനൻ എന്നത്രേ.

9. *പ്രതിജ്ഞായൗഗന്ധരായണ*ത്തിന് ആ പേര് വന്നത് വത്സരാജനായ ഉദയനന്റെ മന്ത്രിമാരിൽ പ്രധാനിയായ യൗഗന്ധരായണന്റെ രണ്ടു പ്രതിജ്ഞകളുടെ അടിസ്ഥാനത്തിലാണ്. ആ രണ്ടു പ്രതിജ്ഞകൾ ഇവയാണ്:

(ഒന്ന്) യദി ശത്രുബലഗ്രസ്തോ രാഹുണാ ചന്ദ്രമാ ഇവ
മോചയാമി ന രാജാനം നാസ്മി യൗഗന്ധരായണഃ.

(1. 16. രാഹുവിനാൽ ചന്ദ്രനെന്നപോലെ രാജാവ് ഗ്രസിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ആ രാജാവിനെ മോചിപ്പിക്കാത്ത ഞാൻ യൗഗന്ധരായണനല്ല)

(രണ്ട്) സുഭദ്രാമിവ ഗാണ്ഡീവീ നാഗഃ പത്മലതാമിവ
യദി താം ന ഹരേദ് രാജാ നാസ്മി യൗഗന്ധരായണഃ.
യദി താം ചൈവ തം ചൈവ താം ചൈവായതലോചനാം
നാഹരാമി നൃപം ചൈവ നാസ്മി യൗഗന്ധരായണഃ.

ധ3. 8–9. ഗാണ്ഡീവധരനായ അർജുനൻ സുഭദ്രയെയെന്നപോലെയും ആന താമരവള്ളിയെയെന്നപോലെയും രാജാവ് അവളെ ഹരിച്ചില്ലെങ്കിൽ ഞാൻ യൗഗന്ധരായണനല്ല. അവളെയും (ഘോഷവതി എന്ന വീണയെയും) ആ രാജാവിനെയും സുന്ദരിയായ അവളെയും (വാസവദത്തയെയും) കൊണ്ടുവന്നില്ലെങ്കിൽ ഞാൻ യൗഗന്ധരായണനല്ല.പ

10. *സ്വപ്നവാസവദത്ത*ത്തിന് ആ പേര് വരാൻ കാരണം, സ്വപ്നത്തിൽ കാണുന്ന വാസവദത്തയെ അതിൽ അവതരിപ്പിക്കുന്നു എന്നതാണ്. “സ്വപ്നദൃഷ്ടാ വാസവദത്താ, തത്പ്രതിപാദകേ തച്ഛബ്ദോപചാരഃ. സ്വപ്നദൃഷ്ടാ വാസവദത്താ അത്ര” (സ്വപ്നത്തിൽ കാണപ്പെട്ട വാസവദത്ത, അവളെപ്പറ്റി പ്രതിപാദിക്കുന്നതുകൊണ്ട് ആ ശബ്ദത്തിന്റെ ലാക്ഷണികപ്രയോഗം. ഇവിടെ സ്വപ്നത്തിൽ കാണപ്പെട്ട വാസവദത്ത ഉണ്ട് എന്നുമാവാം.)

11. “ചാരു ച തത് ദത്തം ച. തദധികൃത്യ കൃതം നാടകം” (മനോഹരമായ ദത്തം – ദാനം ചെയ്യപ്പട്ടത്, വിവാഹം ചെയ്തു കൊടുക്കപ്പെട്ടത്. അതിനെ വിഷയമാക്കിയുള്ള നാടകം) എന്ന് ചാരുദത്തനാമത്തിന്റെ ഔചിത്യം. വസന്തസേനാ–ചാരുദത്തന്മാരുടെ പ്രണയമെന്ന മുഖ്യപ്രമേയത്തെ  അടിസ്ഥാനമാക്കി പറയുമ്പോൾ, അതിന് ആദ്യകാരണമായ വസന്തസേനയുടെ സുവർണാഭരണഭാണ്ഡം ചാരുദത്തന്റെ പക്കൽ സൂക്ഷിക്കാനേല്പിച്ചത്; മോഷ്ടിക്കപ്പെട്ട അത് മോഷ്ടാവുതന്നെ വസന്തസേനയ്ക്ക് സമർപ്പിക്കുന്നത്; മോഷ്ടിക്കപ്പെട്ടത് പറയാതെ, ചൂതിൽ നഷ്ടപ്പെട്ടുവെന്നു പറഞ്ഞുകൊണ്ട് അതിനുപകരം അധികമൂല്യമായ മുത്തുമാല ചാരുദത്തൻ വസന്തസേനയ്ക്ക് കൊടുത്തയയ്ക്കുന്നത്; അതണിഞ്ഞുകൊണ്ട് വസന്തസേന ചാരുദത്തനെ അഭിസരിക്കാൻ പുറപ്പെടുന്നത്; അങ്ങനെ മുഖ്യപ്രമേയമായ പ്രണയം സാഫല്യമടയുന്നത്; ഉപകഥയെന്ന രീതിയിൽ, ചേടിയായ മദനികയെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച് കാമുകനായ സജ്ജലകന് വിവാഹരൂപത്തിൽ ദാനം ചെയ്യുന്നത് – ഇങ്ങനെ ബഹുധാ *ചാരുദത്ത*മാണത്. ഇതിനെല്ലാം പുറമെ, നായകനായ ചാരുദത്തന്റെ പേരിനെ ആസ്പദിച്ചും ഗ്രന്ഥനാമരൂപമായ പ്രബന്ധ വക്രത കാണാം.

*ബാലചരിതം, അഭിഷേകനാടകം* എന്നിവയുടെ പേര് സ്പഷ്ടമാകയാൽ വിശേഷിച്ച് ഗ്രന്ഥനാമരൂപമായ വക്രതയൊന്നും ചൂണ്ടിക്കാട്ടേണ്ടതില്ല.

(എഫ്) ഒരേ കഥയെ ആസ്പദമാക്കി ഭിന്നകവികൾ ഭിന്നകാവ്യങ്ങൾ രചിക്കുന്നു. ആ ഓരോന്നും പ്രബന്ധവക്രതയ്ക്ക് ഉദാഹരണമാണെന്നാണ് കുന്തകമതം. ഉദാ:– *പ്രതിമ*യും *അഭിഷേക*വും രാമകഥാപ്രതിപാദകങ്ങളാണെങ്കിലും രണ്ടും രണ്ടു തരത്തിലാണ്. ആദ്യത്തേതിൽ രാമാഭിഷേകംവരെയുള്ള കഥയ്ക്കും രണ്ടാമത്തേതിൽ രാമ–സുഗ്രീവസഖ്യം മുതൽ രാവണവധവും തുടർന്നു രാമാഭിഷേകംവരെയുള്ള കഥയ്ക്കും പ്രാധാന്യം നൽകിയിരിക്കുന്നു.

(ജി) പ്രതിനവങ്ങളായ ഉപായങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള നീതിമാർഗങ്ങളെ ആസ്പദമാക്കിയും കുന്തകൻ പ്രബന്ധവക്രത കല്പിക്കുന്നുണ്ട്. *പ്രതിജ്ഞായൗഗന്ധരായണ*വും *സ്വപ്നവാസവദത്ത*വും മുഖ്യമായി ഈ വിഭാഗത്തിൽ പെടും. ഉദയനന്റെ രാജ്യം വീണ്ടെടുക്കാൻ മന്ത്രിയായ യൗഗന്ധരായണൻ നടത്തുന്ന അത്ഭുതകരങ്ങളായ ഉപായങ്ങളും അവയുടെ വിജയകരമായ സമാപ്തിയുമാണല്ലോ ഈ  നാടകങ്ങളിലെ പ്രതിപാദ്യം. (ഭാസനാടകങ്ങളിലെല്ലാംതന്നെ ഈ വക്രതാഭേദം കാണാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് “രാഷ്ട്രീയ ദർശനം” എന്ന  ഭാഗം നോക്കുക.)

*വക്രോക്തിജീവിത*മനുസരിച്ചുള്ള ഈ ഏഴു പ്രബന്ധവക്രതാഭേദങ്ങളിൽ ഒന്നൊഴികെ ബാക്കിയെല്ലാറ്റിനും ഭാസനാടകങ്ങളിൽനിന്ന് നമുക്ക് ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞു. ആ ഒന്നാകട്ടെ ദോഷമാണെന്നും വിലയിരുത്തി. നമ്മുടെ വിമർശനസമീപനമനുസരിച്ച് പ്രബന്ധവക്രതാനിരൂപണം ഇത്രയുംകൊണ്ട് അവസാനിക്കുന്നില്ല. ഭാസനാടകങ്ങളിൽ പ്രതിഫലിച്ചുകാണുന്ന സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ വസ്തുതകളുടെ നിരൂപണംകൂടി നടത്തേണ്ടതുണ്ട്. അതിനുള്ള ശ്രമമാണ് ഇനി ഉദ്ദേശിക്കുന്നത്.

**രണ്ട്,  രസവിചാരം**

“വിഭാവാനുഭാവവ്യഭിചാരിസംയോഗാദ് രസനിഷ്പത്തിഃ” (വിഭാവങ്ങൾ, അനുഭാവങ്ങൾ, വ്യഭിചാരിഭാവങ്ങൾ എന്നിവയുടെ സംയോഗത്താൽ സ്ഥായിഭാവം രസമായിത്തീരുന്നു) എന്നാണ് സംസ്കൃതത്തിലെ രസസിദ്ധാന്തചർച്ചയ്ക്കെല്ലാം അടിസ്ഥാനമായ ഭരതനാട്യശാസ്ത്രത്തിലെ രസസൂത്രം. സ്ഥിരമായി നിൽക്കുന്ന അടിസ്ഥാനഭാവങ്ങൾതന്നെ സ്ഥായിഭാവങ്ങൾ. രതി, ഹാസം, ശോകം, ക്രോധം, ഉത്സാഹം, ഭയം, ജുഗുപ്സ, വിസ്മയം എന്നീ എട്ടു സ്ഥായിഭാവങ്ങളെ ഭരതൻ അംഗീകരിക്കുന്നു. സാധാരണ ജീവിതത്തിൽ കാരണങ്ങളെന്നു പറയുന്നവ നാട്യത്തിൽ വിഭാവങ്ങളെന്നു വ്യവഹരിക്കപ്പെടുന്നു. ആലംബനമെന്നും ഉദ്ദീപനമെന്നും രണ്ടുതരം വിഭാവങ്ങൾ. ലൗകികജീവിതത്തിലെ ‘കാര്യങ്ങൾ’ നാട്യത്തിലെ അനുഭാവങ്ങൾ. ഇടയ്ക്കിടെ വന്നും പോയുംകൊണ്ടിരിക്കുന്ന വികാരങ്ങളത്രേ വ്യഭിചാരിഭാവങ്ങൾ അഥവാ സഞ്ചാരിഭാവ ങ്ങൾ. നിർവേദം, ഗ്ലാനി, ശങ്ക, അസൂയ, മദം മുതലായി ഇവ 33 എണ്ണം. ശൃംഗാരം, ഹാസ്യം, കരുണം, രൗദ്രം, വീരം, ഭയാനകം, ബീഭത്സം, അത്ഭുതം എന്നിങ്ങനെ ഭരതമതത്തിൽ എട്ടു രസങ്ങൾ. പിൽക്കാലത്ത് ശാന്തംകൂടി ചേർത്ത് ഒമ്പത് എന്ന് അംഗീകരിക്കപ്പെട്ടു. ശർക്കര മുതലായ ദ്രവ്യങ്ങളും തയിർ മുതലായ വ്യഞ്ജനങ്ങളും പുളി മുതലായ ഔഷധികളും ചേർത്ത് മധുരാദിഷഡ്രസയുക്തമായ രസവും മറ്റും ഉണ്ടാക്കുന്നതുപോലെ, ഇച്ചൊന്ന വിഭാവാനുഭാവാദികൾ ചേർത്തിണങ്ങിയ സ്ഥായിഭാവം രസമായിത്തീരുന്നുവെന്ന് ഭരതൻ അഭിപ്രായപ്പെടുന്നു.

ശൃംഗാരം രതി എന്ന സ്ഥായിഭാവത്തിൽനിന്ന് ഉണ്ടാകുന്നതാണ്. സ്ത്രീപുരുഷന്മാരാണ് അതിന് അവലംബം. ഉത്തമരായ യുവാക്കളിലാണ് ഇത് ഉണ്ടാവുക. ശൃംഗാരത്തിന് സംഭോഗമെന്നും വിപ്രലംഭ

മെന്നും രണ്ട് അവസ്ഥകളുണ്ട്. സംഭോഗശൃംഗാരത്തിന്റെ ഉദ്ദീപനവിഭാവങ്ങൾ ഋതുക്കൾ, പൂമാലകൾ, കുറിക്കൂട്ടുകൾ, അലങ്കാരങ്ങൾ, ഇഷ്ടജനങ്ങൾ, സുഖവിഷയങ്ങൾ, മനോഹരഭവനങ്ങൾ, ഇവയുടെ സുഖാസ്വാദം, ഉദ്യാനത്തിന്റെ അനുഭവശ്രവണദർശനങ്ങൾ, ജലക്രീഡ, ലാസ്യാദിലീലകൾ മുതലായവയത്രേ. ചാതുര്യത്തോടെ നോക്കുക, പുരികം വെട്ടിക്കുക, ലളിതമാംവിധം ആടിക്കുഴയുക, മധുരമായി സംസാരിക്കുക തുടങ്ങിയ അനുഭാവങ്ങളെക്കൊണ്ടാണ് ശൃംഗാരം അഭിനയിക്കേണ്ടത്. ആലസ്യം, ഉഗ്രത, ജുഗുപ്സ എന്നിവയൊഴിച്ചുള്ള വ്യഭിചാരഭാവങ്ങൾ ഈ രസത്തിൽ പ്രയോഗിക്കാം. വിപ്രലംഭശൃംഗാരത്തിന്റെ വ്യഭിചാരികൾ നിർവേദം, ഗ്ലാനി, ശങ്ക, അസൂയ, ശ്രമം, ചിന്ത, ഔത്സുക്യം, ആവേഗം, ഭയം, വിഷാദം, ദൈന്യം, നിദ്ര, സുപ്തം, സ്വപ്നം, വിബോധം, വ്യാധി, ഉന്മാദം, അപസ്മാരം, ജാഡ്യം, മോഹം, മരണം എന്നിവ.

ഹാസ്യരസം ഹാസമെന്ന സ്ഥായിഭാവം ആത്മാവായി നിലകൊള്ളുന്നതാണ്. അതിന്റെ വിഭാവങ്ങൾ വികൃതമായ അന്യരുടെ വേഷം, അലങ്കാരം, ലജ്ജയില്ലായ്മ, കൊതി, ഇക്കിളിപ്പെടുത്തൽ, അസംബന്ധജല്പനം, കോങ്കണ്ണ് മുതലായ അംഗവൈകൃതം കാണൽ, ഇത്തരം കുറ്റങ്ങളെപ്പറ്റി പറയൽ മുതലായവയാകുന്നു. ചുണ്ടും മൂക്കും കവിളും തുടിക്കുക, കണ്ണടയുകയും കുനിയുകയും ചെയ്യുക, വിയർക്കുക, മുഖം തുടുക്കുക, പാർശ്വത്തിൽ പിടിക്കുക തുടങ്ങിയ അനുഭാവങ്ങളെ ക്കൊണ്ടാണ് അതഭിനയിക്കേണ്ടത്. അവഹിത്ഥം (ഉള്ളിലുള്ളത് മറച്ചുപിടിക്കൽ), ആലസ്യം, നിദ്ര, സ്വപ്നം, പ്രബോധം, അസൂയ മുതലായ സഞ്ചാരിഭാവങ്ങളാണ് ഹാസ്യത്തിൽ പ്രയോഗിക്കേണ്ടത്.

കരുണരസം ശോകമെന്ന സ്ഥായിഭാവത്തിൽനിന്ന് ജനിക്കുന്നു. ശാപം, ക്ലേശം, ഇഷ്ടജനങ്ങളുടെ മരണം, ധനനാശം, വധം, ബന്ധനം, ഒളിച്ചോട്ടം, പരുക്കു പറ്റൽ, ചൂതുകളി മുതലായ വ്യസനങ്ങൾ വന്നുചേരൽ തുടങ്ങിയവയത്രേ ഇതിന്റെ വിഭാവങ്ങൾ. കണ്ണീരൊഴുക്കുക, കരഞ്ഞുപറയുക, തൊണ്ട വരളുക, നിറം മാറുക, ഒച്ചയടയ്ക്കു ക, ശരീരം കുഴയുക, നെടുവീർപ്പിടുക, ഓർമകേടു വരിക മുതലായ അനുഭാവങ്ങളെക്കൊണ്ട് കരുണരസം അഭിനയിക്കണം. നിർവേദം, ഗ്ലാനി, ചിന്ത, ഔത്സുക്യം, ആവേഗം, ഭ്രമം, മോഹം, ശ്രമം, ഭയം, വിഷാദം, ദൈന്യം, വ്യാധി, ജഡത, ഉന്മാദം, അപസ്മാരം, ത്രാസം, ആലസ്യം, മരണം, അമ്പരപ്പ്, വിറ, നിറംമാറ്റം, കണ്ണീർ, ഒച്ചയടപ്പ് തുടങ്ങിയവ വ്യഭിചാരിഭാവങ്ങൾ.

രൗദ്രരസം ക്രോധസ്ഥായിഭാവം ജീവനായിട്ടുള്ളതത്രേ. രാക്ഷസന്മാർ, അസുരന്മാർ, ഉദ്ധതരായ മനുഷ്യർ എന്നിവരിലാണ് രൗദ്രമുണ്ടാവുക. ഇതിന്റെ ഫലം യുദ്ധം. രൗദ്രരസത്തിന്റെ വിഭാവങ്ങൾ ക്രോധിച്ചുവലിച്ചിഴയ്ക്കൽ, അധിക്ഷേപം, അവമാനം, അസത്യകഥനം, ഉപദ്രവം, പരുഷവാക്കു പറയൽ, വധാരംഭം, കുറ്റമുണ്ടാക്കിപ്പറയൽ മുതലായവ. അടി, പൊളി, ഇടി, മുറി, ആയുധം പിടിച്ചുപറിക്കൽ, അതു പ്രയോഗിക്കൽ, യുദ്ധം ചെയ്യൽ, ചോര വലിച്ചുകുടിക്കൽ മുതലായവ ഇതിലെ കർമങ്ങളാകുന്നു. കൺചുവത്തി പുരികം വളയ്ക്കുക, അഹങ്കരിക്കുക, പല്ലിറുമ്മുക, ചുണ്ടു കടിക്കുക, കവിൾ വിറപ്പിക്കുക, കൈ തിരുമ്മുക മുതലായ അനുഭാവങ്ങളെക്കൊണ്ടാണ് പ്രസ്തുതരസം അഭിനയിക്കേണ്ടത്. കൂസലില്ലായ്മ, ഉത്സാഹം, ആവേഗം, അമർഷം, ചപലത, ഔഗ്ര്യം, ഗർവം, സ്വേദം, വിറ, രോമാഞ്ചം, ഗദ്ഗദം ഇത്യാദി വ്യഭിചാരിഭാവങ്ങൾ.

വീരരസം ഉത്തമന്മാരിലേ ഉണ്ടാവൂ. ഉത്സാഹമെന്ന സ്ഥായിഭാവമാണ് അതിന്റെ ആത്മാവ്. കൂസലില്ലായ്മ, മടിയില്ലായ്മ, നയം, വിനയം, ബലം, പരാക്രമം, ശക്തി, പ്രതാപം, പ്രഭാവം മതലായവ ഈ രസത്തിന്റെ വിഭാവങ്ങൾ. സ്ഥൈര്യം, ധൈര്യം, ശൗര്യം, ത്യാഗസന്നദ്ധത തുടങ്ങിയ അനുഭാവങ്ങളെക്കൊണ്ട് അഭിനയിക്കണം. ധൃതി (ധൈര്യം), മതി (നിശ്ചയം), ഗർവം, ആവേഗം, ഔഗ്ര്യം, അമർഷം, സ്മൃതി, രോമാഞ്ചം, വിബോധം മുതലായവ സഞ്ചാരിഭാവങ്ങൾ.

ഭയാനകരസം ഭയമെന്ന സ്ഥായിഭാവം ആത്മാവായിട്ടുള്ളതാണ്. വികൃതമായി ഗർജിക്കുന്ന ഹിംസ്രജന്തുക്കളെ കാണുക, കുറുക്കനെയോ കൂമനെയോ കണ്ടു പേടിച്ചു പരിഭ്രമിക്കുക, ശൂന്യമായ ഗൃഹത്തിലോ വനത്തിലോ ചെന്നുപെടുക, സ്വജനങ്ങളുടെ വധമോ ബന്ധനമോ കാണുകയോ അതേപ്പറ്റി കേൾക്കുകയോ അതോർമിക്കുകയോ ചെയ്യുക മുതലായ വിഭാവങ്ങളാലാണ് ഈ രസം ഉണ്ടാവുന്നത്. കൈയും കാലും വിറയ്ക്കുക, കണ്ണുകളിളകുക, രോമാഞ്ചമുണ്ടാവുക, മുഖം കറുക്കുക, സ്വരഭേദം സംഭവിക്കുക മുതലായ അനുഭാവങ്ങളെക്കൊണ്ടാണ് അതിന്റെ അഭിനയം. സ്തംഭ–സ്വേദ–ഗദ്ഗദ–രോമാഞ്ച–വേപഥു– സ്വരഭേദ–വൈവർണ്യ–ശങ്കാ–മോഹ–ദൈന്യ–ആവേഗ–ചാപല–ജാഡ്യ–ത്രാസ–അപസ്മാര–മരണാദികൾ വ്യഭിചാരിഭാവങ്ങൾ.

ബീഭത്സരസം ജുഗുപ്സ എന്ന സ്ഥായിഭാവം ജീവനായുള്ളതാണ്. അഹൃദ്യവും അപ്രിയവും അനിഷ്ടവും കേടു വന്നതുമായ വസ്തുക്കൾ കാണുകയോ അവയെപ്പറ്റി കേൾക്കുകയോ അവയുടെ ബോധമുണ്ടാവുകയോ അവയെപ്പറ്റി സംസാരിക്കേണ്ടിവരികയോ ചെയ്യുമ്പോൾ ഈ രസം ഉത്ഭവിക്കുന്നു. ശരീരമാകെ കോച്ചുക,

മുഖം കോട്ടുക, കാർക്കരിക്കുക, തുപ്പുക, ഓക്കാനിക്കുക മുതലായ അനുഭാവങ്ങളെക്കൊണ്ടാണ് അതഭിനയിക്കേണ്ടത്. അപസ്മാരം, ഉദ്വേഗം, ആവേഗം, മോഹം, വ്യാധി, മരണം തുടങ്ങിയവ വ്യഭിചാരിഭാവങ്ങൾ.

അത്ഭുതരസം വിസ്മയസ്ഥായിഭാവാത്മകമത്രേ. ദിവ്യജനങ്ങളെ കാണൽ, ആഗ്രഹം സാധിക്കൽ, ഉദ്യാനം ദേവാലയം തുടങ്ങിയവയിൽ ചെന്ന് സഭ മുതലായവ ദർശിക്കൽ, മായേന്ദ്രജാലങ്ങൾ കാണൽ തുടങ്ങിയവ അതിന്റെ വിഭാവങ്ങളും; കണ്ണു വട്ടംപിടിക്കുക, ഇമ വെട്ടാതെ നോക്കുക, രോമാഞ്ചം കണ്ണുനീർ വിയർപ്പ് എന്നിവ യുണ്ടാവുക, സന്തോഷിക്കുക, നന്നായെന്നു പറയുക, വാരിക്കോരി കൊടുക്കുക, പൊട്ടിച്ചിരിക്കുക, മുഖവും കൈയും വിരലും ചുറ്റുക, മുണ്ട് വീശുക മുതലാവ അനുഭാവങ്ങളും; അമ്പരപ്പ്, തൊണ്ടയിടർച്ച, രോമാഞ്ചം, ആവേഗം, സംഭ്രമം, ഹർഷം, ചാപല്യം, ഉന്മാദം, ധൃതി, ജഡത മുതലായവ സഞ്ചാരിഭാവങ്ങളും ആകുന്നു.

നിർവേദം അഥവാ ശമം സ്ഥായിഭാവമായിട്ടുള്ള രസം ശാന്തം. മിഥ്യയായി കല്പിക്കപ്പെടുന്ന ജഗത്തും മറ്റും ആലംബനവിഭാവം. തപോവനാദികൾ ഉദ്ദീപനവിഭാവം. പാമ്പായാലും മാലയായാലും ഒരുപോലെ എന്ന നില അനുഭാവം. മതി, ധൃതി, ഹർഷം മുതലായവ വ്യഭിചാരികൾ.

ഭക്തി, വാത്സല്യം മുതലായവയെയും പശ്ചാത്കാലികർ രസങ്ങളായി പരിഗണിച്ചിട്ടുണ്ട്.

ഇനി നമുക്ക് ഭാസനാടകങ്ങളിലെ രസനിരൂപണത്തിലേക്കു കടക്കാം.

*ബാലചരിത*ത്തിലെ പ്രധാനരസം വീരം. ദിവ്യായുധങ്ങൾ പ്രത്യക്ഷപ്പെടുന്നിടത്തും കൃഷ്ണന്റെ ചില അമാനുഷകൃത്യങ്ങൾ അവതരിപ്പിക്കുന്നിടത്തും അത്ഭുതവും, ദേവകിയുടെ വിലാപത്തിൽ കരുണവും, കംസന്റെ ദർശനങ്ങളും ഭൂകമ്പവും മറ്റും വർണിക്കുന്നിടങ്ങളിൽ രൗദ്രവും ഭയാനകവും, വൃദ്ധഗോപാലകരംഗത്തിൽ ഹാസ്യവും, നാരദൻ പ്രത്യക്ഷപ്പെടുന്ന സന്ദർഭത്തിലും മറ്റും ഭക്തിയും അംഗരസങ്ങൾ.

*മധ്യമവ്യായോഗ*ത്തിലെ അംഗി വീരരസം. മറ്റു രസങ്ങൾ അതിനെ പോഷിപ്പിക്കുന്നു. അങ്ങനെ, ബ്രാഹ്മണ–ഘടോൽക്കച സമാഗമത്തിൽ ഭയാനകവും കുടുംബത്തിനു മുഴുവൻ വേണ്ടി താൻ മരിക്കാൻ തയ്യാറാണെന്ന് ബ്രാഹ്മണകുടുംബത്തിലെ ഓരോ അംഗവും സന്നദ്ധത പ്രകടിപ്പിക്കുന്നിടത്ത് കരുണവും ഭീമ–ഘടോൽക്കചന്മാരുടെ സമാഗമത്തിലും യുദ്ധത്തിലും രൗദ്രവും മാന്ത്രികക്കയർ കൊണ്ട് ഭീമനെ കെട്ടുന്നിടത്ത് അത്ഭുതവും ഭീമൻ ഘടോൽക്കചനെ കാണുകയും സംസാരിക്കുകയും ചെയ്യുന്നിടത്ത് വാത്സല്യവും ഭീമ–ഹിഡിംബാസമാഗമത്തിൽ (സംഭോഗ)ശൃംഗാരവും അനുഭവപ്പെടുന്നു.

*പഞ്ചരാത്ര*ത്തിലെ അംഗിരസം പല വശങ്ങളിലൂടെ പ്രകടമാവുന്ന വീരം. അതായത് ദുര്യോധനനിൽ ധർമവീരം; ദ്രോണനിൽ ദയാവീരം; മറ്റെല്ലാ കഥാപാത്രങ്ങളിലും യുദ്ധവീരം. ഭീമനോടും ബൃഹന്നളയോടുമൊപ്പം അഭിമന്യു പ്രത്യക്ഷപ്പെടുന്ന രംഗത്തിൽ ഹാസ്യവും വാത്സല്യവും.

*ദൂതവാക്യ*ത്തിൽ വീരം മുഖ്യരസം. ദുര്യോധനനും വാസുദേവകൃഷ്ണനും തമ്മിലുള്ള വാഗ്വാദത്തിൽ ചിലേടത്ത് രൗദ്രവും ഹാസ്യവും, ദിവ്യായുധപ്രദർശനത്തിൽ അത്ഭുതം എന്നിവ അംഗരസങ്ങൾ.

*കർണഭാര*ത്തിൽ കരുണം അംഗി. പരശുരാമശാപകഥയിൽ രൗദ്രവും ശത്രുവർണനയിൽ വീരവും ബ്രാഹ്മണദർശനത്തിൽ ഭക്തിയും ഗോതുരംഗഗജാദിദാനവാക്യങ്ങളിൽ ദാനവീരവും അംഗരസങ്ങൾ.

*ഊരുഭംഗ*ത്തിൽ കരുണരസം പ്രധാനം. ഭീമ–ദുര്യോധനഗദായുദ്ധവർണനത്തിൽ വീരം, ബലദേവപ്രവേശത്തിൽ രൗദ്രഭയാനകങ്ങൾ, ധൃതരാഷ്ട്രനോടും ഗാന്ധാരിയോടുമുള്ള ദുര്യോധനവാക്യങ്ങളിൽ ഭക്തി, ദുർജയ–ദുര്യോധനസമാഗമത്തിൽ വാത്സല്യം അശ്വത്ഥാമപ്രവേശത്തിൽ വീരരൗദ്രഭയാനകങ്ങൾ എന്നിവ. ഈ രസങ്ങൾ അംഗിയായ കരുണത്തെ പോഷിപ്പിക്കുന്നു.

*ദൂതഘടോൽക്കച*ത്തിലെ പ്രധാനരസം കരുണം. ധൃതരാഷ്ട്രൻ, ഗാന്ധാരി, ദുശ്ശള എന്നീ കഥാപാത്രങ്ങളിലൂടെ ഇത് പ്രകടം. ഘടോൽക്കചപ്രവേശത്തിനുശേഷം വീരം വരുന്നു. എന്നാൽ എല്ലായിടത്തും കരുണമുണ്ട്.

*പ്രതിമ*യിലെ പ്രധാനരസം കരുണം കലർന്ന ധർമവീരമെന്ന് ഗണപതിശാസ്ത്രി. കരുണരസത്തിന് പ്രാധാന്യമെന്ന് പ്രൊഫ. ധ്രുവ. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ കരുണത്തെ പോഷിപ്പിക്കുന്ന രീതിയിലാണ് നാടകഭാഗങ്ങൾ. ദശരഥന്റെ മരണം ചിത്രീകരിച്ച ഉടനെ (രണ്ടാമങ്കാന്ത്യം) ഹാസ്യചിത്രണം (മൂന്നാമങ്കത്തിന്റെ പ്രവേശകം) വരുത്തിയത് അതുകൊണ്ടാവണം.

*അഭിഷേകനാടക*ത്തിലെ അംഗിരസം വീരം. യുദ്ധവീരമെന്നു തന്നെ പറയാം. സുഗ്രീവൻ, അംഗദൻ എന്നിവരുടെ വിലാപം; സീതയുടെ ദയനീയാവസ്ഥ എന്നിവ വർണിക്കുന്നിടത്ത് കരുണം.

വരുണൻ, അഗ്നി എന്നിവരുടെ പ്രവേശനത്തിലും അഗ്നിപരീക്ഷാ സന്ദർഭത്തിലും അത്ഭുതം. രാവണ–സീതാസമാഗമരംഗങ്ങളിൽ ഭയാനകം.

*പ്രതിജ്ഞായൗഗന്ധരായണ*ത്തിൽ പ്രധാനരസം വീരം. ഗണപതിശാസ്ത്രിയുടെ അഭിപ്രായത്തിൽ ഭേദവീരവും യുദ്ധവീരവും. മറ്റു രസങ്ങൾ അതിനെ പോഷിപ്പിക്കുന്നു. ഒന്നാമങ്കത്തിൽ അത്ഭുതവും രൗദ്രവും മൂന്നും നാലും അങ്കങ്ങളിൽ ഹാസ്യവും അങ്ങനെ വരുന്നവ. യൗഗന്ധരായണൻ രാജാവിന്റെ പ്രണയകാര്യത്തെ പിന്തുണയ്ക്കുന്നിടത്ത് വീര–ശൃംഗാരരസങ്ങൾ സമുചിതമായി സമ്മേളിക്കുന്നു.

*സ്വപ്നവാസവദത്ത*ത്തിൽ അംഗിരസം ശൃംഗാരം. പത്മാവതിയും വാസവദത്തയുമായി നായകനുള്ള ബന്ധത്തിൽ യഥാക്രമം സംഭോഗശൃംഗാരവും വിപ്രലംഭശൃംഗാരവും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. വാസവദത്തയുടെ വിഷമാവസ്ഥകളും രാജാവിനെക്കുറിച്ചുള്ള സ്മരണകളും കരുണരസത്തിന് നല്ല ഉദാഹരണങ്ങളാണ്. ഇവ ഏതാണ്ട് തുല്യനിലയിൽ നിന്നുകൊണ്ടുതന്നെ മുഖ്യരസത്തെ പോഷിപ്പിക്കുന്നുവെന്നു പറയാം.

*അവിമാരക*ത്തിൽ ശൃംഗാരം പ്രധാനരസം. കുരംഗിയും അവിമാരകനും തമ്മിലുള്ള വിരഹത്തിൽ വിപ്രലംഭശൃംഗാരം. നായികാ–നായകന്മാരുടെ ആത്മഹത്യാശ്രമം മുതലായവ വിവരിക്കുമ്പോൾ കരുണവും, വിദ്യാധരനുമായുള്ള അവിമാരകന്റെ സമാഗമത്തിലും അദ്ദേഹത്തിൽനിന്ന് അത്ഭുതമോതിരം കിട്ടുന്നതിലും അവിമാരകന്റെ ജനനം മുതലായവയിലും അത്ഭുതവും, കന്യാപുരത്തിലെത്തുന്നതിനു മുൻപ് അവിമാരകൻ നേരിടുന്ന വൈഷമ്യങ്ങൾ വർണിക്കുന്നിടത്ത് ഭയാനകവും അംഗരസങ്ങളായിനിന്നുകൊണ്ട് പ്രധാനരസത്തെ പോഷിപ്പിക്കുന്നു.

*ചാരുദത്ത*ത്തിൽ ചാരുദത്തനും വസന്തസേനയും തമ്മിലുള്ള പ്രണയം മുഖ്യം. സജ്ജലകനും മദനികയും തമ്മില്ലുള്ള പ്രേമം ഉപകഥ. ശൃംഗാരം പ്രധാനരസം. നായകന്റെ ദാരിദ്ര്യം, ശകാരനാൽ അനുധാവനം ചെയ്യപ്പെടുന്ന വസന്തസേനയുടെ വിഷമാവസ്ഥ, ചാരുദത്തന്റെ വിരഹം അനുഭവിക്കുന്ന വസന്തസേനയുടെ സ്ഥിതി എന്നിവ വിവരിക്കുന്ന രംഗങ്ങളിൽ കരുണവും വിപ്രലംഭവും. ഭവനഭേദനരംഗത്തിൽ അത്ഭുതം. ശകാരചിത്രണത്തിൽ ഹാസ്യം.

ഈ രസവിചാരത്തിൽനിന്ന് *ബാലചരിതം, മധ്യമവ്യായോഗം, പഞ്ചരാത്രം, ദൂതവാക്യം, അഭിഷകം, പ്രതിജ്ഞായൗഗന്ധരായണം* എന്നിവ വീരപ്രധാനവും *ദൂതഘടോൽക്കചം, കർണഭാരം, ഊരുഭംഗം, പ്രതിമ* എന്നിവ കരുണപ്രധാനവും *സ്വപ്നവാസവദത്തം, അവിമാരകം, ചാരുദത്തം* എന്നിവ ശൃംഗാരപ്രധാനവുമാണെന്നു കാണാം. ബീഭത്സമൊഴിച്ച് എല്ലാ രസങ്ങളും അംഗങ്ങളായി ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ബീഭത്സ–ശാന്തരസങ്ങൾ ഭാസകൃതികളി ലെങ്ങും ആവിഷ്കൃതമായി കാണുന്നില്ല. ബൗദ്ധ–ജൈനമതങ്ങളുടെ പ്രചാരം വിപുലമായതോടുകൂടിയാണ് ശാന്തരസം ആനിലയിൽ സാഹിത്യത്തിൽ അംഗീകരിക്കപ്പെട്ടുതുടങ്ങിയതെന്നു തോന്നുന്നു. ബീഭത്സം ശാന്തരസത്തിലേക്കുള്ള പാതകളിലൊന്നാണല്ലോ. ബൗദ്ധ–ജൈനമതങ്ങളുടെ സ്വാധീനം ഭാസനിൽ ഇല്ലെന്നു മാത്രമല്ല, ബ്രാഹ്മണമതത്തെയും വൈഷ്ണവഭക്തിയെയും ശക്തിപ്പെടുത്തിക്കൊണ്ട് ആ മതങ്ങളുടെ പ്രചാരത്തെ തടഞ്ഞുനിർത്താമെന്ന യാഥാസ്ഥിതികരുടെ ധാരണയാണ് ഭാസനെ പ്രചോദിപ്പിച്ചതെന്നും വിചാരിക്കാം.

ഭാസനാടകങ്ങളിലെ വിദൂഷകനെപ്പറ്റിയും രണ്ടു വാക്ക്: *ബാലചരിത*ത്തിലും രാമായണനാടകങ്ങളിലും മഹാഭാരതനാടകങ്ങളിലും വിദൂഷകനില്ല. എങ്കിലും അവയിൽ മിക്കതിലും ഹാസ്യരസം അംഗമായി ആവിഷ്കൃതമായിട്ടുണ്ട്. *പ്രതിജ്ഞായൗഗന്ധരായണ*ത്തിലെ വിദൂഷകൻ മിക്കവാറും യൗഗന്ധരായണനെപ്പോലെ ഗൗരവക്കാരൻതന്നെ. *സ്വപ്നവാസവദത്തം, അവിമാരകൻ, ചാരുദത്തം* എന്നീ നാടകങ്ങളിലാകട്ടെ, മറ്റു കഥാപാത്രങ്ങളിലൂടെയെന്നപോലെ വിദൂഷകനിലൂടെയും ഹാസ്യം ആവിഷ്കരിക്കപ്പെടുന്നു എന്നേയുള്ളു. *ചാരുദത്ത*ത്തിലെ ശകാരനും *പ്രതിജ്ഞായൗഗന്ധരായണ*ത്തിലെ ഗാത്രസേവകനുമാണ് വാസ്തവത്തിൽ ഭാസരൂപകങ്ങളിലെ രണ്ടു ഹാസ്യകഥാപാത്രങ്ങൾ. *സ്വപ്നവാസവദത്ത*ത്തിലെയും *അവിമാരക*ത്തിലെയും *ചാരുദത്ത*ത്തിലെയും വിദൂഷകന്മാർ നായകന്മാരെപ്പോലെ ഏറെക്കുറെ ഗൗരവമുള്ള കഥാപാത്രങ്ങളാണ്. പിൽക്കാല സംസ്കൃത നാടകങ്ങളിലെപ്പോലെ വിദൂഷകൻ ഹാസ്യകഥാപാത്രം മാത്രമാണെന്ന സങ്കല്പം ഭാസന്റെ കാലത്ത് വളർന്നു കഴിഞ്ഞിട്ടില്ല. എങ്കിലും ശൃംഗാരപ്രധാനമായ ആ മൂന്നു നാടകങ്ങളിലെ വസന്തകൻ, സന്തുഷ്ടൻ, മൈത്രേയൻ എന്നീ വിദൂഷകന്മാരിൽ പിൽക്കാലവിദൂഷകന്മാരുടെ ബീജാവാപം നടക്കുന്നതായി നിരീക്ഷിക്കാമെന്നു തോന്നുന്നു.

**മൂന്ന്, സാമൂഹ്യചിത്രം**

**1. ഭൂമിശാസ്ത്രപരമായ ജ്ഞാനം**

അംഗം, അവന്തി, ഉത്തരകുരു, കാംബോജം, കാശി, കുന്തിഭോ

ജം, കുരു, കുരുജാംഗലം, കോസലം, ഗാന്ധാരം, ജനസ്ഥാനം, ദക്ഷിണാപഥം, മഗധം, മത്സ്യം, മദ്രം, മിഥില, ലങ്ക, വംഗം, വത്സം, വിദേഹം, ശൂരസേനം, സൗരാഷ്ട്രം, സൗവീരം എന്നീ രാജ്യങ്ങൾ ഭാസനാടകങ്ങളിൽ പരാമർശിക്കപ്പെടുന്നു.

അയോധ്യ, അവന്തി, കാംപില്യം, കിഷ്കിന്ധ, കൗശാംബി, പാടലിപുത്രം, മഥുര, രാജഗൃഹം, ലങ്ക, വിരാടനഗരം, ശൃംഗിവേരപുരം, ഹസ്തിനാപുരം എന്നീ നഗരങ്ങളെപ്പറ്റിയും ഉദ്യാമകം, യൂപഗ്രാമം, നാഗവനം, മദയന്തിക, വേണുവനം, ലാവാണകം എന്നിങ്ങനെ അത്ര പ്രസിദ്ധമല്ലാത്ത സ്ഥലങ്ങളെപ്പറ്റിയും പ്രസ്താവമുണ്ട്.

ഈ കൃതികളിൽ പരാമർശിക്കപ്പെടുന്ന ക്രൗഞ്ചപർവതം, ത്രികൂടം, മന്ദരം, മലയഗിരി, മഹേന്ദ്രം, മേരു, വിന്ധ്യം, സുവേലം, ഹിമാലയം എന്നീ പർവതങ്ങളിൽ പലതും യഥാർഥവും ചിലത് സാങ്കല്പികവും ആകുന്നു.

ഗംഗ, നർമദ, യമുന എന്നിങ്ങനെ ചില പ്രസിദ്ധനദികളെ മാത്രമേ ഭാസൻ പരാമർശവിധേയമാക്കുന്നുള്ളൂ.

**2. വർണാശ്രമധർമങ്ങൾ**

**ജാതിവ്യവസ്ഥ**

ഭാസന്റെ കാലത്ത് ജാതിവ്യവസ്ഥ നില നിന്നിരുന്നു. നാലു ജാതികളെയും പ്രത്യേകം തിരിച്ചറിഞ്ഞിരുന്നു. ബ്രാഹ്മണൻ ഏറ്റവും മേലെ. ജന്മത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ജാതി; *ഋഗ്വേദ*ത്തിൽ കാണുന്നതു പോലെ, തൊഴിലിന്റെയോ ഗുണത്തിന്റെയോ അടിസ്ഥാനത്തിലല്ല. ബ്രാഹ്മണകുലത്തിൽ ജനിച്ചാലേ ബ്രാഹ്മണനാവൂ. ബ്രാഹ്മണർക്ക് ജനിച്ചവൻ ബ്രാഹ്മണൻ; ക്ഷത്രിയർക്ക് ജനിച്ചവൻ ക്ഷത്രിയൻ. മറ്റു ജാതികളിൽപെട്ടവരുമായുള്ള വിവാഹത്തെപ്പറ്റിയോ മിശ്രജാതിയെപ്പറ്റിയോ പ്രസ്താവമില്ല. മിശ്രജാതി അക്കാലത്ത് അജ്ഞാതമെന്ന് വിചാരിക്കാം. "ദ്വിജോ ഭവാൻ ക്ഷത്രിയവംശജാ വയം" (*പഞ്ചരാത്രം* 1. 25. ഭീഷ്മൻ ദ്രോണനോട്: അങ്ങ് ബ്രാഹ്മ ണനാണ്; ഞങ്ങൾ ക്ഷത്രിയ വംശത്തിൽ പിറന്നവരത്രേ.); "അസ്തി ഖലു ഭഗവതഃ ക്ഷത്രിയ വംശ്യൈഃ പൂർവവൈരം'' (*കർണഭാരം*, ശല്യവാക്യം. ഭഗവാൻ പരശുരാമന് ക്ഷത്രിയവംശത്തിൽ പിറന്നവരോട് മുൻപേ വിരോധമുണ്ടല്ലോ) മുതലായ പരാമർശങ്ങൾ നോക്കുക.

**ബ്രാഹ്മണർ** – ബ്രാഹ്മണരെപ്പറ്റി ധാരാളം പരാമർശങ്ങൾ ഭാസ നാടകങ്ങളിലുണ്ട്. അവർ ഏറ്റവും ബഹുമാനിക്കപ്പെടുന്ന വിഭാഗമാണ്. "യജ്ഞോപവീതേന ബ്രാഹ്മണഃ'' (*അവിമാരകം*, യജ്ഞോപവീതംകൊണ്ട് ബ്രാഹ്മണൻ). അന്നത്തെക്കാലത്ത് (യ

ജ്ഞോപവീതമാത്രപ്രാവാരകഃ – *ചാരുദത്തം* രണ്ടാമങ്കം. യജ്ഞോപവീതം മാത്രമായ പുതപ്പോടുകൂടിയവൻ) എന്ന വാക്യഭാഗത്തെ അതിന്റെ സൂചനയായി ചിലർ വ്യാഖ്യാനിക്കുന്നു. പ്രജകളിൽ പ്രഥമസ്ഥാനം ബ്രാഹ്മണർക്കാണ്. "ഗോബ്രാഹ്മണാദയ സ്തേന സുജുഷ്യന്തേ കില പ്രജാഃ" (*ബാലചരിതം*, 3. 16. ഗോക്കൾ, ബ്രാഹ്മണർ മുതലായ പ്രജകൾ ആ കംസനാൽ നിരന്തരം പീഡിപ്പിക്കപ്പെട്ടു); ''ബ്രാഹ്മണപുരോഗാസു സർവപ്രജാസു'' (*ബാലചരിതം*. ബ്രാഹ്മണൻ മുതലായ എല്ലാ പ്രജകളിലും): "ദ്വിജോത്തമാഃ പൂജ്യതമാഃ പൃഥിവ്യാം" (*മധ്യവ്യായോഗം*, 9. ഭൂമിയിൽ ബ്രാഹ്മണശ്രേഷ്ഠരാണ് ഏറ്റവും പൂജിക്കപ്പെടേണ്ടവർ); "പൂജ്യതമഃ ഖലു ബ്രാഹ്മണഃ" (*മധ്യമവ്യായോഗം*, ഏറ്റവും പൂജിക്കപ്പെടുന്നവ നാണല്ലോ ബ്രാഹ്മണൻ) മുതലായ ഭാഗങ്ങൾ നോക്കുക. മനുഷ്യരൂപത്തിലുള്ളദൈവമാണ് ബ്രാഹ്മ ണൻ (*പഞ്ചരാത്രം*, 1. 26, 27). അദ്ദേഹം പറയുന്ന വാക്കിന് വലിയ വില കല്പിക്കപ്പെടുന്നു. ബ്രാഹ്മണൻ കള്ളം പറയില്ല. "വൃദ്ധോസ്മി ബ്രാഹ്മണഃ ഖല്വഹം. ന മഹാസേനസമീപേനൃതമഭി ഹിതപൂർവം" (*പ്രതിജ്ഞായൗഗന്ധ രായണം* രണ്ടാമങ്കം. കാഞ്ചുകീയൻ – വൃദ്ധനായ ബ്രാഹ്മണനാണ് ഞാൻ. മഹാസേനന്റെ അരികിൽ ഞാൻ മുൻപ് കള്ളം പറഞ്ഞിട്ടില്ല.) "അനൃതം നാഭിഹിത പൂർവം മയാ" (*ബാലചരിതം*. മുൻപ് ഞാൻ കള്ളം പറഞ്ഞിട്ടില്ല). "ബ്രാഹ്മണേഷനു ത്തരാ വയം" (*പഞ്ചരാത്രം രണ്ടാമങ്കം*. അഭിമന്യു: ബ്രാഹ്മണരോട് നാം തർക്കിക്കാനില്ല); അവർ കള്ളം പറഞ്ഞാലും രാജാവുപോലും അത് സത്യമായി കരുതുന്നു. ദേവകിക്കുണ്ടാവുന്നത് പുത്രനാണെന്ന മധൂകശാപാന്തർഭൂതമായ വചനം ഇപ്പോൾ പുത്രീജന്മം കൊണ്ട് അനൃതമായി കാണുന്നു വെങ്കിലും ആ ബ്രാഹ്മണവചനത്തെ അനൃതമായിട്ടും ഞാൻ സത്യമായിട്ടാണ് കാണുന്നതെന്ന് അർഥം വരുന്ന "അഥവാ ബ്രാഹ്മണ വചനമനൃതമപി സത്യം പശ്യാമി" (*ബാലചരിതം* രണ്ടാമങ്കം). അഥവാ ബ്രാഹ്മണവചനത്തെ അനൃതമായിട്ടും ഞാൻ സത്യമായി കാണുന്നു) എന്ന കംസവാക്യം അദ്ദേഹത്തിന്റെ ബ്രാഹ്മണരെപ്പറ്റി യുള്ള ആദരാതിശയം വ്യക്തമാ ക്കുന്നു. പശ്യാമി എന്നതിന് ഞാൻ ദർശിക്കുന്നു എന്ന അർഥമെടുത്ത് ഇതൊരു മറിമായമാണെന്നും വാസ്തവത്തിൽ ദേവകിക്ക് പുത്രൻതന്നെയാണ് പിറന്നത് എന്ന് ഞാൻ അറിയുന്നു എന്നും അർഥം പറയുകയാണെങ്കിൽ കംസന്റെ ക്രാന്തദർശിത വ്യംഗ്യമായി കാണാം. വസുദേവനും ഇതേ കാര്യ ത്തെപ്പറ്റി ഇങ്ങനെയൊരു പ്രസ്താവന നടത്തുന്നുണ്ട്. "ബ്രാഹ്മണ വചനമനൃതമപി സത്യം പശ്യാമി'' (*ബാലചരിതം* ഒന്നാമങ്കം. ബ്രാഹ്മണരുടെ വാക്ക് അസത്യമാണെങ്കിലും ഞാൻ സത്യമായി കാ

ണുന്നു). ബ്രാഹ്മണരുടെ വാക്ക് അഥവാ അപേക്ഷ അനുസരിക്കുകയേ വഴിയുള്ളൂ. “ബ്രാഹ്മണവചനമിതി. മയാതിക്രാന്തപൂർവം” (*കർണഭാരം*. ബ്രാഹ്മണവചനമെന്നോ? ഞാൻ മുൻപ് അത് മറികടന്നിട്ടില്ല.)

ഇന്ദ്രൻ ബ്രാഹ്മണന്റെ രൂപത്തിൽ വന്ന് മഹത്തായ ഭിക്ഷ ചോദിക്കുമ്പോൾ, പടക്കളത്തിലേക്ക് പുറപ്പെടുകയാണെങ്കിലും, “ആഹൂയതാം സ വിപ്രഃ. ന ന. അഹമേവാഹ്വയാമി. ഭഗവന്നിത ഇതഃ.” (*കർണഭാരം*. ബ്രാഹ്മണനെ വിളിക്കൂ. അല്ലല്ല. ഞാൻതന്നെ വിളിക്കാം. ഭഗവാനേ, ഇതിലെ, ഇതിലെ.) എന്നു പറഞ്ഞ് അദ്ദേഹത്തെ സമീപിക്കുകയാണ് കർണൻ.

കവചകുണ്ഡലങ്ങൾ വാങ്ങി ഇന്ദ്രൻ തിരിച്ചുപോയ ഉടനെ ഒരു ദേവദൂതൻ ബ്രാഹ്മണവേഷമെടുത്ത് കർണനെ സമീപിച്ച്, “കവചകുണ്ഡലങ്ങൾ സ്വീകരിച്ചതിനാൽ പശ്ചാത്താപം തോന്നിയ ദേവേന്ദ്രൻ അങ്ങയെ അനുഗ്രഹിച്ചിരിക്കുന്നു. പാണ്ഡവന്മാരിലൊരാളെ കൊല്ലാനുള്ള വിഫലമാകാത്ത ആയുധമായ വിമല എന്നു പേരുള്ള ഈ വേൽ സ്വീകരിച്ചാലും” (കവചകുണ്ഡലഗ്രഹണാജ്ജനിതപശ്ചാത്താപേന പുരന്ദരേണാനുഗൃഹീതോസി. പാണ്ഡവേഷേകപുരുഷവധാർഥമമോഘമസ്ത്രം വിമലാ നാമ ശക്തിരിയം പ്രതിഗൃഹ്യതാം.) എന്ന് അറിയിച്ചപ്പോൾ, കർണൻ, “നിന്ദ്യം, കൊടുത്തതിന് ഞാൻ പകരം വാങ്ങില്ല” (ധിഗ്, ദത്തസ്യ ന പ്രതിഗൃഹ്ണാമി) എന്നാണ് പറഞ്ഞത്. “ബ്രാഹ്മണൻ പറഞ്ഞതു കൊണ്ട് സ്വീകരിക്കുമല്ലോ” (നനു ബ്രാഹ്മണവചനാദ് ഗൃഹ്യതാം) എന്ന് ദേവദൂതൻ പറഞ്ഞപ്പോൾ, “ബ്രാഹ്മണവചനമെന്നോ? ഞാൻ ഇന്നേവരെ അത് മറികടന്നിട്ടില്ല. എപ്പോഴാണ് ലഭിക്കുക?” (ബ്രാഹ്മണവചനമിതി. ന മയാതിക്രാന്തപൂർവം. കദാ ലഭേയ?) എന്നായിരുന്നു കർണന്റെ പ്രതികരണം. “അങ്ങ് സ്മരിക്കുമ്പോൾ കിട്ടും” (യദാ സ്മരസി തദാ ലഭസ്വ) എന്ന് ദേവദൂതന്റെ മറുപടി. അങ്ങനെയാണ് ശക്തി സ്വീകരിച്ചത്. കർണന്റെ ബ്രാഹ്മണഭക്തിയാണ് അദ്ദേഹത്തിന്റെ ഔദാര്യത്തിനു നിദാനം.

അശ്വത്ഥാമാവ് ബ്രാഹ്മണനായ തന്റെ വചനം കൊണ്ടുതന്നെ (വിപ്രോക്തൈർവചനൈഃ) ദുർജയനെ രാജാവായി അഭിഷേച്ച് തന്റെ കൃത്യം നിറവേറ്റാനൊരുങ്ങുന്നു (*ഊരുഭംഗം*)

രാജാ – ഇഷ്ടാ മഖാ ദ്വിജവരാശ്ച മയി പ്രസന്നാഃ
പ്രജ്ഞാപിതാ ഭയരസം സമദാ നരേന്ദ്രാഃ
ഏവംവിധസ്യ ന ച മേസ്തി മനഃപ്രഹർഷഃ
(*അവിമാരകം*, 1. 2. യജ്ഞങ്ങൾ ചെയ്തു; ബ്രാഹ്മണശ്രേഷ്ഠ

– .

ന്മാർ എന്നിൽ പ്രസന്നന്മാരായി; ഇങ്ങനെയുള്ള എനിക്ക്, എന്നിട്ടും, മനഃസന്തോഷമില്ല.) ബ്രാഹ്മണരുടെ പ്രസാദം എല്ലാ മനഃസന്തോഷ ത്തിനും കാരണമാകേണ്ടതാണെന്നു സൂചന. വസന്തസേന ആഗ്രഹിക്കുന്നത് വിദ്യാവിശേഷരമണീയനായ ഏതെങ്കിലും ബ്രാഹ്മണയുവാവിനെയാണോ എന്ന ചോദ്യത്തിന് അവളുടെ മറുപടി, “പൂജനീയഃ ഖലു സഃ?” (*ചാരുദത്തം* രണ്ടാമങ്കം. അദ്ദേഹം പൂജിക്ക പ്പെടേണ്ടവനാണല്ലോ) എന്നാണ്.

ബ്രാഹ്മണശാപം കുഴപ്പമുണ്ടാക്കുമെന്ന ധാരണ പ്രബലമായിരുന്നു. സൗവീരരാജാവും കുടുംബവും ചണ്ഡാലത്വം സ്വയമേവ സ്വീകരിച്ചത് ബ്രാഹ്മണശാപം കൊണ്ടായിരുന്നല്ലോ. (*അവിമാരകം*, 1. 11). *പ്രതിമ*യിൽ കൈകേയി എല്ലാ അപമാനവും കഷ്ടപ്പാടും സഹിക്കുന്നത് മഹർഷിശാപം ഫലവത്താക്കാനാണല്ലോ. “അപരിഹരണീയോ മഹർഷിശാപഃ” (*പ്രതിമ* ആറാമങ്കം. മഹർഷിശാപം ഒഴിവാക്കാവതല്ലല്ലോ) എന്നാണ് അവർ പറയുന്നത്.

ബ്രാഹ്മണരെ സ്വാഭാവികമായി ക്ഷത്രിയരുടെ ഗുരുക്കന്മാരായാണ് പരിഗണക്കുക. ഗുരു ദരിദ്രനാകുന്നത് ശിഷ്യന് അപമാനമത്രേ. ഗുരു തൃപ്തനല്ലെങ്കിൽ ധനവും യജ്ഞത്തിന്റെ ഗുണവുമെല്ലാം നിഷ്ഫലമായി പരിഗണിക്കപ്പെടും. *പഞ്ചരാത്ര*ത്തിൽ പ്രസ്താവിക്കുന്നു:

കിം തദ് ദ്രവ്യം കിം ഫലം കോ വിശേഷഃ
ക്ഷത്രാചാര്യോ യത്ര വിപ്രോ ദരിദ്രഃ (*പഞ്ചരാത്രം*, 1. 28)

ക്ഷത്രിയനായ ഒരു രാജാവിന് ഏറ്റവും അഭികാമ്യം എല്ലാം ബ്രാഹ്മണർക്ക് ദാനം ചെയ്യുകയും മക്കൾക്ക് തന്റെ വില്ല് മാത്രം കൊടുക്കുകയുമാണ് എന്നും അതിൽത്തന്നെ പറയുന്നു:

വിപ്രോത്സംഗേ വിത്തമാവർജ്യ സർവം
രാജ്ഞാ ദേയം ചാപമാത്രം സുതേഭ്യഃ (*പഞ്ചരാത്രം*, 1. 22).

തന്റെ ശരീരം ഒരു ബ്രാഹ്മണനെ രക്ഷിക്കുന്നതിനുവേണ്ടി ഉപേക്ഷിക്കുക എന്നത് വലിയൊരു കാര്യമായിട്ടാണ് ഗണിക്കപ്പെട്ടിരുന്നത്. *മധ്യമവ്യായോഗ*ത്തിൽ ഭീമൻ ഘടോൽക്കചനോട് പറയുന്നു: “മച്ഛരീരേണ ബ്രാഹ്മണശരീരം വിനിമാതുമിച്ഛാമി” ( എന്റെ ശരീരം കൊണ്ട് ബ്രാഹ്മണശരീരത്തെ വെച്ചുമാറ്റുവാൻ ഞാൻ ആഗ്രഹിക്കുന്നു). ബ്രാഹ്മണരെ ഊട്ടുന്നത് ദോഷശാന്തിക്ക് ഉത്തമമെന്നു വിശ്വസിക്കപ്പെട്ടിരുന്നു. “ഭർതുഃ ശാന്തിനിമിത്തം ഉപസ്ഥിതഭോജനം ബ്രാഹ്മണജനം” (*പ്രതിജ്ഞായൗഗന്ധരായണം* ഒന്നാമങ്കം. രാജാവിന്റെ നന്മയ്ക്കുവേണ്ടി ഊണിനു വന്നെത്തിയ ബ്രാഹ്മണരെ); “ഇച്ഛേയമസ്മാദൃശജനയോഗ്യം കഞ്ചിദ് ബ്രാഹ്മണം നിമന്ത്രയിതും”;

(*ചാരുദത്തം* ഒന്നാമങ്കം. ഞാൻ നമ്മെപ്പോലുള്ളവർക്കു യോജിച്ച ബ്രാഹ്മണനെ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു); "സർവസാരവിഭവേന ബ്രാഹ്മണേന സ്വസ്തി വാചയിതവ്യമിതി" (*ചാരുദത്തം* മൂന്നാമങ്കത്തിൽ ചാരുദത്തന്റെ ഭാര്യയായ ബ്രാഹ്മണി പറയുന്നു: ഏറ്റവും മൂല്യവത്തായ ഒരു വിഭവം കൊണ്ട് ഒരു ബ്രാഹ്മണനെ സന്തോഷിപ്പിച്ച് അനുഗ്രഹം വാങ്ങണമെന്ന്) മുതലായ പരാമർശങ്ങൾ നോക്കുക. കംസൻ വിചാരിക്കുന്നു: ''കരോമി വിപുലാം ശാന്തിം മമ ശാന്തിർഭവിഷ്യതി" (*ബാലചരിതം,* 2. 25. ൃഞാൻ വിപുലമായ ശാന്തി കർമം ചെയ്യുകയാണ്. എനിക്ക് ശാന്തി ലഭിക്കും.)

ബ്രാഹ്മണരുടെ ഔന്നത്യം സ്വാഭാവികമായും അവരുടെ അനുഷ്ഠാനങ്ങൾക്കും ദക്ഷിണകളുടെ പ്രശംസയ്ക്കും പ്രചാരമുണ്ടാക്കുന്നു. രത്നഷഷ്ഠി, കാലാഷ്ടമി, ചതുർദശി എന്നീ ഉത്സവങ്ങളിൽ ബ്രാഹ്മണർക്ക് ദക്ഷിണയും സമൃദ്ധമായ സദ്യയും പ്രധാനഘടകമായിരുന്നു. "ഘൃതം ഗുഡോ ദധി തണ്ഡുലാശ്ച സർവമസ്തി. അപി ച ദക്ഷിണാമാഷകാ ഭവിഷ്യന്തി." (*ചാരുദത്തം* ഒന്നാമങ്കം. നെയ്യ്, വെല്ലം, തൈർശാതം – എല്ലാമുണ്ട്. മാത്രമല്ല, സുവർണനാണയ ദക്ഷിണയുമുണ്ടാവും.) ഒരു സാഹചര്യത്തിലും എന്തു തെറ്റു ചെയ്താലും ബ്രാഹ്മണരെ വധിക്കരുത്. "സർവാപരാധേവധ്യത്വാന്മുച്യതാം ദ്വിജസത്തമഃ" (*മധ്യമവ്യായോഗം,* 34. ഏതു കുറ്റം ചെയ്താലും കൊല്ലരുതെന്നതു കൊണ്ട് ബ്രാഹ്മണശ്രേഷ്ഠനെ വിട്ടയച്ചാലും.) കൊല്ലരുതെന്നു മാത്രമല്ല, വിട്ടയയ്ക്കണമെന്നു കൂടിയാണ് ഭീമൻ ഇവിടെ പറയുന്നത്.

ഭാസന്റെ കാലത്ത് ബ്രാഹ്മണർ വേദങ്ങളിലും വേദാംഗങ്ങളിലും ധർമശാസ്ത്രങ്ങളിലും അർഥശാസ്ത്രത്തിലും യോഗശാസ്ത്രത്തിലും ന്യായശാസ്ത്രത്തിലും ശ്രാദ്ധകല്പത്തിലുമെല്ലാം പ്രവീണരായിരുന്നു. ബ്രാഹ്മണവേഷധാരിയായ രാവണൻ പറയുന്നു: "ബ്രാഹ്മണസമുദാചാരമനുഷ്ഠാസ്യാമി. . . സാംഗോപാംഗം വേദമധീയേ, മാനവീയം ധർമശാസ്ത്രം, മാഹേശ്വരം യോഗശാസ്ത്രം, ബാർഹസ്പത്യമർഥശാസ്ത്രം, മേധാതിഥേർ ന്യായശാസ്ത്രം, പ്രാചേതസം ശ്രാദ്ധകല്പം ച.'' (*പ്രതിമ* ആറാമങ്കം. ഞാൻ ബ്രാഹ്മണാചാരം അനുഷ്ഠിക്കുന്നു. . . . അംഗോപാംഗ ങ്ങളോടുകൂടി വേദം അധ്യയനം ചെയ്യുന്നു. മാനവധർമശാസ്ത്രം, മഹേശ്വരന്റെ യോഗശാസ്ത്രം, ബൃഹസ്പതിയുടെ അർഥശാസ്ത്രം, മേധാതിഥിയുടെ ന്യായശാസ്ത്രം, പ്രചേതസ്സിന്റെ ശ്രാദ്ധകല്പം എന്നിവ...) ഇത്രയൊക്കെയായിട്ടും വേദങ്ങളുടെ ശബ്ദവും അർഥവും ഒരു പോലെ അറിയുന്നവരല്ല മിക്ക ബ്രാഹ്മണരും എന്നത് ശ്രദ്ധേയമാണ്.

ഏവ, തേഷാമർഥോപി ജ്ഞാതഃ. അന്യച്ച. അപരോ വിശേഷഃ. ബ്രാഹ്മണോ ദുർലഭോക്ഷരജ്ഞോർഥജ്ഞശ്ച.'' (*അവിമാരകം* രണ്ടാമങ്കം. ശ്ലോകങ്ങൾ മാത്രമല്ല, അവയുടെ അർഥവും അറിഞ്ഞിരിക്കുന്നു. മറ്റൊന്നുകൂടി. മറ്റൊരു വിശേഷം – അക്ഷരവും അർഥവും അറിയുന്ന ബ്രാഹ്മണൻ ചുരുക്കമായേ ഉള്ളൂ.) എന്ന വിദൂഷകവാക്യം ശ്രദ്ധേയം. ഇത് വിദൂഷകൻ പറയുന്നതാകയാൽ മുഖവിലയ്ക്കെടു ക്കുന്നത് ശരിയല്ലെങ്കിലും ഇന്നത്തെപ്പോലെ അന്നും വേദം അർഥ മറിയാതെ ഉരുവിട്ടുനടക്കുന്ന ബ്രാഹ്മണരുണ്ടായിരുന്നു എന്നു വ്യക്തം.

ചേടി വിദൂഷകനോട് നാമമുദ്ര കാണിച്ച് "തേന ഹി ഭണ കിന്നാമൈതദക്ഷരം?'' (എന്നാൽ പറയൂ, ഇതേതക്ഷരമാണ്?) എന്നു ചോദിക്കുന്നു.

വിദൂഷകൻ അവിമാരകനോട്: "ത്വം താവദാമന്ത്രണവിപ്രലബ്ധ ഇവ ബ്രാഹ്മണോഹോരാത്രം ചിന്തയസി. അഹമപി താവദ് ദിവസേ നഗരം പരിഭ്രമ്യാലബ്ധഭോഗാ പ്രാകൃതഗണികേവ രാത്രൗ പാർശ്വതഃ ശയിതുമാഗച്ഛാമി.'' (*അവിമാരകം* രണ്ടാമങ്കം. താങ്കൾ ഊണിന് ക്ഷണം കിട്ടി വഞ്ചിക്കപ്പെട്ട ബ്രാഹ്മണനെപ്പോലെ രാപ്പകൽ ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഞാനും പകൽ പട്ടണത്തിലെങ്ങും ചുറ്റി നടന്ന് ഒന്നും അനുഭവിക്കാൻ കഴിയാതെ പ്രാകൃതവേശ്യയെപ്പോലെ രാത്രി അടുത്തുവന്ന് കിടന്നുറങ്ങുന്നു.)

**ക്ഷത്രിയർ** – ബ്രാഹ്മണർ കഴിഞ്ഞാൽ ക്ഷത്രിയരാണ് ഏറ്റവും ആദരണീയർ. അവർ ബ്രാഹ്മണരെ ബഹുമാനിക്കുകയും അവരെ ഏറ്റവും ഉന്നതരായി കണക്കാക്കുകയും ചെയ്തിരുന്നു. പ്രജാപാലനമായിരുന്നു ക്ഷത്രിയരാജാക്കന്മാരുടെ മുഖ്യധർമം. "തസ്മാത് പ്രജാപാലനമാത്രബുധ്യാ'' (*കർണഭാരം.* അതുകൊണ്ട് പ്രജകളെ രക്ഷിക്കുക എന്നു മാത്രം ചിന്തിച്ചുകൊണ്ട്) എന്ന ഭാഗം നോക്കുക. മനുഷ്യരെ മുഴുവൻ രക്ഷിക്കുന്നവരായതുകൊണ്ട് എല്ലാവരെയും അവർ മക്കളായി പരിഗണിച്ചു. "സർവാഃ പ്രജാഃ ക്ഷത്രിയാണാം പുത്രശബ്ദേനാഭിധീയന്തേ" (എല്ലാ പ്രജകളും ക്ഷത്രിയന്മാരുടെ പുത്രന്മാരാണെന്നു പറയപ്പെടുന്നു) എന്ന *മധ്യമവ്യായോഗ*വാക്യം ഇവിടെ സ്മരണീയം. യുദ്ധത്തിലും ധനുർവേദത്തിലുമാണ് ക്ഷത്രിയരുടെ വീര്യം നിലനിന്നിരുന്നത്. "ബാണാധീനാ ക്ഷത്രിയാണാം സമൃദ്ധിഃ" (*പഞ്ചരാത്രം,* 1. 24. യുദ്ധവീര്യത്തിന്നധീനമാണ് അവരുടെ ഐശ്വര്യം). യജ്ഞങ്ങളനുഷ്ഠിക്കുകയും ബ്രാഹ്മണരെ സംരക്ഷിക്കുകയും ചെയ്യുകയാണവരുടെ കർത്തവ്യം. "യജ്ഞേന ഭോജയ, മഹീം ജയ വിക്രമേണ" *(പഞ്ചരാത്രം,* 1. 20. ബ്രാഹ്മണരെ

യജ്ഞംകൊണ്ട് ഊട്ടുക; വിക്രമംകൊണ്ട് ഭൂമി ജയിക്കുക) യജ്ഞമനുഷ്ഠിച്ചവർ മരിച്ചാലും ആ യശസ്സുകൊണ്ട് ജീവിക്കുമെന്ന് അതേ നാടകത്തിൽ പറയുന്നു: "നഷ്ടാഃ ശരീരൈഃ ക്രതുഭിർ ധരന്തേ" (*പഞ്ചരാത്രം,* 1. 25 ഡി. നഷ്ടമായ ശരീരങ്ങളെ യജ്ഞങ്ങൾ കൊണ്ട് നിലനിർത്തുന്നു) യജ്ഞങ്ങൾ കൊണ്ടാണ് ഇക്ഷ്വാകു, ശര്യാതി, യയാതി, രാമൻ, മാന്ധാതാവ്, നാഭാഗൻ, നൃഗൻ, അംബരീഷൻ എന്നിവർ യശസ്വികളായി നില കൊള്ളുന്നത് എന്ന് അതേ ശ്ലോകത്തിൽ സ്മരിക്കുന്നു.

സംജ്ഞാനാമത്തോടൊപ്പം ചില ബിരുദങ്ങൾകൂടിച്ചേർത്താണ് ക്ഷത്രിയരെ സാധാരണജനങ്ങൾ സംബോധന ചെയ്തിരുന്നതെന്നു തോന്നുന്നു. *പഞ്ചരാത്ര*ത്തിലെ അഭിമന്യുവിന്റെ വാക്കുകൾ ഈ സമ്പ്രദായം സൂചിപ്പിക്കുന്നുവോ എന്നു സംശയമുണ്ട്. താഴ്ന്ന ജാതിക്കാർ പോലും ക്ഷത്രിയകുടുംബാംഗങ്ങളെ പേർ പറഞ്ഞ് സംബോധന ചെയ്യുന്നതിൽ അവൻ അത്ഭുതം പ്രകടിപ്പിക്കുന്നതു നോക്കുക: "നീചൈരപ്യഭിഭാഷ്യന്തേ നാമഭിഃ ക്ഷത്രിയാന്വയാഃ" (2. 47)

ക്ഷത്രിയരും ബ്രാഹ്മണരും തമ്മിൽ എന്തെങ്കിലും വിരോധമോ ഏറ്റുമുട്ടലോ ഉണ്ടായതിന്റെ സൂചനയൊന്നും ഭാസനാടകങ്ങളിൽ കാണുന്നില്ല.

**വൈശ്യർ** – *ചാരുദത്ത*ത്തിൽ വൈശ്യർ ആനുഷംഗികമായി പരാമർശിക്കപ്പെടുന്നതേയുള്ളൂ. വ്യാപാരത്തിനുവേണ്ടി വിദേശരാജ്യങ്ങളിൽ സഞ്ചരിക്കുന്ന അവർ കള്ളന്മാരെ പേടിച്ച് വളഞ്ഞ വഴികളിലൂടെയും മറ്റും യാത്ര ചെയ്യുന്നു. "വണിഗ്ദാരകഃ കശ്ചിദാഗന്തുകഃ" (*ചാരുദത്തം* രണ്ടാമങ്കം. പുറമെനിന്നു വന്ന ഏതോ കച്ചവടക്കാരന്റെ മകൻ ആയിരിക്കണം). "ഭീത്യാ ഉത്പഥപ്രവൃത്ത ഇവ വണിക്" (ഭയത്താൽ നേർവഴി തെറ്റി സഞ്ചരിക്കുന്ന കച്ചവടക്കാരനെപ്പോലെ) എന്നും "വിക്രീതഭാണ്ഡ ഇവ വണിക്" (ചരക്കു വിറ്റുതീർന്ന കച്ചവട ക്കാരനെപ്പോലെ) എന്നും അതേ നാടകം മൂന്നാമങ്കത്തിൽ രണ്ടിടത്ത് വണിക്ക് ഉപമാനമായും വരുന്നു. *ബാലചരിത*ത്തിലും *പഞ്ചരാത്ര* ത്തിലും കന്നുകാലിവളർത്തലുകാരുടെ ജീവിതത്തിന്റെ സൂചനക ളുണ്ട് (*ബാലചരിതം* മൂന്നാമങ്കവും *പഞ്ചരാത്രം* രണ്ടാമങ്കവും കാണുക). ഗോപർക്ക് ഗോക്കൾ അമ്മമാരും ദൈവങ്ങളുമാണ്. രാവിലെ എഴുന്നേറ്റയുടനെയുള്ള ഒന്നാമത്തെ കൃത്യം ഗോമാതാക്ക ളെ വന്ദിക്കുകയാണ്. ഗോക്കൾക്ക് ശാന്തിയും ആശിസ്സുകളും ലഭിക്ക ട്ടെ എന്നാണവരുടെ പ്രാർഥന. "ശാന്തിർഭവതു ശാന്തിർഭവതു അസ്മാകം ഗോധനസ്യ ച" (*ബാലചരിതം* മൂന്നാമങ്കം, *പഞ്ചരാത്രം* രണ്ടാമങ്കം. നമുക്കും ഗോധനത്തിനും ശാന്തി ഭവിക്കട്ടെ, ശാന്തി ഭവിക്കട്ടെ) നിത്യവും സൂര്യൻ ഉദിക്കുന്നതിനു മുൻപുതന്നെ ജഗന്മാതാക്കളും അമൃതപൂർണകളുമായ ഗോക്കളെ സർവാദരത്തോടുകൂടി തല കുനിച്ചു വന്ദിക്കുക ഗോപാലന്മാരുടെ പതിവാണെന്നാണ് വൃദ്ധഗോപാലകൻ *ബാലചരിത*ത്തിൽ പറയുന്നത്:

അനുദിതമാത്രേ സൂര്യേ പ്രണമത സർവാദരേണ ശീർഷേണ
നിത്യം ജഗന്മാതൄണാം ഗവാമമൃതപൂർണാനാം (3. 1)
ഗോബ്രാഹ്മണാദയസ്തേന സുജൂഷ്യന്തേ കില പ്രജാഃ;
അദ്യപ്രഭൃതി ശാന്താത്മാ നിഷ്പ്രഭഃ സ ഭവിഷ്യതി.

(*ബാലചരിതം*, 3. 16. ഗോക്കളും ബ്രാഹ്മണരും മറ്റുമായ പ്രജകൾ അവനാൽ – കാളിയനാൽ – പീഡിപ്പിക്കപ്പെടുന്നുണ്ടല്ലോ. ഇന്നു മുതൽക്ക് അവൻ ശാന്താത്മാവായും നിഷ്പ്രഭനായും ഭവിക്കുന്നതാണ്) എന്നത്രേ ദാമോദരന്റെ വിധിപ്രസ്താവന.

അദ്ദേഹത്തിന്റെ കാളിയനോടുള്ള ഉപദേശം, അന്നു മുതൽ ഗോക്കൾ ബ്രാഹ്മണർ മുതലായ പ്രജകളോട് അശ്രദ്ധമായി പ്രവർത്തിക്കരുതെന്നത്രേ (അദ്യപ്രഭൃതി ഗോബ്രാഹ്മണപുരോഗാസു സർവപ്രജാസു അപ്രമാദഃ കർത്തവ്യഃ – *ബാലചരിതം* നാലാമങ്കം) കാളിയമർദനത്തിനുശേഷം സങ്കർഷണൻ പറയുന്നത്, ഗോക്കളുടെയും ബ്രാഹ്മണരുടെയും ഹിതം നടപ്പിലായി എന്നാകുന്നു (ഗോബ്രാഹ്മണഹിതം കൃതം – *ബാലചരിതം* നാലാമങ്കം)

വിവിധവ്യാപാരങ്ങളിൽ മുഴുകുന്നവരിൽ പൂക്കൾ വിൽക്കുന്നവരും ചിത്രകാരന്മാരും അലക്കുകാരും സംവാഹകന്മാരും ഉൾപ്പെടുമെന്ന് പല നാടകങ്ങളിലായുള്ള പരാമർശങ്ങൾ സൂചിപ്പിക്കുന്നു.

**ശൂദ്രർ** – *പ്രതിമ*യിലും *പഞ്ചരാത്ര*ത്തിലും ശൂദ്രരുടെ പരാമർശമുണ്ട്. അസ്പൃശ്യത, ചുരുങ്ങിയത് മതപരമായ കർമങ്ങളിലെങ്കിലും, അന്ന് നിലവിലിരുന്നതായി തോന്നുന്നു. വേദം പഠിക്കുന്നതും മന്ത്രമുരു വിടുന്നതും ശൂദ്രനു നിഷിദ്ധമായിരുന്നു. മന്ത്രം ചൊല്ലാതെയാണ് അവർ ദേവതാനമസ്കാരം ചെയ്യുക. "വാർഷലസ്തു പ്രണാമഃ സ്യാദമന്ത്രാർച്ചിതദൈവതഃ" (*പ്രതിമ,* 3. 5. ശൂദ്രരുടെ ദേവതാനമസ്കാരം മന്ത്രംകൊണ്ട് അർച്ചിക്കാതെയത്രേ); വിശുദ്ധമായ അഗ്നി ലൗകികമായ അഗ്നിയെ, ബ്രാഹ്മണൻ ശൂദ്രനെ യെന്നപോലെയാണത്രേ അകറ്റിനിർത്തുന്നത്! "ചൈത്യാഗ്നിർലൗകികാഗ്നിം ദ്വിജ ഇവ വൃഷലം പാർശ്വേ ന സഹതേ" (*പഞ്ചരാത്രം*, 1. 6). അനുലോമ–പ്രതിലോമവിവാഹങ്ങളെപ്പറ്റി പരാമർശമുണ്ടെങ്കിലും മിശ്രവിവാഹത്തെക്കുറിച്ചോ മിശ്രജാതികളെക്കുറിച്ചോ ഭാസകൃതികളിൽ സൂചനയൊന്നുമില്ല.

**ചണ്ഡാലർ** – ചണ്ഡാലരെക്കുറിച്ച് പറയുന്നുണ്ട്. അവർ ചാതുർവർണ്യത്തിനു പുറത്തുള്ളവരാണ്. അവർ കൊട്ടരം പോലുള്ള സ്ഥലങ്ങളിൽ കടക്കുന്നത് ദുശ്ശകുനമാണെന്നായിരുന്നു വിശ്വാസം. *ബാലചരിതം* രണ്ടാമങ്കത്തിൽ കംസൻ പ്രതീഹാരിയോട്, "ചണ്ഡാലികൾ കൊട്ടാരത്തിൽ പ്രവേശിക്കുന്നത് നീ കണ്ടില്ലേ?" (കിം ത്വയാ മാതംഗീജനപ്രവേശോ ന ദൃഷ്ടഃ?) എന്നു ചോദിക്കുന്നുണ്ട്. ഇതുപോലുള്ള ദുശ്ശകുനങ്ങൾ കംസനു മാത്രമേ ദൃശ്യമാകുന്നുള്ളൂ എന്നതുകൊണ്ടാണ് ഈ ചോദ്യം. *ചാരുദത്ത*ത്തിൽ വണിക്ക് ബ്രാഹ്മണനിൽനിന്നും ക്ഷത്രിയനിൽ നിന്നും വ്യത്യസ്തനെന്നു പരാമർശിക്കുന്നു; വൃഷലൻ (ശൂദ്രൻ) *പ്രതിമ*(3. 5)യിലും *പഞ്ചരാത്ര*ത്തിലും (1. 6) സൂചിപ്പിക്കപ്പെടുന്നു. വർണവ്യവസ്ഥയിൽപെടുന്നവർക്ക് ചണ്ഡാലരുടെ ദർശനം പോലും അശുദ്ധിയുളവാക്കും. നഗരങ്ങൾക്കു വെളിയിൽ, ശ്മശാനങ്ങൾക്കുമപ്പുറത്താണ്, അവരുടെ താമസം. *അവിമാരകം, പഞ്ചരാത്രം, ബാലചരിതം* (2. 5) എന്നിവ നോക്കുക. "പാഷണ്ഡചണ്ഡാലാനാം ശ്മശാനാന്തേ വാസഃ" (പാഷണ്ഡർക്കും ചണ്ഡാലർക്കും ശ്മശാനത്തിന്റെ അപ്പുറത്താണ് വാസം) എന്ന *അർഥശാസ്ത്ര* (2. 25)നിയമം ആ ഗ്രന്ഥത്തിനുമുൻപേ നിലവിലുണ്ടായിരിക്കണം. അനുകമ്പ, ദയ, നല്ല വാക്ക്, ഭംഗിയുള്ള രൂപം, വീര്യം, ബലം – ഇതൊന്നുമില്ലാത്തവരെന്ന നിലയിൽ അവർ വീക്ഷിക്കപ്പെട്ടുപോന്നു,

വിവിധജാതികൾ തമ്മിലുള്ള ബന്ധങ്ങളിൽ അസ്വാരസ്യമൊന്നുമുണ്ടായിരുന്നില്ലെന്നാണ് ഭാസകൃതികളിൽനിന്ന് വെളിവാകുന്നത്. ഇന്ന ജാതിക്ക് ഇന്ന തൊഴിൽ എന്നു കൃത്യമായി പാലിക്കപ്പെട്ടിരുന്നില്ലെന്നു തോന്നുന്നു. നായകനായ ബ്രാഹ്മണയുവാവ് വ്യാപാരത്തിലേർപ്പെടുന്നതായി നാം *ചാരുദത്ത*ത്തിൽ കാണുന്നു. *ചാരുദത്ത*ത്തിൽ ത്തന്നെ മറ്റൊരു ബ്രാഹ്മണയുവാവ് – സജ്ജലകൻ – വസന്തസേന യുടെ ചേടിയായ മദനികയെ പ്രേമിക്കുകയും അടിമയായ അവളെ മോചിപ്പിക്കാൻ ധനം സമ്പാദിക്കുന്നതിന് ഭവനഭേദനത്തിലും കവർച്ച യിലും ഏർപ്പെടുകയും ചെയ്യുന്നതായി കാണുന്നു.

വൈദികബ്രാഹ്മണനെ മാത്രമേ ഭോജനാർഥം ക്ഷണിക്കുകയുള്ളൂ, ശ്രമണന്മാരെ (ബൗദ്ധ–ജൈനഭിക്ഷുക്കളെ) ബഹുമാനിച്ചിരുന്നില്ലെന്നു തോന്നും. *അവിമാരക*ത്തിൽ (രണ്ടാമങ്കം) "ബ്രാഹ്മണനെക്കൊണ്ടെന്തു കാര്യം?" എന്നു വിദൂഷകൻ ചോദിക്കുമ്പോൾ "മറ്റെന്ത്, ഊണിനു ക്ഷണിക്കാൻ" എന്നു ചേടി മറുപടി പറയുന്നതും "അഹം കഃ ശ്രമണകഃ? " (ഞാനൊരു ബൗദ്ധനാണോ?) എന്ന് വിദൂഷകൻ തന്നെപ്പറ്റി ചോദിക്കുന്നതും "താങ്കൾ അവൈദികനാണല്ലോ" എന്ന അവളുടെ അഭിപ്രായവും ഇതാണല്ലോ സൂചിപ്പിക്കുന്നത്?

ബുദ്ധമതത്തിന്റെ മുന്നേറ്റം ജാതിവ്യവസ്ഥയെ ബാധിച്ചതായി തോന്നുന്നില്ല. ബ്രാഹ്മണരുടെ മേന്മ അംഗീകരിക്കപ്പെടുകയും ബൗദ്ധ–ജൈനമതങ്ങൾ പൊതുവിൽ സ്വീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യചിത്രമാണ് നാം സാമാന്യമായി ഭാസനാടകങ്ങളിൽ കാണുന്നത്.

**നാല് ആശ്രമങ്ങൾ**: ഉപനയനത്തെത്തുടർന്ന് ബ്രഹ്മചാരി ഗുരുവിന്റെ അടുത്ത് വേദങ്ങൾ പഠിക്കുന്നു. എല്ലാ ഉത്തരവാദിത്തങ്ങളും പിന്നെ ഗുരുവിനാണ്. ദ്രോണൻ പറയുന്നു:

അതീത്യ ബന്ധൂനവലംഘ്യ മിത്രാ–
ണ്യാചാര്യമാഗച്ഛതി ശിഷ്യദോഷഃ
ബാലം ഹ്യപത്യം ഗുരവേ പ്രദാതുർ–
നൈവാപരാധോസ്തി പിതുർന മാതുഃ.

(*പഞ്ചരാത്രം*, 1. 21. ശിഷ്യന്റെ ദോഷം ബന്ധുക്കളെ മറികടന്നും സുഹൃത്തുക്കളെ വകവെക്കാതെയും ഗുരുവിന്റെ അരികിലേക്കു വരു ന്നു. സന്തതിയെ ബാല്യത്തിലേ ഗുരുവിനു കൊടുക്കുന്നതിനാൽ അച്ഛ നോ അമ്മയ്ക്കോ കുറ്റമില്ല.). ഗുരുവിന്റെ ഗാർഹികജോലികൾ വരെ ശിഷ്യൻ ചെയ്യാറുണ്ടായിരുന്നുവെന്നത്രേ, ''കദാചിത് ഫലമൂലസമിത് കുശാഹരണായ ഗതവതാ ഗുരുണാ സഹാനുഗതോസ്മി" (*കർണഭാരം*. ചിലപ്പോൾ ഫലമൂലങ്ങളും ചമതയും ദർഭയും കൊണ്ടുവരുന്നതിന് പോകുന്ന ഗുരുവിനെ ഞാൻ അനുഗമിക്കുന്നു) എന്ന കർണന്റെ വാക്യത്തിൽനിന്നു മനസ്സിലാവുന്നത്. അഷ്ടമീദിനത്തിൽ വേദാധ്യയനമില്ലെന്ന് *ചാരുദത്ത*ത്തിൽ നിന്നൂഹിക്കാം, സമാവർത്തനദിനം വളരെ സന്തോഷത്തോടു കൂടിയാണ് ബ്രഹ്മചാരികൾ കാത്തിരുന്നത് (*അവിമാരകം* നാലാമങ്കം. വിദൂഷകവാക്യം: കൃതസമാവർത്തോ വടുക ഇവ ത്വരസേ? – സമാവർത്തനം കഴിഞ്ഞ ബ്രഹ്മചാരിയെപ്പോ ലെ ബദ്ധപ്പെടുന്നത്?). അസാധാരണസംഭവങ്ങളൊന്നുമുണ്ടാ യില്ലെങ്കിൽ ബ്രഹ്മചാരി ഗുരുകുലത്തിൽത്തന്നെ വസിക്കും (*സ്വപ്നവാസവദത്തം* ഒന്നാമങ്കം. യദ്യനവസിതാ വിദ്യാ, കിമാഗമന പ്രയോജനം? – വിദ്യാഭ്യാസം കഴിഞ്ഞിട്ടില്ലെങ്കിൽ, എന്താണ് ഇങ്ങോട്ടു വന്നതിന്റെ ഉദ്ദേശ്യം?) എന്ന യൗഗന്ധരായണന്റെ ചോദ്യം ഇത് സൂചിപ്പിക്കുന്നു. അധ്യയനത്തിന്റെ ഒടുവിൽ ശിഷ്യൻ ഗുരുവിന് ദക്ഷിണ കൊടുക്കുമായിരുന്നു യജ്ഞത്തിനു ശേഷം ഗുരുവിന് എന്തും കൊടുക്കാൻ സന്നദ്ധനാവുന്ന ദുര്യോധനനെ *പഞ്ചരാത്ര* ത്തിൽ നമുക്കു കാണാം:

സ്വച്ഛന്ദതോ വദ കിമിച്ഛതി കിം ദദാനി
ഹസ്തേ സ്ഥിതാ മമ ഗദാ ഭവതശ്ച സർവം

(1. 31. യഥേഷ്ടം പറയൂ, എന്താണാഗ്രഹിക്കുന്നത്? എന്താണ് ഞാൻ ദാനം ചെയ്യേണ്ടത്? കൈയിൽ എന്റെ ഗദയുണ്ട്. എല്ലാം അങ്ങയുടേതാണ്.)

*സ്വപ്നവാസവദത്ത*ത്തിലും *പ്രതിമ*യിലും *ചാരുദത്ത*ത്തിലും മറ്റും ഗാർഹസ്ഥ്യജീവിതത്തിന്റെ ഉന്നതമൂല്യങ്ങൾ ദർശിക്കാം. ഗൃഹസ്ഥന്റെ നിത്യകർമമാണ് ഗൃഹദേവതകൾക്കും മാതൃക്കൾക്കും ബലിയർപ്പിക്കുക എന്നത്.

യാസാം ബലിർഭവതി മദ്ഗൃഹദേഹളീനാം
ഹംസൈശ്ച സാരസഗണൈശ്ച വിഭക്തപുഷ്പഃ
താസ്വേവ പൂർവബലിരൂഢയവാങ്കുരാസു
ബീജാഞ്ജലിഃ പതതി കീടമുഖാവലീഢഃ.

(*ചാരുദത്തം*, 1. 2. ഹംസങ്ങളും സാരസപ്പക്ഷികളും പൂക്കളെ വേർതിരിച്ചെടുക്കാറുള്ള ബലികളർപ്പിച്ചിരുന്ന എന്റെ ഭവനത്തിന്റെ ഉമ്മറപ്പടികളിൽ, മുമ്പത്തെ ബലികളിൽ മുളച്ച യവാങ്കുരങ്ങളിൽ പുഴുക്കൾ നക്കിയ ഒരു കുമ്പിൾ ബീജങ്ങൾ പതിക്കുന്നു.) "ചതുഷ്പഥേ ബലിമുപഹര മാതൃഭ്യഃ... യഥാവിഭവേനാർച്യതാം. ഭക്ത്യാ തുഷ്യന്തി ദൈവതാനി." (*ചാരുദത്തം* ഒന്നാമങ്കം. നാലുകൂടിയ മുക്കിൽ മാതൃക്കൾക്ക് ബലിയർപ്പിക്കുക.... ഉള്ള വിഭവംകൊണ്ട് അർച്ചിച്ചാലും. ഭക്തികൊണ്ട് ദേവതകൾ സന്തോഷിക്കും.) അതിഥിയെ ആരാധിക്കുക പതിവായിരുന്നു. ഭാര്യയും ഭർത്താവും കൂടി അദ്ദേഹ ത്തിന് പാദ്യം നൽകുകയും ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. *പ്രതിമ* അഞ്ചാമങ്കത്തിൽ രാമനും സീതയും ബ്രാഹ്മണവേഷത്തിൽ വന്ന രാവണനെ ശുശ്രൂഷിക്കുന്നത് ഉദാഹരണം. യജ്ഞാനുഷ്ഠാനത്തിനു സമാനമാണ് അതിഥിയെ തുല്യനായി പരിഗണിക്കുക എന്നത്. (*അവിമാരകം*. ഇഷ്ടം ആഗന്തുകസ്യ ഭോജനദാനം – യജനമാണ് അതിഥിക്ക് ഊണ് കൊടുക്കുക എന്നത്).

ഗൃഹസ്ഥാശ്രമത്തിനുശേഷം ചിലർ പരിവ്രാജകരായി മാറാം. അവർ രണ്ടുതരം: താപസരും പരിവ്രാജകരും. താപസർ ആശ്രമത്തിൽ താമസിക്കുന്നു. പരിവ്രാജകർ ഒറ്റയ്ക്കോ ശിഷ്യസമേതമോ പലേടത്തും അലഞ്ഞുനടക്കുന്നു. ദർശകന്റെ അമ്മരാജ്ഞി താപസിയും വേഷം മാറിയ യൗഗന്ധരായണൻ പരിവ്രാജകനുമാകുന്നു. കാവിവസ്ത്രമാണിവർ ധരിച്ചിരുന്നതെന്നു തോന്നുന്നു. ഈ രണ്ടു വിഭാഗത്തിലും പെട്ടവരിൽ വയറ്റുപ്പിഴവിനുവേണ്ടി നടക്കുന്നവരും ധാരാളമുണ്ടായിരുന്നതായി ഭാസനാടകങ്ങളിൽ സൂചനകൾ കാണാം (*സ്വപ്നവാസവദത്തം; അവിമാരകം*).

*സ്വപ്നവാസവദത്ത*ത്തിലെ ആശ്രമവർണനയിൽ വാനപ്രസ്ഥത്തിന്റെയും ആശ്രമവാസത്തിന്റെയും ശുദ്ധിയും ശാന്തതയും നമുക്ക് അനുഭവിക്കാം. *സ്വപ്നവാസവദത്തം* ഒന്നാമങ്കത്തിലെ,

ധീരസ്യാശ്രമസംശ്രിതസ്യ വസത–
സ്തുഷ്ടസ്യ വന്യൈഃ ഫലൈർ–
മാനാർഹസ്യ ജനസ്യ വൽക്കലവതസ്ത്രാസഃ സമുത്പാദ്യതേ
ഉത്സിക്തോ വിനയാദപേതപുരുഷോ ഭാഗ്യൈശ്ചലൈർവിസ്മിതഃ
കോയം ഭോ നിഭൃതം തപോവനമിദം ഗ്രാമീകരോത്യാജ്ഞയാ?

(1. 3. യൗഗന്ധരായണവാക്യം: ആശ്രമത്തെ ആശ്രയിച്ചു വസിക്കുന്ന പണ്ഡിതന്മാരും കാട്ടുകനികൾകൊണ്ട് സന്തുഷ്ടരും പൂജനീയരും മരവുരി ധരിക്കുന്നവരും ആയ ജനങ്ങൾക്ക് ഭയം ഉണ്ടാക്കുകയോ? ഗർവിതനും വിനയമില്ലാത്തവനും ചഞ്ചലമായ ഭാഗ്യങ്ങളിൽ വിസ്മയമാർന്നവനും ആയ ആരാണ് ശാന്തമായ ഈ തപോവനത്തെ ആജ്ഞയാൽ ഗ്രാമമാക്കിത്തീർക്കുന്നത്?) എന്നും

പരിഹരതു ഭവാൻ നൃപാപവാദം
ന പരുഷമാശ്രമവാസിഷു പ്രയോജ്യം
നഗരപരിഭവാൻ വിമോക്തുമേതേ
വനമഭിഗമ്യ മനസ്വിനോ വസന്തി.

(1. 5. കാഞ്ചുകീയവാക്യം: താങ്കൾ രാജാവിന് അപവാദമുണ്ടാക്കരുത്. ആശ്രമവാസികളോട് പരുഷമായി പെരുമാറരുത്. നഗരങ്ങളിലെ പരിഭവങ്ങളിൽനിന്ന് വിടുതി നേടാനാണല്ലോ ഈ മനസ്വികൾ കാട്ടിൽ വന്ന് പാർക്കുന്നത്!) എന്നും

വിസ്രബ്ധം ഹരിണാശ്ചരന്ത്യചകിതാ ദേശാഗതപ്രത്യയാഃ
വൃക്ഷാഃ പുഷ്പഫലൈഃ സമൃദ്ധവിടപാഃ സർവേ ദയാരക്ഷിതാഃ
ഭൂയിഷ്ഠം കപിലാനി ഗോകുലധനാന്യക്ഷേത്രവത്യോ ദിശോ
നിഃസന്ദിഗ്ധമിദം തപോവനമയം ധൂമോ ഹി ബഹ്വാശ്രയഃ.

(1. 12. ബ്രഹ്മചാരിവചനം: മാനുകൾ സ്വൈരമായി, ഭയമൊന്നുമില്ലാതെ, ദേശങ്ങളിൽനിന്നു വന്നവരിൽ വിശ്വസിച്ചുകൊണ്ട്, മേഞ്ഞുനടക്കുന്നു; പൂക്കളും കായ്ക്കളും നിറഞ്ഞ കൊമ്പുകളോടുകൂടിയ മരങ്ങൾ ദയാപൂർവം രക്ഷിക്കപ്പെടുന്നു; ധാരാളം ചെമ്പിച്ച ഗോക്കൾ; കൃഷിവയലുകൾ കാണാനില്ല; പല വേദികളിൽനിന്ന് ഇതാ, പുകയുയരുന്നു; സംശയമില്ല, ഇത് തപോവനമാകുന്നു.) എന്നും

ഖഗാ വാസോപേതാഃ സലിലമവഗാഢോ മുനിജനഃ
പ്രദീപ്തോഗ്നിർഭാതി പ്രവിചരതി ധൂമോ മുനിവനം
പരിഭ്രഷ്ടോ ദൂരാദ് രവിരപി ച സംക്ഷിപ്തകിരണോ
രഥം വ്യാവർത്ത്യാസൗ പ്രവിശതി ശനൈരസ്തശിഖരം.

(1. 16. കാഞ്ചുകീയവാക്യം: പക്ഷികൾ കൂടണഞ്ഞു; മുനിമാർ

വെള്ളത്തിൽ മുങ്ങി; ജ്വലിക്കുന്ന അഗ്നി പ്രകാശിക്കുന്നു; പുക തപോവനത്തിൽ പരക്കുന്നു; ഈ സൂര്യനും രശ്മികൾ ചുരുക്കി താഴ്ന്ന് തേർ തിരിച്ച് പതുക്കെ അസ്തപർവതത്തിൽ പ്രവേശിക്കുന്നു.) എന്നുമുള്ള പദ്യങ്ങളും "തപോവനാനി നാമാതിഥിജനസ്യ സ്വഗേഹം'' (തപോവനങ്ങൾ അതിഥിജനങ്ങൾക്ക് സ്വന്തം ഗൃഹമാണല്ലോ), "കിം ദൃഷ്ടോ മുനിജന ആത്മാനമനുഗ്രഹീതും? അഭിപ്രേതപ്രദാനേന തപസ്വിജന ഉപനിമന്ത്രയതാം താവത് കഃ കിമത്രേച്ഛതീതി." (രാജകുമാരിയായ പത്മാവതി കാഞ്ചുകീയനോട് ചോദിക്കുന്നു: എന്നെ അനുഗ്രഹിക്കാൻ വന്ന മുനിജനങ്ങളെ ആരെയെങ്കിലും കണ്ടുവോ? ആര് എന്ത് ആഗ്രഹിക്കുന്നുവോ അതെല്ലാം അവരവർക്കു കൊടുക്കാൻ തയ്യാറാണെന്ന് തപസ്വിമാരെ അറിയിച്ചാലും.), "സന്തുഷ്ടതപസ്വിജനമിദമാശ്രമപദം" (ഈ ആശ്രമസ്ഥാനം സന്തുഷ്ടന്മാരായ തപസ്വികളോടുകൂടിയതാകുന്നു), "സർവ ജനസാധാരണമാശ്രമപദം നാമ" (എല്ലാ ജനങ്ങൾക്കും പ്രവേശിക്കാ വുന്നതാണല്ലോ ആശ്രമസ്ഥാനം) എന്നീ ഗദ്യഭാഗങ്ങളും ഇക്കാര്യം വ്യക്തമാക്കുന്നു.

**3. വിവാഹനിയമങ്ങളും ആചാരങ്ങളും**

ബ്രാഹ്മം, ക്ഷാത്രം, ഗാന്ധർവം, ആസുരം എന്നീ വിവാഹങ്ങൾ ഭാസനാടകങ്ങളിൽ കാണാം. പത്മാവതീ-വത്സരാജ വിവാഹം (*സ്വപ്നവാസവദത്തം*) എല്ലാവരും അംഗീകരിച്ചതും ബ്രാഹ്മത്തിൽ പെടുന്നതുമാണ്. ഇതിനെ ഒരർഥത്തിൽ രാഷ്ട്രീയവിവാഹമെന്നു പറയാം. അതിനെപ്പറ്റി പിന്നീട്. പത്മാവതിയുടെ ജ്യേഷ്ഠനായ ദർശകൻ അവളെ വിധിപ്രകാരം വത്സരാജന് നൽകുകയാണല്ലോ. കാശി രാജാവ് ദൂതൻ മുഖേന കുന്തിഭോജനാട് അദ്ദേഹത്തിന്റെ മകൾ സുമിത്രയെ തന്റെ മകൻ ജയവർമയെക്കൊണ്ട് വിവാഹം കഴിപ്പിക്കുന്നതിനെ (*അവിമാരകം*) ക്ഷാത്രമെന്ന വിഭാഗത്തിൽ ഉൾപ്പെടുത്താം. അവിമാരകനും കുരംഗിയും തമ്മിലുള്ളത് ഗാന്ധർവവിവാഹം (*അവിമാരകം*). ഉദയനനും വാസവദത്തയും തമ്മിൽ പ്രണയവിവാഹമായതുകൊണ്ടും ഉദയനൻ അവളെ ബലാൽക്കാരമായി അപഹരിച്ചു കൊണ്ടുപോയതാണെങ്കിലും അവളുടെ അനുമതിയോടുകൂടിയായതുകൊണ്ട് രാക്ഷസത്തിൽ ഉൽക്കൊള്ളിക്കാൻ പ്രയാസം. ഗാന്ധർവമെന്നു പറയുന്നതാവും യുക്തം. വാസവദത്തയുടെ മാതാപിതാക്കന്മാർ പിന്നീട് അതിനെ അപ്രകാരം അംഗീകരിക്കുന്നുമുണ്ടല്ലോ. (*പ്രതിജ്ഞ* നാലാമങ്കം; *സ്വപ്നവാസവദത്തം* ആറാമങ്കം) ദശരഥനും കൈകേയിയും തമ്മിലുള്ള വിവാഹം, അതിൽ ശുൽക്കമുള്ളതിനാൽ, ആസുരമെന്നു കരുതാം (*പ്രതിമ). സജ്ജലകനും മദനികയും തമ്മിലും ചാരുദത്തനും വസന്തസേനയും തമ്മിലുമുള്ള വിവാഹങ്ങൾ അനുലോമങ്ങളും ഗാന്ധർവവുമാണെന്നു വിലയിരുത്താം.

**4. സ്ത്രീകളുടെ പദവി**

സ്ത്രീകളോട് പൊതുവിൽ സഹിഷ്ണുത കാണിച്ചിരുന്ന കാലമായിരുന്നു ഭാസന്റേത്. പെൺകുഞ്ഞുണ്ടായാൽ അത് ഒരു ബഹുമതിയും സന്തോഷകരമായസംഭവവുമായാണ് കരുതപ്പെട്ടിരുന്നത് (*അവിമാരകം,* 1. 9: കന്യാപിതൃത്വം ബഹുവന്ദനീയം – കന്യകയുടെ അച്ഛനെന്ന സ്ഥിതി ഏറെ മാന്യമാണ്). സ്ത്രീവിദ്യാഭ്യാസത്തെപ്പറ്റി കാര്യമായൊന്നും കാണുന്നില്ല. മാതാപിതാക്കളുടെ ഗൃഹങ്ങളിൽ പെൺകുട്ടികൾക്ക് വിനോദത്തിനും മറ്റുമുള്ള എല്ലാ സ്വാതന്ത്ര്യവുമുണ്ടായിരുന്നു. (*സ്വപ്നവാസവദത്ത*ത്തിലെ പത്മാവതി, വാസവദത്ത, *അവിമാരക*ത്തിലെ കുരംഗി എന്നിവരുടെ നില നോക്കുക). അടിസ്ഥാനപരമായ പൊതുവിജ്ഞാനത്തിനുപുറമെ അവർ സംഗീതം പഠിച്ചിരുന്നു. *പ്രതിജ്ഞായൗഗന്ധരായണം* രണ്ടാമങ്കത്തിൽ ഉത്തരവൈതാളിക വാസവദത്തയെ നാരദീയവീണ അഭ്യസിപ്പിക്കുന്നതിനെപ്പറ്റി പരാമർശിക്കുന്നു. *പഞ്ചരാത്ര*ത്തിലെ ബൃഹന്നള സംഗീതാദികലകളിലെല്ലാം വൈദഗ്ധ്യം നേടിയിരുന്നുവെന്നു പ്രസിദ്ധമാണല്ലോ. ഉന്നതകുടുംബങ്ങളിലുള്ളവർ നൃത്തവും അഭ്യസിച്ചിരുന്നു. സ്ത്രീകളായിരിക്കണം ഇവ പഠിപ്പിച്ചിരുന്നത്. സംഗീതവും നൃത്തവും പിന്നീട് ഗണികകളുടെ മാത്രം അവകാശം പോലെയായെന്നു തോന്നുന്നു. മുതിർന്ന സ്ത്രീകൾ മൂടുപടമണിഞ്ഞിരുന്നുവെങ്കിലും പെൺകുട്ടികൾ സ്വതന്ത്രമായി സഞ്ചരിക്കാറുണ്ടായിരുന്നു (*പ്രതിജ്ഞായൗഗന്ധരായണം*). കന്യകയായ വാസവദത്ത തുറന്ന പല്ലക്കിൽ സഞ്ചരിക്കുന്നതായി വർണിക്കപ്പെടുന്നുണ്ടല്ലോ. സ്ത്രീകളുടെ ദർശനത്തെ അശുഭമായി ചിലപ്പോൾ കണക്കാക്കിയിരുന്നെങ്കിലും കന്യകാദർശനം ഒരു കളങ്കമായി കരുതപ്പെട്ടിരുന്നില്ല (*പ്രതിജ്ഞ* മൂന്നാമങ്കം. കന്യകാദർശനം നിർദോഷം. .)

സ്ത്രീകൾ അന്തഃപുരത്തിലാണ് താമസിച്ചിരുന്നത്. അവിടെ അന്യർക്ക് പ്രവേശമില്ല. സന്ദിഗ്ധസ്വഭാവകളായ സ്ത്രീകൾക്കും പ്രവേശം നിഷേധിക്കപ്പെട്ടിരിക്കുന്നു. വസന്തസേന ഗണികയാകയാൽ അവൾക്കും ഈ വിലക്ക് ബാധകം. അവളുടെ ആത്മഗതം: ''അഭാഗിന്യഹമഭ്യന്തരപ്രവേശസ്യ'' (*ചാരുദത്തം* ഒന്നാമങ്കം. ഉള്ളിലേക്കു കടക്കാൻ എനിക്കു ഭാഗ്യമില്ല). വസന്തസേന സൂക്ഷിക്കാനേല്പിച്ച അലങ്കാരഭാണ്ഡം അകത്തുവെക്കാത്തതെന്തെന്ന വിദൂഷകന്റെ ചോദ്യത്തിന് ചാരുദത്തന്റെ മറുപടി: "ബാഹ്യജനധാരിതമലങ്കാരം ഗൃഹജനോ ന ദ്രക്ഷ്യതി" (*ചാരുദത്തം* മൂന്നാമങ്കം. പുറ

മെയുള്ള ആൾ ധരിച്ച അലങ്കാരം വീട്ടമ്മ കാണുകയില്ല) വിവാഹിതകൾ പലതരം വ്രതങ്ങളും നിയമങ്ങളും അനുഷ്ഠിക്കുക യും തങ്ങളുടെ ഭർത്താക്കന്മാരുടെ നന്മയ്ക്കുവേണ്ടി ബ്രാഹ്മണർക്ക് ദക്ഷിണ നൽകുകയും ചെയ്തിരുന്നു. *ചാരുദത്ത*ത്തിലെ നടിയുടെ 'അഭിരൂപപതി' എന്ന ഉപവാസം, മൂന്നാമങ്കത്തിൽ ബ്രാഹ്മണിയുടെ ഷഷ്ഠി ഉപവാസം, *അവിമാരക*ത്തിലെ നടിയുടെ നിയമകാര്യം, *മധ്യമവ്യായോഗ*ത്തിലെ ഹിഡിംബയുടെ ഉപവാസം മുതലായവയെക്കുറിച്ചുള്ള പരാമർശങ്ങൾ നോക്കുക.

സ്ത്രീകളുടെ വസ്ത്രാലങ്കാരാദിപ്രസാധനകാര്യങ്ങളെക്കുറിച്ച് പ്രായോഗികമായ സൂചനയൊന്നുമില്ല. ഭർത്താക്കന്മാർ കൂടെയുണ്ടാവു മ്പോൾ മൂന്നു വേണികളായും കൂടെയില്ലാത്തപ്പോൾ ഏകവേണി യായും മെടയുക പതിവായിരുന്നു. തലമുടി വേർതിരിക്കുന്നതിന് ഒരുതരം പൊടിയുപയോഗിച്ചിരുന്നു. നെറ്റിയിലും കവിളുകളിലും പച്ചകുത്തിയതായും വിവരണം കാണാം. കണ്ണുകളിൽ അഞ്ജനമണി ഞ്ഞിരുന്നു. ഭർത്താവ് വിദേശത്തായിരിക്കുമ്പോൾ ഭാര്യ ശോകമൂക യായിക്കഴിയുകയോ കരയുകയോ ചെയ്യുമായിരുന്നു. ആ അവസരത്തിൽ അലങ്കാരപ്രസാധനമോ അഞ്ജനമിടലോ മുടി ചീകലോ പതിവില്ല. ''നേത്രവിപ്രോഷിതാഞ്ജനം''; ''അമണ്ഡിത ഭദ്രകം വേഷം ധാരയന്തീ'' (*സ്വപ്നവാസവദത്തം*, 5. 10 ബി – അഞ്ജനമിടാത്ത കണ്ണുകളോടുകൂടിയത്; മൂന്നാമങ്കത്തിൽ ചേടീവാക്യഭാഗം – അനലങ്കൃതവും മംഗളകരമല്ലാത്തതുമായ വേഷം ധരിച്ചുകൊണ്ട്)

വിധവകളോട് എങ്ങനെയാണ് പെരുമാറിയിരുന്നത് എന്നതിന്റെ വിശദവിവരങ്ങളറിയില്ല. ശുഭാവസരങ്ങളിൽ അവരെ കാണുക പതിവുണ്ടായിരുന്നില്ലെന്നു തോന്നുന്നു (*സ്വപ്നവാസവദത്തം*). സുമംഗലികളിൽനിന്ന് വ്യത്യസ്തമായിരുന്നു അവരുടെ വേഷ വിധാനം. അഭിമന്യുവധത്തെപ്പറ്റി കേട്ട് ദുശ്ശള അഭിമന്യുപത്നിയായ ഉത്തരയോടെന്നപോലെ പറയുന്നു: ''അദ്യകാലികം ച തേ വേഷഗ്രഹണമഹമപ്യുപധാരയിഷ്യാമി'' (*ദൂതഘടോൽക്കചം*. ഇപ്പോഴത്തെ നിന്റെ വേഷം – വിധവയുടെ വേഷം – ഞാനും അണിയും). ആഭരണങ്ങളോ പ്രസാധനമോ അവർക്കുണ്ടായിരുന്നില്ല. ഒരു കന്യക സ്വയം അലങ്കരിക്കാതിരിക്കുന്നത് അശുഭകരമെന്നാണ് വിശ്വാസം. (*അവിമാരകം* – മാ അമംഗലം ഭണാഹി. സതതാലങ്കൃതാ ഭർത്തൃദാരികാ ഭവതു)

സന്തുഷ്ടകളും സംസ്കാരചിത്തകളും വാസനാസമ്പന്നകളുമായ ഗോഷ്ഠീജനങ്ങളെന്നറിയപ്പെടുന്ന ഒരു വിഭാഗം സ്ത്രീകൾ അന്നുണ്ടായിരുന്നു. അവർ ഗണികകളല്ല. രാജകീയഭവനങ്ങളിലെ കന്യകമാരുടെ തോഴികളും മറ്റുമായി അവരെ രസിപ്പിക്കുകയാവാം ഇവരുടെ ജോലി.

ഗോഷ്ഠീഷു ഹാസ്യഃ സമരേഷു യൗധഃ
ശോകേ ഗുരുഃ സാഹസികഃ പരേഷു
മഹോത്സവോ മേ ഹൃദി കിം പ്രലാപൈർ–
ദ്വിധാ വിഭക്തം ഖലു മേ ശരീരം.

(*അവിമാരകം* 4. 21. അവിമാരകൻ പറയുന്നു: സഭകളിൽ പരിഹാസ്യനും യുദ്ധരംഗത്ത് പടയാളിയും ദുഃഖവേളയിൽ ഗുരുവും ശത്രുക്കളുടെ കാര്യത്തിൽ സാഹസികനും എന്റെ ഹൃദയത്തിന് മഹോത്സവമുളവാക്കുന്നവനും, എന്തിനധികം? എന്റെ ശരീരം രണ്ടു പാതിയാക്കിയാലെന്നപോലെ.) എന്ന ശ്ലോകത്തിലെ ഗോഷ്ഠി പുരുഷന്മാരെ സൂചിപ്പിക്കുന്നതാണെങ്കിലും *അവിമാരക*ത്തിലെ സമാനമായ ചില പരാമർശങ്ങൾ സ്ത്രീകളെ ഉദ്ദേശിച്ചുള്ളവയത്രേ.

ദുര്യോധനന്റെ ഭാര്യ പൗരവി, മരിക്കുന്ന ഭർത്താവിന്റെ ചിതയിൽ ചാടാമെന്നു പറയുന്നതിന്റെ സാന്ദർഭികമായ ഒരു പരാമർശമുണ്ട്: "ഏകകൃതപ്രവേശനിശ്ചയാ ന രോദിമി" (*ഊരുഭംഗം*. അങ്ങയോടു കൂടി മരിക്കുന്നതിനു നിശ്ചയിച്ചിരിക്കയാൽ ഞാൻ കരയുന്നില്ല). ഇത് സതിയെ ഉദ്ദേശിച്ചാണോ, ആ സമ്പ്രദായം അക്കാലത്ത് നിലവിലുണ്ടായിരുന്നോ എന്നൊന്നും നിശ്ചിതമായി പറയുക വയ്യ.

**ചാരുദത്ത**ത്തിൽ താലീപത്രം ശിരീഷപുഷ്പത്തിനു തുല്യമായി കാതുകളിൽ ധരിക്കുന്നതിന്റെ സൂചനയുണ്ട്. ബ്രാഹ്മണി പറയുന്നു: "(കർണൗ സ്പൃഷ്ട്വാ) ഹാ ധിക് താലീപത്രം ഖലേതത്" ധമൂന്നാമങ്കം. (ചെവികൾ തൊട്ട്) അയ്യോ! ഇത് താലീപത്രമാണല്ലോ!പ. മൂക്കുത്തിയെപ്പറ്റി പരാമർശം കാണുന്നില്ല. മുത്തുമാലയെപ്പറ്റിയും മറ്റാഭരണങ്ങളെപ്പറ്റിയും പറയുന്നുണ്ട്.

തലയടക്കം മൂടുന്ന, പർദ്ദാസമ്പ്രദായത്തിനു തുല്യമായ ഒന്ന് അക്കാലത്തുണ്ടായിരുന്നുവോ എന്നു സംശയമുണ്ട്. രാമൻ സീതയോട് മൂടുപടം നീക്കാൻ നിർദേശിക്കുന്നുണ്ട്: "അപനീയതാം അവഗുണ്ഠനം" (*പ്രതിമ* ഒന്നാമങ്കം) കൗസല്യയും മറ്റ് അമ്മമാരും മൂടുപടം നീക്കുന്നതായി പ്രസ്താവമുണ്ട്: "അവഗുണ്ഠനം അപനയന്തി'' (*പ്രതിമ* മൂന്നാമങ്കം). മറ്റ് ഉദാഹരണങ്ങൾ: ഉദയനൻ ആവന്തികാവേഷധാരിണിയായ വാസവദത്തയോട് – "സംക്ഷിപ്യതാം യവനികാ" (*സ്വപ്നവാസവദത്തം* ആറാമങ്കം. മുഖപടം നീക്കൂ); "പ്രകാശീകൃതമൂർധജാനി ... അവരോധനാനി" (*ഊരുഭംഗം*, 38. ദുര്യോധനൻ ഭാര്യമാരെപ്പറ്റി: തലമുടി വെളിപ്പെടുത്തിക്കൊണ്ടുള്ള...

'ാര്യമാർ); "നിർദോഷദൃശ്യാ ഹി ഭവന്തി നാര്യോ യജ്ഞേ വിവാഹേ വ്യസനേ വനേ ച" (*പ്രതിമ*, 1. 29. യജ്ഞത്തിലും വിവാഹത്തിലും വ്യസനത്തിലും വനത്തിലും സ്ത്രീകൾ കാണപ്പെടുന്നതുകൊണ്ട് ദോഷമില്ലല്ലോ.) പല്ലക്കിലും മറ്റു വാഹനങ്ങളിലും പോകുമ്പോൾ ഗണികകളും അവഗുണ്ഠനം ധരിച്ചതായി കാണുന്നു. "ഗൃഹീതാവ ഗുണ്ഠനാ" (*ചാരുദത്തം* നാലാമങ്കം. മൂടുപടമിട്ടവൾ).

പക്ഷേ, ഇതെല്ലാം ഉപരിവർഗത്തിൽപ്പെടുന്ന സ്ത്രീകളെപ്പറ്റിയാണ്. ഹിഡിംബ മാത്രമാണ് ഒരപവാദം. അവർപോലും ഭീമന്റെ പ്രിയതമയാണെന്നോർക്കണം. മറ്റു ദളിതസ്ത്രീകളുടെയോ അവർണസ്ത്രീകളുടെയോ പരാമർശമില്ല. *ബാലചരിത*ത്തിലെ ചണ്ഡാലികളുടെ കാര്യം പറയുകയാണെങ്കിൽ, അവർ കൂടുതൽ ധൈര്യവും സ്വാതന്ത്ര്യവും ഉള്ളവരായിരുന്നുവെന്നാണ് സൂചന.

**5. കുടുംബജീവിതം**

കൂട്ടുകുടുംബത്തെപ്പറ്റി വ്യക്തമായ പരാമർശമൊന്നുമില്ല. വിവാഹിതകൾ ഭർത്തൃഗൃഹത്തിലാണ് താമസിച്ചിരുന്നതെന്നു തോന്നുന്നു. വധുവിന്റെ ഒരു ജോലി ശ്വശുരനെയോ ശ്വശ്രുവെയോ ശുശ്രൂഷിക്കുകയാണ് (*പ്രതിമ*, *പ്രതിജ്ഞ*). കുടുംബത്തിലെ വിശ്വാസം, ബഹുമാനം, സ്നേഹം മുതലായവയും *സ്വപ്നവാസവ ദത്തം*, *പ്രതിമ*), പിതൃപുത്രബന്ധം, സഹോദരബന്ധം (*പ്രതിമ*) എന്നിവയും ചിത്രീകരിക്കപ്പെടുന്നു.

മകളുടെ ഭർത്താവ് മദ്യശാലയിൽ നിന്ന് ഇറങ്ങുന്നതു കാണു മ്പോൾ രോഷം കൊള്ളുന്ന ശ്വശുരനെപ്പറ്റി ഗാത്രസേവകൻ പറയുന്നുണ്ട്. "സ്നുഷാ രജ്യതി പീതാ യദി. ശ്വശ്രൂർനനു ദണ്ഡോദ്യതാ ഭവതി." (ഭാര്യ കുടിക്കയാണെങ്കിൽ ലൈംഗികാ സക്തി കാണിക്കും. അവളുടെ അമ്മയാകട്ടെ വടിയോങ്ങുകയും ചെയ്യും.) എന്ന് അതേ ഗാത്രസേവകൻ അവിടെത്തന്നെ തന്റെ സന്തോഷ-സന്താപങ്ങൾ പങ്കിടുന്നു (*പ്രതിജ്ഞായൗഗന്ധരായണം* നാലാമങ്കം). ചിലർ ഭാര്യവീട്ടിൽ താമസിക്കാറുണ്ടായിരുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

**6. നാഗരികവും ഗ്രാമീണവുമായ ജീവിതം**

*ബാലചരിതം* അഞ്ചാമങ്കത്തിൽ കംസന്റെ രാജധാനിയായ മഥുരയെപ്പറ്റി ചുരുങ്ങിയൊരു വിവരണമുണ്ട്. പ്രവേശകവാടത്തിനുശേഷം ആനപ്പുറത്തു കയറിയ നഗരരക്ഷകരുണ്ടായിരിക്കും. അലക്കുകാരുടെ വസതികളാണ് പിന്നെ. കുറച്ച് ദൂരം കഴിഞ്ഞ് ഉത്സവാവസരങ്ങളിൽ കൊടിതോരണങ്ങളും പൂക്കളും അലങ്കരിച്ചതും അകിൽചന്ദനങ്ങൾ പുകച്ചതുമായ മുഖ്യവീഥിയിൽ മാല കെട്ടുന്ന വരും, പൂക്കളും കുറിക്കൂട്ടുകളും വിൽക്കുന്ന വരും കാണപ്പെടുന്നു. ആയുധപ്പുരയാണ് പിന്നീടുള്ള പ്രധാനസ്ഥലം. പിന്നെ രാജകൊട്ടാരം. നഗരത്തിനകത്ത് മല്ലന്മാരുടെ മത്സരാഭ്യാസ സ്ഥലങ്ങളും മറ്റു സമ്മാനമത്സരസ്ഥലങ്ങളും കാണാം. രാജകീയ ജനങ്ങൾക്ക് അവയൊക്കെ കാണാൻ പ്രത്യേകം ഇരിപ്പിടസൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. *അഭിഷേകം* രണ്ടാമങ്കത്തിൽ ലങ്കയുടെ ഗാംഭീര്യവും സമൃദ്ധിയും വർണിച്ചിട്ടുണ്ട്. പ്രാസാദങ്ങൾ, സുവർണ ഗോപുരങ്ങൾ, പവിഴദ്രുമങ്ങളാൽ അലങ്കൃതമായ ഉദ്യാനങ്ങൾ എന്നിവയോടുകൂടിയ രാജധാനിയുടെ വർണന യക്ഷിക്കഥകളെ അനുസ്മരിപ്പിക്കും. സ്വർണവൃക്ഷങ്ങളും നീലരത്നമയവുമായ പ്രമദവനം തുടർന്ന് വർണിക്കപ്പെടുന്നു. പ്രമദവനത്തിൽ മനോഹരവും നിർമലവുമായ ചെറുകുന്നുകളുണ്ട്. അന്തഃപുരവും ശാലയുമൊക്കെ ഓരോ ഭവനത്തിലുമുണ്ടെന്നു തോന്നും. പൊതുവായ കുളിസ്ഥലങ്ങളും പാനീയഗൃഹങ്ങളും വിമാനങ്ങളും ഉള്ളതായി കാണുന്നു. (*അഭിഷേകം* 2. 4). ജലജന്തുക്കളും വിസ്മയകരങ്ങളായ അരുവികളും സ്വർണഖനികളും നിത്യഹരിതവും പുഷ്പഫലപൂർണവുമായ പൊതുവും സ്വകാര്യവുമായ ഉദ്യാനങ്ങളും ഉള്ള ധാരാളം കൃത്രിമതടാകങ്ങളുള്ളതാണ് ലങ്ക. പ്രമദവനങ്ങളിലൊന്ന് ത്രികൂടോദ്യാനമാണ്. അനേകം വണ്ടുകളും താമരച്ചെടികളും ധാരാളം മരങ്ങലായിളും ആ ഉദ്യാനത്തിലുണ്ട്. അശോകവനികയാണ് മറ്റൊരു പ്രമദവനം. മണ്ഡോദരിക്ക് ഏറ്റവും പ്രിയപ്പെട്ട ഉദ്യാനം. അവിടത്തെ ഒരു തളിരു പോലും ആരും നുള്ളില്ല. ചെറുമരങ്ങളെ തൊടുകപോലും ചെയ്യില്ല.

*അവിമാരക*ത്തിൽ കൊടുത്ത കുന്തിഭോജതലസ്ഥാനമായ വൈരന്ത്യത്തിന്റെ വർണനം ഒരു ശരാശരി നഗരത്തിന്റെ കൂടുതൽ യഥാതഥവും മാതൃകാപരവുമായ ഒന്നാണ്. നിരത്തുകളുടെ രണ്ടു വശങ്ങളിലും ഹിമധവളവർണങ്ങളിലുള്ള അങ്ങാടികളും രാജകീയ ഗൃഹങ്ങളുമുള്ളതാണ് നഗരം. ഏറ്റവും താഴത്തെ നിലയിലെ കടകളായുപയോഗിക്കുന്ന വരാന്തകളിൽ തേനും വെല്ലവും മറ്റു പല വ്യഞ്ജനങ്ങളും വിൽക്കാൻ വെച്ചിരിക്കുന്നു. മുകളിലത്തെ നിലകളിൽ പരിഷ്കാരപ്രിയകളായ നാഗരികവനിതകളും ഗണികകളും അത്യുത്തമവസനങ്ങളണിഞ്ഞ് പരസ്പരമത്സരത്തോടെ തങ്ങളുടെ സൗന്ദര്യം പ്രദർശിപ്പിക്കുന്ന വാസഗൃഹങ്ങളാണ്. അവർ അവിടെ ബാൽക്കണികളിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ട് കാണുകയും കാണപ്പെടുകയും ചെയ്യുന്നു. ഗണികകൾ തങ്ങളുടെ

വ്യാപാരം നടത്തുന്നത് നഗരകേന്ദ്രത്തിലെ വ്യാപാരവസതികളിലായിരിക്കുമെങ്കിലും താമസിക്കുന്നത് പുറത്താണ്. (*അവിമാരകം*, രണ്ടാമങ്കം. നഗരാപണാളിന്ദേ – ; 3. 8. ...). പൊതുവിനോദഗൃഹം നഗരത്തിലെ പ്രമുഖമായ സ്ഥലത്തായിരിക്കും. അതിന് പ്രത്യേക നിയമാവലിയുണ്ടാവും. വരുമാനത്തിൽനിന്ന് ഒരു ഭാഗം ഭരണകൂടത്തിനു കൊടുക്കണം. (*അവിമാരകം* മൂന്നാമങ്കം. ശൃംഗാടകസ്ഥാം വിടസഭാം). പൊതുവായ നഗരചത്വരങ്ങളുണ്ടായിരിക്കും. അവിടങ്ങളിൽ ദൈവങ്ങൾക്കു നട തള്ളിയ കാളകൾ സമൃദ്ധമായ ഭക്ഷണത്തിനു ശേഷം സ്വൈരമായി അലഞ്ഞുനടക്കുന്നതു കാണാം. അവയെ ആരും തൊടാൻപോലും ധൈര്യപ്പെടുകയില്ല. (*ചാരുദത്തം* ഒന്നാമങ്കം. ചത്വരവൃഷഭ ഇവ ... രോമന്ഥായമാനഃ). നഗരത്തിൽ പൊതുവായ ഉദ്യാനമുണ്ട്. അവിടെ പൗരന്മാർക്ക് പ്രിയകളോടുകൂടി വിനോദാർഥം പോകാം. അതിന് കർശനസുരക്ഷ ഉണ്ടായിരിക്കും. രാജകന്യകയെപ്പോലുള്ളവർ സപരിവാരം സന്ദർശിക്കുമ്പോൾ മറ്റുള്ളവർക്ക് പ്രവേശനത്തിൽ നിയന്ത്രണമുണ്ടാവും (*അവിമാരകം* ഒന്നാമങ്കം). മറ്റൊരു സന്ദർഭത്തിൽ, ഒരു മദ്യശാലക്കാരൻ മദ്യം വിൽക്കുന്നതായി കാണുന്നു; മറ്റൊരു പ്രധാനഗരത്തിൽ ഒരു പൊതുപാനശാലയും: "പാനാഗാരാന്നിഷ്ക്രാന്തോ ദൃഷ്ടോസ്മി" (*പ്രതിജ്ഞ* നാലാമങ്കം. പാനശാലയിൽനിന്നു പുറപ്പെട്ട ഞാൻ കാണപ്പെട്ടു). സഞ്ചാരികൾക്ക് അല്പനേരം വിശ്രമിക്കാവുന്ന പൊതുവിശ്രമമന്ദിരങ്ങൾ ഉണ്ടായിരുന്നു. ഉജ്ജയിനിയിലെ പൊതുവായ നീന്തൽക്കുളങ്ങൾ, ശിപ്രാനദീഘട്ടങ്ങളിലാവാം, ആനുഷംഗികമായി പരാമർശിക്കപ്പെടുന്നുണ്ട്: "അസ്തി നഗര്യുജ്ജയിനീ നാമ. തത്രാധികരമണീയാന്യുദകസ്നാനാനി വർത്തന്തേ കില." (*സ്വപ്നവാസവദത്തം* അഞ്ചാമങ്കം. ഉജ്ജയിനി എന്നൊരു നഗരിയുണ്ട്. അവിടെ വളരെ സുന്ദരമായ നീന്തൽക്കുളങ്ങളുണ്ടു പോൽ.) പ്രധാനനഗരങ്ങൾക്ക് നാലുവശത്തും കോട്ട കെട്ടിയിട്ടുണ്ടാവും. "പ്രാകാരതോരണവർജം സർവം കൗശാംബീ ഖലിയം" (*പ്രതിജ്ഞ* നാലാമങ്കം. കോട്ടയും ഗോപുരവുമൊഴിച്ചു സകലതും കൗശാംബിയാണല്ലോ ഇത്). ഭൂമിക്കടിയിലൂടെയുള്ള അഴുക്കുചാലുകൾ പുരാതനകാലം മുതൽക്കേ ഇന്ത്യൻ നഗരങ്ങളുടെ പ്രത്യേകതയായിരുന്നു. ഭാസന്റെ കാലത്തും അവ നിലവിലുണ്ടാ യിരുന്നു: "അവഘട്ടിതപ്രണാളീപ്രസ്രുതസലിലവിഷമം രാജമാർഗം" (*പ്രതിജ്ഞ* മൂന്നാമങ്കം. കുഴിക്കപ്പെട്ട അഴുക്കുചാലിലൂടെ ഒഴുകുന്ന വെള്ളംകൊണ്ട് സഞ്ചരിക്കാൻ വിഷമ മായ രാജപാത.)

നഗരത്തിനു പുറത്ത് വലിയ ക്രീഡോദ്യാനങ്ങൾ ഉണ്ടായിരുന്നു.



ഉത്സവസന്ദർഭങ്ങളിൽ സ്ത്രീകളും പുരുഷന്മാരുമായ നഗരവാസികൾ അവിടെ പോകുമായിരുന്നു. "ഭർത്തൃദാരികായാ വാസവദത്തായാ ഉദകേ ക്രീഡിതുകാമായാഃ" (*പ്രതിജ്ഞ* നാലാമങ്കം. വെള്ളത്തിൽ കളിക്കാനാഗ്രഹിക്കുന്ന രാജകുമാരി വാസവദത്തയ്ക്ക്; *അഭിഷേകം* ഒന്നാമങ്കം കൂടി നോക്കുക) നഗരത്തിനു പുറത്താ ണ് ഗണികമാരും ഗോപാലരും താമസിക്കുന്നത് (*അവിമാരകം*, *ബാലചരിതം*, *പഞ്ചരാത്രം*). രാത്രിയിലെ നഗരത്തിന്റെ മനോഹരമായൊരു വർണനം *അവിമാരക*ത്തിലും (മൂന്നാമങ്കം) *ചാരുദത്ത*ത്തിലും (ഒന്നും മൂന്നും അങ്കങ്ങൾ) ഉണ്ട്. ആ കാലയളവിൽ പുറത്ത് സഞ്ചരിക്കാതി രിക്കാൻ പൗരർക്കുള്ള താക്കീതായി രാത്രിയുടെ തുടക്കവും ഒടുക്കവും അറിയിക്കാൻ പെരുമ്പറയടിച്ച് പ്രഖ്യാപനം നടത്തി യിരുന്നു: "കഃ കാലഃ? കൃതപരിഘോഷണതയാ നിഃസമ്പാതാ രാജ മാർഗാഃ." "നേപഥ്യേ പടഹശബ്ദഃ ക്രിയതേ" (*ചാരുദത്തം* മൂന്നാമങ്കം. സമയമേതാണ്? വിളംബരംകൊണ്ടെന്നപോലെ തെരുവുകൾ ഒഴിഞ്ഞുകിടക്കുന്നു; അണിയറയിൽ പെരുമ്പറ അടിക്കപ്പെടുന്നു – പ്രഭാതമായെന്ന് അറിയിക്കാനുള്ളത്). ഭാസന്റെ കാലത്ത് രാത്രിയിൽ സഞ്ചരിക്കുന്നത് കർക്കശമായി നിരോധിച്ചിരുന്നില്ല. തെരുവുകളിൽ രാത്രിരക്ഷകരും കാവൽക്കാരും ഉണ്ടായിരുന്നു: "അയേ രക്ഷിണഃ ഖല്വേതേ" (*അവിമാരകം* മൂന്നാമങ്കം. ഏയ്, രക്ഷികളാണല്ലോ ഇവർ?) ഇതൊക്കെയുണ്ടായിട്ടും കള്ളന്മാർ വാളും അളവുകയറുമായി കാണപ്പെടുന്നത് അസാധാരണമല്ല. കളവ് ഒരു ലളിതകലയായി ആചാര്യ ന്മാർ പഠിപ്പിച്ചിരുന്നു. അതിന് അധിദേവതമാരുമുണ്ട്. ഭവനഭേദനം വിധിപ്രകാരം അഭ്യസിച്ച കള്ളന്മാരുണ്ടായിരുന്നു. വീട്ടുകാരെ മയക്കിക്കിടത്തുന്ന മാന്ത്രികവിദ്യയും അവർക്ക് വശമായിരുന്നു. (*ചാരുദത്തം* മൂന്നാമങ്കം). രാജാവിന് വേണ്ടപ്പെട്ടവരും ചില ബന്ധുക്കളും തങ്ങൾ ക്ക് വശഗകളല്ലാത്ത ഗണികകളെ വശത്താക്കാൻ രാത്രിരക്ഷകരുടെ കണ്ണുവെട്ടിച്ച് അവരെ രാത്രി പിന്തുടർന്ന് ഉപദ്രവിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. (*ചാരുദത്തം* ഒന്നാമങ്കം). നഗരം രാത്രി ഇരുട്ടുകൊണ്ട് മൂടിയിരുന്നു. നിരത്തിന്റെ ഇരുവശത്തുമുള്ള കെട്ടിടങ്ങളിൽനിന്നു പുറപ്പെടുന്ന വെളിച്ചമേ ദൃശ്യമായിരുന്നുള്ളൂ. "ഉഭയപംക്തിഗതാനാം പ്രാസാദാനാം ഗവാക്ഷാന്തർഗതദീപപ്രഭൈഷാ'' (*അവിമാരകം* മൂന്നാമങ്കം; "ഉപാരൂഢോർധരാത്രഃ. സ്ഥിരതിമിരാ രാജമാർഗഃ "– *ചാരുദത്തം* മൂന്നാമങ്കം) വിളക്കുതൂണുകളോ തെരുവുകളിൽ കത്തിക്കാനുള്ള മറ്റു സംവിധാനങ്ങളോ ഉണ്ടായിരുന്നില്ല. രാത്രി അലഞ്ഞുനടക്കുന്നവർ കൂടെ വിളക്ക് കൊണ്ടുപോയിരുന്നു. "ദീപികാ താവത്"

(*ചാരുദത്തം* ഒന്നാമങ്കം. വിളക്കു കൊണ്ടുവരൂ).

രാത്രി വൈകുന്നതുവരെ കച്ചേരിയും മറ്റും നടക്കുകയും ചാരുദത്തന്റെ പദവിയിലുള്ളവർ പോലും അവയിൽ സംബന്ധിക്കുകയും ചെയ്തിരുന്നു (*ചാരുദത്തം* മൂന്നാമങ്കം). ചിലർ സാംസ്കാരികകാര്യങ്ങളിൽ തല്പരരും സമ്പന്നരുമായിരുന്നു. അവർ സ്വന്തം ഭവനങ്ങളിൽത്തന്നെ സംഗീതം അഭ്യസിച്ചിരുന്നു; മാന്യകുടുംബങ്ങളിലെ സ്ത്രീകൾ ഇത്തരം കലകൾ അഭ്യസിച്ചിരുന്നതായി കാണുന്നു (*അവിമാരകം*). (*ചാരുദത്തം* ഒന്നാമങ്കം, മൂന്നാമങ്കം. വൃക്ഷവാടികാപക്ഷദ്വാരേ)

പൊതുജനങ്ങളുടെ വീടുകളെപ്പറ്റി വിവരമൊന്നും ഈ കൃതികൾ നൽകുന്നില്ല. ചാരുദത്തനെപ്പോലെ ഉയർന്ന മധ്യവർഗത്തിൽപെട്ടവരുടെ വസതികൾ ഇഷ്ടികകൾ കൊണ്ട് നിർമിക്കപ്പെട്ടവയും ചുറ്റും ഉദ്യാനങ്ങളാൽ അലങ്കൃതങ്ങളുമായിരുന്നു

ഭവനങ്ങൾക്ക് നാലുകെട്ടും നടുമുറ്റവുമുണ്ടായിരുന്നു. ഓരോന്നി ലും പല വിഭാഗങ്ങളുമുണ്ടായിരുന്നു. ഓരോ വിഭാഗത്തിലും അനേകം മുറികളും. അവയിലൊന്ന് സ്ത്രീകൾക്കുവേണ്ടി നീക്കിവെക്കപ്പെട്ടി രുന്നു. നാലുകെട്ടുമുറ്റങ്ങളിൽ ആളുകൾ ധ്യാനിക്കുകയോ സന്ദർശക രെ കാണുകയോ ചെയ്യുമായിരുന്നു. മുറ്റങ്ങളിലൂടെയാണ് ആന്തരവിഭാഗങ്ങളിലേക്കുള്ള വഴി. (*അവിമാരകം*, *ചാരുദത്തം*). ആന്തരിക വിഭാഗങ്ങളിൽ അപരിചിതർക്കും സംശയിതവ്യസ്വഭാവകളായ ഗണികകളെപ്പോലുള്ളവർക്കും പ്രവേശമില്ല. ഗണികകളണിയുന്ന ആഭരണങ്ങൾ സൂക്ഷിച്ചാൽ പോലും ആന്തരവിഭാഗങ്ങളുടെ പരിശുദ്ധി നഷ്ടപ്പെടുമെന്നു വിശ്വസിക്കപ്പെട്ടിരുന്നു. "അഭാഗിന്യഹ മഭ്യന്തരപ്രവേശസ്യ", "ബാഹ്യജനധാരിതമലങ്കാരം ഗൃഹജനോ ന ദ്രക്ഷ്യതി" (*ചാരുദത്തം* 1, 3 അങ്കങ്ങൾ). ഭൃത്യർക്ക് പ്രത്യേകം വീടുക ളുണ്ടായിരുന്നുവെന്നു തോന്നുന്നു. ഭവനങ്ങളിലെ വീട്ടമ്മമാർ വാതിലുകളിൽ ശബ്ദമുണ്ടാക്കി ദാസികളുടെ ശ്രദ്ധയാകർഷിച്ചതായാണ് തോന്നുന്നത്. "കവാടശബ്ദം താവത് കരിഷ്യാമി" (*ചാരുദത്തം* മൂന്നാമങ്കം. ബ്രാഹ്മണി പറയുന്നു: എന്നാൽ വാതിലൊച്ച കേൾപ്പി ക്കാം) ഇത് ഒരുതരം കാളിംഗ് ബെല്ലിന്റെ ഫലം ചെയ്തി ട്ടുണ്ടാവാം.

*മൃച്ഛകടിക*ത്തെ അപേക്ഷിച്ച് ഭാസൻ ഗണികാഭവനം ചുരുങ്ങിയ തോതിലേ വർണിച്ചിട്ടുള്ളൂ: "അഹോ ഗണികാവാടസ്യ സശ്രീകതാ. നാനാപട്ടണസമാഗതൈരാഗമികൈഃ പുസ്തകാനി വാച്യന്തേ. സംയോജ്യന്തേ ചാഹാരപ്രകാരാഃ. വീണാ വാദ്യന്തേ. സുവർണകാരാ അലങ്കാരപ്രകാരാൻ ആദരേണ യോജയന്തി." (*ചാരുദത്തം* നാലാമങ്കം. ആശ്ചര്യം! ഗണികാഭവനത്തിന്റെ ഐശ്വര്യം! പല പട്ടണങ്ങ ളിൽനിന്നും വന്ന പണ്ഡിതന്മാർ പുസ്തകങ്ങൾ വായിക്കുന്നു. പല വിധം ആഹാരങ്ങൾ ഉണ്ടാക്കുന്നു. വീണകൾ വായിക്കപ്പെടുന്നു. സ്വർണപ്പണിക്കാർ പലവിധം ആഭരണങ്ങൾ ആദരപൂർവം ഉണ്ടാ ക്കുന്നു.) മറ്റൊരു സ്ഥലത്ത് ചിത്രപ്പലകയും മറ്റുപകരണങ്ങളും സൂക്ഷിച്ച വീട്ടിലെ ഒരു ഭാഗത്തെപ്പറ്റി പറയുന്നു. (*ചാരുദത്തം* നാലാ മങ്കാരംഭം)

നാടകങ്ങളിലൊരിടത്തും കസേര, കൊതുവല മുതലായ വീട്ടുപകരണങ്ങളെക്കുറിച്ച് പറഞ്ഞിട്ടില്ല.

*ചാരുദത്ത*ത്തിലെ നായകനെ ആവിഷ്കരിച്ചതിൽനിന്ന്, നഗരത്തിലെ ആദർശശാലിയായ ഒരു മാന്യൻ ദയാലുവും അപരാധികളോട് ഉദാരഭാവം കൈക്കൊള്ളുന്നവനും തനിക്ക് ഒന്നും ബാക്കിവെക്കാതെ മറ്റുള്ളവർക്കുവേണ്ടി പണം ചെലവഴിക്കുന്നവനുമായിരുന്നു.വെന്ന് മനസ്സിലാകുന്നു. നല്ല ഏതു പ്രവൃത്തി കണ്ടാലും ആസ്വദിക്കുന്നവനും വീരകർമങ്ങൾക്ക് ആവത് പ്രതിഫലം കൊടുക്കുന്നവനുമാണ്. എന്തും ചെയ്യാൻ മടിക്കുന്നവർക്കുപോലും അദ്ദേഹത്തിന്റെ ഗുണങ്ങളെ ഭയമായിരുന്നു. അത്തരക്കാരെ ഉപദ്രവിക്കുന്നത് മോശമാണ് എന്ന ചിന്ത അവർക്കുണ്ടായിരുന്നു. "സത്യം ഭീതോസ്മി.. . തസ്യ ഗുണേഭ്യഃ"(*ചാരുദത്തം* ഒന്നാമങ്കം. വിടൻ ശകാരനോട് പറയുന്നു: അദ്ദേഹത്തിന്റെ ഗുണങ്ങളെ ഞാൻ ഭയപ്പെടുന്നുവെന്നത് നേരാണ്) അദ്ദേഹം ഒരു സംഗീതപ്രേമിയും രാത്രി സംഘടിപ്പിക്കപ്പെടുന്ന ഉപകരണസംഗീതത്തിലും വായ്പ്പാട്ടിലും ചിലപ്പോൾ നൃത്തത്തിലും സംബന്ധിക്കുന്നവനു മായിരുന്നു. (*ചാരുദത്തം* മൂന്നാമങ്കം.) എപ്പോഴും മറ്റുള്ളവരെ സഹായിക്കാൻ തല്പരനും തന്റെ ഉദാരശീലത്തെ ഒരിക്കലും പ്രശംസിച്ചുപറയാത്തവനും തന്നോട് ആരെങ്കിലും ഉപദ്രവമോ മറ്റോ ചെയ്തിട്ടുണ്ടെങ്കിൽ അവ കാര്യമായെടുക്കാത്തവനും ആയിരുന്നു. തന്റെ ശരീരംതന്നെ അന്യർക്ക് ഉപകാരം ചെയ്യാനുള്ളതാണ് എന്നു വിചാരിക്കുന്നവനാണദ്ദേഹം. (*ചാരുദത്തം* രണ്ടാമങ്കം). അക്കാലത്തെ മാന്യന്മാർ സ്വന്തം ശരീരം തിരുമ്മാനായി സംവാഹകന്മാരെ നിർത്തിയിരുന്നു. (*ചാരുദത്തം* രണ്ടാമങ്കം). സ്നാനത്തിനു ശേഷം സുഗന്ധപ്പുക വലിക്കുന്ന പതിവുണ്ടായിരുന്നു. (സുരഭിസ്നാന ധൂപാനുവിദ്ധ ഇവ ഗന്ധഃ – *ചാരുദത്തം* ഒന്നാമങ്കം). നമുക്ക് ലഭിക്കുന്ന ചാരുദത്തന്റെയും സജ്ജലകന്റെയും രണ്ടുദാഹരണങ്ങളിൽനിന്ന്, അന്നത്തെ നാഗരികന്മാർ സദാചാരമര്യാദകളിൽ വളരെ ചിന്തിച്ചു വിഷമിക്കുന്നവരല്ലെന്നു വ്യക്തമാകും. അതേ സമയം, സദാചാരനിലവാരം വളരെ

താഴ്ന്നതാ ണെന്നു പറയാനുമാവില്ല. ബ്രാഹ്മണരായ ആ രണ്ട് മാന്യന്മാരും ഗണികകളെ (ഗണികയെയും ഗണികയുടെ ചേടിയെയും) സ്നേഹിച്ചിരുന്നുവെന്നും ആ സ്നേഹം താൽക്കാലികമല്ല, വിവാഹ മുദ്ദേശിച്ചുതന്നെയെന്നും വ്യക്തമാണ്.

*പഞ്ചരാത്ര*ത്തിലെയും *ബാലചരിത*ത്തിലെയും പ്രസക്ത ഭാഗങ്ങളിൽനിന്ന് അന്നത്തെ ഇടയജീവിതത്തെപ്പറ്റി സാമാന്യമായൊരു ജ്ഞാനം നമുക്ക് ലഭിക്കും. ഗോക്കൾക്ക് ദിവ്യത്വം കല്പിക്കുകയും അവയെ ചില പ്രത്യേകസന്ദർഭങ്ങളിൽ പൂജിക്കുകയും ചെയ്യുകപതി വായിരുന്നു. ഗോപർക്ക് ഗോക്കളായിരുന്നു ദേവതമാർ. സ്വാഗതമോ കുശലമോ പറയുമ്പോൾ ആദ്യം ഗോക്കളുടെ ക്ഷേമമാണാരായുക; പിന്നെയേ ബന്ധുക്കളുടെ കാര്യം വരൂ.

വസുദേവൻ നന്ദ ഗോപനെ കണ്ടപ്പോൾ പറയുന്നു: “അപി ഭഗവതീഭ്യോ ഗോഭ്യഃ കുശലം ... അഥ ഭവതഃ പരിജനസ്യ കുശലം?” (*ബാലചരിതം* □ ഒന്നാമങ്കം. ഐശ്വര്യവതികളായ ഗോക്കൾക്ക് കുശലമല്ലേ? ... പിന്നെ, അങ്ങയുടെ പരിജനങ്ങൾക്ക് കുശലമല്ലേ?). ഗോകുലത്തിൽ ജീവിക്കുന്നതുകൊണ്ടുതന്നെ അവർ സ്വാഭാവികമായും തനിപ്പാവങ്ങളാണ്. (*ബാല ചരിതം* ഒന്നാമങ്കം). ഇന്ദ്രയജ്ഞം, ധനുർമഹം, രാജാക്കന്മാരുടെ തിരുനാളാഘോഷങ്ങൾ മുതലായ വിശേഷദിവസങ്ങളിൽ അവർ ചില പ്രത്യേകനൃത്തങ്ങൾ ചെയ്യുമായിരുന്നു. യുവതീയുവാക്കൾ പങ്കെടുക്കുന്ന ഹല്ലീസകമാണ് ആ പ്രത്യേക നൃത്തം. വൃദ്ധഗോപന്മാർ അതിന്റെ പ്രേക്ഷകരാ യിരിക്കും. യുവാക്കൾ മേത്തരം വേഷഭൂഷകൾ ചാർത്തും. (*പഞ്ചരാത്രം* രണ്ടാമങ്കം; *ബാലചരിതം* 3, 4 അങ്കങ്ങൾ). പല അന്ധവിശ്വാസങ്ങൾക്കും വശംവദരാണ് അവർ. ഉണക്കമരത്തിന്മേലുള്ള ഉണക്കക്കൊമ്പത്ത് സൂര്യനു നേരെയിരുന്ന് കാക്ക കരയുന്നത് ദുശ്ശകുനമാണെന്ന് അവർ വിശ്വസിച്ചു (*പഞ്ചരാത്രം* രണ്ടാമങ്കാരംഭം). അവർ നഗരങ്ങൾക്ക് സമീപത്തിൽ താമസിച്ചു. ധാരാളം പാലും പാലുല്പന്നങ്ങളും കായ്കനികളും കിഴങ്ങുകളും അവർക്ക് ലഭിച്ചിരുന്നു. (*പഞ്ചരാത്രം* രണ്ടാമങ്കം). ചെറിയ കുടിലുകൾകൊണ്ടു തന്നെ അവർക്ക് സമൃദ്ധി തോന്നിയിരുന്നു. അവരുടെ പ്രാർഥനകൾ സമാധാനത്തിനും അനുഗ്രഹങ്ങൾക്കും ഉപദ്രവങ്ങളിൽനിന്നുള്ള മുക്തിക്കും വേണ്ടിയായിരുന്നു. (‘പക്കണ’ത്തിന് ചണ്ഡാലക്കുടിൽ എന്നാണ് അർഥമെങ്കിലും *ബാലചരിത*ത്തിൽ ഗോപക്കുടിലെന്നാണ് വിവക്ഷിതം. പക്ഷേ, *പഞ്ചരാത്ര*ത്തിൽ ചണ്ഡാലക്കുടിലെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്).

**7. അടിമത്തം**

ഭാസനാടകങ്ങളിൽ ആണും പെണ്ണുമായ അടിമകളുണ്ട്. പണം കൊടുത്ത് അവരെ യജമാനന്റെ (യജമാനത്തിയുടെ) അടുത്തുനിന്ന് വിലയ്ക്കു വാങ്ങാം. അവർക്ക് പണം കൊടുത്ത് അടിമത്ത ത്തിൽനിന്ന് മോചിപ്പിക്കുകയുമാവാം. *ചാരുദത്തം* നാലാമങ്കത്തിൽ ദരിദ്രബ്രാഹ്മണ നായ സജ്ജലകൻ തന്റെ കാമുകിയും വസന്തസേന എന്ന ഗണികയുടെ ചേടിയും അടിമയുമായ മദനികയെ മോചിപ്പിക്കാൻ നിവൃത്തിയില്ലാതെ ചാരുദത്തന്റെ ഭവനഭിത്തി ഭേദിച്ച് അകത്തുകടന്ന് ആഭരണം മോഷ്ടിച്ച് അതുകൊണ്ട് അവളെ മോചിപ്പിക്കുന്നത് വിവരി ക്കുന്നുണ്ട്. “യഃ കോപി ക്രയേണ മാം യാചതേ” (ഒരാൾ അവളെ വിലയ്ക്കു വാങ്ങാൻ എന്നോട് യാചിക്കയാണ്) എന്ന് വസന്തസേന വിചാരിക്കുന്നതും, “കിം ദാസ്യതി ത്വാം നിഷ്ക്രയേ ണ” (വസന്തസേന നിന്നെ പണം കൊടുത്താൽ മോചിപ്പിക്കുമോ?) എന്ന് സജ്ജലകൻ മദനികയോട് ചോദിക്കുന്നതും, “ആര്യാ ഖലുസീദാനീം സംവൃത്താ” (നീ ഇപ്പോൾ ആര്യയായിത്തീർന്നുവല്ലോ) എന്ന് അടിമത്തത്തിൽനിന്ന് മുക്തയായാൽ മദനിക ആര്യവിഭാഗത്തിൽ പെടുമെന്ന് വസന്തസേന അവളോട് പറയുന്നതും, “അഥവാ അജ്ജുകാം ച പുനർവഞ്ചയിത്വാ പുനരേവ ദാസഭാവോ ഭവേത്” (അല്ലെങ്കിൽ ഞാൻ യജമാനത്തിയെ ഇനിയും വഞ്ചിക്കയാണെങ്കിൽ വീണ്ടും ഞാൻ അടിമയാവേണ്ടിവരും) എന്നിങ്ങനെ മദനിക സജ്ജലകനോട് താക്കീതിന്റെ സ്വരത്തിൽ പറയുന്നതും നോക്കുക. അടിമകളായ സ്ത്രീകൾക്ക് ദാസ്യവിമോ ചനം ലഭിച്ചാൽ, *ചാരുദത്ത*ത്തിലെ മദനികയെപ്പോലെ, വിവാഹം കഴിക്കാം, ആര്യയാവാം, ആവൃതമായ വാഹനങ്ങളിൽ സഞ്ചരിക്കയും ചെയ്യാം.

**8. സമൂഹത്തിൽ നിലനിന്നിരുന്ന പൊതുവായ ദോഷങ്ങൾ**

ചൂതുകളിക്കാർ കളിയിലെ ആരോപണങ്ങളും ചതിയും കാര്യമായെടുക്കാറില്ല (*ദൂതവാക്യം*, 11). ഉന്നതരെന്നു കരുതപ്പെട്ടുന്നവർക്കും ദ്യൂതത്തിൽ തോൽക്കുക അപമാനകരമല്ല. വസന്തസേന സൂക്ഷിക്കാനേല്പിച്ച സ്വർണാഭരണങ്ങൾ മോഷ്ടിക്കപ്പെട്ടപ്പോൾ അത് ചൂതിൽ നഷ്ടമായെന്നും പകരം മുത്തുമാല സ്വീകരിക്കണമെന്നും ചാരുദത്തൻ വസന്തസേനയോട് വിദൂഷകൻ മുഖേന പറഞ്ഞയയ്ക്കുന്നത് നോക്കുക. സംസ്കാരസമ്പന്നയായ ഗണിക സംഗീതം, നൃത്തം, ചിത്രം മുതലായ സുകുമാരകലകളിൽ വിദഗ്ധയായിരിക്കും. വസന്തസേന ഉദാഹരണം. ഗണികകൾ (അവരുടെ ദാസികളും) സാധാരണസ്ത്രീകളേക്കാൾ കൂടുതൽ വിദ്യാസമ്പന്നകളായിരിക്കുമെന്നതിനാൽ സംസ്കാരസമ്പന്നരായ പുരുഷന്മാർ അവരുമായി വിവാഹബന്ധം പോലും ആഗ്രഹിക്കും. ചാരുദത്തനും വസന്തസേനയും തമ്മിലും സജ്ജലകനും മദനികയും തമ്മിലുമുള്ള

പ്രണയബന്ധവും അതിൽ ആദ്യത്തേത് പ്രണയ സാഫല്യത്തിലും രണ്ടാമത്തേത് വിവാഹത്തിലും പര്യവസാനിക്കുന്നത് ശ്രദ്ധിക്കുക. (*ചാരുദത്തം*).

ഗണികകളുമായി ബന്ധപ്പെട്ട വിടൻ (*ചാരുദത്തം*) മാന്യനും കളത്രവാനും മുക്തവിഭവനും ഗുണവാനുമാണ്. വിടൻ സംസ്കൃതമാണ് സംസാരിക്കുക. സജ്ജലകനെന്ന ഭവനഭേദകനായ കവർച്ചക്കാരൻ ഖരപടനെന്ന തസ്കരഗുരുവിനെ സ്മരിക്കുന്നു. കള്ളൻ തന്റെ ചെയ്തിയുടെ ഹീനതയെപ്പറ്റി ബോധവാനാണ്. കഴിവതും ആളപായമില്ലാതാക്കാൻ അയാൾ ശ്രമിക്കും (*ചാരുദത്തം*). താൻ പ്രണയിക്കുന്ന മദനികയെ അടിമത്തത്തിൽനിന്നു മോചിപ്പിക്കാനാണ് സജ്ജലകൻ മോഷണം നടത്തുന്നതെന്നതും ശ്രദ്ധേയമാണ്. (*ചാരുദത്തം*)

### നാല്, സാംസ്കാരികകാര്യങ്ങൾ

#### 1. ശില്പം, പ്രതിമാനിർമാണം, കല

ശില്പം, പ്രതിമാനിർമാണം, കല എന്നിവയെക്കുറിച്ച് ഭാസനാടകങ്ങള്ൽ പൊതുവിലും *പ്രതിമാനാടകം, പ്രതിജ്ഞായൗഗന്ധരായണം, ഊരുഭംഗം, ചാരുദത്തം, ദൂതവാക്യം, സ്വപ്നവാസവദത്തം, അവിമാരകം* എന്നിവയിൽ വിശേഷിച്ചും, പരാമർശങ്ങളുണ്ട്.

ഇദം ഗൃഹം തത് പ്രതിമാനൃപസ്യ നഃ
സമുച്ഛ്രയോ യസ്യ സ ഹർമ്യദുർലഭഃ
അയന്ത്രിതൈരപ്രതിഹാരികാഗതൈർ–
വിനാപ്രണാമം പഥികൈരുപാസ്യതേ.

(*പ്രതിമ*, 3. 13. നമ്മുടെ രാജാവിന്റെ പ്രതിമാഗൃഹമാണിത്. അതിന്റെ ഔന്നത്യം സാധാരണമാളികകളിൽ കാണില്ല. യാത്രക്കാർക്ക് അവിടെ സ്വതന്ത്രമായി പരസഹായമെന്നിയേ നമസ്കരിക്കാതെ ഉപാസിക്കാം.) രഘുവംശരാജാക്കന്മാരുടെ പ്രതിമാഗൃഹത്തെപ്പറ്റിയുള്ള ശ്ലോകത്തിൽ അതിന്റെ ഔന്നത്യം സാധാരണമാളികകളുടേതുപോലെയല്ലെന്നു പ്രസ്താവിക്കുന്നു. ''വൃക്ഷാന്താവിഷ്കൃതേ ദേവകുലേ" (*പ്രതിമ* മൂന്നാമങ്കം. മരങ്ങൾക്കിടയിൽ നിർമ്മിച്ച ക്ഷേത്രത്തിൽ) എന്ന വിവരണത്തിൽ നിന്ന് ക്ഷേത്രങ്ങൾ മരങ്ങളുള്ള പറമ്പിലാണ് നിർമിച്ചിരുന്നതെന്നു വ്യക്തമാകുന്നു. സുധാകാര(വെള്ള വീശുന്നവ)ന്റെ വിവരണത്തിൽനിന്ന് പ്രതിമാഗൃഹത്തിന്റെ ചില വിശദാംശങ്ങൾകൂടി ലഭിക്കുന്നു. ക്ഷേത്രംപോലെയാണെങ്കിലും അവിടെ ദൈവവിഗ്രഹങ്ങളല്ല, ക്ഷത്രിയ രാജാക്കന്മാരുടെ പ്രതിമകൾ വെച്ച പ്രതിമാഗൃഹമാണത്. ആയുധമോ പതാകയോ മറ്റു ബഹിശ്ചിഹ്നങ്ങളോ അവിടെയില്ല എന്നതും അത് ക്ഷേത്രമല്ലെന്നു സൂചിപ്പിക്കുന്നു. ആ ശിലകളിൽ ചെയ്തിട്ടുള്ള കലാശില്പം ആശ്ചര്യകരമാണെന്നും ഓരോ രൂപവും എത്ര യഥാതഥമായിരിക്കുന്നുവെന്നും ഭരതൻ അത്ഭുതപ്പെടുന്നു (മൂന്നാമങ്കം). പുത്രവിരഹം സഹിക്കവയ്യാതെ ഉന്മത്തനെപ്പോലായ ദശരഥരാജാവിനെ കിടത്തുന്നതും തലവേദന തോന്നിയ പത്മാവതിയെ കിടത്താൻ പറയുന്നതും സമുദ്രഗൃഹത്തിലാണ് (*പ്രതിമ* രണ്ടാമങ്കം, *സ്വപ്നവാസവദത്തം* അഞ്ചാമങ്കം)

*പ്രതിജ്ഞായൗഗന്ധരായണ*ത്തിൽ (മൂന്നാമങ്കം) അഗ്നിഗൃഹത്തിന്റെ പരാമർശമുണ്ട്. വേഷം മാറി നടക്കുന്ന വസന്തകനും രുമണ്വാനും യൗഗന്ധരായണനും അവിടെ ഒത്തുചേർന്നാണ് തങ്ങളുടെ പദ്ധതിയുടെ അന്നന്നത്തെ ജയാപജയങ്ങൾ വിലയിരുത്തുന്നത്. ദേവകുലത്തിന്റെ പ്രാകാരങ്ങൾ നായ്ക്കൾക്ക് കയറാനാവാത്ത തരത്തിൽ അത്ര ഉയരത്തിലാണ്.

*പ്രതിജ്ഞായൗഗന്ധരായണം* ഒന്നാമങ്കാരംഭത്തിൽ വത്സരാജൻ ചതിക്കപ്പെട്ടത് ഹംസകൻ വിവരിക്കവേ "അസ്ത്യേഷ ചക്രവർത്തീ ഹസ്തീ .... ദിവ്യവാരണപ്രതിച്ഛന്ദഃ'' എന്നീ വാക്യങ്ങളിൽ ഗജശിക്ഷയുടെ വിശദവിവരങ്ങൾ വെളിപ്പെടുന്നു. മൂന്നാമങ്കത്തിലും ഗജശാസ്ത്രപരമായചില വസ്തുതകൾ വിവരിക്കുന്നതു കാണാം.

*ഊരുഭംഗം* മൂന്നാം ശ്ലോകത്തിൽ ഭീമ–ദുര്യോധനഗദായുദ്ധം തുടങ്ങുമ്പോഴത്തെ പടക്കളത്തെ സങ്കീർണലേഖ്യവും പ്രവിദ്ധവുമായ ചിത്രപടത്തോടുപമിച്ചിരിക്കുന്നു.

*ദൂതവാക്യ*ത്തിൽ ദ്രൗപദീവസ്ത്രാക്ഷേപത്തിന്റെ ചിത്രപടത്തെ ആസ്വദിക്കുന്ന ദുര്യോധനന്റെ "അഹോ അസ്യ വർണാഢ്യതാ. അഹോ ഭാവോപപന്നതാ. അഹോ യുക്തലേഖതാ. സുവ്യക്തമാലിഖിതോയം ചിത്രപടഃ." (ആശ്ചര്യം! ഇതിന്റെ വർണാഢ്യത! ആശ്ചര്യം! ഭാവം എത്ര യോജിച്ചിരിക്കുന്നു! ആശ്ചര്യം! ഉചിതമായി വരച്ചിട്ടുണ്ട്. വളരെ വ്യക്തമായി ചിത്രീകരിച്ചിട്ടുള്ളതാണീ ചിത്രപടം.) എന്ന വരികൾ ഭാസന്റെ ചിത്രകലാവൈദഗ്ധ്യത്തെ സൂചിപ്പിക്കുന്നു. *സ്വപ്നവാസവദത്ത*ത്തിൽ മഹാസേനൻ കൊടുത്തയച്ച തങ്ങളുടെ വിവാഹചിത്രഫലകം കണ്ടിട്ട് പറയുന്ന വത്സരാജവാക്യങ്ങളും ഓർമിക്കാം (ആറാമങ്കം). ചിത്രത്തിലെ വാസവദത്ത ആവന്തികയെപ്പോലിരുക്കുന്നു എന്ന് പത്മാവതി പറഞ്ഞപ്പോൾ, "ന സദൃശീ. സൈവേതി മന്യേ" (അവളെപ്പോലെയല്ല, അവൾതന്നെയാണെന്ന് ഞാൻ വിചാരിക്കുന്നു) എന്നാണ് രാജാവ് പറയുന്നത്.

*ചാരുദത്തം* നാലാമങ്കം തുടങ്ങുന്നതുതന്നെ വസന്തസേനയുടെ

ചിത്രകലാജ്ഞാനം വെളിപ്പെടുത്തിക്കൊണ്ടാണ്. ചിത്രഫലകമെടുത്ത് വസന്തസേനയും വർത്തികാകരണ്ഡകഹസ്തയായി (ചായപ്പെട്ടിയും ബ്രഷും കൈയിലെടുത്ത്) ചേടിയും പ്രവേശിക്കുന്നതോടെ അങ്കം ആരംഭിക്കുന്നു. യജമാനത്തി വരച്ച ചിത്രം കണ്ട് "സ ഭർത്തൃദാരക ഈദൃശ ഏവ" (ആ യുവാവ് ഇങ്ങനെത്തന്നെ) എന്ന് ചേടി അഭിപ്രായം പറയുന്നു.

*ചാരുദത്തം* മൂന്നാമങ്കത്തിൽ നായകനും വിദൂഷകനും സംഗീതക്കച്ചേരിക്കു പോയി അർധരാത്രി മടങ്ങിവരുന്നതും അതിനെപ്പറ്റി അഭിപ്രായം പറയുന്നതുമെല്ലാം ചാരുദത്തന്റെ സംഗീതകലാസ്വാദനവൈദഗ്ധ്യവും വിദൂഷകന്റെ അരസികതയും വെളിപ്പെടുത്തുന്നു. ആ അങ്കത്തിലെ ആദ്യത്തെ പദ്യത്തിലെ നായകന്റെ വീണയാകുന്ന അസമുദ്രോത്ഥിതമായ രത്നത്തെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും ശ്രദ്ധേയമാകുന്നു.

ഉച്ചം ഹർമ്യം സന്നിരുദ്ധാശ്ച ജാലാ–
സ്തന്ത്രീനാദഃ ശ്രൂയതേ സാനുനാദം
ബാഹ്യസ്ഥാനം വ്യക്തമേവം പ്രയോക്തും
കിം സാമർഥ്യം സ്ത്രീകരാഗ്രാങ്ഗുലീനാം

(*അവിമാരകം*, 3. 5. മാളിക ഉയർന്നത്; ജനലുകൾ അടച്ചിട്ടുണ്ട്. തന്ത്രിയുടെ നാദം അനുനാദത്തോടുകൂടി കേൾക്കപ്പെടുന്നു. ബാഹ്യസ്ഥാനം വ്യക്തമാണ്. ഇപ്രകാരം പ്രയോഗിക്കാൻ സ്ത്രീ യുടെ കൈവിരലുകളുടെ അഗ്രഭാഗങ്ങൾക്ക് സാമർഥ്യമുണ്ടാ കുമോ?)

എന്നും

താനസ്തു മന്ദോ വിശദപ്രവൃത്തോ
ജാതശ്ച നാദോ മുഖനാസികേന
സ്ഥൂലോപി ഹേതുഃ കരതാളനാദഃ
സഞ്ജായതേ സദ്വലയസ്വനേന.

(*അവിമാരകം,* 3. 6. താനം മന്ദമാണ്; എന്നിട്ടും വിശദമായി പുറത്തേക്കു വരുന്നു. വായിൽനിന്നും മൂക്കിൽനിന്നുമാണ് നാദമുണ്ടാകുന്നത്. സ്ഥൂലഹേതുവായ കരതാളനാദം നല്ല വളകളുടെ സ്വനവുമായി നന്നായി ഇടകലരുന്നു.) എന്നുമുള്ള ശ്ലോകങ്ങൾ ഭാസന്റെ സംഗീതശാസ്ത്രപാടവം പൊതുവിലും, വീണാവാദനശാസ്ത്രപ്രാവീണ്യം വിശേഷിച്ചും, വ്യക്തമാക്കുന്നു.

ഘോഷവതീവീണ കൈയിലെത്തിയപ്പോൾ മഹാസേനൻ അതിന്റെ സവിശേഷതയെപ്പറ്റി പറയുന്നു:

ശ്രുതിസുഖമധുരാ സ്വഭാവരക്താ
കരജമുഖോല്ലിഖിതാഗ്രഘൃഷ്ടതന്ത്രീ
ഋഷിവചനഗതേവ മന്ത്രവിദ്യാ
ഗജഹൃദയാനി ബലാദ് വശീകരോതി.

(*പ്രതിജ്ഞ*, 2. 12. കർണസുഖമുളവാക്കുന്നതും നൈസർഗികമായി രാഗം വഴിയുന്നതും വിരൽത്തുമ്പുകൾകൊണ്ടും നഖങ്ങൾകൊണ്ടും കമ്പികൾ തൊടുമ്പോൾ, ഋഷിവചനങ്ങളിലെ മാന്ത്രികവിദ്യപോലെ, ഈ വീണ ആനകളുടെ ഹൃദയങ്ങളെ വശീകരിക്കുന്നു.)

അടുത്ത ശ്ലോകത്തിൽ (2. 13), തന്റെ മൂത്ത മകൻ ഗോപാലകൻ രാഷ്ട്രതന്ത്രം മനസ്സിലാക്കിയവനാണെന്നും ഇളയവനായ പാലകൻ കായികപരിശീലനത്തിൽ തല്പരനെങ്കിലും ഗാന്ധർവ(സംഗീതശാസ്ത്ര) ദ്വേഷിയാണെന്നും പറയുന്നു.

*ചാരുദത്തം* രണ്ടാമങ്കത്തിൽ സംവാഹനം (തിരുമ്മൽ) അക്കാലത്തെ ഒരു കലയായിരുന്നുവെന്നും ആ കല പരിശീലിച്ച സംവാഹകന്മാരെ സമൂഹത്തിലെ ഉന്നതപദവിയിലുള്ളവർ സ്വന്തം ഭവനങ്ങളിൽ വേതനം കൊടുത്തു നിർത്തിയിരുന്നുവെന്നും മനസ്സിലാവുന്നു. കാലക്രമത്തിൽ അത് ഒരു കല എന്ന നിലവിട്ട് ജീവനോപായമായി അധഃപതിച്ചതായും സൂചനയുണ്ട് "കലേതി ശിക്ഷിതാ. ആജീവികേദാനീം സംവൃത്താ." (കല എന്ന നിലയ്ക്കാണ് പഠിച്ചത്. ഇപ്പോൾ അത് ജീവിതമാർഗമായിത്തീർന്നു) എന്ന സംവാഹകവാക്യം നോക്കുക.

**2. മതം, ദർശനം, ശാസ്ത്രം**

ഭാസൻ താഴെ പറയുന്ന ദേവതകളെ പരാമർശിക്കുന്നു: വിഷ്ണു, ശിവൻ, കാത്യായനി, സ്കന്ദൻ, ബലരാമൻ, യക്ഷിണി. *അവിമാരക*ത്തിലെയും *ബാലചരിത*ത്തിലെയും മംഗളശ്ലോകങ്ങൾ വിഷ്ണുവായ നാരായണനെയും *മധ്യമവ്യായോഗ*ത്തിലേത് വാമനനെയും വന്ദിക്കുന്നു. *അവിമാരകം* വരാഹത്തെ പരാമർശിക്കുന്നു. *കർണഭാരം* നൃസിംഹത്തെയും *രാമായണ–മഹാഭാരത*നാടകങ്ങൾ രാമനെയും കൃഷ്ണനെയും സ്തുതിക്കുന്നു.

*ദൂതവാക്യ*ത്തിൽ ''ഗോപാലകസ്തവ പുരുഷോത്തമഃ'' (ഗോപാലകനാണോ നിന്റെ പുരുഷോത്തമൻ?) എന്ന പരാമർശമുണ്ട്. *ബാലചരിത*ത്തിൽ ജ്യേഷ്ഠാഭഗവതിയെയും ശ്രീഭഗവതിയെയും (ഒന്നാമങ്കം) വിഷ്ണുവെയും (മൂന്നാമങ്കം) പറ്റി പ്രസ്താവമുണ്ട്.

*പ്രതിജ്ഞ*യിൽ (2. 2) കാർത്തികേയൻ; *ബാലചരിത*ത്തിൽ (2. 23, 3. 9) ശക്തിധരൻ, സ്കന്ദൻ; *അഭിഷേക*ത്തിൽ (1. 24, 6. 7) ഗുഹൻ, കാർത്തികേയൻ എന്നീ സുബ്രഹ്മണ്യപര്യായങ്ങളെ പേരെടുത്തുപറയുകയും *പ്രതിമ*യിൽ (5. 12. ക്രൗഞ്ചത്വം വാഗമിഷ്യതി – ക്രൗഞ്ചപർവതത്തിന്റെ നില വരികയോ ചെയ്യും)

എന്നിങ്ങനെ സൂചിപ്പിക്കുകയും ചെയ്യുന്നു.

''ഭഗവത്യാ യക്ഷിണ്യാ സ്ഥാനം, തസ്മിൻ ദേവകാര്യം കർത്തും" (മൂന്നാമങ്കം) എന്നു *പ്രതിജ്ഞ*യിൽ യക്ഷിണിയെയും "യാത്യർധനാരീശ്വരരൂപശോഭാം" ( 2. 12. അർധനാരീശ്വരനായ ശിവന്റെ ശോഭയെ പ്രാപിക്കുന്നു) എന്നിങ്ങനെ *അവിമാരക*ത്തിൽ അർധനാരീശ്വരനെയും പരാമർശിക്കുന്നു. കാത്യായനി. ബ്രഹ്മചാരി എന്നെല്ലാം *പ്രതിജ്ഞ*യിൽ (മൂന്നാമങ്കാരംഭം) സാധാരണമായ അർഥത്തിലല്ലാതെ പ്രയോഗിച്ചുകാണാം. "കിന്നു ഖലു പാർവണോയം വിശേഷഃ,അഥവാആഹ്നികമാസ്തിക്യം" (ഈ വിശേഷം പർവത്തിലോ ദിവസത്തിലോ...) എന്നും "കിന്നു ഖലു ചതുർദൈവ തോയം സ്തോമഃ'' (നാലു ദേവന്മാർക്കുള്ള സ്തുതിയീണോ?) എന്നും *പ്രതിമ*യിൽ (മൂന്നാമങ്കം) പൂജാവിശേഷങ്ങളെപ്പറ്റി സൂചിപ്പിക്കുന്നു.

**ബുദ്ധമതം**

*പ്രതിജ്ഞ* മൂന്നാമങ്കത്തിൽ ''അഘം ബ്രാഹ്മണഭാവഃ. ഈഹാമാത്രകേണ ശ്രമണകേനാഭയം ദീയതേ" (ബ്രാഹ്മണത്വം പാപമാണ്; ആഗ്രഹംകൊണ്ടുതന്നെ ബുദ്ധസന്യാസിയിൽനിന്ന് അഭയം ലഭിക്കുന്നു) എന്നും "ഉന്മത്തോപാസക!" (ഭ്രാന്തു പിടിച്ച ബുദ്ധഭക്താ!) എന്നും "പ്രേക്ഷസ്വ പ്രേക്ഷസ്വ മമ പ്രഭാവം" (നോക്കൂ നോക്കൂ എന്റെ ശക്തി) എന്നും ബുദ്ധമതസംബന്ധിയായ പരാമർശങ്ങളുണ്ട്.

**ജൈനമതം**

ജന്മം കൊണ്ട് ബ്രാഹ്മണനായിട്ടും ശ്രമണകനെന്ന് വിദൂഷകൻ സ്വയവും അവൈദികനെന്ന് ചേടി അയാളെക്കുറിച്ചും *അവിമാരകം* രണ്ടാമങ്കത്തിൽ പറയുന്നു. അതിൽത്തന്നെ നാലാമങ്കത്തിൽ വിദൂഷകൻ കുരംഗിയെപ്പറ്റി നിർഗന്ധശ്രമണിക എന്നും പ്രസ്താവിക്കുന്നു.

**ദർശനം**

ഭാസനാടകങ്ങളിൽ വിഷ്ണുവിന്റെ പല അവതാരങ്ങളും സൂചിപ്പിക്കപ്പെടുന്നു. ബലരാമന് പഞ്ചരാത്രപദ്ധതിയിൽ വലിയ സ്ഥാനമാണ്. ആ പേരിൽ ഭാസൻ ഒരു നാടകം തന്നെ രചിച്ചിട്ടുണ്ട്. വാസുദേവകൃഷ്ണന്റെ മഹത്ത്വം പല കൃതികളിലും കാണാം.

"അന്യസ്യാമപി ജാത്യാം മേ ത്വമേവ ജനനീ ഭവ" (*ഊരുഭംഗം*, 50. ദുര്യോധനൻ അമ്മയോട്: അടുത്ത ജന്മത്തിലും അങ്ങുതന്നെ എന്റെ അമ്മയായി ഭവിച്ചാലും) എന്നും "ജാതിസ്മരഃ പ്രഥമജാതിമിവ സ്മരാമി'' (*അവിമാരകം* 2. 1 – അവിമാരകൻ കുരംഗിയെ സ്മരിക്കുന്നു: മുജ്ജന്മത്തെ സ്മരിക്കു ന്നവൻ പൂർവജന്മത്തെ എന്നപോലെ ഞാൻ അവളെ സ്മരിക്കുന്നു) എന്നുമുള്ള വരികൾ പുനർജന്മവിശ്വാസം സൂചിപ്പിക്കുന്നു.

വല്മീകമൂലാദ് ദഹനേന ഭീതാ–
സ്തത്കോടരൈഃ പഞ്ച സമം ഭുജംഗാഃ
സമം വിപന്നസ്യ നരസ്യ ദേഹാദ്
വിനിഃസൃതാഃ പഞ്ച യഥേന്ദ്രിയാണി.

(*പഞ്ചരാത്രം*, 1. 10. തീയെ പേടിച്ച് മൺപുറ്റിന്നുള്ളിൽനിന്ന് ഒന്നിച്ച് അഞ്ചു പാമ്പുകൾ, മരിച്ച മനുഷ്യന്റെ ദേഹത്തിൽനിന്ന് അഞ്ച് ഇന്ദ്രിയങ്ങൾ എന്ന പോലെ, പുറത്തേക്കു വന്നു) എന്ന ശ്ലോകത്തിൽ, മരണശേഷം ഇന്ദ്രിയങ്ങൾ ശരീരത്തിൽനിന്ന് പുറത്തുപോകുന്നു എന്ന ആശയം ആവിഷ്കരിച്ചിരിക്കുന്നു.

**ജ്യോതിശ്ശാസ്ത്രവും ജ്യോത്സ്യവും**

"ഉദധിരിവ ബിഭർത്തി യുദ്ധഭൂമീ
രഘുവരചന്ദ്രശരാംശുവൃദ്ധവേഗാ"

(*അഭിഷേകം*, 6. 2. യുദ്ധഭൂമി രാമചന്ദ്രന്റെ ശരരശ്മിയാൽ വൃദ്ധിയാർന്ന വേഗത്തോടുകൂടിയ സമുദ്രത്തെപ്പോലെ .... ധരിക്കുന്നു) എന്നിങ്ങനെ ചന്ദ്രോദയത്തിൽ കടലിലുണ്ടാകുന്ന വേലിയേറ്റത്തെ പരാമർശിക്കുന്നു.

ഉജ്ജയിനിയിലെ മനോഹരമായ നീന്തൽക്കുളങ്ങളെ (ഉദകസ്നാനാനി)പ്പറ്റി *സ്വപ്നവാസവദത്ത*ത്തിൽ (അഞ്ചാമങ്കം) പറയുന്നു. കാർത്തികനക്ഷത്രം ഒരു നാഴികകൂടി ബാക്കിയുണ്ടെന്നും രോഹിണി തുടങ്ങിയാൽ ഭരതൻ അയോധ്യയിൽ പ്രവേശിച്ചാൽ മതിയെന്നും (ഏകനാഡികാവശേഷഃ കൃത്തികാവിഷയഃ. തസ്മാത് പ്രതിപന്നായാമേവ രോഹിണ്യാമയോധ്യാം പ്രവേക്ഷ്യതി കുമാരഃ.) എന്നിങ്ങനെ *പ്രതിമ* മൂന്നാമങ്കത്തിൽ ഭടൻ ഭരതനോട് പറയുന്നത് രാജകുമാരന്മാരുടെ നഗരപ്രവേശത്തിനു നക്ഷത്രം നോക്കുന്ന പതിവ് അന്നുണ്ടായിരുന്നവെന്നു സൂചിപ്പിക്കുന്നു. ആകാശത്തിൽ നിരനിരയായി പറക്കുന്ന സാരസപംക്തിയെ വത്സരാജൻ വർണിക്കുന്നു:

ഋജ്വായതാം ച വിരളാം ച നതോന്നതാം ച
സപ്തർഷിവംശകുടിലാം ച നിവർത്തനേഷു
നിർമുച്യമാനഭുജഗോദരനിർമലസ്യ
സീമാമിവാംബരതലസ്യ വിഭജ്യമാനാം.

(*സ്വപ്നവാസവദത്തം*, 4. 2. ഈ സാരസപംക്തി, നേരെ നീളത്തിലും ഇടവിട്ടും താഴ്ന്നും ഉയർന്നും മടക്കങ്ങളിൽ സപ്തർഷിനക്ഷത്രങ്ങളെപ്പോലെ വളഞ്ഞും ഉറയൂരിയ പാമ്പിന്റെ വയറിനു തുല്യം നിർമലമായ ആകാശത്തിന്റെ അതിരുകണക്കെ വേർ

തിരിഞ്ഞുനിൽക്കുന്നു.) എന്ന ശ്ലോകത്തിലെ സപ്തർഷിവംശ പരാമർശം ശ്രദ്ധേയം. *അവിമാരകം* ആറാമങ്കത്തിൽ വസുമിത്ര പറയുന്നു: "അഹോ വിഷമശീലാഃ സാംവത്സരികാ നാമാത്മനോ നക്ഷത്രവിശേഷമേവ ചിന്തയന്തി, കർമഗൗരവം ന ജാനന്തി." (അമ്പോ! ജ്യൗതിഷികന്മാരെന്നു പറയുന്നവർ വിഷമശീലന്മാർതന്നെ. എപ്പോഴും സ്വന്തം നക്ഷത്രവിശേഷത്തെപ്പറ്റിത്തന്നെ ചിന്തിക്കുന്നു. പ്രവൃത്തിയുടെ ഗൗരവം അറിയുന്നില്ല.) തങ്ങളുടെ പ്രവചനങ്ങൾ മറ്റുള്ളവരിൽ എന്തു പ്രതികരണമുണ്ടാക്കുന്നു, അവർ അവ നടപ്പിലാക്കുന്നതിന് എത്ര വിഷമിക്കുന്നു എന്നൊന്നും ഓർക്കുന്നില്ല.

**വൈദ്യം**

ഹരിണിക എന്ന ചേടി കുരംഗിയോട് തലവേദനയെപ്പറ്റി ചോദിക്കുന്നതും അതിനുവേണ്ടിയുള്ള ഔഷധം പുരട്ടാൻ പറയുന്നതും രോഗം മാറിയത് മരുന്നുകഴിച്ചതുകൊണ്ടാണെന്ന് ഭട്ടിനിയെ അറിയിക്കാൻ ചേടിയെ ഏല്പിക്കുന്നതും സ്മരിക്കാം (*അവിമാരകം* അഞ്ചാമങ്കം). "രോഗീദൃഷ്ടിവിലോഭനം ജനയിതും ശോഭാ ന കാചിത് കൃതാ"(*സ്വപ്നവാസവദത്തം*, 5. 4. രോഗിയുടെ കണ്ണിന് സന്തോഷമേകാൻ ഭംഗിയുള്ളതൊന്നും വെച്ചിട്ടില്ല) എന്ന വരിയിലൂടെ രോഗിയെ ശുശ്രൂഷിക്കുമ്പോൾ ചെയ്യേണ്ട സംഗതികളിൽ അപ്രധാനമല്ലാത്ത ഒന്നിനെപ്പറ്റി പറയുന്നു.

**3. ഉത്സവങ്ങൾ, കായികവിനോദങ്ങൾ, നേരമ്പോക്കുകൾ**

*ബാലചരിതം* ഒന്നാമങ്കത്തിൽ ഇന്ദ്രയജ്ഞം, നാലാമങ്കത്തിൽ ധനുർമഹമെന്ന മഹോത്സവം എന്നിവ പരാമർശിക്കപ്പെടുന്നു. ആദ്യത്തേത് ഗോപന്മാർ ആഘോഷിക്കുന്നു. രണ്ടാമത്തേത് രാജാവ് മുൻകൈയെടുത്ത് സംഘടിപ്പിക്കുന്നതാണ്.

*ബാലചരിതം* മൂന്നാമങ്കത്തിലും നാലാമങ്കത്തിലും ഹല്ലീസക നൃത്തത്തെപ്പറ്റി പറയുന്നു. മൂന്നാമങ്കത്തിലാണ് നൃത്തത്തിന്റെ സാമാന്യസ്വരൂപം വിവരിക്കുന്നത്. വൃന്ദാവനത്തിൽ വെച്ച് ദാമോദരനും ഗോപികമാരും കൂടി കളിക്കുന്നതാണ് പ്രസ്തുതനൃത്തം. എല്ലാ ഗോപജനങ്ങളോടുംകൂടി താൻ അതു കാണുമെന്ന് വൃദ്ധഗോപാലകൻ പറയുന്നു. ഘോഷസുന്ദരി, വനമാല, ചന്ദ്രരേഖ, മൃഗാക്ഷി എന്നിവരാണ് അതിൽ പങ്കെടുക്കുന്ന ഗോപികമാരിൽ പ്രമുഖകൾ. ദാമോദരൻ ജ്യേഷ്ഠൻ സങ്കർഷണനോടുകൂടി ഗോപാലകപരിവൃതനായി ഗോകുലത്തിനു യോജിച്ച രീതിയിൽ ഹല്ലീസക നൃത്തം ചവിട്ടുന്നു. സങ്കർഷണന്റെ നിർദേശപ്രകാരം മേഘനാദൻ ആതോദ്യങ്ങൾ മുഴക്കുന്നു. എല്ലാവരും അതിൽ പങ്കെടുക്കുന്നു. വൃദ്ധഗോപാലകൻ ആ സംഘനൃത്തത്തിന്റെ പ്രേക്ഷകനാണെങ്കിലും നൃത്തം പുരോഗമിക്കുന്നതോടെ താനും അതിൽ പങ്കെടുക്കുന്നു. അപ്പോഴാണ് അരിഷ്ടർഷഭൻ വരുന്നതും നൃത്തം മുടങ്ങുന്നതും. പിന്നീട് നാലാമങ്കത്തിൽ വീണ്ടും ദാമോദരൻ കാളിയന്റെ അഞ്ചു ഫണങ്ങളിന്മേൽ ഹല്ലീസകം കളിക്കുന്നതായി നാം കാണുന്നു. ഗോപാലന്മാരുടെ ഗാനങ്ങളെയും നൃത്യങ്ങളെയും പറ്റി *പഞ്ചരാത്ര*ത്തിലും (രണ്ടാമങ്കം) പരാമർശമുണ്ട്. അതും ഹല്ലീസകമായിരിക്കാം. വൃദ്ധഗോപാലകൻ *ബാലചരിത*ത്തിലെപ്പോലെ ഇവിടെയും നൃത്തഗീതങ്ങൾ മുറുകുമ്പോൾ അതിൽ പങ്കെടുക്കാൻ വെമ്പുന്നുണ്ട്. ഗോഗ്രഹണം നടക്കുന്നതോടെ അതവസാനിക്കുന്നു.

*പ്രതിജ്ഞായൗഗന്ധരായണ*ത്തിലെ, "ഗാന്ധർവദ്വേഷിവ്യായാമശാലീ ചാപ്യനുപാലകഃ" (2. 13. സംഗീതവിദ്വേഷിയും കായിക പരിശീലനത്തിൽ തല്പരനുമാണ് മഹാസേനന്റെ രണ്ടാമത്തെ മകനായ പാലകൻ) എന്ന പാലകവിവരണത്തിൽ അദ്ദേഹത്തിന്റെ കായികവിനോദവൈദഗ്ധ്യം വെളിപ്പെടുന്നു.)

സർവേ നരേന്ദ്രാ ഹി നരേന്ദ്രകന്യാം
മല്ലാഃ പതാകാമിവ തർക്കയന്തി.

(*അവിമാരകം*, 1. 9. എല്ലാ രാജാക്കന്മാരും രാജകന്യകയെ മല്ലന്മാർ പതാകയെയെന്നപോലെ സംശയിക്കുന്നു) എന്ന ശ്ലോകാർധത്തിൽ മല്ലയുദ്ധത്തെ ഒരു കായികവിനോദമായോ മത്സരമായോ കാണുന്നു.

കാമദേവനെ യുവാക്കളെ സംബന്ധിച്ചിടത്തോളം പാട്ടില്ലാത്ത ഒരുത്സവമെന്ന് വസന്തസേനയുടെ ചേടി വിശേഷിപ്പിക്കുന്നു (*ചാരുദത്തം* രണ്ടാമങ്കം. കാമോ ഹി ഭഗവാൻ അനവഗീത ഉത്സവസ്തരുണജനസ്യ). അതേ നാടകത്തിൽ, സമുദ്രോത്ഥിതമല്ലാത്ത രത്നമാണ് വീണ എന്നു വിശേഷിപ്പിച്ചതിനുശേഷം ഉൽക്കണ്ഠയുള്ളവന് ഹൃദയമറിയുന്ന സഖിയും വിഷയങ്ങളിൽ സങ്കീർണദോഷങ്ങളൊന്നുമില്ലാത്ത സഭയും വിനോദങ്ങളിലും വിരഹദുഃഖങ്ങളിലും പ്രിയതമയുമാണ് അതെന്ന് വർണിക്കുന്നു:

ഉത്കണ്ഠിതസ്യ ഹൃദയാനുഗതാ സഖീവ
സങ്കീർണദോഷരഹിതാ വിഷയേഷു ഗോഷ്ഠീ
ക്രീഡാരസേഷു മദനവ്യസനേഷു കാന്താ (3. 1)

തുടർന്ന് ചാരുദത്തൻ സംഗീതത്തെയും വീണയെയുമെല്ലാം വാഴ്ത്തുകയും അദ്ദേഹത്തിന്റെ വിദൂഷകൻ അതിനെയൊക്കെ പരിഹസിക്കുകയുമാണ്! *ചാരുദത്തം* മൂന്നാമങ്കത്തിൽ സജ്ജലകന്റെ ഭവനഭേദനക്കവർച്ചയ്ക്കുശേഷമുള്ള വിദൂഷകന്റെ "ചോരം ഛിത്വാ

സന്ധിഃ പ്രവിഷ്ടഃ" (കള്ളനെ മുറിച്ച് സന്ധി കയറി) എന്നും "ന ഖലു വസന്തസേനാ, വസന്തസേനഃ പ്രാപ്തഃ" (വസന്ത സേനയല്ല, വസന്തസേനൻ വന്നു) എന്നും പറയുന്നത് നേരമ്പോക്ക് ഉളവാക്കുന്നു.

*ബാലചരിത*ത്തിലും *അവിമാരക*ത്തിലുമുള്ള ദാമോദരനും സങ്കർഷണനും മല്ലന്മാരും തമ്മിലും, ദാമോദരനും ഉത്പലാപീഡ മെന്ന ആനയും തമ്മിലും, അവിമാരകൻ ആനയിൽനിന്നു കുരംഗിയെ രക്ഷിക്കാൻ അദ്ദേഹവും ആനയും തമ്മിലും നടത്തുന്ന യുദ്ധങ്ങൾ ദാമോദര–സങ്കർഷണ–അവിമാരകന്മാരെ സംബന്ധിച്ചിടത്തോളം കായികവിനോദങ്ങളോ നേരമ്പോക്കുകളോ പോലെത്തന്നെയാണ്. *അവിമാരകം* രണ്ടാമങ്കത്തിൽ ചേടിയും വിദൂഷകനും തമ്മിലുള്ള സംഭാഷണം നേരമ്പോക്ക് ജനിപ്പിക്കുന്നു. *അവിമാരകം* നാലാമങ്കത്തിൽ വിദ്യാധരൻ അവിമാരകനു കൊടുത്ത അത്ഭുതമോതിരമണിഞ്ഞ് വിദൂഷകൻ സ്വയം വിസ്മയിക്കുന്നതും മറ്റും നേരമ്പോക്കുണ്ടാക്കുന്നു.

**4. ജനകീയവിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും**

അവിമാരകന്റെ ജാതി–കുലങ്ങളെക്കുറിച്ചുള്ള സംശയങ്ങളും അതിന്നാസ്പദമായ മഹർഷിശാപവും ഒരു കൊല്ലം കഴിഞ്ഞാൽ പൂർവസ്ഥിതി പ്രാപിക്കുമെന്ന ശാപമോക്ഷവും അതുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും അദ്ദേഹം ഉന്നതകുലജാതനാണെന്ന സത്യം യഥാകാലം തെളിയുമെന്ന അശരീരിയുമെല്ലാം (*അവിമാരകം)* ഭാസ ന്റെ കാലത്ത് നിലവിലിരുന്ന ജനകീയവിശ്വാസങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും പ്രതിഫലനമായിരിക്കണം. അവിമാരകൻ അഗ്നിക്ക് സുദർശനയിലുണ്ടായ പുത്രനാണെന്നും അതേ കാലത്തുണ്ടായ അനുജത്തി സുചേതനയുടെ മകൻ മരിച്ചതിനാൽ ചേച്ചി അവനെ അനുജത്തിക്കു നൽകിയെന്നും മറ്റുമുള്ള സംഭവങ്ങൾ ആറാമങ്കത്തിൽ നാരദമഹർഷി കൊട്ടാരത്തിൽ വന്ന് വെളിപ്പെടു ത്തുമ്പോൾ മാത്രമാണ് എല്ലാവരും അറിയുന്നത്. ഇത്തരം മഹർഷിമാരുടെ വരവും വെളിപാടുകളും അക്കാലത്തെ വിശ്വാ സങ്ങളുടെ ഭാഗമാവാം.

സജ്ജലകന്റെ ഭവനഭേദനവും ആഭരണഭാണ്ഡമോഷണവും (*ചാരുദത്തം* മൂന്നാമങ്കം) വിവരിക്കുന്നിടത്ത് അതുമായി ബന്ധപ്പെട്ട ചില ജനകീയവിശ്വാസങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും ചിത്രീകരണം കാണാം. ഭവനഭേദനത്തിനു മുമ്പ് മോഷണത്തിന്റെ അധിദേവതയെന്നു സങ്കല്പിക്കപ്പെടുന്ന ഖരപടനെയും രാത്രിഗോചര ന്മാരായ ദേവന്മാരെയും നമസ്കരിക്കുന്നത് അന്നത്തെ വിശ്വാസത്തി ന്റെ പ്രതിഫലനമാണെന്നു വിചാരിക്കാം. വിളക്കു കെടുത്താൻ പാറ്റയെ ഉപയോഗിക്കുന്നത് അന്നത്തെ മോഷണകലയുടെ സങ്കേതമായിക്കൂടായ്കയില്ല. *അവിമാരക*ത്തിലെ സൗവീരരാജാവും *പ്രതിമ*യിലെ കൈകേയിയും മറ്റും അന്ധവിശ്വാസങ്ങൾക്ക് ചിലപ്പോൾ അടിമകളായിരുന്നു. ചണ്ഡഭാർഗവമഹർഷിയുടെ ശാപത്തിൽ അദ്ദേഹം യഥാർഥത്തിൽ വിശ്വസിക്കുന്നു (*അവിമാരകം* ആറാമങ്കം). ഒഴിവാക്കാത്തതാണ് മഹർഷിശാപമെന്ന് കൈകേയിയും വിശ്വസിക്കുന്നു (*പ്രതിമ* ആറാമങ്കം). തങ്ങൾ വിചാരിച്ചിരിക്കാത്ത കാര്യങ്ങൾ നാരദൻ വിവാഹസംബന്ധമായി പെട്ടെന്നു തീരുമാനക്കുമ്പോൾ ഒരു സംശയവും കൂടാതെ അതംഗീകരി ക്കുകയാണ് സുദർശന ചെയ്യുന്നത് (പ്രതിഗൃഹീതമൃഷിവചനം – *അവിമാരകം* ആറാമങ്കം). നാരദൻ അവിമാരകന്റെ കുരംഗീദർശനം മുൽക്കുള്ള സംഭവങ്ങൾ വിവരിക്കുമ്പോൾ കുന്തിഭോജൻ പറയുന്നത് "നിഷ്പ്രതി വചനമൃഷിവചനം" (*അവിമാരകം* ആറാമങ്കം. ഋഷിയുടെ വാക്കിനെ മറുത്തുപറയരുത്) എന്നത്രേ. *ബാലചരിത*ത്തിൽ ശാപം കഥാപാത്രമാണ് (രണ്ടാമങ്കം). അതിൽ രാക്ഷസ–പിശാച–ചണ്ഡാല സ്ത്രീകൾ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. അത് ദുശ്ശകുന ങ്ങളാണെന്ന് കംസൻ വിശ്വസിക്കുകയും ചെയ്യുന്നു.

*പ്രതിജ്ഞ* ഒന്നാമങ്കത്തിൽനിന്ന് അന്ന് കൊട്ടാരത്തിലെ സ്ത്രീകൾ പ്രതിസര (രക്ഷ, ഉറുക്ക്) ധരിച്ചിരുന്നുവെന്നു മനസ്സി ലാക്കാം. *അവിമാരക*ത്തിൽ അശരീരിയിലുള്ള വിശ്വാസം പ്രതിഫലിക്കുന്നുണ്ട്. ധാത്രിയും നളിനികയുംകൂടി അവിമാരകനെ കണ്ട് കുരംഗിയുടെ അവസ്ഥ അറിയിച്ച് അദ്ദേഹത്തെ കന്യാപുര ത്തിലേക്ക് ക്ഷണിക്കാൻ പോകുമ്പോൾ അവരുടെ മനസ്സിലുള്ള അദ്ദേഹത്തിന്റെ കുലീനതയെ സംബന്ധിച്ച സംശയം,

യദി ച വിഭവരൂപജ്ഞാനസത്ത്വാദയഃ സ്യുർ–
ന തു കുലവികലാനാം വർത്തതേ വൃത്തശുദ്ധിഃ
ധ്രുവമിഹ കുലമസ്യ ശ്രോഷ്യസി പ്രാപ്തകാലേ
ത്യജ കുലഗതശങ്കാം സാധ്യതാം സ്വന്തമേതത്.

(2. 5. ധനം സൗന്ദര്യം അറിവ് മനശ്ശക്തി മുതലായവ യുണ്ടെ ങ്കിൽ താഴ്ന്ന കുലത്തിൽ പിറന്നവർക്ക് സ്വഭാവശുദ്ധി കാണുകയില്ല. അവസരം വരുമ്പോൾ ഇദ്ദേഹത്തിന്റെ കുലമെന്തെന്ന് തീർച്ചയായും നിങ്ങൾക്ക് കേൾക്കാറാകും. കുലത്തെക്കുറിച്ചുള്ള സംശയം ഉപേ ക്ഷിക്കുക. ഇത് ശുഭപര്യവസായിയായിത്തീരും.) എന്ന അശരീരി കേൾക്കുന്നതോടെ തീരുകയും അവർ തങ്ങളുടെ ദൗത്യം വിജയി ക്കുമെന്നു വിശ്വസിച്ച് മുന്നോട്ടു പോവുകയും ചെയ്യുന്നു. അവർ

ആ അശരീരിയിയിൽ ഉറച്ചുവിശ്വസിക്കുന്നുവെന്നു തീർച്ച.

*അവിമാരക*ത്തിൽ അവിമാരകൻ,

ദഗ്ധാഃ സ്ഫുലിംഗനികരൈർനിപതന്തി വൃക്ഷാ
ജ്വാലാശ്ച മേ മലയചന്ദനപങ്കശീതാഃ
അഗ്നിർദയാം ഹി കുരുതേ മദനാതുരേപി
പുത്രം പിതേവ ച പരിഷ്വജതി പ്രഹൃഷ്ടഃ

(4. 8. തീപ്പൊരിക്കൂട്ടങ്ങളാൽ ദഹിപ്പിക്കപ്പെട്ട് മരങ്ങൾ വീഴുന്നു; എന്നെ സംബന്ധിച്ചിടത്തോളം അഗ്നിജ്വാലകൾ മലയപർവതത്തിലെ ചന്ദച്ചാറുപോലെ ശീതളങ്ങളാകുന്നു; കാമാതുരനായ എന്നിൽ പ്പോലും അഗ്നി ദയ കാണിക്കുകയാണ്; അച്ഛൻ മകനിലെന്നപോലെ സന്തുഷ്ടനായി ആശ്ലേഷിക്കുകയും ചെയ്യുന്നു.) എന്നും "അഗ്നിഃ ഖലു മാം ദഹതി" (അഗ്നി എന്നെ ദഹിപ്പിക്കു കയില്ലല്ലോ) എന്നും പറയുന്നതിൽനിന്ന് അദ്ദേഹം അഗ്നിപുത്ര നാണെന്ന് ഉറച്ചുവിശ്വസിക്കുന്നതായി വ്യക്തമാകുന്നു.

സ്വപ്നങ്ങളെയും ശകുനങ്ങളെയും കൊട്ടാരം ജ്യോത്സ്യന്മാർ വ്യാഖ്യാനിക്കുകയും ജനങ്ങൾ അതിൽ വിശ്വസിക്കുകയും ചെയ്തുവെന്ന് *ബാലചരിതം* രണ്ടാമങ്കം സൂചിപ്പിക്കുന്നു.

ശാന്ത്യനുഷ്ഠാനവും ബ്രാഹ്മണഭോജനവും ദുശ്ശകുനങ്ങളില്ലാ താക്കാനും പുരോഗതി കൈവരുത്താനും ഉതകുന്നതാണെന്ന് *പഞ്ചരാത്രം* വെളിപ്പെടുത്തുന്നു.

**5. ഭക്ഷണവും വസ്ത്രവും** – "ഘൃതമരിചലവണരൂഷിതോ മാംസഖണ്ഡോ" *(പ്രതിജ്ഞായൗഗന്ധരായണം* നാലാമങ്കം) എന്ന മദ്യപന്റെ പരാമർശത്തിലൂടെ നെയ്യ്, കുരുമുളക്, ഉപ്പ് എന്നിവ കലർന്ന ഇറച്ചിക്കഷണം മദ്യശാലകളിലെ ഭക്ഷണവിഭവങ്ങളിൽ പെടുമെന്നു മനസ്സിലാകുന്നു. മോദകം (വത്സൻ എന്നും അട എന്നും പറയാറുള്ള ഒരു പലഹാരം. 'കൊഴുക്കട്ട' എന്നു ചിലർ വ്യാഖ്യാനിക്കുന്നു.) പ്രതിജ്ഞയിലെ വിദൂഷകന്റെയും മറ്റും സംഭാ ഷണങ്ങളിൽ കടന്നുവരുന്നുണ്ട്. *ചാരുദത്തം* ഒന്നമങ്കാരംഭത്തിലെ സൂചനയനുസരിച്ച് പ്രാതലിന് നെയ്യ്, വെല്ലം, തൈര്, അരി എന്നിവ ഉണ്ടായിരിക്കാമെന്നു വ്യക്തമാവുന്നു. ആനപ്പാപ്പാന്മാർ പൊതുവിൽ മദ്യശാലയിൽചെന്ന് സുരാപാനം ചെയ്യാറുണ്ടെന്ന് *പ്രതിജ്ഞ*യിലെ നാലാമങ്കപ്രവേശകം സൂചിപ്പിക്കുന്നു. സുരയുടെ ഉപദംശമായ ഇറച്ചിയെപ്പറ്റി നേരത്തെ പറഞ്ഞുകഴിഞ്ഞു. *ചാരുദത്തം* രണ്ടാമങ്കാ ന്ത്യത്തിൽ "യജ്ഞോപവീതമാത്രപ്രാവാരക" (യജ്ഞോപവീതം മാത്രമായ പുതപ്പോടുകൂടി)നായി നടന്നു പോകുന്ന ദരിദ്രചാരുദത്ത ന്റെ ചിത്രം കാണാം.

നിശിതവിമലഖഡ്ഗഃ സംഹൃതോന്മത്തവേഷഃ
കനകരചിതചർമവ്യഗ്രവാമാഗ്രഹസ്തഃ
വിരചിതബഹുചീരഃ പാണ്ഡരാബദ്ധപട്ടഃ
സതഡിദിവ പയോദഃ കിഞ്ചിദുദ്ഗീർണചന്ദ്രഃ

(*പ്രതിജ്ഞ*, 3. 3. കൂർത്ത് തിളങ്ങുന്ന വാളോടുകൂടിയവനും ഭ്രാന്തവേഷം വെടിഞ്ഞവനും ഇടതുകൈയിൽ സ്വർണം പതിച്ച തോൽക്കവചം പിടിച്ചവനും പലതരത്തിലുള്ള വസ്ത്രം ധരിച്ചവനും തലയിൽ വെളുത്ത തലപ്പാവ് കെട്ടിയവനും ആയ യൗഗന്ധരായണൻ ചന്ദ്രനെ പിന്നിലാക്കിയ, മിന്നലോടുകൂടിയ മേഘത്തെപ്പോലെ ശോഭിക്കുന്നു) എന്ന യൗഗന്ധരായണന്റെ വർണന ഒരു യോദ്ധാവി ന്റെ വേഷത്തിന്റെ ചില സൂചനകൾ നൽകുന്നു.

*ചാരുദത്തം* രണ്ടാമങ്കത്തിൽ "ഉത്തരീയപടവിരാഗതയാധിക ലക്ഷണീയഃ കശ്ചിത് പ്രവ്രജിതഃ" (മേൽവസ്ത്രത്തിന്റെ കാവിനിറ ത്താൽ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്ന ഒരു സന്യാസി) എന്ന വാക്യ ഭാഗത്തിലൂടെ സന്യാസിമാരുടെ കാവിവേഷത്തിലേക്ക് വെളിച്ചം വീശുന്നു.

**6. ശവസംസ്കാരം**

ചിതാം ന താവത് സ്വയമസ്യ ദേഹ–
മാരോപയന്ത്യർജുനദർശനാർഥം

(*ദൂതഘടോൽക്കചം*, 9. അഭിമന്യുവിന്റെ ജഡം അർജുനന് കാണുന്നതിനുവേണ്ടി ചിതയിലേക്ക് കയറ്റുന്നില്ല) എന്ന വരികൾ ക്ഷത്രിയരുടെ ശവം ദഹിപ്പിക്കുകയാണ് പതിവെന്നു സൂചിപ്പിക്കുന്നു.

"കാഷ്ഠഭൂതം കളേബരം ത്യജ്യതാം – . . ഈദൃശോ ലോകധർമഃ. ത്യജ്യതാം." (*ബാലചരിതം* ഒന്നാമങ്കം. വെറും തടിയായ ദേഹത്തെ ശവത്തെ – കളഞ്ഞേക്കൂ.... ഇതുപോലുള്ളതൊക്കെ നാട്ടിൽ പതവാണ്. കളഞ്ഞേക്കൂ.) യശോദ പെറ്റ പെൺകുഞ്ഞിനെ കൈയിലേന്തിക്കൊണ്ടുനിൽക്കുന്ന നന്ദഗോപനോട് വസുദേവൻ പറയുന്ന ഈ വാക്യങ്ങളിൽനിന്ന് കുഞ്ഞുങ്ങളുടെ ശവം ദഹിപ്പിക്കാതെ കളയുകയാണ് പതിവെന്ന് ഊഹിക്കാം.

**അഞ്ച്, സാമ്പത്തികസ്ഥിതി**

ഭാസന്റെ കാലത്തെ സമ്പദ്വ്യവസ്ഥ എങ്ങനെയായിരുന്നു വെന്നതിന് സൂചനയൊന്നും കിട്ടാനില്ല. ഭൂമി രാജാവിന്റേതാണെന്നു വ്യക്തമാണ്. രാജാവില്ലാത്ത ഒരു രാജ്യവും ഭാസനാടകങ്ങളിലില്ല. ജന്മിസമ്പ്രദായത്തെപ്പറ്റി പരാമർശമൊന്നുമില്ല.

**1. വ്യാപാരപരാമർശങ്ങൾ**

വാണിജ്യത്തെപ്പറ്റി *ചാരുദത്ത*ത്തിലുള്ള വിവരങ്ങൾ വിജ്ഞാന

പ്രദവും രസകരവുമാണ്. "ഭീത്യോത്പഥപ്രവൃത്ത ഇവ വണിക്" (*ചാരുദത്തം* മൂന്നാമങ്കം. ഭയത്താൽ, നേർവഴി തെറ്റി സഞ്ചരിക്കുന്ന കച്ചവടക്കാരനെപ്പോലെ)എന്നും "വിക്രീതഭാണ്ഡ ഇവ വണിക്" (*ചാരുദത്തം* മൂന്നാമങ്കം. ചരക്കു വിറ്റഴിച്ച കച്ചവടക്കാരനെന്ന പോലെ) എന്നും "വണിഗ്ദാരകഃ കശ്ചിദാ ഗന്തുകഃ" (*ചാരുദത്തം* രണ്ടാമങ്കം. പുറമെനിന്നു വന്ന ഒരു കച്ചവടക്കാരന്റെ മകൻ) എന്നു മുള്ള *ചാരുദത്ത*പരാമർശങ്ങളിൽനിന്നും നായകനായ ചാരുദത്തൻ ബ്രാഹ്മണനാണെങ്കിലും സാർഥവാഹപുത്രനാണെന്നതിൽ നിന്നും ഭാസന്റെ കാലത്ത് വ്യാപാരവും വ്യവസായവും കുറച്ചൊക്കെ നടന്നിരുന്നുവെന്നൂഹിക്കാം.

**2. വാഹനങ്ങൾ**

ആന, തേര്, കുതിര, അളുകൾ വഹിക്കുന്ന പല്ലക്ക് എന്നിവ വാഹനങ്ങളായി ഉപയോഗിച്ചിരുന്നു. ഉപരിവർഗത്തിൽപ്പെട്ട രാജാക്കന്മാർ, പ്രഭുക്കൾ, യോദ്ധാക്കൾ എന്നിവരാണ് ഇവ ഉപയോഗിച്ചിരുന്നവർ. സ്വതവേ കുതിരകളെയാണ് തേരുകളിൽ പൂട്ടുക. ഒരിടത്ത് "ജവാതിശയയുക്തേന ഖരരഥേന" (അധികവേഗമുള്ള കഴുതയെ പൂട്ടിയ തേരിലൂടെ) എന്ന പ്രയോഗത്തിൽനിന്ന് കഴുതകളെയും ആ ആവശ്യത്തിന് ഉപയോഗിച്ചിരുന്നുവെന്നു വ്യക്തം.

## ആറ്, രാഷ്ട്രീയദർശനം

രാജാധിപത്യകാലമായിരുന്നു ഭാസന്റേത്. അതുകൊണ്ട് രാജാക്കന്മാരുടെയും മറ്റും ജീവിതത്തെ സംബന്ധിച്ച കാര്യങ്ങൾ അക്കാലത്തെ രാഷ്ട്രീയത്തെപ്പറ്റി മനസ്സിലാക്കാൻ ആവശ്യമാണ്.

**1. കൊട്ടാരജീവിതം**

ഭാസനാടകങ്ങളിൽ പ്രതിഫലിക്കുന്ന കൊട്ടാരജീവിതം കൗടില്യന്റെ *അർഥശാസ്ത്ര*ത്തിൽ കാണുന്ന വിവരണത്തോട് കൂടുതൽ സാദൃശ്യമുള്ളതായി നമുക്ക് തോന്നാം. പക്ഷേ, ഭാസൻ കൗടില്യനു മുൻപാണ്. കൗടില്യനും കടപ്പെട്ടിരിക്കാവുന്ന ബൃഹസ്പതിയുടെ *അർഥശാസ്ത്ര*മാണ് ഭാസന് പരിചയം. അതിനാൽ ഇതേ ആശയങ്ങൾ *ബാർഹസ്പത്യാർഥശാസ്ത്ര*ത്തിലുമുണ്ടാവാം.

*അവിമാരക*ത്തിലും (മൂന്നാമങ്കം) *അഭിഷേക*ത്തിലുമാണ് (രണ്ടാമങ്കം) കൊട്ടാരജീവിതത്തെക്കുറിച്ച് നമുക്ക് കൂടുതൽ മനസ്സിലാക്കാൻ സാധിക്കുന്നത്. എല്ലാ വശങ്ങളിലും ശക്തവും ഉന്നതവുമായ ഭിത്തികൾ കൊണ്ട് സുരക്ഷിതമായിരിക്കും കൊട്ടാരം. ഭിത്തികളിൽ വിവിധസ്ഥലങ്ങളിൽ കപിശീർഷകങ്ങളുണ്ടാവും. ഈ ഭിത്തികളുമായി ബന്ധപ്പെട്ട് ഭൂമിക്കടിയിലെ മുറികളിലേക്കു കടക്കാനുള്ള രഹസ്യമാർഗങ്ങൾ ഉണ്ടായിരിക്കും. ആകെ ഘടനയെത്തന്നെ മറിച്ചിടാനുള്ള യാന്ത്രികോപായങ്ങളും ധാരാളം ഒളിഞ്ഞുനിൽക്കുന്ന കോണികളും ഇവയുമായി ബന്ധപ്പെട്ട് നിർമിച്ചിരിക്കാം. (അട്ടോളപ്രതോളീന്ദ്രപഥേഭ്യഃ – *അവിമാരകം* മൂന്നാമങ്കം) ഈ കോട്ടയ്ക്കുള്ളിലാണ് ആനത്തൊഴുത്തുകളും കുതിരലായങ്ങളും അതിഥിമന്ദിരങ്ങളും കൃത്രിമപർവതങ്ങളും സംഗീതശാലകളും വേനൽക്കാലവസതികളും മറ്റും (*അവിമാരകം* മൂന്നാമങ്കം). അന്തഃപുരത്തിനടുത്താണ് ഉപസ്ഥാനഗൃഹം. അവിടെ രാജ്ഞിമാർക്ക് രാജാവിനോടൊപ്പം ഇരിക്കുകയും സംഭാഷണങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യാം. അതുകൊണ്ട് മന്ത്രിമാർക്ക് എപ്പോഴും എളുപ്പത്തിൽ സമീപിക്കാവുന്നതാണ് (*അവിമാരകം* ഒന്നാമങ്കം). പലതരം ആയുധങ്ങൾക്കു പുറമെ കവചങ്ങൾ, മറ്റു യുദ്ധസാധനങ്ങൾ, രാജകീയത്തടവുകാരെ സൂക്ഷിക്കാനുള്ള സംവിധാനം എന്നിവയെല്ലാമടങ്ങുന്ന ആയുധപ്പുരയും അവിടെയായിരിക്കും (*പ്രതിജ്ഞ* നാലാമങ്കം; രണ്ടാമങ്കം കൂടി നോക്കുക). ആരാധനാകർമാനുഷ്ഠാനത്തിനുള്ള സ്ഥാനിഗൃഹം ഇതോടനുബന്ധിച്ചുള്ളതാണ് (*പ്രതിജ്ഞ*). ചില പ്രത്യേകാവസരങ്ങളിൽ രാജാവിനുവേണ്ടി അരങ്ങേറുന്ന നാടകങ്ങൾ അഭിനയിക്കാനുള്ള നാടകവേദികൾ ഇതിനകത്ത് പ്രത്യേകമായുണ്ടാവും (*പ്രതിമ* ഒന്നാമങ്കം). പ്രത്യേകം സംരക്ഷിക്കപ്പെടുന്ന, രാജകുമാരിയും രാജ്ഞിയും പരിവാരവും താമസിക്കുന്ന കന്യാപുരപ്രാസാദം എന്നറിയപ്പെടുന്ന, കൊട്ടാരഭാഗം ഉണ്ടായിരിക്കും (*അവിമാരകം* മൂന്നാമങ്കം). അനധികൃതവ്യക്തികളുടെ പ്രവേശം തടയാനും അന്തഃപുരത്തിൽ വസിക്കുന്നവരെ സംരക്ഷിക്കാനും അവരുടെ മേൽനോട്ടം നിർവഹിക്കാനും തെളിയിക്കപ്പെട്ട പ്രാവീണ്യവും സുപരീക്ഷിതമായ സ്വഭാവവുമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നു. കാഞ്ചുകീയനാണ് ഭാസനാടകങ്ങളിൽ ഈ സ്ഥാനത്ത് കാണുന്നത്. രാജകുമാരിക്ക് അവരുടേതായ ഭൃത്യവർഗം വേറെതന്നെ കാണും. മെരുക്കി കൂട്ടിലിട്ട, പല പക്ഷികളും അവർക്കു മാത്രമായ പ്രമദവനങ്ങളും കൃത്രിമപ്പൊയ്കകളും ഉണ്ടാകും. ചിലപ്പോൾ അവർ മട്ടുപ്പാവുകളിൽ നേരം പോക്കും. തുറക്കാൻ പല യാന്ത്രികസങ്കേതങ്ങളും ഉപയോഗിക്കുന്ന അന്തഃപുരത്തിന്റെ നിർമാണത്തിൽ മരപ്പണിക്കായിരിക്കും പ്രാധാന്യം നൽകുക. (കാഷ്ഠകർമബഹുലതയാ; ജാലയന്ത്ര – *അവിമാരകം*).

ഭാസന്റെ കാലമായപ്പോഴേക്കും രാജപദവി പരമ്പരാഗതമായി. (*ബാലചരിതം.* ഉഗ്രസേനന്റെ മകൻ കംസൻ; *പ്രതിജ്ഞ*, സഹസ്രാങ്കന്റെ മകൻ ശതാനീകൻ, അദ്ദേഹത്തിന്റെ മകൻ ഉദയനൻ; *അവി*

*മാരകം*, ദുര്യോധനന്റെ മകൻ കുന്തിഭോജൻ). രാജാവില്ലാത്ത തോ ജനാധിപത്യപരമോ ആയ ഒരു രാജ്യവും ഈ കൃതികളിൽ പരാമർശിക്കപ്പെട്ടുകാണുന്നില്ല. എല്ലാം രാജാക്കന്മാർ ഭരിക്കുന്ന രാജ്യങ്ങൾ. രാജാവിന്റെ ദിനചര്യ വളരെ കണിശവും ക്ലേശബഹുല വുമാണ്. ''ബഹുവൃത്താന്താനി രാജകുലാനി നാമ'' (*പ്രതിമ* ഒന്നാമങ്കം. രാജകൊട്ടാരങ്ങൾ സംഭവബഹുലമാണല്ലോ). രാജാവിന് അദ്ദേഹത്തിന്റേതായ ഭാരിച്ച ഉത്തരവാദിത്തങ്ങളുണ്ട് (*അവിമാരകം* ഒന്നാമങ്കം. "അഹോ! മഹദ്ഭാരോ രാജ്യം നാമ" – അമ്പോ! രാജ്യ മെന്നു പറയുന്നത് വലിയ ഭാരമുള്ളതാണ്). പ്രജകൾ ചെയ്യേണ്ടുന്ന വയുടെ ഭാരവാഹി മാത്രാണ് രാജാവെന്ന് രാമൻ പറയുന്നു (*പ്രതിമ*, 7. 11 – രാജാ കിലാസ്മി ഭുവി സത്കൃതഭാരവാഹീ – രാജാവായ ഞാൻ ജനങ്ങളാൽ സൽക്കരിക്കപ്പെട്ട ഭാരവാഹി മാത്രമാണ്). ഭാസൻ ഒരു പദ്യത്തിൽ രാജാവിന്റെ ഉത്തരവാദിത്തത്തെ ഒരു രത്ന ച്ചിമിഴിലെന്നപോലെ ഒതുക്കിപ്പറഞ്ഞിട്ടുണ്ട് (*അവിമാരകം*, 1. 12). രാജ്യകാര്യങ്ങളെ ഒരു നിമിഷംപോലും അവഗണിക്കരുതെന്ന് രാമൻ ഭരതനെ ഓർമിപ്പിക്കുന്നു (രാജ്യം നാമ മുഹൂർത്തമപി നോപേ ക്ഷണീയം – *പ്രതിമ* നാലാമങ്കം).

യജ്ഞാനുഷ്ഠാനവും ബ്രാഹ്മണരുടെ സന്മനസ്സുമാണ് രാജാക്ക ന്മാർക്ക് അവശ്യം വേണ്ടത്. ഇതേപ്പറ്റി ഭാസന് ഏറെ പറയാനുണ്ട് (*പഞ്ചരാത്രം*, 1. 25). ഉല്പന്നങ്ങളുടെ ആറിലൊന്നാണ് രാജാക്ക ന്മാർക്കു കിട്ടേണ്ടത് ധ*അവിമാരകം* നാലാമങ്കം. "പുഷ്പിതാനാം നഗാനാം ഷഡ്ഭാഗഗ്രഹണമസ്മാകം ധർമഃ" (പുഷ്പിതങ്ങളായ പർവതങ്ങളുടെ ആറിലൊന്നു സ്വീകരിക്കുക നമ്മുടെ ധർമമാ കുന്നു) എന്ന വിദ്യാധരീവാക്യം ഇതിന്റെ പ്രതിഫലനമാവാം. രാജാക്കന്മാർ സൽക്കർമങ്ങളിൽ മാത്രം വ്യാപൃതരാകണം (*പഞ്ചരാത്രം*, 1. 24). യജ്ഞം, സത്യം, ദാനം, പരാക്രമം എന്നിവയായിരിക്കണം രാജാവിന്റെ മുദ്രാവാക്യങ്ങൾ (*അവിമാരകം*, 1.2, 6. 19). ചക്രവർത്തിത്വം നേടേണ്ടത് വീര്യംകൊണ്ടും ബാഹുപരാക്രമംകൊണ്ടും മാത്രമാണ്; യാചനകൊണ്ടല്ല. ദേശകാലോചിതമാവണം പ്രതാപമെന്നേയുള്ളൂ. (*ദൂതവാക്യം*. ദേശകാലാവസ്ഥാപേക്ഷി ഖലു ശൗര്യം നയാനു ഗാമിനാം. ശ്ലോകം 24 കൂടി നോക്കുക.)

രാജാക്കന്മാർ പലപ്പോഴും സേനാപതികളാവും; യുദ്ധത്തിൽ പങ്കെടുക്കും. യുദ്ധം വിനോദമാണവർക്ക്. രണാതിഥി എന്നാണ് പ്രയോഗിച്ചുകാണുന്നത്. അതിഥികളെ യഥാവിധി സൽക്കരിക്കണ മല്ലോ. ധ*പഞ്ചരാത്രം*, 2. 13. രഥമാനയ ശീഘ്രം മേ ശ്ലാഘ്യഃ പ്രാപ്യോ രണാതിഥിഃ – തോഷയിഷ്യേ ശരൈർഭീഷ്മം ജേഷ്യാമീത്യമനോരഥഃ (വിരാടരാജാവ് പറയുന്നു: വേഗം തേര് കൊണ്ടുവരൂ. സ്തുത്യനായ യുദ്ധാതിഥി വന്നിരിക്കയാണ്. ജയിക്കാമെന്ന ആശയില്ലാതെതന്നെ ആ ഭീഷ്മനെ ശരങ്ങൾകൊണ്ട് ഞാൻ സന്തോഷിപ്പിക്കും.)പ യുദ്ധത്തിലേറ്റ മുറിവുകൾ ആഭരണങ്ങളായി പരിഗണിക്കപ്പെടുന്നു (*ഊരുഭംഗം*, 51) ഭയംകൊണ്ട് യുദ്ധം ഒഴിവാക്കരുത്. ഏതുവിധ ത്തിലും വീരന്മാരെ നേടണം. യുദ്ധത്തിൽ ജയിച്ചാൽ ഭൂമി; മരിച്ചാൽ സ്വർഗം. (*പഞ്ചരാത്രം*, 2. 5). യുദ്ധത്തിലുള്ള ഒളിച്ചോടൽ ഗർഹണീയമത്രേ.

മന്ത്രിമാരോട് ആലോചിച്ചുവേണം രാജാവ് തീരുമാനങ്ങ ളെടുക്കാൻ (*അഭിഷേകം* ഒന്നാമങ്കം. അമാത്യവർഗൈഃ സമ്മന്ത്ര്യ ഗന്തവ്യം – അമാത്യന്മാരോട് ആലോചിച്ചുവേണം യുദ്ധത്തിനു പോകാൻ). ആലോചനാസ്ഥലത്തിനു മന്ത്രശാല എന്നു പേര്. ഉപദേശകന്മാർക്ക് ഓരോ പദവിയുണ്ട്. അതനുസരിച്ചാണ് അവരോട് ഉപദേശമാരായേണ്ടത് (*ദൂതവാക്യം*). സന്ദർഭം വരികയാണെങ്കിൽ സമിതിയുടെ മുഴുവൻ ഉപദേശം തേടണം. പക്ഷേ, ദുര്യോധനനെ പ്പോലുള്ളവർ പലപ്പോഴും ഈ നിയമങ്ങളെല്ലാം മറികടക്കാറുണ്ട്. തന്റെ വഴിക്കു പോയ്ക്കളയും. സേനാപതിയെ തിരഞ്ഞെടുക്കേണ്ട കാര്യത്തിൽ വിധിയറിയാൻ ചേർന്ന സഭയിൽ പാണ്ഡവ ന്മാരുടെ ദൂതനായി വന്ന വാസുദേവകൃഷ്ണനോടുള്ള പെരുമാറ്റത്തിൽ ഇഷ്ടംപോലെ പ്രവർത്തിച്ചതിനാൽ ദൗത്യം നിരർഥകമായി (*ദൂതവാക്യം*).

ബഹുമാന്യരായ പൗരന്മാർ പൊതുവിൽ രാജാവിനോട് അനുഭാവം രേഖപ്പെടുത്തുകയും അവസരത്തിനൊത്ത് അദ്ദേഹത്തെ അനുശോചനം അറിയിക്കുകയോ അനുമോദിക്കുകയോ ചെയ്യാൻ വരികയും പതിവാണെന്നു തോന്നുന്നു (*അവിമാരകം* ഒന്നാമങ്കം). "ന ഭൃത്യദൂഷണീയാ രാജാനഃ, സ്വാമിനോ ഹി സ്വാമ്യമാത്യാനാം" (രാജാ വ് ഭൃത്യന്മാരാൽ ദുഷിപ്പിക്കപ്പെടരുത്; രാജാവ് അമാത്യന്മാരുടെ യജമാനനാണല്ലോ) എന്ന ഭൂതികന്റെയും "കാര്യമേവാപേക്ഷതേ ബുദ്ധിരമാത്യാനാം, ന സ്നേഹഃ'' (അമാത്യന്മാരുടെ ബുദ്ധി കാര്യത്തിൽ മാത്രമാണ് നോക്കേണ്ടത്; സ്നേഹത്തെയല്ല) എന്ന രാജാവിന്റെയും വാക്യങ്ങൾ (*അവിമാരകം* ഒന്നാമങ്കം) നോക്കുക. ഭാസനാടകങ്ങളിലെ രാജാക്കന്മാർക്ക് പരിവാരാംഗങ്ങൾ അധികമില്ല. പ്രതീഹാരി (വനിത), കാഞ്ചുകീയൻ, ഒരു ഭൃത്യൻ, വിദൂഷകൻ – ഇത്രയേ പതിവുള്ളൂ (*അഭിഷേകം*, 3. 2; *ബാലചരിതം*, 2. 2). കൗടലീയ *അർഥശാസ്ത്ര*ത്തിലെ, അഥവാ കാളിദാസനാടകങ്ങളിലെ പ്പോലെ, അംഗരക്ഷകയുടെയോ ഗ്രീക്കുവനിതയുടെയോ പരാമർശമില്ല. രാ

ജ്ഞി കൂടെയുള്ളപ്പോൾതന്നെ പ്രധാനരാജ്യകാര്യങ്ങൾ രാജാവിനെ അറിയിക്കാം (*പ്രതിജ്ഞ* രണ്ടാമങ്കം).

അക്കാലത്ത് രാഷ്ട്രീയപ്രധാനമായ വിവാഹങ്ങൾ നടത്താറുണ്ടെന്നു തോന്നുന്നു. പ്രധാനമായ രാജകുടുംബങ്ങളെല്ലാം വിവാഹം മുഖേന പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. *സ്വപ്നവാസവദത്ത*ത്തിലെ ഉദയനന്റെയും പത്മാവതിയുടെയും വിവാഹം അക്കൂട്ടത്തിലൊന്നാണ്.

രാജാവിന്റെ വേഷത്തെപ്പറ്റി കൃത്യമായൊന്നും പറയാൻ കഴിയില്ല. സാധാരണക്കാരെപ്പോലെ രാജാവിനും ഉത്തരീയമെന്നും അധരീയമെന്നും രണ്ടു വസ്ത്രങ്ങളുണ്ടായിരുന്നു. അവ പക്ഷേ സിൽക്കുകൊണ്ടായിരുന്നു. കവചിതമായിരുന്നു ദേഹം. വെഞ്ചാമരങ്ങളും വെൺകൊറ്റക്കുടയുമുണ്ടായിരുന്നു. സാധാരണനിലയിൽ കിരീടവും ഉണ്ടാവും. കൈകളിലും അലങ്കാരങ്ങളണിഞ്ഞിരുന്നു. (*ദൂതവാക്യം*, 3, 10; *പ്രതിജ്ഞ*, 2. 3; *അഭിഷേകം*, 2. 9). *പ്രതിമ* (പേ. 6–8, 15–20) യിൽനിന്ന് അഭിഷേകത്തിന്റെ ഏകദേശരൂപം കിട്ടും. യുവരാജാവിന്റെ വേഷത്തെപ്പറ്റി *പ്രതിജ്ഞ*(സ ഏവ ഭർത്തൃദാരകസ്യ വേഷഃ)യിൽ സൂചനയുണ്ട്. ഒരു പുതിയ രാജാവിന്റെ വരവ് എപ്പോഴും സംശയത്തോടും ഔത്സുക്യത്തോടും കൂടിയാണ് പ്രജകൾ നോക്കിയിരുന്നത്. "നവനൃപതിവിമർശേ നാസ്തി ശങ്കാ പ്രജാനാം" (*പ്രതിമ*, 1. 14. പുതിയ രജാവിനെ വിമർശിക്കുന്നതിൽ പ്രജകൾക്ക് ശങ്കയില്ല).

രാജാക്കന്മാർ അപ്രത്യക്ഷരായാലോ സ്വയം പ്രവാസം വരിച്ചാലോ ഒക്കെ മന്ത്രിമാർ ഭരണം നടത്തിക്കൊള്ളും. ഇതേപ്പറ്റി *അവിമാരകം* 1. 11–ൽ പരാമർശം കാണാം.

അക്കാലത്ത് മന്ത്രിമാർക്ക് നല്ല ചുമതലയുണ്ടായിരുന്നു. (*അവിമാരകം* 1. 5 നോക്കുക.) യൗഗന്ധരായണനും മറ്റു മന്ത്രിമാരും വത്സരാജന്റെ രാജ്യകാര്യങ്ങളിലും ഗാർഹികകാര്യങ്ങളിലുമെല്ലാം ഒരുപോലെ ഇടപെട്ട സംഭവങ്ങൾ, ചിലപ്പോൾ, അപവാദമാവാം. ചില വിദേശകാര്യവും മന്ത്രിമാർ നോക്കിയിരുന്നു. (*പ്രതിജ്ഞ*, 4. 8, *സ്വപ്നവാസവദത്തം*, 5. 12 എന്നിവ നോക്കുക.)

ഭാസകൃതികളിൽ നാം മന്ത്രിമാരുടെ എണ്ണത്തെപ്പറ്റിയോ കർത്തവ്യത്തെപ്പറ്റിയോ കൃത്യമായി യാതൊരു നിർദേശവും കാണുന്നില്ല. മുഖ്യമന്ത്രി, സേനാപതി, പുരോഹിതൻ, രാജകീയജ്യോത്സ്യൻ – ഇവരെപ്പറ്റിയേ പരാമർശമുള്ളൂ.

''സർവാപരാധേഷ്വവധ്യാഃ ഖലു ദൂതാഃ'' (*അഭിഷേകം* മൂന്നാമങ്കം. വിഭീഷണവാക്യം. ഏതപരാധം ചെയ്താലും ദൂതന്മാരെ കൊല്ലരുത്); "ദൂതവധഃ ഖലു വചനീയഃ" (മൂന്നാമങ്കം. രാവണവാക്യം. ദൂതന്മാരെ കൊല്ലുന്നത് നിന്ദ്യമാണ്); "ദൂതസമുദാചാരമതിക്രാന്തഃ കേശവോ വധ്യതാം" (*ദൂതവാക്യം*. ദൂതന്മാരുടെ സമ്പ്രദായം ലംഘിച്ച കേശവനെ കൊന്നാലും); "ലാംഗൂലമാദീപ്യ വിസൃജ്യതാമയം വാനരഃ" (*അഭിഷേകം മൂന്നാമങ്കം.* രാവണവാക്യം. വാലിന് തീ കൊളുത്തി വിടൂ ഈ കുരങ്ങനെ) മുതലായ ഭാഗങ്ങൾ ദൂതന്റെ സവിശേഷത സർവാംഗീകൃതമെന്നു തെളിയിക്കുന്നു. രാജാക്കന്മാരോ മറ്റുള്ളവരോ ഏല്പിക്കുന്ന സന്ദേശം അപ്പടി പറയുകയാണ് ദൂതന്മാർ ചെയ്യുന്നത്. ഉദാഃ– *ദൂതഘടോൽക്കച*ത്തിലെ ഘടോൽക്കചൻ, *അഭിഷേക*ത്തിലെ ഹനുമാൻ മുതലായവർ.

ചാരവൃത്തിയെപ്പറ്റി *അവിമാരക*ത്തിലും (1. 12. പരചരനയനൈർമണ്ഡലം പ്രേക്ഷിതവ്യം – ചാരന്മാരാകുന്ന കണ്ണുകൾ കൊണ്ട് പ്രജകളുടെ പ്രവൃത്തികൾ കാണേണ്ടതാണ്) *പ്രതിജ്ഞ*യിലും കാണാം. മഹാസേനൻ, ശാലങ്കായനൻ, വത്സരാജൻ, യൗഗന്ധരായണൻ മുതലായവരുടെ ചാരപ്രവർത്തനം *പ്രതിജ്ഞ*യിൽ വിവരിക്കുന്നു. *അവിമാരക*ത്തൽ (6. 10, 14 മുതലായവ) കുന്തിഭോജന്റെ രഹസ്യപ്രവർത്തനം വിസ്തരിക്കുന്നുണ്ട്. വിദ്യാധരസഹായത്തോടെ യുള്ള അവിമാരകന്റെ പ്രവർത്തനവും ശ്രദ്ധേയം.

**2. പട്ടാളഘടന**

ചതുരംഗങ്ങളിൽ ആനകളെയാണ് രാജാവിന്റെ കവചമായി കരുതിയിരുന്നത്. (*ഊരുഭംഗം*, 8 – നൃപായുധാഗാരമിവ). "ഗജ ഇവ ബഹുദോഷോ മാർദവേനൈവ ഗ്രാഹ്യഃ" (1. 40. അനേകം ദോഷങ്ങളുള്ള ആനയെ മൃദുവായ ഉപായങ്ങളിലൂടെ പിടിക്കുന്നതു പോലെ) എന്നു *പഞ്ചരാത്ര*ത്തിലും കാണാം. ഹസ്തിശിക്ഷ, ഘോഷവതീവീണയെക്കൊണ്ടുള്ള പ്രയോജനം, നീരാജനവിധി എന്നിവയെ സംബന്ധിച്ച *പ്രതിജ്ഞ*(ഒന്നാമങ്കം, 2. 12)യിലെ വിവരണം ആനകളുമായി ബന്ധപ്പെട്ടതാണല്ലോ.

തേര് – *പഞ്ചരാത്ര*ത്തിലെ വിരാടൻ, ഉത്തരൻ, അഭിമന്യു എന്നിവരും *ദൂതവാക്യ*ത്തിലും (8) *കർണഭാര*ത്തിലും *ഊരുഭംഗ*ത്തിലും (9: "മാല്യൈർധ്വജാഗ്രപതിതൈഃ" – കൊടിമരത്തുമ്പത്തുനിന്നു വീഴുന്ന മാല്യങ്ങളെക്കൊണ്ട്) തേരിനെയോ ധ്വജത്തെയോ കുറിച്ച് പരാമർശിക്കുന്നു.

കുതിരയെപ്പറ്റി *കർണഭാര*ത്തിലും (19: "സാധനം രാജ്യലക്ഷ്മ്യാഃ" – രാജൈശ്വര്യത്തിന് ഉപകരണം) *പഞ്ചരാത്ര*ത്തിലും (2. 7: "തുരഗപതയോ വർമരചിതാഃ" – മാർച്ചട്ടയണിഞ്ഞ കുതിരപ്പടയാളികൾ) പറയുന്നു. *കർണഭാര*ത്തിൽ (13, 19. "ഇമേ ഹി യുദ്ധേഷ

നിർവർത്തിതാശാ ഹയാഃ സുപർണേന സമാനവേഗാഃ ശ്രീമത്സു കാംബോജകുലേഷു ജാതാഃ'' – യുദ്ധങ്ങളിൽ പിന്തിരിഞ്ഞോടാത്തവയും ഗരുഡതുല്യമായ വേഗത്തോടുകൂടിയവ യും ഐശ്വര്യവത്തായ കാംബോജവംശത്തിൽ പിറന്നവയുമായ ഈ കുതിരകൾ; “സകലനൃപതിമാന്യം മാന്യകാംബോജജാതം” – എല്ലാ രാജാക്കന്മാരും മാനിക്കുന്ന, മാന്യമായ കാംബോജവംശത്തിൽ ജനിച്ചവ) വിശിഷ്ടമായ കാംബോജവാജികളെ എടുത്തുപറയുന്നുണ്ട്. *പ്രതിജ്ഞായൗഗന്ധരായണ*ത്തിൽ (1. 12) കുതിരകളുടെ നീരാജനവിധി പരാമർശിക്കപ്പെടുന്നു..

സൈന്യം താവളമടിക്കുന്നതിനെക്കുറിച്ച് *അഭിഷേകനാടക*ത്തിലും (നാലാമങ്കം) യുദ്ധത്തിലെ മരണത്തെപ്പറ്റിയും മറ്റും *പ്രതിജ്ഞായൗഗന്ധരായണ*ത്തിലും (4. 4) *ഊരുഭംഗ*ത്തിലും (22, 51, 52) *പഞ്ചരാത്ര*ത്തിലും (2. 52) പ്രസ്താവം കാണുന്നു.

യുദ്ധത്തിനിടയിൽ ചാരന്മാരെ അയയ്ക്കുന്നതിനെക്കുറിച്ച് *പഞ്ചരാത്ര*ത്തിൽ സൂചിപ്പിക്കുന്നു. ദ്രോണൻ, ഭീഷ്മൻ, കർണൻ, അഭിമന്യു എന്നിവരുടെ യുദ്ധത്തെപ്പറ്റി ഭടൻ വിവരിക്കുന്നത് ചാരന്മാർ കൊണ്ടുവരുന്ന വാർത്തകളിലൂടെയാണ്. രാവണന്റെ ചാരന്മാരായ ശുകസാരണന്മാരെപ്പറ്റി പറയുന്ന *അഭിഷേക*ത്തിലും (നാലാമങ്കം) ചാരവൃത്തി പരാമർശിക്കപ്പെടുന്നു..

സേനാപതിയുടെ കർത്തവ്യമെന്തെന്ന് *പഞ്ചരാത്ര*ത്തിൽ വിവരിക്കുന്നു.

യുദ്ധോപകരണങ്ങളെപ്പറ്റിയും പരാമർശങ്ങൾ കാണാം. *പഞ്ചരാത്ര*ത്തിലെ 2. 50, 3. 17, 18 എന്നീ ശ്ലോകങ്ങൾ നോക്കുക. ശരത്തിൽ അതയയ്ക്കുന്ന വ്യക്തിയുടെ പേരുണ്ടായിരിക്കാമെന്ന് അഭിഷേകത്തിലെ “ശരേ നാമാക്ഷരാണി വാചയിത്വാ” (ഒന്നാമങ്കം. ശരത്തിലുള്ള പേരിലെ അക്ഷരങ്ങൾ വായിച്ച്) എന്ന പ്രസ്താവം വ്യക്തമാക്കുന്നു.

ഭാസൻ പരാമർശിക്കുന്ന പ്രധാനപ്പെട്ട ആയുധങ്ങൾ ഇത്രയുമാണ്: ശക്തി, പ്രാസം, ഹാടകം, ഭിണ്ഡിപാലം, ശൂലം, മുസലം, മുദ്ഗരം, വരാഹകർണം, കണയം, കർപണം, ത്രാസികം, ശങ്കു, ഗദ, നാരാചം, തോമരം, ഖഡ്ഗം, ശരം, കുന്തം, കവചം, യഷ്ടി, കുലിശം, സായകം, അസി, കരവാളം, ധനുസ്സ്. (*ഊരുഭംഗം*. 2, 8; *ബാലചരിതം*. 5. 12; *അഭിഷേകം*. 2. 10, 6. 3, 4; *പ്രതിജ്ഞായൗഗന്ധരായണം*)

*ഊരുഭംഗ*ത്തിൽ (6) യുദ്ധത്തെ യജ്ഞമായി സങ്കല്പിക്കുന്നതിൽ നിന്ന് അതിനെ ഒരു പവിത്രകർമമായി അക്കാലത്തെ രാജാക്കന്മാരിൽ പലരും കണ്ടിരുന്നുവെന്നു തെളിയുന്നു.

**3. ഉപദേശപ്രധാനമായ കൃതികൾ**

പൊതുവിൽ ഭാസനാടകങ്ങൾ ഉപദേശപ്രധാനങ്ങളാണ്. ആ ഉപദേശങ്ങളിൽ ഈശ്വരഭക്തിക്കും (വിശേഷിച്ച് വിഷ്ണുഭക്തിക്ക്) ഗോക്കളോടും ബ്രാഹ്മണരോടുമുള്ള ഭക്തി എന്നുതന്നെ വിശേഷിപ്പിക്കാവുന്ന സവിശേഷാദരത്തിനും വലിയ സ്ഥാനമുണ്ട്. ഇവയ്ക്കെല്ലാം ഉദാഹരണങ്ങൾ മുൻപ് നൽകിക്കഴിഞ്ഞു.

ഓരോ നാടകത്തെയും പ്രത്യേകം പരിശോധിക്കുമ്പോൾ മാത്രമേ ഓരോന്നിലും ഏതേതുപദേശത്തിന് പ്രാധാന്യം നൽകിയിട്ടുണ്ടെന്നു മനസ്സിലാവൂ. ആദ്യം *ബാലചരിത*മെടുക്കാം. ശ്രീകൃഷ്ണന്റെ ബാല്യകാലലീലകൾ വർണിക്കുന്ന ആ നാടക ത്തിന്റെ ഉദ്ദേശ്യം കൃഷ്ണഭക്തി വർധിപ്പിക്കുക എന്നതാണ്. കൃഷ്ണ ന്റെ അമാനുഷത്വം, ഐശ്വരത്വവും ഭഗവദവതാരത്വവും നാടകകൃത്ത് കലാസൗന്ദര്യത്തിന് കോട്ടം തട്ടാത്തവിധം അനാവരണം ചെയ്തിട്ടുണ്ട്. കൃഷ്ണൻ കുഞ്ഞായിരിക്കുമ്പോൾത്തന്നെ നദി വസുദേവന് മറുകരയെത്താൻ പാകത്തിൽ വെള്ളം പകുത്ത് ഒഴിഞ്ഞുകൊടുത്തതും നന്ദഗോപന് അനുഭവപ്പെട്ട അവന്റെ അതിഭാരവും ദിവ്യായുധങ്ങളുടെ അവതാരണവും വസുദേവന്റെ അടുത്തെത്തിയപ്പോൾ പെൺകുഞ്ഞിന് ജീവൻ വെച്ചതും കംസശിലയിലടിക്കപ്പെട്ടപ്പോൾ ഒരംശം കാത്യായനീഭഗവതിയായി മേൽപ്പോട്ട് പൊങ്ങിയതും കുണ്ഡോദര–ശൂല–നീല–മനോജവന്മാരായ ഭഗവതീപരിവാരങ്ങൾ കൃഷ്ണന്റെ ബാലചരിതമനുഭവിക്കാൻ ഗോപാലകന്മാരായി അവതരിക്കുമെന്നു പ്രതിജ്ഞ ചെയ്യുന്നതും ശ്രീകൃഷ്ണാവതാരത്തെ സൂചിപ്പിക്കുന്ന ദുശ്ശകുനങ്ങൾ കംസന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്നതും രാജലക്ഷ്മി അയാളെ കൈവെടിയുന്നതുമെല്ലാം ഒന്നാമത്തെയും രണ്ടാമത്തെയും അങ്കങ്ങളിലായി ഭാസൻ വർണിച്ചിട്ടുണ്ട്. മൂന്നാമങ്ക പ്രവേശകത്തിലെ ഇടയന്മാരുടെ സംഭാഷണം ബാലന്മാരായ രാമകൃഷ്ണന്മാരുടെ പിറവിയോടെ ഗോകുലത്തിനു കൈവന്ന സമ്പൽസമൃദ്ധികളും അവരുടെ അത്ഭുതലീലകളും വെളിപ്പെടുത്തുന്നു. അരിഷ്ടർഷഭനും ദാമോദരനും തമ്മിൽ യുദ്ധം ചെയ്യുന്നതും ഒടുവിൽ ദാമോദരൻ ആ അസുരനെ നിഗ്രഹിക്കുന്നതും ആ അങ്കത്തിൽ പ്രതിപാദിക്കുന്നു. ആദ്യമാദ്യം കേവലം ബാലനായിമാത്രമേ അരിഷ്ടൻ ദാമോദരനെ കാണുന്നുള്ളുവെങ്കിലും ക്രമേണ പ്രതിയോഗി വിഷ്ണുവാണെന്ന സത്യം തിരിച്ചറിയുകയും “വിഷ്ണുനാ ഹതസ്യാപ്യക്ഷയോ ലോകോ മേ ഭവിഷ്യതി” (വിഷ്ണുവിനാൽ കൊല്ലപ്പെട്ടാലും എനിക്ക് മോക്ഷം ലഭിക്കും) എന്ന് സമാശ്വസിച്ചുകൊണ്ട് യുദ്ധം ചെയ്ത് മരിക്കുകയും ചെയ്യുന്നു. നാലാമങ്കത്തിൽ

കാളിയനും ഇപ്രകാരം വിചാരിക്കുന്നുണ്ട്: "പ്രസീദതു ഭഗവാൻ
നാരായണഃ" (ഭഗവാൻ നാരായണൻ പ്രസാദിച്ചാലും) എന്നും
"ഭഗവൻ, അജ്ഞാനാ ദതിക്രാന്തവാൻ, സാന്തഃപുരഃ ശരണാഗതോ
സ്മി" (ഭഗവാനേ, വിവരക്കേടുകൊണ്ട് മര്യാദ ലംഘിച്ച ഞാൻ
കുടുംബത്തോടുകൂടി അങ്ങയെ ശരണം പ്രാപിക്കുന്നു) എന്നും
ക്ഷമായാചനം ചെയ്യുന്നതും

ഗോവർധനോദ്ധരണമപ്രതിമപ്രഭാവം
ബാഹും സുരേശ! തവ മന്ദരതുല്യസാരം
കാ ശക്തിരസ്തി മമ ദഗ്ധുമിമം സുവീര്യം
യം സംശ്രിതാസ്ത്രിഭുവനേശ്വര! സർവലോകാഃ

(*ബാലചരിതം*, 4. 11. മന്ദരപർവതത്തിന്റേനു തുല്യമായ ബലമു
ള്ള, ഗോവർധനോദ്ധരണം നടത്തിയ, നിസ്തുലമായ
പ്രഭാവത്തോടുകൂടിയ, എല്ലാ ലോകങ്ങളും വഴിപോലെ ആശ്രയി
ക്കുന്ന അല്ലയോ ദേവദേവാ! മൂലോകനാഥാ! സുവീര്യനായ അങ്ങയെ
ദഹിപ്പിക്കാൻ എനിക്കെവിടെ ശക്തി?) എന്ന് താണുകേണ് പ്രാർഥിക്കു
ന്നതും നോക്കുക. അഞ്ചാമങ്കത്തിൽ കംസനെ വധിച്ച് ഉഗ്രസേനനെ
രാജാവായി വീണ്ടും വാഴിക്കുന്നു. *ബാലചരിത*ത്തിൽ ഹല്ലീസക
നൃത്തം വർണിക്കപ്പെടുന്നുണ്ടെങ്കിലും ഗോപികമാരുമായി
ശ്രീകൃഷ്ണൻ അവിഹിതബന്ധം പുലർത്തുന്നതിന്റെ സൂചന
യൊന്നും നൽകുന്നില്ല. ഭാസന്റെ സദാചാരപരതയാവണം ഇതിനു
കാരണം. ആദ്യവും അവസാനവും നാരദൻ പ്രത്യക്ഷപ്പെട്ട് മഹാ
വിഷ്ണുവിനെ സ്തുതിക്കുന്നു. അങ്ങനെ ജനോപകാരപ്രദമായ
കർമങ്ങൾ അനുഷ്ഠിക്കുകയും ദുർഭരണം മാറ്റി സൽഭരണം
പുനസ്ഥാപിക്കുകയും ചെയ്യുക എന്നതാണ് തന്റെ അവതാരകൃത്യ
മെന്ന് ശ്രീകൃഷ്ണൻ ഈ നാടകത്തിലൂടെ വ്യക്തമാക്കുന്നു.

ഇനി *മഹാഭാരത*നാടകങ്ങളിലേക്കു കടക്കാം. ആദ്യം
*മധ്യമവ്യായോഗം*. ഈ ഏകാങ്കനാടകത്തിലെ ബ്രാഹ്മണകുടുംബ
വുമായി ബന്ധപ്പെട്ടതും ഹിഡിംബാ-ഭീമപുനസ്സമാഗമവുമായി
ബന്ധപ്പെട്ടതുമായ രണ്ടുപകഥകളും *മഹാഭാരത*ത്തിലില്ലാത്ത
താണെന്നു മുമ്പ് പ്രസ്താവിച്ചുവല്ലോ. മാതൃകാപരമായ ബ്രാഹ്മണ
ഭക്തിയും മാതൃഭക്തിയും പിതൃഭക്തിയും ഭർത്തൃസ്നേഹവും
കുടുംബസ്നേഹവും ഈ ഉപാഖ്യാനങ്ങളിലൂടെ ഉപദേശിക്കുകയാണ്
ഭാസൻ. നഷ്ടപ്പെട്ടുപോയ രാജ്യം യഥാർഹം വീണ്ടെടുക്കുന്നതിന്
യുദ്ധം ആവശ്യമായാൽ ഘടോൽക്കചലബ്ധിയിലൂടെ അതിന് തന്റെ
ഭാഗത്ത് ശക്തി വർധിപ്പിക്കുക എന്ന ഉദ്ദേശ്യവും ഭീമന്നുണ്ടായിരുന്നു
വെന്ന് ഈ കൊച്ചുരൂപകം സൂചിപ്പിക്കുന്നു. കവിയുടെ വിദഗ്ധമായ
ആവിഷ്കരണം കൊണ്ട് പലേടത്തും നാടകത്തിന് രംഗസിദ്ധി
കൈവന്നിട്ടുണ്ട്. മാതൃഭക്തി അതിന്റെ ബ്രാഹ്മണോപദ്രവമെന്ന
പ്രത്യാഘാതമൊന്നും നോക്കാതെ പ്രകടിപ്പിക്കണമെന്ന്
ഘടോൽക്കചനിലൂടെ ഭാസൻ തെളിയിച്ചിരിക്കുന്നു. ബ്രാഹ്മണ
കുടുംബാംഗങ്ങളുടെ ആത്മത്യാഗം അവരുടെ ചർച്ചയ്ക്കിടയിൽ
വെളിപ്പെടുന്നു.

*പഞ്ചരാത്ര*ത്തിലേക്കു വന്നാൽ, ഏതുവിധത്തിലും യുദ്ധം
ഒഴിവാക്കുക നമ്മുടെ ലക്ഷ്യമായിരിക്കണം എന്ന് ഭാസൻ ഇതിലൂടെ
ഉപദേശിക്കുന്നുവെന്നു തോന്നും. അതിനുവേണ്ടി പൊതുവിൽ
ദുഷ്ടകഥാപാത്രമെന്നറിയപ്പെടുന്ന ദുര്യോധനനെ മഹാത്മാവായി
ട്ടാണ് ഭാസൻ അവതരിപ്പിക്കുന്നത്. സൽഭരണം നടത്തുന്ന രാജാവും
യജ്ഞാദിസൽക്കർമങ്ങളനുഷ്ഠിക്കുന്നവനും ബ്രാഹ്മണഭക്ത നും
ഗുരു എന്തു ദക്ഷിണ ചോദിച്ചാലും കൊടുക്കാൻ തയ്യാറുള്ള വനും
അങ്ങനെ ഗുരുഭക്തി എന്തെന്ന് പ്രവൃത്തിയിലൂടെ കാട്ടിക്കൊടു
ക്കുന്നവനും താൻ ഏറ്റവും ആദരിക്കുന്ന അമ്മാമൻ ശകുനി
പറഞ്ഞാൽപ്പോലും പറഞ്ഞവാക്കു തെറ്റിക്കാത്തവനും നല്ലൊരു സു
ഹൃത്തും ഒക്കെയായി പഞ്ചരാത്രത്തിൽ ദുര്യാധനൻ പ്രത്യക്ഷ
പ്പെടുന്നു. അഭിമന്യുവിനെ അർജുനപുത്രനും പാണ്ഡവപക്ഷത്തു
ള്ളവനുമായല്ല സ്വന്തം പുത്രനായാണ് ദുര്യോധനൻ കരുതുന്നത്.
*മഹാഭാരത*ത്തിലുള്ള ഗോഗ്രഹണോപാഖ്യാനത്തെ 'പഞ്ചരാത്ര'നിബ
ന്ധന പാലിക്കാനുള്ള ഉപാധിയാക്കി മാറ്റിയെടുത്ത്, പാണ്ഡവന്മാരും
കൗരവന്മാരും തമ്മിലുള്ള വൈരം ഒരു കെട്ടുകഥ മാത്രമാണെന്നും
അതിഭയങ്കരമായ മഹാഭാരതയുദ്ധം നടക്കാതെ തന്നെ പാണ്ഡവർ
ക്ക് രാജ്യം ലഭിക്കുന്നുവെന്നും വരുത്താനാണ് ഭാസൻ ഈ
നാടകത്തിലൂടെ ശ്രമിക്കുന്നത്. യുദ്ധവിരുദ്ധമനോഭാവം വളർത്തുക
യെന്നതാണ് *വ്യാസമഹാഭാരത*ത്തിന്റെ യഥാർഥതാല്പര്യമെന്ന്
താരതമ്യേന വളരെ ചെറിയാരു യുദ്ധത്തിലൂടെ (ഗോഗ്രഹണയുദ്ധ
ത്തലൂടെ) തെളിയിക്കുക എന്ന മഹത്തായൊരു കവികർമമാണല്ലോ
നാടകകൃത്ത് ഇവിടെ ചെയ്തത്. അതിനെ, സംസ്കൃതസാഹിത്യ
ത്തിലെ ഒരിതിഹാസവിപ്ലവമെന്നു പോലും വിശേഷിപ്പിച്ചാൽ തെറ്റില്ല.
നഷ്ടരാജ്യപുനസ്സിദ്ധി ഇവിടെയും ഒരു വിഷയമാണെന്നോർക്കുക.

*ദൂതവാക്യ*ത്തിലേക്കു കടന്നാൽ, ഏതാണ്ട് വായനക്കാരുടെ
സങ്കല്പത്തിലുള്ള ദുര്യോധനനെത്തന്നെയാണ് നാം കാണുന്നത്.
*മഹാഭാരത*ത്തിലെ ഒരു കറുത്ത ഏടായ ദ്രൗപദീവസ്ത്രാ ക്ഷേപത്തി
ന്റെ ചിത്രപടം നോക്കി രസിക്കുന്ന, അങ്ങനെ ദൂതുമായിവരുന്ന
വാസുദേവനെ ആദരിക്കാതിരിക്കുക എന്ന തന്റെതന്നെ കല്പന താ

നെങ്കിലും തെറ്റിക്കാതിരിക്കാൻ ശ്രമിക്കുന്ന, ദുര്യോധന മഹാരാജാവിനെയാണ് നാം ആദ്യമേ കാണുന്നത്. തുടർന്നുവരുന്ന സംഭാഷണത്തിൽ, ദേവപുത്രന്മാരായതുകൊണ്ട് പാണ്ഡവന്മാർക്ക് പൈതൃകമായി ലഭിക്കേണ്ട രാജ്യം അവകാശപ്പെടാനാവില്ല എന്നും മറ്റുമുള്ള വാദങ്ങൾക്ക് വാസുദേവൻ അതേ നാണയത്തിൽ മറുപടി കൊടുക്കുന്നു. താൻ കേവലം ഗോപാലകനല്ലെന്നും സാക്ഷാൽ മഹാവിഷ്ണുവാണെന്നും വിശ്വരൂപപ്രദർശനത്തിലൂടെയും ദിവ്യായുധങ്ങളുടെ അവതാരണത്തിലൂടെയും വാസുദേവൻ ദുര്യാധനന് ബോധ്യപ്പെടുത്തിക്കൊടുക്കുന്നു. ക്രുദ്ധനായ വാസുദേവൻ പാണ്ഡവശിബിരത്തിലേക്കു മടങ്ങാനൊരുങ്ങുമ്പോൾ മകൻ ചെയ്ത തെറ്റിന് മാപ്പപേക്ഷിച്ചുകൊണ്ട് ധൃതരാഷ്ട്രൻ ഭഗവാനെ പ്രസാദിപ്പിക്കുന്നു. അങ്ങനെ ദുര്യോധനൻ ഭഗവൽപ്രഭാവത്തിനുമുന്നിൽ നിഷ്പ്രഭനാകുന്നുണ്ടെങ്കിലും അദ്ദേഹത്തെ പ്രേക്ഷകർക്ക് അവഗണിക്കാനാവില്ല. രാജാവ് എന്ന തന്റെ സ്ഥാനത്തിന് ഒരു പോറലും ഏൽക്കാൻ അദ്ദേഹം അനുവദിക്കുന്നില്ല. അഭിമാനത്തിന് അല്പം പോലും ക്ഷതമേൽക്കാൻ അദ്ദേഹം പഴുത് കൊടുക്കുന്നില്ല. എതിരാളി എത്ര മഹാനായാലും അദ്ദേഹം തരിമ്പും വിട്ടുകൊടുക്കുന്നില്ല. “ദൂതനായ തനിക്ക് രാജ്യവ്യവഹാരം അറിയില്ലേ” എന്ന ആമുഖത്തോടെ ദുര്യോധനൻ വാസുദേവനോട് പറയുന്നു:

രാജ്യം നാമ നൃപാത്മജൈഃ സഹൃദയൈർ
ജിത്വാ രിപൂൻ ഭുജ്യതേ
തല്ലോകേ ന തു യാച്യതേ ന തു പുനർ
ദീനായ വാ ദീയതേ
കാംക്ഷാ ചേന്നൃപതിത്വമാപ്തുമചിരാത്
കുർവന്തു തേ സാഹസം
സ്വൈരം വാ പ്രവിശന്തു ശാന്തമതിഭിർ
ജുഷ്ടം ശമായാശ്രമം.

(*ദൂതവാക്യം*, 24. സഹൃദയന്മാരായ രാജകുമാരന്മാർ രാജ്യം അനുഭവിക്കുന്നത് ശത്രുക്കളെ കീഴടക്കിയിട്ടാണ്. അത് ലോകത്തിൽ ഇരന്നു കിട്ടുന്നതല്ല. ദീനന് ദാനം കിട്ടുന്നതുമല്ല. താമസിയാതെ രാജത്വം ലഭിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അവർ സാഹസം ചെയ്യട്ടെ; അല്ലെങ്കിൽ, സമാധാനചിത്തന്മാരായി ശാന്തിക്കുവേണ്ടി സ്വൈരമായി ആശ്രമത്തിലേക്കു പോകട്ടെ.) സാഹസം ചെയ്യുന്നവനേ രാജ്യത്തിന്ന് അർഹതയുള്ളൂ എന്ന ഈ സത്യം ഭഗവാന്റെ മുഖത്തു നോക്കി പറയാൻ ധൈര്യം കാണിച്ച ദുര്യോധനനെ രാഷ്ട്രതന്ത്രജ്ഞർ വാഴ്ത്തുകതന്നെ ചെയ്യും. ശുപാർശകളിലൂടെയും മറ്റു കുറുക്കുവഴികളിലൂടെയും കാര്യം നേടാനുള്ള സാമർഥ്യത്തെ അഭിനന്ദിക്കാൻ ഭാസന് കഴിയുമായിരുന്നില്ല. ഈ ആശയം അല്പാല്പവ്യത്യാസങ്ങളോടെ ഭാസകൃതികളിൽ പലേടത്തും കാണാം.

*മഹാഭാരത*കഥയിൽ ഭാസൻ തന്റെ നോട്ടത്തിൽ കണ്ട ഒരു വിടവ് പൂരിപ്പിച്ചതാണ് *ദൂതഘടോൽക്കചം*. അഭിമന്യുവിനെ കൗരവരുടെ ഗൂഢാലോചനയുടെ ഫലമായി ജയദ്രഥൻ വധിച്ചതാ ണല്ലോ. അങ്ങനെ ചെറുപ്പത്തിലേ ഉത്തര വിധവയായി. ഈ ബാലവധം, അതാരാണ് ചെയ്തെന്നറിയുന്നതിനു മുൻപുതന്നെ, ധൃതരാഷ്ട്രനെയും ഗാന്ധാരിയെയും ദുശ്ശളയെയുമെല്ലാം ഇളക്കിമറിച്ചു. തന്റെ ഭർത്താവാണത് ചെയ്തതെന്നറിവായപ്പോൾ, താനും വിധവയാവാൻ ഇനി അധികം സമയമില്ലെന്നു ഭയപ്പെട്ടു. തങ്ങളുടെ നൂറു മക്കളും കൊല്ലപ്പെട്ടുവെന്നു കരുതിത്തുടങ്ങി, ധൃതരാഷ്ട്രനും ഗാന്ധാരിയും. അഭിമന്യു കൊല്ലപ്പെട്ടതോടെ യുദ്ധം ജയിച്ചുവെന്ന് അഹങ്കരിക്കുകയാണ് ദുര്യോധനനും ദുശ്ശാസനനും ശകുനിയും. ദുര്യോധനനും അച്ഛനും തമ്മിൽ അഭിമന്യുവധത്തിലെ പാപത്തെയും വഞ്ചനയെയും കുറിച്ച് വാഗ്വാദമായി. അപ്പോഴേക്കും ശ്രീകൃഷ്ണന്റെ ദൂതുമായി ഘടോൽക്കചൻ ധൃതരാഷ്ട്രന്റെ അടുത്തേക്കു വന്നു. അതിനിടയിൽ ദുര്യാധനനും മറ്റുമായി ചെറിയ തർക്കം നടക്കുകയും ധൃതരാഷ്ട്രൻ അത് ക്ഷമിക്കണമെന്ന് ഘടോൽക്കചനോട് പറയുകയും ഘടോൽക്കചൻ ജനാർദനന്റെ അന്തിമസന്ദേശം അവരെയെല്ലാം അറിയിച്ചുകൊണ്ട് സ്ഥലം വിടുകയും ചെയ്തു. അത് ഇതായിരുന്നു:

ധർമം സമാചര കുരു സ്വജനവ്യപേക്ഷാം
യത്കാംക്ഷിതം മനസി സർവമിഹാനുതിഷ്ഠ;
ജാത്യോപദേശ ഇവ പാണ്ഡവരൂപധാരീ
സൂര്യാംശുഭിഃ സമമുപൈഷ്യതി വഃ കൃതാന്തഃ.

(*ദൂതഘടോൽക്കചം*, 52. ധർമം ആചരിക്കുക; സ്വജനങ്ങൾ പറയുന്നത് കേട്ട് പ്രവർത്തിക്കുക; പാണ്ഡവരുടെ രൂപം ധരിച്ച സദുപദേശമെന്നപോലെ പ്രഭാതത്തിലെ സൂര്യരശ്മികളോടൊപ്പം അന്തകൻ നിങ്ങളുടെ അടുത്തേക്ക് വരുന്നതാണ്)

അഭിമന്യുവധം അർജുനനിലും കൃഷ്ണനിലും മാത്രമല്ല, ഭീമസുതനായ ഘടോൽക്കചനിലും ശത്രുക്കളോട് പകയും ക്രോധവും വർധിപ്പിച്ചിട്ടുണ്ടെന്നും അതുകൊണ്ടുകൂടിയാണ് അവൻ ശ്രീകൃഷ്ണന്റെ ദൗത്യം കൈക്കൊണ്ട് ശത്രുരാജധാനിയിലേക്കു വന്നതെന്നും സ്പഷ്ടം. മാതൃപക്ഷത്തുനിന്നു കിട്ടിയതാണ് ഘടോൽ

ക്കചന്റെ അഹങ്കാരമെങ്കിൽ, രാക്ഷസോഗ്രസ്വഭാവന്മാരായ തങ്ങളും രൗദ്രന്മാരാവുമെന്ന് ദുര്യോധനൻ പറഞ്ഞപ്പോൾ, ഘടോൽക്കചന്റെ മറുപടി ശ്രദ്ധേയമാണ്: ശാന്തം ശാന്തം പാപം. രാക്ഷസേഭ്യോപി ഭവന്ത ഏവ ക്രൂരതരാഃ. കുതഃ,

ന തു ജതുഗൃഹേ സുപ്താൻ ഭ്രാതൄൻ ദഹന്തി നിശാചരാഃ
ശിരസി ന തഥാ ഭ്രാതുഃ പത്നീം സ്പൃശന്തി നിശാചരാഃ
ന ച സുതവധം സംഖ്യേ കർത്തും സ്മരന്തി നിശാചരാഃ
വികൃതവപുഷോപ്യുഗ്രാചാരാ ഘൃണാ ന തു വർജിതാഃ.

(*ദൂതഘടോൽക്കചം*, 4. 7. പാപമെല്ലാം ശമിക്കട്ടെ. രാക്ഷസന്മാരേക്കാൾ ഭവാന്മാരാണ് കൂടതൽ ക്രൂരന്മാർ. എങ്ങനെയെന്നാൽ, രാക്ഷസന്മാർ അരക്കില്ലത്തിൽ ഉറങ്ങിക്കിടക്കുന്ന സഹോദരന്മാരെ ദഹിപ്പിക്കുകയില്ല; രാക്ഷസന്മാർ സഹോദരന്റെ പത്നിയെ അപ്രകാരം തലമുടിയിൽ സ്പർശിക്കുകയില്ല; രാക്ഷസന്മാർ യുദ്ധത്തിൽ മകനെ കൊല്ലുന്ന കാര്യം ഓർമിക്കുക പോലും ചെയ്യുകയില്ല. വികൃതമായ രൂപമുള്ളവരെങ്കിലും, ഉഗ്രമായ ആചാര ത്തോടുകൂടിയവ രെങ്കിലും, അവർ അനുകമ്പ കൈവെടിഞ്ഞവരല്ല.) മനുഷ്യരായ ദുര്യോധനാദികൾ ചെയ്ത ഏറ്റവുമൊടുവിലത്തെ അഭിമന്യുവധം പോലുള്ള ക്രൂരകൃത്യങ്ങളിലൊന്നുപോലും വികൃതരൂപികളും ഉഗ്രാചാരന്മാരുമായ രാക്ഷസന്മാർ ചെയ്യുകയില്ലെന്ന ഘടോൽക്കചന്റെ അർഥം വെച്ചുള്ള പ്രസ്താവന ഭാസന്റെ ഹൃദയാലുത്വത്തെയും വിളിച്ചറിയിക്കുന്നു. ഇതുതന്നെയാണ് ഈ നാടകത്തിന്റെ സന്ദേശവും.

കാണികളിൽ വീരാരാധന, ദൈവഭയം, കൃഷ്ണന്റെ മാഹാത്മ്യം എന്നിവ ഉളവാക്കുകയാണ് രൂപകത്തിന്റെ മുഖ്യലക്ഷ്യങ്ങൾ. ദുര്യോധനന്റെയും ധൃതരാഷ്ട്രന്റെയും സ്വഭാവചിത്രീകരണങ്ങളിലുള്ള വൈരുധ്യം ശ്രദ്ധേയം. ഘടോൽക്കചന്റെ സ്വഭാവചിത്രണം മറ്റൊരു വിധത്തിലാണ്.

*കർണഭാര*ത്തിന്റെ ഉപദേശപരത വിവരിക്കേണ്ടതില്ല. ബ്രാഹ്മണഭക്തിയും ഗുരുഭക്തിയും (അതിന്റെ ഗാഢതയും അതിൽ താൻ ചെയ്തുപോയ വഞ്ചനയിലുള്ള പശ്ചാത്താപവും) ദാനശീലവും തേരാളിയായ ശല്യന്റെ, ഇതിഹാസത്തിൽനിന്നു വ്യത്യസ്തമായി കർണനോടുള്ള ആത്മാർഥമായ സഹാനുഭൂതിയും, കരുണരസത്തിൽ ചാലിച്ചുകൊണ്ടുള്ള, അതുകൊണ്ടുതന്നെ അതീവ ഹൃദ്യമായ, ആവിഷ്കരണത്തിലൂടെ ഏറ്റവും ചെറിയ ഈ ഏകാങ്കത്തിലൂടെ ഭാസൻ വ്യക്തമാക്കിയിരിക്കുന്നു. ക്ഷത്രിയന്മാർ, വിശേഷിച്ച് രാജാക്കന്മാർ, ഇപ്രകാരമായിരിക്കണം എന്നു വ്യംഗ്യമായി പ്രകാശിപ്പിക്കുകയും ചെയ്യുന്നുണ്ട് ഈ രൂപകം. സഹജമായ തന്റെ കവചകുണ്ഡലങ്ങൾ ബ്രാഹ്മണവേഷധാരിയായ ഇന്ദ്രന് ദാനം ചെയ്യാമെന്നു വിചാരിച്ച് അത് പ്രാവർത്തികമാക്കുന്നതിനിടയ്ക്കുള്ള, (ഒരുപക്ഷേ അതിനുമുൻപേ, നാടകാരംഭം തൊട്ടേ, ആ തോന്നൽ അബോധപൂവർമായെങ്കിലും അദ്ദേഹത്തിൽ ഉണ്ടായിരിക്കാം) ചുരുങ്ങിയ കാലയളവിൽ ആ കവചകുണ്ഡലങ്ങൾ തനിക്ക് ഭാരമായി അനുഭവപ്പെട്ടിരിക്കാം. ഇതാണ് നാടകനാമത്തിന്റെ അർഥമെങ്കിൽ അതുപോലും ഈ ഉപദേശപരത്വം വർധിപ്പിക്കുന്നു.

ഹതോപി ലഭതേ സ്വർഗം ജിത്വാ തു ലഭതേ യശഃ
ഉഭേ ബഹുമതേ ലോകേ നാസ്തി നിഷ്ഫലതാ രണേ

(*കർണഭാരം*, 12. കൊല്ലപ്പെട്ടാലും സ്വർഗം കിട്ടും; ജയിച്ചാലാകട്ടെ, യശസ്സു നേടാം. രണ്ടായാലും ലോകത്തിൽ ബഹുമാനിക്കപ്പെടുന്നു; യുദ്ധത്തിൽ നിഷ്പ്രയോജനത്വമില്ല.) എന്നും

ധർമോ ഹി യത്നൈഃ പുരുഷേണ സാധ്യോ
ഭുജംഗജിഹ്വാചപലാ നൃപശ്രിയഃ
തസ്മാത് പ്രജാപാലനമാത്രബുധ്യാ
ഹതേഷു ദേഹേഷു ഗുണാ ധരന്തേ.

(*കർണഭാരം*, 17. മനുഷ്യയത്നം കൊണ്ട് സാധിക്കേണ്ടതാണല്ലോ ധർമം. രാജൈശ്വര്യങ്ങൾ പാമ്പിന്റെ നാക്കുപോലെ ചപലമാകുന്നു. അതുകൊണ്ട്, ജനങ്ങളുടെ സംരക്ഷണമെന്ന ഒരൊറ്റ ബുദ്ധിയോടെ ഭരിക്കുന്ന രാജാക്കന്മാർക്ക് ശരീരങ്ങൾ നശിച്ചാലും ഗുണങ്ങൾ നിലനിൽക്കുന്നു.) എന്നും

ശിക്ഷാ ക്ഷയം ഗച്ഛതി കാലപര്യയാത്
സുബദ്ധമൂലാ നിപതന്തി പാദപാഃ
ജലം ജലസ്ഥാനഗതം ച ശുഷ്യതി
ഹുതം ച ദത്തം ച തഥൈവ തിഷ്ഠതി.

(*കർണഭാരം*, 22. ആർജിതമായ അറിവ് കാലം പോകെ ക്ഷയിക്കുന്നു; ആഴത്തിൽ വേരോട്ടമുള്ള മരങ്ങളും വീണുപോകുന്നു; തടാകങ്ങളിൽ നന്നായി സംഭരിച്ച വെള്ളവും വറ്റുന്നു. പക്ഷേ, ഹോമിച്ചതും ദാനം ചെയ്തതും അതേപോലെ നിലനിൽക്കുന്നു.) എന്നുമുള്ള കർണസുഭാഷിതങ്ങൾ പ്രാചീനരായ രാജാക്കന്മാർക്കും, കാലാനുകൂലമായ തിരുത്തുകളോടെ ഇന്നത്തെ ഭരണാധികാരികൾക്കുമുള്ള വിലപ്പെട്ട ഉപദേശങ്ങളത്രേ.

*ഊരുഭംഗ*ത്തിന്റെ പ്രാധാന്യമറിയാത്ത ആരും ഭാസനാടക വിദ്യാർഥികൾക്കിടയിൽ ഉണ്ടാവില്ല. ഈ ഏകാങ്കനാടകരചനയിലൂടെ യുദ്ധത്തിന്റെ ദുരന്തത്വവും നിരർഥകതയും വെളിപ്പെടുത്തുകയല്ലേ ഭാസന്റെ മുഖ്യലക്ഷ്യമെന്നുപോലും തോന്നിപ്പോകും. രാജാവ് എന്ന

തിലേറെ ഗുരു, അമ്മ, അച്ഛൻ, ഭാര്യ, മകൻ എന്നിവരോടുള്ള സ്നേഹം പ്രകടിപ്പിക്കുകയും കർത്തവ്യങ്ങൾ നിറവേറ്റാൻ ആഗ്രഹിക്കുകയും ചെയ്യുന്ന വിശാലമനസ്കൻ എന്ന നിലയിൽ ദുര്യോധനന്റെ മഹിമയും സുജനമര്യാദയും വ്യക്തമാക്കുന്ന ദുരന്തനാടകം എന്ന സവിശേഷത ഊരുഭംഗത്തിനുണ്ട്. *പഞ്ചരാത്ര*ത്തെ അപേക്ഷിച്ച് *ഊരുഭംഗം* ഈ രണ്ടു കാര്യങ്ങളിലും മുന്നിട്ടുനിൽക്കുന്ന തായാണനുഭവം. വീണ്ടും യുദ്ധം ചെയ്ത് പാണ്ഡവന്മാരെ നിഗ്രഹിക്കാമെന്നു പ്രതിജ്ഞ ചെയ്യുന്ന ഗുരുവായ ബലദേവനോട്,

പ്രതിജ്ഞാവസിതേ ഭീമേ ഗതേ ഭ്രാതൃശതേ ദിവം
മയി ചൈവം ഗതേ രാമ! വിഗ്രഹഃ കിം കരിഷ്യതി?

(*ഊരുഭംഗം*, 33. ഭീമൻ തന്റെ പ്രതിജ്ഞ നിറവേറ്റുകയും നൂറു സഹോദരന്മാരും ദിവംഗതരാവുകയും ഞാൻ ഈ വിധത്തിൽ തുട തകർന്ന് കിടക്കുകയും ചെയ്യുമ്പോൾ, രാമാ, യുദ്ധംകൊണ്ട് എന്ത് ചെയ്യാനാണ്!) എന്ന്, ഭക്ത്യാദരങ്ങൾ വിടാതെതന്നെ സമാശ്വാസം കണ്ടെത്തുകയും, ''എന്റെ കൺമുന്നിൽവെച്ച് നീ ചതിക്കപ്പെട്ടുവെന്നതിലാണ് എനിക്കു രോഷം" എന്നു പറയുന്ന ഗുരുവിനോട്, ''ഞാൻ ചെയ്ത കർമങ്ങൾക്ക് എന്റെ പ്രാണങ്ങൾകൊണ്ട് വില കൊടുക്കുകയാണ് ചെയ്തത്" എന്ന മുഖവുരയോടെ,

ആദീപ്താനലദാരുണാജ്ജതുഹാദ് ബുധ്യാത്മനിർവാഹിണാ
യുദ്ധേ വൈശ്രവണാലയേചലശിലാവേഗപ്രതിസ്ഫാലിനാ
ഭീമേനാദ്യ ഹിഡിംബരാക്ഷസപതിപ്രാണപ്രതിഗ്രാഹിണാ
യദ്യേവം സമവൈഷി മാം ഛലജിതം ഭോ രാമ! നാഹം ജിതഃ.

(*ഊരുഭംഗം*, 34. കത്തിക്കാളുന്ന തീകൊണ്ട് ഭയങ്കരമായ അരക്കില്ലത്തിൽനിന്ന് ബുദ്ധികൊണ്ടുമാത്രം രക്ഷപ്പെട്ട, വൈശ്രവണ ഭവനത്തിലെ പർവതപ്പാറകളുടെ വേഗത്തെ നേരിട്ട് അതിജീവിച്ച, ഹിഡിംബനെന്ന രാക്ഷസരാജന്റെ പ്രാണനെ അപഹരിച്ച, ആ ഭീമൻ ഇന്ന് എന്നെ ചതിച്ചാണ് ജയിച്ചതെങ്കിൽ, അല്ലയോ രാമാ, ഞാൻ ജയിക്കപ്പെട്ടിട്ടില്ല.) എന്ന്, സ്നേഹഭക്തികൾ നിലനിർത്തിക്കൊണ്ടുതന്നെ അഭിമാനപൂർവം വിശദീകരണം നൽകുകയും ചെയ്യുന്ന ധീരനായ ദുര്യാധനനെ ആർക്ക് മറക്കാനാവും!

പോർക്കളത്തിലേക്കു വന്ന് തന്റെ അവസ്ഥ കണ്ട് കണ്ണീർ ചൊരിയുന്ന രാജ്ഞിമാരെക്കണ്ട്, "എന്റെ സ്ത്രീകളും കരയുന്നല്ലോ! കഷ്ടം!" എന്ന ആമുഖത്തോടെ,

പൂർവം ന ജാനാമി ഗദാഭിഘാത–
രുജാമിദാനീം തു സമർഥയാമി;
യന്മേ പ്രകാശീകൃതമൂർധജാനി
രണം പ്രവിഷ്ടാന്യവരോധനാനി.

(*ഊരുഭംഗം*, 38. മുൻപ് ഞാൻ ഗദകൊണ്ട് ആഞ്ഞടിക്കുമ്പോഴുള്ള വേദന അറിഞ്ഞിട്ടില്ല; ഇപ്പോഴാണ് അതറിയുന്നത്. എന്തെന്നാൽ, തലമുടി വെളിപ്പെടുത്തിക്കൊണ്ട് എന്റെ അന്തഃപുര വധുക്കൾ പോർക്കളത്തിൽ പ്രവേശിക്കേണ്ടിവന്നുവല്ലോ!) എന്ന് സ്വഗതമെന്നോണം വിലപിക്കുന്ന അഭിമാനിയായ ദുര്യോധനരാജാവിനെ എങ്ങനെ വിസ്മരിക്കാൻ! തന്നെ അഭിവാദനം ചെയ്തു കാണാനാഗ്രഹിക്കുന്ന, മുൻപേ അന്ധനും ഇപ്പോൾ അന്ധതരനുമായ അച്ഛനെ അഭിവാദനം ചെയ്യുന്നതിനുവേണ്ടി എണീക്കാൻ ശ്രമിച്ച് നിലത്തു വീഴുന്ന, "ഇത് എനിക്കു കിട്ടുന്ന രണ്ടാമത്തെ അടിയാണ്" എന്ന മുഖവുരയോടുകൂടി,

ഹൃതം മേ ഭീമസേനേന ഗദാപാതകചഗ്രഹേ
സമമൂരുദ്വയേനാദ്യ ഗുരോഃ പാദാഭിവന്ദനം.

(*ഊരുഭംഗം*, 41. ഭീമസേനൻ ഇന്ന് എന്റെ തലമുടിയിൽ പിടിച്ച് ഗദ കൊണ്ടടിച്ചപ്പോൾ രണ്ടു തുടകളോടൊപ്പം അച്ഛന്റെ പാദാഭിവന്ദനത്തിനുള്ള സാധ്യത കൂടിയാണ് അപഹരിച്ചത്!) എന്ന് വിലപിക്കുന്ന പിതൃഭക്തനായ ദുര്യോധനൻ ഏതു സഹൃദയന്റെയും മനസ്സിൽനിന്ന് അത്രവേഗം മാഞ്ഞുപോവില്ല.

അതുവരെ സുഖം മാത്രം കണ്ടും അനുഭവിച്ചും പരിചയിച്ച മകൻ ദുർജയൻ പടക്കളത്തിൽ വന്ന് പതിവുപോലെ അച്ഛന്റെ മടിയിലിരിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ ഹൃദയം വഴിഞ്ഞൊഴുകുന്ന പുത്രസ്നേഹത്താൽ ദഹിപ്പിക്കപ്പെട്ട്,

ഹൃദയപ്രീതിജനനോ യോ മേ നേത്രോത്സവഃ സ്വയം
സോയം കാലവിപര്യാസാച്ചന്ദ്രോ വഹ്നിത്വമാഗതഃ.

(*ഊരുഭംഗം*, 43. എന്റെ ഹൃദയത്തിന് പ്രീതിയുളവാക്കുകയും കണ്ണിന് സ്വയം ഉത്സവം പകരുകയും ചെയ്യാറുള്ള ഈ ചന്ദ്രൻ കാലവൈപരീത്യംകൊണ്ട് തീയായിത്തീർന്നിരിക്കയാണ്) എന്നും

ത്യക്ത്വാ പരിചിതം പുത്ര! യത്ര തത്ര ത്വയാസ്യതാം
അദ്യപ്രഭൃതി നാസ്തീദം പൂർവഭുക്തം തവാസനം.

(*ഊരുഭംഗം*, 44. മോനേ, നീ അവിടവിടെ മാറിമാറി ഇരിക്കാറുണ്ടായിരുന്ന, മുൻപ് അനുഭവിച്ചു പരിചയമുള്ള, നിന്റെ ഇരിപ്പിടം ഇന്നുമുതൽ ഇല്ലാതായിരിക്കയാണ്) എന്നും ഗദ്ഗദകണ്ഠനായി, മകനെ ആശ്വസിപ്പിക്കുന്ന ദുര്യോധനനെന്ന അച്ഛനെ ആർക്കും വിസ്മരിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. "അഭീതപ്രസവിനി"

(ഭയമെന്തെന്നറിയാത്ത കുട്ടികളെ പ്രസവിക്കുക ശീലമായിട്ടുള്ളവൾ) എന്ന് സ്വയം അഭിമാനപൂർവം പറഞ്ഞിരുന്ന ഗാന്ധാരി, ദുര്യോധനൻ എന്ന് മകനെ വിശേഷിപ്പി ക്കുന്നതേയില്ല. ആ അമ്മ സുയോധനൻ എന്നേ അവനെപ്പറ്റി പറയുന്നുള്ളൂ. അതിൽപോലും 'ദു'സ്സൂചന വരേണ്ടെന്നായിരിക്കാം. മകൻ അമ്മയോടും അങ്ങനെത്തന്നെ പെരുമാറുന്നു. മകൻ അമ്മയെ അറിയിക്കയാണ്:

നമസ്കൃത്യ വദാമി ത്വാം യദി പുണ്യം മയാ കൃതം
അന്യസ്യാമപി ജാത്യാം മേ ത്വമേവ ജനനീ ഭവ.

(*ഊരുഭംഗം*, 50. നമസ്കരിച്ചിട്ട് അങ്ങയോട് ഞാൻ പറയുന്നു: ഞാൻ പുണ്യം ചെയ്തിട്ടുണ്ടെങ്കിൽ, അടുത്ത ജന്മത്തിലും അങ്ങുതന്നെ എന്റെ അമ്മയായി ഭവിച്ചാലും.) അതുതന്നെയാണ് അമ്മയ്ക്കും പറയാനുള്ളത്: ''എന്റെ ആഗ്രഹമാണല്ലോ നീ പറഞ്ഞത്!" ആ ധീരോദാത്തൻ മകന് അവസാനമായി കൊടുക്കുന്ന ഉപദേശവും ശ്രദ്ധേയമാണ്. "അഹമിവ പാണ്ഡവാഃ ശുശ്രൂഷയിതവ്യാഃ. തത്രഭവത്യാശ്ചാംബായാഃ കുന്ത്യാ നിദേശോ വർത്തയിതവ്യഃ. അഭിമന്യോർ ജനനീ ദ്രൗപദീ ചോഭേ മാതൃവത്പൂജയിതവ്യേ." (എന്നെപ്പോലെ പാണ്ഡവരെയും ശുശ്രൂഷിക്കുക. ബഹുമാന്യയായ കുന്തിയമ്മയുടെ കല്പനയനുസരിച്ച് പ്രവർത്തിക്കുക. അഭിമന്യുവിന്റെ അമ്മയെയും ദ്രൗപദിയെയും അമ്മയെപ്പോലെ പൂജിക്കുക.) എന്ന അവതാരികയോടെ ദുര്യോധനൻ പറയുന്നു:

ശ്ലാഘ്യശ്രീരഭിമാനദീപ്തഹൃദയോ ദുര്യോധനോ മേ പിതാ
തുല്യേനാഭിമുഖം രണേ ഹത ഇതി ത്വം ശോകമേവം ത്യജ
സ്പൃഷ്ട്വാ ചൈവ യുധിഷ്ഠിരസ്യ വിപുലം
ക്ഷൗമാപസവ്യം ഭുജം
ദേയം പാണ്ഡുസുതൈസ്ത്വയാ മമ സമം നാമാവസാനേ ജലം.

(*ഊരുഭംഗം*, 53. പ്രശംസനീയമായ ഐശ്വര്യത്തോടുകൂടിയവനും അഭിമാനദീപ്തഹൃദയനുമായ എന്റെ അച്ഛൻ ദുര്യോധനൻ തുല്യനോട് നേരിട്ടാണ് യുദ്ധത്തിൽ കൊല്ലപ്പെട്ടതെന്ന് കരുതി നീ ഇപ്രകാരമുള്ള ദുഃഖം ഉപേക്ഷിക്കുക. ധർമപുത്രന്റെ പട്ടുവസ്ത്രമിട്ട വിപുലമായ വലംകൈ തൊട്ട് മറ്റു പാണ്ഡവന്മാരോടൊപ്പം എന്റെ പേരുച്ചരിച്ചതിനുശേഷം നീ എനിക്കു ജലം തർപ്പിക്കുക.) ഇതു വായിക്കുമ്പോൾ നമ്മളും ബലദേവനോടൊപ്പം "അഹോ വൈരം പശ്ചാത്താപഃ സംവൃത്തഃ" (ആവൂ! വിരോധം പശ്ചാത്താപമായി ത്തീർന്നിരിക്കുന്നു) എന്നു പറഞ്ഞുപോകും.

*രാമായണ*നാടകങ്ങളിൽ ആദ്യത്തേത് *പ്രതിമാ*നാടകം. ഗ്രന്ഥനാമവക്രതാനിരൂപണത്തിൽ പ്രതിമാഗൃഹകല്പനയുടെ പുതുമയെപ്പറ്റിയും അത് കൃതിയുടെ നാടകീയത വർധിപ്പിക്കുന്നതിൽ വഹിച്ച പങ്കിനെപ്പറ്റിയും പറഞ്ഞുവല്ലോ. സംസ്കൃതത്തിലെ മറ്റു രാമനാടകങ്ങളിൽനിന്ന് *പ്രതിമ*യെ വേറിട്ടുനിർത്തുന്ന മറ്റൊരു പ്രധാനഘടകം കഥാപാത്രാവിഷ്കരണത്തിൽ ഭാസൻ വരുത്തിയ ഉദാത്തീകരണമത്രേ. ഇത് ഭരതന്റെ കാര്യത്തിലാണ് ഏറ്റവുമധികം കാണുക. പൊതുവിൽ രാമനാടകങ്ങളിൽ രാമനും പിന്നെ സീതയുമാണ് ശ്രദ്ധിക്കപ്പെടുന്ന കഥാപാത്രങ്ങൾ. പ്രതിമയിൽ ആ സ്ഥാനം ഭരതനാണ്. അച്ഛനോടും അമ്മമാരോടുമുള്ള ഭക്ത്യാദരങ്ങളിലും ജ്യേഷ്ഠന്മാരോടും ജ്യേഷ്ത്തിയമ്മയോടുമുള്ള സ്നേഹഭക്ത്യാദരങ്ങളിലും സുമന്ത്രനോടുള്ള പിതൃനിർവിശേഷമായ വിനയാദരങ്ങളി ലും ഭരതൻ മാതൃകാപരമായ നില പുലർത്തുന്നു. പെറ്റമ്മയായ കൈകേയിയോടുള്ള അതികഠിനമായ വിരോധം പോലും അച്ഛനോടും രാമലക്ഷ്ണണന്മാരോടും വൈദേഹിയോടും അവർ ഒട്ടും നീതി കാണിച്ചില്ലെന്നതിന്റെ പേരിലാണ്. അതായത്, സ്നേഹത്തിന്റെ രൂപാന്തരമാണ് ആ വെറുപ്പു പോലും. അതാകട്ടെ, അപരിഹരണീയ മായ മഹർഷിശാപം നിറവേറ്റുന്നതിന്റെ ഭാഗമായാണ് താൻ ചെയ്ത തെന്ന് കൈകേയി, വൈകിയാണെങ്കിലും, വെളിപ്പെടുത്തിയപ്പോഴാ കട്ടെ, വിശദീകരണം പൂർണമായി ബോധ്യപ്പെട്ടില്ലെങ്കിലും, അവരോട് മാപ്പ് ചോദിക്കാനും അവരെ അമ്മയായിത്തന്നെ അംഗീകരിക്കാനും ഭരതൻ തയ്യാറാവുകയും ചെയ്തു. അങ്ങനെ കൈകേയിയെയും ഭാസൻ ഉയർത്തിക്കാട്ടി. അമ്മമാരിൽ ഏറ്റവുമധികം രാമനെ സ്നേഹിച്ചത് കൈകേയിയല്ലേ എന്നു നമുക്കു സംശയം തോന്നും. രാമനുമതേ, ആദർശപുരുഷനായി അവതരിപ്പിക്കപ്പെടുന്നു – ആരോ ടും അപ്രീതിയില്ലാത്ത ആദർശപുരുഷൻ. അതേസമയം, മാനുഷി കത ഒരിക്കലും കൈവെടിയാത്തവനുമാണ് രാമൻ. അഞ്ചാമങ്കത്തിലെ സീതാപഹരണത്തിലേക്കു നയിച്ച സംഭവം സങ്കല്പിച്ചത് ഉദാഹ രണം. രാമന് അച്ഛനെപ്പറ്റിത്തന്നെ എപ്പോഴും വിചാരം. അച്ഛന്റെ ശ്രാദ്ധദിനം അടുത്തു വരുന്നു. ആ മനസ്സ് കണ്ടറിഞ്ഞാണ് രാവണന്റെ ആഗമനം. ഖരാദിവധത്തിൽ രാമനോടുള്ള പക വഞ്ചനാത്മകമായ സീതാപഹരണത്തിലൂടെ തീർക്കുകയാണ് ഗൂഢലക്ഷ്യം. പക്ഷേ വരുന്നത് പരിവ്രാജകവേഷധാരിയായിട്ട്. താൻ സാംഗോപാംഗം വേദശാസ്ത്രാദികളഭ്യസിച്ച ബ്രാഹ്മണനാണെന്നാണ് സ്വയം പരിചയപ്പെടുത്തുന്നത്. രാവണൻ താൻ പഠിച്ച ശാസ്ത്രങ്ങളുടെ കൂട്ടത്തിൽ പ്രാചേതസമായ ശ്രാദ്ധകല്പത്തെക്കൂടി സമർഥമായി ഉൾപ്പെടുത്തുന്നു. പ്രതീക്ഷിച്ചതു പോലെ, പിതൃശ്രാദ്ധചിന്താവ്യഗ്ര

നായ രാമൻ അതിൽ കൊത്തുന്നു. തുടർന്ന് രാവണന്റെ ശ്രാദ്ധവിവരണവും കൂട്ടത്തിൽ ആനുഷംഗികമെന്നപോലെ കാഞ്ചന പാർശ്വമൃഗത്തെ ശ്രാദ്ധത്തിൽ ബലി കഴിച്ചാൽ മരിച്ച അച്ഛന് തൃപ്തിയാവും എന്ന പുതിയ അറിവുനൽകലും. ആശ്രമോപാന്ത ത്തിൽ പെട്ടെന്ന് മിന്നൽപോലെ വന്ന ആ മൃഗത്തെ പിന്തുടർന്ന് രാമൻ അങ്ങകലെയെത്തിയെന്നു കണ്ടപ്പോൾ രാവണൻ സ്വരൂപത്തിൽ പ്രത്യക്ഷനായി സീതയെ അപഹരിക്കുകയും ചെയ്തു. അങ്ങനെ, നിതാന്തശത്രുക്കളായ രാമ-രാവണന്മാരെ ശാസ്ത്രചർച്ച നിർവഹിക്കുന്ന സുഹൃത്തുകളാക്കി അവതരിപ്പിക്കുവാനും രാമന്റെ പിതൃഭക്ത്യാദരങ്ങൾ ഭംഗിയായി വെളിപ്പെടുത്തുവാനും ഭാസന് കഴിഞ്ഞു. തീർഥയാത്ര കഴിഞ്ഞ് തിരിച്ചുവരുന്ന കുലപതിയെ വരവേൽക്കാൻ ലക്ഷ്മണനെ രാമൻതന്നെ പറഞ്ഞയച്ചിരുന്നതു കൊണ്ട് ലക്ഷ്ണനിന്ദ നടത്തുന്നതിൽനിന്ന് സീതയും വിമോചിതയാ യി. അങ്ങനെ അവരെയും ഉദാത്തവൽക്കരിക്കാൻ നാടകകൃത്തിന് സാധിക്കുന്നു.

*അഭിഷേക*നാടകത്തിൽ ബാലിയെയാണ് ഈവിധം ഭാസൻ മഹത്ത്വവൽക്കരിക്കുന്നത്. ബാലിയെ ധീരനായൊരു പോരാളിയായി ചിത്രീകരിക്കുന്നു. രാമൻ സുഗ്രീവനുവേണ്ടി ഒളിയമ്പെയ്ത് ബാലിയെ വീഴ്ത്തിയെങ്കിലും അതിനെക്കുറിച്ചുള്ള തന്റെ ചോദ്യങ്ങൾക്ക് യുക്തമായ സമാധാനം പറയാനാവാതെ രാമൻ കുഴങ്ങുന്നതായി ബാലി മനസ്സിലാക്കാതിരിക്കുന്നില്ല. എങ്കിലും രാമന്റെ ദിവ്യത്വത്തെ ആദരിച്ച് ബാലി കൂടുതലൊന്നും പറയാതെ, "ഭവതാ ദണ്ഡിതത്വാദ് വിഗതപാപോഹം നനു" (അങ്ങ് ശിക്ഷിച്ചതിനാൽ ഞാൻ പാപത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ടുവല്ലോ) എന്ന് ആശ്വസിക്കുകയാണ്. മരണം ആസന്നമായതോടെ വാനരനെങ്കിലും ബാലിയുടെ മനുഷ്യത്വം ഉണരുന്നു. വിലപിക്കുന്ന അംഗദനെ അനുജൻ സുഗ്രീവനെ ഏല്പിക്കുന്നു. തങ്ങൾ എന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അതൊക്കെ വാനരചാപലമായി കണ്ട് ക്ഷമിക്കണമെന്ന് രാമനോട് അപേക്ഷിക്കുന്നു. വാനരരാജാക്കന്മാരുടെ കുലധനമായ ഹേമമാല ബാലി അനുജനെ ഏല്പിച്ചതിനുശേഷം, ദുര്യോധനനെപ്പോലെ, കാലൻ കൊടുത്തയച്ച വീരവാഹിയായ വിമാനത്തിലേറി സ്വർഗത്തി ലേക്കു പോകുന്നു.

ഇനി ഉദയനനാടകങ്ങളിലേക്കു കടക്കാം. *പ്രതിജ്ഞായൗഗന്ധ രായണ*വും *സ്വപ്നവാസവദത്ത*വുമാണല്ലോ ആ രണ്ടു കൃതികൾ. ആദ്യത്തേതിലെ കഥയുടെ തുടർച്ചയാണ് രണ്ടാമത്തേതിലെ കഥ. ഈ രണ്ടു നാടകങ്ങളിലും പ്രത്യക്ഷപ്പെടുന്ന യൗഗന്ധരായണനെ

പ്പോലെ രാജ്യതന്ത്രജ്ഞനും രാജാവിനും രാജ്യത്തിനുംവേണ്ടി സമർപ്പണബുദ്ധിയോടെ എന്തു ത്യാഗവും സാഹസവും ചെയ്യാൻ തയ്യാറാവുന്ന ഒരു മന്ത്രികഥാപാത്രത്തെ ഭാസനാടകങ്ങളിലെന്നല്ല, സംസ്കൃതനാടകങ്ങൾ മുഴുവൻ നോക്കിയാലും കണ്ടുമുട്ടുക പ്രയാസം. രാജാവിനുവേണ്ടി ആസൂത്രണം ചെയ്യുന്ന തന്റെ പദ്ധതി കൾ ചിലപ്പോൾ രാജാവുതന്നെ തകർക്കുന്ന അനുഭവമുണ്ടായിട്ടും പദ്ധതികളിൽ രാജാവിന്റെ ഇംഗിതത്തിന്നനുകൂലമായി ഭേദഗതി വരുത്തി വിജയിപ്പക്കാനല്ലാതെ, പദ്ധതിയിൽനിന്നേ പിന്മാറാനല്ല യൗഗന്ധ രായണൻ ശ്രമിക്കുന്നത്. വത്സരാജനെ മോചിപ്പിക്കുമെന്ന തന്റെ പ്രതിജ്ഞ നിറവേറ്റുന്നതിന് തടസ്സമായി നിന്നത് രാജാവിന്റെ വാസവദത്തയുമായുള്ള പ്രണയമാണ് (അദേശകാലേ ലളിതം കാമയതേ സ്വാമീ – തെറ്റായ ദേശത്തും കാലത്തുമാണ് നമ്മുടെ രാജാവിന്റെ പണയസല്ലാപം). ഇത് യൗഗന്ധരായണനുതന്നെ അറി യാം. "നാം നമ്മുടെ സ്നേഹം കാണിച്ചുകഴിഞ്ഞു. എല്ലാ പ്രയത്നവും ചെയ്തു. ഇനി അദ്ദേഹത്തെ ഒറ്റയ്ക്കു വിട്ട് നമുക്ക് പോകാം." എന്ന് വിദൂഷകൻ പറഞ്ഞപ്പോൾ യൗഗന്ധരായണന്റെ മറുപടി ഇതാണ്: അങ്ങനെയല്ല.

പരിത്യജാമ സന്തപ്തം ദുഃഖേന മദനേന ച
സുഹൃജ്ജനമുപാശ്രിത്യ യഃ കാലം നാവബുധ്യതേ.

(*പ്രതിജ്ഞായൗഗന്ധരായണം*, 7. ദുഃഖവും പ്രണയവും പിടിപെട്ട അദ്ദേഹത്തെ ഉപേക്ഷിക്കുകയോ? പൂർണമായി സുഹൃജ്ജനങ്ങളെ ആശ്രയിച്ചുകൊണ്ട് കാലത്തെ അദ്ദേഹത്തിന് അറിയാൻ കഴിയുന്നില്ല.) 'എങ്കിൽ ഈ പ്രയത്നവുമായി മുമ്പോട്ടു പോകുന്ന നമുക്ക് ജരാനരവരെ വന്നേക്കാം' എന്നായി വിദൂഷകൻ. 'അതല്ലേ ശ്ലാഘ്യം' എന്ന ചോദ്യത്തിന് 'ഇത് ലോകമറിയുമെങ്കിൽ ശ്ലാഘ്യമാകുമായിരുന്നു' എന്ന വിദൂഷകന്റെ മറുപടി കേട്ടപ്പോഴത്തെ മന്ത്രിയുടെ പ്രതികരണം: "ന നഃ കാര്യം ലോകേന, സ്വാമിപ്രിയാ ർഥോയമാരംഭഃ" (നമുക്ക് ലോകംകൊണ്ട് കാര്യമില്ല; യജമാനന്റെ താല്പര്യം മുൻനിർത്തിയാണീ യത്നം) 'അദ്ദേഹവും ഇതറി യുന്നില്ലല്ലോ' എന്ന വിദൂഷകചോദ്യത്തിന് 'വേണ്ട സമയത്ത് അറിയും' എന്ന് മന്ത്രിയുടെ മറുപടി. അങ്ങനെയാണ് രാജാവിനെ തടവിൽനിന്നു മോചിപ്പിക്കുമെന്ന ആദ്യത്തെ പ്രതിജ്ഞ പരിഷ്കരിച്ച് യൗഗന്ധരായണൻ രാജാവിനെയും വാസവദത്തയെയും ഘോഷവതീവീണയെയും മോചിപ്പിക്കുമെന്ന രണ്ടാമത്തെ പ്രതിജ്ഞ ചെയ്യുന്നത്. പല തരം നയോപായങ്ങളിലൂടെ അത് നടപ്പിലാക്കുന്നത്.

പ്രതിജ്ഞ നടപ്പിലാക്കിയശേഷം പ്രദ്യോതമഹാസേനന്റെ മന്ത്രി

ഭരതരോഹകനും യൗഗന്ധരായണനും തമ്മിൽ നടന്ന സംഭാഷണം യൗഗന്ധരായണന്റെ സ്വാമിഭക്തിയെയും രാജ്യസ്നേഹത്തെയും ഒന്നുകൂടി തെളിയിക്കുന്നതാണ്. 'ശിഷ്യയായ വാസവദത്തയെ ഗുരുവായ ഉദയനൻ സ്വായത്തമാക്കി തട്ടിക്കൊണ്ടുപോയത് ഉചിതമോ ' എന്ന ഭരതരോഹകന്റെ ചോദ്യത്തെ യൗഗന്ധരായണൻ നേരിട്ടത്, 'അത് വിവാഹംതന്നെയാണ്; ഭരതവംശജാതനായ വീരവത്സരാജൻ ഭാര്യയാവുന്നതിനുമുമ്പ് ഒരു പെൺകുട്ടിയെ പഠിപ്പിക്കരുതേ' എന്ന മറുചോദ്യംകൊണ്ടാണ്. ഇപ്പോഴും മഹാസേനൻ വത്സരാജനെ സൽക്കരിച്ചിരിക്കുന്നുവെന്നും അതിനെ പരിഗണിക്കാതിരിക്കുന്നതെന്ത്' എന്നുമുള്ള ഭരതരോഹകന്റെ ചോദ്യത്തിന് യൗഗന്ധരായണൻ നൽകിയ മറുപടി, 'അദ്ദേഹത്തിന്റെ ആജ്ഞ നളാഗിരി കേൾക്കുന്നതുകൊണ്ട് വിട്ടയച്ചതാണെ'ന്നത്രേ. 'നളാഗിരിയെ പിടിക്കുന്നതിനാണ് വിട്ടയച്ചതെങ്കിൽ പിന്നെയും അദ്ദേഹത്തെ തടവിലിടുകയില്ലയോ' എന്ന അടുത്ത ചോദ്യത്തെ, യൗഗന്ധരായണൻ നേരിടുന്നത് 'അത് ജനങ്ങളെ ഭയന്നിട്ടാണെ'ന്നാണ്. 'യുദ്ധത്തിൽ ശത്രുവെ ബന്ദിയാക്കിയാൽ എന്തു ചെയ്യുമെന്നാണ് രാജ്യതന്ത്രം വിധിക്കുന്നത്?' – ഭരതരോഹകന്റെ അടുത്ത ചോദ്യം ഇതായിരുന്നു. യൗഗന്ധരായണന്റെ ഉത്തരം ഇതും: 'വധം'. 'എന്നിട്ടെന്തേ വധിക്കാതെ വത്സരാജനെ തങ്ങൾ സൽക്കരിച്ചത്' എന്ന ചോദ്യത്തിന്, 'അത് മനസ്സലാക്കിയാണ് വത്സരാജൻ ശത്രുവിന്റെ ശരീരം അപഹരിക്കാതിരുന്നത്' എന്നു മറുപടി. എന്നിട്ടും വീരവാദം തുടരുന്ന ഭരതരോഹകനെ കണക്കിന് കളിയാക്കുകയാണ് യൗഗന്ധരായണൻ ചെയ്തത്.

യൗഗന്ധരായണൻ തന്റെ പ്രതിജ്ഞ നടപ്പിലാക്കിയതോടുകൂടിയാണ് *സ്വപ്നവാസവദത്തം* തുടങ്ങുന്നത്. ഇനിയത്തെ പ്രശ്നം കിട്ടിയ രാജ്യശക്തിയെ ഉറപ്പിക്കുകയാണ്; അയൽരാജ്യങ്ങളിൽ നിന്നുള്ള ആക്രമണത്തെ ചെറുക്കുകയാണ്. അതിന് ബന്ധുബലം ഉണ്ടാക്കണം. അതിനുള്ള വഴി, മഗധരാജാവായ ദർശകന്റെ സഹോദരി പത്മാവതിയെ ഉദയനൻ വിവാഹം കഴിക്കുന്നതിലൂടെ ആ രാജാവിനെ ബന്ധുവാക്കുകയാണ്. വാസവദത്ത ജീവിച്ചിരിക്കുന്നിടത്തോളം കാലം ഉദയനൻ മറ്റൊരു വിവാഹത്തിന് സമ്മതിക്കുകയില്ലെന്നു തീർച്ച. ഒരു പത്നി ജീവിച്ചിരിക്കെ ദർശകൻ തന്റെ സഹോദരിയെ ഉദയനന് വിവാഹം കഴിച്ചുകൊടുക്കുമോ എന്നും സംശയമുണ്ട്. പത്മാവതിയും അതിന് സമ്മതം മൂളാൻ പ്രയാസം. സംഗതികൾ ഇങ്ങനെ കുഴഞ്ഞുമറിഞ്ഞു കിടക്കുകയാണ്. അത് നേരെയാക്കി, ഉദയന–പത്മാവതീവിവാഹം പ്രാവർത്തികമാക്കുക – ഇതാണ് വത്സരാജന്റെ മന്ത്രിമാർ, വിശേഷിച്ച് യൗഗന്ധരായണൻ, നേരിടുന്ന പ്രശ്നം. വാസവദത്ത മരിച്ചുവെന്ന് ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുക – അതാണ് ആദ്യം വേണ്ടത്. അങ്ങനെ ഉദയനനും അതറിയണം. പിന്നീട് ദർശകനെക്കൊണ്ട് ഉദയനന് പത്മാവതിയെ വിവാഹം ചെയ്ത് കൊടുപ്പിക്കണം. അത് രണ്ടാമത്തെ കാര്യം. ഇവ രണ്ടും നടപ്പിലാക്കിയാൽ പദ്ധതി വിജയിക്കും. അതിന് വാസവദത്തയുടെ സഹായം വേണം. അതിനാണ് ലാവാണകഗ്രാമത്തിൽ ഉദയന–വാസവദത്തമാരെ താൽക്കാലികമായി താമസിപ്പിക്കാനും ഉദയനനെ നായാട്ടിന്നയയ്ക്കാനും അപ്പോൾ ഗ്രാമത്തിന് തീ കൊടുക്കാനും യൗഗന്ധരായണനും വാസവദത്തയും തീയിൽ വെന്തുമരിച്ചുപോയി എന്നു പ്രചരിപ്പിക്കാനുമൊക്കെ പദ്ധതിയിടുന്നത്. അങ്ങനെ, യൗഗന്ധരായണൻ ഉജ്ജയിനിയിൽനിന്നു വന്ന പരിവ്രാജകബ്രാഹ്മണനായി. വാസവദത്ത അദ്ദേഹത്തിന്റെ സഹോദരിയായി. അവർ മഗധയിലേക്കു വന്നു.

വത്സരാജന്റെ നഷ്ടപ്പെട്ട രാജ്യം വീണ്ടെടുക്കുക എന്ന യൗഗന്ധരായണന്റെ ദൗത്യത്തിൽ പത്മാവതിക്ക് നിർണായകമായ ഒരു പങ്ക് നിർവഹിക്കാനുണ്ടെന്നുള്ളതിനാൽ അവളെ ആദ്യം കാണുന്നതു മുതൽക്കേ അദ്ദേഹത്തിന് അവളോട് പ്രത്യേകമായൊരു മമത തോന്നുന്നുണ്ട്. ഈ മനോഭാവം യൗഗന്ധരായണന്റെ ദൗത്യത്തെക്കുറിച്ചോ പദ്ധതിയെക്കുറിച്ചോ തികച്ചും ബോധവതിയല്ലെങ്കിലും അജ്ഞാ തവാസവിധേയയായ വാസവദത്തയിലേക്കും പകരുന്നതായി കാണാം. പത്മാവതിയെ ആദ്യമായി കാണുമ്പോൾ വാസവദത്തയുടെ വിചാരം: "ഇവളാണാ രാജകുമാരി. കുലത്തിനൊത്തുതന്നെ ഇവളുടെ സൗന്ദര്യവും." (*സ്വപ്നവാസവദത്തം* ഒന്നാമങ്കം) തുടർന്ന് അവൾ ഇത്രകൂടി പറയുന്നു: "സൗന്ദര്യം മാത്രമല്ല, ഇവളുടെ വാക്കും മധുരംതന്നെ." ഉജ്ജയിനിയിലെ പ്രദ്യോതരാജാവ് മകനുവേണ്ടി പത്മാവതിയെ അന്വേഷിക്കുന്നുവെന്ന വിവരംകൂടി അറിഞ്ഞപ്പോൾ വാസവദത്തയുടെ ആത്മഗതം: "ഇവൾ ഇപ്പോൾ എന്റേതുകൂടിയായിത്തീർന്നു" – ബന്ധുവായിത്തീർന്നുവെന്നർഥം. യൗഗന്ധരായണന്റെ അപേക്ഷ സ്വീകരിക്കുന്നതോടുകൂടി വാസവദത്ത പത്മാവതിയുടെ സംരക്ഷണത്തിലായിത്തീരുമെന്നു വന്നതോടെ, പത്മാവതിയും ഇതേ വാക്ക് പറയുന്നു – ആത്മഗതമല്ല, പ്രകാശമാണെന്നു മാത്രം (ഒന്നാമങ്കം) വാസവദത്ത തീയിൽ വെന്തു മരിച്ചുവെന്നറിഞ്ഞ് അവളുടെ ആഭരണങ്ങളെ ആലിംഗനം ചെയ്തുകൊണ്ട് വത്സരാജൻ മോഹാലസ്യപ്പെട്ടുവെന്ന് ബ്രഹ്മചാരി വിവരിക്കുന്നതുകേട്ട് കരയുന്ന വാസവദത്തയെക്കണ്ട് ചേടിയും പത്മാവതിയും യൗഗന്ധരായണനും നട

ത്തുന്ന സംഭാഷണം: ചേടീ: രാജകുമാരീ! ഈ ആര്യ കരയുന്നു. ഇതു കേട്ട് പത്മാവതി പറയുന്നത്, അവൾ അനുകമ്പയുള്ള വളായിരിക്കണം എന്നത്രേ. യൗഗന്ധരായണൻ അത് ശരിവെക്കുക യും ചെയ്യുന്നു. ജന്മനാ അനുകമ്പാലുവാണ് തന്റെ സഹോദരി എന്നദ്ദേഹം അഭിപ്രായപ്പെടുന്നു. ബ്രഹ്മചാരിയുടെ വത്സരാജവിരഹ വിവരണാനന്തരം, മറ്റൊരു സ്ത്രീയെ വത്സരാജൻ വിവാഹം കഴിക്കി ല്ലേ എന്ന അർഥത്തിൽ ചേടി ചോദിക്കുമ്പോൾ, പത്മാവതി "എന്റെ ഹൃദയവും ഇതുതന്നെയാണാലോചിച്ചത്" എന്ന് ആത്മഗതം ചെയ്യു ന്നു. (പത്മാവതി) ആര്യപുത്രനെ ഭർത്താവായി ആഗ്രഹിക്കുന്നു എന്ന് ആത്മഗതം ചെയ്തുകൊണ്ട് ''എന്തു കാരണത്താൽ?'' എന്നു വാസവദത്ത ചേടിയോട് ചോദിക്കുമ്പോൾ, "(അദ്ദേഹം) അനുകമ്പാ ലുവായതുകൊണ്ട്" എന്നായിരുന്നു അവളുടെ മറുപടി. അപ്പോഴത്തെ വാസവദത്തയുടെ ആത്മഗതം "അറിയുമറിയും. ഈയുള്ളവളും ഇപ്രകാരം ഭ്രാന്ത് പിടിച്ചതാണ്" (രണ്ടാമങ്കം) എന്നത്രേ. ഈ സംഭാ ഷണത്തിന്റെ തുടർച്ചയായി "ആ രാജാവ് വിരൂപനാണെങ്കിലോ?" എന്ന് ചേടി സംശയമുന്നയിക്കുമ്പോൾ "അല്ലല്ല; സുന്ദരൻ തന്നെ" എന്നു പറഞ്ഞുപോവുന്നു. അപ്പോഴാണ് പത്മാവതി ചോദിക്കുന്നത്: "നിങ്ങൾ എങ്ങനെ അറിയുന്നു?" ആ സമയത്തെ വാസവദത്തയുടെ ആത്മഗതമാണ്, ''ആര്യപുത്രനോടുള്ള പക്ഷപാതംകൊണ്ട് പെരുമാറ്റരീതി മറികടന്നു. ഇനി എന്തു ചെയ്യും?" "അങ്ങനെയാണ് ഉജ്ജയിനിയിലെ ആളുകൾ പറയുന്നത്" എന്നു പറഞ്ഞ് അവൾ എങ്ങനെയോ രക്ഷപ്പെട്ടു.

ധാത്രി പത്മാവതിയോട് അവളെ കൊടുത്തിരിക്കുന്നുവെന്ന വാർത്ത അറിയിച്ചപ്പോൾ ഉടനെ വാസവദത്ത "ആർക്ക്?" എന്നാ രാഞ്ഞു. "വത്സരാജനായ ഉദയനന്" എന്നായിരുന്നു മറുപടി. "അദ്ദേ ഹത്തിന് സുഖമാണോ?" എന്നായി വാസവദത്തയുടെ അടുത്ത അന്വേഷണം. "സുഖമായിട്ടാണ് ഇവിടെ വന്നത്. അദ്ദേഹത്തിന് രാജകുമാരിയെ വിവാഹം കഴിച്ചുകൊടുക്കാമെന്നു വാഗ്ദാനവും ചെയ്തു." എന്ന് ധാത്രിയുടെ മറുപടി. വാസവദത്ത പെട്ടെന്ന് അറിയാതെ പറഞ്ഞപോയി: "അത്യാഹിതം." ''എന്താണിവിടെ അത്യാഹിതം?'' എന്ന് ധാത്രി പറഞ്ഞപ്പോഴാണ് മനസ്സിലയത്, പറഞ്ഞത് അബദ്ധമായെന്ന്. "ഒന്നുമില്ല. അത്രത്തോളം വ്യസനിച്ചിട്ട് ഉദാസീനനാകുന്നല്ലോ എന്നോർത്ത് അങ്ങനെ പറഞ്ഞുവെന്നേ ഉള്ളൂ" എന്ന് അവൾ തടിതപ്പി എന്നേ വേണ്ടൂ. പിന്നെയും ഒരു സംശയം: "അദ്ദേഹം സ്വയം വരിച്ചതാണോ?" "അല്ലല്ല. മറ്റാവശ്യ ത്തിന് ഇവിടെ വന്ന അദ്ദേഹത്തിന്റെ കുലവും അറിവും യൗവനവും സൗന്ദര്യവും കണ്ട് സ്വയമേവ മഹാരാജാവ് നൽകിയതാണ്" – ധാത്രിയുടെ ഉത്തരം വന്നപ്പോൾ സമാധാനമായി. വാസവദത്തയുടെ ആത്മ ഗതരൂപത്തിൽ അത് ആവിഷ്കൃതമായി: "അപ്പോൾ ആര്യ പുത്രൻ അപരാധിയല്ല." രണ്ടാമങ്കത്തിന്റെ ഒടുവിൽ, ഉദയനനും പത്മാ വതിയും തമ്മിലുള്ള വിവാഹം അന്നുതന്നെ നടക്കുമെന്നറിഞ്ഞ് അതി നുള്ള ഒരുക്കങ്ങളിൽ ഏർപ്പെടുന്ന വാസവദത്തയുടെ മനോഭാവം ഭാസൻ ഇപ്രകാരം വെളിപ്പെടുത്തുന്നു: "എത്ര കണ്ട് ബദ്ധപ്പെടുന്നു വോ, അത്രകണ്ട് ഇരുട്ടു കയറുകയാണ് എന്റെ മനസ്സിൽ."

മൂന്നാമങ്കത്തിൽ, തന്റെ സപത്നിയാവാൻ പോകുന്ന പത്മാവതി യുടെ വിവാഹമാല്യം കോർക്കാൻ നിയുക്തയായപ്പോഴത്തെ വാസവ ദത്തയുടെ ആത്മഗതം: "ഇതും ഞാൻ ചെയ്യേണ്ടിവന്നു. അഹോ! നിർദയന്മാർതന്നെ ഈശ്വരന്മാർ!" വിവാഹമാല്യം കെട്ടുന്നതിനിടയിൽ ചേടിയും വാസവദത്തയും തമ്മിലുള്ള സംഭാഷണം നമ്മുടെ ശ്രദ്ധ അർഹിക്കുന്നു. വാസവദത്ത – (ആത്മഗതം) മന്ദഭാഗ്യയായ ഞാൻ ഇതു കെട്ടാം. (കൊട്ട ഒഴിച്ചിട്ട് അതിലുള്ളവ നോക്കിയിട്ട് ചേടിയോട്) "ഈ ചെടിയുടെ പേരെന്താണ്?" "അവിധവാകരണമെന്ന്." അതേപ്പറ്റി വാസവദത്തയുടെ ആത്മഗതം: എനിക്കും പത്മാവതിക്കും വേണ്ടി ഇത് ധാരാളം കോർത്തുകെട്ടണം. (പ്രകാശം) "ഈ ചെടിയുടെ പേരെന്താണ്?'' ''സപത്നീമർദനം'' ''ഇത് കെട്ടേണ്ട'' എന്നു പറഞ്ഞുപോയി വാസവദത്ത. എന്തുകൊണ്ടെന്ന ചേടിയുടെ ചോദ്യത്തിന്, "അദ്ദേഹത്തിന്റെ ഭാര്യ മരിച്ചല്ലോ, അതുകൊണ്ട് പ്രയോജനമില്ലെന്നുവെച്ച്'' എന്ന് ഉത്തരം നൽകി അപ്പോഴും രക്ഷപ്പെടാൻ കഴിഞ്ഞു. പത്മാവതിയുടെ വിവാഹത്തിന് വരണമാല്യം കൂടി കെട്ടിക്കഴിഞ്ഞ്, അടുത്ത് ആരുമില്ലാതായപ്പോൾ വാസവദത്ത ചിന്തിക്കുന്നു: "ആര്യപുത്രനും മറ്റൊരാളുടേതായി. ഇനി കിടക്കയിൽ എന്റെ ദുഃഖം തീർക്കട്ടെ, ഉറക്കം കിട്ടുമെങ്കിൽ."

നാലാമങ്കാരംഭത്തിൽ വിവാഹാനന്തരം സപരിവാരയായ പത്മാവതി ആവന്തികാവേഷത്തിലുള്ള വാസവദത്തയോടുകൂടി പ്രമദവനത്തിൽ പ്രവേശിക്കുന്നു. അവിടെ എന്താണ് കാണേണ്ടതെ ന്ന ചേടിയുടെ ചോദ്യത്തിന് അവളുടെ ഉത്തരം: "ആ ചേമന്തി വള്ളികൾ പൂത്തുവോ ഇല്ലയോ എന്നു നോക്കാം.'' ചേടി – "തമ്പുരാട്ടീ, അവ പൂത്തിരിക്കുന്നു. പവിഴങ്ങൾക്കിടയിൽ മുത്തുക ളെന്നപോലെ പൂക്കൾ കലർന്ന് അവ ശോഭിക്കുന്നു." പുഷ്പ സൗന്ദര്യദർശനത്തോടൊപ്പം അവളിലെ മാതൃത്വത്തിന്റെ തല നീട്ടലും ഈ വാക്കുകളിൽ വ്യഞ്ജിക്കുന്നു. വാസവദത്തയും പത്മാ വതിയും തമ്മിലുള്ള സംഭാഷണം: വാസവദത്ത – "എടോ, ഭർത്താ

വിനെ ഇഷ്ടമായോ?” പത്മാവതി – “അറിഞ്ഞുകൂടാ. ആര്യപുത്രനെ പിരിഞ്ഞാൽ എനിക്ക് പിന്നെ ഉൽകണ്ഠയായി” വാസവദത്ത – (ആത്മഗതം) “ഞാൻ ചെയ്യുന്നത് ദുഷ്കരമാണല്ലോ. ഇവളും ഇങ്ങനെ പറയുന്നു.” ചേടി – “തനിക്ക് ഭർത്താവിനെ ഇഷ്ടമായെന്ന് അഭിജാതമായിട്ടാണല്ലോ രാജകുമാരി പറഞ്ഞത്”. തുടർന്ന് പത്മാവതി മറ്റൊരു സംശയം വാസവദത്തയുടെ മുന്നിൽ ഉന്നയിക്കുന്നു: ‘‘ഒന്നാണെനിക്കു സംശയം.’’ വാസവദത്ത – “എന്താണെന്താണ്?”പത്മാവതി – “ആര്യപുത്രൻ എനിക്കെന്നതുപോലെത്തന്നെയായിരിക്കുമോ ആര്യ വാസവദത്തയ്ക്കും?” വാസവദത്ത – “ഇതിലുമധികം.” പത്മാവതി – “അതെങ്ങനെ നീ അറിയുന്നു?” വീണ്ടും അബദ്ധം പിണഞ്ഞത് അപ്പോഴാണ് അവൾക്ക് ബോധ്യമാവുന്നത്. അവളുടെ ആത്മഗതം നോക്കുക: ‘‘അയ്യോ, ആര്യപുത്രനോടുള്ള പക്ഷപാതം കൊണ്ട് ഞാൻ പെരുമാറ്റരീതി മറികടന്നുപോയി. ശരി, ഇനി ഇങ്ങനെ പറയാം.” എന്നിട്ട് ഇങ്ങനെ പറയുന്നു: “അല്പമായിരുന്നു സ്നേഹമെങ്കിൽ അവൾ ബന്ധുക്കളെ ഉപേക്ഷിക്കുമായിരുന്നില്ല.” ആ സംഭാഷണത്തിലിടപെട്ട് ചേടി പത്മാവതിയോട് പറയുന്നു: “ഭർത്താവിനോട് ഭംഗിയായി പറയൂ, ‘എന്നെയും വീണ പഠിപ്പിക്കുമോ’ എന്ന്.” “ഞാൻ ആര്യപുത്രനോട് പറഞ്ഞു” എന്ന് അവൾ പറയേണ്ട താമസം, വാസവദത്ത ചോദിച്ചു: “എന്നിട്ടെന്തു പറഞ്ഞു?” പത്മാവതിയുടെ ഉത്തരം ഇതായിരുന്നു: “ഒന്നും പറയാതെ ഒന്ന് നെടുവീർപ്പിട്ട് മിണ്ടാതിരിപ്പായി.” “അതിൽ നിന്ന് നീ എന്തൂഹിക്കുന്നു?” എന്നാണിനി വാസവദത്തയ്ക്കറിയേണ്ടത്. പത്മാവതി – “ഊഹിക്കുന്നത്, ആര്യ വാസവദത്തയുടെ ഗുണങ്ങളോർത്ത് ദാക്ഷിണ്യം കൊണ്ട് എന്റെ മുൻപിൽവെച്ച് കരയുന്നില്ലെന്നേയുള്ളൂവെന്ന്.” അപ്പോഴത്തെ വാസവദത്തയുടെ ആത്മഗതം: “ധന്യയാണ് ഞാൻ, ഇത് സത്യമാണെങ്കിൽ.”

അതേ അങ്കത്തിൽത്തന്നെ, അവിടെ വന്ന വത്സരാജനും വിദൂഷകനും തമ്മിലുള്ള സംഭാഷണം മറഞ്ഞിരുന്ന് പത്മാവതിയും വാസവദത്തയും കേൾക്കുന്നു. ആ സന്ദർഭത്തിൽനിന്ന്: വാസവദത്ത – “വസന്തകനെപ്പറ്റി പറയുന്നതുകൊണ്ട് ഞാൻ ഉജ്ജയിനിയിലാണുള്ളതെന്ന് എനിക്ക് തോന്നുന്നു.” വത്സരാജനെ മറഞ്ഞിരുന്ന് കണ്ട് വാസവദത്ത – (ആത്മഗതം) “ഭാഗ്യം, ആര്യപുത്രൻ ആരോഗ്യവാനായിത്തന്നെ ഇരിക്കുന്നു.” ചേടി വാസവദത്തയുടെ കണ്ണിൽ വെള്ളം നിറഞ്ഞിരിക്കുന്നുവെന്ന് പത്മാവതിയോട് പറയുന്നു. അതിന് വാസവദത്തയുടെ വിശദീകരണം ഇതായിരുന്നു: “വണ്ടുകളുടെ അടക്കമില്ലായ്മകൊണ്ട് വീണ കാശപ്പൂമ്പൊടിയേറ്റ് എന്റെ ഈ കണ്ണിൽ വെള്ളം നിറഞ്ഞിരിക്കയാണ്.” ഇതേ വാക്യം, വാസവദത്തയുടെ കാര്യങ്ങളോർത്ത് നിറഞ്ഞ കണ്ണുകളോടുകൂടിയ വത്സരാജനെപ്പറ്റി, അക്കാര്യം പത്മാവതിയുടെ മുന്നിൽ മറച്ചുവെക്കുന്നതിനു വേണ്ടി, വിദൂഷകൻ പറയുന്നുണ്ട്: “കാറ്റത്ത് കണ്ണിൽ വന്നുവീണ കാശപ്പൂമ്പൊടിയേറ്റ് അവിടുത്തെ മുഖം കണ്ണീർ നിറഞ്ഞതായിരിക്കയാണ്. അതുകൊണ്ട് ഭവതി മുഖം കഴുകാനുള്ള ഈ വെള്ളം വാങ്ങി അദ്ദേഹത്തിന് കൊടുത്താലും.” അപ്പോഴത്തെ പത്മാവതിയുടെ ആത്മഗതം അവൾക്ക് കാര്യം മനസ്സിലായെന്നു വ്യക്തമാക്കുന്നു: “ദാക്ഷിണ്യമുള്ളവന്റെ പരിജനവും ദാക്ഷിണ്യമുള്ളവൻതന്നെ.” രാജാവും കണ്ണീരിന്റെ കാരണമായി ഇതുതന്നെ ആവർത്തിക്കുന്നു:

ശരച്ഛശാങ്കഗൗരേണ വാതാവിദ്ധേന ഭാമിനി!
കാശപുഷ്പലവേനേദം സാശ്രുപാതം മുഖം മമ.
(ആത്മഗതം)
ഇയം ബാലാ നവോദ്വാഹാ സത്യം ശ്രുത്വാ വ്യഥാം വ്രജേത്
കാമം ധീരസ്വഭാവേയം സ്ത്രീസ്വഭാവസ്തു കാതരഃ.

ധസ്വപ്നവാസവദത്തം, 4. 7, 8. കോപനശീലേ! കാറ്റത്ത് വന്നു വീഴുന്ന ശരൽക്കാലചന്ദ്രനെപ്പോലെ വെളുത്ത കാശപ്പൂമ്പൊടിയേറ്റ് എന്റെ ഈ മുഖം കണ്ണീർ നിറഞ്ഞതായിരിക്കുന്നു. (ആത്മഗതം) പുതുമണവാട്ടിയായ ഈ കുട്ടി സത്യമറിഞ്ഞാൽ ഖേദിച്ചേക്കും. ഇവൾ വേണ്ടുവോളം ധീരസ്വഭാവയാണ്. പക്ഷേ, സ്ത്രീസ്വഭാവം ഭയത്തോടുകൂടിയതത്രേ.പ

പത്മാവതി അവിടേക്കു വരുന്നതിനു മുൻപ് വിദൂഷകനും രാജാവും തമ്മിൽ നടക്കുന്ന വാസവദത്താ–പത്മാവതീതാരതമ്യ വിചാരങ്ങളും പത്മാവതിയും വാസവദത്തയും മറഞ്ഞിരുന്ന് അത് കേട്ട് അഭിപ്രായം പറയുന്നതും ആലോചനാമൃതങ്ങളാണ്:

വിദൂഷകൻ (വത്സരാജനോട്) – ആരാണങ്ങയ്ക്ക് പ്രിയപ്പെട്ടവൾ, അന്നത്തെ വാസവദത്തയോ ഇന്നത്തെ പത്മാവതിയോ?

രാജാവ് – എന്താണിപ്പോൾ അങ്ങ് എന്നെ വലിയ ബഹുമാന സങ്കടത്തിലാക്കുന്നത്?. . . .

വിദൂഷകൻ – സ്വൈരമായി, സ്വൈരമായി, അങ്ങ് പറഞ്ഞുകൊള്ളൂ. ഒരുവൾ മരിച്ചുപോയി, മറ്റവൾ അടുത്തില്ലതാനും.

രാജാവ് – സുഹൃത്തേ, ഇല്ല, ഞാൻ പറയില്ല. അങ്ങ് വായാടിയാണല്ലോ.

പത്മാവതി – ഇത്രയും കൊണ്ടുതന്നെ ആര്യപുത്രൻ പറഞ്ഞു കഴിഞ്ഞു.

വിദൂഷകൻ – ഹേ, ഞാൻ സത്യം ചെയ്യാം. ഒരാളോടും പറയു

കയില്ല. എന്റെ നാവിനിതാ മുദ്ര വെച്ചിരിക്കുന്നു.

രാജാവ് – സുഹൃത്തേ പറയാൻ ഉത്സാഹം തോന്നുന്നില്ല.

പത്മാവതി – നോക്കൂ ഇയാളുടെ പുരോഭാഗിത്വം, ഇത്രയും കൊണ്ട് ഉള്ളിലുള്ളത് മനസ്സിലായിട്ടില്ല!

വിദൂഷകൻ – എന്നോട് പറയില്ലേ? പറയാതെ ഈ പാറപ്പുറത്തു നിന്ന് ഒരടി മുന്നോട്ടുവെക്കാൻ പറ്റില്ല. ഈ അങ്ങയെ തടവിലിട്ടിരിക്കുന്നു.. . . .

രാജാവ് –

പത്മാവതീ ബഹുമതാ മമ യദ്യപി രൂപശീലമാധുര്യൈഃ

വാസവദത്താബദ്ധം ന തു താവന്മേ മനോ ഹരതി.

(4. 4. സൗന്ദര്യം, സ്വഭാവം, മാധുര്യം എന്നിവയാൽ പത്മാവതി എനിക്ക് ബഹുമാന്യയാണെങ്കിലും വാസവദത്തയിൽ ബന്ധിക്ക പ്പെട്ട മനസ്സിനെ വലിച്ചെടുക്കാൻ കഴിയുന്നില്ല)

വാസവദത്ത – (ആത്മഗതം) ശരി. ഈ ദുഃഖത്തിന് ഫലം കിട്ടി. ആവൂ! ഇവിടത്തെ അജ്ഞാതവാസവും പല ഗുണങ്ങളുമുള്ളതായിത്തീരുന്നു.

ചേടി – തമ്പുരാട്ടീ, ഭർത്താവ് ഒരു ദാക്ഷിണ്യവുമില്ലത്തവനാണല്ലോ.

പത്മാവതി – എടോ, അങ്ങനെയല്ല. ദാക്ഷിണ്യമുള്ളവൻതന്നെയാണ് ആര്യപുത്രൻ. ഇപ്പോഴും ആര്യവാസവദത്തയുടെ ഗുണങ്ങളെ ഓർമിക്കുന്നല്ലോ.

വാസവദത്ത – ഭദ്രേ, ആഭിജാത്യത്തിനനുസരിച്ചുതന്നെ പറഞ്ഞത്.

രാജാവ് – ഞാൻ പറഞ്ഞുവല്ലോ. ഇനി താങ്കൾ പറയൂ: ആരാണ് അങ്ങയ്ക്ക് പ്രിയപ്പെട്ടവൾ, അന്നത്തെ വാസവദത്തയോ, ഇന്നത്തെ പത്മാവതിയോ?

പത്മാവതി – ആര്യപുത്രനും വസന്തകനായിത്തീർന്നു. .. .

വിദൂഷകൻ – അങ്ങ് ഇപ്പോൾ കേട്ടോളൂ. വാസവദത്ത എനിക്ക് ബഹുമാന്യയാണ്. പത്മാവതി യുവതിയും സുന്ദരിയും കോപമില്ലാത്തവളും അഹങ്കാരരഹിതയും മധുരമായി പറയുന്നവളും ദാക്ഷിണ്യത്തോടുകൂടിയവളുമാകുന്നു. ഇതാണ് മറ്റൊരു വലിയ ഗുണം – വാസവദത്ത രുചികരമായ ഭക്ഷണവുമായി, ആര്യവസന്തകനെവിടെപ്പോയി എന്നു വിളിച്ച് എന്നെ എതിരേൽക്കും.

വാസവദത്ത – ആട്ടെ ആട്ടെ, വസന്തകാ! ഇപ്പോഴും ഇതൊക്കെ ഓർമിക്കുന്നുണ്ടല്ലോ!

രാജാവ് – ശരി. വസന്തകാ! ഇതു മുഴുവൻ ഞാൻ വാസവദത്താ ദേവിയോട് പറഞ്ഞുകൊടുക്കും.

വിദൂഷകൻ – വാസവദത്ത! എവിടെ വാസവദത്ത? ഏറെയായില്ലേ വാസവദത്ത മരിച്ചിട്ട്!

രാജാവ് – (സവിഷാദം) ശരി. വാസവദത്ത മരിച്ചു.

അനേന പരിഹാസേന വ്യാക്ഷിപ്തം മേ മനസ്ത്വയാ

തതോ വാണീ തഥൈവേയം പൂർവാഭ്യാസേന നിഃസൃതാ."

(4. 5. ഈ പരിഹാസം കൊണ്ട് അങ്ങ് എന്റെ മനസ്സിനെ ആശയക്കുഴപ്പത്തിലാക്കി. ആകയാൽ അതേ വാക്ക് പൂർവപരിചയം കൊണ്ട് പുറത്തേക്കു ചാടി.)

പത്മാവതി – മനോഹരമായ ഈ സംഭാഷണത്തിന്റെ ചരട് മുറിച്ചുകളഞ്ഞു ഈ ക്രൂരൻ.

വാസവദത്ത – (ആത്മഗതം) ശരി. ഞാൻ വിശ്വസ്തയായിരിക്കുന്നു. ആവൂ! ഇഷ്ടംതന്നെയാണ്, ഇത്തരം വാക്കുകൾ നേരിട്ടല്ലാതെ കേൾക്കുകയെന്നത്!

നാലാമങ്കം അവസാനിക്കുന്നത് ഉദയനന്റെ ഈ പ്രസ്താവനയോടുകൂടിയാണ്:

ഗുണാനാം വാ വിശാലാനാം സത്കാരാണാം ച നിത്യശഃ

കർത്താരഃ സുലഭാ ലോകേ വിജ്ഞാതാരസ്തു ദുർലഭഃ

(4. 9. ലോകത്തിൽ ഗുണങ്ങളുടെയും വിശാലമായ സൽക്കാരങ്ങളുടെയും കർത്താക്കൾ സുലഭമാണെങ്കിലും അതറിയുന്നവർ ദുർലഭമത്രേ)

അഞ്ചാമങ്കം സ്വപ്നരംഗമാണ്. തലവേദന വന്ന പത്മാവതി സമുദ്രഗൃഹത്തിൽ കിടക്കുകയാണെന്നറിഞ്ഞ രാജാവോടൊപ്പമുള്ള വിദൂഷകൻ അങ്ങോട്ടുപോയി, അവിടെ അവൾ വന്നിട്ടില്ലെന്ന് ഊഹിക്കുന്നു:

ശയ്യാ നാവനതാ തഥാസ്തൃതസമാ ന വ്യാകുലപ്രച്ഛദാ

ന ക്ലിഷ്ടം ഹി ശിരോപധാനമമലം ശീർഷാഭിഘാതൗഷധൈഃ

രോഗേ ദൃഷ്ടിവിലോഭനം ജനയിതും ശോഭാ ന കാചിത് കൃതാ

പ്രാണീ പ്രാപ്യ രുജാ പുനർന ശയനം ശീഘ്രം സ്വയം മുഞ്ചതി.

(5. 4. കിടക്ക അമർന്നിട്ടില്ല; അതുപോലെ വിരിപ്പ് ചുളിവൊന്നുമില്ലാതെ കാണപ്പെടുന്നു; നിർമലമായ തലയിണ തലവേദനയ്ക്കുള്ള മരുന്നുകൾ കൊണ്ട് മുഷിഞ്ഞിട്ടില്ല; രോഗിക്ക് കാണാൻ വേണ്ടി എന്തെങ്കിലും മനോഹരമായ വസ്തു വെച്ചിട്ടില്ല; രോഗം വന്നയാൾ വേഗം സ്വയം കിടക്ക വിട്ട് പോവുകയില്ല.)

സമുദ്രഗൃഹത്തിൽ വന്ന് പത്മാവതിയെ കാത്ത് ശയ്യയിൽ ഉറക്കം വരാതെ കിടക്കുന്ന ഉദയനന്റെ നിർദേശമനുസരിച്ച് വിദൂഷ

കൻ കഥ പറയാൻ തുടങ്ങി – ഉജ്ജയിനി എന്നൊരു നഗരിയുണ്ട്. അവിടെ ഏറെ മനോഹരങ്ങളായ നീന്തൽക്കുളങ്ങൾ ഉണ്ടല്ലോ.

രാജാവ് – എന്ത് ? ഉജ്ജയിനിയെന്നോ?

വിദൂഷകൻ – ഈ കഥ ഇഷ്ടമല്ലെങ്കിൽ മറ്റൊന്ന് പറയാം.

രാജാവ് – സുഹൃത്തേ ഈ കഥ ഇഷ്ടപ്പെട്ടില്ലെന്നല്ല. പക്ഷേ,

സ്മരാമ്യവന്ത്യാധിപതേഃ സുതായാഃ
പ്രസ്ഥാനകാലേ സ്വജനം സ്മരന്ത്യാഃ
ബാഷ്പം പ്രവൃത്തം നയനാന്തലഗ്നം
സ്നേഹാന്മമൈവോരസി പാതയന്ത്യാഃ.

അപി ച,

ബഹുശോപ്യുപദേശേഷു യയാ മാമീക്ഷമാണയാ
ഹസ്തേന സ്രസ്തകോണേന കൃതമാകാശഭാഷിതം.

(5. 5, 6. എന്റെ കൂടെ പുറപ്പെടുന്ന അവസരത്തിൽ ബന്ധുക്കളെ ഓർത്തുകൊണ്ട് കണ്ണീരുറന്ന് കണ്ണിന്റെ അറ്റത്ത് പറ്റിനിന്ന് സ്നേഹത്തോടുകൂടി എന്റെതന്നെ മാറിൽ വീഴ്ത്തുന്ന അവന്തി രാജപുത്രിയെ ഞാൻ സ്മരിക്കുകയാണ്. മാത്രമല്ല, പഠിപ്പിക്കുന്നതിനിടയിൽ പലപ്പോഴും എന്നെ നോക്കിക്കൊണ്ടിരിക്കുന്ന അവൾ വീണ ക്കോലയഞ്ഞ കൈയാൽ ആകാശത്തിൽ വായിക്കുകയുണ്ടായി.)

തലവേദന പിടിച്ച് പത്മാവതി സമുദ്രഗൃഹത്തിൽ കിടക്കുകയാണെന്നറിഞ്ഞ വാസവദത്ത അവളെ കാണുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതിന് അവിടേക്ക് പോവുകയും ഇരുട്ടത്ത് അവിടെ കിടന്ന് ഉറങ്ങിപ്പോയ ഉദയനനെക്കണ്ട് പത്മാവതിയാണെന്നു ധരിച്ച് ശയ്യയിൽ ഇരിക്കാൻ ഭാവിക്കുകയും ചെയ്യുന്ന വാസവദത്തയുടെ വിചാരചേഷ്ടകൾ: “ഈ പത്മാവതി ഉറങ്ങിയിരിക്കുന്നു. ഞാൻ അടുത്തിരിക്കട്ടെ. അല്ലെങ്കിൽ വേറെ ഇരിപ്പിടത്തിലിരിക്കുന്നതുകൊണ്ട് സ്നേഹം കുറച്ചേ ഉള്ളൂ എന്നു തോന്നാം. അതുകൊണ്ട് കിടക്കയിൽത്തന്നെ അടുത്തിരിക്കാം. എന്താ, ഇവളുടെ അടുത്ത് കിടക്കുമ്പോൾ ഇന്ന് എന്റെ ഹൃദയം അതിയായി ആഹ്ലാദിക്കുന്നതുപോലെ? ഭാഗ്യം, ശ്വാസോച്ഛ്വാസം സുഖമായി നടക്കുന്നുണ്ട്. രോഗം മാറിയിട്ടുണ്ടാവും. അഥവാ, കിടക്കയുടെ ഒരു ഭാഗത്തുമാത്രം കിടക്കുന്നതിനാൽ എന്നെ പുണരൂ എന്നു സൂചിപ്പിക്കുകയാവാം. അതിനാൽ കിടക്കട്ടെ.

രാജാവ് – ഹാ വാസവദത്തേ!

വാസവദത്ത – (പെട്ടെന്ന് എഴുന്നേറ്റ്) ഓ, ആര്യപുത്രൻ, പത്മാവതിയല്ല. എന്തേ, ഞാൻ കണ്ടില്ലല്ലോ! ആര്യയൗഗന്ധരായണന്റെ മഹത്തായ പ്രതിജ്ഞാഭാരം എന്റെ ദർശനംകൊണ്ട് നിഷ്ഫലമായിത്തീർന്നു!

രാജാവ് – ഹാ അവന്തിരാജപുത്രി!

വാസവദത്ത – ഭാഗ്യം, ആര്യപുത്രൻ സ്വപ്നം കാണുകയാണ്. ഇവിടെ മറ്റാരുമില്ല. അതുകൊണ്ട് അല്പനേരം കണ്ണിനെയും മനസ്സിനെയും സന്തോഷിപ്പിക്കാം.

രാജാവ് – ഹാ പ്രിയേ! ഹാ പ്രിയശിഷ്യേ! എന്നോട് മറുപടി പറയൂ.

വാസവദത്ത – ഞാൻ പറയാം ഭർത്താവേ, പറയാം.

രാജാവ് – നീ കോപിച്ചിരിക്കയാണോ?

വാസവദത്ത – അല്ല. ദുഃഖിച്ചിരിക്കയാണ്.

രാജാവ് – കോപിച്ചിരിക്കുകയല്ലെങ്കിൽ എന്തുകൊണ്ട് അലങ്കാരമൊന്നുമണിഞ്ഞില്ല?

വാസവദത്ത – ഇതിൽപരമെന്ത്?. . . .

വാസവദത്ത – കുറേ നേരമായി ഞാൻ നിൽക്കുന്നു. ആരെങ്കിലും എന്നെ കണ്ടേക്കും. അതുകൊണ്ട് ഞാൻ പോവുകയാണ്. അഥവാ, കട്ടിലിൽ തൂങ്ങിക്കിടക്കുന്ന ആര്യപുത്രന്റെ കൈ കിടക്കയിൽ കേറ്റിവെച്ചിട്ട് പോകാം.

രാജാ – (പെട്ടെന്ന് എഴുന്നേറ്റ്) നിൽക്കൂ, നിൽക്കൂ. അയ്യോ നിന്ദ്യം!

നിഷ്ക്രാമൻ സംഭ്രമേണാഹം ദ്വാരപക്ഷേണ താഡിതഃ
തതോ വ്യക്തം ന ജാനാമി ഭൂതാർഥോയം മനോരഥഃ.

(5. 7. പരിഭ്രമം കൊണ്ട് പുറപ്പെടുന്ന എന്റെ മേൽ വാതിൽപ്പലക വെച്ചടിച്ചു. അതുകൊണ്ട് വ്യക്തമായി മനസ്സിലാകുന്നില്ല – ഇത് യാഥാർഥ്യമോ ആഗ്രഹമോ എന്ന്.)

അപ്പോഴേക്കും അവിടേക്കുവന്ന വിദൂഷകനോട് രാജാവ് – തോഴരേ, പ്രിയം അറിയിക്കാം. വാസവദത്ത ജീവിച്ചിരിക്കുന്നുണ്ട്.

വിദൂഷകൻ – ഏ, വാസവദത്ത? എവിടെ വാസവദത്ത? ഏറെയായല്ലോ വാസവദത്ത മരിച്ചിട്ട്!

രാജാ – തോഴരേ, അങ്ങനെയല്ല.

ശയ്യായാമവസുപ്തം മാം ബോധയിത്വാ സഖേ ഗതാ;
ദഗ്ധേതി ബ്രുവതാ പൂർവം വഞ്ചിതോസ്മി രുമണ്വതാ.

(5. 8. കിടക്കയിൽ കിടന്ന എന്നെ ഉണർത്തിയിട്ട്, സുഹൃത്തേ, അവൾ പോയി. മുൻപ് അവൾ ദഹിച്ചെന്നു പറഞ്ഞ രുമണ്വാൻ എന്നെ ചതിച്ചു.)

വിദൂഷകൻ – ഏയ്, ഇത് സംഭവിക്കാവുന്നതല്ല. ആഃ, നീന്തൽക്കുളത്തെപ്പറ്റി പറഞ്ഞതുകൊണ്ട് തമ്പുരാട്ടിയെപ്പറ്റി ചിന്തിച്ചു

കൊണ്ടിരുന്ന താങ്കൾ അവളെ സ്വപ്നത്തിൽ കണ്ടതായിരിക്കണം.

രാജാവ് – യദി താവദയം സ്വപ്നോ ധന്യമപ്രതിബോധനം;

അഥായം വിഭ്രമോ വാ സ്യാദ് വിഭ്രമോ ഹ്യസ്തു മേ ചിരം.

(5. 9. ഇത് സ്വപ്നമാണെങ്കിൽ ഉണരാതിരിക്കലാണ് ധന്യം; അല്ല, ഇത് വിഭ്രമമാണെങ്കിൽ, എനിക്ക് എപ്പോഴും വിഭ്രമമായിരിക്കട്ടെ.)

വിദൂഷകൻ – താങ്കൾ തന്നത്താൻ പരിഹാസ്യനാക്കരുത്. മാത്രമല്ല, ഈ രാജകുലത്തിൽ അവന്തിസുന്ദരി എന്നൊരു യക്ഷിണി താമസിക്കുന്നുണ്ട്. അവളെയാണ് താങ്കൾ കണ്ടിട്ടുണ്ടാവുക.

രാജാ – അല്ലല്ല.

സ്വപ്നസ്യാന്തേ വിബുദ്ധേന നേത്രവിപ്രോഷിതാഞ്ജനം

ചാരിത്രമപി രക്ഷന്ത്യാ ദൃഷ്ടം ദീർഘാളകം മുഖം.

മാത്രമല്ല, തോഴരേ, നോക്കൂ നോക്കൂ,

യോയം സന്ത്രസ്തയാ ദേവ്യാ തയാ ബാഹുർനിപീഡിതഃ

സ്വപ്നേപ്യുത്പന്നസംസ്പർശോ രോമഹർഷം ന മുഞ്ചതി.

(5. 10, 11. സ്വപ്നത്തിന്റെ ഒടുവിൽ ഉണർന്ന ഞാൻ ചാരിത്രം രക്ഷിക്കുന്ന അവളുടെ മയ്യണിയാത്ത കണ്ണുകളോടുകൂടിയതും നീണ്ട കുറുനിരയോടുകൂടിയതുമായ മുഖം കണ്ടു. പേടിച്ചുപോയ ദേവിയാൽ പീഡിപ്പിക്കപ്പെട്ട കൈ സ്വപ്നത്തിൽപോലുമുണ്ടായ സ്പർശത്താൽ രോമാഞ്ചം വിടുന്നില്ല.)

**സ്വപനരംഗത്തിനു പിന്നിലെ ദർശനം**

ഋജ്വായതാം ച വിരളാം ച നതോന്നതാം ച

സപ്തർഷിവംശകുടിലാം ച നിവർത്തനേഷു

നിർമുച്യമാനഭുജഗോദരനിർമലസ്യ

സീമാമിവാംബരതലസ്യ വിഭജ്യമാനാം.

(4. 2. നേരെ നീണ്ടുപോകുന്നതും ഇടയിൽ വിടവുള്ളതും താഴ്ന്നുയരുന്നതും തിരിവുകളിൽ സപ്തർഷിവംശ നക്ഷത്രങ്ങളെപ്പോലെ വളഞ്ഞതും ഉറയൂരിയ പാമ്പിന്റെ വയറിനെപ്പോലെ നിർമലവും ആകാശതലത്തെ വിഭജിക്കുന്ന അതിരുപോലിരിക്കുന്നതുമാണ് ഈ സാരസപംക്തി.) സ്വപ്നരംഗത്തിൽ വിദൂഷകൻ കയർ കണ്ട് പാമ്പാണെന്നു ഭ്രമിച്ചതിനെപ്പറ്റിയുള്ള രാജാവിന്റെ ഈ ശ്ലോകവുമായി സാദൃശ്യമുണ്ട്:

ഋജ്വായതാം ഹി മുഖതോരണലോലമാലാം

ഭ്രഷ്ടാം ക്ഷിതൗ ത്വമവഗച്ഛതി മൂർഖ സർപ്പം

മന്ദാനിലേന നിശി യാ പരിവർത്തമാനാ

കിഞ്ചിത് കരോതി ഭുജഗസ്യ വിചേഷ്ടിതാനി.

(5. 3. നേരെ നീണ്ടുനിൽക്കുന്നതും നിലത്തു വീണുകിടക്കുന്നതു മായ മുഖതോരണമായി കെട്ടിയ ഇളകുന്ന മാലയെയാണ് മൂർഖാ (വിഡ്ഢീ)! നീ പാമ്പെന്നു വിചാരിച്ചത്. രാത്രി അത് ഇളംകാറ്റത്ത് മാറിമാറിയിരുന്നുകൊണ്ട് പാമ്പിന്റെ ചില ചേഷ്ടകൾ കാണിക്കുന്നു ണ്ട്.പ അദ്വൈതവേദാന്തത്തിലെ രജ്ജുസർപ്പത്തിന്റെ നല്ലൊരുദാ ഹരണം. രാജാവ് ഇപ്രകാരം ഭ്രമിച്ച വിദൂഷകനെ 'മൂർഖാ' എന്ന് സംബോധന ചെയ്യുന്നതും ശ്രദ്ധേയം. കഴിഞ്ഞ അങ്കത്തിൽ ആകാശ ത്തിൽ നിരനിരയായി പറക്കുന്ന സാരസപംക്തിയെ കാണുമ്പോൾ ഭുജംഗസാദൃശ്യം രാജാവിനുതന്നെ തോന്നിയിരുന്നു.

ആറാമങ്കത്തിൽ ഘോഷവതി എന്ന വീണ കണ്ടുകിട്ടിയതിനുശേഷം വത്സരാജന്റെ വിലാപം:

രാജാവ് – ചിരപ്രസുപ്തഃ കാമോ മേ വീണയാ പ്രതിബോധിതഃ

താം തു ദേവീം ന പശ്യാമി യസ്യാ ഘോഷവതീ പ്രിയാ.

(6. 3. ഏറെക്കാലം ഉറങ്ങിക്കിടന്ന എന്റെ കാമം വീണ യാൽ ഉണർത്തപ്പെട്ടിരിക്കയാണ്. ഘോഷവതീവീണ പ്രിയയായ ആ ദേവിയെയാകട്ടെ കാണുന്നുമില്ല.

മഹാസേനന്റെ രാജധാനിയിൽനിന്ന് കാഞ്ചുകീയനും വാസവദത്തയുടെ ധാത്രിയും വന്നിട്ടുണ്ടെന്ന് ഉദയനൻ പറഞ്ഞപ്പോൾ പത്മാവതി പറയുന്നു: ആര്യപുത്രാ! ബന്ധുത്തറവാടിലെ സുഖവാർത്തയറിയുന്നത് എനിക്കിഷ്ടമാണ്.

രാജാവ് – വാസവദത്തയുടെ ബന്ധുക്കൾ തന്റെയും ബന്ധുക്കൾ തന്നെ എന്ന് ഭവതി പറഞ്ഞത് ഉചിതംതന്നെ.

തന്നെക്കൂടി കൂട്ടി വാസവദത്താബന്ധുക്കളെ കാണുന്നത് ഉചിതമാകുമോ എന്ന് പത്മാവതിയുടെ സംശയം: ആര്യപുത്രന്റെ മറ്റേ ഭാര്യ എന്ന് കരുതി അത് ഉദാസീനതയായി വ്യാഖ്യാനിക്കപ്പെടുമോ?

രാജാവ് – കളത്രദർശനാർഹനായ ആളെ കളത്രദർശനത്തിൽനിന്ന് ഒഴിവാക്കുന്നത് ധാരാളം ദോഷങ്ങളുളവാക്കും.

വാസവദത്താമരണത്തെപ്പറ്റിയുള്ള കാഞ്ചുകീയന്റെ ആശ്വാസവചനങ്ങൾക്ക് വത്സരാജന്റെ പ്രതികരണം:

മഹാസേനസ്യ ദുഹിതാ ശിഷ്യാ ദേവീ ച മേ പ്രിയാ

കഥം സാ ന മയാ ശക്യാ സ്മർത്തും ദേഹാന്തരേഷ്വപി.

(6. 11. മഹാസേനന്റെ മകളും ശിഷ്യയും ദേവിയും എന്റെ പ്രിയയുമായ അവളെ ദേഹാന്തരങ്ങളിൽപോലും മറക്കാൻ എനിക്ക് എങ്ങനെ കഴിയും?)

വാസവദത്തയുടെ ധാത്രി രാജ്ഞിയുടെ സന്ദേശം അറിയി

ക്കുന്നു: 'വാസവദത്ത മരിച്ചു. ഞങ്ങളുടെ മക്കൾ ഗോപാല നെയും പാലകനെയും പോലെത്തന്നെയാണ് നീയും. നീ ജാമാതാ വാകണമെന്ന് ഞങ്ങൾക്ക് ആദ്യം മുതൽക്കേ അഭിപ്രായമുണ്ടാ യിരുന്നു. ഇതിനുവേണ്ടിയാണ് നിന്നെ ഉജ്ജയിനിയിലേക്ക് കൊണ്ടു വന്നത്. വീണയഭ്യസിപ്പിക്കുവാനെന്ന വ്യാജേന അഗ്നിസാക്ഷിക മായല്ലാതെ അവളെ നിനക്ക് തന്നു. തന്റെ ചാപല്യത്താൽ വിവാഹ മംഗളം നടത്താതെതന്നെ കാലം പോയി. പിന്നീട് ഞങ്ങളുടെയും നിന്റെയും വാസവദത്തയുടെയും ചിത്രങ്ങൾ തയ്യാറാക്കി ചിത്രഫലക ത്തിലെഴുതി വിവാഹം നടത്തി. ഈ ചിത്രഫലകം നിന്റെ അടുത്തേക്ക് അയയ്ക്കുയാണ്. അതു നോക്കി സന്തോഷമട ഞ്ഞുകൊള്ളുക.'

ഇതിനോട് വത്സരാജന്റെ പ്രതികരണം: അമ്പോ! അതിസ്നിഗ്ധ വും ഉചിതവുമായി അവിടുന്ന് പറഞ്ഞുകഴിഞ്ഞു.

വാക്യമേതത് പ്രിയതരം രാജ്യലാഭശതാദപി
അപരാദ്ധേഷപി സ്നേഹോ യദസ്മാസു ന വിസ്മൃതഃ.

(6. 12. ഈ വാക്യം നൂറുകണക്കിന് രാജ്യങ്ങൾ കിട്ടുന്നതിനേ ക്കാൾ പ്രിയതരമത്രേ. തെറ്റു ചെയ്തവരായിട്ടും ഞങ്ങളോടുള്ള സ്നേ ഹം മറന്നില്ലല്ലോ.)

പത്മാവതി ചിത്രഫലകം കണ്ടിട്ട് ആവന്തികയെപ്പോലിരിക്കുന്നു ഇവളെന്നു പറഞ്ഞത് കേട്ട് വത്സരാജൻ: പോലിരിക്കുന്നു എന്നല്ല; അവൾതന്നെയെന്ന് ഞാൻ വിചാരിക്കുന്നു.

ഇതു പറയുമ്പോൾ, അബോധപൂർവമായിട്ടാവാമെങ്കിലും, വത്സ രാജൻ സ്വപ്നത്തിൽ (യഥാർഥത്തിലും) കണ്ട വാസവദത്തയെ ഓർത്തിരിക്കാം.

താൻ ആവന്തികയെപ്പോലിരിക്കുന്നു എന്നു പറഞ്ഞത് തുടർന്ന് പത്മാവതി രാജാവിനെ വിശദീകരിച്ച് കേൾപ്പിക്കുന്നു. ന്യാസമായി ഏല്പിക്കപ്പെട്ട ആവന്തികയെ താൻ ഇവിടെ സ്നേഹിതയെപ്പോലെ സംരക്ഷിക്കുന്നുണ്ട്. അങ്ങനെ പറഞ്ഞുകൊണ്ടിരിക്കേ അവിടെ അവളെ സൂക്ഷിക്കാനേല്പിച്ച ഉജ്ജയിനിയിലെ ബ്രാഹ്മണൻ വന്നതായി പ്രതീഹാരി അറിയിക്കുന്നു. യൗഗന്ധരായണനായിരുന്നു അത്. അദ്ദേഹത്തിന്റെ അപ്പോഴത്തെ ആത്മഗതം:

പ്രച്ഛാദ്യ രാജമഹിഷീം നൃപതേർഹിതാർഥം
കാമം മയാ കൃതമിദം ഹിതമിത്യവേക്ഷ്യ
സിദ്ധേപി നാമ മമ കർമണി പാർഥിവോസൗ
കിം വക്ഷ്യതീതി ഹൃദയം പരിശങ്കിതം മേ.

(6. 15. രാജാവിന്റെ ഹിതം സാധിക്കുന്നതിനുവേണ്ടി രാജ്ഞിയെ ഒളിപ്പിച്ചുവെച്ച്, രാജാവിന് ഹിതമാവുമെന്നു വിചാരിച്ച്, ഇതെല്ലാം ഞാൻ ഇഷ്ടംപോലെ ചെയ്തു. എന്റെ പ്രവൃത്തി വിജയി ച്ചുവെങ്കിലും രാജാവെന്തു പറയുമെന്ന് എന്റെ ഹൃദയം സംശയിക്കു കയാണ്.)

ആവന്തികയുടെ സഹോദരനായി വന്ന ബ്രാഹ്മണൻ യൗഗന്ധ രായണനാണെന്നും ആവന്തിക വാസവദത്തയാണെന്നും മനസ്സിലായ പ്പോൾ വത്സരാജൻ അത്ഭുതപ്പെടുന്നു: ഏ, ഇത് യൗഗന്ധരായണൻ. ഇത് മഹാസേനപുത്രി!

കിന്നു സത്യമിദം സ്വപ്നഃ സാ ഭൂയോ ദൃശ്യതേ മയാ
അനയാപ്യേവമേവാഹം ദൃഷ്ടയാ വഞ്ചിതസ്തദാ.

(6. 17. ഇത് സത്യമോ സ്വപ്നമോ? അവളെ വീണ്ടും ഞാൻ കാണുന്നു! ഇതുപോലെത്തന്നെയാണ് അന്ന് ഇവളാൽ ഞാൻ വഞ്ചിക്കപ്പെട്ടത്.)

വത്സരാജൻ യൗഗന്ധരായണനെപ്പറ്റി:

മിഥ്യോന്മാദൈശ്ച യുദ്ധൈശ്ച ശാസ്ത്രദൃഷ്ടൈശ്ച മന്ത്രിതൈഃ
ഭവദ്‌യത്നൈഃ ഖലു വയം മജ്ജമാനാഃ സമുദ്ധൃതാഃ.

(6. 18. ഉന്മാദനാട്യങ്ങൾ കൊണ്ടും യുദ്ധങ്ങൾ കൊണ്ടും ശാസ്ത്ര വിധിപ്രകാരമുള്ള മന്ത്രാലോചനകൾ കൊണ്ടും അങ്ങയുടെ പ്രയത്ന ങ്ങൾകൊണ്ട്, മുങ്ങിക്കൊണ്ടിരിക്കുന്ന നാം സമുദ്ധരിക്കപ്പെട്ടുവല്ലോ.)

ദീർഘമായ ഈ വിവരണത്തിൽനിന്ന് ഭാസന്റെ രാഷ്ട്രീയ ദർശനം *പ്രതിജ്ഞായൗഗന്ധരായണം, സ്വപ്നവാസവദത്തം* എന്നീ നാടകദ്വയത്തിൽ എപ്രകാരം പ്രതിഫലിക്കുന്നുവെന്നു വ്യക്തമാകും. യൗഗന്ധരായണൻ എന്ന മന്ത്രിയുടെ രാജസ്നേഹവും രാജ്യ സ്നേഹവും അന്നത്തെ കാലഘട്ടത്തിൽ എത്രയേറെ പ്രസക്തമായി രിക്കുമെന്നു പറയേണ്ടതില്ല. ദേശസ്നേഹം, ദേശാഭിമാനം, രാജ്യ സുരക്ഷ, നയോപായങ്ങളിലൂടെ ഇത്തരം കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുള്ള ബുദ്ധികൗശലം മുതലായവ രാജാധിപത്യപരമായ അക്കാലത്തെന്നപോലെ, ജനാധിപത്യപരമായ ഇന്നും പ്രസക്തമാക യാൽ യൗഗന്ധരായണനെപ്പോലുള്ള രാഷ്ട്രതന്ത്രജ്ഞന്മാരുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന ഈ നാടകദ്വയം ഇന്നും പ്രാധാന്യവും പ്രസക്തിയും കൈവരിക്കുന്നു.

*സ്വപ്നവാസവദത്ത*ത്തിലെന്നപോലെ *പ്രതിജ്ഞായൗഗന്ധ രായണ*ത്തിലെയും നായികാനായകന്മാർ, വാസ്തവത്തിൽ, വത്സരാജനും വാസവദത്തയും തന്നെയാണ്. അവരെയും അവരുടെ പ്രണയസാഫല്യത്തെയും, അവരെ അരങ്ങത്തു പ്രവേശിപ്പിക്കാതെ അവർക്കുവേണ്ടി യൗഗന്ധരായണനും കൂട്ടരും പ്രവർത്തിച്ചുകൊണ്ട് വിജയത്തിലെത്തിക്കുകയാണ് *പ്രതിജ്ഞായൗഗന്ധരായണ*ത്തിൽ

'ാസൻ ചെയ്തത്. *സ്വപ്നവാസവദത്ത*മാകട്ടെ, അവരുടെ സാന്നിധ്യംകൊണ്ടുതന്നെ അനുഗൃഹീതമായിരിക്കുന്നു. ഇവിടെ യൗഗന്ധരായണനനാണ് എല്ലാറ്റിനും പിന്നിൽനിന്നുകൊണ്ട് പ്രവർത്തിക്കുന്നത്. ആദ്യത്തെ അങ്കത്തിലേ അദ്ദേഹം ഏതാണ്ട് ആദ്യവസാനം പ്രത്യക്ഷപ്പെടുന്നുള്ളൂ – പ്രച്ഛന്നവേഷത്തിലാണെങ്കിലും. പിന്നെ വരുന്നത് അവസാനത്തെ അങ്കത്തിലാണ് – നാമമാത്രമായി. രണ്ടു നാടകങ്ങളിലും എല്ലാ പ്രവർത്തനങ്ങളും ചെയ്യുന്ന യൗഗന്ധരായണൻ ഒന്നിൽ മാത്രം സജീവസാന്നിധ്യമായും മറ്റേതിൽ പേരിനു മാത്രമായും രംഗത്ത് വരുന്നു. രണ്ടിലും നായികാനായ കന്മാരുടെ സ്ഥാനം വാസവദത്താ–വത്സരാജന്മാർക്കാണെങ്കിലും ഒന്നിൽ അവർ അരങ്ങത്ത് പ്രത്യക്ഷപ്പെടുന്നതേയില്ല. മറ്റേതിൽ മിക്കവാറും എല്ലാ അങ്കങ്ങളിലും രംഗത്ത് വരുന്നു. ഈ അസാധാരണമായ നാടകരചനാസാമർഥ്യം വിശ്വനാടകസാഹിത്യത്തിൽപ്പോലും അപൂർവതയായിരിക്കും. ഏതായാലും, സംസ്കൃതനാടകസാഹിത്യത്തിന്റെ കാര്യത്തിൽ സംശയമില്ല.

*സ്വപ്നവാസവദത്ത*ത്തിലെ രണ്ടു വിവാഹങ്ങളിൽ വത്സരാജനും വാസവദത്തയുമായുള്ളത് പ്രണയവിവാഹവും പത്മാവതിയുമായു ള്ളത് രക്ഷിതാക്കളും മറ്റു ബന്ധുക്കളും കൂടിയാലോചിച്ച് നടത്തുന്ന വിവാഹവുമാണല്ലോ. രണ്ടാമത്തേതിനെ, വധൂവരന്മാർ പൂർണമായി മനസ്സിലാക്കിയിട്ടില്ലെങ്കിലും, രാഷ്ട്രീയവിവാഹമെന്നും വിലയിരു ത്താം. മുഖ്യമായും മന്ത്രിയായ യൗഗന്ധരായണന്റെ വത്സരാജ്യശാക്തീകരണതന്ത്രങ്ങളിലൊന്നാണത്. പ്രാചീനമധ്യകാലഭാരത ത്തിൽ വിവാഹത്തിലൂടെ ബന്ധുബലം ശക്തിപ്പെടുത്തുക സാധാരണമായിരുന്നു. അതിനുള്ളൊരുദാഹരണമായിക്കൂടിയാണ് ഭാസൻ പത്മാവതീ–വത്സരാജവിവാഹം തന്റെ നാടകത്തിൽ ഉൾപ്പെടുത്തിയത്. അത്, പക്ഷേ, അത്യന്തം സ്വാഭാവികമായും കലാപരമായ വൈദഗ്ധ്യം അല്പംപോലും ചോർന്നുപോകാതെയും സാധിച്ചു എന്നതിലാണ് നാടകകൃത്തിന്റെ സവിശേഷകൗശലം. മാത്രമല്ല, പൊതുവിൽ ഉപദേശപ്രധാനമായ ഭാസനാടകങ്ങളുടെ പതിവു തെറ്റിക്കാതെയാണ് ഇത് ആവിഷ്കരിച്ചതും. പ്രണയവിവാഹത്തിലെ പ്രണയത്തിന് യാതൊരു പോറലുമേല്പിക്കാതെ, രാഷ്ട്രീയവിവാഹത്തെ പ്രണയമധുരമാക്കി മാറ്റാൻ ഭാസന് സാധിച്ചത് നാം *സ്വപ്നവാസവദത്ത*ത്തിൽ കാണുന്നു. മാതൃകാഭൂതയായൊരു ഭാര്യയായി വാസവദത്തയെയും അവൾക്കൊത്ത, അവളുടെ മനസ്സിനിണങ്ങിയ, സപത്നിയായി പത്മാവതിയെയും അവതരിപ്പിച്ചുകൊണ്ട്, അല്പം അശ്രദ്ധ വന്നുപോയാൽ പല ചതിക്കുഴികളിലും ചെന്നുചാടിയേക്കാവുന്ന, സങ്കീർണമായൊരിതിവൃത്തത്തെ ആവിഷ്കരിച്ചുവെന്നി ടത്താണ് ഭാസന്റെ വിജയം. മുൻപ്, സംഭാഷണങ്ങളിൽനിന്ന് ധാരാളം ഉദ്ധരിച്ചതുകൊണ്ട് ഇക്കാര്യങ്ങളോരോന്നും തെളിയിക്കാൻ ഉദാഹരണങ്ങൾ നിരത്തേണ്ട ആവശ്യമില്ലല്ലോ. *അവിമാരക*ത്തിലേക്കു കടന്നാൽ, രാജാവില്ലാതെയും ശക്തരും രാജ്യതന്ത്രവിദഗ്ധരുമായ മന്ത്രിമാരുണ്ടായാൽ, രാജ്യഭരണം എങ്ങനെ സുഗമമായി നടത്തിക്കൊണ്ടുപോകാമെന്ന് ഈ നാടകം വ്യക്തമാക്കുന്നു. അമാത്യ ന്മാരുടെയും രാജാവിന്റെയും അവസ്ഥ വിവരിക്കുന്ന പദ്യങ്ങൾ:

പ്രസിദ്ധൗ കാര്യാണാം പ്രവദതി ജനഃ പാർഥിവബലം
വിപത്തൗ വിസ്പഷ്ടം സചിവമതിദോഷം ജനയതി
അമാത്യാ ഇത്യുക്താഃ ശ്രുതിസുഖമുദാരം നൃപതിഭിഃ
സുസൂക്ഷ്മം ദണ്ഡ്യന്തേ മതിബലവിദഗ്ധാഃ കുപുരുഷാഃ.

(1. 5. കാര്യങ്ങൾ വിജയത്തിലെത്തുമ്പോൾ ജനങ്ങൾ രാജാവിന്റെ ശക്തിയെപ്പറ്റി – സൈന്യത്തെപ്പറ്റി – പറയുന്നു; വിപത്തിൽ സ്പഷ്ടമായി മന്ത്രിയുടെ ദോഷാധിക്യത്തെ ജനിപ്പിക്കുന്നു. അമാത്യന്മാർ എന്നു കർണസുഖവും ഉദാരവുമായി പറയപ്പെടുന്നവർ കുപുരുഷന്മാരാണെങ്കിൽ – നിർഭാഗ്യന്മാരാണെങ്കിൽ, ബുദ്ധി–ശക്തി സമർഥ ന്മാരായ രാജാക്കന്മാരാൽ വളരെ സൂക്ഷ്മമായി ശിക്ഷിക്കപ്പെടുന്നു.) പല ഭാസനാടകങ്ങളിലും മന്ത്രിമാർ പ്രമുഖകഥാപാത്രങ്ങളാണ്. രാഷ്ട്രതന്ത്രത്തിലും സേനാതന്ത്രത്തിലും വിദഗ്ധരായിരിക്കണം മന്ത്രിമാർ.

ധർമഃ പ്രാഗേവ ചിന്ത്യഃ സചിവമതിഗതിഃ
പ്രേക്ഷിതവ്യാ സ്വബുധ്യാ
പ്രച്ഛാദ്യൗ രാഗരോഷൗ മൃദുപരുഷഗുണൗ
കാലയോഗേന കാര്യൗ
ജ്ഞേയം ലോകാനുവൃത്തം പരചരനയനൈർ
മണ്ഡലം പ്രേക്ഷിതവ്യം
രക്ഷ്യോ യത്നാദിഹാത്മാ രണശിരസി പുനഃ
സോപി നാവേക്ഷിതവ്യഃ.

(1. 12. ആദ്യംതന്നെ ധർമം ആലോചിക്കണം; താൻതന്നെ മന്ത്രിമാരുടെ മനസ്സിന്റെ പോക്ക് പരിശോധിക്കണം; രാഗരോഷങ്ങളെ മറച്ചുവെച്ച് കാലത്തിനൊത്ത് മൃദുവോ പരുഷമോ ആയ ഗുണം സ്വീകരിക്കണം; ജനങ്ങളെന്തു ചെയ്യുന്നു എന്നറിയണം; ചാരന്മാരാകുന്ന കണ്ണുകൾകൊണ്ട് രാജ്യത്ത് നടക്കുന്ന കാര്യങ്ങൾ നല്ലപോലെ കാണണം; പണിപ്പെട്ട് തന്റെ ജീവനെ രക്ഷിക്കണം; പോർക്കള ത്തിലാ

കട്ടെ, അതേക്കുറിച്ച് അത്ര നോക്കുകയും വേണ്ട.)

ഈ രണ്ടു ശ്ലോകങ്ങളും പരിശോധിച്ചാൽ രാജാവും മന്ത്രിയും /മന്ത്രിമാരും ഒന്നിച്ചുനിന്നാലേ രാജ്യത്തിന്റെയും പ്രജകളുടെയും യോഗക്ഷേമം പരിപാലിക്കാൻ കഴിയൂ എന്നു ഭാസൻ ചിന്തിക്കുന്നതു പോലെ തോന്നും.

ആത്മാർഥമാണ് പ്രണയമെങ്കിൽ, ജാതിവ്യവസ്ഥ നില നിൽക്കുന്ന അന്നത്തെ അന്തരീക്ഷത്തിൽ, തടസ്സങ്ങളൊക്കെ ഉണ്ടാ വാമെങ്കിലും കാലം വരുമ്പോൾ അവ മാറിക്കിട്ടുകയും അനുകൂലമായ സാഹചര്യങ്ങളൊരുക്കുവാൻ വേണ്ടപ്പെട്ടവർ തയ്യാറാവുകയും അത് സാഫല്യത്തിലെത്തുകയും ചെയ്യുമെന്ന് ഭാസൻ *അവിമാരക*ത്തിലെ കാമിനീകാമുകന്മാരുടെ അനുഭവത്തിലൂടെ തെളിയിക്കുന്നു.

*ചാരുദത്ത*വും അടിസ്ഥാനപരമായി ഇതേ പ്രമേയമാണ് കൈകാര്യം ചെയ്യുന്നത്. അവിടെ, പക്ഷേ, ശാപജന്യമായ നീചജാതിത്വമല്ല വിഘ്നം. ഗൃഹസ്ഥനും കുലീനനും സർവസമ്മത മായ സ്വഭാവ മഹത്ത്വമുള്ളവനും എന്നാൽ കാലവൈപരീത്യത്താൽ ദാരിദ്ര്യ മനുഭവിക്കേണ്ടിവരുന്നവനുമായ ചാരുദത്തന്, അതിസമ്പന്നയായ ഗണികയെങ്കിലും ഔദാര്യാദിസ്വഭാവമഹത്ത്വത്താൽ ആകൃഷ്ടയായി അദ്ദേഹത്തെ ആത്മാർഥമായി സ്നേഹി ക്കുന്ന വസന്തസേനയും തമ്മിലുള്ള പ്രണയത്തിന്റെ ന്യായാന്യാ യതയും സാഫല്യസന്ദിഗ്ധതയുമാണ്. അത് ന്യായ്യമാണെന്നും പൂവണിയുമെന്നുമാണ് *ചാരുദത്ത*ത്തിലൂടെ ഭാസൻ കാണിച്ചു തരുന്നത്.

കിം വാസുദേവഃ ശവപത്തനേശഃ
കുന്തീസുതോ വാ ജനമേജയോ വാ
അഹം ത്വാ ഗൃഹീത്വാ കേശഹസ്തേ
ദുഃശാസനഃ സീതാമിവാഹരാമി.

(1. 12. ശവനഗരത്തിന്റെ പ്രഭുവായ വാസുദേവനോ, കുന്തീസുതനായ ജനമേജയനോ ആരായാലും ഞാൻ നിന്റെ തലമുടിയിൽ പിടിച്ച് ദുഃശാസനൻ സീതയെയെന്നപോലെ വലിച്ചിഴയ്ക്കുന്നതാണ്.) എന്നതുപോലുള്ള പരിഹാസ്യമായ പുരാണപരിചയം വിളമ്പുന്നവനും "കാതുകൾകൊണ്ട് ഞാൻ മണം കേൾക്കുന്നു. ഇരുൾ നിറഞ്ഞ മൂക്കിൻതുളകൾകൊണ്ട് നല്ലവണ്ണം കാണാൻ കഴിയുന്നില്ല." (ഒന്നാമങ്കം) എന്നിങ്ങനെ അസംബന്ധപ്രലാപം നടത്തുന്നവനും

അഭിനയതി വചാംസി സർവഗാത്രൈഃ
കിമപി കിമപ്യനവേക്ഷിതാർഥമാഹ
അനുചിതഗതിരപ്രഗല്ഭവാക്യഃ
പുരുഷമയസ്യ പശോർനവാവതാരഃ

(1. 16. ശരീരം മുഴുവൻ കൊണ്ട് വാക്കുകളെ അഭിനയിക്കുന്നു; അർഥം മനസ്സിലാക്കാതെ എന്തൊക്കെയോ പറയുന്നു; അനുചിതമായ നടപ്പ്; അന്തസ്സില്ലാത്ത വാക്യങ്ങൾ; മനുഷ്യവേഷത്തിലുള്ള മൃഗം തന്നെ!) എന്നിങ്ങനെ സന്തതസഹചാരിയായ വിടനാൽ ചിത്രീകരിക്കപ്പെടുന്നവനും വസന്തസേനയെ സ്വന്തമാക്കാൻ യഥേഷ്ടം പണം ചെലവാക്കാൻ തയ്യാറാവുന്നവനും സർവോപരി രാജസ്യാലനെന്ന നിലയിൽ അധികാരം കൈയാളുന്നവനുമായ ശകാരനെ അവതരിപ്പിച്ച് ചാരുദത്തന്റെ മഹത്ത്വത്തിന് ഭാസൻ പരഭാഗശോഭ കൈവരുത്തുന്നു.

"ഇത്രയൊക്കെ ചാരുദത്തനെ ഇഷ്ടമാണെങ്കിൽ അദ്ദേഹത്തെ അഭിസരിക്കരുതോ?" എന്ന ചേടിയുടെ ചോദ്യത്തിന്, "പോകുകയില്ലെന്നല്ല. പക്ഷേ, വേഗം അങ്ങോട്ടു ചെന്നാൽ പ്രത്യുപകാരം ചെയ്യാൻ ഒന്നുമില്ലായ്കയാൽ പിന്നെ എനിക്ക് അദ്ദേഹം ദുർലഭനായെങ്കിലോ എന്നുവെച്ച് വൈകിക്കുകയാണ്." എന്ന് ഉത്തരം പറയുന്നതിലൂടെ വസന്തസേനയുടെ ഹൃദയം വ്യക്തമാണ്. സംവാഹകൻ ഉജ്ജയിനിയിൽ പരിചയപ്പെട്ട ഉദാരനെപ്പറ്റി വിവരിച്ചപ്പോൾ വസന്തസേന "ആരാണ് ആര്യചാരുദത്തന്റെ ഗുണങ്ങളെ അനുകരിക്കുന്നത്?" എന്നു ചോദിക്കുന്നു. അപ്പോൾ ചേടി, "എനിക്കുമുണ്ട് കേൾക്കാൻ കൗതുകം" എന്ന് പറയുകയും "ആരാണ് ഉജ്ജയിനിയെ സ്വഗുണങ്ങൾകൊണ്ടലങ്കരിക്കുന്നത്?" എന്നു ചോദിക്കുകയും ചെയ്യുന്നു. പിന്നീട് ചേടൻ സമാനമായ ഒരു സംഭവം അവതരിപ്പിച്ചപ്പോഴും (രണ്ടാമങ്കം) ഗണികയും ചേടിയും ഇതേ വാക്യങ്ങൾ ഈഷദ്ഭേദത്തോടെ ആവർത്തിക്കുന്നു. ചാരുദത്തനെക്കുറിച്ച് ഉജ്ജയിനിയിലെ ജനങ്ങൾക്കുള്ള മതിപ്പ് ഈ പരാമർശങ്ങളിൽനിന്നു വ്യക്തമാണ്.

വസന്തസേന തന്നെ സൂക്ഷിക്കാനേല്പിച്ച ആഭരണങ്ങൾ അപഹരിക്കപ്പെട്ടതുകൊണ്ട് അവയ്ക്കു പകരം ഭാര്യനൽകിയ മുത്തുമാല അവൾക്ക് വിദൂഷകന്റെ കൈയിൽ കൊടുത്തയക്കാനൊരുങ്ങുമ്പോൾ, "അല്പമൂല്യമായ സ്വർണാഭരണഭാണ്ഡത്തിനു പകരം ശതസഹസ്രമൂല്യമായ മുത്തുമാല കൊടുക്കുന്നു" എന്ന് അയാൾ ആശ്ചര്യപ്പെടുന്നു. അപ്പോൾ ചാരുദത്തൻ പറയുന്നത് അദ്ദേഹത്തിന്റെ സ്വഭാവമഹത്ത്വം വ്യക്തമാക്കുന്നു: "സുഹൃത്തേ, അങ്ങനെയല്ല.

യം സമാലക്ഷ്യ വിശ്വാസം ന്യാസോസ്മാസു കൃതസ്തയാ
തസ്യൈതന്മഹതോ മൂല്യം പ്രത്യയസ്യ പ്രദീയതാം.

(3. 19. അവൾ അത് സൂക്ഷിക്കാൻ നമ്മെ ഏല്പിച്ചതിൽ കണ്ട ആ വിശ്വാസത്തിന്റെ മഹത്തായ മൂല്യമായി ഈ സമ്മാനം അവൾക്ക് കൊടുക്കൂ.) വസന്തസേന തന്നെപ്പറ്റി ശകാരനോടും വിടനോടുമായി പറയുന്നു: “കുലീനകുടുംബത്തിൽപെട്ടവരെ തൃപ്തിപ്പെടുത്തി ജീവിക്കുന്ന ഗണികയാണ് ഞാൻ” (ഒന്നാമങ്കം). ചാരുദത്തനെയാണ് താൻ പ്രണയിക്കുന്നത് എന്ന് വസന്തസേന വെളിപ്പെടുത്തിയപ്പോൾ ചേടി, “നിന്ദ്യം! ദരിദ്രനല്ലേ അയാൾ?” എന്നു ചോദിച്ചതിന് വസന്തസേനയുടെ മറുപടി: “അതുകൊണ്ടാണല്ലോ ഞാൻ കാമിക്കുന്നത്. അതിദരിദ്രനായ പുരുഷനിൽ സക്തയായ ഗണിക അധിക്ഷേപിക്കപ്പെടുകയില്ല. പണക്കൊതികൊണ്ടാണ് കാമിക്കുന്നത് എന്ന അപവാദം പറയില്ലല്ലോ.” സംവാഹകനോട് വസന്തസേന “ഗണികയല്ലേ ഞാൻ?” എന്നു പറയുമ്പോൾ അയാൾ “ജന്മം കൊണ്ട്, സ്വഭാവം കൊണ്ടല്ല” (രണ്ടാമങ്കം) എന്നാണ് വ്യക്തമാക്കുന്നത്. ചാരു ദത്തന്റെ വസതിയിൽ താൻ സൂക്ഷിക്കാനേല്പിച്ച തന്റെ സ്വർണാഭരണ ഭാണ്ഡം അപഹരിച്ച് അതുകൊണ്ട് തന്റെ കാമുകിയായ മദനികയെ വസന്തസേനയുടെ ദാസ്യത്തിൽനിന്ന് മോചിപ്പിക്കാൻ വന്ന സജ്ജലകന്റെ സാഹസത്തെ മദനിക ആക്ഷേപിച്ചുവെങ്കിലും ആ ഭാണ്ഡം ചാരുദത്തൻ തന്നയച്ചതാണെന്നു പറഞ്ഞ് വസന്തസേനയ്ക്ക് കൊടുത്താൽ മതിയെന്ന അവളുടെ ഉപദേശം കേട്ട വസന്തസേന, കാര്യം മനസ്സിലായെങ്കിലും അതൊന്നും അറിഞ്ഞെന്നു നടിക്കാതെ അവളെ മോചിപ്പിക്കയാണ്. തന്റെ ആ ആഭരണങ്ങൾ മദനികയെ അണിയിച്ച് സജ്ജലകന് അവളെ വിവാഹം കഴിപ്പിച്ചയയ്ക്കുകയാണ് ആ യജമാനത്തി. (നാലാമങ്കം)

ഇതെല്ലാം വിശദമാക്കുന്നത് വസന്തസേന എന്ന ഗണികയുടെ സ്വഭാവമഹിമയത്രേ.

മുൻപ് വിവരിച്ചതുപോലുള്ള സ്വഭാവമഹത്ത്വമുള്ളൊരു ഗൃഹസ്ഥനും തൊട്ടുമുൻപ് വ്യക്തമാക്കിയതുപോലുള്ള സത്സ്വഭാവിനിയായൊരു ഗണികയായ വസന്തസേനയും തമ്മിലുള്ള ആത്മാർഥമായ പ്രണയം ചിത്രീകരിക്കുകയാണ് ഭാസൻ ചെയ്തത്.

നായകനായ ചാരുദത്തൻ നായികയായ വസന്തസേനയ്ക്ക് മുൻകൂർസംഭാവന നൽകുന്നത്, അവൾ തന്റെ ചേടികളോട് ഉദാരമായി പെരുമാറുന്നത് – ഇതെല്ലാം സംസ്കൃതനാടകങ്ങളിലെ പതിവിന് വിപരീതവും ഭാസനെ വ്യത്യസ്തനാക്കുന്നതുമാണ്. വസന്തസേനയുടെ ഈ ആധുനികത്വം അവൾ ഗണികയായതിനാലും കൂടിയാവാം. ഏതായാലും, ഇതെല്ലാംകൊണ്ട് വസന്തസേന സംസ്കൃതനാടകസാഹിത്യത്തിലെ ശകുന്തള, സീത, മാലതി മുതലായ മറ്റു നായികമാരുടെ നിലയിലേക്ക് ഉയരുന്നു. ഒരുപക്ഷേ, അവരേക്കാൾ അകന്നും ഉയർന്നുമാണ് വസന്തസേനയുടെ നില എന്നും പറയാം. ഒരു ഗണികയിൽനിന്ന് ഇത്രയേറെ സ്വഭാവമഹത്ത്വവും പ്രണയവിശുദ്ധിയും നാം പ്രതീക്ഷിക്കുന്നില്ലല്ലോ.

**ഏഴ്. ഭാസനും കാളിദാസനും**

കാളിദാസൻ ബഹുമാനപൂർവം സ്മരിക്കുന്ന പൂർവസൂരികളിൽ പ്രമുഖനാണല്ലോ ഭാസൻ. അതുകൊണ്ടുതന്നെ ഭാസനോട് കടപ്പെട്ടിട്ടുണ്ടെന്നു വ്യക്തം. ആ കടപ്പാടിനെപ്പറ്റി ചെറിയ ഒരാലോചന.

ഭരതൻ രഥവേഗത്തെപ്പറ്റി പറയുന്നു:

ദ്രുമാ ധാവന്തീവ ദ്രുതരഥഗതിക്ഷീണവിഷയാ
നദീവോദ്വൃത്താംബുർനിപതതി മഹീ നേമിവിവരേ
അരവ്യക്തിർനഷ്ടാ സ്ഥിതമിവ ജവാച്ചക്രവലയം
രജശ്ചോ(? ശ്ചൈവോ)ദ്ഭൂതം പതതി പുരതോ നാനുപതതി.

(*പ്രതിമ,* 3. 2. വേഗത്തിലുള്ള തേരിന്റെ പോക്കിൽ രൂപങ്ങൾ കാണാതായ മരങ്ങൾ ഓടുന്നതുപോലെ; ഭൂമി കുതിച്ചൊഴുകുന്ന ചക്രങ്ങളാകുന്ന ചുഴികളോടുകൂടിയ നദിയെപ്പോലെ നിപതിക്കുന്നു; അരങ്ങൾ വ്യക്തമാകുന്നില്ല; വേഗം കൊണ്ട് ചക്രവലയം നിശ്ചലമായിരിക്കുന്നതുപോലെ; കുതിരക്കുളമ്പടിയേറ്റ് പൊങ്ങുന്ന പൊടി മുന്നിൽ മാത്രം വീഴുന്നു; ഒരിക്കലും പിന്നിൽ വീഴുന്നില്ല.) ഈ ശ്ലോകത്തെ *അഭിജ്ഞാനശാകുന്തള*ത്തിലെ “യദാലോകേ സൂക്ഷ്മം വ്രജസി സഹസാ തദ് വിപുലതാം യദർധേ വിച്ഛിന്നം ഭവതി കൃതസന്ധാനമിവ തത്” ഇത്യാദിശ്ലോകവുമായി താരതമ്യപ്പെടുത്താം.

വനവാസകാലത്ത് സീതയുടെ വൃക്ഷജലസേചനവർണനയോടനുബന്ധിച്ചുള്ള ശ്ലോകം:

ഭ്രമതി സലിലം വൃക്ഷാവർത്തേ സഫേനമവസ്ഥിതം
തൃഷിതപതിതാ നൈതേ ക്ലിഷ്ടം പിബന്തി ജലം ഖഗാഃ
സ്ഥലമഭിപതന്ത്യാർദ്രാഃ കീടാ ബിലേ ജലപൂരിതേ
നവവലയിനോ വൃക്ഷാ മൂലേ ജലക്ഷയരേഖയാ.

(*പ്രതിമ,* 5. 2. മരങ്ങളുടെ ചുവട്ടിലുള്ള തടത്തിൽ നിൽക്കുന്ന നുരയോടുകൂടിയ ജലം ചുറ്റിക്കറങ്ങുന്നു; ദാഹിച്ച് പറന്നെത്തുന്ന ഈ പക്ഷികൾ കലങ്ങിയ വെള്ളം കുടിക്കുന്നില്ല; വെള്ളം നിറഞ്ഞ പൊത്തുകളിൽനിന്ന് നനവാർന്ന പുഴുക്കൾ കരയിലേക്ക് കയറുന്നു; വെള്ളം വറ്റിയത് സൂചിപ്പിക്കുന്ന രേഖകളാൽ മരങ്ങൾ മുരട്ടിൽ പുതുവലയങ്ങളോടുകൂടിയവയായിരിക്കുന്നു.) *അഭിജ്ഞാനശാകുന്തളം* ഒന്നാമങ്കത്തിലെ ശകുന്തളയുടെ വൃക്ഷജലസേചനത്തോടനുബന്ധിച്ചുള്ള വിവരണവുമായി താരതമ്യപ്പെടുത്തുക.

ഹനൂമാൻ വൃക്ഷകോടരത്തിൽനിന്നിറങ്ങി സീതയുടെ അടുത്തു ചെന്ന് പറഞ്ഞു: ജയത്വവിധവാ!

പ്രേഷിതോഹം നരേന്ദ്രേണ രാമേണ വിദിതാത്മനാ
ത്വദ്ഗതസ്നേഹസന്താപവിക്ലവീകൃതചേതസാ.

(*അഭിഷേകം*, 2. 19. അവിധവ സർവോൽക്കഷത്തോടെ വർത്തിക്കട്ടെ! ഞാൻ കാര്യങ്ങളെല്ലാമറിയുന്ന രാജാവായ രാമനാൽ പറഞ്ഞയയ്ക്കപ്പെട്ടവനാണ് ഞാൻ. നിന്നിലുള്ള സ്നേഹംകൊണ്ടുള്ള വ്യസനത്താൽ കലങ്ങിയ മനസ്സോടുകൂടിയവനാണദ്ദേഹം.) കാളിദാസന്റെ *മേഘദൂത*ത്തിലെ "ഭർത്തുർമിത്രം പ്രിയമവിധവേ വിദ്ധി മാമംബുവാഹം" (97) ഇത്യാദി വരികളോർക്കുക.

ശങ്കുകർണ്ണൻ പ്രതീഹാരിയായ വിജയയോട് ലങ്കേശ്വരനെ അറിയിക്കുന്നതിനുവേണ്ടി പറയുന്നു:

യസ്യാം ന പ്രിയമണ്ഡനാപി മഹിഷീ ദേവസ്യ മണ്ഡോദരീ
സ്നേഹാല്ലുമ്പതി പല്ലവാന്ന ച പുനർവീജന്തി യസ്യാം ഭയാത്
വീജന്തോ മലയാനിലാ അപി കരൈരസ്പൃഷ്ടബാലദ്രുമാ
സേയം ശക്രരിപോരശോകവനികാ ഭഗ്നേതി വിജ്ഞാപ്യതാം

(*അഭിഷേകം,* 3. 1. യാതൊരിടത്ത് – അശോകവനികയിൽ – അല ങ്കാരത്തിൽ പ്രിയമുള്ളവളെങ്കിലും രാജമഹിഷിയായ മണ്ഡോദരീ സ്നേഹം കൊണ്ട് തളിരുകൾ നുള്ളുന്നില്ല; ഭയം കൊണ്ട് അവിടെ കാറ്റ് വീശുന്നില്ല; വീശുന്ന മലയാനിലനാകട്ടെ, കൈകൾ കൊണ്ട് തൈമരങ്ങളെ തൊടുന്നുപോലുമില്ല; അങ്ങനെയുള്ള ഇന്ദ്രശത്രു വിന്റെ ഈ അശോകവനിക തകർന്നുവെന്ന് രാജാവിനെ അറിയി ച്ചാലും.) *അഭിജ്ഞാനശാകുന്തള*ശ്ലോകവുമായി (പാതും ന പ്രഥമം വ്യവസ്യതി ജലാൻ . . . 4. 9) താരതമ്യപ്പെടുത്തുക.

യൗഗന്ധരായണൻ വാസവദത്തയോട്:

പൂർവം ത്വയാപ്യഭിമതം ഗതമേവമാസീ–
ച്ഛ്ലാഘ്യം ഗമിഷ്യതി പുനർവിജയേന ഭർത്തുഃ;
കാലക്രമേണ ജഗദഃ പരിവർത്തമാനാ
ചക്രാരപംക്തിരിവ ഗച്ഛതി ഭാഗ്യപംക്തിഃ.

(*സ്വപ്നവാസവദത്തം*, 1. 4. മുൻപ് അങ്ങയ്ക്കും ഈ വിധത്തിലുള്ള അഭിമതഗമനമുണ്ടായിരുന്നു. ഭർത്താവിന്റെ വിജയ ത്തോടുകൂടി സ്തുത്യർഹമായി വീണ്ടും അങ്ങനെ ഗമിക്കുകയും ചെയ്യാം. ലോകത്തിന്റെ ഭാഗ്യസഞ്ചയം വണ്ടിച്ചക്രത്തിന്റെ ആരക്കാലു കൾ പോലെ കാലക്രമത്തിൽ മാറിക്കൊണ്ടിരിക്കുന്നു.)

ഈ ഉത്തരാർധത്തെ കാളിദാസ*മേഘദൂത*ത്തിലെ ഈ ശ്ലോകാർധവുമായി താരതമ്യപ്പെടുത്താം:

നീചൈർഗച്ഛത്യുപരി ച ദശാശ്ചക്രനേമിക്രമേണ. (107)

തപസ്വിജനങ്ങളോടുള്ള ആദരം *സ്വപ്നവാസവദത്ത*ത്തിലെ ഒന്നാമങ്കാരംഭത്തിൽ പ്രകടമാണ്. *അഭിജ്ഞാനശാകുന്തള*ത്തിന്റെ ഒന്നാമങ്കത്തിലും ഇതു കാണാം.

ബ്രഹ്മചാരി അടുത്തുതന്നെ തപോവനമുണ്ടെന്ന് ഊഹിക്കുന്നു:

വിസ്രബ്ധം ഹരിണാശ്ചരന്ത്യചകിതാ ദേശാഗതപ്രത്യയാ
വൃക്ഷാഃ പുഷ്പഫലൈഃ സമൃദ്ധവിടപാഃ സർവേ ദയാരക്ഷിതാഃ
ഭൂയിഷ്ഠം കപിലാനി ഗോകുലധനാന്യക്ഷേത്രവത്യോ ദിശോ
നിഃസന്ദിഗ്ധമിദം തപോവനമയം ധൂമോ ഹി ബഹ്വാശ്രയഃ.

(*സ്വപ്നവാസവദത്തം,* 1. 12. മാനുകൾ സ്വന്തം സ്ഥലമാണെന്ന വിശ്വാസത്തോടുകൂടി ഭയമില്ലാതെ സ്വൈരമായി മേയുന്നു; മരങ്ങ ളെല്ലാം ദയാപൂർവം രക്ഷിക്കപ്പെട്ട് പൂക്കളോടും കായ്ക്കളോടും കൂടി ധാരാളം കൊമ്പുകളോടെ നിലകൊള്ളുന്നു; കപിലനിറമുള്ള പശു ക്കൾ സമൃദ്ധം; കൃഷിസ്ഥലങ്ങൾ കാണാനില്ല; പല തരത്തിലുള്ള പുകയിതാ; സംശയമില്ല, ഇത് തപോവനംതന്നെ.) *അഭിജ്ഞാന ശാകുന്തള*ത്തിൽ, ദുഷ്യന്തൻ തപോവനമടുത്തുവെന്ന നിഗമന ത്തിലെത്തുന്നതും സമാനമായ വിവരണത്തോടെ (ഒന്നാമങ്കം).

രാജാ – ഇഷ്ടാ മഖാ ദ്വിജവരാശ്ച മയി പ്രസന്നാഃ
പ്രജ്ഞാപിതാ ഭയരസം സമദാ നരേന്ദ്രാഃ
ഏവംവിധസ്യ ന ച മേസ്തി മനഃപ്രഹർഷഃ
കന്യാപിതുർഹി സതതം ബഹു ചിന്തനീയം.

(*അവിമാരകം*, 1. 2. യജ്ഞങ്ങൾ ചെയ്തു; ബ്രാഹ്മണശ്രേഷ്ഠ ന്മാർ എന്നിൽ പ്രസന്നന്മാരായി; ഇങ്ങനെയുള്ള എനിക്ക്, എന്നിട്ടും, മനഃസന്തോഷമില്ല. കന്യകയുടെ പിതാവിന് എപ്പോഴും ഏറെ ആലോചിക്കാനുണ്ടല്ലോ.) *അഭിജ്ഞാനശാകുന്തളം* നാലാമങ്കത്തിലെ കണ്വന്റെ ചിന്തകളുമായി താരതമ്യപ്പെടുത്തുക.

മിക്ക ഭാസനാടകങ്ങളിലും മന്ത്രിമാർ പ്രമുഖകഥാ പാത്രങ്ങളാണ്. കാളിദാസനാടകങ്ങളിൽ അല്ല. രാഷ്ട്രതന്ത്രത്തിലും സേനാതന്ത്രത്തിലും വിദഗ്ധരായിരിക്കണം മന്ത്രിമാർ.

ഭാസനാടകങ്ങളിൽ *അവിമാരക*ത്തിലാണ് ആകാശയാത്ര കാണുന്നത്. വിദ്യാധരനും പത്നിയും അവിമാരകനും ആകാശയാത്ര നടത്തുന്നു. കാളിദാസന്റെ കൃതികളിലെ ആകാശയാത്രകളുമായി താരതമ്യമാവാം.

**എട്ട്. ഭാസനും കേരളവും**

ഭാസനും കേലളവും തമ്മിൽ സാധാരണയിൽക്കവിഞ്ഞ ഒരു ബന്ധമുണ്ടെന്നു തോന്നാറുണ്ട്. അതിനു കാരണമായ മുഖ്യസംഗതി

കൾ ഇവയത്രേ:

1. ഏഷാ ദീപ്തൈകയൂപാ കനകമയഭുജേവാഭാതി വസുധാ
ചൈത്യാഗ്നിർലൗകികാഗ്നിം ദ്വിജ ഇവ വൃഷലം പാർശ്വേ ന സഹതേ
നാത്യർഥം പ്ലുഷ്ടപൃഷ്ഠാ ഹരിതകുശതയാ വേദീ പരിവൃതാ
പ്രാഗ്വംശം ചൈഷ ധൂമോ ഗജ ഇവ നളിനീം ഫുല്ലാം പ്രവിശതി.

(*പഞ്ചരാത്രം*, 1. 6. ഈ ഭൂമി കത്തിജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന യാഗക്കുറ്റികളാൽ സ്വർണമയമായ കൈയോടുകൂടിയെന്നപോലെ ശോഭിക്കുന്നു. യാഗാഗ്നി ലൗകികാഗ്നിയെ ബ്രാഹ്മണൻ ശൂദ്രനെ യെന്നപോലെ അരികെ സഹിക്കുന്നില്ല. പച്ചദർഭകകളാൽ ചുറ്റപ്പെട്ട തിനാൽ യജ്ഞവേദി പൂർണമായി ദഹിപ്പിക്കപ്പെടാത്ത പിൻഭാഗ ത്തോടുകൂടിയതായി. ഈ പുക, ആന പുഷ്പിതമായ താമരപ്പൊയ്ക യെന്നപോലെ, പ്രാഗ്വംശത്തിലേക്ക് കടക്കുകയാണ്.) ഇവിടെ യാഗയൂപങ്ങൾ കത്തിയെരിയുന്നു എന്നു വർണിച്ചിടത്ത് കേരളീയ യാഗസമ്പ്രദായമാണോ എന്നു സംശയം തോന്നുന്നു. യൂപം ദഹിപ്പിക്ക പ്പെടാതെ നിൽക്കുന്നതായി കാളിദാസനും മറ്റും വർണിക്കുന്നു.

2. (എ) പാണ്ഡവന്മാരാണ് വിരാടരാജധാനിയിൽ അജ്ഞാതവാസം നടത്തിയിരുന്നതെന്നു മനസ്സിലായ അഭിമന്യു അവിടെ കുറച്ചു മുൻപ് നടന്ന കാര്യങ്ങൾ സ്മരിച്ച് പറയുന്നു:

ന രുഷ്യന്തി മയാക്ഷിപ്താ ഹസന്തശ്ച ക്ഷിപന്തി മാം
ദിഷ്ട്യാ ഗോഗ്രഹണം സ്വന്തം പിതരോ യേന ദർശിതാഃ.

(*പഞ്ചരാത്രം*, 2. 67. ഞാൻ ആക്ഷേപിച്ചിട്ടും എന്നോട് ദേഷ്യപ്പെടുന്നില്ല; ചിരിച്ചുകൊണ്ട് എന്നെ ആക്ഷേപിക്കയും ചെയ്യുന്നു. ഭാഗ്യവശാൽ, ഗോഗ്രഹണം ശുഭപര്യവസായിത്തീർന്നു. അതുകൊണ്ടാണല്ലോ സ്വന്തം അച്ഛന്മാരെ കാണാനായത്.) ഇവിട ത്തെ 'സ്വന്തം' (സു – ശോഭനമായ – അന്തത്തോടു – അവസാന ത്തോടു – കൂടിയത്) എന്ന സംസ്കൃതപദത്തിനു പുറമെ 'സ്വന്തം' എന്ന മലയാളപദംകൂടി ഉദ്ദേശിച്ചിട്ടുണ്ടോ? എങ്കിൽ സ്വന്തം അച്ഛന്മാർ (അർജുനനും ഭീമനും മറ്റും) എന്നു കൂടുതൽ സ്വാരസ്യത്തോടെ അർഥം പറയാം. മലയാളത്തിലെ അർഥം വിവക്ഷിതമല്ലെങ്കിലും പൊതുവായ അർഥം വ്യക്തമാവാതിരിക്കില്ല എന്നതു വേറെ കാര്യം.

(ബി) യദി ച വിഭവരൂപജ്ഞാനസത്ത്വാദയഃ സ്യുർ–
ന തു കുലവികലാനാം വർത്തതേ വൃത്തശുദ്ധിഃ
ധ്രുവമിഹ കുലമസ്യ ശ്രോഷ്യസി പ്രാപ്തകാലേ
ത്യജ കുലഗതശങ്കാം സാധ്യതാം സ്വന്തമേതത്.

(*അവിമാരകം*, 2. 5. ധനം, സൗന്ദര്യം, ജ്ഞാനം, ബലം എന്നിവ ഉണ്ടെങ്കിലും നീചകുലത്തിൽ ജനിച്ചവർക്ക് സ്വഭാവശുദ്ധിയുണ്ടാവില്ല. തീർച്ചയായും ഇദ്ദേഹത്തിന്റെ വംശം നീ അവസരം വരുമ്പോൾ കേൾക്കുന്നതാണ്. കുലത്തെപ്പറ്റിയുള്ള സംശയം ഉപേക്ഷിക്കുക. ഇത് ശുഭപര്യവസായിയാക്കിയാലും.) ഇവിടത്തെ 'സ്വന്ത'വും അങ്ങനെതന്നെ.

3. ഭടൻ ഭരതനോട്: ഏകനാഡികാവശേഷഃ കൃത്തികാവിഷയഃ.

(*പ്രതിമ*, മൂന്നാമങ്കം. കൃത്തിക ഒരു നാഴികകൂടിയുണ്ട്.) നാഴിക = 24 മിനുട്ട്. കേരളത്തിൽ, വിശേഷിച്ച് ജ്യോതിർവിത്തുക്കൾക്കിടയിൽ, നാഴികയിൽ കണക്കു കൂട്ടുക ഇന്നും പതിവാണ്.

4. അക്ഷകുമാരവധമറിഞ്ഞ് രാവണൻ നേരിട്ടുതന്നെ ഹനൂമാനെ കൊല്ലാൻ ഭാവിച്ചുകൊണ്ട് പറയുന്നു:

തിഷ്ഠ ത്വമഹമേവൈനമാസാദ്യ കപിജന്തുകം
ഏഷ ഭസ്മീകരോമ്യസ്മത്ക്രോധാനലകണൈഃ ക്ഷണാത്.

(*അഭിഷേകം*, 3. 8. നീ നിൽക്കൂ. ഈ ഞാൻതന്നെ ഈ നീചനായ വാനരജന്തുവിന്റെ അടുത്തു ചെന്ന് ക്ഷണം കൊണ്ട് നമ്മുടെ ക്രോധത്തീപ്പൊരികൾകൊണ്ട് ചാമ്പലാക്കുന്നതാണ്.) 'കപിജന്തുകഃ' എന്നിടത്തെ 'ജന്തു' എന്ന പ്രയോഗം മലയാളത്തിൽ അതുളവാക്കുന്ന അവജ്ഞാതിശയദ്യോതകത്വംകൊണ്ട് ശ്രദ്ധേയം. ചാക്യാർ ഈ ഭാഗം വിവരിക്കുമ്പോൾ ഇത് കൂടുതൽ അനുഭവ വേദ്യമാകും.

5. രാജാ – അദത്തേത്യാഗതാ ലജ്ജാ ദത്തേതി വ്യഥിതം മനഃ
ധർമസ്നേഹാന്തരേ ന്യസ്താ ദുഃഖിതാഃ ഖലു മാതരഃ.

(*പ്രതിജ്ഞായൗഗന്ധരായണം*, 2. 7. വാസവദത്തയുടെ വിവാഹത്തെപ്പറ്റിയുള്ള അനിശ്ചിതത്വവുമായി ബന്ധപ്പെട്ട് മഹാസേനന്റെ ചിന്ത – കൊടുത്തില്ലെന്നോർത്ത് ലജ്ജ; കൊടുത്തെ ന്നോർത്ത് മനസ്സ് വ്യസനിക്കുകയും. ധർമത്തിന്റെയും സ്നേഹ ത്തിന്റെയും ഇടയിൽ നിന്ന് അമ്മമാർ ദുഃഖിക്കാറാണല്ലോ.)

*സ്വപ്നവാസവദത്ത*ത്തിൽ, ഭർത്തൃദാരികേ, ദത്താസി. (രാജകുമാരീ, നിന്നെ കൊടുത്തിരിക്കുന്നു)

കേരളീയനമ്പൂതിരിമാരുടെ ശൈലി. വിവാഹം ചെയ്തുകൊടു ക്കുക എന്ന അർഥത്തിൽ 'കൊടുക്കുക' എന്നു മാത്രം പറയുക. 'പെൺ കൊട' എന്ന പ്രയോഗം നോക്കുക.

6. ദേവീ – ബഹൂനി സംബന്ധപ്രയോജനാഗതാനി രാജകുലാനി ശ്രുതാനി. . . രാജാ – മഹാസേനശബ്ദമപി ന ഗണയതി, കിം സംബ ന്ധമഭിലഷതി? (*പ്രതിജ്ഞായൗഗന്ധരായണം* രണ്ടാമങ്കം) വിവാഹാ

ർഥത്തിൽ സംബന്ധപ്രയോഗം.

*സ്വപ്നവാസവദത്ത*ത്തിൽ ചേടി പത്മാവതിയെപ്പറ്റി പറയുന്നു: ഭർത്തൃദാരികാ തേന രാജ്ഞാ സഹ സംബന്ധം നേച്ഛതി. (രാജകുമാരി ആ രാജാവുമായുള്ള വിവാഹം ആഗ്രഹിക്കുന്നില്ല)

7. യുദ്ധത്തിൽ പിടിക്കപ്പെട്ട വത്സരാജനോട് സൗമ്യമായി പെരുമാറേണ്ട വിധം മഹാസേനൻ കാഞ്ചുകീയന് വിവരിച്ചു കൊടുക്കുന്ന അവസരത്തിലെ ഒരു വാക്യം: 'ക്ഷുതാദിപ്രയോഗേഷു ആശിഷോഭിധേയാഃ' (തുമ്മലും മറ്റുമുണ്ടാകുമ്പോൾ ആശിസ്സുകൾ ഉരുവിടണം. *പ്രതിജ്ഞായൗഗന്ധരായണം* രണ്ടാമങ്കം) കേരള ത്തിൽ കുട്ടികൾക്ക് ഇങ്ങനെ സംഭവിച്ചാൽ അമ്മയും അടുത്ത ബന്ധു ക്കളും മറ്റും 'ഹരിഃ' എന്നു പറയുന്ന പതിവുണ്ട്.

8. യൗഗന്ധരായണൻ ഉന്മത്തകവേഷത്തിൽ പലതും പുലമ്പുന്നത് പല കഥാഭാഗങ്ങളുടെയും സൂചനകൾ ഉൾച്ചേർത്തു കൊണ്ടാണ്. ഒരുദാഹരണം:

ഉന്മത്തകഃ– കേ കേ മാം ബധ്നന്തി? മോദകാഃ ഖലു മാം രക്ഷന്തി. (*പ്രതിജ്ഞായൗഗന്ധരായണം* മൂന്നാമങ്കം. ആരൊക്കെ യാണ് എന്നെ പിടിച്ചുകെട്ടുന്നത്? മോദകങ്ങൾ എന്നെ രക്ഷിക്കും)

കൂടിയാട്ടത്തിൽ ഇത്തരം ഭാഗങ്ങളുടെ അകപ്പൊരുളും പുറപ്പൊരുളും പറയുമ്പോൾ ഇവിടെ മോദകമെന്നതിന് 'വത്സൻ' എന്ന് അർഥം പറയും. മോദകമെന്നതിന് മധുരപലഹാരം എന്നർഥം. വത്സൻ എന്നുവെച്ചാൽ മലയാളത്തിൽ 'മധുരമുള്ള അട' എന്ന പലഹാരമാണ്. വത്സരാജനെന്ന് ദ്വയാർഥം കൊണ്ട് കിട്ടും.

9. സ്വപ്നരംഗത്തിൽ വിദൂഷകൻ കയർ കണ്ട് പാമ്പാണെന്നു ഭ്രമിച്ചതിനെപ്പറ്റി രാജാവിന്റെ പ്രസ്താവന:

ഋജ്വായതാം ഹി മുഖതോരണലോലമാലാം
ഭ്രഷ്ടാം ക്ഷിതൗ ത്വമവഗച്ഛതി മൂർഖ സർപ്പം
മന്ദാനിലേന നിശി യാ പരിവർത്തമാനാ
കിഞ്ചിത് കരോതി ഭുജഗസ്യ വിചേഷ്ടിതാനി.

ധ*സ്വപ്നവാസവദത്തം*, 5. 3. നേരെ നീണ്ടുനിൽക്കുന്നതും നിലത്തു വീണുകിടക്കുന്നതുമായ മുഖതോരണമായി കെട്ടിയ ഇളകുന്ന മാലയെയാണ് മൂർഖാ (വിഡ്ഢീ)! നീ പാമ്പെന്നു വിചാരിച്ചത്. രാത്രി അത് ഇളംകാറ്റത്ത് മാറിമാറിയിരുന്നുകൊണ്ട് പാമ്പിന്റെ ചില ചേഷ്ടകൾ കാണിക്കുന്നുമുണ്ട്. അദ്വൈതവേദാന്തത്തിലെ രജ്ജുസർപ്പത്തിന്റെ നല്ലൊരുദാഹരണം. രാജാവ് ഇപ്രകാരം ഭ്രമിച്ച വിദൂഷകനെ മൂർഖ എന്ന് സംബോധനം ചെയ്യുന്നതും ശ്രദ്ധേയം. മൂർഖന് മലയാളത്തിൽ ഫണമുള്ള വിഷസർപ്പമെന്ന് അർഥമുണ്ടല്ലോ.



ഭാസന്റെ കേരളീയസമ്പ്രദായശൈലീപരിചയം ഈ ഉദാഹരണങ്ങളിൽനിന്നു വ്യക്തമാണ്. എന്നുവെച്ച്, അദ്ദേഹം കേരളീയനാവാമെന്ന അഭിപ്രായത്തോട് ഞാൻ അനുകൂലിക്കുകയൊന്നും ചെയ്യുന്നില്ല. കേരളത്തിൽ, മുൻപ് സൂചിപ്പിച്ചതുപോലെ, ഭാസനാടകങ്ങൾക്ക് കൂടിയാട്ടത്തിലൂടെ ചാക്യാന്മാർ വലിയ പ്രചാരം കൊടുത്തിട്ടുണ്ട്. അവയുടെ ഹസ്തലിഖിതഗ്രന്ഥങ്ങൾ മുഴുവൻ കേരളത്തിൽനിന്നാണ് കണ്ടുപിടിക്കപ്പെട്ടതും. ഇതിൽനിന്ന് ഭാസന്റെ കേരളവുമായുള്ള ബന്ധം ഏറെക്കുറെ വ്യക്തമാവും. ഒരുപക്ഷേ, ഉത്തരേന്ത്യക്കാരനായ ഭാസന് കേരളവുമായി അടുത്ത ബന്ധം ഉണ്ടായിരിക്കണം.

★

## ഉപസംഹാരം

ഒമ്പത് അധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിൽ സ്വീകരിച്ച വിമർശനസമീപനത്തെപ്പറ്റി ഒന്നാമധ്യായത്തിൽ സംക്ഷിപ്തമായി പ്രതിപാദിച്ചു. രസധ്വനി–വക്രോക്തിപ്രധാനമായ സംസ്കൃത സാഹിത്യ വിമർശനസിദ്ധാന്തങ്ങളെയും മാർക്സിയൻ സാഹിത്യ വിമർശനസിദ്ധാന്തങ്ങളെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വിമർശനരീതിയാണ് ഇവിടെ കൈക്കൊണ്ടിട്ടുള്ളത്. ഭാസനാടകങ്ങളുടെ കണ്ടുപിടിത്തത്തെയും ആ നാടകങ്ങളുടെ പൊതുസ്വഭാവത്തെയും ഭാസന്റെ കാലത്തെയും കുറിച്ചുള്ള വിവരണമാണ് രണ്ടാമത്തെ അധ്യായത്തിൽ നടത്തിയത്. അടുത്ത അധ്യായത്തിൽ പതിമൂന്നു ഭാസനാടകങ്ങളുടെയും കഥകൾ സംഗ്രഹിച്ചിരിക്കുന്നു. നാലു മുതൽ എട്ടുകൂടിയുള്ള അഞ്ച് അധ്യായങ്ങളിൽ വർണവിന്യാസവക്രത, പദപൂർവാർധവക്രത, പ്രത്യയാശ്രയവക്രത, പ്രകരണവക്രത എന്നിവയെ ആസ്പദമാക്കി ഭാസനാടകങ്ങളെ നിരൂപണം ചെയ്യാനാണ് ശ്രമിച്ചത്.

വർണവിന്യാസവക്രതാനിരൂപണത്തിന്റെ അന്ത്യഭാഗത്ത് ഭാസൻ സ്വീകരിച്ച വൃത്തങ്ങളുടെ വൈവിധ്യവും വൈചിത്ര്യവും സൂചിപ്പിച്ചിട്ടുണ്ട്. അർഥാലങ്കാരനിരൂപണമാണ് വാക്യവക്രതാധ്യായത്തിൽ നിർവഹിച്ചിട്ടുള്ളത്. ആ നാല് അധ്യായങ്ങളിൽ (4–7) ഭാസനാടകങ്ങളുടെ സൗന്ദര്യനിരൂപണം ഏറെക്കുറെ സമഗ്രമായി നടത്താൻ ശ്രമിച്ചിട്ടുണ്ട. പ്രകരണവക്രതാധ്യായത്തിൽ കുന്തകന്റെ *വക്രോക്തിജീവിത*മനുസരിച്ചുള്ള നിരൂപണമാണ്. മറ്റു വക്രതകളെപ്പോലെ ഇതും ഭാസനാടകങ്ങളിൽ സമന്വയിപ്പിച്ചുകൊണ്ടുള്ള ആദ്യത്തെ ശ്രമമാണിത്. സംസ്കൃതത്തിലും മലയാളത്തിലുമെന്നല്ല, ഇംഗ്ലീഷിലും ഇത്തരമൊരു പരിശ്രമം നടന്നതായി അറിവില്ല. ആ നിലയ്ക്ക് സൗന്ദര്യപരമായി മാത്രമല്ല,, ചരിത്രപരമായും ഈ ഭാഗങ്ങൾക്ക് പ്രാധാന്യം അവകാശപ്പെടാമെന്നു തോന്നുന്നു.

ഒമ്പതാമധ്യായത്തിൽ പ്രബന്ധവക്രതാനിരൂപണമാണ്. അവിടെ കുന്തകന്റെ *വക്രോക്തിജീവിത*മനുസരിച്ച് ഏഴു പ്രബന്ധ വക്രതാഭേദങ്ങളും ഭാസനാടകങ്ങളിൽ സവിസ്തരം സമന്വയിപ്പിച്ചിരിക്കുന്നു. പക്ഷേ, നമ്മുടെ വിമർശനരീതിയനുസരിച്ച് പ്രബന്ധ വക്രതാനിരൂപണം ഇതിൽ ഒതുങ്ങുന്നില്ല. സംസ്കൃതസാഹിത്യ ശാസ്ത്രമനുസരിച്ചുള്ള രസവിചാരത്തിനും അതിൽ ഇടം കൊടുത്തു. തുടർന്ന്, ഭാസനാടങ്ങളിൽ പ്രതിഫലിക്കുന്ന സാമൂഹ്യചിത്രം വരച്ചുകാട്ടി. അതായത് ഭൂമിശാസ്ത്രപരമായ ജ്ഞാനം, വർണാശ്ര മധർമങ്ങൾ, വിവാഹനിയമങ്ങളും ആചാരങ്ങളും, സ്ത്രീകളുടെ പദവി, കുടുംബ



നാഗരികവും ഗ്രാമീണവുമായ ജീവിതം., അടിമത്തം, സമൂഹത്തിൽ നിവിലിരുന്ന പൊതുവായ ദോഷങ്ങൾ എന്നിവ അതുമായി ബന്ധപ്പെട്ട് ആ അധ്യായത്തിൽ നിരൂപണം ചെയ്തിട്ടുണ്ട്. ഭാസനാടകങ്ങളിൽ പ്രതിഫലിപ്പിക്കപ്പെടുന്ന സാംസ്കാരിക കാര്യങ്ങൾ തുടർന്നു വിശകലനം ചെയ്യുന്നു. ശില്പം, പ്രതിമാനിർമാണം, കല എന്നിവയെക്കുറിച്ചും മതം, ദർശനം, ശാസ്ത്രം എന്നിവയെക്കുറിച്ചും ഉത്സവങ്ങൾ, കായികവിനോദങ്ങൾ, നേരമ്പോക്കുകൾ എന്നിവയെക്കുറിച്ചും ജനകീയവിശ്വാസങ്ങൾ, അന്ധവിശ്വാസങ്ങൾ എന്നിവയെക്കുറിച്ചും ഭക്ഷണം, വസ്ത്രം എന്നിവയെക്കുറിച്ചും ശവസംസ്കാരത്തെക്കുറിച്ചും ഭാസനാടകങ്ങളിൽ പറയുന്ന കാര്യങ്ങൾ അവിടെ വിവരിക്കുന്നു. പ്രസ്തുത നാടകങ്ങളിൽ കാണുന്ന സാമ്പത്തികസ്ഥിതിയുടെ നിരൂപണത്തിന്റെ ഭാഗമായി വ്യാപാരങ്ങൾ, വാഹനങ്ങൾ എന്നിവയെപ്പറ്റിയുള്ള പരാമർശങ്ങൾ സമാഹരിച്ചിരിക്കയാണ് പിന്നീട്. പ്രബന്ധവക്രതാനിരൂപണത്തിന്റെ ഭാഗമായി തുടർന്ന് ഭാസന്റെ രാഷ്ട്രീയദർശനം ആവിഷ്കരിക്കുന്നു. അദ്ദേഹത്തിന്റെ കാലം രാജാധിപത്യത്തിന്റേതായതുകൊണ്ട് അന്നത്തെ രാജകൊട്ടാരങ്ങളിലെ ജീവിതം, പട്ടാളഘടന എന്നിവയെപ്പറ്റി നിരൂപണം ചെയ്യുന്നു. ഭാസനാടകങ്ങൾ പൊതുവിൽ ഉപദേശപ്രധാനമാകയാൽ ഓരോ കൃതിയുമെടുത്ത് അതതിൽ പ്രതിഫലിക്കുന്ന രാഷ്ട്രീയദർശനം വ്യക്തമാക്കുന്നു. ഈശ്വരഭക്തി, വിശേഷിച്ച് വിഷ്ണുഭക്തി, ഗോക്കളുടെയും ബ്രാഹ്മണരുടെയും പ്രാധാന്യം, യജ്ഞങ്ങളുടെ മഹത്വം, കുടുംബജീവിതത്തിന്റെ മഹിമ, സർവോപരി രാജ്യസ്നേഹം, രാജഭക്തി, രാജ്യരക്ഷ മുതലായവ സൗന്ദര്യാത്മകമായി പ്രചരിപ്പിക്കുകയാണ് ഭാസൻ തന്റെ നാടകങ്ങളിലൂടെ ചെയ്തത്.

പ്രബന്ധവക്രതാനിരൂപണത്തിന്റെ ഭാഗമായി അവസാനം ഭാസനും കാളിദാസനും എന്ന വിഷയം ചുരുക്കിയും ഭാസനും കേരളവും എന്ന വിഷയം അല്പം വിസ്തരിച്ചും നിരൂപണം ചെയ്യുന്നു.

★